രാമരാജാബഹദൂർ.

[കന്നാം ഭാഗം]

സി. വി. രാമൻപിള്ള ബി. എ.

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

രാമരാജാബഹദൂർ

സി. പി. രാമൻപിള്ള ബി. എ.

പ്രകടനാധിക്ഷേപകൻ

കൊല്ലം. ഗോപകുമാരമേനോൻ.

Copyright to the Publisher

പി. വി. ബുക്ക്ഡിപ്പോ & പ്രിൻറിംഗ് വർക്കസ്,
തിരുവനന്തപുരം — തിരുവിതാംകൂർ.

Fifth Edition (1950] [Copies 1500

1125] [വില 1_ക. 12_ണ.

പ്രകടനാധിക്ഷേപകൻറെ മുദ്രയില്ലാത്ത പ്രതി വ്യാജനിർമ്മിതമാകുന്നു.

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

സമർപ്പണം.

ഈ മാസത്തിൽ ഞാൻ അറുപത്തൊന്നാമത്തെ വയസ്സിലോട്ടു പ്രവേശിക്കുന്നു. തരണംചെയ്തിട്ടുള്ളതു മുഴുമംഗളമായ ഒരു ജീവിതം അല്ല. മഹാമകുടന്മാരുടെ സുഹൃദ്ഭാവം, സഹോദരഭാവം, വിധേയഭാവം എന്നിതുകൾ എന്നെ വഴിപോലെ അനുഗ്രഹിച്ചിട്ടുണ്ട്. ഈ അനുഗ്രഹംകൊണ്ടു്, ലോകഗതിയുടെ രഹസ്യങ്ങൾ എത്രയെങ്കിലും ഗ്രഹിപ്പാൻ അവസരവും കിട്ടിയിട്ടുണ്ടു്. ഇനി ഒരു സ്വതന്ത്രജീവിതം മാത്രം കാംക്ഷിക്കുന്ന ഈ അവസ്ഥയിൽ വൃദ്ധന്മാർക്കു സഹജമായുള്ള ചിന്താസക്തികൊണ്ടു ചിലതു സ്മരിച്ചുപോകുന്നു. ബന്ധുസമ്പത്തിൽ കൈവരുമായ ഒരു അവസ്ഥ എനിക്കു് ഉണ്ടായിരുന്നതിനിടയിൽ പല കർമ്മവേണ്ടിയും പല കാര്യങ്ങളിലും ഞാൻ വിധേയത്വം അനുവർത്തിച്ചിട്ടുണ്ടു്. ഈ ഉദ്യമങ്ങളിൽ പല വേഷപ്പകർച്ചകളും കണ്ടു് മനസ്സു തളർന്നിട്ടും ഉണ്ടു് സമുദായസേവനത്തിനിടയിൽ തേരിട്ട ഈ ക്ഷീണങ്ങളിൽ ഒരു കേന്ദ്രത്തിലെ സുസ്ഥിരമായ സൌഹാർദ്ദം ചിലവത്തരമായി എന്നെ താങ്ങിയിട്ടും ഉണ്ടു്. മുപ്പതിൽപ്പരം കൊല്ലത്തിനുമുമ്പു് ആരംഭിച്ച ഈ സ്നേഹബന്ധം അമിതമായ മൈത്രീഭാവവും, ഇച്ഛാഭംഗകരമായ അനാദരവും കൂടാതെ ഇതുവരെ നിശ്ചഞ്ചലനിലയിൽത്തന്നെ വർത്തിക്കുന്നു. വയോവൃദ്ധിലെ ഗ്രന്ഥനിർമ്മാണങ്ങൾക്കു വേണ്ട മനസ്സുപാസ്യവും പ്രകൃത്യാഹനവും ഈ ബന്ധുവിൽനിന്നു് എനിക്കു കിട്ടി

Digitized By Kerala Sahitya Akademi

യിട്ടുള്ളതു് കരു അമൂല്യാനുഗ്രഹമായി ഞാൻ പരിഗണിക്കുന്നു. ലോകകാര്യചാതുര്യത്താലും, സ്വയം പ്രകാശിച്ചുള്ള പ്രതിഭാവിശേഷത്താലും, അനുസ്യൂതമായ മഹാഭാഗ്യത്താലും, സർവ്വോപരി, രാജ്യത്തിന്റെ രക്ഷാനിദാനമായുള്ള പൊന്നുതിരുമേനിയുടെ തിരുവുള്ള പ്രഭാവത്താലും അനുഗൃഹീതനും, സമുദായോല്കൃഷ്ടത്തെ ദീക്ഷിച്ചുള്ള മഹാകാര്യങ്ങളോ സംബന്ധിച്ചതായ എന്റെ പല അപേക്ഷകളേയും സാധിച്ചു്, പരമാത്ഥത്തിൽ കരു സമുദായാഭിമാനിക്കു കിട്ടേണ്ട പ്രശസ്തിയെ അഹിക്കുന്ന മതിമാനും ആയ തിരുവട്ടാറു് അമ്മവീട്ടിൽ മഹാരാജമാന്യ രാജശ്രീ

ടി. ശങ്കരൻതമ്പി

അവർകളോടു് എനിയ്ക്കുള്ള പ്രത്യുപേരത്തിന്റേയും കൃതജ്ഞതയുടേയും സ്മാരകമായി ഈ ഗ്രന്ഥത്തെ അദ്ദേഹത്തിനു സമർപ്പിക്കുകൊള്ളുന്നു.

Digitized By Kerala Sahitya Akademi

മുഖവുര

"മാത്താണ്ഡവമ്മാ" എഴുതി ഇരുപത്തിമൂന്നു കൊല്ലം കഴിഞ്ഞിട്ടേ രണ്ടാമതും ഗൌരവമായുള്ള സാഹിത്യശ്രമങ്ങളിൽ ഏർപ്പെടാൻ ഗ്രന്ഥകാരനു സാവകാശം കിട്ടിയുള്ളു. ഗവണ്മെൻറിൻെറ കൃപാപ്രസരം നിമിത്തം ലഭിച്ച അതിസൌഖ്യത്തിനിടയിൽ "ധർമ്മരാജാ" എന്ന ആഖ്യായിക നിർമ്മിക്കുന്നതിനു ഗ്രന്ഥകാരൻ ഉദ്യോഗിച്ചു. ഈ ശ്രമത്തിൻെറ ആരംഭത്തിൽതന്നെ കഥാതന്തുവിനെ എങ്ങിനെ സങ്കല്പിക്കുന്നു എന്നു് ഗ്രഹസമ്സ്കൃതികളിൽ പ്രസ്താവിക്കപ്പെട്ടപ്പോൾ, ഭാഷാഭിമാനികളും പണ്ഡിതരതാങ്ങളും ആയ യുവസ്നേഹിതന്മാർ കവടി നിരത്താതെതന്നെ വിജയഫലത്തെ ഉശിച്ചു. ഗവണ്മെൻറിൻെറ വിദ്യാഭ്യാസനയംകൊണ്ടു് മലയാളഭാഷ 1065-ലെ താഴ്വരയിൽനിന്നും അത്യുന്നതമായ ഒരു ഗിരിയിൽ 1088-ൽ എത്തിയിരിക്കുമെന്നു പ്രമാടിച്ചുപോയ ഗ്രന്ഥകാരൻ ഒരു "കുമ്മീരവധ"രീതിയെ അന്നത്തെ ശ്രമത്തിൽ അനുകരിച്ചു. അന്നു തീൻ കഥാഭാഗങ്ങളെ വായിച്ചുകേട്ട സഭ്യർ "ബലേ" പറകയാൽ ശ്രുതി താഴ്ത്താതെ കഥയെ പരിപൂർത്തിയാക്കി പുസ്തകം പ്രസിദ്ധമായപ്പോൾ ഗ്രന്ഥപരിശോധകന്മാരിൽനിന്നു ബഹുവിധങ്ങളായ അഭിപ്രായങ്ങൾ പുറപ്പെട്ടു. എല്ലാം ഒരുപോലെ ശ്രവണമധുരങ്ങൾ ആയിരുന്നില്ല. എന്നാൽ സുസ്ഥിരധീമാന്മാരായ സാഹിത്യപടുക്കൾ ഗ്രന്ഥകാരൻെറ ആശയങ്ങളെ അനുസരിച്ചു ഭാഷ

Digitized By Kerala Sahitya Akademi

യെ നിയന്ത്രണം ചെയ്യുകയല്ലാതെ ഭാഷാസാഹിത്യത്തെ പ്രമാണിച്ച് ഉൽകൃഷ്ടാശയങ്ങളെ വിലക്ഷണീകരിച്ചുകൂടാ എന്നും മറും ഉപദേശിച്ച് ഗ്രന്ഥകാരനെ കരുവിധം കൃതാർത്ഥനാക്കി.

എങ്കിലും "പ്രേമാമൃതം" എഴുതുവാൻ ആരംഭിച്ചപ്പോൾ സചരം കണ്ട താഴ്ത്തണമെന്നു തോന്നി അതിലേക്കായി വളരെ പണിപ്പെട്ടു. ഫലം എന്തെന്നു നമ്മുടെ വിദ്വൽലോകം ഗ്രഹിച്ചിട്ടുണ്ടല്ലോ.

"ധർമ്മരാജാ" എന്ന ആഖ്യായികയിൽ വ്യാഖ്യാനം ചെയ്തിട്ടുള്ള അനന്തരഗ്രന്ഥങ്ങളുടെ നിർമ്മിതയ്ക്കു ശ്രദ്ധിക്കാത്തതെന്തെന്നു ചില വന്ദ്യസ്ഥാനങ്ങളിൽനിന്നു ചോദ്യങ്ങൾ ഉണ്ടാവുകയാൽ, 92-ലെ മീനമാസത്തിൽ ഇപ്പോൾ പ്രസിദ്ധപ്പെടുത്തുന്ന "രാമരാജാബഹദൂർ" എന്ന ആഖ്യായികയുടെ കഥാവസ്തു കടലാസ്സിലാക്കി. ഈ പണി കഴിഞ്ഞെന്നു് തീരാറായപ്പോൾ ഗ്രന്ഥകാരൻ കിടപ്പിലായി. തിരുവിതാംകൂർ വിദ്യാഭ്യാസവകുപ്പിലെ അധികൃതന്മാർ സദയം ഈ പുസ്തകത്തെ പാഠ്യപുസ്തകം ആക്കിയപ്പോൾ, അതിനെ പ്രസിദ്ധീകരിക്കേണ്ട നിർബന്ധം ഗ്രന്ഥകാരന്റെ മേൽ പുമന്നു. ഏഴാംക്ലാസ്സു് വിദ്യാർത്ഥികൾക്കായി നിശ്ചയിക്കപ്പെട്ടതിനാൽ, "മാർത്താണ്ഡവർമ്മ"യിലെ ഭാഷാരീതിയിൽ പുസ്തകത്തെ പരിശോധിച്ചു. പ്രസിദ്ധപ്പെടുത്തണമെന്നു് ഉദ്ദേശിച്ചു്, കരു മെറുതൌഹിത്രനെക്കൊണ്ടു് ആ പുസ്തകം പല ആവർത്തി വായിപ്പിച്ചു കണ്ണപരിചയം നല്ലപോലെ പുതുക്കീട്ടു്, പുതിയ ഗ്രന്ഥത്തിന്റെ പരിശോധന ആരംഭിച്ചു. എന്നിട്ടും, "മാർത്താണ്ഡവർമ്മ"രീതി അതിന്റെ നിർമ്മാണകാലത്തു ഗ്രന്ഥകാരനുണ്ടായിരുന്ന പ്രാ

Digitized By Kerala Sahitya Akademi

യത്തോടെ സഹഗമനം ചെയ്തുപോയിരിക്കുന്നതായി കണ്ടു. ആഗ്രഹവും ശക്തിയും ഇടഞ്ഞുള്ള നിലയിൽ പ്രയോഗം ആരംഭിച്ചപ്പോൾ, 'ടോഷാരീതി വായുവാതക്ഷോഭങ്ങളാൽ ക്ഷീണിച്ചതീന്നിട്ടുള്ള ശക്തിയോട്' അനുയോജിച്ചുള്ളതായ ഒരു മാതൃകയെ അനുകരിച്ചുപോയിരിക്കുന്നു. ഗ്രന്ഥത്തിന്റെ അച്ചടിപ്പണി ആരംഭിച്ചപ്പോൾ ഗ്രന്ഥകാരനെ ബാധിച്ചിട്ടുള്ള രോഗങ്ങൾ തുടരെത്തുടരെ കഠിനമായി പീഡിപ്പിച്ചുതുടങ്ങി. ചരിത്രസംബന്ധമായുള്ള ഈ ആഖ്യായിക ഒരു യുദ്ധഘട്ടത്തെ വർണ്ണിക്കുന്നതാകകൊണ്ട്, അമേദുരമായ ഒരു ഖരതയുടെ സങ്കലനവും കഥാഗതിയിൽ സംഭവിച്ചുപോയിട്ടുണ്ട്. എന്നാൽ ചപലപാത്രങ്ങളെക്കൂടി ചേർത്തു ഈ അന്തിവായ്യലക്ഷണത്തിന്റെ ലഘുസഞ്ചാരസ്വത്തെ മുഴുലമാക്കുന്നതിനു യഥാശക്തി പ്രയത്നിച്ചിട്ടുണ്ട്.

ഈ കൊല്ലത്തിലെ ഇടവമാസത്തെ ഒരു വിശേഷകാരണത്തിന്മേൽ അനദ്ധ്യായകാലമായി ഗ്രന്ഥകാരൻ ഉപയോഗപ്പെടുത്തുന്നു. അതിനുശേഷം, ദേഹസ്ഥിതിയെ ഇതേവരെ പരിരക്ഷിച്ചുവന്ന ഡാക്ടർ കെ. മാധവൻപിള്ള അവർകളുടെ ധന്വന്തരീതപം മേലിലും അനുഗ്രഹിക്കുമെങ്കിൽ, ഈ സംഗരകഥയുടെ പരിണാമത്തെ അധികകാലതാമസം കൂടാതെ ബഹുജനസമക്ഷം സമർപ്പിച്ചുകൊള്ളാം.

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

ശ്രീ

രാമരാജാബഹദ്ദൂർ

അദ്ധ്യായം ൨.

"ബഹുമാനിയാ ഞാനാരെയും തുണവൽ"

മൈസൂർ രാജ്യത്തിന്റെ ഉത്തരപരിധിയിൽനിന്നു കുന്നു് കന്നരദിവസത്തെ യാത്രാദൂരം വടക്കുകിഴക്കു തീങ്ങി, കേരളത്തിലെങ്ങും കാണ്മാൻ കിട്ടാത്തതായ കരു മൈതാനത്തിന്റെ മദ്ധ്യത്തിൽ, ചുറുപാടിലുമുള്ള പല രാജ്യങ്ങളേയും വ്യാപാരാദി വിഷയങ്ങളിൽ സംഘടിപ്പിച്ചുവന്നതായ രാജപാതകളാ സന്ധിച്ചിരുന്നു. ഹൈദർഖാൻ എന്ന സിംഹാസനാരോഹണത്തിന്റെ കോരുകാര്യപ്രാപ്തിയായിരുന്ന ഗാംഭീര്യം കോടീശ്വരനും കുബേരപദം ലബ്ധമായപ്പോൾ, അന്ത്യകാലത്തെ സഞ്ചാരബുദ്ധി ലഘുസാദ്ധ്യമാക്കുന്നതിനു വേണ്ടി അദ്ദേഹം ഈ ബഹുപഥസന്ധിയിൽ കരു പാന്ഥസത്രം സ്ഥാപിച്ചു. ആകാശചുംബികളായ ഗോപുരങ്ങളാൽ കൊണ്ടു് അലങ്കരിക്കപ്പെട്ടിരുന്ന ആ മൂന്നുനിലമന്ദിരം ആയിരത്തിൽപരം പാന്ഥന്മാക്കു് കരേ സുഖത്തു താമസിപ്പാൻ പോരുന്നതായിരുന്നു. സത്രം ഉപയോഗിക്കാത്ത വഴിപോക്കരുടെ സൌകര്യത്തിനായി അല്പം വടക്കുമാറി കരു വെണ്മാടമണ്ഡപവും, എകദേശം കാൽനാഴിക കിഴക്കു തീങ്ങി "സിരഹസ്തിനഗ്രാമം" എന്നു വിളിക്കപ്പെടുവന്ന കുട്ടിപ്പാപ്പന്തികളും, ആ മഹാമന്ദിരത്തിന്റെ പരിഷരെന്നപോലെ സ്ഥിതിചെയ്തിരുന്നു.

Digitized By Kerala Sahitya Akademi

കണ്ടുതുടങ്ങിയ ജലജങ്ങൾ മനുഷ്യശരീരങ്ങളായിരുന്നതി
നാൽ, എത്ര ദുഃഖങ്ങൾക്കു ശാന്തിയരുത്തി! ഫ്രാൻസ് ഭട്ട
നയം ഗ്രഹിച്ചിരുന്ന സത്രരക്ഷിക്കാം കാര്യബോധനങ്ങി
നും ആജ്ഞയ്ക്കും സംഗതിയുണ്ടാകാതെ, കാരോ കൃത്രിമാന്ത
രോടെ ആ സംഭവങ്ങളെ അവസാനിപ്പിച്ചു. ചുറ്റുക
ത്തിൽ, രക്ഷയെക്കാൾ ശിക്ഷയുടെ ഭീതിയായും, ഭയത്തെ
ക്കാൾ മോഹത്തിന്റെ കൽപനയായും ഭട്ടൻ അനുശീലിച്ച
ഭരണക്രമം ഗാംഭീര്യപ്രഭുവിന്റെ മോക്ഷോപായത്തി
ന കണ്ടകത്വത്തിന്റെ തലസ്ഥാനമെന്നുള്ള കീർത്തിമു
ദ്ര യെ സമ്പാദിച്ചു.

ഈ ഉദ്ഗൃത്തിയുടെ ജനശ്രുതി വസ്തുതകളെക്കുറി
ച്ച് ആ പ്രദേശങ്ങളിലെ സ്ഥലപുരാണങ്ങളും ചെയ്തിരുന്ന
തുപോലെ മൂകമായിരുന്നു. ഈ ബ്രഹ്മജ്ഞാനം ഏ
ത് ഗുരുകുലത്തിൽനിന്നാണു, ഏത് യജ്ഞകർമ്മത്തോടു
കൂടെപഠം സിദ്ധിച്ചു എന്നു വിഷയവും അപ്രമേയമായിരു
ന്നു. പല ദോഷകളിലേയും ശകാരഭാഗം കടംവാങ്ങി സംഭാ
വനചെയ്യുള്ള അദ്ദേഹത്തിന്റെ അമരസിംഹത്വവും കണ്ടുക
ളയം നിമിത്തം കണ്ണാകണ്ണികൾതിലയെപ്പോലും പ്രാപിച്ചി
ല്ല. മഹാരാഷ്ട്രപാപ്പാസും, കണ്ണാടകകുഞ്ഞിയുട്ടപ്പും, മഹ
മ്മദീയരുടെ മുതുക്കുവച്ചുള്ള കുറുംകുപ്പായവും, ഗുജറാത്തി
ചെറുതലപ്പാവും ചേർന്ന കുതകുത്തി പകുത്തുള്ള വിഗ്രഹം
ബ്രഹ്മാവിനെപ്പോലെ വണ്ണിത്തിരക്കിനിടയിൽ ജീവസമ്പത്തും
അപഹരിച്ചുകൊണ്ട് ഇങ്ങോട്ടു പോന്നിട്ടുള്ള കുരു ലോഹ
വിഗ്രഹമാണെന്നുള്ള ചില കുറുമ്പുരസികന്മാർ സപകായ്മമാ
യി ഉല്പിച്ചിട്ടുണ്ട് ചെമ്പിച്ച ജടിലിച്ചുള്ള വട്ടത്താടിയാൽ
കീഴ്ഭാഗം മറയ്ക്കപ്പെട്ടുള്ള മേൽക്കുടം കുരു ഭ്രമത്തിന്റെ
ഉത്തമാംഗം ആയിരുന്നു. ഈ അംഗത്തിന്റെ മദ്ധ്യത്തിൽ
ക്ഷുരങ്ങളേറ്റ വടുക്കെട്ടി മുരടിച്ചുകാണുന്ന മാംസഖണ്ഡം

Digitized By Kerala Sahitya Akademi

ഭട്ടപാദരുടെ നാസികയാണു് രോമം കൊഴിഞ്ഞുള്ള പുരികകവീപ്പുകളുടെ കീഴായി രണ്ടു് അഗാധ വിലങ്ങളാകാണുന്നവയിൽ ഈമനും ഭട്ടചിതയ ദൂരദർശനത്തിനും സൂക്ഷ്മദർശനത്തിനും ശക്തനായിരുന്നു കണികളുടെ വണ്ണവും വൈരൂപ്യവും സാമാന്യജനങ്ങൾക്കു ഗ്രഹിപ്പാൻ കഴിയുന്നതായിട്ടില്ല. മിശ്രക്കാട്ടിൽ ഭട്ടന്റെ ഉദ്യാനസ്ഥലിയിലെത്തുന്നവരെ ഈ സ്ഥിരനിരീക്ഷണം മധ്യാഹ്നത്തിനു ശക്തങ്ങളായ വജ്രയന്ത്രങ്ങൾ സംഘടിപ്പിച്ചു കരുവെന്നിയ ഗ്രഹാദ്ധാരം ഉണ്ടെന്നു് ഭട്ടരാപ്പള്ളിയിലെ നിവാസികൾ ഗ്രഹിച്ചിരുന്നു. ഭാഞ്ചി പൊക്കത്തിൽ എത്തിയതിനുശേഷം മദ്ധ്യാഹ്നസന്ധിനിരീക്ഷണം പരിമിതി വഹിച്ചിട്ടുള്ളൂ. ആ ഭ്രമത്തിന്റെ മൂലകാരണം ബ്രഹ്മക്ഷത്രമായ കപിഞ്ജലിയുടെ ഉപ്പണനോടെ തിളങ്ങി പിൻകുഴിഞ്ഞുവരെ എത്തുന്നതു് ഭട്ടമഹനീയതയെ ബൃഹത്കരിച്ചു. അറുപതാം വയസ്സു തികഞ്ഞുള്ള പ്രായത്തിൽ എത്തിയിരിക്കുന്നു എങ്കിലും, കരുത്തുറ്റ യുവനിരീക്ഷകന്റെ ദീക്ഷാവൈഭവവും സവിധപരിസരകതപവും ഭട്ടനിൽനിന്നു സമകാലീന ലോകസാമാന്യത്തിനു ഒഴിച്ചുകൂടാത്തതായിത്തീർന്നു.

ഹൈഭട്ടരുടെ വീരചരമം സംഭവിച്ചു് സംവത്സരം കഴിഞ്ഞപ്പോൾ, കരുത്തുറ്റ വസന്തകാലവൃത്തങ്ങളുടെ മുഖ്യഭാവത്തെ രീക്ഷണം വഹിപ്പാൻ ആദിത്യഭഗവാൻ ശക്തനായിരുന്നു. തിരുമുറ്റത്തെ ഗോപുരസൂത്രത്തിന്റെ മൂന്നു നിലകളും കടന്നിൽ അധികമായുള്ള പാനഥതന്ത്രിയെ വഹിച്ചു. വിവിധരാജ്യക്കാർ, സമുദായക്കാർ, വേഷക്കാർ, ഭാഷക്കാർ എന്നുവേണ്ട വിരുദ്ധമതക്കാരും, ഭാഗ്യാന്വേഷികളുമെല്ലാം വണ്ണം ഞെരുങ്ങി സഞ്ചരിക്കുന്നു. ആ സംഘങ്ങൾക്കിടയിൽ കൂടുകലാപമത്സരങ്ങളുടെ ചിഞ്ചിരനാദങ്ങൾ യാതൊന്നും ത

Digitized By Kerala Sahitya Akademi

ന്നെ കാണ്മാനില്ല. തെടിയ ഫസ്തകടകങ്ങളം, തെകുടുട്ടോ
ളം എഞ്ഞുന്ന തോക്കുവചങ്ങളം, കണ്ടത്തെയും മറയ്ക്കുന്ന
ലോഹോഷ്ണീഷങ്ങളം എന്നിവ ധരണിഞ്ഞും, കൊടുവാളം,
തെടുവാളം, കഠാരി കുന്തം തുടങ്ങിയുള്ള ആയുധങ്ങളം ഏ
ന്തിയും, മൂർഖതയ്ക്കു കൊടിക്കെട്ടിട്ടുള്ള യോദ്ധാക്കളും സൌ
ജന്യസൗഹാർദ്ദങ്ങളുടെ ചിഹ്നങ്ങളായ കൃപാസ്മേരങ്ങളോ
ടെ മാത്രം ആ സങ്കേതത്തിൽ സഞ്ചരിക്കുന്നു. വ്യകസ്വഭാ
വന്മാരും നിസ്താന്ത ദുർമ്മുഖന്മാരും ആയുള്ള പരിചാരക
ന്മാർ പോലും മുദ്ധവാദന്മാരായും, നിശ്ശബ്ദവചസ്സുകളായും
പാചകാദികർമ്മങ്ങളം ആരംഭിക്കുന്നു. മുഗ്ദ്ധാടത്തിൽ തു
ഷ്ടിട്ടുള്ള വാഹകജന്തുക്കളും സസ്യഭക്ഷണിയായ കാളിപ്പഭാ
വഭട്ടന്റെ ഭരണവ്യവസ്ഥിതികളുടെ കൊല്ലംശക്തിനെ
ആദരിച്ചു, ഇതരപുച്ഛങ്ങളെ അടക്കി, വക്രസ്വാന്തംകൊ
ണ്ടുള്ള കപടകർമ്മവ്യാജത്താൽ തൃണഭക്ഷി നിർഗ്ഗമിക്കുന്നു.

ഈ സൈനികസംഘങ്ങളുടെ ആഗമനമുഹൂർത്ത
ത്തിൽ, അന്നത്തെ ഊട്ടടയ്ക്കും മുമ്പു് ആ ദിവസത്തിനു
ണ്ടാക്കാവുന്ന ആദായങ്ങളെ കണക്കാക്കി ഭട്ടൻ വിരലുകൾ
മടക്കുകയായിരുന്നു. പാന്ഥന്മാരുടെ ആഗമനഘോഷം ആ
പരിശ്രമത്തെ വിഘാതപ്പെടുത്തി. ഭട്ടൻ ഗോപുരം പ്രതി
മന്ദിത്തിരിഞ്ഞു് ഭടജനങ്ങളെ ഉല്ലാളിപ്പിച്ച മാതാപിതാ
ക്കന്മാരെ ശപിച്ചു. ദക്ഷിണദിക്കിൽനിന്നു് എത്തിയ ര
ഥസംഘത്തിന്റെ നായകനെ കണ്ടപ്പോൾ, ഭട്ടൻ തെ
ഞ്ഞുകയ്യുറഞ്ഞു്, കുറുകപ്പായത്തെ ചീന്തി ശിഥിലീക
രിച്ചു. കരകിങ്കരനെ ധ്യാനമാത്രത്താൽ എന്നപോലെ വ
രുത്തി; അവന്റെ ശിരോദേശത്തെ അവശ്യകർമ്മമായി
പൊളിച്ചു. അനന്തരം, ചില മഹിഷാസുരന്മാരങ്ങം
കൊണ്ടു തന്റെ മണിയാരംഗത്തെ തകർത്തു. എങ്കിലും

Digitized By Kerala Sahitya Akademi

അന്നത്തെ സത്രവാസികൾക്കു് അത്യുദാരമായി വിഭവങ്ങളെ വിതരണം ചെയ്വാൻ ആജ്ഞാപിച്ചിട്ടു്, തന്റെ മണിയാതനെന്നുള്ള നിലയിൽ ആസനസ്ഥനായി. പാണ്ഡവസംഘപ്രമാണികൾ ആരും സഭാസമക്ഷം സന്ദർശനാപേക്ഷ സമർപ്പിക്കാത്തതിനാൽ, ഭട്ടൻ ഈർഷ്യാരഹിതനായി കല്പിക്കാൻ ഭരിച്ചു്, ചില നിശ്ചയങ്ങൾ ചെയ്തു് ഉറച്ചു. സന്ധ്യയായപ്പോൾ, സത്രത്തിന്റെ മൂന്നു നിലകളിലും പരിശുദ്ധനാത്മനെന്നുള്ള നാട്യത്തിൽ കന്നു സഞ്ചരിച്ചു് ഭൃത്യന്മാരുടെ അശ്രാന്തപരിശ്രമങ്ങളാൽ സപ്രധാനമായ പ്രക്ഷാളനകർമ്മത്തിനു് ബാധ്യമാക്കിക്കൊണ്ടു് സപര്യയുർവ്വിക്കുള്ള നിശ്ശബ്ദതയിലെ മൃത്യുഞ്ജയകർമ്മത്തിയായി തിരിച്ചു.

മസാലമണം, വറമണം, പൊരിമണം, വാപ്പുമണം തുടങ്ങിയുള്ള പാചകകർമ്മത്തിലെ വിവിധഗന്ധങ്ങളും, അനന്തരം വിളമ്പുമണവും, പിന്നീടു് പനിനീർ, ഗുലാബു്, ഹുക്കാ, ഗഞ്ജാ മുതലായ സാധനങ്ങളുടെ പരിമളവിശേഷങ്ങളും പരിസരപ്രദേശങ്ങളിലെങ്ങും വ്യാപരിച്ചു. രാത്രിയിലെ കന്നാം യാമം അവസാനിക്കാറായപ്പോൾ, ശൃംഗാരഗീതങ്ങൾ, ശാകുന്തഗീതങ്ങൾ, ഭഗവൽസ്തോത്രങ്ങൾ, മദ്യഗോഷ്ഠിവാദ്യങ്ങളുടെ കോലാഹലം എന്നിവ ഭട്ടന്റെ രൗദ്രതയെ ഉജ്ജ്വലിപ്പിക്കുമാറു് മുഴങ്ങി. ഈ ഘോഷങ്ങൾ മന്ദശ്രുതികളിലായി ക്രമക്കുങ്ങളിൽ അവസാനിച്ചു തുടങ്ങിയപ്പോൾ, സത്രത്തിലെ മൂന്നു നിലകളിലേയും പുറവാതിലുകളുടെ ബന്ധനശബ്ദം ഏകോപിച്ചു കേൾക്കുമായി. പിന്നത്തെ മഹാനിശ്ശബ്ദതയെ സത്രരക്ഷികളായ ഭൃത്യന്മാരുടെ ഇടയ്ക്കിടയുള്ള "മഹാരാജ് ഗാംഭ്രാംജ" എന്നുള്ള ശ്രദ്ധാസൂചകഘോഷങ്ങൾ മാത്രം ഒരു ദുഷ്പ്രസ്കാ

Digitized By Kerala Sahitya Akademi

ളിയുടെ പ്രഹഷ്ടനുത്തത്തിനിടയിലുള്ള അട്ടഹാസങ്ങ
പോലെ ഭഞ്ജിച്ചു.

രാത്രിയിലെ മൃഷ്ടാശനം കഴിഞ്ഞു് ഭട്ടൻ തന്റെ ശ
യ്യാഗാരവും നിക്ഷേപാധിലയന്നവും ആയുള്ള ഗോപുരമുറി
യിൽ പ്രവേശിച്ചിരുന്നു. ഈ മണിയറ ആയുധശാലയുടെ
ആവശ്യംകൂടി നിറവേറുന്നതായിരുന്നു. ഒരു ഗജവീരനെ
താങ്ങാൻമതിയായുള്ള മഞ്ചത്തിന്റെ സ്തംഭങ്ങളും ക്രൂരായു
ധങ്ങൾകൊണ്ടു് അലങ്കരിക്കപ്പെട്ടിരുന്നു. ചുവരുകളിൽ
ഇറക്കപ്പെട്ടുള്ള കാറികളിന്മേൽ തൂങ്ങുന്ന ആയുധങ്ങൾക്കും
എണ്ണമില്ലാതിരുന്നു. മഞ്ചത്തിൽ കിടക്കുമ്പോൾ ആയുധസ
ജ്ജീകരണങ്ങളുടെ തൃക്ഷ്ണത വർദ്ധിപ്പിക്കുന്നതിനായി ഭട്ടൻ ഒരു
പീഠത്തിന്മേൽ സ്ഥിതിചെയ്തു, വിശ്വസ്തരെ സംഹരിക്കുക
യോ എന്നെ ശ്രോധിക്കുന്നു. ഒരുദ്യോഗസ്ഥനെ കണ്ടു തെഴാൻ
പുറപ്പെടാതെ സഭയിൽ സമീപിക്കുന്ന കുറ്റത്തെ ശിക്ഷി
പ്പാൻ, അവരുടെ ഉദ്യോഗക്ഷണത്തിനു വിഘ്നവിധാനം
ചെയ്കയോ എന്നുപോലും ഈ സ്വാർത്ഥപരമഠം ചിന്തി
ക്കുന്നു. ഭൃത്യന്മാരെ ചുരുക്കി അകാരണമായി കൊല്ലിച്ചു, ത
ന്റെ കോപത്തെ കുറുപാതിശിരിപ്പിച്ചു. അന്നത്തെ ബ
ഹുജനസംഘടനയുടെ ഉദ്ദേശം എന്തെന്നു് പിന്നെയും
പിന്നെയും ചിന്തിച്ചു് ഭട്ടന്റെ ക്ഷമാശക്തി ശൂന്യമാവുക
യാൽ, പുറവാതിലുള്ള ആയുധങ്ങളെ നോക്കി ഒരു ഭർത്സ
നം തുടങ്ങി. "കാലന്മാർ കൂടുങ്ങാരുടെ ഒരു ഭാരതയുദ്ധത്തി
ന്റെ കളമാക്കി രാജ്യങ്ങളെ മുടിക്കുന്നു. ഇന്നത്തെ കൊ
ള്ളക്കാരൻ നാളെ പട്ടംകെട്ടി മുടി ചൂടുന്നു. കടലിന്റെ
അക്കരക്കാരെന്നൊരു കൂട്ടവും എല്ലാപ്പുറത്തും കൊള്ളിവ
യ്ക്കാൻ ചുറ്റിനടക്കുന്നു. രാജാവും, ചക്രവർത്തിയും തുലഞ്ഞു
ഹമ്മയ്യാ! നവാബും, സുൽത്താൻ, പാദുഷാ, നിജാം എന്നാ

Digitized By Kerala Sahitya Akademi

എല്ലാ ഇയ്യാൻപാറകളും പൊരുകിവരുന്നു. എല്ലാക്കുട്ടയും തമ്മിൽ കടിയിട്ടു് ഭൂമി നശിക്കട്ടെ. കാലം കലിയുഗമല്ലയോ? എല്ലാക്കൊമ്പനേയും ഗാംഗ്രാംചെട്ടിയുടെ ചക്രപ്പെരുമ പുലത്തുന്നു, പമ്പരം കറക്കുന്നു. അതുകൊണ്ടു നമുക്കും നമ്മുടെ അധികാരത്തിനും തടമാറില്ല—അമ്പടാ! എന്തെല്ലാം കണ്ടു, കൊണ്ടു, എങ്ങെല്ലാം തിന്നാടി? ആൺപിറന്ന ടിപ്പു ലോകം വിഴുങ്ങട്ടെ. എങ്കിലും കാര്യസ്ഥന്മാർ നമ്മെ ധിക്കരിക്കുന്നതു് മോശം, മോശം, വമ്പോശം—ഛേയ്! വീടും നാടും വെറുത്ത ഈ ദേശാന്തരിക്കു് മടിമന്നന്മാരുടെ കുടിമുടിഞ്ഞ കുടിപാടുകളിൽ സംബന്ധമെന്തു്?" ഇങ്ങനെയും മാറും കരുമിശ്രാഭാഷയിൽ ഭട്ടൻ സ്വഗതം തുടങ്ങി, തന്റെ പൂവ്വപുണ്യഘട്ടത്തിൽ എത്തിയപ്പോൾ, അദ്ദേഹത്തിന്റെ തൊണ്ടയിടറി, താടിവിറച്ചു, ശരീരം വിയത്തു്. ചിന്താശൂന്യതയാകുന്ന സൈരസ്ഥിതിയെ പാട്ടിലാക്കാനുള്ള ഉപായമായി ഉറക്കം തുടങ്ങുന്നതിനു തീപ്പുയാക്കകൊണ്ടു്, ഭട്ടൻ പുച്ഛംപുറിഞ്ഞ മുതലപോലെ മണിയറത്തയിൽതന്നെ മലർന്നുവീണു.

നിദ്രയും ഭട്ടനും തമ്മിൽ കരു സൈരസ്ത്രീകീചകക്കളിനടക്കുന്നതിനിടയിൽ താഴത്തെ യിചയിച്ചുള്ള കരു വാതലിന്റെ ചടാമ്പൽ സാവധാനത്തിൽ നീക്കപ്പെടുന്ന ശബ്ദം അദ്ദേഹത്തിന്റെ കണ്ണുത്തിൽ പതിച്ചു വിശ്രമനിദ്രയിൽ ആമഗ്നനായ യോദ്ധാവു് ശത്രുവിന്റെ ജ്യാനാപം കേട്ടു സമരത്തിനു സന്നദ്ധനാകുന്ന ശീഘ്രതയോടെ, ഭട്ടൻ ചാടി എഴുന്നേറ്റു പെട്ടി വട്ടം പിടിച്ചു ഭട്ടന്റെ വികൃത മുഖം പൈശാചരൂക്ഷതയാൽ വികസിക്കയും, പുരികപീപ്പികളുടെ താഴത്തുള്ളരണ്ടു വൈഡൂര്യമണികൾവ്യാഘ്രനേത്രങ്ങൾപോലെ പ്രജ്വലിക്കയും ചെയ്തു. ആ സന്ദർഭ

Digitized By Kerala Sahitya Akademi

ത്തിൽ ഈനയ്യേയം എന്നെന്നുള്ള വിശ്വാസമുള്ളവനെന്ന സാ
മത്ഥ്യത്തോടുകൂടി ചില ആയുധങ്ങൾ എടുത്തു് ഉടനെ സാ
മന്റെ ഇടയിൽ തിരുകി. കരു ഉത്തരീയംകൊണ്ടു് ആ
ആയുധങ്ങളെ ഈരയോടു മുറുക്കിബന്ധിച്ചു. കണ്ണുകൊണ്ടു
മാത്രം സഞ്ചരിക്കുള്ള കരു കറുത്ത വസ്ത്രംകൊ
ണ്ടു ശരീരത്തെ വേഷ്ടനം ചെയ്തു. കരു നൂലേണി എടുത്തു
പടിഞ്ഞാറോട്ടുള്ള ജനലിന്റെ നടുക്കാലിന്മേലുള്ള കരു വ
ലയത്തിൽ ബന്ധിച്ചുകൊണ്ടു വാതലിനെ രന്ധ്രമായി തൂ
ന്നു. അത്യന്തമായുള്ള നിബിഡാന്ധകാരം ഭട്ടനേത്രങ്ങളിൽ
സംഘട്ടനം ചെയ്തപ്പോൾ, ആ ഭ്രമത്തിൽ നിന്നു മുക്തി
മായി ആവാസം ചെയ്തിരുന്ന ദ്രോഹവാസനയും, ഭൌഷ്ട്യ
വും നൂതകളുടെ സമഗ്രരക്ഷാകർതൃത്വത്തോടെ ഉണർന്നു. തന്റെ
ആത്മസഹോദരങ്ങൾ ദർശിച്ച വിശ്വാവസുവാകുന്ന മൃത്തിനെ മ
സാ പ്രണാമം ചെയ്യുന്ന മാർഗ്ഗത്തിൽ ഭട്ടൻ തന്റെ ശിര
പിണ്ഡത്തെ ചാഞ്ചാടിച്ചുകൊണ്ടു് കരടിയുടെ സന്നിധാന
ത്തിൽ നൂലേണിവഴി കീഴ്പോട്ടിറങ്ങി നിലത്തെത്തി, അ
ല്പം വടക്കോട്ടുനീങ്ങി നോക്കിയപ്പോൾ, സർക്കാരിന്റെ വ
ടക്കുഭാഗത്തുള്ള വിശാലമായ മൈതാനത്തിലെയ്ക്കു ചില ദീർഘകായ
ന്മാർ പ്രൌഢഗാനം ചെയ്യുന്നതുകണ്ടു. കൌടില്യനയജ്ഞ
നായ ഭട്ടപാദർ കാര്യസിദ്ധിക്കുള്ള ഉപായമായി ബന്ധന
മസ്കരത്താൽ നിലപറിച്ചു. മണ്ഡപത്തിലെയ്ക്കു പുറപ്പെ
ടുന്ന തന്ത്രകുശലന്മാർ തന്റെ യാത്രയെ കണ്ടുപോകാതി
രിപ്പാൻ ഈശ്വരനിച്ഛിച്ച അനന്തരയാത്ര മുതലയുടെ ദ്രുസഞ്ചാ
രംപോലെ ആയിരുന്നതിനാൽ, ആഗ്രഹം അനുസരിച്ചു
ള്ള വേഗത്തിലും ലഘുശ്രമമായും ഭട്ടനു സാധിച്ചില്ല. ഉര
സ്സുകൊണ്ടു ചീന്തിയും നെഞ്ചുകൊണ്ടുകളാൽ തുഴഞ്ഞും, ദേഹ
ത്തിന്റെ അഗ്രഭാഗത്താൽ ഉണ്ടായ കിതപ്പുകളെ നീക്കി
യും, ഇടയ്ക്കിടെ മാറിട്ട വേദനകളെ ശുശ്രൂഷിച്ചും, വഴിയെ

Digitized By Kerala Sahitya Akademi

സ്വപ്നങ്ങളിലെന്നിന്റെ മാവിൽ ഒട്ടൻ എത്തിയപ്പോൾ, സമാഗതന്മാർ തമ്മിലുള്ള ഉപചാരാഭാഷണങ്ങളും കാര്യപ്രാപ്തിനിലെ ഉപക്രമങ്ങളും അവസാനിച്ചിരുന്നു.

ആ ശ്രദ്ധസഭയിൽ ചില രാജസിംഹന്മാരുടെയും, പരിവാരങ്ങളെ കൂടെക്കൊണ്ടു വിഖ്യാതന്മാരായ ഏതാനും ഇടപ്രഭുക്കന്മാരുടെയും സാവധാനമതം സ്ഥാപനികം മുഖ്യമായ സംയോജിച്ചിരുന്ന സഭാധ്യക്ഷ്യം വഹിച്ചിരുന്നത്, ദക്ഷിണേന്ത്യയിൽ നിന്നു പാശ്ചാത്യന്മാരായ വ്യവസായ സംഘക്കാരെ കൊടിച്ചിട്ട്, ആ പ്രദേശങ്ങളെ തന്റെ ഏകഛത്രത്തിൻകീഴ് ആക്കാൻ മോഹിച്ചെന്ന ടിപ്പുസുൽത്താന്റെ ഉപദേഷ്ടാവും വിശ്വസ്തസചിവനും ആയിട്ടുള്ള ത്र്യംബകരായ തിരുമലരായർ ആണൊന്ന ഒട്ടൻ പ്രഥമവീക്ഷണത്തിൽതന്നെ ഗ്രഹിച്ചു. മിനാട്ടിപ്രായങ്ങളുടെ സംഘട്ടനാധ്വരി ആ സഭയിൽ കേൾപ്പാനുണ്ട്. മറുഭാഷ രാജപ്രതിനിധികളുടെ വാദപ്രതിവാദങ്ങൾക്കിടയിൽ ഉച്ചശ്രുതിയിൽ കേൾക്കുമാറാകുന്നതു് യോഗനിദ്രകനായുള്ള ടിപ്പുസുൽത്താന്റെ സ്ഥാനപതിയായ തിരുമലരായരുടെ പഞ്ചാസ്യരവംതന്നെ. അഭിപ്രായഗതികളുടെ ഭിന്നതയെ ആ വാദപ്രതിവാദങ്ങൾ ധ്വനിപ്പിക്കുന്നുണ്ടെങ്കിലും, ആ സാഹിത്യമല്ലാങ്കണത്തിൽ പ്രയോഗിക്കപ്പെട്ട പണ്ഡിതഭാഷ ഒട്ടനസ്ഥാനത്തോരന്യ ലഘുഗ്രാഹ്യമായിരുന്നില്ല. ഈ കാരണത്താൽ കാളിപ്രഭാവശിഷ്ടൻ മുക്കാലുംഭാഗധിരഭാവത്തിൽ കുഴങ്ങിയും, ഇച്ഛാഭംഗരോഷത്താൽ ചുവന്നുള്ളും കൈകളും ഞെരിച്ചുതുടങ്ങി. ഒട്ടന്റെ ഇംഗിതാനുസാരമെന്നപോലെ ആ നായകോവിദമീമന്മാരുടെ വാദസമരം "രാമരാജാബഹദ്ദൂർ" എന്നൊരു ശബ്ദപതാകയേ പുറകിൽ ആരംഭിച്ചു. ഒട്ടന്റെ ആന്തരാളം സന്തോഷപ്രവാഹത്തിൽ തിരകളിച്ചുതുടങ്ങി. ശ്വാസോച്ഛ്വാസത്തെ പരിപൂർണ്ണമായി അടക്കി

Digitized By Kerala Sahitya Akademi

ക്കിക്കൊണ്ട് അദ്ദേഹം തന്റെ കണ്ണുനീർ തുടച്ചു. കോപം ഈർഷ്യ മുതലായുള്ള അന്തസ്സംരംഭങ്ങൾ നീങ്ങി, പ്രജ്ഞാകേന്ദ്രം വിഷമവിഷയങ്ങളേയും ഗ്രഹിപ്പാൻ തക്കവണ്ണം തെളിഞ്ഞു. ധർമ്മരാജ്യമട്ടുവത്തിനായി മൈസൂറിലെ വ്യാഘ്രവിക്രമൻ ടിപ്പു ബലസജ്ജീകരണം ചെയ്യുന്നു എന്നുള്ള വസ്തുതയെ സമാംഗങ്ങൾ ഉപന്യസിച്ച സ്ഥലനാമാദി ശകലങ്ങളിൽനിന്നു ഭട്ടന്റെ മോഹകേന്ദ്രം സംഭരിച്ചു. തന്റെ ജീവിതകാലത്തിലെ പൊരുഷദശയിൽ മോഹിച്ചതായ മഹാപദവി ഫലസാധകമാകാനുള്ള സന്ദർഭം ഇതാ സംപ്രാപ്തമാകുന്നു. ഭട്ടന്റെ ഹൃദയം തുടിച്ചു. ബുദ്ധിചക്രം ത്വരിതഗമനം തുടങ്ങി. ഭൂതകാലദൂരതയിലെ സാഹസപരാജയങ്ങൾ സംബന്ധിച്ചുള്ള സ്മൃതികൾ ആ കേന്ദ്രത്തിൽ തള്ളിക്കയറുന്നു. ഭട്ടൻ തന്റെ മേധാശക്തിയുടെ പ്രയോഗത്താൽ അന്തരിന്ദ്രിയ പഞ്ചകത്തേയും ബന്ധിച്ച് ഒരു ആലോചനാസമാധി ആരംഭിച്ചു. ഈ സമാധിമാർഗ്ഗേണ സമീപഭാവിയിൽ ലഘുശ്രമംകൊണ്ടു സാദ്ധ്യമാകാവുന്ന മഹാവിജയങ്ങളേയും പദവികളേയും ഭട്ടൻ സംഭവക്രമത്തിൽ പരിവീക്ഷണംചെയ്തു മാനസികമായ ഒരു മന്ദഭാരാധാരകർമ്മം സാധിച്ച ചാരിതാർത്ഥ്യത്തോടും, വിജയസന്തുഷ്ടിയോടെ ജന്മം അവസാനിപ്പിക്കുന്നതു തന്റെ വീരവ്രതത്തിന്റെ സമുച്ചിതപഥമാകുമെന്നുള്ള സ്വാത്മാഭിനന്ദനത്തോടും, ഭട്ടയോഗി പരിസരസ്ഥിതികൾ ഗ്രഹിപ്പാൻ വീണ്ടും സ്ഫുടബോധവാനായപ്പോൾ, സ്ഥാനപതികളുടെ യോഗം പിരിഞ്ഞിരുന്നു.

ഭട്ടൻ എഴുന്നേറ്റ്, താൻ ആജന്മം കാംക്ഷിക്കുന്നതായ മഹൽസ്ഥാനത്തിലോട്ട് കന്നാം ചുവടുവച്ചതു തൊക്കോട്ടു തോക്കിയായിരുന്നു. സ്ഥാനപതികൾക്കു വാതൽ തുറന്നുകൊടുത്ത ഭടൻ വീണ്ടും വാതലിനെ ബന്ധിച്ചു, തിരു

Digitized By Kerala Sahitya Akademi

മലരായരിൽനിന്നു കിട്ടാൻപോകുന്ന സമ്മാനങ്ങളെ ചിന്തിച്ചു്, മത്സ്യംകൊണ്ടു മാളികകഠം പണിയുന്നതിനിടയിൽ, കരു കൃഷ്ണവിഗ്രഹം അവന്റെ മുമ്പിൽ ആവിർഭവിച്ചു. യഥാസുഖം ആസ്വദിച്ചു് മദോന്മത്തനായി സഞ്ചരിക്കുന്ന കരടിയെപ്പോലെതന്നെ ആ വിഗ്രഹം നിർഭാഗ്യവാനായ കടനെ കന്നം പരിരംഭണംചെയ്തു. എല്ലുകഠം തകരുന്ന കരു ശബ്ദവും ശ്വാസംമുട്ടിയുള്ള ഞരുങ്ങലുംകൊണ്ടു കടന്റെ കഥ അവസാനിച്ചു. ഈ ബലികർമ്മത്തിന്റെ ഫലമായി കട്ടനാൽ നിർമ്മിതമായ സർസ്സിൽ അടുത്തദിവസത്തിൽ ഉണ്ടായ ജലജത്തിന്റെ സന്ദർശനം തിരുമലരായരും കട്ടനും ആരംഭിക്കുന്ന പ്രസ്ഥാനത്തിന്റെ പരിണാമത്തിനു് കരു സൂക്ഷ്മകന്നമായിരുന്നു.

ആ രാത്രിയിൽതന്നെ മാരീചരാവണന്മാരുടെ കൂടിക്കാഴ്ചപോലുള്ള കരു സന്ദർശനം കട്ടന്റെ മണിയറയ്ക്കകത്തുവച്ചു നടന്നു. ആ സന്ദർശനത്തിലെ രാവണൻ സ്വയമേ സന്നിഹിതനായതല്ലായിരുന്നു. കട്ടന്റെ കരു ആജ്ഞാകരനാൽ ആത്മീതനായി തിരുമലരായർ ആ സന്ദർശനത്തിനു വഴിപ്പെട്ടതായിരുന്നു. ദീർഘകായനായ ആ തന്ത്രവിദഗ്ധൻ കട്ടനെ അഭിവാദ്യങ്ങഠംകൊണ്ടു് ആദരിക്കുന്നതിനിടയിലും, അദ്ദേഹത്തിന്റെ മുഖം കോപകാലുഷ്യത്താൽ ചുവന്നു ജ്വംഭിച്ചിരിക്കുന്നു. മഞ്ചത്തിനുമൽ ബ്രാഹ്മണാഢ്യന്റെ വേഷത്തിൽ ഇരിക്കുന്ന കട്ടനാൽ ക്ഷണിക്കപ്പെട്ടിട്ടും, രായർ ആസനസ്ഥനാകുന്നില്ല. എന്നാൽ, ആ സന്ദർശനത്തെ അവസാനിപ്പിച്ചിട്ടു് പിരിയണമെന്നുള്ള തിടുക്കത്തെ രായർ മുഖാദയെ ലംഘിച്ചും, പ്രത്യക്ഷമാകുന്നു. കട്ടൻ തന്റെ മഹത്വത്തിന്റെ വില കരപ്പാൻ സന്നദ്ധനല്ലാത്തതിനാൽ, അല്പനേരം നാമജപവാഗ്വ്യത്തിൽ മി

Digitized By Kerala Sahitya Akademi

ണ്ടാതെ ഇരുന്നിട്ട്, പ്രാകൃതഹിന്ദുസ്ഥാനിയിൽ ചോദ്യം ചെയ്തു തുടങ്ങി.

ഭട്ടൻ__"തഴത്തെ മണ്ഡപത്തിൽവച്ചു നടന്ന ഗൂഢാലോചനയുടെ സാരം ഈ വൃദ്ധനെക്കൂടി ഗ്രഹിപ്പിച്ചു കൊള്ളുക."

തിരുമലരായർ__(ശുദ്ധമായ ഹിന്ദുസ്ഥാനിയിൽ) "സർവ്വശക്തനാൽ അനുഗ്രഹിക്കപ്പെട്ട മണ്ഡലാധിപന്മാർ രാജ്യരക്ഷാർത്ഥം നിയോഗിക്കുന്ന കാര്യങ്ങളെ അവിഹിതമായി ഗ്രഹിപ്പാൻ ആഗ്രഹിക്കുന്നവർക്കുള്ള ദണ്ഡനം എന്തെന്നു ഗ്രഹിക്കുന്നുണ്ടോ?"

ഭട്ടൻ:_ (കുറെ ആശ്ചര്യപ്പെട്ടിരുന്നിട്ട്) "ഛഃ! ശുദ്ധമായുള്ള സംസ്കൃതത്തിൽതന്നെ സ്വയമായിട്ടുള്ള ഭാഷയിൽ സംസാരിക്കുന്ന ഭാഗത്തിൽ കിടക്കുന്ന ശിക്ഷ എന്താണെന്നുകൂടി പറഞ്ഞുതരിക."

തിരു:__"മഹാരാജാവിന്റെ പ്രസാദത്താൽ സനാതനായ ശ്രീരംഗംസേട്ട് ശത്രുവിന്റെ പ്രാണനായ ഒരു സുപ്പത്തായെ ധർമ്മകർത്താസ്ഥാനം നൽകി വാഴിച്ചിരിക്കുന്നു എന്നുള്ള വസ്തുത ടിപ്പുസുൽത്താൻ മഹാരാജാബഹദ്ദൂർ തിരുമനസ്സിലെ വിശാലബുദ്ധിയും ഗ്രഹിച്ചില്ല. അവിടുത്തെ ദാസനായ ഇവനോടുകൂടി എത്ര ദേഷ്യം വന്നിട്ടുണ്ടെന്നു ഗ്രഹിച്ചു അറിയുന്നോ?"

ഭട്ടൻ__"ദേഷ്യം! രാജാധികാരം!__മകനേ! അക്കഥകൾ അങ്ങുവച്ചേയ്ക്കുക. നൈഷർന്നായകൻ ഇന്നു ചീവിച്ചിരിക്കുന്നോ? ചാരരാജാവിന്റെ സൈന്യങ്ങൾ ഇന്നു രാജാജ്ഞകൾ നിവ്വഹിക്കുന്നുവോ? അതെല്ലാം ഇന്നു കണ്ടു, നാളെ നശിക്കുന്നു. നാം ആരുടെ പ്രീതിയേയും കാംക്ഷിക്കുന്നില്ല. അതിനാൽ, ക്രൂരശൂര പുരുഷൻ ആരെന്നു പേർ പറയുക. നമുക്കു ബോദ്ധ്യമാകണം."

Digitized By Kerala Sahitya Akademi

രാജദ്രോഹകരമായുള്ള ഭട്ടിജിയുടെ ഈ അഹങ്കാരത്തിന് ഉചിതദണ്ഡനം നൽകാൻ താൻ തന്നെ പഡ്ഗ്രഞ്ഞക്കൂടി കൊണ്ടുപോന്നില്ലല്ലോ എന്നുള്ള വ്യസനത്തെ തിരുമലരായർ ഗോപനംചെയ്തില്ല. ക്ഷുഭിതനായ ഭട്ടൻ രായരുടെ അന്തർവിചാരത്തെ ഗ്രഹിച്ചു. ദുരാപത്തുകളുടെ അനുഭവവും, ബഹുസംവത്സരത്തിലെ ദേശാന്തരസഞ്ചാരവുംകൊണ്ട് ബുദ്ധിക്കു വികൃതമായ ഒരു സംസ്കൃതി വന്നിട്ടുള്ള ഭട്ടൻ വ്യാജകഥത്തിനുതന്നെ കോപ്പിട്ടു. "ഹേ! രാജ മന്ത്രിമാരിൽ തിരുമലരായർ ഒരു ദേവഗുരുവാണെന്നു കേട്ടിട്ടുണ്ട്. ഉപ്പോപാം മാത്രം അസുരഗുരുവായ ശുകലനേത്രൻ ആണെന്നു് അറിയുന്നു. ആരും കണ്ടിട്ടും അറിഞ്ഞിട്ടുമില്ലാത്ത ശക്തിയുടെ കൃപയാൽ നാം ഇരുനൂറു വസന്തം കണ്ടിട്ടുണ്ട്. ഇനി അരുത്തോളമെങ്കിലും കാണാതെ അവസാനസമാധിക്കു തയ്യാറില്ല. പണ്ടു് ആകടേടയോ അനുകൂല പൂക്കളായില്ലേ? അതുപോലെ ഈ കഴുത്തിനുമേൽ വരുന്ന വാളുകളും പൂണൂനൂലുകളാകും. എന്നാണെ ചിരിക്കാൻ കരുങ്ങുന്നു?

ഭട്ടന്റെ നാട്യവും, ഭാഷാക്രമവും, ആത്മപ്രശംസകളും യോഗിക്കാത്തിനാൽ, തിരുമലരായർ അവിടെ ചിന്ത പിടിയുന്നതിനു വട്ടംകൂട്ടി.

ഭട്ടൻ "ചില്ലുണ്ണേ! രാമരാജാബഹദൂർ എന്നൊരു പദം യിങ്ങളുടെ വിസ്രാങ്കസംഭാഷണത്തിൽ ഉപയോഗിച്ചിരുന്നില്ലേ? ബുദ്ധിമാനായ ഹൈദർഖാൻ ആ രാജാവിനെ തോല്പിക്കാൻ കരുതിയ സഹായിയെ നിയോഗിച്ചു. ആ മഹാശീശചരനു് സാമിഗാംഗ്രാം, ഹൈദർഖാൻ തിരുമനസ്സിലെ കല്പനയനുസരിച്ചു്, ശൃംഗേരിമഠത്തിലയച്ച ചെന്നുള്ള അപേക്ഷയോടെ ആ രാജ്യത്തിൽ പെരുമാറുന്നതിനു വേണ്ട ദ്രവ്യം ഇയച്ചുകൊണ്ടിരുന്നു—"

Digitized By Kerala Sahitya Akademi

തന്റെ മുമ്പിലിരിക്കുന്ന കടിലവൃദ്ധൻ സഭാസമക്ഷം കഥ അനുഷ്ഠിച്ചിട്ടുള്ള രാജോപായങ്ങളിലെ മർമ്മരഹസ്യങ്ങളോരോന്നും ഗ്രഹിച്ചിരിക്കുന്നു എന്നു മനസ്സിലാവുകയാൽ, തിരുമലരായർ ആശ്ചര്യഭാരത്താൽ സ്തബ്ധനായി ലോഹപ്രതിമപോലെ നിലകൊണ്ടു. ഭട്ടൻ തിരുവിതാംകൂർ രാജ്യത്തിന്റെ പുരാവൃത്തവും, ഭൂവിവരണവും, രാജകുടുംബസ്ഥിതികളും, സേനാസചിവശക്തികളും സംക്ഷിപ്തമായി ഒരു പ്രസംഗം ചെയ്തു; താൻ നിയമേന മിതഭാഷിയാണെങ്കിലും, തന്റെ മനസ്സുകൊണ്ട് ആരാധിക്കുന്ന ടിപ്പുമഹാരാജാവിന്റെ വിജയത്തെ ആഗ്രഹിച്ചു് തൃണ്ണും ഉപന്യസിച്ചതാണെന്നുകൂടി ധരിപ്പിച്ചു. വിശ്വാമിത്രാദി രാജർഷിക്കുതുല്യം പ്രഭാവശക്തികൾ ധരിക്കുന്ന ഒരു ഉപദേഷ്ടാവു് തന്റെ സ്വാമിയെ കിട്ടുന്നു എന്നു് ഒരു ആത്മോദയം ഉണ്ടായിട്ടു് അതിന്റെ പ്രേരണയാൽ ഭട്ടാജിയുടെ പാദങ്ങളിൽ ദണ്ഡനമസ്കാരം ചെയ്വാൻ തിരുമലരായർ മുന്നോട്ടു ചാഞ്ഞു. ശയ്യയിൽനിന്നു ചാടി താഴത്തിറങ്ങി, ഭട്ടൻ ആ പ്രണാമക്രിയയെ തടുത്തു് രായരെ സഹർഷം പരിരംഭണംചെയ്തു.

അദ്ധ്യായം ൨.

"ലോകരാവണരാവണഭീതികൊ-
ണ്ടാകുലരായി ദേവകം.....,,

ഹരിപഞ്ചാനനയുഗ്മത്തിന്റെ ദേഹത്യാഗത്തിൽ അവസാനിച്ച പ്രതികാരയത്നങ്ങളുടെ ധൂമം ബ്രഹ്മാണ്ഡമണ്ഡലത്തിന്റെ അനന്തതയിൽ ലയിച്ചു. ശശ്വത്പ്രവാഹികളായ "വരാഹതരുക്കൾ" നിറഞ്ഞുള്ള വഞ്ചി

Digitized By Kerala Sahitya Akademi

രാജ്യാരംഭത്തിൽവിക്രീഡിപ്പാൻ അടുത്തഹൈദർഖാൻ, തന്റെ മൂലസ്ഥാനമായുള്ള മൈസൂർരാജ്യത്തിന്റെ പ്രാന്തങ്ങളിൽ ആഗ്രഹസിംഹത്തിന്റെ ഭാഗ്യഗ്രാരവം മുഴങ്ങുന്ന ഏനം കേട്ട്, ആ ഉദ്യമത്തിൽനിന്നു വിരമിച്ചു. ആ പൌരസ്ത്യ നെപ്പോളിയൻ ഇംഗ്ലീഷ്കാരോടു ചേരിട്ടു വീരസമരംചെയ്തു, ചിറകരിഞ്ഞുവച്ചു, മുറിവേറ്റു, കൊല്ലം 958-ൽ ചരമം പ്രാപിച്ചു. വിക്രമവഴിയിൽ ചെന്നു, "മൈസൂർവ്യാഘ്രം" എന്ന അഭിധാനം നൽകി, പാശ്ചാത്യസമുദായക്കാർപോലും ഈ ശൂരകാലത്തെ അഭിമാനിക്കുന്നടിപ്പുസുൽത്താൻ അച്ഛന്റെ സ്ഥാനത്തു സിംഹാസനസ്ഥനായപ്പോൾ, വിന്ധ്യാദ്രിമുതൽ കന്യാകുമാരിവരെയുള്ള രാജ്യങ്ങൾ സമരശൂരന്റെ കിരണസ്ഫുരണങ്ങളെ ഭീതിയോടെ സമീക്ഷിച്ചു. രാജസഭകൾ നിരുദ്ധപ്രജ്ഞന്മാരുടെ സമാധിരംഗങ്ങളായി. നിരാലംബങ്ങളായ കിരീടങ്ങൾ അഭയകേന്ദ്രങ്ങളെ ആരാഞ്ഞു, അങ്ങോട്ടു ലയിക്കുകയോ, പണയപ്പെടുകയോ ചെയ്തു.

സിരഫസ്ലിനമണ്ഡപത്തിൽ സംയോജിച്ച സ്വാമിഹിതവാദികൾ ടിപ്പുവിന്റെ അഭിലാഷപരിപൂർത്തിയെ ഐകകണ്ഠ്യേന അനുമതിച്ചില്ലെങ്കിലും, ആ വ്യാഘ്രാഭിനപക്ഷക്കാരുടെ വിസമ്മതത്തെ ഭിന്നത്വത്തിന്റെ ദ്യോതകമായി ഗണിച്ചു, അച്ഛനാൽ കൊടി നാട്ടപ്പെട്ടിട്ടുള്ള കേരളഖണ്ഡത്തിന്റെ വിധ്വംസനത്തിനായി വൻപട ചേർത്തു, ഒരു ഘോരയാത്ര ആരംഭിച്ചു. മാധ്വശങ്കരന്മാരുടെ വ്യവസ്ഥാപനങ്ങൾ, ആര്യമുദ്രകളായ ബ്രഹ്മോപവീതങ്ങൾ, കേരളമുദ്രകളായ പൂർവ്വശിഖകൾ എന്നിവ ടിപ്പുവിന്റെ മതശാത്രോഷ്മാവിൽ ബാഷ്പീഭവിച്ചു. ഭൂമുഖം മനുഷ്യരക്തംകൊണ്ടുള്ള ചെമ്പാരപ്പൊയ്കകളായി. രാജനി

Digitized By Kerala Sahitya Akademi

ലയന്തങ്ങളും, പ്രഭുഗൃഹങ്ങളും, സാമാന്യഭവനങ്ങളും, കൊട്ടി
ലുകളും എന്നിവ അതിന്റെ ചിതകളായി, എരിഞ്ഞു. അതുകളുടെ ഭസ്മീകരണത്തിനു് ഉജ്ജ്വലിച്ച തീജ്വാലകളും ഗോകുലമേധങ്ങളുടെ നികുംഭിലകളുമായി. ഭൂമിയുടെ കുറയ്ക്കുമാറു് ഉദ്ഭവിച്ച ഈ കീർത്തനീയകർമ്മങ്ങളാൽ ഉത്തരദേശങ്ങളെക്കൊണ്ടു കാൽത്താർ കുമ്പിട്ടുവിളിച്ചപ്പോൾ, ബ്രഹ്മകാലത്തെ വാഞ്ഛാനുസാരം വഞ്ചിരാജ്യം വെകുണ്ഠത്തിന്റെ മദ്ധ്യനംകൂടി തിരഞ്ഞേറുന്നതിനായി ആ താരകന്റെ ആഗ്നേയനേത്രങ്ങളും തുറക്കാട്ടതിരിഞ്ഞു. ഈ ഉത്തുംഗവിപത്തിന്റെ സൂക്ഷ്മമായ താരകരഹസ്യം എത്രമാത്രമുണ്ടെന്നു തിരുവിതാംകൂർ ജനസാമാന്യം പ്രബുദ്ധന്മാരായതു്, മഹമ്മദീയസൈന്യത്തിന്റെ നിഷ്ഠുരതകളും സഹിക്കാൻ പാടില്ലാഞ്ഞു തിരുവിതാംകൂറിലേയ്ക്കുണ്ടായ ജനപ്രവാഹം നിമിത്തമായിരുന്നു. നാടുവാഴികളും, പ്രഭുക്കളും, മന്ത്രികളുമുതലായുള്ള സംഘങ്ങളും സഹസ്രങ്ങളായി കൂട്ടമിട്ടിളകി, രാമവർമ്മമഹാരാജാവിന്റെ പാദങ്ങളേയും, അവിടുത്തെ പ്രജകളുടെ എന്നും സൽക്കാരസന്നദ്ധങ്ങളായ കൈകളേയും ശരണംപ്രാപിച്ചു. ഈ ഒരുഭയദാനം മിത്രാമിത്രഭേദം തിരിച്ചറിവാൻ പാടില്ലാത്ത വിധങ്ങളിൽ പല ആവശ്യങ്ങളും നടിച്ചും, വേഷങ്ങൾ ധരിച്ചും, ശ്രുപാശ്രേഖനങ്ങളവഹിച്ചും പുറപ്പെട്ട പല അകേരളീയന്മാരുടെയും പ്രവേശം രാജ്യത്തിൽ ഉണ്ടാകാൻ സൌകര്യം കൊടുത്തു. ശത്രുശക്തിയുടെ ആജ്ഞാകരന്മാരായ വാർത്താഹാരികളും, കലാപകാരന്മാർ, ചരിത്രകർത്താക്കന്മാർ എന്നിങ്ങനെയുള്ള പരിപന്ഥിസഞ്ചയം നിരോധംകൂടാതെ പെരുകി. ഈ കൂട്ടക്കാരാൽ പ്രേരിതന്മാരായി കാരാതസ്സംഘങ്ങൾ അധികൃതശ്രദ്ധയെ വിഷമിപ്പിക്കുമാറു് നാ

Digitized By Kerala Sahitya Akademi

നാകേന്ദ്രങ്ങളിലും കാട്ടുപാളയങ്ങൾ ഉറപ്പിച്ചു. ആകപ്പാടെ, ടിപ്പുവിന്റെ ഹിസ്റ്റീരിയും, അതുലവും ആയുള്ള കൌശലാഭിചാരങ്ങളും, ധനപൌഷ്ടല്യവും തിരുവിതാംകൂറിലെ സമാധാനത്തോടുകൂടിയുള്ള കടിപാപ്പുമുദിക്കയും, അധികൃതമണ്ഡലത്തിന്റെ ബുദ്ധിപൌരവത്തെ ശാണഘട്ടണത്താലെന്നപോലെ പരീക്ഷണം ചെയ്കയും ചെയ്തു.

ശത്രുവിന്റെ ആക്രമം ഉണ്ടാകുമെന്നു കണ്ണാകണ്ണികയാധരിച്ചുപോന്നു ജയങ്ങൾ ആകെലന്മാരായി എങ്കിലും, ഹൃദയപൂർവ്വം തങ്ങളുടെ ദേഹദേഹികൾ ഉൾപ്പെടെയുള്ള സകല സമ്പത്തും രാജപാദങ്ങളിൽ സമർപ്പിപ്പാൻ കൃതപ്രതിജ്ഞന്മാരായി. എന്നാൽ, അസഹ്യലതയുടെ സംഭ്രമം അനാസ്പദമാണെന്നു തെളിയിച്ചുകൊണ്ടെന്നപോലെ ചില ആഗമനങ്ങളും വിടവുകളിൽനിന്നുണ്ടായി. പട്ടരത്നാദിയിലധികമായ വിരവധി സാമാനങ്ങളോടും, മഹാരാജാവിന്റെ അനുമതിയോടും മാണിക്യവാശുണ്ടൻ എന്നൊരു കച്ചവടക്കാരൻ തിരുവനന്തപുരത്തുതന്നെ ഒരു വ്യാപാരശാല സ്ഥാപിച്ചു. രഞ്ജാവൂർ കുമാരരാജാവിന്റെ കൂപാവീക്ഷണം സാക്ഷീകരിക്കുന്ന ശ്രീമുഖത്തോടും, വലുതായ അനുചരസംഘത്തോടും, ഭാരതഭൂഖണ്ഡത്തിലെ പല രിതുനുകളിലും ചെന്നപയുക്തചാതുര്യം പ്രയോഗിച്ചു, സമ്മാനകടാക്ഷങ്ങളും മറും നേടീട്ടുള്ള ഒരു കോണേരിരായർ കണ്ണീരവരായർ മഹാരാജാവിനെ മുഖംകാണിച്ചു, ഒരു വലലന്റെ ആവിർഭാവത്തെ പ്രതീക്ഷിച്ചു, ടിപ്പുവിന്റെ ഹൃത്യകസംരക്ഷണയിൽ താമസിക്കുന്നു. അക്കാലം വരെ രാജ്യത്തിലെങ്ങും വിശ്രുതിപ്പെട്ടിട്ടില്ലാത്തതും, കടകം നെമസ്സും തൊട്ടുകിടക്കുന്നതുമായ "ബബ്ബിലപുരം" എന്ന മലവാരരാജ്യത്തിന്റെ സിംഹാസനാവകാശിയായുള്ള

Digitized By Kerala Sahitya Akademi

ഗ്രണമോഷ്യോപക്ഷകഥം പെയ്യാറുണ്ട്. ആ മാഹാത്മ്യഭ്രന്ത
ഭം കവിഞ്ഞു്, ഭരച്ചുവാൽ കൊട്ടാരക്കര താലൂക്കിൽ നൽ
കപ്പെട്ട ഭൂമികളും, ചിലമ്പിവഴിയും വക സ്ഥാവരജംഗമ
സ്വത്തുക്കളും അനന്തപത്മനാഭൻ പടത്തലവനിൽനിന്നു
ഒഞാനന്തരവളുടെ സ്ഥാനത്തു് തന്റെ ഭാര്യയ്ക്കു കിട്ടീട്ടുള്ള
രാമവർമ്മന്റെ ഭവനവും, അതോടുചേർന്നുള്ള സ്വത്തുകളും
കൈകാര്യംചെയ്യുന്ന ആളിന്റെ പ്രാധാന്യം ധനദന്റേ
തുതന്നെ ആയിരുന്നു.

നന്തിയത്തു മഠത്തിന്റെ പ്രത്യേശാദാരം ഉൻഭാഗ
ത്തെ കാരോ വശത്തും കാരോ വെങ്കലച്ചുവർ ചിത്രക്കൊടു
ക്കുടിയ ആനക്കൊട്ടിൽകൊണ്ടു് അലംകൃതമായിരുന്നു. അ
കത്തോട്ടു കടന്നാൽ ആദ്യമായി കാണുന്നതു്, ചന്ത്രക്കാര
ന്റെ വാസ്തുക്കോലത്തു് അദ്ദേഹത്തിന്റെ ഭവനത്തിൽ എ
ന്നപോലെ അടിച്ചുവാരി മിനുസമാക്കീട്ടുള്ള കരുവരിയ
മുറ്റമാണു്. തെക്കുഭാഗത്തിൽ മേനാച്ചാവടിയും വടക്കുഭാഗത്തിൽ
സ്ത്രീകൾക്കേ പുരുഷന്മാർക്കും വേർതിരിച്ചുള്ള കുളിപ്പുര
ളോടുകൂടിയ തീരാഴിക്കെട്ടും, പ്രധാന കെട്ടിടത്തിന്റെ
പ്രവേശനമാരെന്നപോലെ നിലകൊള്ളുന്നു. മുറ്റത്തിന്റെ
പടിഞ്ഞാറുഭാഗത്തിൽ, പാശ്ചാത്യഭാഗത്തിലും കാരോ കൊ
ട്ടിയമ്പലത്തോടുകൂടിയ ചുവരുകളുടെ ഇടയ്ക്കായി, ഉയ
രമായ കരു എട്ടുകെട്ടു നിന്നിരുന്നതു് അവിടെ താമസിക്കു
ന്ന കുടുംബത്തിന്റെ പ്രധാനമായുള്ള വാസഗൃഹമായി
രുന്നു. ഈ മന്ദിരത്തിന്റെ തെക്കുകിഴക്കു മൂലയിൽ അ
രണ്ടു വശങ്ങളും തുറന്നു് ഇടനാടൻ രീതിയിൽ കാണുന്ന
തളത്തിന്റെ പടികളും, മിഥുനക്കോൺസ്തൂണവും, ത
ട്ടിലേ പണികളും, തളത്തിന്റെ ഇന്ദ്രശിലാച്ഛത്രവും മയ
ശില്പിയെക്കൊണ്ടുപോലും നാസികമേൽ വിരൽ വയ്പിക്കും.

Digitized By Kerala Sahitya Akademi

ആ തളത്തിൽനിന്നു പടിഞ്ഞാറോട്ട് ഉണ്ണിഅമ്മാന്റെ ഗ്രന്ഥശാലയായ അടുത്ത മുറിയിലേയ്ക്കുള്ള ഒരു വാതൽമാത്രം തുറന്നു കാണുന്നതു നീക്കി, കെട്ടിനുള്ളിൽ കിഴക്കുവശത്തുള്ള എല്ലാ വാതലുകളും ബന്ധിച്ചിരിക്കുന്നതു് കെട്ടിലമ്മമാർ താമസിക്കുന്ന ഭവനമാണെന്നു് അറിയുന്നു.

ചിലമ്പിനഴിയം പൊറുള്ളി. ഈ ചെറുലങ്കയുടെ അന്തർഭാഗത്തു ശത്രുഭയംകൊണ്ടു് രാജ്യമെങ്ങും വ്യാപിച്ചിരിക്കുന്ന പ്രഭാമാന്ദ്യം ശതഗ്രുണീഭവിച്ചു കാണുന്നു. പടിഞ്ഞാറെക്കെട്ടിന്റെ വടക്കുഭാഗത്തുള്ള ഖുടത്തളത്തിൽ നില്ക്കുന്ന വലിയ കട്ടിൽ ഒരു വ്യസനാക്രാന്തയുടേയോ, രോഗിണിയുടേയോ കിടപ്പിടമായിത്തീർന്നിരിക്കുന്നു. നഗരപ്രമോദത്തിന്റെ കോലാഹലരസം ആ ശയ്യാവലംബിനിയുടെ ശ്രുതിയിലെവിടെയും വിഷയീഭവിക്കുന്നില്ല. ഉന്മേഷസമ്മോഹങ്ങളോടു ചരമയാത്രാനുമതിവാങ്ങി ഉത്തരായനം പ്രതീക്ഷിച്ചു് സ്ഥിതിചെയ്യുന്നതുപോലെയുള്ള ആ മഹതിയുടെ അന്തഃകരണങ്ങൾ. ഗൃഹിണീകൃത്യങ്ങളിലുള്ള നിഷ്ഠകൊണ്ടു്, പരരാജ്യരക്ഷിതാവായുള്ള രാജ്ഞിപ്രഭാവീനാൻ ദിവാൻ എന്ന അഭിനവസ്ഥാനം നൽകീട്ടുള്ള മന്ത്രിയോടൊന്നിച്ചു് ഉത്തരദേശങ്ങളിൽ സഞ്ചരിച്ചു് രാജ്യത്തിന്റെ രക്ഷയ്ക്കു് ഉപയുക്തങ്ങളായ പല നയോപായങ്ങളും പ്രയോഗിക്കയും, ആ പ്രദേശങ്ങളിലെ പ്രാകാരാദികളെ ഉറപ്പിക്കയും ചെയ്തിട്ടു്, ലോകവിദ്ധ്വംസകന്മാരായ മൈസൂരിലെ ഉമ്മാസുകേസരിയുടെ ആക്രമണം ഉണ്ടാകുന്ന വേളയിൽ ശ്രീപത്മനാഭസങ്കേതത്തെ പ്രത്യേകം കാത്തു രക്ഷിപ്പാനായി മടങ്ങി എഴുന്നള്ളുമ്പോൾ, ആ ശതമഖപ്രഭാവന്റെ ദർശനമാകുന്ന പുണ്യത്തെ സമാഹരിച്ചുകൊണ്ടു് ഉടനെ എത്തിയേക്കാവുന്ന മരണത്തിന്റെ ക്ഷണകാലത്തെ മാത്രം ശ്രു

Digitized By Kerala Sahitya Akademi

ഇടിപ്പാൻ പ്രവർത്തനം ചെയ്യുന്നു. ഘോഷധ്വനികളുടെ ഗതിയെ സൂക്ഷിച്ചു ഭർത്താവിന്റെ പ്രത്യാഗമനസമയത്തെ നിശ്ചയമാക്കിയ ആ സാധ്വി തന്റെ ക്ഷീണത്തെ തിരസ്കരിച്ചു്, ശയ്യയിൽനിന്നു് എഴുന്നേറ്റു്, പാചകശാലയിൽ എത്തി വേണ്ട ഏർപ്പാടുകളും ചെയ്തിട്ടു്, ഇടത്തളത്തിലേയ്ക്കു നടന്നു, മഞ്ചത്തിന്മേൽ ആസനസ്ഥയായി. വ്യസനവും ആലസ്യവും കൊണ്ടു വാടിത്തളർന്നുകാണുന്ന ആ മുഖം ഒരു കാലത്തു് അഭിരാമപരിവേഷത്താൽ ആവൃതമായ കാന്തകാംബുജംപോലെ, ലോകസമ്മോഹകമായുള്ള സൗന്ദര്യസാരത്തിന്റെ കോമളതല്ലിമയായിരുന്നു. ആ നെടിയ നേത്രങ്ങളിലെ കടുത്തീലതാരങ്ങൾ പ്രകൃതിയുടെ ശില്പപടുതപഞ്ചിന്റെ ഉത്കൃഷ്ടനിർമ്മിതികളായി, വീരസന്താരുടെ ഭാഗ്യഹൃദയങ്ങളെയും ഒരു കാലത്തു വിദ്രവിപ്പിച്ചുവന്നു. തൽക്കാലത്തെ ദൈന്യനിലയിലും ആ ജീവസ്സുടങ്ങാത്ത സംസ്കൃതമായുള്ള മഹാകുലീനതയുടെ ഉത്കൃഷ്ടലക്ഷണങ്ങളെ സ്ഫുരിപ്പിക്കുന്നു. മഹാത്തുരയാൽ ആവേഷ്ടിതമായുള്ള ആ സ്ഥിതിയിലും, ആ ശരീരപ്രഭ കേതകീപുഷ്പത്തോടൊപ്പം ദർശനീയമായിത്തന്നെ കണ്ണുനീർ. വാർപ്രാന്തത്തിലെ പ്രശാന്തവാസവും, ഒരു ഗ്രന്ഥാമൃതഭോക്തൃത്വത്തിന്റെ ധർമ്മപത്നീസ്ഥാനവുംകൊണ്ടു ഗൃഹിണിമാർക്കു കിട്ടാവുന്ന കാവ്യരസാതീതമായുള്ള സായൂജ്യാനന്ദത്തെ മോഹിച്ചു ഭർത്തൃവരണം ചെയ്ത കഴക്കൂട്ടം പ്രഭുകുടുംബത്തിലെ മീനാക്ഷി എന്ന തരുണീതിലകത്തെയാണു് നാം ഈ അവസ്ഥയിൽ കാണുന്നതു്. മുഖത്തെ ക്രമത്തിലധികം മറയ്ക്കുമാറു് അഴിഞ്ഞുലഞ്ഞുകിടക്കുന്ന കേശപടലത്തിനിടയിൽ ചില രജതരേഖകളും ആക്രമിച്ചു്, മുപ്പത്തെട്ടാംവയസ്സിലും സുമുഖിയായി കഴിയേണ്ട ആ സ്ത്രീരത്നത്തെ വാർദ്ധക്യദശയിലേയ്ക്കു

Digitized By Kerala Sahitya Akademi

ആയിക്കൊണ്ടു. തന്റെ അവസ്ഥകൾ മിന്നിച്ചു തീർത്ത ശപഥങ്ങളെ മുക്തമാക്കിയും, ഇടയ്ക്കിടെ നാമം ജപിച്ചും, ഭർത്താവിന്റെ പാദന്യാസം കാത്തിരിക്കുന്നതായ ചെറി കൊട്ടത്തും, മറ്റൊരു ആഗമനത്തെ കാംക്ഷിച്ചു് മുഖം തെരുവിലേക്കു നോക്കിയും, മീനാക്ഷിഅമ്മ ഉരിക്കുന്നതിനിടയിൽ, ഉരഗത്തിന്റെ നിശ്ശബ്ദഗതിയോടെ കടന്ന "സുഭഗവാഹം" കടിക്കുന്ന വാമനമൂർത്തി വ്യാജവിവാഹത്തിന്റെ പങ്ങൾപോലും പല യന്ത്രപ്പുരകളും സപരിസ്ഥിതിയിലനുള്ള അഹങ്കാരങ്ങളുടെ ഉച്ചമായ മുഖപ്രസാദങ്ങളും ആ രംഗഭൂമിയിലെത്തി. മീനാക്ഷിഅമ്മ ഗൃഹനായകൻ മടങ്ങിയെത്തിയപ്പോൾ നിന്നു പ്രശ്നംചെയ്യുന്ന നാട്യത്തിൽ അയാളുടെ മുഖത്തേക്കു തിരിഞ്ഞുനോക്കി.

പ്ലാമണ്ണിലെ ആക്രാന്തർ ഒരു രാജകീയ പടക്കളരിയിലെ വലിയതച്ചന്മാരായിരുന്നു. രാമയ്യൻ ഭട്ടപ്പായുടെ നാമം ധരിച്ച ഒരു കാലഘട്ടത്തിലാണു് ആ കുടുംബത്തിന്റെ സ്ഥാനങ്ങളും സമ്പത്തുക്കളും മറ്റൊരു കുടുംബത്തിനു സമ്മാനിക്കയാൽ, പ്ലാമണ്ണകർ തെക്കോട്ടു നീങ്ങി തങ്ങളുടെ ചാവുക്കാരായ നന്തിയത്തുകാരുടെ തണലോടുചേർന്നു പാർപ്പാക്കി. ജാതിശ്രേഷ്ഠതയെ പുരസ്കരിച്ചു്, പെണ്ണുങ്ങളോടു ചേർത്തു നൽകാനായി ഒരുത്തനെ ഊട്ടി, വീട്ടിൽ അഷ്ടിക്കും ഉടുപ്പുണിക്കും മുട്ടിയപ്പോൾ, ആനക്കൊമ്പിൽ വില്ലും കുന്തവും വാരിയിൽ ചൊരുകീട്ടു്, കാട്ടുകുഷിയും കച്ചവടവും തുടങ്ങി. നന്തിയത്തു യജമാനന്റെ മകൻ സംസ്കൃതം പഠിച്ചു രാജപാരമ്പര്യസേവകനായപ്പോൾ, പ്ലാമണ്ണിലെ കാരണവരായ തീലന്മാർ ആശാനു് സപകുടുംബത്തെ പൂവ്വഴിയിൽ ഉയർത്തുന്നതിനുള്ള മാർഗ്ഗം തെളിഞ്ഞുകാണപ്പെട്ടു. ഒരു സാംബ്രാസ്യിയെ ഗുരുവായി വരിപ്പാൻ വേ

Digitized By Kerala Sahitya Akademi

ണ്ട മുതലിപ്പോതിരുന്നതിനാൽ, കാട്ടതെളിപ്പുണ്ണം കടന്നി ലിരിപ്പാനും കൊള്ളാത്ത കൊടുന്തക്കിടാവു്; കേശവൻക ഞ്ഞു് ഉണ്ണിത്താന്റെ അടുത്തുചെന്നു് നാലക്ഷരം പഠി ക്കട്ടെ എന്നു വലിയാശാന്റെ കല്പനയുണ്ടായി. കൊടന്ത കൊച്ചാശാൻ നന്തിയത്തുമഠത്തിൽ ഏത്തി, ഗ്രുകുലവാ സം ഒരു സുമുഹൂർത്തത്തിൽ ആരംഭിച്ചു. എന്നാൽ കൊ ച്ചാശാന്റെ മേൽനിലയും മണ്ണായിരുന്നതിനാൽ, ഗ്രുവാ വിഷയങ്ങൾ ഒന്നുങ്ങോട്ടു പ്രവേശിപ്പാൻ ബ്രഹ്മസാഹസ ങ്ങൾ ചെയ്തു്, ചിരകാലം കൊണ്ടു ക്ഷീണിച്ചു. പാപ്പുകാ യ്യം എങ്ങനെയായാലും കൊച്ചാശാന്റെ ഊണും, ഉടുപ്പും, കൊടുപ്പും ഈയാട്ടിടെ ആശ്രയിച്ചു ചേർന്നുള്ള അന്തസ്സിൽ കഴിഞ്ഞു, കേശവനുണ്ണിത്താന്റെ ശിഷ്യൻ അഥവാ, താ ക്കോൽക്കാരൻ എന്നുള്ള സ്ഥാനത്തെ വഹിച്ചു, അയാൾ തിരുവനന്തപുരത്തെ യുവരസികസംഘത്തിൽ ഗണനീയ മായ ഒരു പ്രാധാന്യം സമ്പാദിച്ചു.

കൊച്ചാശാൻ അക്കാലത്തെ ഉദ്ദണ്ഡകായന്മാർക്കു ചെ പ്പിലാടുംകൊണ്ടു നടക്കാവുന്ന ഹ്രസ്വനും കൃശഗാത്രനും യുള്ള ഒരു കാമനക്കുഴമ്പൻ ആയിരുന്നു. എല്ലായ്പോഴും ഇ ഴിഞ്ഞുപോകുമാറു മുലമുറുകി വസ്ത്രം ധരിക്കുന്നതും, ചതു രശ്രാണാകൃതിയിലെ പുരികങ്ങൾ കൈരാൽ രേഖാമാ ത്രങ്ങളാക്കപ്പെട്ടിട്ടുള്ളതും, അതിവിശാലങ്ങളായ അധരങ്ങൾ കൊണ്ടു സർവ്വാപഹാസം നടിക്കുന്നതും എന്തൊണ്ടാ കരു വ ക പ്രമാണിതത്തിന്റെ ചിഹ്നങ്ങളായിരുന്ന ഇരുപത ഞ്ചാംവയസ്സായുള്ള ആ ചെറുപ്പത്തിൽതന്നെ, ആ രാ ന്റെ മുഖ്യവിശേഷമായുള്ള പീഠവിലാംഗ്രുലം പൊന്നുകൊട്ടിപ്പോയിരിക്കുന്നതു ഗ്രുരുനാഥന്റെ വായ്പ്പുണ്ണ ലോടംകൂടാതെ ഉപയോഗിക്കുന്നതുകൊണ്ടാണു് കിട്ടുന്ന

Digitized By Kerala Sahitya Akademi

പഴഞ്ചൊല്ലുകളും, വാക്കാന്നിന് അഭിപ്രായം രണ്ടുംചേ
ത്തു സംഭാഷണംചെയ്യുന്ന ആശാൻ സാമാന്യജനങ്ങളോ
ടുള്ള വ്യാപാരങ്ങളിൽ മേലനാട്ടപ്രാസംഗികനും, അധി
കാരസ്ഥന്മാരുടെ പെരുമുമ്പുകളിൽ ദാസദാസവിധേയനും
ആയി വഞ്ചിക്കേണ്ട സമയമെല്ലാം വിദ്യയെ വഴിപോലെ
അഭ്യസിച്ചിരുന്നു. സർവ്വത്ര പരമാത്മവാദിയും, സമാധാ
നപ്രിയനും, ഭഗവത്ചൈതന്യത്തിൽ വിശ്വാസിയും ആ
യി കൊടുന്തക്കൊച്ചാശാൻ സമുദായത്തിൽ വ്യാപരിച്ചുവ
ന്നതിനാൽ, സത്യവും സമാധാനവും, ഈശ്വരനും അ
യാളുടെ കാൽച്ചുവട്ടു സന്ധിക്കുന്നിടങ്ങളിൽനിന്ന് നാലാം
ചുവടിനപ്പുറം നിലകൊണ്ടുവന്നു.

യുദ്ധമെന്നു കേട്ടപ്പോൾ, പടവെട്ടാനോ, പുറമടുപ്പു
ക്കാനോ ഗത്യന്തരമില്ലെന്ന് അധികൃതന്മാർ പിടിച്ചുറപ്പിക്കയില്ലെന്ന് അ
ശാനു ധൈര്യമുണ്ടായിരുന്നു. എങ്കിലും, ശത്രുവിനു വിജ
യമുണ്ടായാൽ, കുടുമയും ഉണ്ടാക്കാൻ നിശ്ചയിച്ചിരിക്കുന്ന
കണ്ഡചങ്ങളും പൊയ്പോകുമെന്ന പേടികൊണ്ട് അയ്യാൾ
അസ്വസ്ഥചിത്തനായിരുന്നു. എന്നാൽ എട്ടുപത്തു ദിവസത്തിനു
മുമ്പ് അപ്രതീക്ഷിതമായി കിട്ടിയ ഒരു ബന്ധുസമ്പത്ത്
അയ്യാളുടെ കായികാഭരണങ്ങളെ സംബന്ധിച്ചിടത്തോള
മുള്ള ആശ്വർത്ഥങ്ങൾ നീക്കി, ആശാനെ പൂർവ്വാധികം വീ
രനാക്കി. താൻ രഹസ്യമായി ആകാംക്ഷിക്കുന്ന പരിഗ്ര
ഹസമ്പാദ്യംകൂടി കിട്ടാനുള്ള പടികളെ എല്ലായ്പോഴും മന
സ്സിന്റെ പുരോഭാഗത്തു കണ്ടു, കവിതാനിർമ്മാണത്തിലേ
യ്ക്കും അയ്യാൾ നാരാചമുനയെ ക്ലേശിപ്പിച്ചുതുടങ്ങിയിരിക്കു
ന്നു. ഈ അവസ്ഥകളാൽ തന്റെ ഗുരുപത്നിയോടു തുല്യ
ബന്ധുവിന്റെ നിലയിൽ കുന്നു ഗ്രഹണദോഷിപ്പാനും, ശാ
സിപ്പാനും പരീക്ഷിപ്പാനുംതന്നെ മുതിർന്നു. "എന്തോന്നു

Digitized By Kerala Sahitya Akademi

കുഞ്ഞമ്മേ? പല്ലുതേപ്പു വല്ലുത്തും കഴിക്കരുതോ? ഹൊന്നും പേടിക്കേണ്ട. ആ ബ്രാഹ്മണൻ ഇങ്ങോട്ടു നീങ്ങുന്നതുവരെ—" എന്നു തുടങ്ങീട്ട് ആശാൻ കണ്ണിറുക്കി അത്ഥസംഗടിക്കുന്നതെല്ലാവരെയും വിശദമാക്കി: മീനാക്ഷിഅമ്മ "വന്നില്ലല്ലോ ഇത്ര താമസിക്കുന്നതെന്തു്?" എന്നു ഭർത്താവിനോടു ചോദ്യംചെയ്തു.

ആ വിഷയവും, ആശാന്റെ പുറപ്പാടും തമ്മിൽ സംബന്ധമില്ലാതിരുന്നതിനാൽ, ഭാര്യാപതി സചകിതം അനുസരിച്ചു: അഭിപ്രായങ്ങളുടെ കഥനത്തെത്തുടർന്നു: "ഇന്നത്തെ ഏഴുനാളത്തു്" എന്തു പൊടിപൂരമായി! ശിവാന്ന്യമാന്റെ പാണ്ഡിത്യവൈശിഷ്ട്യം അതിലുപകേമം. അദ്ദേഹം എന്തായാലും ഭാഗ്യവാരാർനിധി തന്നെയല്ലയോ? 'മന്ദസ്യപാലെ മംഗല്യം' കുഞ്ഞമ്മേ! ഇവൻ ക്ലുക്കമാന്തി. എന്നിട്ടും, കണ്ടയുടനെ മേനാവു തിരുത്തിച്ചു" (ശൃംഗാരാത്ഥത്തിലുള്ള പുഞ്ചിരിയോടെ) "ഇവിടത്തെ സുഖക്കേടു് എന്തു സ്ഥിതിയിൽ നിൽക്കുന്നു എന്നു് എത്ര കൃപയോടെ ചോദിച്ചു! 'മന്ദോരത്യം രമ്യം' എന്നാല്ലേ വാക്യം?"

ഈ വിധമുള്ള സൂചന പുത്തരിയായി കേട്ടപ്പോൾ, മീനാക്ഷിഅമ്മയുടെ കുടുംബസിദ്ധമായുള്ള ഉഗ്രത രാജസവീര്യശീഘ്രതയോടെ ഉണർന്നു, അവരെക്കൊണ്ടു് അവരുടെ ക്ഷീണങ്ങളെ വിസ്മരിപ്പിച്ചു. എന്നാൽ, സഹധർമ്മമായുള്ള ശാന്തത അനുക്ഷണം സാമവാദംചെയ്തു. ഗൃഹിണീകൃത്യത്തെ സ്മരിപ്പിച്ചപ്പോൾ, ക്ഷമാപരയായി ആ മഹതി തൽക്കാലസംഭവത്തെക്കുറിച്ചു സൂക്ഷ്മാവലോകനം ചെയ്തു. കേവലം ചപലനെന്നും, വിടുഭാഷണക്കാരനെന്നും ഗണിച്ചൊഴിച്ചിരുന്ന ആ വിഷചാഫിയായുള്ള കുഞ്ഞമ്മയുടെ അഭിപ്രായശ്രേഷ്ഠത വഹിക്കുന്നു എന്നു് ഈ പരി

Digitized By Kerala Sahitya Akademi

ശോധനശ്രമത്തിന്റെ ഫലമായി ഗ്രഹിച്ചു്, അവർ നവ്യ
കുഴീതപക്ഷം വലംവെച്ചു്, സന്തോഷത്തെ അവസാനിപ്പി
ക്കാൻമാത്രം യത്നിച്ചു. ആത്മാനന്ദാശ്രമത്തിൽനി
ന്നു ശാപത്രുവൃത്തത്തിൽ ഉണ്ടായ പരിഷ്കാരത്തിനുമുമ്പുള്ള
വൃത്തിവൃത്യുപജീവിയുടെ ആരാധകനായിരുന്നു. എന്നു
മാത്രമല്ല, കലക്ഷയവും, ഭാഷാഭേദവൈപരീത്യവും, വാചക
തപ്പും, അജ്ഞതയും സംയോജിക്കയാൽ, രായാട്ടിന്റെ ബു
ദ്ധിക്കു പരമപാവനത എന്നുള്ള അഭിപ്രായം ഗ്രന്ഥകാരന്റെ
യും പ്രാകൃതകൗശലജ്ഞന്മാരുടെയും കൃത്രിമകല്പിതമായ
ഉള്ള മിഥ്യാപ്രമാണമാണെന്നു തോന്നിയിരുന്നു. രാത്രിയിൽ
ഉപസാവ്വൈരമതപം വഹിക്കുന്ന കേരവപിള്ള, സാഹി
ത്യപഠനത്താൽ മൂർദ്ധശിരസ്കനായിട്ടുള്ള തന്റെ ഗ്രന്ഥകാ
രൻ, ബുദ്ധസ്വാതന്ത്ര്യശീലരായുള്ള കരുതിക്കൊത്ത
മ—ഈ വർഗ്ഗത്രയത്തിന്റെ മൈത്രീസമ്മേളനത്തിൽ മ
ഹേന്ദ്രനെ തോല്പിച്ചുള്ള ഉർശീപുരുരവം സംഭാവ്യമാണെ
ന്നു് തർക്കശാസ്ത്രജ്ഞനായ ഗുരുനാഥന്റെ കാരേററിട്ടുള്ള
നമ്മുടെ ഗ്രന്ഥവൈരി തീച്ചയാക്കിയും പ്രസന്നം. ഉദ്യോ
ഗസ്ഥന്മാരുടെ വിക്രിയാരഹസ്യങ്ങൾ തസ്കരിക്ക
ന്ന ചതുരന്മാർക്കു തദ്വാരാ അമൂല്യമായുള്ള കരു മൂലധനം
കരസ്ഥമാകുമെന്നുള്ള പ്രമാണവും, ആ സരസപ്രതീത്യുക്ത
ന്റെ നാഗരികാധ്യയനത്തിൽ, രായാട്ടിന്റെ ബുദ്ധിയെ പ്ര
ശോഭിപ്പിച്ചിരുന്നു. ഈവിധമായ പദ്ധതികളിൽ അല്പ
സ്ഥനായ കൊച്ചുശാൻ സദ്ഗുരുനാഥന്റെ സന്നിധാന
ത്തിൽ പല ഗ്രഹവാർത്തകളും, പുരവാർത്തകളും, കിംവദന്തി
കളും കാഴ്ചവെച്ചു. എന്നാൽ, അവിടുന്നു കേവലം അനു
കമ്പിംബത്തിന്റെ പ്രത്യാദരം പ്രകടിപ്പിക്കാൻ മാത്ര
മേ പ്രസാദിച്ചുള്ളൂ. മീനാക്ഷിഅമ്മയുടെ മാനസസരസ്സിൽ

Digitized By Kerala Sahitya Akademi

ആ ചിദ്ധാത്മാവ് പാഞ്ഞുചെന്നാടെ വല വീശിട്ടും, വല്ല പങ്കശകലമെങ്കിലും കരസ്ഥമാക്കുക അയാൾക്കു ദുഷ്കരമായിരുന്നതേ ഉള്ളൂ. തൽക്കാലത്തെ പരാജയത്തിലും, നെടുവടിയുടെ സംഘട്ടനം ഏൽക്കുന്നോറും പല്ലിളിച്ചുകാട്ടി കരയ്ക്കുകമാത്രം ചെയ്യുന്നില്ലെന്ന ശാന്തതയും, ആശാൻ മണ്ടിക്കളയാതെ, അയാൾ സൂക്ഷ്മത്തിൽ കണ്ടതായും, കാരണമറിയാത്തതായുമുള്ള ഒരു പരമാർത്ഥത്തെ പൊട്ടിച്ചു. "കുന്നു വിട്ടുപോന്നി കുഞ്ഞമ്മേ എഴുന്നള്ളത്തും മാറും അങ്ങനെ കടന്നുപോകുമ്പോൾ, ഗ്രന്ഥാഥന്റെ മുഖം കരണ്ടു കരുവാളിച്ചിരുന്നു. ദിവാന്യൂമാൻ നമുക്ക് കുന്നു കടാക്ഷിക്കുപോലും ചെയ്തില്ല. ഏതോ, എങ്ങനെയോ, എന്തെങ്കിലുമാകട്ടെ. 'നായ്ക്ക് പരുത്തിക്കടയിൽ കായ്ക്കുമെന്തു?'

മീനാക്ഷി അമ്മയുടെ അന്തരാഗതി പൂർവ്വോപ്പിരിവോടെ ഉജ്ജ്വലിച്ചു, സവ്യസാചിയെ സംബോധനചെയ്തു, "ഭഗവാനെ" എന്നു കുന്നു ആക്രോശിച്ചുപോയി. തന്റെ ഗുരുപത്നിയുടെ മനസ്സിന്റെ സമതുലിതഭിന്നമാകുന്നു എന്നുകണ്ടു, "അങ്ങനെ വരട്ടെ. എല്ലാം ഇനി ക്രമത്തിനു പുറത്തുചാടും" എന്നു ആത്മഗതം ചെയ്തുകൊണ്ടു, ആ തക്കത്തിൽതന്നെ കരു അപേക്ഷചെയ്വാൻ ആശാൻ ധൈര്യപ്പെട്ടു:—"കുഞ്ഞമ്മ കനിഞ്ഞു കരു വാക്കു ചിലവാത്താൽ, കൊടുത്തയ്ക്കു കുഞ്ഞിതെളി എങ്കിലും ആഹരിച്ചു ജന്മമൊടുക്കാം. ഇപ്പോൾ ദിവാന്യൂമാൻതന്നെയാണു രാജ്യത്തിലെ തമ്പുരാൻ. വിചാരിച്ചാൽ എന്തു നടക്കുല്ല? കരു നീട്ടി തരുവിക്കാനും കുന്നു കണ്ണടച്ചു തുറന്നാൽ മതി. 'പാഴേ കളയുന്നതു പശുവിൻവയറിൽ പോകട്ടെ.' കായ്ങ്ങളം അപേക്ഷിക്കാൻ നിങ്ങൾക്കുതന്നെ കരാം വേണ്ടയോ?"

Digitized By Kerala Sahitya Akademi

മീനാക്ഷി:—"സാവിത്രീടെ അച്ഛൻറടുക്കൽ പോയ്യ തായിരുന്നപ്പോൾ അവിടെ വല്യ പ്രമാണിയാണത്രെല്ലാ. ആ തമുരാനെ ഇവിടെ കൊണ്ടുവാടിച്ചു"—"

കൊടുന്തയാശാൻ ഹസ്തങ്ങൾ ഉയർത്തി ഉള്ളംകൈകൾ ചേർത്തുപിടിച്ചു, മീനാക്ഷിഅമ്മയുടെ വാക്കുകളെ തടഞ്ഞു. "ഇതു് എന്തു കഥ എൻറെ കുഞ്ഞമ്മേ? സാവിത്രിയുടെ ഞാനിൻറെ കയ്യത്തിൽ നാടുകടത്തപ്പിനു് ഇവൻ സമ്മതിയ്ക്കുമോ? 'ആരാൻറെ അപരാധം വാരിയൻറെ പുരപ്പുറത്തു്" എന്നു് കുഞ്ഞമ്മയും തുടങ്ങരുതു് ഹീ ഹീ! ആ തമുരാൻ എന്തു ഗവിഷ്ടൻ! ഛതുമല്ലാണ്ടു്, കുട്ടിക്കപ്പിത്താൻ ഇപ്പോൾ എന്തു ക്രൂരനായിരിക്കുന്നു എന്നോ!"

മീനാ:—"എൻറെ കൊച്ചാശാനേ! ആക്കഥ വിട്ടേക്കു. അന്നത്തങ്ങൾ ഉണ്ടാക്കാൻ—"

കൊട:—"അന്നത്തങ്ങൾ ഉണ്ടാക്കാതെയോ? ഇവൻ അതിനൊന്നിനും ആളല്ല. ത്രിവിക്രമകുമാരപിള്ളയുടെ തിമിപ്പുകണ്ടു് അല്ലായുസ്സിൻറെ ലക്ഷണമോ എന്നു പലരും ശങ്കിച്ചുപോയി."

മീനാക്ഷിഅമ്മ "ഗോവിന്ദ!" എന്നു് ഉച്ചരിച്ചുകൊണ്ടു ചെവിപൊത്തി. തൻറെ ആഗ്രഹസിദ്ധിക്കുള്ള പ്രതിബന്ധക്കാർ രണ്ടുപേരെയും കുറിച്ചു് മർമ്മസ്പൃക്കുകളായ ന്യൂനതകളുടെ കഥാനം ഔദാര്യാളശൈഥില്യത്തോടെ സംധിച്ചിരിക്കുന്നു എന്നുള്ള സാത്മാഭിനന്ദനത്തോടും, "ദുഷ്ടനിഗ്രഹങ്ങൾ കിടക്കട്ടെ; മക്കടമുഷ്ടി ജയിക്കട്ടെ" എന്നുള്ള വിജയപ്രദമായ മുഷ്ടരശാഠ്യത്തോടും, പ്രഥമത്തിലെ പ്രാർത്ഥനയെത്തന്നെ ആവർത്തിപ്പാൻ ആശാൻ കരുതപ്പെട്ടു.

പാടരണങ്ങളുടെ മധുരകപണിതങ്ങളോടെ ബാ

Digitized By Kerala Sahitya Akademi

ല്ല്യാണ്ണപ്പിള്ളയുടെ തരം കപ്പയാഹരമെന്നപോലെ കനക രതാകമണിയുടെ പ്രഭാപൂരത്തെ മിന്നുന്ന കണ്ണുകൾ ന്യായാസ്ഥകി തളത്തിൽ പ്രവേശിച്ചു, സ്നേഹപ്രസരത്തിന്റെ ഗദ്ഗദകരതയാൽ പുളകിതമായ മീനാക്ഷിഅമ്മയുടെ വക്ഷസ്സിൽ ലയിച്ചു. കൊടുത്ത ആശാൻ പൂർണ്ണമെ അഖണ്ഡ്യമായ ബ്രഹ്മചാരിതപം നടിച്ചു എങ്കിലും. പീഠികയിട്ട പ്രസംഗത്തെ നിറുത്തിട്ട്, അകംകൊണ്ട് ആ രംഗം വിടാനുള്ള ഉപായം ആലോചിച്ചു. സുഖശരീരത്തിന്റെയും നവയൌവനത്തിന്റെയും തിളപ്പുകൊണ്ടുള്ള നിർഭാരധാടിയോടെ, ആ കന്യക സകലപ്രഭാവത്തിനും ചേർന്നുള്ള ഹാസപ്രസരത്തിൽ ആശാന്റെ നിഷ്ക്രമനത്തെ തടഞ്ഞു. "ഒറ കൊച്ചാശാൻ! കൊടിക്കളയരുത്, എന്റെ ഗർവ്വമല്ലേ? പിടിച്ചാട്ടമിടിച്ചാട്ടം പറന്നു നടക്കുന്നതിന് വല്ല തടവോ, പൊടിയരിഞ്ഞോ എങ്കിലും കൂടിവേണ്ടതാണോ?"

മീനാക്ഷിഅമ്മ ആ കന്യകയുടെ മുഖത്തു് അനുകമ്പയോടെ നോക്കി. കൊടുത്ത ആശാൻ മുഴുത്ത ഉത്തരം ആവാൻ തയ്യാറല്ലാതെ "പഴകുമ്പോൾ പാലും പുളിക്കും" എന്നൊരു ബ്രാഹ്മണത്തെ തന്റെ വായ്ക്കകത്തുള്ള പെടുഞാണിൽ തൊടുത്തു പ്രയോഗിച്ചു.

കന്യ:— 'ശീ ആശാനേ! എന്നാൽ ആശാന്റെ പഴഞ്ചൊല്ലുകളിൽത്തന്നെ 'ചിലരുടെ വാക്കും പഴഞ്ചോക്കും' എന്നൊന്നുകൂടിയുണ്ട്. ആ വൻപുലിത്തമുരാന്റെ ദിവാൻജിസ്ഥാനം ആശാനു കിട്ടിയാൽ—"

മീനാ—ഞില്ലു് സാവിത്രി! നീ എല്ലാരോടും ഇങ്ങനെ തർക്കുത്തരം നടക്കുന്നതു് ഇനിയെങ്കിലും നിറുത്തണം. ആ തിരുമനസ്സിലെ പേരു മാറി അവിടുത്തെ അപമാനിക്കയും ചെയ്യരുതു്."

Digitized By Kerala Sahitya Akademi

കൊട__ഇതിനെന്താ കുഞ്ഞമ്മേ? സ്നേഹപൂർണ്ണമായ പരുഷം എന്നാണല്ലോ ചൊല്ലു്. വിക്രമൻപിള്ളയുടെ കുടുംബം ഇങ്ങനെതന്നെ ആയിരുന്നല്ലോ. കുഞ്ഞമ്മ! ഇപ്പോഴേ വരും. എഴുന്നള്ളത്തിൽ ഞാൻ കണ്ടു. എന്നെ നോക്കി 'ഇതാ വന്നേച്ചു' എന്നു തലകുലുക്കീട്ടു പോയിരിക്കയാണു് മുതുകിൽ തന്ന ഒരു ബീഡു് ഇവളെ വത്സനാക്കി."

കന്യക__(പരിഭവസ്വരത്തിൽ) "ആരെങ്കിലും വരട്ടെ, പോകട്ടെ; അതാനെന്തു്?"

കൊട__"ഇഷ്ടമില്ലാത്ത അച്ചി തൊട്ടതെല്ലാം കുറ്റം എന്നാണു് എല്ലാംകൂടി ഇവിടെ കൊണ്ടുവരുന്നതു്. ഇവളെന്റെ കുഞ്ഞിനു് ആരെ പഴിക്കേണ്ടു?"

കന്യക__"മുഷിയരുതു് ആശാനെ ആശാന്റെ കുഞ്ഞിനെ സന്തോഷിപ്പിക്കുന്നു, ഞങ്ങൾക്കു് മാഗ്ര്യവും വരുത്തിയേയ്ക്കാം."

കൊട__"എന്റെ കുഞ്ഞമ്മേ! ഞാൻ ഇവിടെ ധരിപ്പിച്ച അഭിപ്രായം ഒന്നു് അടിമുടി പറഞ്ഞുകേൾപ്പിക്കണേ! കുഞ്ഞിന്റെ സേവയ്ക്കു പറഞ്ഞതല്ലല്ലോ. ആ തമ്പുരാൻ നമുക്കു കൊള്ളില്ലെന്നു് ഞാൻ ഖണ്ഡിച്ചു്__"

മീനാ__(ആജ്ഞാസ്വരത്തിൽ) "ഇവളെക്കൂടി ഗ്രന്ഥം ചൊല്ലിക്കരുതു്."

കന്യകയുടെ അതിപ്രസന്നമായിരുന്ന മുഖം നീരസത്താൽ വാടി, മാതുഭ്രൂജത്തിൽ നമിച്ചു "തമ്മിൽ കടിച്ചുകീറിച്ചാകുന്നവരെ തുലയട്ടെ. പിന്നൊരു കൈ നോക്കിക്കൊള്ളാം" എന്നു കരുതിക്കൊണ്ടു്, കന്യകയും മാതാവും തമ്മിലുണ്ടാകാവുന്ന ശണ്ഠയെ മുടക്കാൻ നിൽക്കാതെ, ആശാൻ ആ തളത്തിൽനിന്നു യാത്രയായി.

Digitized By Kerala Sahitya Akademi

ഈ കന്യക മീനാക്ഷിഅമ്മയുടെ പ്രണയപാരിജാതത്തിൽനിന്നു് ഉല്പന്നമായുള്ള ഒരു സൗഭാഗ്യസ്തോരകമാണെന്നും രണ്ടുപക്ഷത്തെയും വർണ്ണത്തിന്റെ കനകപരാഗത്തെന്നെ തെളിയിക്കുന്നു. കുലീനഗാംഭീര്യവും, പരസ്പരാവലംബത്തെ പ്രത്യേകിച്ചു ലക്ഷീകരിക്കുന്നതായ വാത്സല്യപോഷകളും, വായ്പക്കാരുടെ ഈ കാരസബന്ധത്തെ പ്രത്യക്ഷമാക്കിയിരിക്കാം: ഇവിടെ ആ വീരജനനിയുടെ അഞ്ചു പ്രസവങ്ങളിൽ.ഭൂതപഞ്ചകങ്ങളുടെ ക്ഷണഭംഗുരതയെപ്പോലെ അകാലമായി ദൃഷ്ടാന്തപ്പെടുത്താതെ, രക്ഷിക്കുന്ന ഏകസന്താനവല്ലിയാണു്. ആത്മപുത്രിയായ ഈ കന്യകയ്ക്കു് അന്നു ജീവിച്ചിരുന്ന ഒരുമ്പു കാരണവരായ അനന്തപദ്മനാഭൻ പടത്തലവൻ അവളുടെ മാതാമഹിയുടെ സ്മരണയ്ക്കായി "സാവിത്രി" എന്നു നാമകരണം ചെയ്തു. ആ പിതൃതേജസ്സുകാരൻ ശിശുവിന്റെ രൂപസാമ്യം കണ്ടു്; പൂർവരഹസ്യങ്ങൾ ഗ്രഹിച്ചിരുന്ന തന്റെ ശിഷ്യനായ കേശവപിള്ളയുമായി! ആ വിഷത്തെ സംബന്ധിച്ചു് ഒരു ഗൂഢസംഭാഷം ചെയ്തു, തന്റെ വിവാഹാനന്തരമുള്ള അവളുടെ ജീവിതത്തിന്റെ ഭരണഭാരം അങ്ങോട്ടു കയ്യേല്പിച്ചു. എന്നു മാത്രമല്ല, ശിശുസമിതിയോടുള്ള വിഹാരസമ്മേളനത്തിൽ അതിപ്രസക്തനായിത്തീർന്നിരുന്ന ആ വിക്രമസിംഹൻ ബാലികയെ സപദിക്ഷാസംരക്ഷണകളിൽ വളത്തി. അനന്തരസന്താനങ്ങളുടെ അകാലമൃതി അച്ഛനമ്മമാരുടെ ഹൃദയങ്ങളെ നിരാശാവേശങ്ങളാക്കി. ശിശുവിന്റെ മുഖം ഹൃദയത്തെ കിടുക്കുന്ന ഒരു ദുസ്വപ്നസംഭവത്തെ സ്മരിപ്പിക്കുന്നതാണെങ്കിലും, അതിനു ജന്മദോഷത്തോടു വിശദസാദൃശ്യമില്ലെന്നുള്ള ആശങ്കയും, തന്നിമിത്തം തന്റെ പരിഗ്രഹത്തെക്കുറിച്ചു ദുസ്സഹമായുള്ള ഒരു

Digitized By Kerala Sahitya Akademi

അവളുടെയും അച്ഛന്റെ മനഃസ്ഥൈര്യത്തെ ഭിന്നമാക്കി. ആ രഹസ്യത്തെ ഹൃദിഗഹനത്തിൽ ഗോപനം ചെയ്തുകൊണ്ട് അദ്ദേഹം ദാമ്പത്യസുഖത്യാഗിയുടെ വൈരാഗ്യത്തെ അവലംബിച്ച്, ഭർത്താവിന്റെ അതിയായ പ്രണയശ്രുഷ്ടതയാൽ ഐഹികമോക്ഷം നഷ്ടമായിത്തീർന്ന ദാമ്പത്യത്തെ ഗംഭീരമായിത്തന്നെ പടുപ്പിക്കയും ചെയ്തു. കന്യകതന്റെ അവതാരത്താൽ ജന്മാന്തരക്കണക്കുകളുടെ പരിചാവന്തമായുള്ള ദാമ്പത്യബന്ധം ഖണ്ഡിക്കപ്പെട്ട രഹസ്യം ഗ്രഹിക്കാതെ, പടത്തലവന്റെ ഔഹിത്രന്മാരോടു ചോദ്യം അടുക്കുകയും ചാവിട്ടാനും, പടവെട്ടാനും, ഹിന്ദുസ്ഥാവി* സംസാരിപ്പാനും അഭ്യസിച്ചു. ചെമ്പകശ്ശേരിയിലെ കുട്ടിച്ചേട്ടന്മാരായ സഹവികാരികളെ പ്രഹരിച്ചും, പടത്തലവനോടു സങ്കടങ്ങൾ ബോധിപ്പിച്ച് അദ്ദേഹത്തിനാൽക്കൊണ്ടു പ്രഹരിപ്പിച്ചും, ആരേയും കൂസാതേയും പേടിക്കാത്ത ധൈര്യശാലിയായി അവൾ വളർന്നു. അപ്രസന്നമുഖനായിരുന്നിരുന്ന അച്ഛനോടു മിരസതയും, തന്നെ എടുത്തു പൊന്താടിവച്ച കേശവപിള്ളയോടു ശൈശവമധുരിമയും അവൾ പ്രകാശിപ്പിച്ചുവന്നു. ഈ ദാക്ഷിണ്യപ്രകടനം അച്ഛന്റെ മനസ്സിൽ സപത്നീസ്നേഹിതന്റെ നേർക്കുദിച്ചിരുന്ന മിത്രദ്വേഷാങ്കുരത്തെ സ്ഥിരീകരിച്ചു, ആ പണ്ഡിതന്റെ ജീവിതം ശ്രുചാഗ്രവാ

---

* ദിവാൻ സർ. ടി. മാധവരായരുടെ കാലംവരെ ഹിന്ദുസ്ഥാനി പഠിപ്പ് തിരുവിതാംകൂർ ഉദ്യോഗസ്ഥന്മാരുടെ ഇടയിൽ ഒരു അവശ്യാഭ്യാസമായി സ്വീകരിക്കപ്പെട്ടുവന്നു. ക്ഷത്രിയരായ കൊട്ടാരംപട്ടക്കാർ, പാർണിശമ്പളക്കാർ, ഗോസായികൾ എന്നിവരോടു് ആ ഭാഷയിൽ സംസാരിക്കുന്നവർ സമർത്ഥന്മാരെന്നു ഗണിക്കപ്പെട്ടുവന്നു. കാശിയാത്രക്കും മറ്റും ഒരു ഹിന്ദുസ്ഥാനിക്കാരന്റെ സഹയാത്ര അപേക്ഷിതമായിരുന്നു.

Digitized By Kerala Sahitya Akademi

സംപോലെ ആക്കി പടത്തലവൻ തന്റെ സാഹകാരവേളകളിൽ പ്രവർത്തിച്ച പാട്ടുകളും, പഴങ്കഥകളും, വീരജീവിതപ്രബന്ധങ്ങളും വഹിച്ച പാറങ്ങാം അവർക്ക ജീവിതപ്രമാണങ്ങളായുകയാൽ, അവ സപ്രസ്ഥിതിബന്ധങ്ങളും മറും ആരായുവാൻ ക്രമേണ അവളെ ശക്തയാക്കി രണ്ടു കൊല്ലത്തിനു മുമ്പുണ്ടായ പടത്തലവന്റെ ചരമഗതി മുതൽ സാവിത്രി നന്തിയത്തുമഠത്തിലെ പടിഞ്ഞാറെക്കെട്ടിലുള്ള രണ്ടു മുറികളും സ്വന്തമാക്കി, തന്റെ പ്രത്യേകട്ടിത്യരോടൊന്നിച്ച് ആ ഭവനത്തിൽ പാർപ്പുതുടങ്ങി.

അച്ഛനമ്മമാരുടെ കലപ്രഭാവവും, ശരീരകോമളതയും പരിഷ്കൃതഭാസ്സോടെ സാവിത്രിയെ അനുഗ്രഹിക്കുന്നു. മുഖശില്പത്തിന്റെ മാതൃക പ്രകൃതിസഹജമായുള്ളൊരു ആവത്തനത്തെ ദൃഷ്ടാന്തീകരിക്കുന്നു എങ്കിലും, അതിന്റെ ചേഷ്ടകളിൽ ബഹുശതവർഷങ്ങളിലെ അഭംഗുരപരമ്പരാതപംകൊണ്ട് പ്രബുദ്ധോൽകർഷത്തെ പ്രാപിച്ച ആത്മശക്തി രൌദ്രവീര്യത്തോടെ നടനംചെയ്യുന്നു. വ്യായാമപരിശീലനംകൊണ്ടു സമഗ്രസ്ഥിതിയിൽ ദൃഢഗാത്രമാകുന്ന ആ ദേഹത്തിന്റെ ഓരോ അംഗവും, അതിനു ചേർന്നുള്ള പ്രസ്ഫുടപുഷ്ടിയേയും, സമൃദ്ധകൃഷ്ടസൗഷ്ഠവത്തേയും വഹിക്കുന്നു. മകുടഭ്രഷ്ണമായി സ്കന്ധങ്ങളേയും കവിഞ്ഞു കടിലവലയങ്ങളായി പിൻഭാഗം മറച്ചുകിടക്കുന്ന കബരീഭാരം സാമാന്യപ്രകൃതിയിൽനിന്നു് അല്പം കുറഞ്ഞതായുള്ള ആ കനകശില്പത്തെ വലയംചെയ്യുന്ന ഒരു കേവണമെന്നപോലെ കാണപ്പെടുന്നു. താരുണ്യശോഭയെ പ്രാപിച്ചിട്ടുള്ള ഈ പതിനാറാം വയസ്സിലും, ആ ശരീരവൽഗ്രഹത്തോടു നിയന്ത്രണത്തിനു വശ്യമല്ലാതുള്ള ഒരു വൽഗിതക്കൂടി സങ്കലനംചെയ്തു, ശൈശവംതന്നെ മുന്നിട്ടുനില്ക്കുന്നു. അബലാ

Digitized By Kerala Sahitya Akademi

സാരള്യത്തിന്റെ സ്പന്ദനം ആ ഹൃദയവേദിയിൽ ആരംഭിക്കാതെ, അനുസ്യൂതമന്ദസ്മേരക്കാരിയായി ആ കന്യക വർത്തിക്കുന്നെങ്കിലും, അന്തർല്ലീനമായുള്ള ജ്വാലാമുഖീതത്വം തന്റെ വിഹാരങ്ങളിലെ സൂത്രധാരനായുള്ള കരുണാമുകസ്വഭാവാനുകാശി മാത്രം ഗ്രഹിച്ചിട്ടുണ്ട്

മാതൃസ്കന്ധത്തിൽ ലലാടപ്രണാമംചെയ്ത കന്യക കൊച്ചുതമ്പുരാന്റെ നിഗ്രഹനഞ്ചിൽ വീണ്ടും ഉന്മേഷപ്രഭാവതിയായി, ആ ചപലന്റെ മുമ്പിൽവച്ച് താൻ ആ ബാലഗ്രന്ഥവിന്റെ ഉപദേശസംസ്കരണത്തിനു നന്ദ്യയാകുമെന്നു മാതാവു സൂചിപ്പിച്ചതിനെക്കുറിച്ചു പരിദേവിച്ചു. മാതൃഹൃദയം ആ സാമാന്യവിഷയത്തിലൊന്നും നില്ക്കാതെ ഗൂഢചരിത്രമാകുന്ന മഹാവിപത്തിന്റെ സന്നിഹിതിയെ ചിന്തിച്ച് പ്രവൃദ്ധമായ ആധിയോടെ, സ്തബ്ധജീവമായി സ്ഥിതിചെയ്തുപോയി. ലോകക്ലേശങ്ങളുടെ കദർത്ഥനമെങ്കിലും പീഡിപ്പിച്ചിട്ടില്ലാത്ത കന്യക മാതാവോട് സഹതപിക്കാതെ, അവരെ ഉന്മേഷിപ്പിക്കുന്നതിനായി, "അമ്മേ! ഇവിടെ ഈയിടയ്ക്ക് വന്നോണ്ടിരുന്ന പണ്ടാരത്തെ അഞ്ചാറു ദിവസമായി കാണായില്ലല്ലോ. അതെന്തുകൊണ്ട്?" എന്ന് ഒരു ചോദ്യംചെയ്തു.

മീനാക്ഷി:—(ക്ലേശത്തെ സാവധാനത്തിൽ മുക്തമാക്കിയിട്ട്) "ഏതു പണ്ടാരം? അവരുടെ അടുത്തൊക്കെ നിനക്കു കായ്യമെന്ത്? അച്ഛനിതൊന്നും രസിക്കുല്ല. പറഞ്ഞേക്കാം."

സാവിത്രി:—"ആ പടുകിഴവന്റെ അടുത്തു ചെല്ലുന്നതും അച്ഛനു രസിക്കുല്ലെന്നോ? ശ്രീപരമേശ്വരനായിരിക്കാം."

മീനാ:—"അതേ. നിനക്കു വരംതരാൻ ആട്ടെ—

Digitized By Kerala Sahitya Akademi

നീ ഇന്നു് ഈ വേഷംകെട്ടിയിരിക്കുന്നതെന്തിനാ? ത്രിവിക്രമനെ സന്തോഷിപ്പിയ്ക്കയല്ലയോ.”

സാവി:—“അതുമായിരിക്കാം. അമ്മാവനെ കുന്നംചന്ന കാണണമെന്നുവച്ചു് മോടിപിടിപ്പിച്ചതാണു്.”

മീനാ:—“അമ്മാവനോ? ഏതമ്മാവൻ? ശിവാൻജി അമ്മാവനാണെങ്കിൽ, അച്ഛന്റെ അനുവാദം കൂടാതെ അങ്ങോട്ടു പൊയ്ക്കൂടാ എന്നു ഞാൻ പറയുന്നു.”

സാവി:—(അമ്മയെ ചുംബനംചെയ്തുകൊണ്ടു്) “ചതിനു് അമ്മയുടെ അടുത്തുവരാത്ത അച്ഛൻ എന്തച്ഛൻ?”

മീനാ:—(കണ്ണിൽ ജലം പൊടിക്കി ഗൽഗദത്തോടെ) “പോകലിക്കുഞ്ഞേ നീ എന്തറിഞ്ഞു? തിന്നെപ്പോലെ രാലു പൊന്നുംകുടങ്ങൾ പൊയ്പ്പോയപ്പോഴാ അച്ഛൻ ത്രുക്കരഞ്ഞു എനു് എനിക്കറിയാം. ആ ആധി എനിക്കു വ്യാധിയായി. അച്ഛനും വ്യസനംകൊണ്ടു വിരക്തി തോന്നിയിരിക്കാം.”

സാവി:—“എന്റെ ജാതകദോഷംകൊണ്ടു് അവരുത്തിമാർ വാഴാത്തതാണെന്നു തോന്നിട്ടായിരിക്കാം, അച്ഛൻ എന്നെ മകളായി കണക്കാക്കാത്തതു്.”

മീനാ:—“മകളായി വിചാരിക്കാഞ്ഞിട്ടാണോ രാമവമ്മത്തു വക കണക്കും പെട്ടികളും നിന്നെ ഏല്പിച്ചിരിക്കുന്നതു്?”

സാവി:—“ന്യായം ചെയ്യുന്നതു് സ്നേഹമാകുമോ? അമ്മയെ സ്നേഹിക്കുന്നെങ്കിൽ, എഴീച്ചു് ഉത്സാഹമായി കായ്ങ്ങാം ഭരിക്കണം, കുളിയ്ക്കണം, ഉണ്ണണം: പെട്ടിയും കണക്കും അങ്ങോട്ടേറ്റുകൊള്ളണം.”

മീനാ:—വരട്ടെ. തമ്പുരാൻ തിന്നെ കൊണ്ടുപോകുമ്പോൾ പെട്ടിയും കണക്കും ഞാനേറ്റുകൊള്ളാം.

Digitized By Kerala Sahitya Akademi

"തമ്പുരാനോടു പോകുന്നതു ഞാനല്ല." എന്നു മാറ്റു ഹൃദയത്തിന്റെ ആലസ്യത്തെ ചിന്തിക്കാതെ, കന്യക സനിശ്ചയത്തെ ഉജ്ജിതസ്വരത്തിൽ ഉദ്ഘോഷിച്ചു. സഭർത്താവിന്റെ അപ്രീതിയെ വർദ്ധിപ്പിക്കുമാറുള്ള ഈ നിശ്ചയത്തിൽ അന്തർവിചിരുന്ന അനാദരത്തിനു ശിക്ഷയായി മീനാക്ഷിഅമ്മ കരു ആജ്ഞകൊടുത്തു. "നോക്കു്, നീ ഇന്നു പണ്ടത്തെ കുഞ്ഞല്ല. പോപ്പകശ്ശേരിയിലെ കുട്ടൻ വന്നാൽ, സത്കരിപ്പാനും, സംസാരിപ്പാനും കേറി നില്ക്കരുതു്."

സാവി:—"തമ്പുരാൻ എഴുന്നള്ളിയാലോ?"

മീനാ: "മിണ്ടരുതു് മിണ്ടരുതു്. അദ്ദേഹത്തെ കിട്ടുന്നതു വലിയ ശ്രേയസ്സാണു്."

സാവി:—"എന്നു് എന്റെ മുഖത്തു നേരേ നോക്കി പറയണമമ്മേ."

സ്നേഹപൂർണ്ണയും നിഷ്കപടമനസ്വിനിയുമായുള്ള പുത്രിയോടു പടുവഞ്ചനം പ്രയോഗിപ്പാൻ പുത്രിയൊഴികെ അനന്യാവലംബമായിരിക്കുന്ന മാതൃഹൃദയം സന്നദ്ധമല്ലാതിരുന്നതിനാൽ, ഒന്തശോധനാടി ഭിന്നാരംഭകൃത്യങ്ങൾക്കു് എന്ന നാട്യത്തോടും, ഗ്രഹച്ഛിദ്രപുരാപത്തുകളുടെ പ്രതിഷ്ഠാപനം ആ സംഭാഷണത്തിൽ കഴിഞ്ഞിരിക്കുന്നു എന്നുള്ള വേദനയോടും മീനാക്ഷിഅമ്മ എഴുനേറ്റു മന്ദഗതിയിൽ നടന്നുകളഞ്ഞു. അമ്മയെ തോല്പിച്ചതിനെക്കുറിച്ചു പശ്ചാത്താപപ്പെട്ടുകൊണ്ടും, എന്നാൽ സംഗതികഥം തൽക്കാലം ആ സ്ഥിതിയിൽ നിൽക്കട്ടെ എന്നു വിചാരിച്ചും സാവിത്രി അവളുടെ മുറികളോടു ചേർന്നുള്ള വരാന്തയിലേയ്ക്കു തിരിച്ചു.

Digitized By Kerala Sahitya Akademi

അദ്ധ്യായം ൧൨.

"വരുന്ന സന്താപമിനിയും മേൽക്കുമേൽ
വരുമത്രെയതും സഹിച്ചിരിക്ക നീ"

മാതാവിൽനിന്നു പുറപ്പെട്ട ആജ്ഞ തന്നാ അനുശ്രുതം നിങ്ങുകയും, സപീകായ്യനായ കരുവരന്നാ അത്ഥയുണ്ടാവുകയും ചെയ്യുന്നതിനു മുമ്പിൽതന്നെ വിവാഹം നിമിത്തമുള്ള പ്രാരബ്ധത്തോടു ശൃംഖലപ്പെടുത്താൻ പണിപ്പെടുന്ന അച്ഛന്നാ അത്യനിഷ്ടത്തെ പ്രതിധ്വനിപ്പിക്കുന്നു എന്നു്, സച്ചന്ദവൃത്തിക്കു പരിശീലിപ്പിക്കപ്പെട്ട സാവിത്രിയുടെ ബുദ്ധി നിരീക്ഷിച്ചു. തന്നെറ ഇച്ഛയ്ക്കു വിരുദ്ധമായുള്ള ഗ്രഹിണീത്വത്തിൽനിന്നു് കഴിവുണ്ടാകുവാൻ അമ്മയോടു ചോദിച്ചു് ചില വൃത്താന്തശകലങ്ങൾ സംഭരിച്ചു, തന്നെറ സവ്വാപദ്ബന്ധുവായുള്ള മന്ത്രീന്ദ്രന്നു യുദ്ധരങ്ഗത്തിലേയ്ക്കു പുറപ്പെട്ടുംമുമ്പു് അദ്ദേഹത്തിന്നാ സമക്ഷം അവയെ സമർപ്പിച്ചു് അഭീഷ്ടസിദ്ധി വന്നുഭവിക്കുമെന്നുള്ള നിശ്ചയത്തോടെ അവൾ മാതൃസന്നിധിയിൽനിന്നു പുറപ്പെട്ടതായിരുന്നു. ഗൃഹകായ്യങ്ങളേയും, തന്നെറ രോഗകാരണങ്ങളേയും കുറിച്ചു പുത്രിയിൽനിന്നു ചോദ്യങ്ങൾ ഉണ്ടാകുമെന്നു് മീനാക്ഷിഅമ്മ ക്ഷണംപ്രതി പേടിച്ചുമിരുന്നു. അസുഖകരങ്ങളായുള്ള അവസ്ഥകളെ കഴിയുന്നത്ര മാറിച്ചയ്യുന്നും, മൈത്രീസ്ഥിതിയിൽ കഴിയുന്ന ബന്ധുക്കൾ പരസ്പരമുള്ള രഹസ്യങ്ങളെ ഗ്രഹിക്കുന്നതിനോ, വീഴ്ചകളെ ഭാസിക്കുന്നതിനോ ഉദ്യമിച്ചു ഭംഗപ്പെടുത്തുന്നും, ഉള്ള ഐകമത്യം ലോകസാമാന്യത്തിൽ നാം കണ്ടുവരുന്നതു് ആ ജാന്ധീപുത്രിമാരേയും ബാധിച്ചിരുന്നു.

Digitized By Kerala Sahitya Akademi

എന്നാൽ അനിഷ്ടസ്ഥിതിയിൽ എത്തുകയാൽ, സാവിത്രി മാതാവിനെ അസഹ്യപ്പെടുത്തുന്നതിനുതന്നെ ഉറച്ചു പുറപ്പെട്ടപ്പോൾ, തന്റെ സംതോഷണത്തെ അവസാനവിധിപോലുള്ള ഉത്തരവിടുകൊണ്ടു പൊട്ടന്നവൾ പ്രതിരോധിക്കയാൽ, കന്യക അന്യഭൂഖത്തോടുള്ള അനുകമ്പയ്ക്കു നമ്യമാകാത്തതായ താരുണ്യാശുതയോടെ സപാധികാരസങ്കേതത്തിലേയ്ക്കു മടങ്ങി. സപാന്തത്തിൽ അച്ഛന്റെ നേർക്കുണ്ടായ അനാദരപ്രവാഹത്തെ ഔസരചിന്താമാർഗ്ഗേണ സമനിലയിൽ ആക്കുന്നതിനായി, രോഗിണിയായ മാതാവിനെ അനുഗമിക്കാതെ നടന്നുകളഞ്ഞതായിരുന്നു.

ഔസരചിന്തയ്ക്കു സഹകാരിയായുള്ള വിജനതക്ഷണത്തിൽ വിഘാതപ്പെട്ടു. ചീകി മേലോട്ടുപിടിച്ചു മുകളിൽക്കെട്ടീട്ടുള്ള കുന്തളകുന്തളത്തെ സപസപാമിനി ഉപയോഗിച്ചു വാടിയ മല്ലികാമാല്യംകൊണ്ടു് അലങ്കരിച്ചു്, "എന്നിലഴകിയ പെണ്ണേടോ?" എന്നു ചോദ്യംചെയ്യുന്ന ലജ്ജാലുതയാൽ സന്നതാംഗിയായി, കരഭോരു സപത്നിപാനം കിതച്ചു സാവിത്രിയുടെ മുമ്പിൽ എത്തി. ഉണ്ടത്തലയിലെ വട്ടക്കണ്ണിനെയെ ശൃംഗാരാർത്ഥത്തിൽ ചലിപ്പിച്ചും, അനംഗസന്ദേശത്തെ വഹിക്കുന്ന തരളതയാൽ മഞ്ഞപ്പല്ലുകളും തീമത്ത താടിയും ഏകഹസ്തത്താൽ ആച്ഛാദിച്ചും ആ നീരദാംഗി മുടുവായുള്ള ഝംകാരസപരങ്ങളിൽ സപാമിനിക്കു ഹിതമായുള്ള വാത്തയെ ഉരണ്ടു. ഈ കുഞ്ഞിപ്പെണ്ണ് എന്നു പേരായ കൃഷ്ണസാവിത്രിയുടെ കോപപരീക്ഷകളിലെ സപ്തസാലമായിരുന്നു. എന്നാൽ, അവളുടെ വെണ്മാടവക്ഷസ്സിലും, പുഷ്പലമായ വക്ത്രമുകുലം ഏല്ക്കുന്ന ഹസ്തനിപാതങ്ങളും, നഖക്ഷതങ്ങളും നോവിക്കുന്നു സപാമിനിയുടെ അനവസ്രുങ്കളെത്തന്നെയെ

Digitized By Kerala Sahitya Akademi

ന്നു് അപരിഷ്കൃതമായുള്ള കാലത്തെ കേന്ദ്രീകരണത്തെ ശിഷ്ടപ്രത്തുകൾ, ആ സരസ സമാധാനപ്പെട്ടുവന്നു. ഇവളുടെ ശൃംഗാരലാസ്യങ്ങളും കണ്ടപ്പോൾ, ആ ഭംനവാസരത്തിലെ ഗോഷ്ടികൾക്കു ഭത്തമാകുണ്ട സമ്മാനം എന്തെന്നു സാവിത്രി ചിന്തിച്ചു. കുഞ്ഞിപ്പെണ്ണു താൻ വഹിക്കുന്ന വൃത്താന്തത്തെ ഭരമ്പങ്ങാഴ് ഭരക്ഷരാവലിയിൽ ചിലതിനെ പ്രയോഗിച്ചു് ഇങ്ങനെ കഥിച്ചു: "വയന്തം ഞാമ്മെ അപ്പുയത്തു വന്തേന്തം. ഭരട....." സരസപതീ ബ്രഹ്മദേവന്മാരുടെ സംഘടനംമുതൽ സംഭവിക്കുന്ന കരുഹൃത് സംയോജനത്തെ സംബന്ധിച്ചു തോന്നിയ വ്രീളാഭാരത്താൽ, കുഞ്ഞിപ്പെണ്ണു ശേഷം വാക്കുകൾക്കു പകരം ചില ഭൂഭംഗങ്ങളും മൂഷികസപന്നങ്ങളും പ്രയോഗിച്ചു.

സാവിത്രി:—എന്തൊന്നെടി ഈ തേവടിശ്ശീ ആട്ടുന്നതു്?

കുഞ്ഞി:—(ഒന്തനിരമുഴുവൻ കാട്ടിക്കൊണ്ടു്) ചൊ. അയല്ലയെ പറയണതു്. അപ്പുന്തുു് ഒന്നു് ഓടിച്ചെ ചാനക്കൊണ്ടു. പയ്മ്മയാപസാമി എഴുന്നട്ടുപാലെ ഭരിക്കുന്നു. പോക്കുവാനെക്കൊണ്ടന്തോന്നു്? നമ്മുടെ ചെമ്പകശ്ശേരീലെ ഹഹഹാ! ഞാമ്മോ! ഞാമ്മോ!

ഈ സന്തോഷപ്രകടനത്തിനു കിട്ടുമായിരുന്ന സംഭാവന അന്നത്തെ സന്ദർഭവിശേഷത്താലും, വൃത്താന്തത്തിന്റെ കണ്ണസുധാരസത്താലും കുഞ്ഞിപ്പെണ്ണിനെക്കൊണ്ടു പ്രഹരനിരോധനാത്മമുള്ള നൃത്തങ്ങാം തുള്ളിച്ചില്ല. ചെമ്പകശ്ശേരിയിലെ "കുട്ടിച്ചേട്ടൻ" ആയ ത്രിവിക്രമകുമാരന്റെ സമാഗമത്തെ ദാസി ധരിച്ചിക്കുന്നു എന്നു് അറിഞ്ഞപ്പോൾ, സാവിത്രിയുടെ അപ്രസന്നമായിരുന്ന മുഖം സൌഭാഗ്യചന്ദ്രികയെ സ്പർശിച്ച പുഷ്കരമുകുളംപോലെ വിക

Digitized By Kerala Sahitya Akademi

സിച്ചു. ലോകവൈകല്യങ്ങളും, ലോകാഭിപ്രായങ്ങളുടെ വക്രഗതികളും കഥകളായി മാത്രമായി ഗ്രഹിച്ചിട്ടുണ്ടെങ്കിലും, സാത്മപ്രഭുതത്തിലും ഗാംഭീര്യത്തിലും ഉള്ള വിശ്വാസത്തോടേ ആ കന്യക ചാടി എഴുന്നേറ്റ് തന്റെ സഹോദരിയെ സാദരം സ്വാഗതം പറയുവാൻ അച്ഛന്റെ ഗ്രന്ഥശാലയേയും ആതിക്രമിച്ചു, കിഴക്കേവരാന്തയുള്ള സത്കാരത്തളത്തിൽ എത്തി. അവിടെ കണ്ടത് കന്നരക്കൊല്ലത്തിനു പുറപ്പെടുവാൻ യാത്രപറഞ്ഞു പിരിഞ്ഞ കോമളമുഖനായ കുമാരയോദ്ധാവല്ലായിരുന്നു. മാരഞ്ഞുനിന്ന സൂര്യകിരണങ്ങളെ സുവർണ്ണപ്രഭമാക്കുന്ന മഹാവൃക്ഷസ്കന്ധത്തിന്റെ സമീപത്തുചെന്നപ്പോഴും, മഹമ്മതീയരീതിയിൽ ധരിച്ചുള്ള കേശോഷ്ണീഷത്താൽ ഭവഭംഗിചെയ്തിരിക്കുന്ന ശശാങ്കബിംബത്തിൽനിന്നു പുറപ്പെടുന്ന സുസ്മിത കുളിർനിലാവും സാവിത്രിയുടെ അടുക്കെക്കാണുവിനെ അവരുടെ പരിചിതാനന്ദത്തോടു് ഇടംപ്രഥമമായി പരിചയപ്പെടുത്തി. ആശ്ചര്യപാരവശ്യത്താൽ സാവിത്രിയുടെ കണ്ണുകൾ പരമാത്മഗ്രഹണത്തിനുള്ള ഭ്രമണങ്ങൾ തുടങ്ങി എങ്കിലും, ഹൃദയതളിമത്തിൽ ഹിമജലത്തിന്റെ സചേതനാനുഭൂതി ഉണ്ടായി. മുഖപദ്മം ആനന്ദസ്മേരത്താൽ ഉൽഫുല്ലമായി ക്ഷോഭിച്ചു് ആഗതന്റെ ഹൃദയത്തിനു് അമൃതംകൊണ്ടുള്ള അർഘ്യപൂജയെ തിട്ടപ്പെടുത്തി. താൻ കാലേക്കൂട്ടി സംഭരിച്ചിരുന്ന വിനോദോക്തികളെ പ്രകമ്പനംചെയ്യാൻ തന്നെ ഭയമായി തുടങ്ങുന്ന ശുശ്രൂഷാരീതിയോടു പ്രയോഗിപ്പാൻ ധൈര്യം വരാതെ, സാവിത്രി നിലകൊണ്ടുപോയി. സർവ്വാഭരണഭൂഷിതയായി സപത്നേത്രങ്ങളെ വിഭ്രമിപ്പിക്കുന്ന ദേവകന്യക, തന്നെ സൽകരിക്കുമെന്നു പ്രതീക്ഷിച്ചിരുന്ന അനവരതോപദ്രവിയായ ബാലികാബിംബം അല്ലെന്നു കാ

Digitized By Kerala Sahitya Akademi

ങ്കെയാലും, ആ സൌന്ദര്യപുഞ്ജത്തെ ഉപചരിക്കുന്നതിന് ഇതരസമുചിതവചനം കിട്ടായ്കയാലും ആഗതൻ "ഇതു ചൂനിയല്ലേ?" എന്നുമാത്രമുള്ള നിശ്ചൈതന്യപ്രശ്നത്തെ ശൂന്യഭാവത്തോടുകൂടിയായി വിസർജ്ജിച്ചു. സ്നേഹാർദ്രമായുള്ള വചനോപന്യാസംകൊണ്ടു് ആ പുനസ്സംഗമം ആരംഭിക്കണമെന്നു വിചാരിച്ചിരുന്ന സാവിത്രിയെ സാമാന്യലൌകികക്രമത്തിനു ചേർന്നുള്ള ഈ ചോദ്യം കലഹിപ്പിച്ചു. തന്റെ ഹൃദയത്തിൽനിന്നു പ്രസ്രവിപ്പാൻ സജ്ജമായിക്കുന്ന പ്രമോദത്തെ താനും പ്രതിബന്ധിച്ചു് ഉള്ളംവിടാതെ പ്രതിസൽക്കാരം ചെയ്വാൻ നിശ്ചയിച്ചുകൊണ്ടു് സാവിത്രി "ഇല്ല" എന്നുമാത്രം മറുപടി പറഞ്ഞു. എന്നാൽ ആ സ്ത്രീചിത്തം താരുണ്യത്താലൊ, പക്ഷേ, കാരുണ്യത്താലൊ പ്രേഷ്യമാണമായി, "ഇപ്പോൾ വരും" എന്നൊരു അനുബന്ധത്തേക്കൂടി ആദ്യത്തെ അരുളപ്പാടോടു ചേർത്തു്, തന്റെ ഗൌരവത്തിനു വിലോപം വരുത്തി എന്നുള്ള ബുദ്ധിക്ഷയത്തോടെ നിലകൊണ്ടു. "മന്നാവാ ഹോമദ്രവ്യമിവിടെ ഉണ്ടായ്വരും:" എന്നു ദുഷ്യന്തന്റെ അഭീഷ്ടസിദ്ധിക്കുള്ള മാർഗ്ഗത്തെക്കൂടി ചൂണ്ടിക്കൊടുത്ത ശകുന്തളയുടെ കൃത്യത്തെ ഈ സന്ദർഭത്തിൽ സ്മരിച്ച ആഗതൻ മുക്തസന്ദേഹനായി തളത്തിലേയ്ക്കു കയറിയപ്പോൾ, സാവിത്രിയുടെ ഉള്ളിൽ പുതിയൊരു വികാരമായി ശങ്കയോ, ഭയമോ ഭക്തിയോ തള്ളിക്കേറുകയാൽ, വഴിയിൽനിന്നു വാങ്ങിവിന്നു്, "അമ്മ കിടപ്പുതന്നെ ചേട്ടാ; അങ്ങോട്ടു ചെല്ലണം" എന്നു ക്ഷണിച്ചു വഴി കാട്ടിക്കൊടുത്തിട്ടു പുറകേ നടന്നു. മാർത്താണ്ഡൻ വലിയപടവീട്ടിൽ വേലായുധൻ തമ്പിയുടേയും, ചൊവ്വക ശ്രീരിയിൽ കൊച്ചുമ്മിണിയമ്മയുടേയും പ്രഥമപുത്രനായുള്ള ഈ യുവാവു് അമ്മയുടെ പൊക്കത്തിനും സൌന്ദര്യപുഷ്ടി

Digitized By Kerala Sahitya Akademi

ക്കും, അച്ഛന്റെ കായബലിഷ്ഠതയ്ക്കും സൌജന്യസൌശീല്യ
ങ്ങൾക്കും ഒരു പ്രതിച്ഛായയായിരുന്നു. കാമദേവകൃതാന്ത
ന്മാർ തങ്ങളുടെ ശിവദ്രോഹപാപത്തെ പരിഹരിപ്പാൻ
ഏകശരീരം കൈക്കൊണ്ടു മനുഷ്യജന്മം അവലംബിച്ചതു
പോലെയുള്ള ആ ശരീരം പുരാണകഥാനായകന്മാരുടെ
വീര്യപ്രഭാവങ്ങൾ കലികാലജീവികൾക്കു പ്രത്യക്ഷമായി
കാണുമാറാക്കുന്നു. കുട്ടിക്കാലത്തുതന്നെ മാതാമഹനായ പ
ടത്തലവനാൽ പോലും "കുഞ്ഞുട്ടീമൻ" എന്നു കളിയാക്ക
പ്പെട്ടവനും ഈ യുവാവിന്റെ ചേഷ്ടകളിൽ ഒരു "ചമിയു
ണ്ണി"ത്തംകൂടി സങ്കലനംചെയ്തിരുന്നതു് ആ യുവാവിനെ
പരിചയച്ചക്രത്തിന്റെ ഹാർദ്ദായ സ്നേഹാദരങ്ങൾക്കു പാ
ത്രമാക്കി. സംഹാരശക്തി അതിനെ ബന്ധനം ചെയ്തുള്ള
സുവർണ്ണപ്രാകാരത്തെ തകർത്തു പുറത്തുചാടാൻ യത്നിച്ചു്
ആ ശ്രമം ഫലപ്പെടാതെ ഉള്ളിൽകിടന്നു തിക്കിത്തിരക്കി
പ്രസരിക്കുംപോലെ, ആ ശരീരത്തിൽ കാണുന്ന ജീവച്ഛ
ക്തി ഒരു ചെറുപടയോടു് അനന്യസഹായമായി നേരിട്ടു
വിജയിക്കാൻ പോരുന്നതായിരുന്നു. കുടുംബപ്രാധാന്യം
കൊണ്ടും, പടക്കളരിയിലെ അഭ്യസനത്തിൽ പ്രകടിപ്പിച്ച
കാർത്തികേയതപംകൊണ്ടും ഈ ഇരുപതാം വയസ്സിൽത്ത
ന്നെ വേണാട്ടുസേനയുടെ അശപപങ്ക്തിയിൽ ഉള്ള ഉ
പനായകസ്ഥാനം സമ്പാദിച്ചിരിക്കുന്ന ത്രിവിക്രമകുമാരൻ
പരേതനായ പടത്തലവന്റെ ചരമാജ്ഞ അനുസരിച്ചു്
ടിവാൻ കേശവപിള്ളയുടെ അങ്ഗരക്ഷകസ്ഥാനം വഹി
ച്ചുവരുന്നു.

ഉദയത്തിലെ നിത്യകർമ്മങ്ങൾക്കെന്ന ഭാവത്തിൽ പു
റപ്പെട്ട മീനാക്ഷിഅമ്മ ഗൃഹച്ഛിദ്രഭയത്താൽ അത്യാതുര
യായി, തന്റെ ശയ്യയിലേക്കു മടങ്ങിയിരുന്നു. സൃഷ്ടിയാൽ

Digitized By Kerala Sahitya Akademi

തന്നെ പരസ്പരവിരോധത്തിനു് ഉദ്ദിഷ്ടമെന്നു തോന്നിപ്പിക്കുന്ന ആ കോമളവിഗ്രഹയുഗ്മത്തിന്റെ മത്സരകലാപങ്ങൾ കണ്ടുകൊണ്ടിരുന്ന പുറപ്പാടു കണ്ടപ്പോൾ, അവരുടെ സംഘടനയെ അല്പം മുമ്പു പ്രതിരോധിച്ച മീനാക്ഷിഅമ്മയുടെ കണ്ണുകളിൽ ആനന്ദാശ്രു പെരുകി. ആ കാമുകവേഷക്കാരന്റെയും സഹോദരീഭാവക്കാരിയുടേയും വേഷവ്യത്യാസങ്ങൾ ആ മഹതിയുടെ മുഖത്തു് കരുണാപരിപ്ലവം ഉദിപ്പിക്കുകയും ചെയ്തു. മാതാവിന്റെ ഈ പരിവർത്തനം, തന്റെ ഇഷ്ടാനുസാരം സഹബന്ധുവിനെ പൂർവ്വവൽ കൂടിയാടുവാൻ സാവിത്രിക്കുട്ടിയെ ധൈര്യപ്പെടുത്തി. മാതാവിന്റെ അടുത്തുചെന്നു നിന്നുകൊണ്ടു വിക്രമകുമാരനെ പുഞ്ചിരിക്കാട്ടീട്ടു് ഇങ്ങനെ തന്റെ സത്കാരത്തെ പുറത്തുചാടിച്ചു. "കണ്ടില്ലേടത്തോ അമ്മേ? ഇപ്പോൾ നമ്മുടെ പ്രേമലേഖനം ഭദ്രമാകുന്നു? ആക്കൊട്ടു നവാബോ, ഈങ്ങോട്ടു് അതിക്രമിക്കാൻ ധൈര്യപ്പെടുന്ന സുൽത്താനോ?"

ത്രിവിക്രമകുമാരൻ മീനാക്ഷിഅമ്മയെ തൊഴുതുകൊണ്ടു് ഭാഷണസംഗ്രാമത്തിൽ സാവിത്രിയോടു് ഇടയുവാൻ രസനായുധം വീശി അടുത്തു. "അമ്മച്ചീ! ഇവിടത്തെ സാവിത്രിക്കുട്ടി, ഞാൻ കൊച്ചിലേ എഴുന്നള്ളിച്ചു കൊണ്ടു നടന്നിരുന്ന കണ്ണാടിക്കുട്ടിക്കു, ഏടുങ്ങോട്ടു് ഉരുവിട്ടു പോയി?"

സാവി:— "കരാളിനെ മൂക്കിന്റെ താഴെ പുരികം കുത്തപ്പോൾ, കണ്ണു് വായ്ക്കുത്തായിപ്പോയി."

ത്രിവി:— "ദേവസ്ത്രീകളെ കണ്ടാൽ നമ്മുടെ കണ്ണു് അഞ്ചിപ്പോവുല്ലയോ അമ്മച്ചീ?"

മീനാ:— "നിങ്ങൾ കഞ്ഞുകളിക്കാൻ തുടങ്ങിയാൽ ഞാനെന്തു പറയും? സാവിത്രി! മിണ്ടാതിരിക്കു് വിക്രമാ! ടിപ്പുവിന്റെ പട ഇങ്ങോട്ടു കേറുമെന്നു തീർച്ചയാണോ?"

Digitized By Kerala Sahitya Akademi

ത്രിവി:—"സംശയമോ? ഏതുവഴി എന്നുമാത്രം തീർപ്പയാവാനുണ്ട്. ഇപ്പോഠം പട്ടാളങ്ങളെ തെക്കേവടക്കും വിതിച്ചിട്ടിരിക്കുന്നു. പട വരുന്നവഴിയിൽ ഏല്ലാം ചേരുമ്പോഠം പിന്നത്തെ കളി കണ്ണു കാണേണ്ടതാണു്."

സാവി:—"കളി കാണിക്കുന്ന വീരന്മാർ ഈ കാണുന്ന വരൊക്കെ തന്നല്ലോ. കൊറെ ആളില്ലയോ ആ രാമൻ മല്ലൻ? അവനാഠംക്കു് ഒരു കടി കൊടുപ്പാനെങ്കിലും ഒരു വീരനെ കണ്ടില്ലല്ലോ."

ത്രിവി:—"ഈട്ടക്കളയിൽ കിടന്നോണ്ടു് വല്ലതും പറയരുതു്. ചമഞ്ഞു നില്ക്കുമ്പോഠം, പെൺമൂപ്പുകാക്കു് എന്തും പറയാം."

സാവി:—"ഈതതെ. പക്ഷേ തിണ്ണമിടുക്കു് ആണുങ്ങഠംക്കു മാത്രമല്ല. പണ്ടത്തെ മാടമ്പു വീട്ടുങ്ങളും മറ്റും പമ്പകടന്നു എന്നു സമ്മതിച്ചേയ്ക്കണം."

ത്രിവി:—"ഹൊ! പല്ലുകാട്ടാ മങ്ക സാവിത്രിക്കുഞ്ഞമ്മ ഇന്നു ഭംഗ്യം കടിക്കുന്നല്ലോ. കേഠംക്കണേ കുഞ്ഞമ്മേ. അമ്മാളുടെ പെങ്കുപറഞ്ഞു് എതിർപറഞ്ഞാൻ കൊട്ടി. പോരിൽ ഏറു മാകാൻ അത്ര ധൃതിയാണെങ്കിൽ ഒരു പുള്ളിക്കാരിയുടെ മീട്ടുവാങ്ങിക്കൊണ്ടു വെല്ലാൻ ദിവാൻജി അമ്മാവൻ ഉത്തരവായി."

"പുള്ളിക്കാരി" എന്നു ദിവാൻജി സൂചിപ്പിച്ചതു് തന്നെയാണെന്നു മനസ്സിലായി, സാവിത്രി അന്തരാൽ വിജയിനി എന്നു നടിച്ചു എങ്കിലും, തന്റെ വിവാഹകാര്യത്തിൽ തന്നോടു് ആലോചിക്കാതെ ഒരു വ്യവസ്ഥചെയ്ത അപരാധത്തിനു് അദ്ദേഹത്തോടു പരിഭവിച്ചു എന്ന നാട്യത്തിൽ മുഖം കറുപ്പിച്ചു, ഇങ്ങനെ ഒരു ചോദ്യം പുറപ്പെടുവിച്ചു. "ഈതതെ, വല്ലോരോടും ചീട്ടു വേണ

Digitized By Kerala Sahitya Akademi

മെങ്കിൽ പടയ്ക്കു പോവാനും അതു വേണ്ടയോ? ഇങ്ങനെ നിന്നു് വമ്പുപറയരുതു് രായരുടെ തലപൊളിപ്പാൻ വല്ലവരോടും ചോദിക്കണമോ? വീടു കാക്കുന്ന പട്ടി പിടിച്ചുട്ടിയിട്ടുവേണമോ കള്ളൻ കേറുമ്പോൾ കുരയ്ക്കാൻ? മേന്മ കഥ ഞാനും കുറേശ്ശെ അറിയും."

തിവി: —"എന്നാൽ യജമാനന്റെ ചെരുപ്പിടുക്കു് അങ്ങോട്ടു ചെന്നു് കരുത്തവു വാങ്ങിത്തരരുതോ? അതുകൂടി കിൽ, സത്യമായിട്ടും പടയ്ക്കു ഇറങ്ങാമല്ലോ."

മീനാ: —"അതെല്ലാം വിടിൻ കുഞ്ഞുങ്ങളെ. കുട്ടാ! പടകേറിയാൽ ഈ പട്ടത്തടിക്കാർ എന്തുചെയ്യും? ഇപ്പോഴേതന്നെ എല്ലായിടത്തും കവർച്ചയും കൊലപാതകവും കിടക്കപ്പൊറുതിയില്ലാതാക്കുന്നു."

സാവി: —"രാമവർമ്മന്തുവിടു് കൊള്ളയിടുമെന്നു പേടിക്കേണ്ടമ്മാ. തിവാൻജി അമ്മാവന്റെ കണ്ണുചെല്ലാത്ത കായ്മം രാജ്യത്തിൽ എന്തോന്നുണ്ടു്?"

തിവി: —"തിവാൻജി അമ്മാവന്റെ സൂക്ഷിപ്പുകാരി സാവിത്രിപ്പിള്ള ഉള്ളപ്പോഴോ പടയെയുംപേടിക്കേണ്ടല്ലോ"

സാവി: —"എന്നെ സാവിത്രിപ്പിള്ള എന്നു വിളിക്കരുതു്."

തിവി: —"കാഷ്ടം! തെറി കൊച്ചുകുഞ്ഞമ്മ എന്നാണല്ലോ ഇനി വിളിക്കേണ്ടതു്. ടിപ്പുവിന്റെ പീരങ്കിമേളം കൊണ്ടു കേൾപ്പാൻ രസമുണ്ടോ?"

സാവി: —"ചിലരെപ്പോലെ കിടുങ്ങാതെ കേൾക്കാം ചേട്ടാ കൂട്ടിക്കൊണ്ടു പോകണം. കിളരമില്ലെങ്കിലും കരിടത്തിറങ്ങാൻ ചതയുണ്ടു്."

മീനാ: —"ഭ്രാന്തുപറയാതെ."

സാവി: —"ഭ്രാന്തോ അമ്മാ? കൊച്ചുശാൻ ചൊല്ലി

Digitized By Kerala Sahitya Akademi

കേട്ടിട്ടില്ല, 'തള്ളക്കിട്ടൊരു തല്ലുവരുമ്പോൾ പിള്ളയെടുത്തു തടുക്കേയുള്ളൂ.' എന്നു ? വേണ്ടിവന്നാൽ, ചേട്ടാ അമ്മ പറയുന്നതു വകവയ്ക്കണ്ട. എന്നായാലും കരിക്കൽ ചാകണ്ടയോ? രാജ്യവും പെറാമ്മയും കുന്നുപോലെ—''

ത്രിവി:—''അതാ അങ്ങനെ വരട്ടെ. എന്തായാലും കളരിയും കുറ്റപ്പും കുന്നല്ലയോ?''

മീനാ:—''വിക്രമാ! കുരങ്ങിനെ കള്ളുകുടിപ്പിക്കല്ലേടി ചെയ്യാതെ.''

സാവി:—''കർമ്മം ഇഴഞ്ഞാൽ പോകാണ്ടു് എന്തു ചെയ്യും?''

സൂക്ഷ്മഗ്രാഹിയായ ഒരു ഗൌളിയുടെ ശബ്ദം ആകാശവാണിപോലെ ധ്വനിച്ചു. മീനാക്ഷിഅമ്മയുടെ മുഖം വിവർണ്ണവും, അവരുടെ ചെകുത്താൻ ഭൂശുകുപരിഹാരാർത്ഥമുള്ള പ്രാർത്ഥനയിൽ മുകുളീകൃതവും ആയി. തിരുവനന്തപുരത്തു് എത്തിയതിന്റെ ശ്രേഷ്ഠം തന്റെ ബാല്യസഖികരു ശിശുപാലനു കിട്ടിയായിരിക്കുന്നു എന്നു കേട്ട ജാള്യപ്രവാദം ഭോഷ്ക്കുതന്നെ എന്നു ബോദ്ധ്യപ്പെട്ടു്, വിക്രമകുമാരൻ ഗൌളിയെ ശ്രുദ്ധപന്നികത്താവായി അഭിമാനിച്ചു. ഗൌളിയുടെ ശബ്ദത്താൽ ഖണ്ഡിക്കപ്പെട്ട സംഭാഷണം വീണ്ടും ആവർത്തിക്കാൻ സംഗതിവരുന്നതിനു മുമ്പിൽ, കുഞ്ഞിപ്പെണ്ണു് ആ രംഗത്തു ധടിതി പ്രവേശിച്ചു്, ''വലിയങ്ങുന്നു്'' എന്നു പറഞ്ഞു്, അദ്ദേഹം മടങ്ങിയെത്തുന്നവിവരത്തെ ധരിപ്പിച്ചു. ആ അഭിവന്ദ്യനെ കണ്ടു തൊഴാനായി, ത്രിവിക്രമകുമാരൻ, താൻ വീണ്ടും മടങ്ങി എത്തുമെന്നുള്ള ആംഗ്യപ്രതിജ്ഞയാൽ സാവിത്രിയോടു് അനുമതി വാങ്ങിക്കൊണ്ടു്, താലുകെട്ടിന്റെ കിഴക്കേവശത്തിലേയ്ക്കു തിരിച്ചു.

Digitized By Kerala Sahitya Akademi

കേശവനുണ്ണിനായർ പൊക്കത്തിലും പ്രൗഢിയിലും വളർന്നു, അച്ഛന്റെ ചരമഗതികൊണ്ടു് സമുദായനേതൃത്തിനുണ്ടായിട്ടുള്ള നഷ്ടത്തെ പരിഹരിക്കുന്നു. പണ്ടത്തെ രസികചാമരമായുള്ള കട്ടിമീശ കാർഷ്ണ്യത്തിലും, തൊർഘ്ന്യത്തിലും വിസ്തൃതിയിലും വർദ്ധിച്ചിട്ടുള്ളു. പ്രാണികളുടെ കായപ്രൗഢിക്കു വൈരൂപ്യം ഉണ്ടാക്കുന്ന കുംഭോദരത്വം ഉണ്ണിനായരെ ബാധിച്ചിട്ടില്ല. എന്നാൽ, യുവപ്രായത്തിൽ രമ്യകോമളമായിരുന്ന മുഖത്തെ ലോകസുഖവിരക്തന്റെ അനാർദ്രത ഇക്കാലത്തു കവചംചെയ്യുന്നു. വൈരാഗ്യഗ്രസ്തമായുള്ള ഹൃദയത്തിന്റെ മന്ദപ്രവർത്തനം അദ്ദേഹത്തിന്റെ പാദചാരഗതിയെ ലഘുവാക്കുന്നു. മുന്നകമ്പടിക്കാർ ഗൃഹത്തിനകത്തുകടന്നു് അല്പം സമയം കഴിഞ്ഞു എങ്കിലും ഗൃഹനായകൻ പ്രതിപദം നിലകൊണ്ടു്, ദ്വാരപ്രവേശം ദുസ്സഹമെന്ന ഭാവത്തിൽ പ്രവേശത്തെ തരണംചെയ്യുന്നു. മഹാരാജാവിന്റെ ഘോഷയാത്രാനന്തരം അവിടുത്തെ മുഖം കണിപ്പു മടങ്ങുന്ന ഈ മഹാനുഭാവൻ സ്വമായ ഏതന്താ സംഭ്രമത്താൽ പരിത്തനായപോലെ അപ്രജ്ഞാവസ്ഥായി ചരിക്കുന്നു. കയ്യിലിരിക്കുന്ന ഒരു കരിനവനയോപക്ഷണത്തെ ചിന്താകലാപത്തിന്റെ ബോധശൂന്യതയ്ക്കിടയിൽ കുക്കി ഞെരിച്ചുപോകുന്നു. അദ്ദേഹത്തിന്റെ ഉദ്ധതഭാവം ഊർദ്ധ്വനിലവിട്ടു് വക്രിച്ചും, കണ്മണികൾ ഊർദ്ധനിലവിട്ടു് ചുഴിച്ചും നീന്നിരിക്കുന്നു. ജയദ്രഥന്റെ കായോന്നതിയും, രാജ്ഞിരാമന്റെ വിക്രമപ്രഭാവവും, സാക്ഷാൽ സവ്യസാചിയുടെ ഔന്നത്യപ്രഭാവിലാസങ്ങളുംകൊണ്ടു് കൈരളീസൗഭാഗ്യത്തിനു് ഉണ്ടായിരോത്തരം യശോവൃദ്ധി ഉണ്ടാക്കിവന്ന കുരുവർഗ്ഗം മഹാപുരുഷന്മാർ ആ മണ്ഡലത്തിലെ ഭരണ

Digitized By Kerala Sahitya Akademi

ും സംരക്ഷണഭാരം നിർവ്വഹിച്ചുവന്നു. ഇപ്പോൾ താമാവ
ശേഷസ്ഥിതിയെടുക്കുന്ന ഈ വഴിത്തിൽ തൊടുകുറിയാ
യിരുന്ന കേശവൻ ഉണ്ണിത്താന്റെ പ്രശാന്തധീരത്വം ഭ
ഞ്ജിക്കപ്പെട്ടിരിക്കുന്നു എന്നു കാണുകയാൽ, വിക്രമകുമാ
രൻ ബന്ധുസൗഹൃദം പ്രമാണിച്ചു് പുറപ്പെടുവിപ്പാൻ ഭാ
വിച്ച ആദരഭംഗത്തെ അമർത്തിക്കൊണ്ടു് മുറവിളിച്ചു,
ഗ്രാമജനാവകാശമായുള്ള വന്ദനോപചാരങ്ങൾ അനുഷ്ഠിച്ചു.
വാത്സല്യപൂർവ്വം സത്കൃതനായ്കേണ്ട കരുയുവാവിന്റെ സാ
ന്നിദ്ധ്യത്തെ കേശവനുണ്ണിത്താൻ ഗ്രഹിച്ചതായിപോലും
നടിച്ചില്ല. ചിന്താകലാപം കൊണ്ടു് ഉഷ്ണിച്ച മൂർദ്ധാവിലെ
പൂർവ്വശിഖയ്ക്കിടയിൽ വിരലുകൾ ചലിപ്പിച്ചു് ആ പ്രദേശത്തെ
തടവിക്കൊണ്ടു്, ഉണ്ണിത്താൻ പ്രവേശനത്തളം വഴിക്കു പ
ടിഞ്ഞാറുള്ള ഗ്രന്ഥശാലയിൽ പ്രവേശിച്ചു. വടക്കു വാ
തിലിനുസമീപം കുഞ്ഞിപ്പെണ്ണിന്റെ ഛായാന്തിപാതം ഉ
ണ്ടാവുകയാൽ കോപപ്രഭാഷണത്തിലെ ഗണപതിക്കു കു
റിപ്പായി ചില മന്ത്രാക്ഷരങ്ങളെ അദ്ദേഹം അതിസ്വരഘോ
ഷധ്വനികളിൽ ഉച്ചരിച്ചു. യജമാനന്റെ മുഖഭാവം എ
ന്തെന്നറിഞ്ഞു സചേതയികയെ ധരിപ്പിച്ചു സമ്മാനം വാ
ങ്ങാൻ പുറപ്പെട്ടിരുന്ന കുഞ്ഞിപ്പെണ്ണു് ഗൃഹസാവ്വൈമ
നാൽ ഉച്ചരിച്ച സ്വരശബ്ദങ്ങൾ മാത്രംകൊണ്ടു കൃതസിക്കപ്പെ
ട്ടപ്പോൾ, "ഉണ്ണുങ്ങളാൻറു് കരുകിൻറി ഉരുന്നു. അതു
തോക്കി ഏട്ടരുശ്രാൻറു് ഇതാപോന്നെ" എന്ന സമാധാ
നസമർപ്പണം ചെയ്തു. പെണ്ണിന്റെ പ്രാകൃതഭാഷണവും
അതിലധികം വികൃതമായ അവളുടെ വിറയലുകളും കോ
പപ്രകടനത്തിനു് ഉചിതപദങ്ങൾ കിട്ടാതെ വലഞ്ഞുതുട
ങ്ങിയ ഉണ്ണിത്താനെ ആ കഷ്ടശ്രമത്തിൽനിന്നു വിരമിപ്പി
ച്ചു. സ്വാത്മസചരുപണത്തിനു വിരുദ്ധമായുള്ള രൗദ്രതയു

Digitized By Kerala Sahitya Akademi

ടെ ഇരുത്തോളമുള്ള പ്രകടനം അദ്ദേഹത്തെ ക്ഷീണിപ്പി ക്കയാൽ, അദ്ദേഹം തന്റെ വിശ്രമശാലയിലേയ്ക്കു പിൻതി ശയ്യയിന്മേൽ വീഴുകതന്നെ ചെയ്തു. കുഞ്ഞിപ്പെണ്ണു വിജ യത്വരയോടെ മണ്ടി, "ഹയ്യാ കൊച്ചമ്മ! ഏമാന്നിന്ന കൊ ലവാളും ഊരി പിടിച്ചോൻറു വന്നിരിക്കുന്നു. ആരും മൂപ്പു വിടല്ലേ" എന്നു സഹായികയെ ധരിപ്പിച്ചു, അതിനുള്ള സമ്മാനമൊ, വേതനമൊ ആയി രണ്ടു പ്രഹരം വാങ്ങി സന്തുഷ്ടയും ആയി.

കിടക്കയിന്മേൽ വീണുപോയ ഉണ്ണിത്താൻ വല്ല അ ഭിചാരവ്യാമോഹത്തിലും താൻ അകപ്പെട്ടുപോയിരിക്കുന്നു വോ എന്നുപോലും സംഭ്രമിച്ചു. കൈയ്യിലിരിക്കുന്ന പ നയോലക്ഷണം അവസ്തുക്കളല്ലെന്നും അദ്ദേഹത്തിന്റെ താക്കിക്കയോത്രം വിരീക്ഷണംചെയ്തയാൽ, അതിലെ ലി ഖിതത്തെ ഒന്നുകൂടി വായിക്കാൻ യത്നിച്ചു. ലേഖനത്തി ലെ അക്ഷരങ്ങൾ അവയെ ചാത്തിയ നാരാചങ്ങിന്റെ മുനപോലെ കണ്ണുകളിലല്ല, ഹൃദയത്തിൽത്തന്നെ തറച്ചു. എങ്കിലും, മനോവേഗനയും, ഏതാണ്ടൊരു സംഭ്രമവും, വ ല്ലാതെയുള്ള കൃത്യഭംഗമയവും സങ്കലനംചെയ്തുണ്ടായ ക ഷായിപ്പോടെ ആ ലേഖനത്തെ വായിച്ചുതീർത്തു് അതി നെ തിലപ്രായത്തിൽ ചീന്തി അറയ്ക്കകത്തുണ്ടായിരുന്ന കോളാമ്പിയിൽ നിക്ഷേപിച്ചു. എഴുന്നള്ളത്തിന്റെ പുറ പ്പാടിലുണ്ടായ ആകാംക്ഷാതിരകിനിടയിൽ കയ്യിലത്തിച്ച ആ ലേഖനത്തെ ആരു കൊണ്ടുവന്നു, ആ ദൂതൻ എങ്ങ നെ മറഞ്ഞു എന്നുള്ള മറിമായങ്ങളെക്കുറിച്ചു് അദ്ദേഹം ചിന്തിച്ചു. മായാപൂവ്വവും അഗാധവുമായുള്ള ഒരു കൃത്രിമ ത്തിന്റെ ആരംഭം ഉണ്ടാകുന്നു എന്നു സമർത്ഥിച്ചു. ആ ലേഖനത്തിൽ അടങ്ങിയിട്ടുള്ള കരു സൂചന ഊഹിച്ചപ്പെ

Digitized By Kerala Sahitya Akademi

ടുമ്പോൾ, മിലമ്പിനഴിയം വക ഭൂമികളും കൈമുതലും തന്റെ കൈവശത്തുനിന്നു പൊയ്പോകാവുന്നതു സഹ്യംതന്നെ. പെരിഞ്ചക്കോടൻ എന്നൊരു നാമധേയം എഴുത്തിൽ കാണുന്നതു് ഏതു മാലിസുമാലി വഴ്ത്തിൽപേരാ രക്ഷോനാഥൻ എന്നു് അദ്ദേഹത്തിന്റെ ബുദ്ധി പ്രശ്നംതുടങ്ങി. ടിപ്പുവിന്റെ അനുകൂലികൾ സമീപപ്രദേശത്തു് ഉപജാപപ്രചാരം ചെയ്യുന്നതു് ഉടനെ രാജസമക്ഷം ധരിപ്പിക്കേണ്ടതല്ലേ? അങ്ങനെ ധരിപ്പിക്കുമ്പോൾ എഴുത്തിൽ അടങ്ങീട്ടുള്ളതും, ദൈവഗതിയുടെ വൈചിത്ര്യത്താൽ തന്റെ മനസ്സിനെ അതിയായി സംഭ്രമപ്പെടുത്തി സമ്മോഹിപ്പിക്കുന്നതുമായ കരു രഹസ്യത്തെക്കൂടി പ്രസിദ്ധമാക്കേണ്ടിവരില്ലേ? അപ്പോൾ, രാജശിക്ഷയുടെ നിപാതം ഉണ്ടാകുന്നതു് എങ്ങോട്ടു്, തനിക്കുണ്ടായിട്ടുള്ള മഹോപകാരത്തിനു പ്രതികാരമായി തിർപ്പുണ്ണനായ താൻമൂലം സംഭവിപ്പിക്കുന്നതാവുകയും ചെയ്തുയില്ലേ? അനുഷ്ഠേയപദ്ധതികളുടെ ഈ വിപരീതരീതികളിൽ അല്പാന്തരം വിഷമിച്ചിട്ടു തന്റെ യുവതരയിൽ ആപത്തിച്ചുപോലെതന്നെ, തന്നെ വിശ്വസിച്ച ഗുരുജനത്തെ രക്ഷിപ്പാനും, സംഭവഗതികൾ അനുസരിച്ചു മേലിൽ നടന്നുകൊള്ളുവാനും അദ്ദേഹം തീച്ചയാക്കി.

ഇങ്ങനെ കരുവിധമായ വൈഷമ്യം മനസ്സിനുണ്ടാക്കിസ്ഥിതിചെയ്യുന്നതിനിടയിൽ, കിഴക്കെ നന്തിയത്തുവക സപത്തുകൾക്കു മാത്രം കാരണവരായി താൻ ശേഷിക്കുന്നു എന്നുള്ള വാസ്തവത്തെക്കുറിച്ചു് അനുസ്മരണം ചെയ്തുപോയി. ഉണ്ണിത്താൻ തന്റെ ഗ്രന്ഥശാലയ്ക്കുള്ളിൽ വിഭ്രാന്തനായി അല്പനേരം ചുറ്റിനടന്നിട്ടു് വല്ല താക്കീതുകൊണ്ടുത്തായിട്ടായിരിക്കാം, അടുത്ത കാലത്തെ

Digitized By Kerala Sahitya Akademi

ങ്ങും ഉരുവഴിച്ചിട്ടില്ലാത്ത ഒരു ഒത്തുകുത്യത്തെ ആചരിച്ചു. സകളത്രത്തെ വരുത്തി ഗ്രഹകാര്യങ്ങാം പറഞ്ഞു്, മിച്ചത്തു് കരുക്കിവയ്ക്കാനെന്ന ഭാവത്തിൽ 'മീനാക്ഷി' എന്നു വിളിച്ചപ്പോൾ, ആ മുറിക്കകത്തു് എഴുന്നിയതു് അദ്ദേഹത്തിന്റെ അന്തേവാസിയായുള്ള കൊടന്ത ആശാനായിരുന്നു. ആവശ്യപ്പെടാത്ത ഘട്ടങ്ങളിൽ കടന്നുകൂടാൻ ഈ വഗ്ഗക്കാക്കുള്ള വാസനയും വൈദഗ്ധ്യവും ലോകസ്ഥിതികളിലെ രസാവഹമായുള്ള ഒരു അംഗമാണു് ഏകതാരം പിശാചസ്തനും സത്യപരനും എന്നു ഗണിക്കപ്പെട്ടിരുന്ന ആശ്രിതന്റെ അവലംബം കിട്ടിയപ്പോൾ, ഉണ്ണിത്താന്റെ മാനസ്സസമനിലയേയും, ഭാഗ്യാദൃശനത്തിനുള്ള കാംക്ഷ വിരക്തിയേയും പുനരവലംബിച്ചു. "ആരാടാ ഈ പൊലിഞ്ഞ കോടൻ?" എന്നുള്ള ചോദ്യം നയവിചിന്തനംകൂടാതെ ഉണ്ണിത്താന്റെ വലിച്ചിഴന്ന ബുദ്ധിയിൽനിന്നു പുറപ്പെട്ടു. കൊടന്തശ്രീനാരദർ തന്റെ ശിരസ്സിനേൽ ദശകണ്ഠന്റെ മുഷ്ടിവിംശതിയുടെ നിപാതമുണ്ടാകുന്നതുപോലെ പേടിച്ചു വിറച്ചു. ആ പേർ പാതാളവാസിയായ ഹിരണ്യാക്ഷൻ ഭൂലോകവിഭ്രമണം ചെയ്തിരുന്ന കാലത്തെ വിക്രമത്തെയുദ്ഘോഷിക്കാം ദക്ഷിണതിരുവിതാംകൂറിൽ ആവത്തിക്കുന്ന ഒരു ദേശസാമ്രാട്ടിന്റേതായി ആശാൻ ആ ഭൂടയിലെ ബന്ധുലബ്ധി സംഭവങ്ങാം സംബന്ധിച്ചു കേട്ടിരുന്നു. ആ പരമാത്ഭുതങ്ങളെ ഗ്രഹിച്ചു് തന്നെ ശിക്ഷിപ്പാൻ ഈ ചോദ്യം പുറപ്പെട്ടതാണെന്നുള്ള ഭയംകൊണ്ടു് ആ പാണ്ഡുരപ്രഭൻ കുനുച്ചുടി വിളറി. ഉണ്ണിത്താൻ തന്റെ കോപപ്രകടനത്തിൽ ആ ശിഷ്യയാചകൻ പൌരുഷശൂന്യനാകുന്നു എന്നു വിചാരിച്ചു ശാന്തനായി. "സാരമില്ല, സാരമില്ല. ആരാണെന്നറിയാമെങ്കിൽ പറഞ്ഞാക്കു" എന്നു

Digitized By Kerala Sahitya Akademi

ള്ള മുട്ടുപടങ്ങൾകൊണ്ട് അവനെ ആംപസിപ്പിച്ചു. കൊടന്തആശാൻ കറക്കണ്ണടച്ചുകൊണ്ട് ഗാഢചിന്തക്കാരനായി. വിഷമശ്രമംകൊണ്ട സ്മൃതിതളിമത്തിൽനിന്നും കരുതിയുച്ചാശ്രുതപ്പുത്താന്തത്തെ ആവിഷ്കരിപ്പിക്കുന്നതുപോലെ നടിച്ചും, നശിക്കുന്നെങ്കിൽ കുട്ടണ്ടായിരിക്കട്ടെ എന്നു കരുതിയും കള്ള ഉത്തരം പൊട്ടിച്ചു. "കുഞ്ഞമ്മയോടു ചോദിച്ചാൽ അറിയാമായിരിക്കാം. ദിവാന്റെ്യുമാന്റെ ആരോ, എന്തോ ആണൊന്നും കെട്ടിയകത്തുവെച്ചു പറഞ്ഞുകേട്ടിട്ടുണ്ടെന്നു തോന്നുന്നുപോലെ കരോമ്മ. ഇന്നു നല്ല സുഖമുണ്ട്. എണ്ണീറു ലാത്തുന്നു. 'മൂക്കിൽ തൊടാൻ കഴുത്തുപുറോണ്ടല്ലോ' വിട്ടിച്ചു ചോദിച്ചാൽ വസ്തുത മുഴുവൻ അറിയാം.

ഉണ്ണിത്താന്റെ ശ്വാസനാളം കനം അടഞ്ഞതുപോലെ തോന്നി. അദ്ദേഹം സപ്തന്തങ്ങളെ മുറുക്കിപ്പുത്തു കൊണ്ട് "എന്താടാ നീ പറയുന്നതു്?" എന്നു കയത്തു.

കൊടന്ത ആശാൻ സപകൌശലവിലാസത്തെ അഭിനന്ദിച്ചു് ഗുരുനാഥന്റെ ഈർഷ്യാരോഷത്തെ കനം വർദ്ധിപ്പിക്കാൻ ഒരു പ്രയോഗംകൂടി അന്വേഷിച്ചു. "പുഴുന്നള്ളത്തു കഴിഞ്ഞു ഞാൻ കണ്ടപ്പോൾ വലിയ ഉത്സാഹത്തിലായിരുന്നു. കേശവപിള്ളച്ചട്ടമാന്റെ പുത്തൻസ്ഥാനപദത്തെ അനുഭവിപ്പാൻ എന്നോടു് ആവശ്യപ്പെട്ടു. 'ഇരട്ടസപ്തം' എന്നു വ്യാഖ്യാനിച്ചപ്പോൾ പൊട്ടിച്ചിരിച്ചു. "ഉള്ളതു പറഞ്ഞാൽ ഉറിയും ചിരിക്കും."

ഉണ്ണി:—"ഇരട്ടസപ്തമോ? അതെങ്ങനെയാടാ? അക്കാടാ?"

കൊട:—"'ദിവ' എന്നു മുറിച്ചു് പിന്നെ 'വാൻ' എന്നും എടുക്കുമ്പോൾ, പിന്നെ എന്തുവാന്നാ?"

ഉണ്ണിത്താൻ കൊടന്തആശാന്റെ മന്ദാധ്മരചി

Digitized By Kerala Sahitya Akademi

തമായ പ്രബന്ധത്തെ ചതുർമ്മുഖകഥാനമെന്നപോലെ ആദരിച്ചു് മൂന്നാംചോദ്യത്തെ മറന്നു; അദ്ദേഹത്തിന്റെ ഉള്ളിലെ കാലുഷ്യം കുന്നുകൂടി വർദ്ധിച്ചു എങ്കിലും, സ്വാന്തസ്ഥിതി പുറത്തുവിടാതെ; കൊടന്തയെ കുന്നു മറിക്കാനായി സന്തോഷം നടിച്ചുകൊണ്ടു് ഇങ്ങനെ ചോദിച്ചു:— "അപ്പോഠം, ഇപ്പോഴത്തെ ലേഹ്യം മീനാക്ഷിക്കു ഗുണം ചെയ്യുന്നുണ്ടു്, ഇല്ലെ?"

കൊട:—"എന്തോ? ചെമ്പകശ്ശേരിയിലെ കുട്ടൻപിള്ളയും, സാവിത്രിക്കുഞ്ഞും, കുഞ്ഞമ്മയും കൂടി പറഞ്ഞു തകർക്കുന്നതുകേട്ടു." ഇങ്ങനെ പറഞ്ഞിട്ടു് കൊടന്ത വലതുഗണ്ഡത്തിലുണ്ടായ ചൊറിച്ചൽ പോക്കുകയും, കുറുമുമ്പ് ആരംഭിച്ചതിനെ അമർത്താൻ മുഖംകൊണ്ടു് അസഹ്യഭാവം നടിച്ചു് ഉമിനീർ ഇറക്കുകയും ചെയ്തു.

ഉണ്ണി—ചെമ്പകശ്ശേരിയിലെ ആ കുരുന്നാണ് ഇവിടെ എന്തുകാര്യം? നമ്മെ പിടിപ്പുകെട്ടവനാക്കാൻ ആ ദിവാൻജി പിട്ടിരിക്കയാണു്. മനസ്സിലായോ?"

കൊട:—"ആയേ! പക്ഷേൽ, ദിവാന്യേമാൻ എന്തു പിഴച്ചു? കുഞ്ഞിന്റെ മനസ്സല്ലേ പ്രധാനമായി നോക്കേണ്ടതു്? എന്നാലും, 'ഉണ്ടെന്നും ഇല്ലെന്നും പറവാൻ അധികാരം ഇല്ലത്തെ മൂസ്സിനു്.."

ഈ ശാസ്ത്രം എന്തു് ഊഹക്കോട്ടം, ലാക്കൊത്തും ഉണ്ണിത്താന്റെ ഹൃദയത്തിൽ തറച്ചു എന്നുള്ളതു് അദ്ദേഹത്തിന്റെ അടുത്ത ക്രിയയിൽനിന്നു ഗ്രഹിക്കേണ്ടതാണു് കൊടന്തയാലാനേയും ആ അറയ്ക്കുള്ളിൽനിന്നു പായിച്ചതായ അത്യുത്സാഹത്തിൽ ഉണ്ണിത്താൻ സപത്നിയുടെ സാന്നിദ്ധ്യം ആവശ്യപ്പെട്ടു. അനാഥയുടെയും രോഗിണിയുടെയും ദീനതയോടെ, ആ മഹതി സപത്നിഭാവിന്റെ ശയ്യാഗൃഹ

Digitized By Kerala Sahitya Akademi

ഖാത്രക്കൽ എത്തി, അദ്ദേഹത്തിന്റെ ആജ്ഞ കേൾപ്പാൻ കാത്തുനിന്നു. ഭർത്തൃവദനത്തിന്റെ സങ്കോചകാളിമ നേരേകണ്ടപ്പോൾ, താൻ പേടിച്ചിരുന്ന നിഷ്ഠാസനവിധിയുടെ നിപാതമുഹൂർത്തം ആസന്നമായിരിക്കുന്നു എന്ന് അവർ തീർച്ചയാക്കി. യുവദശയിൽ സാന്ദ്രാനുരാഗപ്രതിജ്ഞകളോടെ പല മധുരങ്ങളായ ആശ്രയവചസ്സുകളേയും പ്രലപിച്ച ജീവനാഥനിൽനിന്നു് അതിക്രൂരമായ ആജ്ഞ ധരിച്ചിട്ടുള്ള പ്രശ്നം കനു പുറപ്പെട്ടു. "ഇതാ! നിങ്ങൾക്കു ഞാൻ വേണ്ടോ, ചെമ്പകശ്ശേരിക്കാർ വേണ്ടോ?"

മീനാക്ഷിഅമ്മ രണ്ടു കരങ്ങളും കപോലത്തിൽചേർത്തു്, നമ്രമുഖിയായി നിന്നുകൊണ്ടു് തന്റെ നിശ്ചലപ്രതിജ്ഞയെ ആവർത്തിച്ചു് ഇങ്ങനെ പറഞ്ഞു:—"ഇങ്ങനെ ചോദിപ്പാൻ തോന്നിയതിനു സംഗതി എന്തോ—ദൈവത്തിനറിയാം. ഞാൻ അറിഞ്ഞ മന്ത്രക്കുടത്തുവച്ചു വരിച്ച നിരാശ്രയ— മീനാക്ഷി. ഈശ്വരൻ അറിയട്ടെ—സാവിത്രി, സീത, അവിടത്തെ മകളുമാണു്. ഞങ്ങൾക്കു് ഇവിടത്തെ പാദങ്ങളല്ലാതെ മറ്റൊരു ശരണമുണ്ടു്? ഞങ്ങളോടു ചോദിപ്പാനെന്തു്, ആലോചിപ്പാനെന്തു്? ഇവിടത്തെ ഇഷ്ടമെന്തോ, അതു ഞങ്ങൾക്കു പഥ്യം."

ഉണ്ണി: —(സഭയെ സംബോധനംചെയ്യുന്ന ഭാവത്തിൽ) "കാഷ്ഠം! അറിയും. യോഗ്യതകളെല്ലാം ഒരുവിധം മറുള്ളവരെക്കാൾ അറിയും. ഏറെ പറയേണ്ട. പെണ്ണുങ്ങളുടെ വാക്കിൽനിന്നു തല്ലു മധുരം, പഞ്ചാമൃതരസം എന്നൊക്കെ പറഞ്ഞപ്പോഴെല്ലാം ഊറും." (ഖിന്നന്റെ സ്വരക്ഷീണത്തോടെ) "മന്ത്രക്കുടത്തെ മീനാക്ഷി പൊയ്പ്പോയിട്ടു് വ്യാഴവട്ടം കണ്ടരയിൽപരം കഴിഞ്ഞു—എന്തു പറയുന്നു? തിരുവനന്തപുരം കണ്ട ആ വനകന്യക ഇപ്പോൾ—" ഉ

Digitized By Kerala Sahitya Akademi

ണ്ണിത്താന്റെ നാവിൽ ഉദിച്ച "ധൂർത്ത" എന്ന പദം ഒന്നു തിരാർ രണ്ടുപേരുടേയും പരമാത്മാവിനുള്ള പരമസാക്ഷിയുടെ ഈ പരിഭാഷയമായ വ്യവഹാരശക്തികൊണ്ടായിരിക്കാം, പുറത്തു പുറപ്പെട്ടില്ല. മീനാക്ഷിഅമ്മ ഭർത്താവിന്റെ ശുദ്ധഗതിയുടെ അതിരില്ലായ്മ ചിന്തിച്ച് അത്യാത്തയായി നില്ക്കുന്നതിനിടയിൽ, അദ്ദേഹത്തിന്റെ ഉസ്സാറമായ ഭക്ഷണങ്ങൾ ഇങ്ങനെ വാദിച്ചു: — "എല്ലാം വന്നുകൂടി. നഷ്ടവും അപമാനവും വരുന്നോ എന്നു ഭഗവാനറിയാം. നാരായണാ! ഈവിധമൊക്കെ വരുമെന്നു ഞാൻ വിചാരിച്ചിരുന്നില്ല. ഗൃഹപ്പിഴ ആയാലും അതിനൊരു അതിരുവേണ്ടതല്ലേ? വല്ലടത്തും പുറപ്പെട്ടു പൊയ്ക്കളയാം — ഈ ചെമ്പകശ്ശേരിയിലെ കൊച്ചുങ്ങൾക്കു് ഇതിനകത്തു് എന്തു കാര്യം? നിങ്ങളുടെ ചാപല്യങ്ങളിൽ വീണുകൊണ്ടു ബന്ധുക്കളിൽ വിരോധം സമ്പാദിക്കുകയാണു്, അതുകൊണ്ടു നി

പുമുതൽ ഇളകിയ വിയപ്പ് പാടങ്ങളുടെ ബംഗ്ലാവായതെയ നിശ്ചയിച്ചു ലേഖനംചെയ്തു. സകല കാര്യങ്ങളിലും വിജയിയായി ജീവിതം നിവർത്തിച്ച തന്റെ മാതാമഹന്റെ നിര്യാണത്താൽ തനിക്കു നേരിടുന്ന ജീവിതാഗ്രഹഭംഗത്തെ സ്മരിച്ചു, ആ വിരഹവാവിന്റെ പൌരുഷപ്രകാശകമായുള്ള നേത്രങ്ങളിൽ പല ജലകണങ്ങളും തിളങ്ങി. ഇതുകണ്ട ഉണ്ണാക്ഷനനാതിൽ തുടച്ചിട്ട്, "വരട്ടെ. രാജ്യം രക്ഷിക്കുന്നവർ എന്നെയും രക്ഷിക്കും" എന്നു സമാശ്വസിച്ചുകൊണ്ട്, മൈസൂർ വ്യാഘ്രത്തെ ധരിപ്പാനുള്ള സമരാങ്കണത്തിലോട്ടെന്നപോലെ സേനാനായകപ്രഭാവത്തോടെ ഗമയാൽ നടക്കൊണ്ടു.

അദ്ധ്യായം ൫.

"ചീരൈകം സപദി പോന്ദായുധം തരിക അതു സംപ്രതി
കുതുകം പുണ്ടിഹ അധുനാ തവ സവിധം പ്രാപിച്ചതു"

സാതിതിരുനാൾ മഹാരാജാവു് മോഹനകേളീസൌധമായി നിർമ്മിച്ച പുത്തൻ മാളികക്കൊട്ടാരത്തിനു് എടുത്ത ഭൂമിയിൽ പക്ഷേ, ശ്രീമദ്ദിവാകരസ്വാമിയാൽ തന്നിലേക്കിട്ടുള്ളതായ കരു് അരയാൽ ഗോവർദ്ധനച്ചുത്തിന്റെ വൃത്തത്തിൽ കൊമ്പുകഠം വീശി നിന്നിരുന്നു. അതിന്റെ പത്രങ്ങൾ ഉദയത്തിലെ ഇളംകാറേററ്റു കല്ലോലനൃത്തങ്ങൾ തുള്ളി, സൂര്യന്റെ ഉദയകിരണവീചികൾക്കു സ്വാഗതം പാടുന്നതിനിടയിൽ, താഴത്തെ മുറവെളിയിൽ ഉദയശ്യാമനെന്നപോലെ പുഷ്ടശരീരനായുള്ള ഒരു ദശരഥപ്രഭാവൻ അങ്ങോട്ടുമിങ്ങോട്ടും നടക്കുന്നു: അ

Digitized By Kerala Sahitya Akademi

ല്പം വളഞ്ഞി കോതി ഒതുക്കീട്ടുള്ള തലമുടിയ്ക്കിടയിൽ ഒ
ഗ്രം ബന്ധിച്ചുകാണുന്ന കട്ടമയും. നടുവിൽവെച്ച് ഇര
ഭാഗത്തോട്ടും ചീകി ഒതുക്കീട്ടുള്ള മീശയും രജതപ്രഭ
നരച്ചും, മുഖത്തിന്റെ വന്ദ്യതയ്ക്ക് അനുരൂപമായുള്ള വല
ബന്ധങ്ങളായി കാണുന്നു. പുതച്ചിരിക്കുന്ന കാശ്മീരശാ
ലാംബരം അരയിൽ ചാർത്തിയിരിക്കുന്ന പുള്ളിയിലക്കര
രിവാട്ടത്തെ മുക്കാലും മറയ്ക്കുന്നു. വിഴുപ്പുവെടിപ്പിനുതന്നെ
മാർജ്ജനക്രിയ കഴിക്കപ്പെട്ട ധാവള്യത്തോടേ തിളങ്ങുന്ന
ശ്രീകൃഷ്ണയുടെ അബലാത്വത്തിൽ ശ്രുതയായ്തു ആകകൊ
ണ്ടെന്നപോലെ, പാദങ്ങളെ അതിലഘുവായും മൃദുവായും
പതിപ്പിച്ചു യാനം ചെയ്യുന്നു. ഈ ശ്രമത്താൽ അഴി
തൊകന്ന പുരുഞ്ഞിമേൽ പാദങ്ങം പതിയാതെ വ
കൊള്ളുന്ന ഈ വൃദ്ധശ്രീമാന്റെ വിക്രാന്തതയെ ആരും
ബാധിക്കുന്നില്ല. അനവധി സേവകജനങ്ങളും, പരിചാ
രകന്മാരും; ആയുധപാണികളായ ദ്വാരസ്ഥന്മാരും കാരാ
പള്ളിയറകളിലും പ്രാരപ്രദേശങ്ങളിലും നിലകൊള്ളുന്നു
ങ്കിലും, വൃദ്ധന്റെ മുഖത്തു ചേഷ്ടിക്കുന്ന ഭയന്തവിഭാവങ്ങ
ളുടെ സൈരപ്രവർത്തനത്തിനു നിരോധം ഉണ്ടാകുന്നില്ല.
ബലിഷ്ഠാഗ്രേസരനായുള്ള ഒരു ശത്രുവിന്റെ ആക്രമത്തെ
അനുമുഹൂർത്തം പ്രതീക്ഷിച്ച ചിന്താവിഹ്വലനായി അശ്വ
ത്ഥത്തെ നോക്കി, ആപത്കരനായ സൂര്യപുത്രന്റെ വാ
രരോഷം വീക്ഷിക്കുന്നതായ ഒരു മന്ത്രത്തെ മനസാ ഉരുക്കഴി
ക്കുന്നതിനിടയിൽ, തെക്കേപടിഞ്ഞാറു മൂലയിലുള്ള വാത
ലിന്റെ ബഹിർഭാഗത്തുനിന്നും "ഛേ! അങ്ങോട്ടു പൊയ്
ക്കൂടെ ക്രൂരാ—എടാ നെടുംകാലാ! ഇങ്ങോട്ടു—ഇരുൾ എവി
ടെക്കിടന്ന കാട്ടുമാടൻ" എന്നും മറും പച്ച കണ്ണങ്ങാ
ശബ്ദംകൂട്ടുന്നതുകേട്ടു ആ സമരരംഗത്തിന്റെ നേർക്കു,

Digitized By Kerala Sahitya Akademi

ന്ത്രപത്തിൽദ്ധത്തചിത്തനായ വൃദ്ധൻ സാഹസത്തിരോധനത്തിലുള്ള കൃപാസന്നദ്ധതയോടേ തിരിഞ്ഞുനോക്കുന്നു. ഉടനേ യന്ത്രക്കുവണ്ണിൽനിന്നു മുകുതമായ നെടുംപുരക്കുടംപോലെയുള്ള ഒരു സതപാം ആ രാജാങ്കണത്തിൽ നിക്ഷിപ്തമാകുന്നു. മൂക്കും മുട്ടം കുത്തി നിലത്തുവീണ ഒരു ദുഷ്ടാവകുൻ തന്നെ തടുത്ത അപരാധികളെ "ഏതുചീമോൻമാരു്, പീറപ്പുന്നിക്കുഴിവന്മാരു" എന്നും മറും ഭത്സിക്കുന്നതിനിടയിൽ, പൊട്ടിച്ചിരിച്ചുകൊണ്ടു് തന്റെ സാമത്ഥ്യത്തെ ഉദ്ഘോഷിക്കുകയും ചെയ്യുന്നു. ആ കോപദോഷണാകുരനായ അഹംകാരിയെ ശിക്ഷിപ്പാൻ നാനാഭാഗങ്ങളിലും നിന്നു ചാടിപ്പുറപ്പെട്ട പല ശൂലധാരികളും ചക്രധാരികളും, എന്തോ അദൃശ്യപാശങ്ങളാൽ പുറകോട്ടു നിന്നാരായത്തുപോലെ, അപ്രത്യക്ഷന്മാരാകുന്നു. പ്രാചാരത്രാരഞ്ഞ ബലപ്രയോഗത്താൽ തരണംചെയ്ത ബ്രഹ്മകാണാകാരൻ കരിമ്പനമ്പുക്കരയും, നാളികേരസവും ചേന്നാൽ ഒരുപ്രാശത്തെക്കാഠം ലകുപ്രായകമായ കഷകഷധമാണെന്നും മറും പ്രസംഗിച്ചുകൊണ്ടു്, കണ്ണുതുടച്ചു് കുന്നു ചുറി നോക്കിയപ്പോഠം, സങ്കടം ധരിപ്പിപ്പാൻ തക്ക ചക്ഷുണങ്ങളുള്ള വൃദ്ധനേകണ്ടു് കൈകഠം തീട്ടിക്കടഞ്ഞു മീശി, വാനരത്തെപ്പോലെ അദ്ദേഹത്തിന്റെ സമീപത്തെത്തുന്നു.

ഇരുമ്പുബണ്ഡങ്ങളും ചതുഷ്കോണാക്കട്ടികളും സംഘടിച്ചു് ഘുഴടിപ്പൊക്കത്തിൽ വിശപ്പെടുന്തമ്പന്റെ മുഴക്കോലിനും കണക്കുകഠംക്കും അമരാതെ ജനിച്ചിട്ടുള്ള സാഹസികൻ, വൃദ്ധന്റെ മുമ്പിൽവിനു് അദ്ദേഹത്തിന്റെ മുഖത്തെ ചീത്തുമാറുള്ള അംഗുലിക്രിയകളോടുകൂടി തന്റെ ചരിത്രവും യാത്രോദ്ദേശ്യവും സംക്ഷിപ്തമായി വണ്ണിച്ചു. അ

Digitized By Kerala Sahitya Akademi

വന്നാ ഭാഷ, ഉത്തരദേശികൾക്ക സുഗ്രാഹ്യമല്ലെങ്കിലും, സ്വരാജ്യത്തിലെ ജനപദാന്വരകളുടെ വ്യാപാരവിവിധതകളെ ഗ്രഹിച്ചിട്ടുള്ള വൃദ്ധനു ദേവഭാഷപോലെ കണ്ണാനന്ദകരമായിരുന്നു. "കേട്ടോ അമ്മാച്ചാ കല്ലറയ്ക്കപ്പിള്ള എന്നെ ചൊല്പ്പടിക്കാരില്ലിയെന്നോ, കൊമ്പിച്ച ഗുമസ്ഥനും ധുവാൻഷി അറങ്ങളത്തെ ചെന്നു കണ്ടോരു. എത്തും എതിരം ഭൂതനു പേശിയപ്പോ, കുന്നത്തൂർ അങ്ങുന്നു (ദിവാൻജി) ചെല്ലിയാരു, ഇഞ്ഞൊരു രായൻ അംടിപിടിച്ചിട്ടനവി വന്നിരിക്കിറാൻ പോപ്പും. അയ്യാക്കു എതിരു കിട്ടാണ്ടു പൊന്നതമ്പുരാനു എന്തരോ ഒരുകലാപ്പുപോലും എന്നാ, അഴകുകരു ഞെക പാക്കണോ എന്നു ഭരങ്ങോട്ടുകേറി ചെല്ലിയപ്പോ, കല്ലറയ്ക്കപ്പിള്ള "ഹൂം" എന്നു ആട്ടിട്ടാരു എന്നാ അവിടെക്കാ എന്നു ചൊല്ലിച്ചു, പൊന്നതമ്പുരാനെ ഹൈമാന്യം മാടാൻ അഴക അവരറിയാണ്ടു ഇങ്ങോട്ടു പോരണെ."

ഇങ്ങനെ തന്റെ പുറപ്പാടിന്റെ കഥ അഴകൻപിള്ള വർണ്ണിച്ചപ്പോൾ, വൃദ്ധന്റെ ഹൃദയസരസ്സു ഇളകിമറിഞ്ഞു. കണ്ണീരവരായരോടു എതിർക്കുന്നതിനു ഒരു ചാണ്യരുടെയോ മുഷ്ടികന്റെയോ കൂടെക്കൂടി ജനിക്കേണ്ടതുണ്ടെന്നു വൃദ്ധൻ കേട്ടിട്ടുണ്ടു. ചന്ദ്രഗുപ്തകുമങ്ങളിൽ ഭരപരിചിതയായുള്ള ഈ രാജ്യാഭിമാനി പരമാർത്ഥസ്ഥിതികളറിയാതെ ആ മല്ലനോടു മോത്താൽ പപ്പടംപോലെ അരക്ഷണംകൊണ്ടു തകർന്നുപോകയും, ഗുരുഹത്യാപാപം തന്റെ മേൽ ചുമത്തുകയും ചെയ്യുമെന്നു ഗ്രഹിച്ചിരുന്ന വൃദ്ധൻ അഴകൻപിള്ളയോടു ഇങ്ങനെ ഗ്രഹണരോഷവാദം തുടങ്ങി. "നീ രായരേ കണ്ടിട്ടില്ലെന്നു തോന്നുന്നു. ഇവിടത്തെ കുപ്പന്മാരും ആശാന്മാരും അയാളെ പേടിച്ചു കുഞ്ഞിയിരിക്കുന്നു. അ

Digitized By Kerala Sahitya Akademi

യാതൊരു വലിയ അഭ്യാസി. മുക്കുരണ്ടം മറിയുന്നതു കണ്ടാൽ ഇന്ദ്രജാലമെന്നു തോന്നും.''

അഴ:—(അക്ഷമനായി) ''അതെല്ലാം അങ്ങുകൊണ്ടു കെട്ടിവെച്ചുകാൻ പൊല്ലണം. അഴകുവിന്റെ ഒരു അമ്മക്കിനും അവന്റെ തവപ്പനും ഉത്തരം ചൊല്ലിമാട്ടാരു് പൊന്നുതമ്പുരാനെങ്കിലും?''

വൃദ്ധൻ:—''നീ അബദ്ധത്തിൽ ചെന്നുചാടണ്ട. രാജസ്സു് എത്രയായി?''

അഴക:—''അഴകുവിന്റെ പൊറപ്പാടു് അല്പിയൊ പൊള്ളയെള്ളം. അമ്മാച്ചൻ അന്നു് ഇഞ്ഞെങ്ങും ഇല്ലായിരുന്നോ? ഇതാ പാക്കണം, രായനെ ഒന്നു കാമ്പിച്ചുതന്നാലും മതി.''

വൃദ്ധൻ:—''നിന്റെ ആഗ്രഹം സാധിപ്പാന്തെള്ളപ്പമല്ല. രായർ നിന്റെ കുന്നത്തൂർ അങ്ങത്തെ സൂക്ഷിപ്പിലാണു്?''

അഴ:—''ഇതെന്തതു് മടക്കിടാവമ്മാച്ചൻ? തുണയ്ക്കു നെയെനിരുന്നാലു് എള്ളോളം ഉതിരാതിക്കേണ്ടയോ? ധ്രുവാൻഷിഅങ്ങുന്നു രായന്റെ പെട്ടവത്തിലൊ വച്ചു പൂട്ടിരിക്കിണു?''

വൃദ്ധൻ:—''നീ അവിടെപോയി അനുവാദം വാങ്ങി എന്തെങ്കിലും ചെയ്ക.''

അഴ:—''ചുമ്മാ ഇരിക്കിണം അമ്മാച്ചാ! രായൻ വെളിയിൽ എറങ്ങുമ്പോഠം കുന്നു് ഉച്ചിന്മോക്കി വച്ചുകൊടുത്താൽ അവന്റെ ചെമ്മത്തും പിന്നെ മീളമാട്ടാരു്.''

വൃദ്ധൻ:—''അബദ്ധ! അതു ചതിവാകും. നിന്റെ തമ്പുരാനു രസിക്കയുമില്ല.''

അഴ:—''''വൊത്ത'' എന്നു് അനുവണം പറയണതൊക്കെ അങ്ങു വച്ചേക്കണെ. തൊട്ടതിനെല്ലാം തടിമാ

Digitized By Kerala Sahitya Akademi

റെന്നു പറഞ്ഞ ഇങ്ങേരിപ്പോ വന്നതിനു ചൊല്ലിത്തരണ്ടാ. പൊന്നുതമ്പുരാന്റെ പള്ളിയറ കണ്ണു കാണിച്ചതന്നാ പറഞ്ഞ പാത്തോളണം.''

വൃദ്ധ:—''അതൊന്നും എളുപ്പമല്ല, അങ്ങോട്ടു നോക്കു് എത്ര വേൽക്കാർ തടുപ്പാൻ നിൽക്കുന്നു?''

അഴ:—''ഈ കുന്നാത്ത കുന്നും അഴക്കുൻറടുത്തു പോലല്ല. തന്തക്കു പെറന്ന മോനാണു് അഴകൻ. ഭ്രഷ്ടീനാ പോണമെങ്കി, രായനെ തീട്ടീച്ചു് അതുവരെ ഭ്രത്തായിൽ പതിങ്കെടപ്പുൻ. പോടാന്നു് പൊല്ലാൻ വരണവൻ വായ്ക്കരിക്കു മച്ചനുമിയ്യംകൊണ്ടു പോരട്ടു്.''

അഴകൻപിള്ള ആത്മാവിന്റെ ചുവട്ടിൽ രാജകുമാരപ്രായത്തെന്നുള്ള വസ്തുതയെ മാനിച്ചും, ശ്രീരാമശരം ഭക്ഷിച്ചു പുണ്യപീയൂഷം പകർന്നിട്ടുള്ള അന്നദാതാവിന്റെ കരുണാമൃതത്തിലുള്ള പരിപൂർണ്ണവിശ്വാസത്താൽ രാജഗൃഹം പ്രജാഗൃഹംതന്നെ എന്നു സങ്കല്പിച്ചും, വൃദ്ധനെ കൊള്ളാത്തകൂട്ടത്തിൽ ഗണിച്ചു് ആ പരിചയത്തേയും. സംഭാഷണത്തേയും ഉപേക്ഷിച്ചും, തൊടിയ കാലുകൾ നീട്ടി ഇരിപ്പായി. വൃദ്ധൻ, അഴകൻപിള്ള അവലംബിച്ച പരിഭവമൂർഖത കണ്ടു ചിരിച്ചുപോകുമെന്നായപ്പോൾ, ആ സ്ഥലത്തുനിന്നു യാത്രയായി. അഴകനായ സമരപ്രിയന്റെ സരസവീര്യപ്രകടനങ്ങൾ കാണ്മാൻ ഉദിച്ചുപൊങ്ങിയ ബാലസൂര്യന്റെ കിരണകോടികളാൽ രജതപ്രഭ ചേർക്കപ്പെട്ട പത്രങ്ങൾ അയാളെ മൃദുവായി വീജയംചെയ്തു് ഉപചരിച്ചു. അയാൾ ''കെട്ടിയടിച്ചിന്തൊടാ കുട്ടിമരയ്ക്കാനെ—തിറമൊട്ടു പൂണ്ടയിലെ മീനുക്കിരയിടുവാൻ—'' എന്നും കരുണാത്മകമായ ഗാനം വാസികയാൽ പ്രയോഗിച്ചുകൊണ്ടു് ആ ചിരകിക

Digitized By Kerala Sahitya Akademi

ടുടെ സംഖ്യയെ എണ്ണിത്തുടങ്ങി. ഭൂതപണ്ഡിത്യയുടെ പരീക്ഷണാർത്ഥം നളചക്രവർത്തി അനുകരിച്ചതുപോലുള്ളതായിരുന്നു എങ്കിലും, ഈ മഹാപരിശ്രമത്തെ രാജമന്ദിരപരിചാരികമാർ എത്തി, അപേക്ഷാവാക്കുകൾകൊണ്ടു പ്രതിരോധിച്ചു. അഴകൻപിള്ള ചെകിടത്തൊന്നു വടിച്ചു് ഗാനം മുറുക്കി. അല്പം ചെന്നപ്പോൾ, മുകളിലോട്ടുനോക്കി ശാഖകളുടെ ഇടയിൽ കാകപോതാദി മിഥുനങ്ങൾ വിഹരിക്കുന്നു എന്നു കണ്ടു്, അഴകൻപിള്ള എഴുന്നേറ്റതിനു്, ക്ലാർവിളിക്കും കല്ലേറുംകൊണ്ടു് അവയെ ഓടിപ്പാൻ തുടങ്ങി. ദുരാപിയായ കരുരാജഭടൻ അഴകുശ്ശാരുടെ ദുരഹങ്കാരത്തെ ശിക്ഷിപ്പാൻ തുടങ്ങിയ കരുശകാരശല്യം പ്രയോഗിച്ചു.—"നാശക്കേടാ നിന്റെ അമ്മേടെ വായ്ക്കരിക്കു പോരാ അതുള്ളോണ്ടു് ഓത്രയും പറഞ്ഞോണ്ടുതന്നെയോ പോന്നതു്?"

അഴകൻ:—(ദക്ഷിണദിക്കിലെ സഹരലയത്തെ പുഷ്ടീകരിച്ചു്) "അണ്ണാ! ഇപ്പം എങ്ങിനെ വരിണാങ്കു്? അഴകന്റെ അമ്മപെറന്ന പാലി; അഴകൻ കൊലയിൽ കരുട്ടു്. എവൻ പെപ്പെയ്യാ. അങ്കു പാട്ടപെടാൻ വേറെ പേരൊണ്ടു്."

വേൽക്കാരൻ:—"അവിടെ ഇരുന്നു വിളയാതെ, എഴീച്ചു്—ഹാ! ഇതുതിന്റെ തൊഴുത്തും ചാണപ്പെരയുമല്ല. അന്നേ! കോമാളിക്കോലൻതിന്നു് അടവു പവുട്ടണതു കണ്ടില്ലേ?"

താൻ കാണുന്ന മന്ദിരത്തിന്റെ ഉടമസ്ഥൻ തന്നിലും ആ ഭടനിലും തുല്യമായിമാത്രം കൃപാവീക്ഷണം ചെയ്തരുളുന്ന ധാർമ്മികനാണെന്നു് അഴകൻപിള്ള വിശ്വസി-

Digitized By Kerala Sahitya Akademi

ച്ചിരുന്നതിനാൽ, ഭടന്റെ ഭത്സനത്തെ "തിന്തക്കം തുള്ളി യാലൊന്തുകിട്ടും — അന്തിക്കൊരുപിടി പാറുകിട്ടും — തിന്തൊം തിന്തൊം തിന്തൊം തിന്തൊം തേരക്കതിന്തൊം തിന്തൊം തോം" എന്നൊരു ഗാനംകൊണ്ടു പ്രത്യുപമാനം ചെയ്തു് അയാളെ മന്ത്രിച്ചു.

തന്റെ നേർക്കുള്ള നിഗ്രഹശക്തികൊണ്ടു് പുറപ്പെട്ടിരിക്കുന്ന അഞ്ജനശിരാമണിയുടേയും ഇച്ഛയെ ഭംഗപ്പെടുത്താൻ പ്രജാരിഷ്ടനായതെത്ത ജീവിതവ്രതമായി ധരിച്ചിട്ടുള്ള ശ്രീരാമവർമ്മമഹാരാജാവിന്റെ ഹൃദയം അരക്ഷണനേരംപോലും തുതിഞ്ഞില്ല. സത്യവ്രതത്തിന്റെ ഭംഗവും, ഒരു കായ്യാസ്ഥന്റെ ജീവഹതിയും കൂടാതെ കായ്യങ്ങൾ സമാപിക്കാൻ മാർഗ്ഗമെന്തെന്നു ചിന്തിച്ചു് ധ്യാനസ്ഥിതിയിൽ നിന്നപ്പോൾ, കരണീയം തിരുവുള്ളത്തിൽ പ്രകാശിച്ചു. ഉടനെകൊണ്ടു് അഴകൻപിള്ളയെ അടുത്തപോലെ സന്ദർശിപ്പാൻ കൊട്ടാരം സവ്യാധികായ്യക്കാർ ആയിരുന്നു. ഈദ്ദേഹത്തിന്റെ വീരഭദ്രപ്രഭാവവും, അകമ്പടിക്കാരുടെ ഭൂതഗണരൂപങ്ങളും കണ്ടപ്പോൾ താൻ വഴിപോലെ സൽക്കരിക്കപ്പെടുന്നു എന്നു ചിന്തിച്ചു് അഴകൻപിള്ളയുടെ മനസ്സു കുളിർത്തു. രാജമന്ദിരത്തിലെ ഒരു തളത്തിൽ നെടിയിലയും ഇട്ടു് അഴകൻപിള്ളയെ ഇരുത്തി. സവ്യാധികായ്യക്കാരുടെ കണ്ണശംഖത്തിന്റെ ഉദ്ഘധ്വനികൾ യഥാക്രമം ആജ്ഞകൾ കൊടുത്തു വിളമ്പിച്ചപ്പോൾ, രജാതിഥിയുടെ ഉദരം തിന്തിയിലെ പുരയ്ക്കുപോലെ വീർത്തു. പത്തിരുപതു പണം അടങ്ങീട്ടുള്ളതായ ഒരു കിഴിയും, രണ്ടുടുപ്പു മുണ്ടുംകൂടി സമ്മാനമായി കിട്ടിയപ്പോൾ, "എന്റെ അമ്പിച്ചാ! ഇന്നു വലത്തുവയംതന്നെ എഴിച്ചേൻ" എന്നു

Digitized By Kerala Sahitya Akademi

തന്റെ ഭാഗ്യത്തിൽ സന്തോഷിച്ചു. എങ്കിലും, സവ്വാധികാര്യക്കാരിൽനിന്നു് "എന്നാൽ ഇനി പോക. പിന്നീടു കാണാം" എന്നു കല്പനയുണ്ടാകുന്നതുവരെ, സമ്മാനങ്ങളെ താഴത്തുവച്ചിട്ടു് അഴകൻപിള്ള ഉത്സുകനായി പരിഷ്പ്രസ്ഥാനത്തിനു കോപ്പിട്ടു. "ഹിതനെന്താരങ്ങുന്നേ? ചൂടു കയ്യു് തൊണ്ടയിലിട്ടാൽ, അകത്തുപോയതു് ചൂടം വെളിയിൽ എടുത്തുടുവാരു്. മാറതാണ്ടല്ലോ, പൊന്നമ്പേടി എന്നു ചൊല്ലുവാരിപ്പിന്നെയാ, ആ ഐക്യമാന്യം, അതു് കാക്കാതിപ്പാലും, തല കീഴ്ക്കാമ്പാടെ നിറുത്തുട്ടാലും അങ്ങു താങ്ങിയ കിടപ്പാരു്."

സവ്വു:—'എടാ നിനെ ആ രായർ കൊന്നാൽ—'

അഴ:—"അങ്ങനത്തെക്കത്തുചേതം എനെന! എടുത്തു മുട്ടി പൊരുക്കുടണം. പൊറത്തുള്ള മായമായി മാരടിച്ചു് വീഴവ് കൊണ്ടാടുവാരു്."

അഴകൻപിള്ളയുടെ ഉയരം കണ്ടു വിധിച്ചതുപോലെ സവ്വാധികാര്യക്കാർ തോന്നി. ആ കാലദണ്ഡാകാരനെ തന്റെ ഉദ്യോഗശാലയിൽ ഇരുത്തിട്ടു്, സവ്വാധികാര്യക്കാർ രാജസമക്ഷം വാസ്തകർമ്മം സമർപ്പിപ്പാൻ തിരിച്ചു.

അന്നത്തെ സൂര്യോഷ്മാവു് ശാന്തമായിത്തുടങ്ങിയപ്പോൾ, രാജമന്ദിരത്തോട്ടത്തിന്റെ കിഴക്കുഭാഗത്തു് വൃക്ഷങ്ങളില്ലാത്ത ഒരു സ്ഥലം ഇടിച്ചുനിരപ്പിച്ചു് മല്ലരംഗത്തിനു യോഗ്യമാക്കിത്തീർത്തിരിക്കുന്നു. അതാടുചേർന്നുള്ള വിശ്രമമണ്ഡപത്തിന്റെ നാലുവശങ്ങളും വെള്ളിയവടകൊണ്ടു കെട്ടിമറയ്ക്കപ്പെട്ടിരിക്കുന്നു. മണ്ഡപത്തിന്റെ കിഴക്കുവശത്തു ദിവാൻമുതലായ ഉദ്യോഗസ്ഥന്മാരും, പടിഞ്ഞാറുഭാഗത്തു് രാജമന്ദിരപരിജനങ്ങളും അത്യുപചാരമായ

Digitized By Kerala Sahitya Akademi

ത്തിൽ നിൽക്കുന്നതു് രാജസാന്നിധ്യത്തെ സൂചിപ്പിക്കുന്നു. തുറന്ന രംഗത്തിന്റെ പടിഞ്ഞാറുവശത്തു് അഴകൻപിള്ള തറവട്ടത്തു്, ആ വസ്ത്രം ഇഴിഞ്ഞുപോകാതെ അരക്കച്ച കൊണ്ടു് ഇറുക്കിക്കെട്ടി ചന്ദനക്കുറികളും പിടിച്ചു്, ചാകുന്നെങ്കിൽ അതിനും കോപ്പിട്ടു നില്ക്കുന്നു. പുറകിൽ നില്ക്കുന്ന കുറുപ്പന്മാർ, ആശാന്മാർ മുതലായ യുദ്ധചതുരന്മാർ ഉള്ള സമയംകൊണ്ടു മല്ലയുദ്ധപ്പടങ്ങുകഠം നമ്മുടെ അവിവേകിക്കു് ഉപദേശിക്കുന്നു. ഈ സംഘത്തെയും, കിഴക്കും തെക്കും വശങ്ങളിലും, പുറമേ ചൊതായ കരുസേനാപംക്തി ആയുധധാരികളായി അണിയിട്ടിരിക്കുന്നു. സംഭവിക്കാൻപോകുന്ന രാജമേധം കാണ്മാൻ പുരപ്രധാനന്മാരും, തിക്കിത്തിരക്കി തോട്ടത്തിലെ മറു ഭാഗങ്ങളിൽ നിറഞ്ഞുകൂടിയിരിക്കുന്നു. രാജസാന്നിധ്യത്തെ ആദരിച്ചു് ജനങ്ങൾ മൗനം അവലംബിക്കുന്നു എങ്കിലും, രായരും അഴകഴ്ശാനും തമ്മിലുള്ള അജഗജാന്തരത്തെ വിചാരിച്ചു് അത്ഭുതവും ഹാസ്യവും ഖേദവും പരസ്പരം മുഖകണ്ണുകൾ ചേർത്തു് ഉച്ചരിച്ചുപോകുന്നു. വീട്ടിൽ എന്നവിധം വിനയപ്പോലെ അഴകൻപിള്ള തല താഴ്ത്തിയും ഉയർത്തിയും ആശ്ചര്യസമേതം പുറുപുറുപ്പും നോക്കി; സമീപവർത്തികളായ അഭ്യാസവിദ്വാന്മാരിൽനിന്നു തന്നിക്കു കാട്ടുന്ന ഗൂഢസ്നിഗ്ധയോഗോപദേശങ്ങളെ സന്നിഹിതസംഘത്തിന്റെ പ്രസാദത്തിനായി അഭിനയിച്ചു കാട്ടുന്നു. ഇടയ്ക്കിടെ തന്റെ യജമാനനായ കല്ലറയ്ക്കൽപിള്ള ആ സ്ഥലത്തെങ്ങാനും എത്തിട്ടുണ്ടോ എന്നു് അമ്പരപ്പോടെ നോക്കി, അദ്ദേഹം എത്തിട്ടില്ലെന്നറിഞ്ഞു് മനോന്മത്തനാകുന്നു. അടുത്തുനില്ക്കുന്ന ദ്രോണാചാര്യന്മാരുടെ മുതുകിലും പിടലികളിലും

Digitized By Kerala Sahitya Akademi

തെടിയ ഇരുമ്പു വിരലുകൾകൊണ്ടു് കാരോ ഉന്നകം കൊടുത്തു് "തമ്പുരാൻ എഴുന്നള്ളുമ്പം കൊട്ടുവാരില്ലയോ?" എന്നു ചോദിച്ചു്, സംഭവിച്ചുപോയിരിക്കുന്ന ആ അഘോഷത്തെ പ്രതീക്ഷിച്ചു് ചില ഉന്മേഷതാളങ്ങൾ കൈകൊണ്ടു മേളിക്കയും ചെയ്യുന്നു. ഈ സംഭവം തന്റെ അമ്മയും സഹോദരന്മാരും സമീപവാസികളും അറിയുമ്പോൾ എന്തു മഹാരസം എന്നു ചിന്തിച്ചു് വാസ്തുകത്തുളവാകുന്ന ഉന്മിത്തീരിൽ ചില ലഘുകണങ്ങൾ വെളിയിലോട്ടു വിസർജ്ജിപ്പിച്ചും പോകുന്നു.

ഭൈരവഗികളുടെ ചെറുതപ്പുകൾ ആരോഴ്ണ്ണം കൂടിച്ചേർന്നു് ശ്രുതികമായ "ധിമിധിമി" ധ്വാനത്തെ മുഴക്കുന്നു. ഷഡ്ജ എന്ന കുഴലുകളുടെ തൃക്ഷുപ്രവാഹങ്ങൾ ആഹ്വാനങ്ങൾ എന്നപോലെ പരിസരങ്ങളിൽ പ്രതിധ്വനിക്കുന്നു. പച്ചക്കൊടിക്കൂറകൾ കാറിൽ ഇളകിച്ചലിച്ചു് സുസ്ഥിതി അപഹരിപ്പാൻ എന്നമട്ടിൽ മുന്നോട്ടു തിങ്ങുന്നു. ഹിന്ദുസ്ഥാനിയിലുള്ള ചില സ്തോത്രഗാനങ്ങൾ മഹാരാജാവിനെ പ്രശംസിച്ചുവാണെന്നറിഞ്ഞു് സന്നിഹിതസംഘത്തിലെ സംഗീതരസികന്മാർ തത്തകണ്ണന്മാരാകുന്നു. "ശ്രീപത്മനാഭോസക ജേ! രാമരാജാബഹദ്ദൂർക ജേ!" എന്നുള്ള ആപ്പുകളെ ആരോഹിച്ചു് കിഴക്കവശത്തു കൂടിയിരുന്ന ബഹുജനനിര മല്ലസംഘത്തിനു വഴികൊടുത്തു.

കണ്ണീരവരായരും, പരിവാരങ്ങളും തെളിതെളത്തിളങ്ങുന്ന വസ്ത്രാദി ആഡംബരങ്ങളോടും കൂടെ മഹായവന സംഘാംഗപാമ്പെയും രംഗത്തു പ്രവേശിച്ചപ്പോൾ, പരിസരവാസികൾ പ്രതിയോഗികളുടെ സവ്പ്രകാരണയുമുള്ള വിപയ്യയങ്ങളെ മീന്തിച്ചു് ലജ്ജാവശന്മാരായി. ഈഴകൻ

Digitized By Kerala Sahitya Akademi

ക്കി "പഞ്ചാക്കട്ടേ" എന്ന ഗർജ്ജനംചെയ്തു. സ്വഹസ്തത്തെ ഗ്രഥിച്ചുകൊണ്ടു ഗ്രന്ഥിക്രിയയിലെ പ്രഥമകർമ്മം ആരംഭിപ്പാൻ അപേക്ഷിച്ചുനില്ക്കുന്ന രായരുടെ വായ്ക്കകത്തു ശേഷിച്ചിരുന്ന ലവംഗപഞ്ചകത്തെ അയാളുടെ നേരെ പൊങ്ങിച്ചുകൊണ്ടു കഠോരവാക്കുകൾ തുടങ്ങിയതിന്റെ ധൃഷ്ടതയും കാണികളെ ഞെട്ടിച്ചു. ക്ഷാമകേതുപോലെ നില്ക്കുന്ന അഴകൻപിള്ളയുടെ കണ്ണിരവരായരുടെ ക്ഷണം നിരർത്ഥപദങ്ങളായിരുന്നതിനാൽ, ബഹുജനമാകുന്ന നിഘണ്ടുവിന്റെ സഹായത്തെ അപേക്ഷിക്കേണ്ടിവന്നു. അയാൾ വട്ടമിട്ടു കുതിരസംഭാഷണം തുടങ്ങി. അരക്കെട്ടിന്മേൽ തിരുകിവച്ചിരുന്ന താരസംഘാതം ബഹുജനങ്ങളുടെ ഹൃദയങ്ങളിൽ ഒരേയോഭാഗത്തെ ഉല്പാദിപ്പിക്കുകയാൽ അഴകപ്പന്മാരുടെ ചോദ്യഭാഷയെ ആരും ഗണിച്ചില്ല. കണ്ണീരവരായർ കസവുത്തുകിടും പൊക്കവിളികളും മപ്പടികളുംകൊണ്ടു കളംതകർത്തു.

ഇനിയും താമസിക്കുന്നതു പന്തിയല്ലെന്നു ചിന്തിച്ചു അഴകൻപിള്ള രണ്ടു കാലിന്മേൽ നടക്കുന്ന കരടിയെപ്പോലെ മുന്നോട്ടു നീങ്ങി, ആകാശചാരികളുടെ പ്രസാദത്തിനെന്നപോലെ മേല്പോട്ടുനോക്കി, ഭൂമിത്തിന്മേൽ ചില താളങ്ങൾ മേളിച്ചു, കണ്ണീരവരായർ മപ്പടിക്കു് എതിർമപ്പുകൾ ഘോഷിച്ചു. ഈ വികൃതക്രിയകൾ കണ്ടു് കണ്ണീരവരായർ വിജയനിശ്ചയത്തോടെ ചില കൊടുക്കുത്തുകളും, കയ്യ് നിലത്തുതൊടാതുള്ള മുൻപിൻ അടിപ്പുകളും നിന്നിടത്തുനിന്ന പ്രയോഗിച്ചു. അഴകൻപിള്ള അതുകണ്ടു് കോപിച്ചു് "ഛേ! ഇതെന്തൊരു ചെവിത്താൻ! തന്റെ രാവണാട്ടങ്ങൾ കൊണ്ടുചെന്നു് എന്നു് അപഹസിച്ചപ്പോൾ, കണ്ണീരവരായർ കുതിച്ചു സിംഹംപോലെ മുമ്പോട്ടു ചാടി

Digitized By Kerala Sahitya Akademi

ജയപ്പെടെ ശരീരത്തെ ലക്ഷ്യമാക്കി കന്നം മട്ടിച്ചു. അതു ഫലിച്ചില്ലെന്നു കണ്ടു്, ആ മല്ലപ്രവീണൻ മുഷ്ടികൊണ്ടു ചുരുട്ടി അഴകൻപിള്ളയുടെ ഇടതും വലതും വശങ്ങളും, തലയും നാഭിയും നോക്കി തെരുതെരെ കുത്തിത്തകർത്തപ്പോൾ, ആ ഉഗ്രമായ കരഘട്ടനങ്ങൾ ഒണ്ടിപ്പിച്ചതു നിരപരാധിയായ വായുഭഗവാനെ ആയിരുന്നു. അഴകൻപിള്ള രായരുടെ ചീന്തിവരുന്ന കരമുസലങ്ങളെ കഴിഞ്ഞു്, അകലത്തോട്ടു ചാടി സഭാഡംഭരത്തോടും തന്റെ സാമർത്ഥ്യത്തോടും കാണ്മാൻ "എൻറമ്മച്ചീ ഇതെന്തു് പാടെന്നു പാടു്" എന്നു തന്റെ അമ്മയെ ക്ഷണിച്ചു. മുഷ്ടിയുദ്ധക്രമങ്ങളിൽ അനന്യസ്ഥാനമുള്ള കരു ബീഭത്സമാടു നോക്കാൻ മഹാരാജാവു നിയോഗിച്ചതു്, തന്നെ അപമാനിച്ചതായിരുന്നു എന്നു ശങ്കിച്ച കണ്ണീരവരായർ കോപാന്ധനായി, പല ഭാഷകളിലും എതിരാളിയെ ഭത്സിച്ചുകൊണ്ടു അയാളെ പിടിപ്പാനായി ചാടിയും, കൈചിരിയും, വട്ടമിട്ടോടിച്ചും പല സാഹസങ്ങൾ ചെയ്തു. കൈക്കുള്ളിൽ കന്നം കിട്ടിയാൽ, കരു വെട്ടിവലിപ്പുകൊണ്ടു് പ്രതിയോഗിയെ അരുതിപ്പെടുത്താമെന്നു ധൈര്യത്താൽ ആ വിദഗ്ധമല്ലൻ കൈകൾ വിടുത്തിപ്പാഞ്ഞും, തക്കംനോക്കി കുതിച്ചും, തരംകണ്ടു പല തട എതിർത്തും മറുത്തും, തന്റെ മുഖത്തും വക്ഷസ്സിലും ധരിച്ചിരുന്ന ശംഖുചക്രാദിമുദ്രകളെ വിയർപ്പുമാർഗ്ഗമായി കഴുകിച്ചു. അഴകൻപിള്ള മത്സ്യംപോലെ പിടഞ്ഞുതൊച്ചും, സർപ്പംപോലെ പുളഞ്ഞും കരങ്കിനെപ്പോലെ കുതിച്ചുചാടിയും, കിതയ്ക്കാതെയും വിയക്കാതെയും പിടികൊടുക്കാതെ സാധിച്ചു.

ഇങ്ങനെയുള്ള അടവുകൾക്കു് അവസാനം കാണായ്കയാൽ, കണ്ണീരവന്റെ അനുചരന്മാർ അവരുടെ ഭാഷയിൽ കരു വിജയമാർഗ്ഗത്തെ തങ്ങളുടെ നാഥനോടു ഉപദേശിച്ചു.

Digitized By Kerala Sahitya Akademi

രായർ ഞടഞ്ഞാന്നു മാറി. ബ്രാഹ്മണബന്ധങ്ങളെ ആകാശത്തുയർത്തിപ്പിടിച്ചും ഉഗ്രമായി ഞെളിഞ്ഞും അവജ്ഞക്കണ്ണുകളാൽ അരയെക്കാട്ടിക്കൊണ്ടും, "ഞടേ പുള്ളായ്, ഇന്നാ പുടിച്ചുക്കോ" എന്നു കോപാട്ടഹാസത്തോൽ അഴകൻപിള്ളയെ ക്ഷണിച്ചു. ചതുരന്മാരായ ഗ്രാമീണക്കാരുടെ അരയ്ക്കു് അഭ്യാസശൂന്യന്മാർ പിടിയിട്ടാൽ, അഭ്യാസക്കാരൻ ശപ്പു സംപിടിച്ചു കുനിഞ്ഞു് കുന്നുവെട്ടി ഉഴക്കുന്നപോലെ, അനഭ്യാസിയായ പിടിവിട്ടു് അഭ്യാസക്കാരന്റെ തലയ്ക്കു മീതെ കരണം മറിഞ്ഞു നിലത്തുവീണു് കാലനഗരം പ്രാപിക്കും. ഈ സംഭാവ്യതയെ ഗ്രഹിച്ചിരുന്ന രാജമന്ദിരത്തിലെ ഭീഷ്മശല്യപ്രഭൃതികൾ "ഞരുന്തരുത്" എന്നു് ആക്രോശിക്കയും, "മതിമതി, രായർ ജയിച്ചു എന്നു സമ്മതിച്ചേക്കാം. നിൽക്കട്ടെ" എന്നു് യവനികയ്ക്കുള്ളിൽ നിന്നിരുന്ന മഹാരാജാവു് അരുളിച്ചെയ്കയും ചെയ്യുന്നതിനിടയിൽ അഴകൻപിള്ളയുടെ കബന്ധഹസ്തങ്ങൾ രണ്ടും രായരുടെ ഉദരബ്രഹ്മാണ്ഡത്തെ വലയംചെയ്തുകഴിഞ്ഞു.

രായർ സന്തുഷ്ടമാനംകൊണ്ടു് ജൃംഭിതവീര്യനായി. അയാളുടെ ജംഘകളുടെ മാംസബന്ധങ്ങൾ തിരിത്തു് ശപ്പുസബന്ധാരംഭത്തെ പ്രത്യക്ഷപ്പെടുത്തി. അഴകൻപിള്ള ഞാണിന്മേൽ കളിക്കുള്ള കുരിക്കുപ്പൂട്ടുമുളകൾപോലെ കാലുകൾ ചിട്ടുത്തി ഉറപ്പിച്ചുകൊണ്ടു് ഒരു ഭുജംകൊണ്ടെ രായരുടെ വയറിൽ ഇറക്കി, കൈകളാലുള്ള വലയത്തെ മുറുക്കിത്തുടങ്ങി, "ആയ്മ്പ്വാ! ഞങ്ങനെ ഇരുത്തു്! ബ്ലാഹ്മ് എന്നു് അമത്തട്ടെ" എന്നിങ്ങനെ ചില ഉപദേശങ്ങൾ കൈകൾക്കും തോളിനും നൽകിക്കൊണ്ടു് ആ കരിമ്പനക്കുറവൻ തല നമിച്ചു് ശ്വാസം മുറുക്കി, രായക്കു് ആയാസം സഞ്ചയിക്കുന്നതിനു് ശ്വാസോച്ഛ്വാസഗതികൾക്കുള്ള ശക്തി ഉത്ഭവിക്കേണ്ടതായ ഉരസന്ധികയ്ക്കുള്ളിൽ സ്ഥലമി

Digitized By Kerala Sahitya Akademi

ല്ലാതാക്കി. ആ പ്രാണഭീതൻ കൈകാം താഴ്ത്തി അഴകൻ പിള്ളയുടെ കൈകാംക്കിടയിൽ കടത്താൻ സാഹസപ്പെട്ടു. ആ ലോഹവലയത്തിനുള്ളിൽ ഒരു രോമതന്തുവിനു പോലും കടക്കാൻ സ്ഥലം കിട്ടാഞ്ഞതിനാൽ, രാഷ്ട്രർ ഘോരമായ മിഷ താഡനങ്ങാം അഴകൻപിള്ളയുടെ ശിരസ്സിലും ഭുജത്തിലും മുതുകിലും ഏല്പിച്ചു. നാളികേരസാലങ്ങളുടെ നീരസാരത്താൽ പരിപുഷ്ടമായിട്ടുള്ള അഴകൻപിള്ളയുടെ അവയവങ്ങാം ആ മുഷ്ടിപ്രഹാരങ്ങാക്കു നിശ്ശേതനങ്ങളായിരുന്നു. ചെങ്കനവാവിന്റെ പുരുഷകളിൽ ഒരകപ്പെട്ടുന്ന കാം തകരുംവണ്ണം രായരുടെ നാട്ടുകാർ ഞെരിഞ്ഞുഞെങ്ങി. ഭയാധുടെ വക്ഷസ്സു് ശ്വാസസ്പന്ദത്താൽ പിളക്കും എന്നുള്ള മട്ടിലായ്കയാൽ അയാം വല്ലു ഞെരിച്ചുകൊണ്ടു് ആയുധം പെരുക്കി പിടഞ്ഞു കുടഞ്ഞു. കണ്ണുകാം മുമ്പത്തേതിലും ജ്വലിച്ചു പുവന്നു. പൂതനയുടെ മോക്ഷഗതിയോടടുക്കുന്ന ഭയാളുടെ കൈകാം ആകാശത്തും തന്റെ ചുറ്റുപാടത്തിനുമെലും ആഞ്ഞിത്തുടങ്ങി. കാലുകാം അടുപ്പിച്ചുറപ്പിച്ചിരിക്കുന്ന അഴകൻപിള്ളയുടെ ഉടലും ശ്വാസപ്പെരുക്കത്താൽ ആഞ്ഞുപോകുന്നതു് പിടി മുറുകുന്നതിന്റെ ലക്ഷണമായി കാണുന്നു. രായർമല്ലൻ സുകരത്തെപ്പോലെ അമറിത്തുടങ്ങി. ഈ വിവശസ്വരം കേട്ടു് അസ്വവിവേകന്മാരായ രായരുടെ അനുചരന്മാർ മല്ലനിയങ്ങളെ മാനം തങ്ങളുടെ നാഥനെ സഹായിപ്പാൻ മുന്നോട്ടുതീങ്ങി. ഇങ്ങനെയുള്ള വല്ല അപായപ്രയോഗവും ഉണ്ടാകുമെന്നു സംശയിച്ചു് കാവലായി നിറുത്തിയിരുന്ന പടാതിസംഘവും യുദ്ധരംഗത്തെ ചുറ്റി കരു വ്യൂഹബന്ധം ചമച്ചു. അഴകൻപിള്ള "എക്കിതി എന്റെ തള്ളയുടെ വയററിഞ്ഞ പോരുക" എന്നു് സ്വമനസ്സിൽ അലറിക്കൊണ്ടു നിവന്നു് ആകാശം ഭേദിച്ചുനിന്നപ്പോാം, അയാളുടെ ശിരസ്സിനു മുകളിൽ മൃതപ്രായന്മായ കണ്ണീരവരായർ തല

Digitized By Kerala Sahitya Akademi

ളപോലെ പിടയ്ക്കുന്നതു കാണുമാറായി. ആ മല്ലപ്രവീണൻ പന്തു കണക്കെ മുന്നോട്ടു് എറിയപ്പെട്ടപ്പോൾ പരിതസ്ഥിതിയിൽനിന്നു് ഒരു വിജയാട്ടഹാസം പൊങ്ങി നഗരത്തെയും ഇളക്കി.

അഴകൻ ആ രംഗസംഭവങ്ങളെല്ലാം മറന്നു് അരയിലെ മുണ്ടു കടഞ്ഞുടുത്തും രണ്ടാംമുണ്ടിനെ തലയിൽ ചുറ്റിയും തന്റെ യജമാനനായ കല്പാറയ്ക്കൽപിള്ളയുടെ മുമ്പിൽ ചെന്നുചീണ്ടു് അന്നത്തെ സാഹസത്തിനു ക്ഷമായാചനം ചെയ്യാൻ പുറപ്പാടുചട്ടം തുടങ്ങി. മഹാരാജാവിന്റെ തൃക്കൈക്കുഴിൽനിന്നുണ്ടാകുന്ന സമ്മാനങ്ങൾ വാങ്ങിപ്പാൻ രാജഭടന്മാർ അയാളെ പിടിച്ചുടിയപ്പോൾ, "ഹ തെന്തരു് ചെമ്മമ്മുവി?" എന്നു പുലമ്പിക്കൊണ്ടു് അഴകൻപിള്ള മണ്ഡപംവരെ നടന്നു. അതിനടുത്തു നിന്നിരുന്ന സേവകന്മാർ ആ രംഗത്തുള്ള യവനികയെ നീക്കി. മഹാരാജാവു് മണ്ഡപത്തിനകത്തുണ്ടായിരുന്നു എന്നു അപ്പോൾ ഊഹിച്ച അഴകൻപിള്ളയുടെ ജീവാത്മാവു് പാൽക്കടലിലോ പാൽപായസക്കടലിലോ തീരാടി. ഈയാംക്ഷണത്തിൽ മുണ്ടൊതുക്കി ഒരു കൈ കെട്ടി മറുകൈകൊണ്ടു് വാ പൊതിഞ്ഞു് തന്നിക്കും രാജ്യത്തിനും സംരക്ഷിതാവായുള്ള കണ്ണിനുകാണും വൈദേഹത്തെ വന്ദിപ്പാനായി യഥാചാരം സമകോണാകാരനായി വടക്കാലേൽനിന്നു്, ദക്ഷിണദിക്കിലെ പൂവ്വരീതി അനുസരിച്ചു് മദ്ധ്യാംഗുലികളുടെ അഗ്രത്തെ അതതു തോളോടു ചേർത്തു തൊഴുന്നതിനായി, രാജകളേബരത്തെ നല്ലോണം കാണുവാൻ കനുകൂടിക്കൂടിഞ്ഞു. മണ്ഡപത്തിനുള്ളിലെ സജീവപ്രതിഷ്ഠയെ കണ്ടപ്പോൾ അഴകൻപിള്ള അന്നു മുഷ്ടമായി ഉണ്ടതും, ഉദരത്തിൽ തങ്ങിയിരുന്ന നാളീകേരാദിസാരങ്ങളും പാദം മുതൽ കുത്തിപ്പൊങ്ങിയ ഭയമഹാഗ്നിശിഖയിൽ നിശ്ശേ

Digitized By Kerala Sahitya Akademi

ഷം ദഹിപ്പിച്ചുടി. രായരുടെ മുസല്വനെക്കൊണ്ടുള്ള പ്രഹ
രങ്ങളാൽ തലയ്ക്കും കണ്ണിനും "മന്തം ഉണ്ടായിരിക്കുവാങ്ങ്" എന്നു ശങ്കിപ്പു് അയാൾ കണ്ണുകളെ നല്ലപോലെ തിരുമ്മി ശരിയായിട്ടു വെളിയടയ്ക്കുന്ന മന്ദപ്രഭയ്ക്കിടയിൽ നിൽക്കുന്ന വിഗ്രഹത്തെ സൂക്ഷിച്ചുനോക്കി. പ്രേക്ഷകലോകത്തെ കൃപാധോരണിയാൽ നിരുദ്ധവീര്യമാക്കുന്ന മന്ദാക്ഷത്തോടെ എഴുന്നരുളി നിൽക്കുന്നതു് ഉദയത്തിലെ വൃദ്ധൻതന്നെയാണെന്നും അഴകശ്ശാരുടെ വിഭ്രാന്തനേത്രങ്ങൾക്കു് നിശ്ചയമായപ്പോൾ, "അഴകൻപോ ഒടുന്തടി" തുക്കിറത്തിന്മേൽ ഊഞ്ഞാലാടുന്ന കാഴ്ചയെത്തന്നെ കാണുകയും ചെയ്തു. ഉള്ളിൽനിന്നുദിച്ച വിറയലോടെ ദുഃഖവീക്ഷണനായി കായത്തെ നല്ലോണം താഴ്ത്തിയും, താടി ഉയർത്തി പുരികങ്ങൾ ചുളുക്കിയും, അല്പനേരം സാഹസപ്പെട്ടു് മൂന്നാമതും നോക്കി സൂക്ഷ്മത്തെക്കുറിച്ചു പരിപൂർണ്ണബോദ്ധ്യം വന്നപ്പോൾ മാറത്തലച്ചു "കെടുത്തല്ലയോ പോട്ടാങ്ങ്." എന്ന ഒരു ദീനാലാപം ഉച്ചത്തിൽ പുറപ്പെടുവിച്ചുകൊണ്ടു് അയാൾ ഞെട്ടി പുറകോട്ടുകുതിച്ചു്, ഒടും ചാട്ടങ്ങൾ ചാടി മറഞ്ഞു. ആ നിഷ്ഠുരനിഷ്ഠനായ രാജദ്രോഹിയെ രാജശാസനയിൽ തുടർന്ന ചാരന്മാർ പിന്നിട്ടു കണ്ടുപിടിക്കുടിയതു്, മുപ്പുരിത്താളം നാഴികയ്ക്കപ്പുറം പാർക്കുന്ന അവരുടെ വൃദ്ധജനനിയുടേയും ജ്യേഷ്ഠന്മാരുടേയും പുറകിൽനിന്നായിരുന്നു.

അദ്ധ്യായം ൭.

"രംഗത്തിൽ വന്നവിണിടിനാൻ കംസനും,

.....

കൂടവേ ചാടിനാൻ കൃഷ്ണനവന്മീതെ."

Digitized By Kerala Sahitya Akademi

"മറിവുമവനുടെനെറിവുമൊരുവിധമറിവുമൊരുവകയുള്ളലും,
പറയനോടു ഫലിക്കയില്ലതുപറകയില്ലറിയാമുടൻ"

അന്നത്തെ മല്ലയുദ്ധം ശിക്ഷാഭീതനായ അഴകൻപിള്ളയുടെ ഛരിണപലായനത്തോടുകൂടി അവസാനിച്ചില്ല. ഈ പ്രബന്ധസംഭവങ്ങളാം ഒരു മഹാപ്രവാഹത്തിന്റെ ഗതിയെത്രയുടനും, അവിസ്മരണീയമായുള്ള ചരിത്രം വിശ്രുതിയെസമ്പാദിച്ചു തന്റെ സ്ഥാനത്തിനും രാജ്യത്തിനും, പ്രജകൾക്കും അഭിമാനഹേതുകമായ ഒരു വിജയം അനന്തരപ്രസ്ഥാനങ്ങളുടെ ശുഭോദർക്കത്തെയ്ക്കു സുശകുനം പിന്നപോലെ സംഭവിച്ചുപ്പോം, രാമവർമ്മമഹാരാജാവു ഉത്തരക്ഷണം ഭരണനിർവഹിച്ചതായ കർമ്മം, അവിടുത്തേയും മന്ത്രിപ്രധാനരുടെയും ദീർഘദൃക്കുകളെയും കണ്ണീരവലായതുടെ ദ്രോഹോദ്ദേശ്യത്തേയും വെളിപ്പെടുത്തി. നിമന്ത്രിതനോ നിയുക്തനോ ആകാതെ, സ്വരാജ്യപ്രഭാവത്തെ സംരക്ഷിപ്പാൻ ജീവത്യാഗത്തിനും കരുങ്ങിപ്പുറപ്പെട്ട ഒരു പ്രഭുട്ടിയുടെ ചില ഭ്രഷ്ടഭാവനകളാൽ സ്ഥിതിമാനാകുന്നതിനു നിശ്ചയിച്ചു വേണ്ട കല്പനകൾ കൊടുപ്പാൻ, സേനാപാക്തിയും ബഹുജനങ്ങളും വട്ടമിട്ടു നിൽക്കവേതന്നെ, മഹാരാജാവു തന്റെ മന്ത്രിപ്രധാനനെ മണ്ഡപത്തിലോട്ടു വരുത്തി. പൂർവകഥാസംബന്ധമായി, ദൃതകോപി, സംരംഭകാരൻ, പ്രസാദോത്സി എന്ന നിലകളിൽ നാം കണ്ടിരുന്ന യുധധീമാൻ അനുസരണതത്പരയോടെ തിരുമുമ്പിൽ എത്തി, മുഖംകാണിച്ചുകൊണ്ടു, നിരതിപ്രകർഷത്താൽ, തന്നെ കൃപാപൂർവം വീക്ഷണം ചെയ്യുന്ന മഹാരാജാവായ പരമശക്തിയിൽനിന്നുല്പന്നമായ കരുണമാത്രമാണെന്നുള്ള വിനയത്തെ ദ്യോതിപ്പിച്ചു, നമ്രശിരസ്കനായി നിലകൊണ്ടു.

മല്ലയുദ്ധം നടക്കുന്നതിനിടയിൽ, ഭിചാൻജിയുടെ തോളോടുചേർന്നതന്നെ കരുവൃദ്ധബ്രാഹ്മണൻ വടിയാൽ

Digitized By Kerala Sahitya Akademi

താളങ്ങൾ ഊന്നി "അന്നദാതപ്രഭു"വിനെ സ്തുതിച്ചുള്ള ഗാനങ്ങൾ പുനരുച്ചരിച്ചും, "അന്തശൈണ്ഡാളപ്രഭു"വായ "കണ്ണീരവരായനരാടെ" നേർക്കു ഇടയ്ക്കിടെ വടി കാണിച്ചു ശാപങ്ങൾ പ്രക്ഷേപിച്ചും വിനിന്നിരുന്നു. രായരുടെ പരാജയം കണ്ടു് "കല്യാണമാശ്രുഭവിക്കും തവ ചൊല്പിറും വീരമഹാത്മൻ" എന്നു് "അളകാപിള്ള"യെ സംബോധനചെയ്തു പാടി, ചെറിയൊരു ആട്ടവും ആടി, അടുത്തുനിന്നിരുന്ന ത്രിവിക്രമകുമാരന്റെ ശിരസ്സിനെ വിളക്കാക്കി ആ ഗായകൻ കലാശങ്ങളെക്കെ സമാപിച്ചു. ആ ഹർഷപ്രകടനത്തിൽ സ്വയമേ പൊട്ടിച്ചിരിച്ചുപോകയാൽ, ചവിട്ടിയ താംബൂലത്തിന്റെ ചില ശകലങ്ങളെക്കൊണ്ടു ദിവാൻജിയുടെ ശരീരത്തെത്തന്നെ പരിപൂതമാക്കുകയും ചെയ്തു. ദിവാൻജി രാജസന്നിധിയിലേക്കു പുറപ്പെട്ടപ്പോൾ ആ ഭാക്ഷീണാകണ്ണായ ജാംബവാൻ മുഖം തിരിച്ചു നമ്മുടെ സാവിത്രീകാമുകനെ പരിഹസിച്ചുതുടങ്ങി—"ങടേ ഉണ്ണിക്കൃഷ്ണാ! നീ രണ്ടു കയ്യിലേയും വെണ്ണകടിച്ചാൽ, ശരപ്പിടുവയ്—കണ്ടിട്ടില്ലാ, നല്ല ആൺപുള്ളകഠം വന്നപ്രാഠം തായഴുശ്ശാസനനെ ഞൊടിച്ചുചിഴിഞ്ഞു പായസം ആക്കി വിട്ടതു്. 'തഞ്ചാതെ ബഹു പഞ്ചായന കല സഞ്ചാരിണി സഹസാ'ന്നെടുത്തു് 'ക്ഷുരപ്രഹരപ്രകര' 'പ്രയാതി' ആക്കിവിടേണ്ടതായോ?

ത്രിവി—(രഹസ്യമായി)"മിണ്ടാതിരിക്കണം മാമാ!—ഇവിടെ സവ്വാണിയും മാറുമില്ല മഠത്തിണ്ണയിൽ ചെന്നിരുന്നു് ഗ്രാമം ഭരിക്കണം."

ബ്രാഹ്മണൻ—(വാത്സല്യത്തോടെ) "അന്ത ശവ്വാണി ഉനക്കിഠി, കന്തഃ കന്തൗ കന്താഃ താൻ, ഫോ!—കോവിൽക്കാളയാട്ടം 'കീരവാണി ഭൈരവാണി സാരവഫേരവാണി' ആടറുത നീ താനേ അപ്പാ—അഴാതും പു

Digitized By Kerala Sahitya Akademi

ള്ളായ് ഉടനെക്ക് അന്ത സാവിത്രിക്കൊഴന്തയേ കിടയ്ക്കുണ്ണ മെന്നാൽ, ഇന്ത കിഴട്ടുമാമനെ പിടിച്ചുക്കോ, സേവിച്ചു ക്കോ പാടിസിച്ചാക്കാൽ, ചാർ — എസ്റ്റാ ലാടരങ്കിലി ആക്കിടുവൻ. "ചേടിയുനു് ദാനംചെയ്വാൻ." ഈ ഗാന ത്തെ കഥാപ്രസരത്താലുണ്ടായ ചുമ നിരോധിച്ചു.

തിരുമുമ്പിൽനിന്നും വളരെ ദൂരത്തല്ലാത്ത സ്ഥലത്തു നിന്നു് ഇങ്ങനെ ഗാനംചെയ്വാൻ മതിന്നത് അകത്തെ പ്രവൃത്തി വിചാരിപ്പുകാരനായ വിശ്വാപകാരി, മാമാ വെങ്കിടചിലൻ ആയിരുന്നു. പൂർവ്വഗ്രന്ഥം നോക്കി വയ സ്സു് എത്ര ആയിട്ടുണ്ടെന്നു് വായനക്കാർ അറിഞ്ഞുകൊ ള്ളേണ്ടതായ ഈ മഹാവൃദ്ധനെ, സ്വന്ത ഗൃഹത്തിലെ അ ന്തർഗൃഹവിചാരിപ്പു നിർവ്വഹിച്ചു് ഉദ്യോഗവൃത്തം മുഴുവൻ വാങ്ങിക്കൊൾവാൻ മഹാരാജാവു് അനുവദിച്ചിരുന്നു. എ ങ്കിലും, ഭംഗനടന എന്ന സ്ഥലത്തു് എഴുന്നള്ളിയിരുന്ന പ്പോൾ അവിടെപ്പോലുംകൂടി എത്തി, ദിവസം മുപ്പത്തു് ആചത്തിയെങ്കിലും, ഇടറിക്കൂടിട്ടുള്ള കണ്ണുത്തിന്റെ വിദ്യാ ധരപ്രയോഗങ്ങൾകൊണ്ടോ, ഉപദേശങ്ങൾ, ശ്രുപാശ കർ, ലോകവാർത്താകഥനങ്ങൾ എന്നീ കൌശലങ്ങൾ മാ റ്റിന്നയോ, മഹാരാജാവിനെ അസഹ്യപ്പെടുത്തണമെന്നു ള്ള സാരമായ വ്രതത്തെ നിഷ്ഠയായി അനുഷ്ഠിച്ചുപോ ന്ന വൃദ്ധൻ അന്നത്തെ യുദ്ധരംഗത്തിലും മാധവ്യസ്ഥാന ത്തെ തിരഞ്ഞെടുക്കുന്നതിന്നായി ഹാജരായിരുന്നു.

രാജസ്ഥിയമങ്ങൾക്കും, രാജ്യത്തിലെ ആചാരങ്ങൾ ക്കും രക്ഷാസ്തംഭം ആണെന്നു നടിക്കുന്ന ഈ ലോകബന്ധു സ്ഫടികക്കണ്ണുകളെ തിളങ്ങിച്ചും, മൂർദ്ധാവിലെ കഷണ്ടി ക്കു പുറകിലുള്ള മൂന്നു മാർജ്ജാരരോമക്കൂട്ടമെയെ വിറപ്പിച്ചും, രാജസമ്മാനമായുള്ള വേത്രത്തെ നിലത്തുന്നി മോണകളെ പുറത്തുകാട്ടിച്ചിരിച്ചും പ്രയോഗിച്ച അനന്തരഗാനങ്ങളേ

Digitized By Kerala Sahitya Akademi

യും മറും കേട്ടുരസിപ്പാൻ, ഇതാവിഷയങ്ങളാൽ ആകൃ
ഷ്ടനായിരുന്ന ത്രിവിക്രമകുമാരന്റെ ചിത്തത്തിനു ആസ
ക്തി തോന്നിയില്ല. എന്നാൽ, മാമന്റെ സഹായം ത
ന്റെ ധൈര്യം വഹിക്കുന്നതിനും ഉണ്ണിനാരായണനെ വിഷമി
പ്പിക്കുന്നതിനും ഉപയോഗപ്പെടുമെന്നു വിചാരിച്ചു്, തന്മു
ടെ യുവാവു് ആ വൃദ്ധനെ മുഷിപ്പിപ്പാൻ കൂട്ടാക്കിയില്ല. മാ
മന്റെ സംഭാഷണത്തിനു് ആ യുവാവു ഒത്തകണ്ണനെന്നു
ള്ളടിച്ചു ചിരിച്ചും, ചാഞ്ചാടിയും വൃദ്ധനെ സന്തുഷ്ടനാക്കി
എങ്കിലും ഭയാധീനം തന്റെ നേത്രങ്ങളെ പരിതസ്ഥിതി
കൾക്കു സമാഹിതങ്ങളാക്കി പ്രവർത്തിപ്പിച്ചുകൊണ്ടിരുന്നു.

രാമവർമ്മമഹാരാജാവു സചിവന്റെ ശ്രദ്ധാസഹായ
ത്താൽ കണ്ണീരവരായരുടെ പരമാർത്ഥങ്ങളെ ഗ്രഹിച്ചിരു
ന്നു. ആ മല്ലനും സംഘവും, മഹാരാജാവിന്റെ അതിഥി
കളായി വരിക്കപ്പെട്ട കാലംമുതൽ, സൂക്ഷ്മനിരീക്ഷകരുടെ
ബന്ധനത്തിൽ ആയിരുന്നു. ആ സംഘത്തെ പരിചരി
പ്പാൻ നിയുക്തന്മാരായ പാചകൻമുതൽ വിറകുകീറിവരെ
യുള്ള പരിഷ്കാരം ദിവാൻജിയാൽ തിരഞ്ഞെടുക്കപ്പെട്ട ബു
ദ്ധിവിശുദ്ധന്മാർ ആയിരുന്നു. മഹാരാജാവും മന്ത്രിയും ത
മ്മിൽ മണ്ഡപത്തിൽ വച്ചുണ്ടായ സംഭാഷണത്തിന്റെ
അവസാനം, കണ്ണീരവരായർ കയിച്ചെങ്കിൽ സമ്മാനി
ക്കാൻ നിശ്ചയിച്ചിരുന്ന സമ്മാനങ്ങളെ ഒരുമാർക്കുതന്നെ
ദാനംചെയ്തു, കുറെ പരീക്ഷകൂടി നിർവ്വഹിക്കണം എന്നായി
രുന്നു. ഉറയ്ക്കുള്ളിലിട്ടിരുന്ന ഒരു പാരസീകഖഡ്ഗവും, ഒരു
സാലയും മിച്ച ഹസ്താഭരണങ്ങളും അടുത്തു നീക്കിവച്ചു
കൊണ്ടു്, രായരെ വരുത്താൻ മന്ത്രിമുഖേന മഹാരാജാവു്
കല്പനകൊടുത്തു. ആ മല്ലൻ, ഒരു കൻപിള്ളയുടെ കയ്യിൽ
നിന്നു മുക്താവായപ്പോൾ മുതൽ, പൂർവ്വവൽ ഉന്മത്തശരീ
രൻ ആയിത്തീർന്നിരുന്നു. വേഷത്തിലെ മണ്ണുതുടപ്പും, പല

Digitized By Kerala Sahitya Akademi

പേയങ്ങാം സേവിച്ച് സഭവീയ്യത്തെ ബൃഹത്കരിച്ചും അ
നുചരസംഘത്തിനിടയിൽ ഇരുന്നു, കേവലം മൃഗശക്തി
യോടേൽക്കാൻ താൻ സമ്മതിച്ചുപോയ മൌഢ്യത്തെക്കു
റിച്ചു അയ്യാം വ്യസനിക്കയായിരുന്നു. രാജഭാസന്മാർ എ
ത്തി, മഹാരാജാവു തന്നെ കാണ്മാൻ ആഗ്രഹിക്കുന്നു എ
ന്നു ധരിപ്പിച്ചപ്പോൾ "സന്നിധാൻയ്ഹേ! ഹാ!!" എന്നു
ഗർജ്ജനം ചെയ്തുകൊണ്ട് അയ്യാം നടന്നു മണ്ഡപത്തി
ന്റെ അന്തഃപ്രദേശത്തുതന്നെ കടന്നു. മന്ത്രിയിൽനിന്നു
അല്പം അകലത്തായും, നിരായുധനായും നിൽക്കുന്ന മഹാ
രാജാവിനെ പാർശ്വത്തിലിരിക്കുന്ന ഖഡ്ഗത്തോടൊന്നി
ച്ചുകണ്ടപ്പോൾ, കണ്ണീരവക്ഷേത്രവാസിയായ തക്ഷകൻ ഫ
ണം വിടുത്തി മഹാരാജാവു് അതിപ്രശാന്തമായുള്ള സൌ
ജന്യഗൌരവത്തോടെ, രായരോടു് ഇങ്ങനെ അർത്ഥമാകുന്ന
ഹിന്ദുസ്ഥാനിയിൽ യാത്രാനുജ്ഞ അരുളി—"ഇന്നത്തെ
സംഭവംകൊണ്ടു രായക്കു ജാള്യത്തോന്നണ്ട. തനിക്കു കിട
യായുള്ള മല്ലന്മാർ ഇവിടെ ഇല്ലെന്നു സന്തോഷിച്ചുകൊ
ണ്ടുപോവുക. സൌകര്യമുള്ളപ്പോൾ ഇനിയും വരിക; സൽ
ക്കരിപ്പാൻ കരുക്കുമുണ്ടു്. ഇവിടത്തെ സ്ഥിതികളും സ
ന്നാഹങ്ങളും കണ്ടറിഞ്ഞുവല്ലൊ. എല്ലാം ടിപ്പുസുൽത്താ
നോടു ധരിപ്പിക്കുമ്പോൾ, കരു വസ്തുതകൂടി ഉണർത്തിക്കു.
അങ്ങോട്ടു പുറപ്പെടാനുള്ള പ്രായം നമുക്കു് അതിക്രമിച്ചു
പോയി. ഇങ്ങോട്ടു വല്ലിടത്തും വരുന്നെങ്കിൽ, ഇവിടംവ
രെ യാത്രചെയ്വാൻ ഒയെ ഉണ്ടായാൽ, വേണ്ടതെല്ലാം പര
സ്പരം പറഞ്ഞു വഴിയാംവണ്ണം കൂട്ടുക്കാം എന്നുകൂടി പറ
ഞ്ഞേക്കണം. എന്തായാലും ഇങ്ങോട്ടുള്ള സൌഹാർദ്ദം ഏ
പ്രകാരത്തിലും, പരിമാണത്തിലും തന്നെ അങ്ങോട്ടു് ഉ
ണ്ടെന്നും, ശ്രീപത്മനാഭന്റെ കൃപാമഹിമയാൽ, പ്രജക

Digitized By Kerala Sahitya Akademi

ട്ടും നാടും രക്തരൂക്ഷിതമായിത്തന്നെ കഴിയുന്നു എന്നും സമയം കണ്ടു് ഉണർത്തിക്കുക.”

ഈ അരുളപ്പാടിലെ കാരാഗൃഹവും കഴിയുന്തോറും രായരുടെ ഭ്രൂക്കുടി വക്രിച്ചു് സന്ധിപ്പാൻതുടങ്ങി. ഫണാന്തം കരു മംശാക്രിയയ്ക്കുതന്നെ വിപാടനം തുടങ്ങി. “ഈ വൃദ്ധന്റെ നിര്യാണം രാജ്യത്തെ അനാഥമാക്കും മന്ത്രിയോ, ശത്രുക്കളാൽ ചുറപ്പെട്ടവൻ. എന്നെപ്പോലെയുള്ള ചാരന്മാർ മറു ചേണ്ടതു സാധിക്കും. ടിപ്പുമഹാരാജാവിന്റെ ശക്തി ഇവിടെ സ്ഥാപിക്കാൻ ഇതുതന്നെ തക്കം. ഈ സ്ഥലത്തുള്ള സൈന്യത്തെ തടയുവാൻ കരു പ്രബല സംഘം തലസ്ഥാനത്തു് എത്തിയിട്ടുണ്ടു്. നിശ്ചയിക്കുന്നാകായ്മം നിറവേറിക്കളയാം. ജയിച്ചാൽ, ടിപ്പുമഹാരാജാവിന്റെ ശ്രദ്ധാഞ്ജലി ലഘൂപ്പെടും. ഫലിക്കാഞ്ഞാൽ ശിക്ഷ കണ്ണാച്ചേദമായിരിക്കും. അങ്ങനെയെങ്കിൽ, കീർത്തി ശേഷിക്കട്ടെ. എന്റെ കുടുംബത്തെ ടിപ്പുരാജാധിരാജൻ യഥായോഗ്യം രക്ഷിക്കട്ടെ,” രായരുടെ ഈ ചിന്തകഠംക്കിടയിൽ, അയാളുടെ നേക്കു് ഒത്തനേത്രനായിരുന്ന മാമൻ, ത്രിവിക്രമകുമാരനെ ഭയപ്പിച്ചും, ശാസിച്ചും, സമാശ്വസിപ്പിച്ചും നിൽക്ക ആയിരുന്നു. “അപ്പനേ! ശിന്ന വലിയുണ്ണീ! സാവിത്രിക്കുട്ടിയെ അല്ലാമൽ ആരെയാവതു നീ പരിഗ്രഹിച്ചാക്കാൻ, പാർ—കണ്ണെ ഉപ്പേരി വറുത്തു പോടുവൻ—അല്ലാവടിക്കും, രാ മുഴുവൻ ദുഃഖരാഗം പാടി ഉണ്ണെ ഉങ്കറുത്തുക്കേ വിടരാട്ടേൻ” എന്നൊരു് ഉഗ്രമായ ഭീഷണിവാക്കിൽ മാമൻ എത്തിയപ്പോഠം, രാജപാശ്വത്തിലിരുന്ന ഖഡ്ഗം കയ്യിലാക്കാൻ രായർ മുന്നോട്ടു കുതിച്ചു. “മഹാപാപി!” എന്നു് ഇന്ദ്രപദത്തിൽ എഴുത്തക്കവെണ്ണയുള്ള ഉച്ചസ്വരത്തിൽ നിലവിളിച്ചുംകൊണ്ടു് വൃദ്ധവൈക്കിടൻ ത്രിവിക്രമകുമാരന്റെ കണ്ണുദ്ദേശം നോക്കി ഒരു തള്ള

Digitized By Kerala Sahitya Akademi

കൊടുത്തു. ഈറനപ്പുലിയുടെ ഭയാനതയോടെ വലിയ വ
ട്ടക്കണ്ണുകൾ തുറിപ്പിച്ചും, കറുത്ത ദന്തനിരയെ പുറത്തു കാ
ട്ടിച്ചീറിയും രായർ ഖഡ്ഗത്തെ കൈയിലാക്കി, ഭാര
ന്റെ ഉറക്കെട്ടിനെ പൊട്ടിക്കുന്നതിനിടയിൽ ത്രിവിക്രമ
കുമാരൻ അയാളുടെ മുതുകിന്മേൽ നിപാതംചെയ്തു ആ ന
രസൂകരത്തെ മുറത്തുവീഴിച്ചു. മഹാരാജാവിനെ രക്ഷി
പ്പാനായി മുമ്പോട്ടു കുതിച്ച ദിവാൻജി സ്തബ്ധനായിനിന്നു.
സേനാനായകന്മാരും, ഭടജനങ്ങളും, കാണികളും രായരെ
ശകലമാക്കാൻ വട്ടംകൂട്ടി വളഞ്ഞു. രായരുടെ അനുചര
ന്മാർ ആയുധങ്ങൾ വീശി ഭടസംഘത്തിനിടയിൽ ചാടി
തന്റെ യജമാനനായ നിഗ്രഹോദ്യമത്തെ കണ്ടിട്ടും നിശ്ച
ലനായിനിന്ന മഹാരാജാവു് മുന്നോട്ടുനീങ്ങി, ആരബ്ധമാ
യിരിക്കുന്ന വൈരശുദ്ധിപരീക്ഷണത്തെ ചില ഉദ്ഗ്രാജ്ഞക
ളാൽ മൂടിക്കൊട്ടി, സമരസാഹസങ്ങളെ നിരോധിച്ചു.
കണ്ണീരവനും ത്രിവിക്രമനും ബഹിർല്ലോകവ്യാപാരങ്ങൾ
ക്കു നിശ്ചേതനന്മാരായി, എഴുന്നേറ്റു പുറകോട്ടുവാങ്ങി
കുനിഞ്ഞും, ശ്വാസമടക്കിയും, പരസ്പരം ഒത്തനേത്രന്മാരാ
യി അല്പനേരം നിന്നിട്ടു്, ചില അടവുകൾ ചവുട്ടി, സു
യോധനഭീമന്മാരെപ്പോലെ വീണ്ടും മുന്നോട്ടടുക്കുന്നു. പൂ
ട്ടു്, കഴിവു്, മറുപൂട്ടു്, പുനരൊഴിവു്, തൊഴി, മിതിപ്രതി
മിതി, ഇടി, തട എന്നിങ്ങനെ കഴിഞ്ഞു് അങ്കിന്നമെന്ന
പോലെയുള്ള കരബന്ധനിലയിൽ രണ്ടുപേരും ഏകശരീ
രമായി പിണയുന്നു. മാറിമാറി കാരോ മല്ലന്റെയും തല
പ്രതിയോഗിയുടെ കക്ഷത്തിനിടയിലാകുന്നു. കണ്ണീരവ
ന്റെ ശിരസ്സിനുമേൽ ത്രിവിക്രമകുമാരൻ പൊങ്ങുന്നു. കു
ണ്ണീരവനു അടിയിലും, ത്രിവിക്രമകുമാരൻ മുകളിലുമായി,
രണ്ടുപേരും നിലത്തുവീഴുന്നു. കണ്ണിമറയ്ക്കുന്നതിനി
ടയിൽ, കണ്ണീരവൻ മുകളിലാകുന്നു. അടുത്തമാത്രയിൽ,

Digitized By Kerala Sahitya Akademi

അയാളുടെ ലോഹകായം ആകാശത്തിലോട്ട പൊങ്ങുന്നു. ഉത്തരക്ഷണത്തിൽ, ത്രിവിക്രമകുമാരന്റെ മുതുകുവഴി അരത്ത് എങ്ങിനെയോ കീഴ്പോട്ടിഴിഞ്ഞും, കുന്നു വട്ടംകറങ്ങുന്നു. രണ്ടുപേരും മാറിമാറിചവിട്ടി പരിരംഭണം ചെയ്യുന്നു; കയ്യോടുകൈ പിണച്ചു വട്ടംചുറ്റുന്നു, മുതുകോട്ടു മുതുകുചേർന്നു ചക്രഭ്രമണം ചെയ്ത് കാണികളെ നടുങ്ങിക്കുന്നു. തലരണ്ടും കൈകൾ നാലും പിണഞ്ഞു്, നാലുകാലിനേൽ ചരിക്കുന്ന കരു ജന്തു കുറുണംകുത്തി വിഹരിക്കുന്നതുപോലെയുള്ള കരു മത്സരസാഹസം ദൃശ്യമാകുന്നു. പാദചന്ദങ്ങൾ മാറിമാറി മേല്പോട്ടു കാണ്മാറാകുന്നു. ശരീരങ്ങൾ രണ്ടും വീണ്ടും പിരിഞ്ഞു്, മല്പുകൾ തകർത്തു്, കാണികളുടെ ശ്രവണപുടങ്ങളെ ഭേദിക്കുന്നു. പൂർവ്വപരീക്ഷകൾ അവസാനിച്ചു്, ശരീരങ്ങൾ വിണ്ടും പിണയുന്നു. ഇങ്ങനെ രണ്ടുമൂന്നു കളംകഴിഞ്ഞപ്പോൾ, രണ്ടു ശരീരങ്ങളും മുമ്പിലത്തെപ്പോലെ പരസ്പരം സംഘടിച്ചു്, ഭൂമിയിൽ വീണു്, പരിവർത്തനം തുടങ്ങുന്നു. രണ്ടുപേരുടേയും ഉത്തമാംഗപ്രകരങ്ങൾ മണ്ണുണ്ടുപോകുന്നതു് രിജയോത്കണ്ഠയാൽ വിവേകശൂന്യന്മാരായിരിക്കുന്ന പരിപന്ഥിദ്വന്ദ്വം ഗ്രഹിക്കുന്നില്ല. ഹാ! കഷ്ടം! രക്തകണങ്ങൾ യുദ്ധക്കളത്തെ ശോണമാക്കിത്തുടങ്ങുന്നു. മഹാവിദ്യാവിശാരദന്മാരായിരുന്ന ത്രിവിക്രമകുമാരൻ, ആ കൌശലം പ്രയോഗിക്കാതെ, ധർമ്മസമരം ചെയ്യുന്ന വീരന്റെ അഭിനന്ദിച്ചു. മഹാരാജാവു തലയാട്ടിപ്പോകുന്നു. കോപാരവങ്ങൾ രംഗത്തു പൊങ്ങിത്തുടങ്ങുന്നു. രക്തസ്രവണം വർദ്ധിക്കുന്നു; മുഷ്ടിപ്രയോഗശബ്ദങ്ങൾ തെരുതെരെ മുഴങ്ങുന്നു; കാണികൾ വിഭ്രാന്തനേത്രന്മാരാകുന്നു. നിലംകുത്തിപ്പോയ രായരുടെ ഹാസ്യങ്ങൾ കുട്ടിഭീമന്റെ കൈകളിൽ അമരുന്നുവോ? അതേ! അത്രമാത്രമല്ല. ആ യുവാവിന്റെ കൈമുട്ടുകൾ രായരു

Digitized By Kerala Sahitya Akademi

ടെ വക്ഷസ്സിൽ നിർദ്ദയം താഴുകയും ചെയ്യുന്നു. കണ്ണീരവൻ വെടിയുണ്ടയേറ്റ വ്യാഘ്രംപോലെ അലറുന്നു. ആ ആർത്തസ്വരം കേട്ടു ദീനാനുകമ്പനായ ത്രിവിക്രമകുമാരൻ പ്രതിയോഗിയുടെ കൈകളെ വിടുന്നു. രായർ നിരുദ്ധപ്രഭാവനായി മലർന്നു കിടന്നു പോകുന്നു. വിജയിയായ യുവവിക്രമൻ എഴുന്നേറ്റു നീങ്ങി, മഹാരാജാവിന്റെ പാദങ്ങൾ തൊഴുതു തൊഴുതുയിൽക്കുന്നു. അടുത്തുള്ള "നിത്യാന്നദാനം"ശാലയിൽ മുഴങ്ങുന്ന ആരവം ശ്രീപദ്മനാഭവൈകുണ്ഠത്തിലെയ്ക്കു കാണികളുടെ ഹൃദയങ്ങളെ ആകർഷിക്കുന്നു. ആനിശ്ശബ്ദസ്ഥിതി കാൺകയേ മഹാരാജാവു കണ്ണീരവരായ്ക്കായി ഉദ്ദേശിച്ച ഖഡ്ഗവീരശൃംഖലാദികളെ ത്രിവിക്രമകുമാരനു സമ്മാനിച്ചു; ആ യുവവിജയനെ അനുഗ്രഹിക്കുന്നു. മാതൻ മുന്നോട്ടു നീങ്ങി, ആ ഹസ്താഭരണത്തെ വാങ്ങി കണ്ണിൽ ചേർത്തിട്ടു, "മറന്നും കാഴ്ച" എന്നു കരുതി ആശീർവ്വചനം ഉച്ചരിച്ചുപോകുന്നു. കണ്ണീരവരായങ്കം, സംഘവും ദിവാൻജിയുടെ ആജ്ഞ അനുസരിച്ചു കാരാഗൃഹത്തിലേയ്ക്കു നീതന്മാരാവുകയും ചെയ്യുന്നു.

ത്രിവിക്രമകുമാരൻ മഹാരാജാവിന്റെ അഭിനന്ദനത്തിനു പാത്രമായി, രാജസമ്മാനങ്ങളുടെ നിക്ഷിപ്തിയാൽ അയാളുടെ ഹസ്തതലം പ്രകാശമാനമായപ്പോൾ, ജനസംഘത്തെ സപ്രസന്നിഹിതികൊണ്ടു മഹനീയമാക്കിനിന്നിരുന്ന കൊടുന്ത ആശാന്ധ് ആ സന്ധ്യാവേള പിശാചതസ്കരാദികളുടെ സഞ്ചാരയാമമായുള്ള അർദ്ധരാത്രിയാണെന്നു തോന്നിപ്പോയി. മഹാരാജാവിനേയും പരിവാരങ്ങളേയും തുടർന്നു ജനങ്ങളും ജനതതിയും ആ രംഗത്തിൽനിന്നു പിരിഞ്ഞിട്ടും; തന്റെ ശരീരത്തെക്കാൾ വിപുലതരമായുള്ള ഹൃദയശൂന്യത ആ നിലത്തെങ്ങാണ്ടോ അവഗാഹനം ചെയ്തുപോയതായി തോന്നി. ആ തിരസ്കൃതിക്കു അനു

Digitized By Kerala Sahitya Akademi

കുലിച്ച ഭൂവിലത്തെ ആരായുന്നവൻ എന്നാപോലെ നിശാ
യക്ഷിയുടെ പ്രവേശം ഉണ്ടായതു് വിസ്മരിച്ചു്, ആശാൻ
ആ സ്ഥലത്തു് അംബരനന്ദ നടന്നുപോയി, അന്നത്തെ രാ
ജജീവരക്ഷാക്രിയകൊണ്ടു ത്രിവിക്രമകുമാരന്റെ വില അ
നർഘ്യമായിത്തീന്നിരിക്കുന്ന സ്ഥിതിക്കു് തന്നാൽ പ്രാപ്തി
തമായുള്ള പരിഗ്രഹബുദ്ധി വിദൂരമാകുന്നു എന്നു് ആ
ന്റെ ബുദ്ധി ശങ്കിച്ചു. എന്നാൽ ആ യുവാവിനെ ജാമാ
താവായി കിട്ടാൻ ഒരു മഹാമാരീചൻ മായാപ്രയോഗങ്ങ
ളെ അനുവർത്തിക്കുന്നുണ്ടെന്നു് ആശാൻ ഗ്രഹിച്ചിരുന്നു.
ആ ദുർമ്മന്ത്രികന്റെ ആഭിചാരങ്ങളെ, മാമബ്രാഹ്മണനാ
മുഖേനയോ മറ്റോ ത്രിവിക്രമകുമാരന്റെ അഭിലാഷം
തിരുമുമ്പിൽ സമർപ്പിതമാകുന്നതിനുമുമ്പു് ഉജ്ജീവിപ്പി
ത്തി ആ യുവാവിനെ അപഹരിപ്പിച്ചാൽ സാചിത്രിയുടെ
പരിണയരാഗം ഈ ത്രുടിനേരംകൊണ്ടു് കഴിഞ്ഞുകിട്ടുമെ
ന്നു ആ താർക്കികശിഷ്യൻ സമർത്ഥിച്ചു. ബബ്ലേശ്വരം
രാജകുമാരന്റെ ശിശുപാലത്വത്തെ സ്വാന്തം തന്ത്രപ്രയോ
ഗത്താൽത്തന്നെ ഉച്ചാടനം ചെയ്തുകൊള്ളാമെന്നും ആ
ശാനും ഉറപ്പിച്ചിട്ടു. ഇങ്ങനെയുള്ള നിശ്ചയങ്ങളാൽ ആ
ശാന്റെ ശിരസ്സു വഹിച്ചിരുന്ന ചിന്താഭാരം ലഘുവാക്ക
പ്പെട്ടപ്പോൾ ആ മന്ത്രിമാന്റെ പാരങ്കാം ബുദ്ധിപൂർവ്വ
യാലുള്ള അനുശാസനത്തെ നിർവ്വഹിപ്പാൻ ദൃതപ്രവർത്തനം
തുടങ്ങി.

തിരുവിതാംകൂർ രാജ്യത്തിന്റെ ഭൂമിശാസ്ത്രജ്ഞന്മാർ
ആ രാജ്യം സഹ്യാദ്രിയുടെ അധിത്യക മുതൽ പശ്ചിമസമു
ദ്രപരിധിവരെ ഹരിതശ്രീ കലർന്നുള്ള ഉന്നതപ്രദേശങ്ങ
ളാലും കൃഷിക്കുപയുക്തങ്ങളായ ഉപത്യകകളാലും, അനു
ക്രമത്തിൽ സങ്കീർണ്ണമായ ഒരു മനോഹരോദ്യാനമാണെ
ന്നു വർണ്ണിച്ചിട്ടുണ്ടു്. ഈ കഥാകാലത്തു വഞ്ചിയൂർ പാട

Digitized By Kerala Sahitya Akademi

ത്തിന്റെ പൂർവ്വോത്തരഭാഗങ്ങളായ ചൊക്കനാകം തല സ്ഥാനത്തിന്റെ പ്രാന്തപ്രദേശമായിരുന്നുവെങ്കിലും, ആ കാലമൊന്നാകെ ഒരു കടീരങ്ങാം നിറഞ്ഞുള്ള കരുവർ ഭൂമിയായിരുന്നു. പാടത്തിന്റെ പടിഞ്ഞാറെക്കരയിൽ നഗരത്തിലെ പല ഭൂസ്വത്തുക്കളുടേയും ഉടമസ്ഥനായ കരു തെക്കൻപ്രഭു ഭവനം സ്ഥാപിച്ചു പാർത്തിരുന്നതി നാൽ, അദ്ദേഹത്തിന്റെ ആശ്രിതന്മാരായ ചില ചെറി കുടും പാന്നാന്മാരും ഈ കാട്ടിന്റെ കാരോ അതിരുകളിൽ കുടിലുകാം കെട്ടി വസിച്ചിരുന്നു. ഇക്കാലത്തു രാജസ്വമാ യുള്ള വാസമന്ദിരങ്ങളിലും കായ്നിലയനങ്ങളിലുംവച്ചു പ്രഥമഗണനീയമായി വിലസുന്ന പുത്തൻകച്ചേരി എന്നാ ഗംഭീരഹർമ്മ്യം നിലകൊള്ളുന്നതു് ഈ വനത്തിന്റെ കിഴ ക്കേ ഖണ്ഡത്തിലാണ്. കാട്ടുമാഞ്ഞാറന്മാരും പുഷ്ടശരീരി കളായ ജംബുകക്കുട്ടവും അധിവസിച്ചിരുന്ന ഈ പ്രദേശ ത്തെ ആപത്കേന്ദ്രങ്ങളായ ചില കാട്ടുവാഴികളും, തല സ്ഥാനത്തെ പീഡിപ്പിച്ചുവരുന്ന കള്ളന്മാക്കുമാത്രം പരി ചിതങ്ങളായിരുന്ന ചില ഊടുവഴികളും, വിലങ്ങിയിരുന്നു. ഈ വനത്തിന്റെ വിസ്താരംകൂടിയ മദ്ധ്യഭാഗം, ആക്രമി ക്കാൻ ആഗ്രഹിക്കുന്നവരെ ഞെരിപ്പിക്കുമാറുള്ള വിധ ത്തിൽ കൂർത്തുമൂർത്തുള്ള ശരങ്ങളും വഹിച്ചു തഴച്ചുനില്ക്കുന്ന പുരമുൾ, ഈന്തു മുതലായ മുൾച്ചെടികളാൽ രക്ഷിക്കപ്പെ ട്ടിരുന്നതിനാൽ, അവിടം സാമാന്യജനങ്ങൾക്കു് ഒഴിവാപ മായിരുന്നു. ദ്രോഹകാരികളായ ഈ ചെറുതരുക്കുട്ടങ്ങളുടെ നിബിഡതകൊണ്ടുള്ള അരമ്യതയെ നീക്കുവാനെന്നപോലെ വനമദ്ധ്യത്തിൽ അവിടവിടയായി ഉന്നതവൃക്ഷങ്ങളുടെ സംയോജനത്താൽ നിർമ്മിതങ്ങളായിട്ടുള്ള കാവുകളും കാ ണ്മാനുണ്ടു് സ്ത്രീപുരുഷവർഗ്ഗങ്ങളിൽ രണ്ടിലുമുള്ള ദേവത മാരുടെ താണ്ഡവമണ്ഡപങ്ങളായി ആ വൃക്ഷകദംബങ്ങാം

Digitized By Kerala Sahitya Akademi

ഗണിക്കപ്പെട്ട വന്നതിനാലും, ആ ഖണ്ഡപ്രദേശം പൌരജനങ്ങളാൽ വർജ്ജിക്കപ്പെട്ടവനും. ശവശരീരങ്ങളുടെ ഭക്ഷകന്മാരായ കാട്ടുനായ്ക്കളുടെ വിശന്നുള്ള മോങ്ങലുകൾ പരിസരദേശവാസികളെ സാമാന്യേന പൈശാചാരവങ്ങളായി ഭയപ്പെടുത്തിവന്നു. ഗൃധ്രകുശലങ്ങൾ പരസ്പരം ആരായുവാൻ എന്നപോലെ കാമുകഭീൽ വിന്ന് ഭരങ്ങൊട്ടും ഇങ്ങൊട്ടും നിശാകാലങ്ങളിൽ പാന്ന ക്ഷീണിച്ച മൂങ്ങക്കുട്ടങ്ങൾ യുദ്ധകാലത്തുണ്ടാകാവുന്ന ബഹുമരണങ്ങളുടെ സൂചകമായി പ്രലപനം ചെയ്യുന്നതും ആ സ്ഥലത്തെ സമീപവാസികളെക്കൊണ്ടു വിദ്വേഷിപ്പിച്ചുവന്നു.

നമ്മുടെ കൊച്ചുശാൻ രാജമന്ദിരത്തോട്ടത്തിൽനിന്നു യാത്ര ആരംഭിച്ചതു് ഇങ്ങനെ ദുഷ്കർമ്മത്തിനു് അനുകൂലമായുള്ള കന്ന ഭയങ്കര രംഗത്തിലേയ്ക്കായിരുന്നു. താൻ തിരുവനന്തപുരത്തെ സ്ത്രീലോകത്തിനു് കന്ന "ചിന്താമണി" ആണെന്നുള്ള ആശാന്റെ ഗർവ്വം അയാളുടെ ഗുണസഞ്ചയത്തോടു് ഉപാന്തവാസം തുടങ്ങിയിരുന്നു. അതിനാൽ രാത്രികാലങ്ങളിൽ സാവകാശം കിട്ടുന്ന സമയമെല്ലാം തിരുവനന്തപുരത്തെ "ചുഴിരണ്ടു ലോക" സ്ഥിതികളും ആരായുവാൻ ആ അബലാരങ്കവിദൂഷകൻ വിനിയോഗിച്ചുവന്നു. ഇങ്ങനെയുള്ള ഒരു സഞ്ചാരത്തിനിടയിൽ നഗരത്തിന്റെ വടക്കേ അതിയിൽ എത്തിയ ആശാൻ കന്ന ഇടവഴിക്കുള്ളിൽ കടന്നു. വ്യവസായാനുവർത്തനം സ്വീകരിച്ചതുമുതൽ ക്ഷാത്രവീര്യശ്രീയാൽ വിരാകൃതമായ കന്ന കുടുംബത്തിൽ ഉൽപ്പെട്ട ആ നായർ രണ്ടു കാട്ടാളസ്ത്രീകളുടെ കൈകളാൽ ഗ്രസ്തനായി. ഗ്രന്ഥനാഥന്റെ വക്കും രസികസഞ്ചാരത്തിലേക്കു് അപഹരിക്കപ്പെട്ടതുമായ ഉത്തരീയം കന്നുകുരുപത്തിൽ ആശാന്റെ

Digitized By Kerala Sahitya Akademi

വക്രതുക്കുഴലിനെക്കണ്ടു നിശ്ചയിക്കപ്പെട്ടതു് അയാളുടെ നിശ്ചയിളികളെ പ്രതിബന്ധിച്ചു. ബോധവിഹീനമായ ആശാന്റെ ജഡം കരടു ചെറുഖാണ്ഡവത്തേയും, പിന്നായും ചില വനചരന്മാരെയും കരടു കിരാതരാജന്റെ ഛായയേയും തിമിരനിബിഡതയ്ക്കിടയിൽ കണ്ടു. അനന്തരം ഹാജരാക്കപ്പെട്ടു് ജീവിതകാലദുഷ്കൃത്യങ്ങളെ വിളിച്ചു ചൊല്ലുംപോലെ ആ രാത്രിയിലെ സന്ദർശനത്തിനിടയിൽ എന്തെന്തു പരമാർത്ഥങ്ങൾ ഛർദ്ദിച്ചുപോയി എന്നു് ആശാനുതന്നെ അപ്പോൾ രൂപമുണ്ടായില്ല. താൻ കണ്ട രഹസ്യസ്ഥിതികളെ ഗോപനം ചെയ്തുകൊള്ളാമെന്നും, അപ്പോഴപ്പോൾ അറിയുന്ന വിശേഷവൃത്താന്തങ്ങളെ അന്നന്നു ധരിപ്പിച്ചുകൊള്ളാമെന്നും, ഉള്ള പ്രതിജ്ഞകളും, അതിലേയ്ക്കുള്ള പ്രതിഗ്രഹദാനവും കഴിഞ്ഞപ്പോൾ മുതൽ ആശാൻ രാജാധികാരാംഗങ്ങളേയും രാജ്യസ്ഥിതികളേയും വലയംചെയ്യുന്ന വിപത്തുകളേയും, ചില ഗൃഹരഹസ്യങ്ങളേയും ഗ്രഹിച്ചു. ഈ ഗൂഢസംഘത്തിലെ മാരസ്ഥാനം കിട്ടിയപ്പോൾ മീനാക്ഷിഅമ്മയോടു് സമാനഭാവം കാട്ടിപ്പാനും, സാവിത്രിയുടെ പരിഗ്രഹണം അസാദ്ധ്യകർമ്മമല്ലെന്നു വിചാരിപ്പാനും, ഉള്ള പ്രാധാന്യം ആശാനു കൈവശപ്പെട്ടു.

മഹാരാജാവു് തിരുവനന്തപുരത്തു് എഴുന്നള്ളിയ ദിവസം സപ്തഭരനാഥനിൽനിന്നു "പെരിഞ്ചക്കോടൻ ആരാടാ?" എന്ന ചോദ്യം ഉണ്ടായതുമുതൽ ആശാൻ ആസ്ഥലത്തേയ്ക്കുള്ള യാത്രയെ നിറുത്തിവച്ചിരുന്നു. എങ്കിലും ത്രിവിക്രമകുമാരന്റെ ഔദ്ധ്യം അയാളുടെ അസൂയാകർമ്മത്തെ തപിപ്പിക്കുകയാൽ, കണ്ണീരവരായരെ ബന്ധനത്തിലാക്കിയിരിക്കുന്ന വൃത്താന്തം കാട്ടാളനായകനെ ഉടനെ

Digitized By Kerala Sahitya Akademi

ധരിപ്പിക്കേണ്ടതു തന്റെ പ്രതിജ്ഞയാൽ നിബ്ബന്ധിതമായുള്ള ഒരു കൃത്യമെന്ന ഭാവത്തിൽ, അയാൾ വനപ്രദേശത്തിലേയ്ക്കു ദൃതഗതിയിൽ നടന്നു. ഉടനെ കാകകവും അനന്തരം കാമിനിയും കിട്ടാനുള്ള വഴികാൾ തെളിഞ്ഞുകണ്ടുവെങ്കിലും, ആ ഉർവ്വരഭൂമിയുടെ സമീപത്തു് എത്തിയപ്പോൾ ആശാന്റെ ഹൃദയം ചലിച്ചുതുടങ്ങി. കാളിയമർദ്ദനാദികളായ നാഗരാജാക്കന്മാരുടെ ഫണസമുച്ചയങ്ങൾപോലെ കാരോ സ്ഥലങ്ങളിൽനിന്നും ധൂമം പൊങ്ങുന്നതു വലുതായ ജനസംഘങ്ങളെ ഊട്ടാനുള്ള പാചകകർമ്മത്തെ ലക്ഷീകരിക്കുന്നു എന്നു് ആശാനു ബോദ്ധ്യമായി. രാജാധികാരത്തിനേറയും, വിശേഷിച്ചു്, ശിവാൻജിയുടെയും സന്തോഷം സഞ്ജാതമാകാൻ പോകുന്ന ഒരു ദ്രോഹകർമ്മത്തിന്റെ സൂതികാഗൃഹം ആണു് ആ വനപ്രദേശമെന്നു് ആശാൻ ഗ്രഹിച്ചിരുന്നു. ആ പ്രസവത്തിന്റെ ഫലമായി ബഹുശതം നൂറുപേർ ആ സ്ഥലത്തു സഞ്ചരിച്ചിരിക്കുന്നു എന്നു് ഊഹിച്ചിട്ടു്, ആശാന്റെ ഉള്ളം കനത്തു കിടുങ്ങി. അവിടത്തെ ജന്തുസഞ്ചയങ്ങാം ജീവഭയത്താൽ പ്രവാസമനുഷ്ഠിച്ചിരിക്കുന്നു. ഏതു ധീരകേസരികളുടേയും ഞരമ്പുകളെ കിടുക്കുന്നതായ ഒരു ഗിഗ്ഗുബ്ധത ആ സ്ഥലത്തിന്റെ ഭയാനകതയെ പ്രവൃദ്ധമാക്കുന്നു. ആ കുഴിത്തിൽ സമാരാധിക്കപ്പെടുന്ന സംഹാരകാളിയുടെ ദംഷ്ട്രത്തെ പ്രതിബിംബിപ്പാനെന്നപോലെ ആകാശതരണംചെയ്യുന്ന ഭക്ഷപുത്രികളും സഖീജനങ്ങളും മേഘയവനികയാലുള്ള തിരോഹിതിയെ അവലംബിച്ചിരിക്കുന്നു. അഗ്നികുണ്ഡപ്രയോഗത്തിനെന്നപോലെ ശ്വാസംപിടിച്ചുകൊണ്ടു് ആശാൻ ആ ഭൃത്യന്റെ ചുവടിളക്കി കുറിക്കോട്ടിലോട്ടു വെച്ചപ്പോൾ, അക്ഷരവിലോപംകൊണ്ടു വ്യക്തമാകാത്ത ഒരു ശബ്ദം ആ

Digitized By Kerala Sahitya Akademi

ശാന്റെ കണ്ണത്തിൽ സംഘട്ടനംചെയ്തു. സംഘടിയമ
ങ്ങാം ഹൃദിസ്ഥമാക്കിയിരുന്ന ആശാന്റെ ധീരപ്രതീക്ഷ
സംഭ്രമക്ഷീണത്താൽ തൽക്കാലം അനായത്തമായിട്ടുള്ള കൃ
ത്യത്തെ വിസ്മരിച്ചു. ഒരു തോക്കിന്റെ കാഞ്ചി പുറകോ
ട്ടു വലിക്കപ്പെടുന്ന ശബ്ദം മുറിച്ചെടികൾക്കിടയിൽനിന്നു
പുറപ്പെട്ടതു്, ആശാന്റെ സജ്ജരമായ കണ്ണത്തിൽ പതി
യുകയാൽ, പ്രാണഭീതിയായ വിദ്യുത്പ്രപാതം അയാളെ
സ്ഥിരബോധവാനാക്കി, "പള്ളികൊണ്ടാൻ" എന്നോരു
അടയാളവാക്യത്തെ അയാളെക്കൊണ്ടു് ആക്രോശിപ്പിച്ചു.
"പൊങ്കാണോം" എന്നു കാഞ്ചിനാടൻ ധ്വനിയിലും, അ
വിടത്തെ ഭാഷാരീതിയോടടുത്തും ഉള്ള ഒരു ഉത്തരം അ
യാളെ പൊയ്ക്കൊള്ളുന്നതിനു് അനുവദിക്കയാൽ ആ
ശാൻ മുന്നോട്ടുനടന്നു് ഇങ്ങനെയുള്ള പ്രശ്നങ്ങൾ ചിലതു
ത്തു് "യാരെമ്പരാ?" എന്നു ത്രുപാന്തരപ്പെട്ടുകേട്ടും, അതി
നെല്ലാം ഉത്തരമായി മുമ്പിൽ പ്രയോഗിച്ച പദത്തെ തൊ
ണ്ട ഇടറി ഉച്ചരിച്ചും നടന്നു്, അയാൾ വനമദ്ധ്യത്തിലെ
ഒരു തരുക്കൂട്ടത്തിന്റെ മുമ്പിൽ എത്തിയപ്പോൾ, ചില മ
ഹിഷകായന്മാർ അയാളെ പിടികൂടി, ദ്രോഹകരമായുള്ള
സാധനങ്ങളൊന്നും വഹിക്കുന്നില്ലെന്നു നിശ്ചയപ്പെടു
ത്താൻ ഒരു ഘോരപരിശോധനകഴിച്ചു. ഒരു കിങ്കരൻ ആ
കൂട്ടത്തിൽനിന്നു പിരിഞ്ഞു സംഘനായകന്റെ നിലയാ
മുറപ്പിച്ചിരുന്ന മൃതപത്തങ്കിലേയ്ക്കു നടകൊണ്ടു. പരിശോ
ധനാനന്തരം ദാസസംഘത്താൽ സൌഹാർദ്ദത്തോടെ
ഉപചരിക്കപ്പെട്ടുതുടങ്ങിയിരിക്കുന്ന ആശാൻ, ആ വനത
ലത്തിലെ ഓരോ ചെടിയും ആയുധപാണിയായ ഓരോ
രാക്ഷസന്റെ സാന്നിദ്ധ്യത്തെ ഗോപനംചെയ്യുന്നു എന്നു
വിശ്വസിക്കയാൽ, രാജശക്തിയും മന്ത്രിശക്തിയും ത

Digitized By Kerala Sahitya Akademi

ന്റെ പ്രസാദക്ഷീക്ഷകന്മാരായി വത്തിക്കുന്ന എന്നു് കരു സപ്നം ദശിച്ചു പ്രമോദിച്ചു. സംഘത്തിൽനിന്നു പിരിഞ്ഞ കിങ്കരൻ ക്ഷണംകൊണ്ടു മടങ്ങി എത്തി പ്രമാണിയുടെ മുമ്പിൽ പ്രവേശിച്ചുകൊള്ളുവാൻ ആ ലോകവാത്സ്യായനാഥകനു് അനുമതികൊടുത്തു.

കൊടുത്തആശാൻ കലശൈവങ്ങളെ എല്ലാം പ്രാത്ഥിച്ചുകൊണ്ടു് നീങ്ങി, മരക്കൂട്ടത്തിനിടയിൽ നിന്നിരുന്ന കരു കാലപ്പുരയ്ക്കകത്തു കടന്നു. ഏകദീപമെങ്കിലും കൊണ്ടു പ്രശോഭിപ്പിക്കപ്പെട്ടിട്ടില്ലാത്ത ആ മുറിയിലെ കൂരിരുട്ടിൽ എത്തിനപ്പോഠം, ആശാന്റെ ശരീരം കനക്കൂടി ശ്ലഷ്ടിച്ചു ഹ്രസ്വമായി. ആ പുരയ്ക്കകത്തു ജലശൂന്യമായ കരു പൂവ്വയുഗകൂപം സപ്പുഷ്പളുടെ പ്രത്യേക ആവാസമായി ഉണ്ടെന്നുള്ള വസ്തുത അറിഞ്ഞിരുന്ന ആശാൻ നിലം മുട്ടിത്താണും, വിറച്ചു തുള്ളിക്കൊണ്ടും, ആ ഗർഭഗൃഹവാസിയായ അന്ധകാരമൂത്തിയുടേ വെളിപാടു പ്രതീക്ഷിച്ചു നിന്നു. കാളിദാസനും, മഹാമന്ത്രികനും; എന്നതാ ഒട്ടേവതാസ്വാധീനത്താൽ ജ്യൌതിഷ്യിയും, ദക്ഷിണാദിക്കിലെ കരു തസ്കരസംഘത്തിലെ തുംബീരനും ആയുള്ള ഒരു ചണ്ഡാലന്റെ ആ ശരസാന്നിദ്ധ്യം ആ മഹാന്ധകാരത്തിനിടയിൽ ഉണ്ടെന്നറിഞ്ഞിരുന്ന ആശാന്റെ നാവു് ഈ ധ്യാനസ്ഥിതിയിൽ വരണ്ട ശ്രുത്യശബ്ദവുമായി. പരദ്രോഹവും, പരവഞ്ചനയും, എന്നുള്ള അഘതാമിസ്രതകാം ആ സ്ഥലത്തെ വായുവിൽ പ്രസരിച്ചു, ആശാന്റെ ശ്വാസനാളത്തിൽ കരു സ്വരസാദേവും ഉല്പാദിപ്പിച്ചു. താൻ സന്നിഹിതനായിരിക്കുന്ന ഗൂഢസമിതിയിലെ നായകനായ ആ ക്ഷേത്രമൂത്തി ആശാനെ ബന്ധുവാക്കി വരിച്ചിട്ടുണ്ടെങ്കിലും, ആ മൂത്തിയുടെ പ്രത്യക്ഷദർശനം ആശാന് ഇതുവരെ

Digitized By Kerala Sahitya Akademi

സംപ്രാപ്തമായിട്ടില്ല. മുതിസാമീപ്യത്തിൽ എന്നപോലെ പ്രാണൻ തുസിച്ചു് ആശാൻ നിൽക്കുന്നതിനിടയിൽ, ചില ആയുധങ്ങളം നിക്കിവയ്ക്കുന്നതിന്റെ ശബ്ദം അതിയകത്തുള്ള പുരുഷൻ സുരക്ഷിതൻ ആണെന്നു് ആശാനു് അറിവുകൊടുത്തു. അത്യഗാധമായ ആ കിണറ്റിൽനിന്നും പൊങ്ങുന്നതുപോലെ ഒരു ചോദ്യവും തന്റെ പുരോഭാഗത്തിൽനിന്നു് പുറപ്പെട്ടു. "ഛപ്പാ! എന്ന പുതുവാതെത്തെ?" ആശാൻ വിഹ്വലനായിരുന്ന വൃത്താന്തമാത്ര പറഞ്ഞുപട്ടു ധരിപ്പിച്ചു.

ഷണ്ഡാലൻ:— "രായർ തനുരാക്കളെ തീട്ടിപ്പോടുവാരാ? ഇമ്മടക്കെ വയ്പീരാ? [രായരെ കൊന്നകളയുമോ ഷണ്ഡിക്കുമോ] തെരിയപ്പുണിയോ? തുളുത്താൻപാടെ എവ്വഴി വാറാർ" എന്നു് ശിലകാലം തമ്മിലുരുമ്മുന്ന ശബ്ദത്തിൽ പുറപ്പെട്ട ചോദ്യത്തിനും ആശാൻ മിണ്ടാതെ നിന്നു.

ഷണ്ഡാ:— "പിറകാൽ എന്ന കോലം തമ്പിരാ?" "[ചെറെ എന്തു കൌശലങ്ങളം ആലോചിക്കപ്പെടുന്നു]

തന്റെ ഗുരുനാഥന്റെ പെരിഞ്ചക്കോടു് എന്ന ദേവനം ഏതെന്നു ചോദിച്ചുവെന്നും, അദ്ദേഹവും ശിവാൻജിയും തമ്മിൽ ആന്തരാൽ ശത്രുക്കളാണെന്ന എന്നും, അദ്ദേഹത്തിന്റെ പുത്രിയെ ത്രിവിക്രമകുമാരനു കൊടുക്കയില്ലെന്നു ശപഥം ചെയ്തിരിക്കുന്നു എന്നും ആശാൻ ധൈര്യം സജ്ജീകരിച്ചു ധരിപ്പിച്ചു. തന്റെ കൈയിൽ ഒരു ചെറിയ പണപ്പൊതി ചേർക്കപ്പെട്ടതും, താൻ ഒരു യന്ത്രദണ്ഡത്താൽ നിഷ്ക്രാന്തപ്പെട്ടതും മാത്രം അടുത്ത സംഭവങ്ങളായി ആശാൻ അറിഞ്ഞു. അന്നത്തെ കൂടിക്കാഴ്ചയും ആദ്യപ്രദായകമായി കഴിഞ്ഞതിലുള്ള സന്തോഷത്തോടെ

Digitized By Kerala Sahitya Akademi

ആരാൻ കാട്ടിൽനിന്നു ഭവതിയിരുകാം തിൽക്കുന്ന പ്രദേശത്തു് എത്തുന്നതുവരെ പറക്കുകതന്നെ ചെയ്തു. ആരാന്റെ നിഗ്രഹനം ഉണ്ടായതിനെ തുടർന്നു് ശുഭവസ്തുധാരിയായ കരു ഋതികായൻ ബന്ധുപാണിയായി കുന്നരണ്ടു ഭാര്യമാരോടൊന്നിച്ചു് അതിവേഗത്തിൽ മാണിക്യപൊയ്കണ്ഡന്റെ വ്യാപാരശാലയിലേക്കു യാത്രയായി.

അദ്ധ്യായം ന്നു.

"ഞടുതിവീരന്മാർകളിലാടുനായ° വാണിട്ടുന്നു
വിടുഴജിഹ്വനെയിങ്ങു വരുത്തുക വിഭീഷണ.

പ്രണയമകരന്ദം നൈനന്ദിനഭക്ഷ്യമായിപ്പരിചയിക്കുന്ന ദേഹികാം, അതിന്റെ ഔർല്ലഭ്യത്തിൽ ഉരക്ഷുത്തിന്റെ പരിണാമമായുള്ള മരണാന്തരത്തെത്തന്നെ ഭുജിച്ചു്, നിർവൃതി നേടേണ്ട സ്ഥിതിയിൽ എത്തിപ്പോകുന്നു. ഭിക്ഷാപാത്രങ്ങളുടെയോ, യമികമണ്ഡലുകളുടെയോ പ്രയോഗത്താലും സുലഭമാകാത്തതായ ഈ ബ്രഹ്മാമൃതം, സപ്തസ്വീകൃതമായ കുസുമകണ്ണികയിൽനിന്നുതന്നെ സമുല്പന്നമാകേണ്ടതുമാണു്. ഈ തത്വങ്ങളുടെ യാഥാത്ഥ്യത്താൽ, സപ്തത്താവിന്റെ കമനസപ്തരൂപത്തെ, കരു രൌദ്രവിഷ്കംഭത്തിലെ വീരപുരുഷത്താവേഷം ധരിച്ചുള്ള പ്രചണ്ഡനടനത്തിൽ കണ്ടതു മുതൽ, ഈനിവായ്മെന്നു തോന്നിയതായ പരിണാമം പ്രതീക്ഷിച്ചു മീനാക്ഷിഅമ്മ ഭർത്തൃയെ അവലംബിച്ചു. സാവിത്രിയും സപ്തകുടുംബധർമ്മത്തിനു ചേരുന്നതായ ഗുണീതപത്തോടെ ഭർത്തൃസംഗാനുരക്തിയെ ഖണ്ഡിച്ചു് ഏകാകിനീതപം ആചരിച്ചു. എന്നാൽ മല്ലയുദ്ധം കഴിഞ്ഞ ദിവസാരംഭത്തിൽ മീനാക്ഷിഅമ്മയുടെ തീ

Digitized By Kerala Sahitya Akademi

പ്രമായ നിർവ്വാണധ്യാനത്തെ കടന്തയാക്കാനായ മഞ്ജുള ചന്ദന്റെ പ്രവേശം ഭഞ്ജിച്ചു. രാജധാനിയിലെ പൌര ജനങ്ങളും അവിടെ എത്തിയിരിക്കുന്ന ഭടസംഘങ്ങളും ആധിവിചക്ഷന്മാരായി ചരിക്കുകയും, വേഷച്ചുന്നതായി അന്നത്തെ സൂര്യൻ ഉദ്ഗമനകാരിണിയായ വിധവയെപ്പോലെ ശുഭവസ്ത്രത്താൽ ആച്ഛാദിതമായ തിരശ്ശീലയോടെ ഉദിക്കുകയും ചെയ്തു. എങ്കിലും, ലോകഭാസകനായ ആ ദേവന്റെ മുഖദാസ്ക്കരനപം യഥാക്രമം നിർവ്വഹിക്കുന്നു. ആ മഹതിക്ക് അഭിരുചി ജനിപ്പിക്കാത്തതായ മല്ലയുദ്ധപ്പുട്ടങ്ങുകളെ ആശാൻ വാഗ്ധാടിയോടെ വർണ്ണിച്ചു. അപ്പുക്കൻപിള്ളയുടേയും കണ്ണീരവരായരുടേയും രംഗവർണ്ണനകഴിഞ്ഞു, രണ്ടാമത്തെ വൈദഗ്ധ്യപരീക്ഷണത്തെക്കുറിച്ചു കഥനം ആരംഭിച്ചപ്പോൾ, ആശാന്റെ ധർമ്മപുടത്തിൽ ഉദിച്ചതായ കരുദേശത്തിനന്റെ പ്രക്ഷോഭണം ഉണ്ടായി. "എന്റെ കുഞ്ഞുമ്മേ! ധർമ്മയുദ്ധത്തിൽ ചിലതെല്ലാം പ്രയോഗിച്ചുകൂടാ. കുട്ടൻപിള്ള രായരെ തോല്പിച്ചതു ശരിതന്നെ. കർമ്മവിദ്യകൊണ്ടാണ് ജയിച്ചതു്. രായർ മലർന്നു വാ പിളർന്നുപോയി. അവിടെ നിന്നവർ കരുതി. ഞങ്ങടെ വലിയാന്മാരായിരുന്നപ്പോൾ ഉള്ള ഗ്രന്ഥങ്ങളൊന്നും വീട്ടിലെ തട്ടിൻപുറത്തുണ്ടു്. അതിൽ പറയുന്നു, ഇങ്ങനെയുള്ള ക്രിയ ചതിവാണെന്നു് രായർ, തിരുമനസ്സിനെ കൊല്ലാനും മറ്റും തുടങ്ങിയില്ല. തൂക്കിക്കൊണ്ടു വാളെടുക്കുന്ന ശ്രമം ചെയ്യണ്ടായെന്നു വിചാരിച്ചു. അടുത്തു മുന്നോട്ടു നീങ്ങി, തിരുമേനിയെ സഹായിച്ചു. അല്ലാണ്ടു് ആ ആൾക്കൂട്ടത്തിനിടയിൽ ആരെങ്കിലും തന്നത്താൻ ചാവാനുള്ള വഴി തുടങ്ങുമോ? അകപ്പാടെ 'നായർ' എന്ന പേരുതന്നെ പരദേശികളുടെ ഇടയിൽ നാറിക്കൂടുതുടങ്ങി.

Digitized By Kerala Sahitya Akademi

ത്രിവിക്രമകുമാരന്റെ സ്വഭാവഗുണങ്ങളെ ബാല്യം മുതൽ അറിഞ്ഞിരുന്ന മീനാക്ഷിഅമ്മ, ആശാന്റെ കഥനത്തിൽ ഒരു വാക്കുപോലും വിശ്വസിച്ചില്ല. അനിരോധിതൻ എന്നുകണ്ട്, അധർമ്മക്രിയകളെ ത്രിവിക്രമകുമാരന്മേൽ ചുമത്തി, സമുദായത്തിനുതന്നെയും ആയുവാവു മൂലം മാനഹാനി വന്നിരിക്കുന്നു എന്നുകൂടികൊണ്ടു കൊള്ളിക്കുവാൻ ആശാൻ മുതിർന്നപ്പോൾ, മീനാക്ഷിഅമ്മ തന്റെ മൌനവ്രതത്തെ, ബന്ധുജനങ്ങളെപ്പറ്റിയുള്ള അഭിമാനം നിമിത്തം, തല്ക്കാലത്തേക്കു ലംഘിച്ചു. 'നിൽക്കണേ കുറച്ചു'. ഇതെല്ലാം ആരോടു പറയുന്നു? എന്റെ മടിയിൽ വളർന്നിട്ടുള്ളവനാണ് ത്രിവിക്രമൻ. താലോലിച്ചു വളർത്തിയതു പടത്തലവന്മാരാണു് അച്ഛന്റെ ധർമ്മകല്പനത അറിഞ്ഞിട്ടില്ലാത്തവർ ഈ സ്ഥലങ്ങളിൽ ചുരുക്കമല്ലയൊ? ചെറുകക്ഷിക്കാരുടെ അവസ്ഥ എന്തെന്നു കൊടന്ത വിചാരിക്കുന്നു? മിണ്ടരുതു്, പുറത്തിക്കാനും കേൾക്കണ്ടാ. ദ്രോഹം പറഞ്ഞാൽ ശിക്ഷ തൊട്ടടുത്തിൽ നിന്നു കിട്ടും. ആശാൻ എന്തുകാരണത്താലൊ മുമ്പിലത്തെ നിലമാറി ഇപ്പോൾ കുറച്ചു തണുപ്പടം കാണിക്കുന്നു. എന്നെ ഉപദ്രവിക്കാൻ ഇങ്ങോട്ടു കടക്കരുതു്.''

കണ്ടാമൃഗചർമ്മക്കാരനായ ആശാൻ ഇങ്ങനെ അപഹസിക്കപ്പെട്ടിട്ടും, അനുകൊണ്ട സൂകരത്തെപ്പോലെ വിജൃംഭിതവീര്യനായി. എന്നാൽ മുന്നോട്ടു പായുന്നതു ബുദ്ധിപൂർവ്വമല്ലെന്നു പൂർവ്വാനുഭവങ്ങൾകൊണ്ടു് അറിഞ്ഞിരുന്ന ആ സൂകരാത്മാവു കാലുറപ്പിച്ചു വാൽ ചുഴറി നില്ക്കുമാത്രം ചെയ്തു.

മീനാക്ഷിഅമ്മ:—''എന്താ ആശാനെ! മനോധർമ്മങ്ങൾ ശേഖരിച്ചു മാറുള്ളവരെ വലയിപ്പിക്കാതെ പോവുക.''

Digitized By Kerala Sahitya Akademi

കൊടന്ത:—(തൊഴുതു ചിരിച്ചുകൊണ്ടു്) "എന്റെ കുഞ്ഞമ്മെ! യുഗവിശേഷംകൊണ്ടു മോരിനു തിലയില്ല. കായ്യം പറയുന്ന കണ്ണഴുക്കു അച്ചി കന്തം. പാലും പഴുക്കുമ്പോഠം കയ്ക്കും. ഹും. എല്ലാം പോട്ടെ. ഞാൻ പാവാൻ വന്നതു വേറൊരു കായ്യമാണു്. ശന്തിപ്പിഴകൊണ്ടു്, തോരു പറഞ്ഞുപോയി. ഇവന്റെ ഒഷ്ടാലംകൊണ്ടു്, ഈ സന്ധിയിൽ ഫലിതം പറഞ്ഞാലും ചൊവ്വാകയില്ല. എങ്കിലും ഉണ്ണുന്നതും ഉടുക്കുന്നതും തിങ്ങടെ മൊതലു്."

മീനാക്ഷി അമ്മ:—"അതതെ കൊച്ചുശാനേ! നില്ലുന്നിടം താണുപോകും. കൊച്ചുശാൻ വിചാരിക്കുംപോലെ സാവിത്രിക്കുട്ടി കളിക്കുട്ടിയല്ല. ആശാന്റെ യോഗ്യതകളെല്ലാം അവഠം അറിഞ്ഞിട്ടുണ്ടു്."

ഗണ്ഡഗത്തത്തിൽ അങ്കുശമേൽക്കുമ്പോഠം മദഗജത്തിനുണ്ടാകുന്ന സങ്കോചം, ഈ വാക്കുകഠം ആശാനിലും ഉണ്ടാക്കി. എന്നാൽ അയാഠം നട മടക്കാൻ തുടങ്ങാതെ, ആ ബാലികയുടെ കായ്യത്തിൽത്തന്നെ, അപകടങ്ങളും, ഗൃഹച്ഛിദ്രങ്ങളും സംഭവിക്കാതിരിപ്പാൻ താൻ സർവ്വാ "അവിഘ്നമസ്തു" പ്രാത്ഥനയോടെ നടക്കുന്ന എന്നും മറും അടിയിട്ടുകൊണ്ടു് ഇങ്ങനെ വാദിച്ചു. "എന്നു മാത്രമോ കുഞ്ഞമ്മേ! ഇന്നാഠം കിട്ടിയില്ലേ സമ്മാനം? അതുമതൽ അക്കുഞ്ഞിനു് ഇവന്റെ സത്യം ബോദ്ധ്യപ്പെട്ടുത്തിയിട്ടു് ഇനി മേൽക്കായ്യം എന്നുവച്ചു 'ഭഗവതീ! ഭഗവതീ! അനുഗ്രഹിക്കണേ, കുഞ്ഞിനു തക്ക ഒരാളുണ്ടാകണേ', എന്നു പ്രാത്ഥിച്ചോണ്ടേ ഊണുമുറക്കവുമുപേക്ഷിച്ചു ചുറ്റിക്കറങ്ങുകയാണു്."

മീനാ:—"തമ്പുരാനെ നിശ്ചയിച്ചിട്ടു് ഇനി മറുവഴി ആലോചിച്ചാൽ അനുഭവം കൊച്ചുശാനറിഞ്ഞുകൂടെ?"

Digitized By Kerala Sahitya Akademi

കൊടന്ത:—"എന്റെ കുഞ്ഞമ്മേ! അതാ, ഇപ്പോഴും മുഖത്ത് ആ പേരെക്കുറിച്ചുള്ള ചളിപ്പ് അങ്ങനെ തുള്ളിത്തിളയ്ക്കുന്നു. കുഞ്ഞമ്മയ്ക്ക് അവിടുന്നു പത്ഥ്യമല്ല, തീച്ചയായും അല്ല. ആശാനു കുട്ടൻപിള്ള ഏഴാംനാളുകാരനുമാണ്. ഈ സ്ഥിതിയിൽ കരു ചെരിച്ചുകൊടുപ്പു വേണ്ടെന്നു കൊടന്തയുടെ അല്പബുദ്ധിയിൽ തോന്നുന്നു. രണ്ടുപേക്ഷം സുഖക്കേടു് ഉണ്ടാകാതെ കഴിഞ്ഞാൽ ആശ്രയിക്കുന്ന ഞങ്ങൾക്ക് എന്തു സുഖമുണ്ടെന്നോ?" (സ്വരംതാഴ്ത്തി) "ടി പാറുന്യുമാന്റെ മരുമഹൻ കൊച്ചിരയിമ്മൻതമ്പി നമ്മുടെ കുഞ്ഞിനു് അസൽത്തരം. 'വിഷ്ണുനിശയ്ക്കുശാങ്കനുമയ്ക്കു്' എന്നു്, ഏതോ കോന്തുക്കാരൻ വന്ന്യാരേ റോ പാടിയിട്ടില്ല? അക്കണക്കു് കുത്തിരിക്കും. ഭർത്താക്കന്മാർ നമുക്കു് ഒരുദേവതകളല്ലെ? കുഞ്ഞമ്മ പരിഭവം എല്ലാം വിട്ടിട്ടു ഗുരുനാഥനോടു് ഇതു പറഞ്ഞാൽ ഉടൻ അനുവദിക്കും. കായ്ങ്ങാം അങ്ങോട്ടുമിങ്ങോട്ടും പറഞ്ഞൊതുക്കാൻ നിങ്ങളുടെ സ്വന്തം ഇവനുണ്ടു്. ഇവനു് വയറുപിഴപ്പാൻ വല്ല വഴിയും ഉണ്ടാക്കിത്തരാൻ കുഞ്ഞമ്മ സാഹസപ്പെടുകയും വേണ്ട."

ഇങ്ങനെയുള്ള പ്രസംഗകമ്മത്താൽ, ആശാൻ "സത്യശ്രദ്ധസഃസചി"യുടെ മേധം കഴിച്ചു് കുട്ടന്തേരം കാത്തുനിന്നിട്ടും, മീനാക്ഷിഅമ്മയിൽനിന്നും സ്വീകാരപ്രതിഷേധങ്ങളിൽ ഏതൊന്നിന്റെ എങ്കിലും ശബ്ദബിന്ദുവോ ശ്വേഷ്ടാക്ഷരമോ പൊഴിഞ്ഞില്ല. അസ്വാതന്ത്ര്യത്താൽ അയാൾ ചില ഉപദേശങ്ങളെക്കൂടി തന്റെ ചെറുപ്പമായകപ്രസംഗത്തോടെ അനുബന്ധിച്ചു. കുഞ്ഞമ്മേ! ശരിയാണു് നല്ലവണ്ണം ആലോചിച്ചിട്ടേ പ്രയോഗിക്കാവൂ. കുരുതി വടന്നാൽ കരയേണ്ടി വരുല്ല. പണ്ട

Digitized By Kerala Sahitya Akademi

ത്തെ കണിശന്റെ കൂട്ടത്തിൽ 'അടിയൻ പകലേ കണ്ടേ' എന്നു പറഞ്ഞൊണ്ടു വല്ല കണ്ടുകിണാറിലും 'ഭ്ധുടി' ങ്ങു കണ്ടു, വേളിക്കായ്മല്ലയോ? നാലുപാശ്ചവും നവപ്പൊത്തവും നോക്കിയിട്ടു നടത്താവു. എന്തായാലും കഥ മറെറാരിടത്തും മിണ്ടിക്കൂടാ. നടക്കുമ്പൊഴെ എല്ലാവരും അറിയാവു." എന്നും മറും ചില അഭിജ്ഞോപദേശങ്ങൾ സമർപ്പിച്ചിട്ടു് ആശാൻ നടകൊണ്ടു.

പാരത്രികജീവിതത്തിനു നിർദ്ദിഷ്ടമായിരിക്കുന്ന തന്റെ ജീവാത്മാവിനെ പ്രാരബ്ധസംബന്ധങ്ങളിലേയ്ക്കു പ്രത്യാനയിപ്പിപ്പാൻ മീനാക്ഷിഅമ്മ ഒരുങ്ങിയില്ല. കർമ്മബന്ധത്താൽ നേരിട്ടുപോയിരിക്കുന്ന വിപദ്വലയത്തെ ഒരുത്തൻ തത്തിനു വിപരീതമായുള്ള വല്ല ഇംഗിതപ്രകടനവുംകൊണ്ടു ജടിലമാക്കുന്നതു് പതിവ്രതാധർമ്മത്തിന്റെ അത്യാസന്നരവിലോപം ആകുമെന്നു വിചാരിച്ചു്, കൊടന്ത ആശാന്റെ വാക്കുകളെ ജലലിഖിതങ്ങൾപോലെ ഗണിച്ചു് സ്വന്തം ധ്യാനസ്ഥിതിയെ പുനരവലംബിച്ചു.

ഉണ്ണിത്താൻ നിയമേന മഹാരാജാവിന്റെ രണ്ടുനാഴിക വെട്ടപ്പിനു് മുഖം കാണിക്കുന്ന രാജസേവകവർഗ്ഗത്തിലെ പ്രധാന പുരുഷനായിരുന്നു. സൌന്ദര്യവും, സമ്പത്തും, വിദ്വത്വവും, സച്ചരിത്രതയും, കലാമഹത്വവും എല്ലാം ചേർന്നു തനിക്കുണ്ടാക്കിത്തീർത്തിട്ടുള്ള ഈ അവസ്ഥയെ അദ്ദേഹം കരുവിശേഷഭാഗ്യമായി പുലർത്തിവന്നു. അന്നു് രാജസന്ദർശനം കഴിഞ്ഞു് ഉണ്ണിത്താൻ മറുചില കാര്യങ്ങളുമന്വേഷിച്ചു് ഗൃഹത്തിലേക്കു മടങ്ങുംവഴിയിൽ, പുണ്യതീർത്ഥക്കരയിലുള്ള കല്യാനയുടെ ആനക്കാരനായി കണ്ടതു് സ്വശിഷ്യനായ കൊടന്തആശാനെ ആയിരുന്നു. കണ്ണംചുറ്റിധരിച്ചിരുന്ന രണ്ടാംമുണ്ടു് അത്ഭുത

Digitized By Kerala Sahitya Akademi

കരമായ ഭവഗത്തിൽ ഉടുമുണ്ടിനിടയിൽത്തന്നെ മറഞ്ഞു. അത്യാദരത്താൽ ആശാൻ പിടഞ്ഞു് തുള്ളി ഗജത്തിന്റെ പൃഷ്ഠഭാഗത്തും മറഞ്ഞു. എങ്കിലും മുഖത്തെ സപ്രഭയാ ഥനാ വ്യക്തമായി കാണുമാറാകംവണ്ണം കണ്ണം പൊങ്ങിച്ചു നിലകൊണ്ടപ്പോഠം ഉദ്ദേശിച്ച ഫലം സംപ്രാപ്തമായി. ഉണ്ണിത്താൻ രാജവീഥിയിൽ നിന്നുകൊണ്ടു് അകമ്പടിക്കാരെ മുമ്പിൽ നടകൊള്ളുന്നതിനും് ആജ്ഞാപിച്ചു. ഫ്രെകാഗ്രലിയാൽ ആശാന്റെ സാമീപ്യത്തെ ആവശ്യപ്പെട്ടുകൊണ്ടു് കരു അനുസാരോച്ചാരണത്താൽ വിശേഷമെന്തെന്നു് ചോദ്യംചെയ്തു.

കൊട:— "കന്നമില്ലേ".

ആശാന്റെഠ മുഖചേഷ്ടാ വിപരീതോക്തിയെ പ്രസ്ഫുടമായി വദിച്ചുകൊണ്ടിരുന്നതിനാൽ, ഉണ്ണിത്താൻ സത്യസന്ധതയെക്കുറിച്ചു് ചില പ്രമാണങ്ങഠ പ്രഖ്യാപനം ചെയ്തു് തന്റെ ശിഷ്യനെ ശാസിച്ചു.

കൊട:—"ഇല്ലേ, കന്നമില്ലേ."

ഉണ്ണി:—"ശോഷ്ക്കു്! ഈ പഠിതപം തനിക്കു് തന്നവരുത്തുല്ല."

കൊട;—"അയ്യോ ശപിക്കല്ലേ!" (കൈകൂടഞ്ഞു് എന്തു ചൊയ്യണ്ടു എന്നുള്ള ഭാവം ഭംഗിയായി നടിച്ചുകൊണ്ടു്) "കുഞ്ഞമ്മ തല്ലൊരു വഴി ആലോചിക്കുന്നേ."

ഉണ്ണി:—കുഞ്ഞമ്മയുടെ കായ്ത്തിൽ ഇനി പ്രവേശിക്കണ്ടാ. അവിടെയുള്ള ഔത്യം ഇവിടെ കൊണ്ടുവരികയും വേണ്ട. പെണ്ണുങ്ങഠ പാവങ്ങളെ ഇട്ടു പേപിടിപ്പിക്കാൻ നീ നടക്കേണ്ട." (ഉജ്ജിതസ്വരത്തിൽ) ആ പെരിഞ്ചക്കോടൻ ആരെന്നു് നീ അന്വേഷിച്ചോ?"

Digitized By Kerala Sahitya Akademi

കൊട:—"കരിഞ്ചെക്കാവൻ എന്നു് കരാതെ ഇവി ടെങ്ങും ഇല്ലേ."

ഉണ്ണി:—"ഫഃ പിടുങ്ങോഷ! 'കരിഞ്ചെക്കാവൻ' അ ല്ലാ പെരിഞ്ചക്കോടനാണു്. ആരെങ്കിലും ആകട്ടെ. നീ ഇനി അന്വേഷിക്കണമെന്നുമില്ല."

കൊട:—"ഇല്ലേ, ഇല്ലേ. ദിവാന്റെ്യുമാന്റെ അ ന്തിരവൻ കൊച്ചുതമ്പി—"

ഉണ്ണി:—"ങഃ—'കൊച്ചുതമ്പി—'എന്തോന്നെടാ 'കൊച്ചുതമ്പി'—ഇരയിമ്മൻതമ്പിയല്ലേ? അയാളെക്കുറി ച്ചു നീ എന്തു ശുപാശ്ചെയ്യുന്നു? അതിനെന്താവശ്യം? അ വർ ഇന്നു നാടുഭരിക്കുന്ന പ്രമാണികളല്ലേ? സേവപിടി ച്ചു് വല്ലതും സാധിക്കാമെങ്കിൽ അതു നടക്കട്ടെ. അതെ ന്തെ ഉപദ്രവിപ്പിക്കുന്നതു്—"

കൊട:—"സാവിത്രിക്കുഞ്ഞച്ചിയ്ക്കു മുണ്ടു കൊടുപ്പി ക്കാൻ കൊള്ളാമെന്നു്—"

ഉണ്ണി:—"ഏതു പരാശരന്റെ സ്മൃതിയിൽ കണ്ടു അതു്? നീ ഇനി അടുത്തപോലെ അമരാവതിയിലെ ജയ ന്തൻ കുട്ടിടെ പേരുകൊണ്ടു് എന്തും 'അലമാറു്' എന്നു പറയുന്നതു് നിന്റെ ഈ വക കമ്പവടംകൊണ്ടുണ്ടാകുന്ന താണു്. നീ അമരസ്മാരത്തുള്ളൽ തുള്ളുണ്ടോ. അതിടെ യു കതിയാണതു്?"

കൊട:—(ക്ഷീണം നടിച്ചു്) "ങം അ."

ഉണ്ണി:—(കുപിതനായി) "അമ്മയാണ? അമ്മയോടാ രു പറഞ്ഞു?"

കൊട:—"അതു ചോദിച്ചില്ല."

ഉണ്ണി:—"സങ്കല്പമറിയാണ്ടുള്ള നിഃവത്യം എന്തു മോ ഷിപ്പാനു്, ഏട്ത്യാ?"

കൊട:—"അയ്യോ! മറുപ്പുവർ തലമറന്നെണ്ണുതെ

Digitized By Kerala Sahitya Akademi

ഷ്ണനതിനു ശിക്ഷ ഇവന്നൊ? ദിവാന്ന്യേമാൻ ഇവിടെ ആലോചിക്കണ്ടതാണെന്നു ഞാൻ കുഞ്ഞമ്മയോടു പാടിച്ചേ."

ഉണ്ണി:—"എനിക്ക് അതൊന്നും കേൾക്കേണ്ട. നീ ഇപ്പോൾതന്നെ നടക്കണം. വേഗം പോയിട്ട്, ബാപ്പ്ലാശേരി തിരുമനസ്സിലെ കണ്ട്, തീപ്പ് എന്തെന്നു ചോദിച്ചു വന്നേക്കണം."

കൊട:—(തന്റെ ചെറുശരീരത്തെക്കൊണ്ടു വല്ലികളുടെ ചാഞ്ചാട്ടം ആടിച്ചു) "ബോധി—ഗുരുനാഥൻ ക്ഷമിച്ചാൽ ബോധിപ്പിക്കാം. കായ്യം ഇഷ്ടംപോലെ. എങ്കിലും, കൊച്ചുതമ്പി വേണ്ടെങ്കിൽ, രണ്ടാം പക്ഷത്തിനു്—ഇവനൊരു ബന്ധുമില്ലേ—ആശ്രയിക്കുന്നിടം വന്നായി വരട്ടെ എന്നേയുള്ളു—രണ്ടാം പക്ഷത്തിനു്, വിക്രമൻപിള്ളയല്ലേ നമുക്കു നന്നു്? ഇന്നലത്തെ കഥകൊണ്ടു തിരുവുള്ളം—"

ഉണ്ണി:—"അതതേ. ഇന്നത്തെ കല്പനയെല്ലാം അവനെക്കുറിച്ചുതന്നെ ആയിരുന്നു."

കൊട:—"എന്നാൽ വിളിച്ചു വല്ല കല്പനയും തരുന്നുമുമ്പു് സ്വതേതന്നെ തിരുവുള്ളം നടത്തുകയല്ലേ ന്യായം?

ഉണ്ണി:—"വല്ലടവും മാന്തിപ്പൊളിക്കാതെ പോയി പറഞ്ഞതു ചെയ്യു. ആ കൊച്ചൻ കണ്ടാലും ആചാരത്തിലും ബൌദ്ധൻ നടക്കു്. തമ്പുരാൻ കളിക്കാനിറപ്പോകും."

ആശാൻ നിലംനോക്കി അല്പനേരം ആലോചിച്ചു നിന്നു. ചില വികൃതചേഷ്ടകളും കാട്ടി ഉണ്ണിത്താൻ കോപിച്ചു. "എന്തോന്നെടാ നീ കരു ശകുനിയായിത്തീന്നിരിക്കുന്നതു്? ആരെയെങ്കിലും മൂതിനു വിളിക്കാൻ ഉപദേശിക്കണമെന്നു വിചാരിക്കുന്നെങ്കിൽ, അതു് ഇങ്ങോട്ടു പുറത്തുവിട്ടേയ്ക്കു്. ഉപേക്ഷവേണ്ട."

Digitized By Kerala Sahitya Akademi

കൊട:—"അതൊന്നുമില്ല. ആളെക്കുറിച്ചുമല്ല. അവിടുന്നു രതാം! ഇവിടേയ്ക്കു ചേരുന്ന പ്രതാപക്കാരൻ പക്ഷേൽ—"

ഉണ്ണി:—"നിന്റെ ഇടപ്രയോഗംകൊണ്ട് പെരുവഴിയിൽ നിറുത്തി കഷ്ണിപ്പിക്കാതെ."

കൊട:—"ഇല്ല—ഇല്ല. 'വിളിച്ചുപറയാൻ പട്ടൻ' വേണം എന്നുണ്ടല്ലോ."

ഉണ്ണി:—"നിനക്ക് ആ വൈഭവം വഴിക്കു തീണ്ടിട്ടു പോലുമില്ല. നീ ശുദ്ധപൊട്ടൻ. ആ തിരുമനസ്സിലെക്കുറിച്ചു നീ എന്തോ പറകയാണ്. അവിടുന്നു സമ്പത്തിലും, വീര്യത്തിലും, സൌന്ദര്യത്തിലും, നമുക്കു കിട്ടാത്ത ഒരു മഹാനുഭാവൻ. എടാ! നീ എന്തു വിചാരിക്കുന്നു? ചില്ലറക്കായ്മാണോ അത്? ധനം, സ്ഥാനം, യശസ്സ്—"

കൊട:—"അതെല്ലാം അങ്ങിനെതന്നെ. അതുനെ. അ കോലത്തെ രാജ്യക്രമം നമ്മുടെ അല്ലപോലും."

ഉണ്ണി:—"അല്ലെങ്കിൽ വേണ്ട. യാജ്ഞവൽക്യവും മറ്റും ഞാൻ നോക്കീട്ടുണ്ട്."

കൊട:—"അതല്ലാ ഔട്ടത്തേക്ക് ഇങ്ങോട്ടുവരുന്ന ധൂർത്താനെപ്പോലെതന്നെ രാജ്യവും സൈന്യവുമുണ്ട്."

ഉണ്ണി:—"ഛേ ഛേ! 'വരുന്നു' എന്നു വിധിക്കാൻ നീ എവിടത്തെ ജോത്സ്യൻ? കുഴുത്തു സൂക്ഷിച്ചു സംസാരിക്കൂ."

കൊടന്ത ആശാൻ തന്റെ വാക്കിലുണ്ടായ സ്ഖലിതത്തെ സ്മരിച്ചു അപരാധസമ്മതം അഭിനയിച്ചു, കാലുകഠം തമ്മിൽ ഉരുമ്മിക്കൊണ്ട്, തലയും സ്വരവും താഴ്ത്തി ഇങ്ങനെ തുടങ്ങി "അതുതന്നെ ബോധിപ്പിക്കുന്നതും. ബന്ധുവൊ ശത്രുവൊ എന്നു നിർണ്ണയപ്പെടുത്തിയിട്ട് ചെയ്കയ്യോരിയിലെ പിള്ളയെ ഉപേക്ഷിക്കുക ഉത്തമം. എ

Digitized By Kerala Sahitya Akademi

നുചച്ചാൽ പൊന്നുതിരുമേനിക്കു—വല്യ കൊട്ടാരത്തിലേയ്ക്കു്, ഇന്ദുവോ ത്രൃയോ എന്നു് ആലോചിക്കണ്ടേ എന്നാണു്.''

ഉണ്ണിത്താൻ സൂയ്മകിരണങ്ങളെ എണ്ണാൻ കണ്ണെടുത്തു റിച്ചു തിന്നുപോയി. സഹശിഷ്യന്റെ ബുദ്ധിവൈശിഷ്ട്യം അഭിനന്ദിച്ചു്, അയാളെ ഒരു നല്ല സ്ഥിതിയിൽ ആക്കേണ്ടതാണെന്നു് ഉറയ്ക്കുകയും ചെയ്തു. എങ്കിലും മതിൽക്കെട്ടു ഭാഗംകിടപ്പാൻ വന്നിരിക്കുന്ന ഇക്കൻ മഹമ്മദീയാനുകൂലി ആകുന്നതു് അസംഭാവ്യം എന്നു തോന്നുകയാൽ അദ്ദേഹം ഇങ്ങനെ പറഞ്ഞു. ''പോ പോ എന്റെ ബുദ്ധിക്കും കണ്ണിനും ഏതാണ്ടൊരു തെളിവുണ്ടു്. ത്രൃ ആകാൻ മനസ്സുകൊണ്ടും സംഗതിയില്ല. എന്നെ ദ്രോഹിക്കുന്ന പാപിഷ്ഠകാരണം ഞാൻ അറിഞ്ഞു് ഈ ജന്മത്തു് ഒരു ദാനവും ഉണ്ടാകുല്ല. ആരെയും കിട്ടാഞ്ഞാൽ സ്വന്തം ജ്ഞാതികളുണ്ടു്. ആശ്രിതന്മാരുണ്ടു്. തമ്പുരാന്തല്ലെങ്കിൽ അവരിലൊരാൾ സാവിത്രിയെ കൊണ്ടുപോകും.

കൊടന്ത ആശാന്റെ ശിരസ്സിൽ ബ്രഹ്മദേവൻ പള്ളിസ്ഥിതികൊള്ളുന്ന പത്മത്തിലുള്ള മധുവിന്റെ കാലപ്പഷ്ടിതന്നെ ചൊരിഞ്ഞു. അതുകൊണ്ടുണ്ടായ അന്തർമ്മോദത്തിന്റെ നിർഭരത്തിരതള്ളലിനോടും എതിർത്തുകൊണ്ടു് ആ കൗടിലൻ വിദ്വദ്ധനടന്മാർക്കുമാത്രം വശ്യമായുള്ള സഹാപഹാസ്യത്തോടെ ഇങ്ങനെ പറഞ്ഞു: ''കഷ്ടമാണോമാഷേ! സ്വന്തത്തിൽ, സൊത്തും സ്ഥാനവും ഉള്ള ഒരു ചെറുപ്പക്കാരനെ കിട്ടുമ്പോൾ കുട്ടിയുടെ ജന്മം വല്ല വാത്തിലോട്ടും അയച്ചൂടെ?''—

ഉണ്ണി:—(ചിരിച്ചുംകൊണ്ടു്) ''നീ പറഞ്ഞുതന്നാണോ ശ്രുതികളും ധർമ്മങ്ങളും ഞാൻ അറിയേണ്ടതു്? നട

Digitized By Kerala Sahitya Akademi

ക്ക് എല്ലാം രഹസ്യമായിരിക്കണം. പെരിഞ്ചക്കോടൻ ഏതു കാട്ടരാജാവെങ്കിലും ആകട്ടെ. അക്കാര്യത്തിൽ സാഹസപ്പെടേണ്ട''

ഉണ്ണിത്താൻ നന്തിയത്തുമഠത്തിലേക്കും, ആശാൻ ബബ്ലേശ്വരന്റെ വാസസ്ഥലത്തേയ്ക്കും തിരിച്ചു. ഗ്രന്ഥനാഥന്റെ കച്ചസ്ഥാനം വാഞ്ഛിക്കുന്ന കൊച്ചാശാൻ കരുണിച്ചുവിമാനത്തിൽ ആത്മാർഥനായിത്തന്നെ കോട്ടയ്ക്കകത്തുള്ള കിഴക്കും വടക്കും തെരുവുകളെ ശരണംചെയ്തു. ബബ്ലേശ്വരനും മഹാരാജാവിന്റെ തിരുവുള്ളത്താൽ അനുവദിക്കപ്പെട്ട വാസമന്ദിരം ''വലിയകോയിക്കൽ'' കൊട്ടാരമായിരുന്നു. 1033-ലെ മുഹറപക്കാലത്തുള്ള രാജകീയ കൂപ്പാടുകളാൽ ഭദ്രമായ കരുങ്കാലച്ചിട്ട് അന്നു നിന്നിരുന്ന രാജമന്ദിരത്തെ രക്ഷിച്ചു. അവിടെ പ്രതിഷ്ഠിച്ചിരുന്ന ദേവൻ കൂപക്കരമഠം ഭഗവതിക്ഷേത്രത്തിലേയ്ക്ക് എഴുന്നള്ളിക്കപ്പെട്ടു. ഇപ്പോഴും കാണുന്ന രണ്ടുനില വലിയ നാലുകെട്ട് ആ തീപിടിപ്പിനുശേഷം പണിചെയ്യപ്പെട്ടതാണ്. ഈ കഥാകാലത്തു നിന്നിരുന്ന മന്ദിരം വടക്കൻ കോട്ടയത്തുനിന്നു് ഉമയമ്മറാണി സപരികുടുംബസഹായത്തിനു വരുത്തിയ കേരളവർമ്മരാജാവിന്റെ പാപ്പിടമായിരുന്നു. സാക്ഷാൽ ഇക്ഷ്വാകുചക്രവർത്തിയോടു് വംശബന്ധം അവകാശപ്പെടുന്ന ബബ്ബിലിപുരം രാജകുടുംബത്തിലെ അജിതസിംഹമാനവിക്രമൻ രാജകുമാരന്റെ പാപ്പിനായി അനുവദിച്ചതു്; തെക്കുപടിഞ്ഞാറുമൂലയിൽ ''വേട്ടയ്ക്കൊരു മകൻ''നെ പ്രതിഷ്ഠിച്ചിട്ടുള്ള ആ മന്ദിരംതന്നെ ആയിരുന്നു.

ബബ്ലേശ്വരന്റെ സൂര്യവംശപ്രഭാവം, മന്ദിരത്തിന്റെ ഭൂഭാഗത്തു സേവിച്ചുനില്ക്കുന്ന രക്ഷികളുടെ വിദേശീയ വേഷങ്ങളും ശ്രുക്ഷാഭാരങ്ങളും മറ്റുള്ളതുപോലെ

Digitized By Kerala Sahitya Akademi

പ്രതിഫലിപ്പിക്കുന്നു. ആ നിലയന്ത്രത്തിലെ തല്പ്പാല വ്യവസ്ഥകൾ മഹാജിത സിംഹന്റെ പരിചാരകജനങ്ങൾ മാത്രം സൂക്ഷ്മമായി അറിഞ്ഞിരുന്നു. രാജസിംഹനെക്കാളും പ്രതാപവാനായുള്ള ഒരാൾ അദ്ദേഹത്തോടുകൂടി പാർത്തിരുന്നു. കായ്ക്കുർ ആയ ഇട്ടണ്ണിക്കണ്ടപ്പനായരോ, നായക്കനോ, അവിടത്തെ ഒരു പ്രത്യേകഗൃഹത്തിൽ ആക്ഷം കണ്ടുകൂടാത്ത ഒരു ദേഹനായി അവസരംകൊണ്ടിരുന്നു. അജിതസിംഹനുള്ള സുഖസൌകര്യാദികൾ, ഇട്ടണ്ണിക്കണ്ടപ്പൻ അനുദിവം വർദ്ധിപ്പിച്ചുവന്നതിലും തുലോം താണതരത്തിലുള്ളവ ആയിരുന്നു. ആ ഉഗ്രമൂർത്തിയുടെ നിരാകാലവാസത്തിനു ചോട്ടിപ്പുറത്തു ചില സന്ദേഹങ്ങളുമുണ്ടായിരുന്നു എന്നും ജനങ്ങൾ സംശയിച്ചിരുന്നു. ശ്രീപത്മനാഭസ്വാമിക്ഷേത്രത്തിലെ ഗോപുരാഗ്രത്തിലുള്ള ഒരു സചിത്രരൂപം രാത്രികാലങ്ങളിൽ ആ നഗരങ്ങളിൽ സഞ്ചരിച്ചുപോന്നതു ടിപ്പുവിന്റെ പുരാഗാമിയായ അനന്തകഭഗവാൻതന്നെ എന്നും ജനങ്ങൾ വിശ്വസിച്ചുവന്നു. ആ കഥകൾ എങ്ങനെയും ഇരിക്കട്ടെ. കൊച്ചുശാൻ എത്തിയ ഉടനെതന്നെ ദാസന്മാർ അജിതസിംഹന്റെ പള്ളിയറയ്ക്കുള്ളിൽ അയാളെ പ്രവേശിപ്പിച്ചു. പരിചാരകന്മാർ പിൻവാങ്ങിയപ്പോൾ "അസ്സലു് അസ്സലു്" എന്ന ചില സന്തോഷാരവങ്ങൾ അജിതസിംഹന്റെ തട്ടുപടിയായ സിംഹാസനത്തിന്റെ മുകളിൽനിന്നു പുറപ്പെട്ടു. കൊടുത്തശാൻ രാജകുമാരന്റെ രാജ്യക്രമവ്യത്യാസത്തെയും സ്വരാജ്യശത്രുവാണെന്നുള്ള അദ്ദേഹമെന്നുള്ള സംശയത്തെയും മറന്നു്, ശ്രീപത്മനാഭന്റെ മുമ്പിലെന്നപോലെ താഴ്ന്നുനിന്നു. പാരസീകരീതിയിൽ ധരിച്ചിട്ടുള്ള കേശമീശകളുടെ ഇടയിൽ തിളങ്ങിക്കൊണ്ടിരുന്ന വൻപൂച്ചയുടെ മുഖം കൊടുത്തയാ

Digitized By Kerala Sahitya Akademi

ശാനെ കണ്ടപ്പോൾ, ആ അംഗത്തിലെ സർവ്വഅണ്ഡങ്ങളും സരസമായി നൃത്തംചെയ്തു. ഈ അജിതസിംഹൻ ജന്മവാസനയാലും, യുവകാലത്തെ അഭ്യസനങ്ങളാലും അതി സൌജന്യശീലനായിത്തീർന്നിരുന്നു. പുഷ്ടമായുള്ള ആ കോമളശരീരത്തിലെ വാമഭുജത്തിനെ മുഷ്ടിസ്ഥിതിയിൽ ദൃഢതരമായി ഇളകിക്കൊണ്ടിരിക്കുന്നതു് അവിടത്തെ തിരുവിഹാരം "ചെണ്ടകൊട്ടുക" എന്നുള്ള വിദ്യാധരപ്രയോഗം ആയിരുന്നതുകൊണ്ടാണു്. "ചെണ്ടകൊട്ടിക്കുക" എന്ന പൂമ്പട്ടസ്ത്രീകളുടെ വ്യാപാരത്തിലും ഇവിടുന്നു് അതിവിദഗ്ധനായിരുന്നു. കൊടന്തആശാനെ കണ്ടപ്പോൾ ഈ ദ്വേഷം നഖാവലികൊണ്ടു് സിംഹാസനപ്പുലകയിന്മേലുള്ള ചെണ്ടക്കലാഞ്ഞലെ മുറുക്കി, ഇങ്ങിനെ കരുസംഭാഷണം ആരംഭിച്ചു. ഈ തിരുമേനി പ്രസാദിച്ചു പ്രയോഗിച്ചുവന്ന ഭാഷ പല ദേശങ്ങളിലെ ഭാഷാകഷ്ണങ്ങളും ചേർന്നുള്ള ഒരു അവിയലിന്റെ രീതിയിൽ സചിത്രപിതമായിട്ടുള്ളതായിരുന്നു. ദേശസഞ്ചാരംകൊണ്ടു് എന്തെല്ലാം അവസ്ഥാന്തരങ്ങൾ മനുഷ്യരുടെ സഭാവത്തിലും, പാണ്ഡിത്യത്തിലും, വ്യാപാരത്തിലും സംഭവിക്കുന്നു! "അപ്പട, ആ സാത്രീയിനു് സുഖം തന്നല്ലേ?" എന്നു മാജ്ജാരമുഖത്തായ തിരുമേനിയിൽനിന്നു് ഒരു പ്രശ്നം പുറപ്പെട്ടപ്പോൾ, ആശാൻ ചോല്യാനരൂപമായുള്ള സ്വരത്തിലും താളത്തിലും "ഇറൻ" എന്നു ധരിപ്പിച്ചു.

അജി:—"ഡോ. അല്ലോണം ചിന്തിച്ചു. ആരായുകയും ചെയ്തു. കാളു് അതിമെച്ചം. ഇപ്പട, ഈ അകത്തു സൈരം. പറഞ്ഞോ—പറഞ്ഞോളു. ആരുമില്ല. സൌന്ദര്യത്തായപ്പിന്റെ ത്രാസ് തായുന്നതേ മകക്കോ അമ്മക്കോ? ന്നേരു പറയു."

Digitized By Kerala Sahitya Akademi

അജിതസിംഹൻ അനുവദിക്കുന്ന സംഭാഷണപദ്ധതി ആശാസ്യമെന്നു് ആശാനു തോന്നിയില്ല. അന്യാസ്ഥയാലുള്ള മൌനത്തോടെ അയാൾ നിന്നപ്പോൾ, അജിതസിംഹൻ പൊട്ടിച്ചിരിച്ചു. ഉണ്ണിസ്ഥാൻ തല്ലുകൂട്ടത്തിലാണു്. വില്ലത്തി കണക്കെയുണ്ടു്. നല്ല ഹൃദിക്കുള്ള ശ്ലോഹങ്ങൾ അവസരം നോക്കി തട്ടി മൂളിക്കാൻ കൈൽപും ഉണ്ടു്. ഓയ്ക്കു് പതിനാറു തോന്നിക്കുള്ള എന്നു കേട്ടു. നാമം 'മീനാക്ഷി' എന്നും മധുരാംബികേടത്തിപ്പേരാണത്രു്."

കൊട:—(വിഷയം മാറാനിയി ഝടിതിയിൽ) "കൊച്ചമ്മ ക്ഷയംപിടിച്ചു കിടക്കയാണു്."

അജി:—"വ്ഹോ! ക്ഷയം, കരാളെ കൃശോദരിയാക്കും. അതുന്നല്ലേ ഉള്ളു? ശിന്നക്കുട്ടീനെ പരിഗ്രഹിക്കുക അവശ്യം. അങ്ങട്ടെയുന്നള്ളിച്ചാൽ, കോലോം ഭരിക്കണ്ടേ? നാടും? ഇവറ രണ്ടിനും വൈദവമില്ലാഞ്ഞാൽ നമുക്കു സൊല്ലു."

കൊട:—"അവർ കെട്ടിലമ്മമാരാണു്. അങ്ങോട്ടു പോരുന്നതുതന്നെ—"

അജി:—"അങ്ങനവരട്ടു്. നൊണപറയാൻ വട്ടം കൂട്ടിയാലു്, കൊടന്ത കൊയങ്ങും. അങ്ങട്ടു പോരുന്നതു് അപ്പോ, എന്താ, എന്താ സന്നിഗ്ധത്തിലാണു്? ഡോ ഡോ തീയ്യു് ഇവിടെക്കിടന്നു കഷണിച്ചു്, കഷ്ടിയിൽ കഴിയണ്ട. അങ്ങോട്ടുപോന്നേക്കു് അഷ്ടിക്കു വല്ലതുംതന്നു സഹവാസാക്കിക്കൂടെയാം. ഉണ്ണിസ്ഥാൻ എന്തു പറഞ്ഞൊഴിച്ചു?"

കൊട:—"കല്പിച്ചു് ആലോചിക്കുന്ന കായ്യത്തിൽ അവസാനത്തിലുള്ളതു് എന്തെന്നറിഞ്ഞാൽ കൊള്ളാമെന്നു്—"

അജി:—"ഈ അതുവ്വോ? ഡോ കൊച്ചാശാൻ! നമ

Digitized By Kerala Sahitya Akademi

ക്കു് ഉണ്ണിസ്ഥാന്റെ ബന്ധത്വം മതി. ബന്ധുവം—വീയ്യ കിയ്യത്തു നായരു തന്നല്ലെ? അങ്ങനെ നടക്കട്ടു് പരിഗ്രഹക്രിയ. നീ കൂടിപ്പോരുക്കു് കോലോത്തെ കായ്യം തരിക്കുന്ന ശ്വപം പട്ടർ, കാൻ മഹാദ്രോഹി. ആശ്വാസത്തെ നേമിച്ചു് ഇന്നുതന്നെ തിട്ടരം ചാത്തിയേക്കാം. നിയ്യു് നമ്മടെ ആത്മപ്പോരായി—ധരിച്ചുവോ രഹസ്യം?"

കൊടു:—"അയ്യോ അങ്ങനെ കല്പിക്കരുതു്. ഉണ്ണിസ്ഥാൻ കൊന്നുകളയും."

അജി:—"ഡോ വിടുവിസ്റ്റി! നോമല്ലേ ഏതു വാസുദേവന്റെ തുമ്പിക്കുത്തടുക്കാനും? നിർബന്ധിച്ചാൽ ഒരു ശീലക്ഷണം നോം സമ്മാനിച്ചേക്കാം. നാട്ടിലുക്കു് കൂടനാൽ കാട്ടു നിന്റെ കളത്രം."

ആശാൻ തന്റെ ധാരണത്തിനും അനുകരണത്തിനും ഉപദിഷ്ടമാകുന്ന കൌശലത്തെക്കുറിച്ചു ചിന്തിച്ചു് അല്പനേരം വിഷമസ്ഥിതിയിൽത്തന്നെ നിലകൊണ്ടു. ഈ സംശയഭാവം കണ്ടു് അജിതസിംഹൻ ഒരു ഭിന്നതന്ത്രത്തെ പ്രയോഗിച്ചു. "ഡോ!" എന്നുള്ള ശബ്ദത്തെ മാറ്റി "ഡാ!" ആക്കിക്കൊണ്ടു, "തഥാസ്തു എന്നു കൈ അടിച്ചു നടക്കു് പറപ്പാണ്ടയിൻറെ ആത്മക്കു് രക്ഷനു ഭാവിപ്പാൻ അവകാശമിപ്പു."

ഈ വാക്കുകളോടുകൂടി അജിതസിംഹൻ തന്റെ കൈയിലുള്ള ചെണ്ടക്കോലുകൊണ്ടു ചെണ്ടയിലൊരു തട്ടിയിട്ടുക്കി. തുടർന്നുള്ള ഭരണപ്രഭാവങ്ങളെ തുടക്കം തുള്ളിച്ചുകൊണ്ടു വർണ്ണിച്ചു കൊടുത്ത ആശാന്റെ ജീവൻ ആകാശത്തിലോട്ടു നിശ്വസിച്ചു. "നടക്കു്. ദോഷം നോം സുമാറാക്കും. കഥകളി വഴിയെ ഗ്രഹിച്ചില്ലേ? ജീവൻ വേണെങ്കിൽ ഉണ്ണിസ്ഥാനെ കാലിൽ വീഴിക്കു" എന്നുള്ള അരുളപ്പാടു കഥ

Digitized By Kerala Sahitya Akademi

കൊടന്ത ആശാന്റെ മോഹച്ചിറകുകളെ തളർത്തി കരു കിങ്കരൻ മന്ദിരത്തിന്റെ ബഹിർദ്വാരത്തു് അയാളെ പ്രവേശിപ്പിച്ചിരിക്കുന്നു എന്നു് പരിസരദേശത്തേയും ആകാശത്തേയും കണ്ടപ്പോൾ ആശാൻ ധരിക്കുകയാൽ, അയാൾ തന്റെ ജനനത്തേയും, കർമ്മത്തേയും, സമസ്ത കർമ്മങ്ങളുടെ സാക്ഷിയേയും ശപിച്ചു. ധൂർത്തനും വിടനുമായുള്ള ഈ രാജാവു് പറപ്പാണ്ട എന്ന തസ്കരപ്രമാണിയോടു തനിക്കുണ്ടായിത്തീർന്നിട്ടുള്ള ബന്ധം ഗ്രഹിച്ചിരിക്കുന്നു. ഈ രാക്ഷസൻ നിസ്സംശയമായി രാമവർമ്മമഹാരാജാവിന്റെ ശത്രുതന്നെയാണു് അയാൾ, തനിക്കു ദാസ്യപ്പെടാത്തവരെ ഏതുവിധത്തിലും മർദ്ദിക്കുന്നതിനു മടിക്കാത്ത ഒരു ദയാഹീനനുമാണു്. സകല കഥ എന്തായാലും ഈ പകടരാശിയിലോട്ടു സംക്രമിക്കുന്നു. ദ്രുദ്രോഹവും, വഞ്ചകപ്പുത്തിയും, അത്യാഗ്രഹവും തന്നെ മഹാ ഭൂരിപക്ഷക്കുട്ടിൽപ്പിടിക്കുന്നു എന്നു ചിന്തിച്ചു സാവധാനത്തിൽ ആശാൻ നടന്നു. നന്തയത്തുമഠത്തിൽ എത്തി. ഉണ്ണിത്താൻ സല്ക്കരിച്ചു് ആകാംക്ഷാഭാവത്തിൽ "എന്താടാ മറുപടി" എന്നു ചോദിച്ച സമയത്തു മാത്രമേ രാജഹിതത്തെക്കുറിച്ചുള്ള ആലോചനയൊന്നും ഉണ്ടായിട്ടില്ലെന്ന വസ്തുത അയാൾ സ്മരിച്ചുള്ളൂ.

"എന്തെടാ! നീ ശീതജ്വരം പിടിച്ചപോലെ തളരുന്നതിനു വിറയ്ക്കുന്നതു്?" എന്നുള്ള ചോദ്യംകൂടി ഉണ്ടായപ്പോൾ "ഓയ്! അവിടുന്നു് ഇന്നു വൈകുന്നേരംതന്നെ എഴുന്നള്ളുമെന്നു കല്പിച്ചേ" എന്നും, വരുന്നതുവരട്ടെ എന്ന നിശ്ചയദാർഢ്യത്തോടെ ധരിപ്പിച്ചു.

കൊച്ചുണ്ണാനെ തന്റെ സംഘത്തിലുള്ള കരുത്തൻ പുറത്താക്കിയപ്പോൾ നമ്മുടെ ബബ്ലേശ്വരൻ എഴുന്നേറുനിന്നു് ഉച്ചത്തിലൊന്നു പൊട്ടിച്ചിരിച്ചു. അഞ്ജനം

Digitized By Kerala Sahitya Akademi

കൊണ്ട് അങ്കിതമായുള്ള നേത്രങ്ങളുടെ തീക്ഷ്ണതേജസ്സോടെ കരു സിംഹവക്രൻ രംഗത്തു പ്രവേശിച്ചപ്പോൾ, ബബ്ലേശ്വരന്റെ പൊട്ടിച്ചിരി പെട്ടെന്നു നിന്നു. ഇട്ടുണ്ണിക്കണ്ടപ്പോയ ആ അതികായന്റെ മുമ്പിൽ അജിതസിംഹൻ ദാസസ്ഥിതിയിൽ നിലയുംകൊണ്ടു. "ഇപ്പോൾ വന്ന ചാരൻ എന്തു മറുപടികൊടുത്തു?" എന്നു ചോദ്യമുണ്ടായതിനു്, "അവനെ വട്ടത്തിലാക്കി അയച്ചു" എന്നു് അജിതസിംഹൻ മറുപടിപറഞ്ഞു. ഉണ്ണിത്താൻ വിചാരിച്ചാൽ ആയിരത്താളം ഭടജനവും വേണ്ട പണവും പാട്ടിലാകുമെന്നു നിശ്ചയം വന്നിരിക്കുന്നതിനാൽ അന്നുരാത്രിതന്നെ കാമുകവേഷംകെട്ടി പുറപ്പെട്ടുകൊള്ളുക എന്നു് കരു ആജ്ഞകൂടി ഉണ്ടായപ്പോൾ, മാനവിക്രമൻ തലതാഴ്ത്തി അനുസരണം അഭിനയിച്ചു. തങ്ങളുടെ കരു ബന്ധുവാൽ പ്രയോഗിക്കപ്പെട്ട ലേഖനം ഉണ്ണിത്താന്റെ മനോഗതികളെ അധികം വ്യതിചലിപ്പിച്ചിട്ടില്ലെന്നു കാണുന്നതിനാൽ ഈ ദ്വേഹത്തിനു സംഭവിച്ചേക്കാവുന്ന സമ്പന്നാഷ്ടത്തെക്കൂടി സന്ദർഭാവസരത്തിൽ സൂചിപ്പിക്കണമെന്നുള്ള കരാജ്ഞയും കായ്ക്കാരിൽനിന്നു പുറപ്പെട്ടു. അജിതസിംഹൻ നിശ്ശബ്ദനായി, വീണ്ടും തലതാഴ്ത്തി, "മഹാരാജ്" എന്നു് ആ അറയിലെ ചുവരുകൾക്കുപോലും കേൾക്കുവാൻ പാടില്ലാത്ത സ്വരത്തിൽ ഉച്ചരിച്ചു.

അദ്ധ്യായം ൭.

"അന്നേരം പല ദിക്കുകളും
മുന്നിൽ പരിചൊട്ടു കണ്ടുതുടങ്ങി
പ്രതിരോധത്തിനു മുഴികാറുകതി-
പ്പുടിപടലങ്ങൾ കണ്ണിൽനിറഞ്ഞു."

Digitized By Kerala Sahitya Akademi

ഉദ്യോഗസമേതനായി എത്തിയ മാതലിയെ കണ്ട തുപോലുള്ള ഒരു മഹാഭാഗ്യം, നമ്മുടെ ഉണ്ണിത്താനായ ഗ്രന്ഥസവ്യസാചിക്ക് അന്നു സമ്പ്രാപ്തമായി. ഉദ്യോഗശാലയിലെ കാഹള, രജത, താമ്രങ്ങളുടെ കിലുകിലാരവം കർണ്ണങ്ങളാൽ സംഘട്ടനംചെയ്യുന്നതിനിടയിൽ, ബബ്ലേശ്വരന്റെ ഒരു "ചോബ്ദാർ" എത്തി, മഹമ്മദീയാചാരങ്ങളോടെ, ഒരു സന്ദേശത്തെ സമർപ്പിച്ചു. കൊടുത്ത ആശാനായ മാന്ദിയുടെ കയ്യിലാണിരിക്കുന്നത്, ജിതസിംഹരാജാവു് അന്നു വൈകുന്നേരത്തെ നന്ദിയുത്സവമഠത്തിൽ, ശ്രീനായകനെ—അഥവാ അവിടത്തെ സുന്ദരീസ്വപ്നത്തെ—സന്ദർശിപ്പാൻ എഴുന്നള്ളുമെന്നു ധരിപ്പിച്ചതു്, ആയാളുടെ ദിഷ്ടിയിലേക്കാണ് ആ സന്ദേശം മുഖേന പരമാർത്ഥിച്ചു. തന്റെ ശ്രീനഗരത്തെ ഒരു മഹാരാജ്യാധിപൻ രഹസ്യമായി ഈ മാർഗ്ഗത്തിൽക്കൂടെ ദാസത്തമാക്കുവാൻ തുനിയുന്നുവെന്നുള്ള വാർത്ത നന്ദിയുത്സവമഠം സാക്ഷാൽ ചിലമ്പിനഴിഞ്ഞമായിരുന്നു എങ്കിൽ, ആ സല്ക്കാരമഹത്തെ ഒരു വിധം അന്തസ്സിൽ പര്യവസാനിപ്പിക്കാമായിരുന്നു എന്നുള്ള ക്ലേശപാരവശ്യത്തോടെ, ഉദ്യോഗകൃത്യത്തെയും കാലേക്കൂട്ടി അവസാനിപ്പിച്ചുകൊണ്ടു്, ഉണ്ണിത്താൻ സഭവനത്തിലേയ്ക്കു മടങ്ങി. ഇട്ടുണ്ണിക്കണ്ടപ്പൻ കായ്ക്കാരുടെ കല്പന അജിതസിംഹന്റെ ബ്രഹ്മദാസനായിരുന്നു എന്നു വായനക്കാർക്കു ഇപ്പോൾ തന്നെ തോന്നിക്കൊണ്ടിരിക്കുമല്ലോ.

താലവല്ലഭരകൻ ആയ ഉണ്ണിത്താൻ തന്റെ ജാമാതാവാട്ടില്ലാതെ ഇതരജീവികളോടു ബന്ധമില്ലെന്നുള്ള വാട്യത്തിനു നന്ദിയുത്സവത്തിനകത്തു കായ്മനിർവ്വഹണം തുടങ്ങി. താൻ ദീക്ഷണനായിരുന്നെങ്കിലും അനുഗ്രഹിച്ചിട്ടില്ലാത്തതായ തുപ്പുകാരികാ, വെള്ളംതൊടീകാരികാ മുത

Digitized By Kerala Sahitya Akademi

ലായ ദാസവൃന്ദത്തേയും വശത്തി, വൈരാഗ്യപ്രതമൂർ
ത്തിന്റെ കാലംമുതൽ അനുഭവത്തെയുള്ള സൃഷ്ടിവിധാനക്രിയ
കൾ നിഷ്ഫലീകരിക്കേണ്ട ഭാരം തന്നിൽ ചുമത്തുന്നതുപോലെ
യുള്ള വ്യർത്ഥതയോടെ, അവർക്കൊണ്ടു തള്ളുകളും, മുറങ്ങ
ളും, കളക്കടവിലെ പടികളും, ഭാരപ്രദേശവും, നിര
കളും, ചുവരുകെട്ടുകളും, മിനുസമാക്കിച്ചു. മാർജ്ജനകർമ്മകാ
രികളെക്കൊണ്ടു ഭൂമിയിലെ മണൽത്തരികളെ സഹസ്രാക്രമാ
വർത്തിപ്പിക്കുന്ന കർമ്മത്തിലും അദ്ദേഹം തന്റെ മേൽനോട്ടം വ
ഹിച്ചു. തന്റെ അഭ്യാസമണ്ഡലത്തോടു സംബന്ധമി
ല്ലാത്തതായ ആ വിഷയത്തിലെ അജ്ഞതയിൽ അഭിമാനം, ഉ
ണ്ടായിത്താൻ സാഹസിയായി, ഭൃത്യജനങ്ങളുടെ പരുങ്ങുകളെ
കുറിച്ചു് അനുപദം കോപിച്ചും ശപിച്ചും അഷ്ടിമുടക്കുമെ
ന്നു ഭീഷണി പറഞ്ഞും ശാസിച്ചു. നാളികേരവൃക്ഷങ്ങളു
ടെ ഹരിതഛവിയിന്മേൽ ഭംഗപ്പെട്ടുണ്ടാകുന്ന ശ്രുഷ്ടശകലങ്ങളെ
ആ സാഹിത്യരസികൻതന്നെ ശുദ്ധിച്ചു മാറിച്ചു. സന്ധ്യ
യായിട്ടും നിരത്തുകാരുള്ള നാഴികപങ്ങൾക്കും മറ്റും വ
ട്ടംകൂട്ടാതെ, ഇണ്ടിത്താൻ ഭവനദ്വാരത്തിലെ വെങ്കലവിള
ക്കുകളെ, ലക്ഷ്മീനാരായണത്തിനു് ഉചിതമായ താല
പ്പൊലിവിളക്കുകൾ ആഘോഷത്തിനും് ആത്മശ്രമമായി ഉഴ
ന്ന ആ പണി തൃപ്തികരമാംവണ്ണം നിർവഹിക്കപ്പെട്ടുന്നി
ല്ലെന്നുള്ള രോഷത്തോടെ ദൃഢഗമനം ചെയ്യുന്ന സമയ
ത്തേയും ശപിച്ചുകൊണ്ടു്, വിളക്കുകളിൽ പാതക്കാരികാ
പോലെ പ്രകാശിക്കുന്ന ദീപശിഖകളും ജ്വലിപ്പിച്ചു, രണ്ടു
മൂന്നു കഥകളിവിളക്കുകൾകൊണ്ടു വരായ്കയും, ഓരോ
ന്നുകൊണ്ടു തള്ളുകളേയും പ്രയോഗിപ്പിച്ചു. ധൂർത്തമായ
സഹകാരങ്ങളിമത്തിൽ ഇന്ദ്രചാപവർണ്ണങ്ങളിലുള്ള ലതാ
കുസുമാദികളുടെ ഛായകളാൽ ചിത്രീകൃതമായ കരു രതാ
കന്വളും വിരിച്ചു; പ്രേതഗൃഹയോഗ്യമായ മഹിമാവും് ഏതി

Digitized By Kerala Sahitya Akademi

രം ചേർന്നു. പുറത്തുനിന്നു നോക്കി. താടിയെ കശക്കിയും നോട്ടങ്ങളെ നോവിച്ചും ചിന്തിച്ചപ്പോൾ കമ്പളമാത്രംകൊണ്ട് ഈവിടത്തെ അലങ്കാരവും പരിപുഷ്ടമാകുന്നില്ലെന്നു തോന്നി, അദ്ദേഹം അല്പനേരം കൈ കുടഞ്ഞുകൊണ്ടു നടന്നു. ഈ അസംതൃപ്തിയാൽ ബുദ്ധിക്കുണ്ടായ മഥനത്തിന്റെ ഫലമായി ഒരു യുക്തി, പാലാഴിമഥനമെപ്പോലെതന്നെ, അദ്ദേഹത്തിന്റെ മനഃക്ഷീരാബ്ധിയിൽ ഉദയംചെയ്തു. സ്വഭാവനത്തിന്റെ ജന്മസാഫല്യത്തിന്റെ പൊരുവായ് എഴുന്നള്ളുന്ന രഘുവംശ്യന്റെ സല്ക്കാരത്തിനു് ആ ചേദിരാജ്യം സംഗ്രഹപ്പുരയ്ക്കുകുത്തുകടന്നു്, "രഘുവംശം" കുത്താമ്പുള്ളിയും സമാനമനസ്കരെയും കൊണ്ടു് അപഹരിക്കുവാൻതന്നെയും മുതിർന്നു. ശ്രീഹർഷപ്രഭൃതികൾ നിപതിതന്മാരായി. ആ ചിറകുള്ള ജീവികളെ ഭ്രസ്വാക്ഷം കൂടാതെ രക്ഷിച്ചുപോന്നിരുന്നതും, വെള്ളക്കാരന്മാരെ സന്തുഷ്ടരാക്കുന്നതിനു ചിലമ്പിനഴിയത്തുള്ള മാന്ത്രികാരൻ സമ്പാദിച്ചുവച്ചിരുന്നതും ആയ ഒരു ലന്തക്കാരനെയെ അലങ്കാരപുഷ്ടികരായി അപഹരിച്ചു്, നീരാഴിയിൽ സ്നാനം ചെയ്യിച്ചു തുടച്ചിച്ചപ്പോൾ, ആ പാശ്ചാത്യപീഠം കരകൌശലത്തിന്റെ ഒരു് അത്ഭുതമാതൃകയായി പരിലസിച്ചു. മുമ്പറഞ്ഞ കടമ്പളത്തിന്റെ മദ്ധ്യത്തിലുള്ള സരോരുഹാകാരപീഠത്തിനു മേൽ സ്ഥാപിച്ചപ്പോൾ, രത്നം ചക്രവർത്തിപുഷ്പങ്ങളെ വഹിപ്പാനുള്ള ഒരു കമലഭദ്രാസനമായിത്തന്നെ വിളങ്ങി. ഉണ്ണിത്തമ്പുരാന്റെ ഭ്രംഗിതാനുസാരം നക്ഷത്രത്തിളക്കവും മേഘശൂന്യതയുമുള്ള നീലാകാശത്തിൽ അണിനിരന്നപ്പോൾ, മേനക്കുട്ടിയും വിശാലക്കുട്ടിയും ഒരുപോലെ തെളിഞ്ഞു മന്ദഹാസം ചെയ്യുന്നു എന്നു്, അദ്ദേഹത്തിന്റെ കാവ്യാനുജ്ഞ ഉൽഘോഷിച്ചു.

Digitized By Kerala Sahitya Akademi

ഇങ്ങനെ സന്തുഷ്ടിനിലയേപ്രാപിച്ചു നടക്കുന്നതിനിടയിൽ എന്തൊ കരുന്യൂനത ഉണ്ടെന്നുള്ള ശങ്ക അദ്ദേഹത്തിന്റെ ഹൃദയത്തെ വീണ്ടും ചലിപ്പിച്ചുതുടങ്ങി. ഭൃത്യജനങ്ങളുടെ മേൽ പല കുറ്റങ്ങളും ആരോപിച്ചുകൊണ്ട് ആ സഭ്യനായ പല്ലുകടം ഞെരിച്ചു, "തിന്ന നശിപ്പിക്കുന്ന സ്വാമിദ്രോഹികൾ" കോപിക്കാതെ ചില സമസ്യാപദങ്ങൾ മന്ത്രിച്ചു. ഈ പ്രയോഗംകൊണ്ട് ആശയമണ്ഡലത്തെ വിശദീകരിച്ചപ്പോൾ, തന്നെ വ്യാകുലപ്പെടുത്തുന്ന അവസ്ഥ എന്തെന്ന് അദ്ദേഹം ഗ്രഹിച്ചു. അന്തഃപുരത്തിൽ പ്രവേശിച്ചു, സാവിത്രിയെ വരുത്തി, അവളുടെ അലങ്കാരത്തെ ആപാദമസ്തകം കണ്ണോടിച്ചു, ആജ്ഞാലംഘിനിയുടെ കണ്ണുപുടങ്ങളിൽ ചില കോപപ്രഭാഷണങ്ങൾകൊണ്ടു താഡിച്ചു, അവളെ ശിക്ഷിച്ചു. "എന്റെ കണ്ണിന്റെ വഴിക്കു ഗുരുതരം പോയിട്ടില്ല. ആ ത്രിവിക്രമൻ വന്നപ്പോഴത്തെ വേഷം ഇന്നു തോന്നാതെപോയോ? ഇവന്റെ ഇഷ്ടപ്രകാരം, കരുതിരുമേനിതന്നെ എഴുന്നള്ളുമ്പോൾ അപമാനിക്കാൻതന്നെ നിങ്ങൾക്കു തോന്നും. വിധം അതല്ലയോ? എങ്കിപ്പറയുന്നില്ല. ഈ ഭീരുവേഷം—" എന്നു പറഞ്ഞു കരുമൂടിക്കോട്ടലം കഴിച്ചപ്പോൾ "കരുങ്ങാനും മറവും ഉത്തലവാവാണ്ട്, ഇങ്ങനെ ചങ്ങപിടിച്ചോണ്ടാലോ? പെണ്ണാപ്പിറന്നവർ വ്യാജങ്ങളെപ്പോലെ കൂട്ടുമാറും പിറിച്ചിറൊന്നോ?" എന്നു കരുവാടം പറപ്പെട്ടതുകേട്ട്, അതിന്റെ ന്യായതയെ സമ്മതിക്കുന്ന ഭാവത്തിൽ ആ സാത്വികപ്രധാനൻ അവിടെനിന്നു മന്ത്രി അടുത്തപോലുള്ള കോപനടനത്തിനു സ്വീകരിച്ചതു രാജ്ഞിയുടെ ശയ്യാരംഗം ആയിരുന്നു. ആ സ്ഥലത്തെ ചടങ്ങിൽ പ്രയോഗിക്കപ്പെട്ടതു പ്രധാനതയിലുള്ള ഗംഭീര

Digitized By Kerala Sahitya Akademi

രസമായിരുന്നു. ഇതാ! ഭയപ്പെടുകിൽ രണ്ടുനാഴികനേരം ഈ ജ്യേഷ്ഠാഭിഷേകം കണ്ണുകളടയ്ക്കുതോ?" എന്നുള്ള സോൽപ്രാസപ്രകടനത്തിനു മറുപടിയായി, ആ മഹതി തന്റെ ഭയവ്യസനങ്ങളെ ഭഗവത്സമക്ഷമെന്നപോലെ തുറന്നു പറഞ്ഞു. "ഇതെല്ലാം തോന്നുന്നതു് എന്റെ കർമ്മം! ഞാൻ സഹിക്കാം സാവിത്രിക്കു് ഇതു രസിക്കയില്ല."

ഉണ്ണി:—"രസിക്കുല്ലെന്നു് എനിക്കറിയാം. രസം തോന്നിക്കാൻ ഞാൻ അവകാശപ്പെടുന്നുമില്ല.

മീനാ:—"ഇതെന്തു കഥയോ? എന്തായാലും അവിടെ വല്ല കിണറിലോ കുളത്തിലോ ചാടിച്ചാവുന്നെങ്കിൽ എന്തു് അപമാനം?"

ഇങ്ങനെ പറഞ്ഞുകൊണ്ടു്, ആ തളത്തിലെ സംഭവങ്ങൾക്കു സാക്ഷികളായി പ്രവർത്തനം ചെയ്തുകൊണ്ടിരുന്ന രണ്ടു ഭഗവാന്മാരേയും സ്മരിപ്പിക്കുമാറു് "ഭഗവാനേ!" എന്നുള്ള ഒരു പ്രാർത്ഥനാക്രോശത്തോടും ആ മഹതി മുക്തയാക്കി. സർവ്വധർമ്മാനുസ്യൂതിയെ ദീക്ഷിച്ചിരുന്നതിനാൽ, ഉണ്ണിത്താന്റെ സൂക്ഷ്മാത്മാവു് ഭഗവൽപ്പാദങ്ങളെ നിർദ്ദേശിച്ചുള്ള ഈ സംബോധനത്തിൽ ഹർഷപുളകിതമായി, അദ്ദേഹം കിഴക്കേ വരാന്തയിലേയ്ക്കു പാഞ്ഞു.

ആ നിശാകാലം, നാഴിക ഏഴു്, എട്ടു്, പതിനഞ്ചു് എന്നു തരണംചെയ്തു്, പത്തിൽ എന്നിട്ടും ബഹ്മ്ലേശപരന്റെ പുറപ്പാടു കണ്ടില്ല. അതിനാൽ, അന്നത്തെ ഉദയക്ഷണത്തിനുശേഷം ഉപവാസത്തിൽ കഴിയുന്ന ഉണ്ണിത്താന്റെ മേപ്പടിവ്രതത്തിനു് അവസാനം തേടിട്ടുടങ്ങി. ജനബാഹുല്യംകൊണ്ടു് ആ കാലത്തു് അതിനിബിഡമായിത്തീർന്നിട്ടുള്ള ആ നഗരം യോഗനിദ്രയെ അവലംബി

Digitized By Kerala Sahitya Akademi

ച്ചുപോലെ നിശ്ചേഷ്ടനായിരുന്നു. പക്ഷേ അഹിതനെന്നു ലോകരാൽ ഗണിക്കപ്പെടുവാനുള്ള തന്റെ ഉദ്യമം പ്രകൃതിദേവൻതന്നെയും ഈവിധം ഉപാപനംചെയ്യുന്നു എന്ന പ്രമോദത്തോടുകൂടി, അദ്ദേഹം തന്റെ ക്ഷുദ്രോപകരണങ്ങളെ ഉപേക്ഷിച്ചു. കൊടുന്തടയും ഒരു ഭൃത്യനേയും വിളിച്ചു് അജിതസിംഹന്റെ തിരുമുള്ളം കൊണ്ടുകൂടി അറിഞ്ഞുവരുവാൻ ആജ്ഞാപിച്ചു കൊടുക്കുന്നതിനിടയിൽ, ചില അകമ്പടിക്കാരുടെ പരിചകളും ഖഡ്ഗങ്ങളും പ്രവേശനദ്വാരത്തിലെ ദീപപ്രകാശത്തെ പ്രതിഫലിപ്പിച്ചു തിളങ്ങി. ബ്രഹ്മദേവന്റെ ആഗമനം കണ്ടു പൌലസ്ത്യനെപ്പോലെ ഉണ്ണിത്താൻ മുറത്തിറങ്ങി, അജിതസിംഹനെ എതിരേൽപ്പാൻ മുന്നോട്ടു നടകൊണ്ടു. സാവിത്രിയായ ഗൃഹഛിദ്രകാരിണിയെ ആ മുഹൂർത്തത്തിനു ലോകസമ്മതമായ ന്യായമാർഗ്ഗേണ നിഷ്ക്രാസനം ചെയ്യുവാനുള്ള ക്രിയയുടെ ആരംഭഘട്ടമായ ആ മുഹൂർത്തത്തിൽ, ഉണ്ണിത്താന്റെ മനസ്സു് ഒരു ചാരിതാർത്ഥ്യമധുരസം പടിച്ചു. വലതുകൈയാൽ ഒരു വടിവാൾ ഏന്തിയും, ഇടതുകൈയിൽ ധരിച്ചിരിക്കുന്ന ഉറുമാലാൽ വക്ഷസ്സിനെ വീശിയും പാടുകങ്ങാംകൊണ്ടു "ശഠഃ ശാഠ്യം" എന്ന സമ്മതത്തെ ധ്വനിപ്പിച്ചും, അജിതസിംഹൻ കൊടുവേനൃപ്രഭാവനായി, പ്രാരപ്രദേശത്തെ പ്രവേശനംചെയ്തു, ഗൃഹാങ്കണത്തിൽ പ്രവേശിച്ചു. ഒരു വിടൽസഭയിലെ ഭ്രഷ്ണമായിത്തീരുവാൻ പാണ്ഡിത്യമുള്ള ഉണ്ണിത്താൻ സപിതാവിൽനിന്നു സിദ്ധമായ ഔദ്ധത്യത്താൽ, അഞ്ജലിബന്ധത്തോടെ അല്പംമാത്രം തിരുകമ്പനംചെയ്തു. രാജാതിഥിയെ വന്ദിച്ചു അദ്ദേഹത്തിന്റെ അന്തേവാസിയെ കരങ്ങാടിച്ച അജിതസിംഹൻ ന്യൂനോപചാരക്കാരനായ ഗൃ

Digitized By Kerala Sahitya Akademi

രുന്നാഥനും തുല്യനുത്തം ചെയ്യിക്കുന്നതെന്തിനു് ആലോചിച്ചുകൊണ്ടു്; പാടുകങ്ങളെ വരാന്തയിൽ നിക്ഷേപിച്ചു. അരക്ഷണനേരം ഉള്ളിലുദിച്ച കരുതൽവേശത്താൽ അജിതസിംഹൻ സ്വാതന്ത്ര്യസാദ്ധ്യം പരിസരത്തെ വീക്ഷണം ചെയ്യുന്നു എന്നു നടിച്ചുകൊണ്ടു് ലന്തക്കുസേരയിൽ ഇരിക്കാതെ നിലകൊണ്ടു. താൻ ചരിക്കുന്ന രാശീചക്രത്തിലെ സൌരി ആ ഗ്രഹനായകനെ വീക്ഷണം ചെയ്തു രക്ഷിക്കുന്നു എന്നു സ്മരിക്കുകയാൽ മാത്രം അജിതസിംഹൻ സങ്കോചപ്പെട്ടതായിരുന്നു. എന്നാൽ ആ വിശ്വവിശാലമായ ഗ്രഹമണ്ഡലത്തിലെ രാസ്ഥാശക്തി സർവ്വോപരിപ്രധാനമായി ഭാസിച്ചതാകേണ്ടതാണെന്നുള്ള വിചാരം, ശ്രീകൃഷ്ണാഗമത്തിലെ സുയോധനത്വം അഭിനയിച്ചു് ആ സ്ഥാനസ്ഥനാകാൻ അജിതസിംഹനെ പ്രഗത്ഭനാക്കി. അവിടുന്നു് ലന്തക്കുസേരയിന്മേൽ കരു സാവധാനത്തിളം മേളിച്ചും; ശൃംഗാരരസവിവിധതരങ്ങളെ അഭിനയിച്ചും, ഉണ്ണിത്താനോടു പ്രപഞ്ചോല്പത്തിയെ കുറിച്ചു സംവാദം തുടങ്ങി. ഭാവി മനുഷ്യന്റെ ഗോഷ്ഠിയെന്നുള്ളതുപോലെ മനുഷ്യബുദ്ധിക്കു് അപ്രമേയമായ ഒരു ദൂരകാലസംഭവത്തെപ്പറ്റിച്ചായിരുന്നതു് പാണ്ഡിത്യത്തിന്റെ വിശാലതയും ഗഹനതയും കൊണ്ടാണെന്നു് ഉണ്ണിത്താൻ തല്ക്കാലത്തേയ്ക്കു സമാധാനപ്പെട്ടു. ദൂരത്തുവാങ്ങിനിന്നു്, ഗുരുനാഥന്റെ നടപടികൾ സൂക്ഷിച്ചുനോക്കിക്കൊണ്ടിരുന്ന കൊടന്തയാശാൻ, ഉണ്ണിത്താന്റെ അന്തർഗതികളെ സൂക്ഷ്മമാനം ചെയ്തതിനാൽ, അദ്ദേഹത്തിന്റെ ശുദ്ധഗതിയോ, രാജസിംഹന്റെ ചാപല്യങ്ങളോ തനിക്കു കിട്ടാൻ പോകുന്ന കായ്ക്കാരുടെയും ഗതിയെ കുന്തത്തിലാക്കുകയോ, പറപാണ്ടയുടെ ഖഡ്ഗപാതത്തിനു് തന്റെ കണ്ണിനെ വിഷയീഭവിപ്പിക്കുകയോ, ചെയ്യരുതേ എന്നു് അയാളുടെ നിതാന്തശ്രമങ്ങളാൽ ദ്യോ

Digitized By Kerala Sahitya Akademi

ഹിക്കപ്പെടുന്ന വൈഷ്ണവശക്തിയത്തന്നെ പ്രത്യക്ഷീകരിച്ചു. ഈ ആത്മീയക്രിയ കഴിഞ്ഞ ഉടൻ പടിവാതുക്കലെ ദീപപ്രകാശത്തിനിടയിൽനിന്നും ചില ആഗ്രഹങ്ങൾ കാണുകയാൽ, അങ്ങോട്ടു നടന്നു് അജിതസിംഹന്റെ അകമ്പടിക്കാരുടെ ഇടയിൽ നായകസ്ഥാനം ഏറ്റു.

ഉപപഞ്ചോല്പത്തിയെക്കുറിച്ചുള്ള സംഭാഷണരംഗം ഇങ്ങനെ ദിവസത്തിന്റെ പൂർവ്വഭാഗത്തു് ആരംഭമായ അല്പാംഗൻ കാൺകെ ആരംഭിച്ചപ്പോൾ, പ്രപഞ്ചകാരിയുടെ കൗശലജ്ഞതയെ പരിഹാസിക്കുന്നതായ ഒരു രംഗം കാമദേവന്റെ അനംഗന്റെ ആജ്ഞാനുസാരം സാവിത്രിക്കുട്ടിയെ ഗൗരവബുദ്ധിയായുള്ള ഒരു കന്യകയുടെ വേഷം ധരിപ്പിച്ചു, അവളുടെ ഹൃത്തിന്റെ ആരംഭത്തെ ഫലപ്രാപ്തിയിൽ എത്തിക്കാൻ സഹസ്രഖാദശങ്ങളെക്കൂടി ചലിക്കുകയില്ലെന്നുള്ള പ്രതിജ്ഞയോടെ, സ്ഥിതിചെയ്തിരുന്നു. ഈ സിദ്ധാന്തസ്ഥിയിൽ കഞ്ഞിപ്പെണ്ണിന്റെ മൂഷികസദൃശം ക്രമത്തിലധികമായുള്ള മുടുലതയോടെ "ഇഞ്ഞമ്മേ, ഞാമേ!" എന്നു സംബോധനം ചെയ്യുന്നതായി വാക്കുകൾ കേട്ടുതുടങ്ങി. "പേപിടിച്ച പെണ്ണു് ഉല്ലാസിപ്പാൻ കണ്ട സമയം" എന്നു കയക്കുന്നതിനിടയിൽ, ആ ദാസി ഒരു വിഭക്തംശം ചന്ദ്രസഹനായികയുടെ കടിയിൽ സമർപ്പിച്ചു. അതിന്റെ ലബ്ധിചരിത്രത്തെ കഞ്ഞിപ്പെണ്ണിൽനിന്നുതന്നെ കേട്ടറിഞ്ഞിരുന്ന സാവിത്രി സവ്യാംഗപുളകിതയായി "ആരു കൊണ്ടുവന്നു?" എന്നുമാത്രം ചോദിച്ചു. "കച്ചങ്ങീന്നുതന്നെ" എന്നു പറഞ്ഞു്, അദ്ദേഹം പടിഞ്ഞാറെപ്പുറത്തിൽ കാത്തുനില്ക്കുന്നു എന്നു് നേത്രാഞ്ചലം കൊണ്ടു്, ആ പ്രായ

Digitized By Kerala Sahitya Akademi

ത്തിലും വിശുദ്ധമതിയായിരിക്കുന്ന കുഞ്ഞിപ്പെണ്ണു ധരിപ്പിച്ചു. സാവിത്രി ഞെട്ടുതിയിൽ എഴുന്നേറ്റു ചിന്താപരവശയായി നിലകൊണ്ടു. "അപ്പുറത്തും ഇപ്പുറത്തും കരേ മുഖത്തിൽ എത്തിരിയിക്കുന്നതു് കണ്ടില്ലയോ! ഈ തമ്പുരാന്റെ വരവുണ്ടെന്നു് എങ്ങിനെ അറിഞ്ഞു? ചാടിപ്പുറപ്പെട്ടിരിക്കുന്നു! വല്ല ശണ്ഠയും, പക്ഷേ കൊലയും നടന്നേക്കാം. പരമസാധു അച്ഛനു് വല്ല അപമാനം ആകും. ഞങ്ങൾ പിന്നെ ഇരുന്നിട്ടു ഫലമെന്തു്?" ഇങ്ങനെ ചിന്തിച്ചുകൊണ്ടു് സാക്ഷാൽ ശങ്കരഭഗവാന്റെ മോക്ഷയുദ്ധത്തിനു പുറപ്പെട്ട ദേവി തടാതകയുടെ പൌരുഷപ്രകർഷത്തോടെ നടന്നുതുടങ്ങി. ഇരുട്ടിനിടയിൽ, മുഖദർശനംകൊണ്ടു ഭഗവതി അറിയുവാൻ പാടില്ലാതെ ത്രിവിക്രമകുമാരൻ മുമ്പോട്ടുനീങ്ങി. ആ യുവാവും സാവിത്രിയോടു് കഥ അവസാനം സമർത്ഥിനുതന്നെ പുറപ്പെട്ടിരിക്കയായിരുന്നു. ആ കുമാരന്റെ പുറപ്പാടു കണ്ടു് "ഇതെന്തോന്നു് ചേട്ടാ?" എന്നു് സഗൌരവം സാവിത്രി ചോദിച്ചു.

ത്രിവി:—എന്നതന്നെ ഞാനും ചോദിക്കുന്നു. തിരുവനന്തപുരത്തു തിരിച്ചെത്തിയപ്പോൾ, ഞാൻ പല കഥകളും കേട്ടു. എന്റെ സാവിത്രിക്കുട്ടിയല്ലയോ എന്നു വിചാരിച്ചു്, ഞാൻ കാര്യം വിശ്വസിച്ചില്ല. ഇന്നാൾ കണ്ടപ്പോഴും എന്നെ മിരട്ടിനോക്കിയച്ചു—"

സാവി:—"മിരട്ടിയെന്നോ ചേട്ടാ! ആ വാക്കു് എവിടുന്നു പഠിച്ചു?"

ത്രിവി:—(ഉത്തരം മുട്ടി എങ്കിലും കോപത്താൽ തുള്ളിവിറച്ചുകൊണ്ടു്) "ഞാൻ ഇപ്പോൾ അവനെക്കൊല്ലും, സംശയമില്ല. തടയുന്നതു് ആരെന്നു കാണട്ടെ. കാണട്ടെ. പുതിക്കര വന്നുകൂടാ, അവനെ ക്ഷണിച്ചെഴുന്നെള്ളിക്കാം! ആഹാ!"

Digitized By Kerala Sahitya Akademi

സാവി:—"കൊന്നാൽ ഭംഗിയായി! പിന്നത്തെ അപമാനം കാണ്മാൻ അമ്മയും ഞാനും ശേഷിക്കുമെന്നു് വിചാരിക്കേണ്ട. ഇതെന്തു ഭൂസ്വഭാവം? വീരന്മാക്കു്, കത്തി നിലവേണ്ടയോ? പോറ്റീടെ അടുത്തുനിന്നു കുറച്ചുകൂടി പഠിക്കേണ്ടതായിരുന്നു. ദിവാൻജി അമ്മാവന്റെകൂടി താമസിച്ചിട്ടും അവിടുത്തെ അമച്വ ഇത്തിരിയെങ്കിലും പഠിച്ചില്ലല്ലോ!"

ത്രിവി:—"ഞാൻ എന്തുചെയ്യും? ജാതീന്നു തള്ളി കഷ്ടപ്പെടുമ്പോഠം വെറുതെ ശകാരിക്കയുംകൂടി ചെയ്യരുതു്. സാവിത്രിക്കുട്ടിക്കു്, അല്ലെങ്കിലും തന്നെ യെ എന്നൊന്നില്ല."

സാവി:—"ചേട്ടനു ക്ഷമയുമില്ല. ആളും തരവും അറിയാനും പാടില്ല. കൂടിക്കളിച്ച ചേട്ടൻ തീരെ മാറിപ്പോയി. ജാതിയിൽനിന്നു തള്ളിയോ? ആരു്? പോണം വീരശങ്ങല എന്റെ കയ്യിലിരിക്കും. എന്റെ പൊന്നുചേട്ടൻ എന്തായാലും ഇപ്പോഠം പോകണം. പറയുന്നതു കേഠം കണം"

ത്രിവി—(അക്ഷമകൊണ്ടുള്ള ഉപചാപത്തിലായി) "കൂടി എടുത്തുകൊണ്ടു പൊയ്ക്കോള്ളാം. അതു പരിചയിച്ചവനല്ലയോ? എന്റെ ജീവനെങ്കിൽ കൂടിപ്പോരിക. അല്ലെങ്കിൽ എന്റെ സാവിത്രിയെ ഞാൻ പിന്നെ എന്നുകാണും? യുദ്ധത്തിനു് ഇന്നോ നാളെയോ പോകേണ്ടിവരും. ഈ മുടിഞ്ഞ കന്നക്കോലുകാരൻ തമ്പുരാൻ ഇവിടെ കിടക്കുകയും ചെയ്യും."

സാവി:—പോയി ജയിച്ചുവരണം. ഇപ്പോഠം ഇവിടെ കിടക്കട്ടെ. ചേട്ടനെന്തുചേതം?

ത്രിവി:—(കണ്ണം ഇടറി) "പിന്നെ വന്നില്ലെങ്കിലോ?—"

Digitized By Kerala Sahitya Akademi

സാവി:—"രണ്ടായാലും ഞാൻ ക്ഷമിയുണ്ട്. പൊയ്ക്കൊള്ളണം. അച്ഛനും അമ്മയും അറിയരുത്."

ത്രിവി:—"സാവിത്രിയെ അച്ഛൻ നിർബന്ധിച്ചാലോ?"

സാവി—"ഞാൻ; അല്ലെങ്കിൽ എന്റെ ആത്മാവു ക്ഷമിയുണ്ട് എന്നു പറയുന്നു. ഈശ്വരനല്ലേ സാക്ഷി? ഇനി നടക്കണം."

ത്രിവിക്രമകുമാരന്റെ ഹസ്തം മുന്നോട്ടു നീട്ടപ്പെട്ടു. അതിനുമേൽ പറഞ്ഞതു് കങ്കണവലയിതങ്ങളായ പാണിപദ്മം ആയിരുന്നു. ആരാധിതനാകുന്ന പുരുഷനിൽ സ്വാതന്ത്ര്യത്തെ സകൃപം സമർപ്പണം ചെയ്യുന്നതിൽ സ്ത്രീമാഹത്മ്യം പ്രത്യക്ഷമാകുന്നു. ആ വഴുത്തിന്റെ പ്രേമം സുഖാതപത്തിൽ വാടിപ്പോകുന്ന കുസുമദലംപോലെ ആണു്. സാവിത്രിയിലോ, പുരുഷത്വം മുന്നിട്ടുനിന്നിരുന്നു. എങ്കിലും, വ്യസനം ഭരന്തം എന്നിതുകളുടെ ഭംഗത്തിൽ അവൾ അവലംബമായകമായുള്ള ഹസ്തത്തെ ആരാഞ്ഞു പോയി. ത്രിവിക്രമൻ, സൃഷ്ടാവാൽത്തന്നെ പ്രണയപ്രധാനത്തിനു് ഉദ്ദിഷ്ടനായുള്ള ഒരു പ്രതിഷ്ഠയും ആയിരുന്നു. സാവിത്രി പ്രണയഭ്രാന്തയായി സകാമുകന്റെ വക്ഷസ്സിൽ ഗൂഢപ്രപാതം ചെയ്തില്ലെങ്കിലും, അവളുടെ ഹസ്തലസമർപ്പണം ആ യുവഭാഗ്യവാനെക്കൊണ്ടു് അയാളെ ആവരണംചെയ്തിരുന്ന മായുവിൽ അവളുടെ പരിപാവനാത്മാവിന്റെ സൌരഭ്യത്തെ ശ്വസിപ്പിച്ചു. തൽഫലം ആ മനോഹരവപുസ്സുകൾ രണ്ടും പരിരംഭണക്രിയയിൽ സംയോജിച്ചു. കാരണം, പ്രകൃതിയാകുന്ന വിശ്വജ്യോതിഷിയോടു ചോദിച്ചറിഞ്ഞുകൊള്ളുക.

അജിത സിംഹന്റെ ഗൃഢാഭിപ്രായം അനുസരിച്ചു നടന്ന സംഭാഷണം അർദ്ധരാത്രിവരെ എത്തി. തന്നെ ഓ

Digitized By Kerala Sahitya Akademi

രമേല്പിച്ചിട്ടുള്ള മന്ത്രോദ്യോഗങ്ങളെ നിർവ്വഹിപ്പാൻ ഇനി പ
റപ്പെട്ടുകൊള്ളാമെന്നു നിശ്ചയിച്ചു്, ഈ ദ്വോഹം ലന്തപ്പീറ
ത്തിന്മേൽനിന്നു ചാടി എഴുന്നേറ്റു, രഹസ്യാലോചന
യ്ക്കുള്ള പ്രത്യക്ഷനാട്യത്തോടെ, ഉണ്ണിത്താന്റെ ഹസ്തം
ഗ്രഹിച്ചുകൊണ്ടു് പടിഞ്ഞാറെ മുറിയിലേയ്ക്കു പാഞ്ഞു. അ
ന്തരകന്റെ പ്രവേശനം കണ്ടപ്പോൾ ഭടന്മാരുടെ നായ്ക്കളുടെ
കഥ കടിച്ചു. ആ സംഘട്ടനങ്ങൾ സ്ത്രീകളെ ഭയപ്പെടുത്തുക
കയാൽ, അജിതസിംഹൻ തന്നിച്ചാടി അമരസിംഹ
ന്റെ വാരിയെല്ലുകളിന്മേൽ പാദകമലങ്ങൾ ഉറപ്പിച്ചു്,
നിലംപറ്റാതെ രക്ഷപ്പെട്ടു. അപകടഭ്രയിഷ്ഠമായ ആ രം
ഗം ആലോചനയ്ക്കു കൊള്ളുകയില്ലെന്നു നിശ്ചയിച്ചു്, ഉമ്മു
ടെ രഘുപുംഗവൻ പുറത്തുചാടി, കന്നരണ്ട തളങ്ങളെ ത
രണംചെയ്തു്, ദീപങ്ങൾ പ്രശോഭിതമായുള്ള ഒരു മുറി ക
ണ്ടു്, അതിനകത്തോട്ടു ചാടിക്കടന്നു: ജീവാന്തംവരെയുള്ള
ആത്മബന്ധത്തിനു പ്രതിജ്ഞചെയ്തിട്ടു്, ആ ബന്ധത്തി
ന്റെ പവിത്രതയെക്കുറിച്ചു ധ്യാനത്തിൽ സ്ഥിതിചെയ്തിരു
ന്ന സാവിത്രി, ആ വിടരാട്ടിന്റെ അപ്രതീക്ഷിതവും ഭ
യപ്രദമായുള്ള പ്രവേശനം കണ്ട ചാടി എഴുന്നേറ്റു്
ആ ഖലന്റെ നേർക്കു ചില ജൂംഭകാസ്ത്രങ്ങൾ മോചിച്ചു.
അഭിമാനികളെ കാമപരം ചേർക്കുമായിരുന്ന ആ ശാസ്ത്ര
ങ്ങൾ അവയുടെ ലാക്കായ ഹൃദയത്തെ സാക്ഷാൽ പഞ്ച
ശരങ്ങളുടെ വൃഷ്ടിപാതംപോലെ രമിപ്പിച്ചു. തന്റെ ഹൃ
ദയത്തെ ആനന്ദസേചനംചെയ്ത ആ സൗഭാഗ്യമധുരിമ
യെ അജിതസിംഹൻ നേത്രങ്ങളായ രസനേന്ദ്രിയത്താൽ
ആസ്വദിച്ചുതുടങ്ങിയപ്പോൾ, സാവിത്രി പ്രൌഢമായ ആ
ഭരവിനയങ്ങളോടെ ആ മുറിയിൽനിന്നു നിഷ്ക്രാന്തയാ
യി. ആ കനകചന്ദ്രികയുടെ അസ്തമയം അജിതസിംഹ
ന്റെ ചിത്തവീഥിയിൽ അതിനിബിഡമായ ഒരു തിമിര

Digitized By Kerala Sahitya Akademi

പടലത്തെ വ്യാപരിപ്പിച്ചു. മുറിയ്ക്കകത്തു നടന്ന സംഭവങ്ങൾ കന്യകയുടെ സഖിയായ കുഞ്ഞിപ്പെണ്ണിന്റെ കരുമോഹരസപ്പന്തത്തെ ഞെക്കിക്കളകയാൽ അവൾ ഞെട്ടി എഴുന്നേറ്റ് കണ്ടവഴിയെ ചാടി. വസ്തുത്തിൽ തീ പിടിപ്പിച്ചു. ആ അന്തഃപ്രസാദത്തെ തിരാകരിച്ചുണ്ടായ അവളുടെ സാഹസങ്ങൾ അറിയെ പ്രശോഭിപ്പിച്ചുകൊണ്ടിരുന്ന ദീപത്തേയും കൊളിപ്പിച്ചു.

ഈ സംഭവം കരുതുകൂട്ടിയായി അറയ്ക്കുള്ളിൽ നിന്നിരുന്ന രണ്ടു ഉദ്ധതകായന്മാരേയും പീഡിപ്പിച്ചു; പൊലിഞ്ഞ ദീപം ഉണ്ണിത്താന്റെ ശാസനയാൽ വീണ്ടും പ്രശോഭിപ്പിക്കപ്പെട്ടപ്പോൾ, മുമ്പിൽ നില്ക്കുന്ന പുരുഷൻ അതുവരെ തന്റെ പരിഹാസമമ്മത്തെ കാരോ ക്രിയയാലും മാനിക്കൊണ്ടിരുന്ന ജളപ്രവീണൻ അല്ലെന്നു കണ്ട് ഉണ്ണിത്താൻ ആശ്ചര്യപ്പെട്ടു. ഇട്ടുണ്ണിക്കണ്ടപ്പന്റെ പ്രണിധിയായ ബഭ്രുലേശപരൻ തന്റെ രംഗപ്രകടനത്തിന്റെ ക്രമത്തെ കായ്യനിവ്വഹണാരംഭത്തിനു മേമ്പൊടിവണ്ണം ഗ്രുപാന്തരപ്പെടുത്തിയിരിക്കുന്നു. സാവിത്രിയുടെ ശയ്യയിന്മേൽ ആസനസ്ഥനായിക്കൊണ്ട് ആ സമഗ്രകുടിലൻ അതുവരെയുള്ള ഭാഷാരീതിയേയും സപരിവേഷങ്ങളേയും അല്പമൊന്നു മാറ്റി, പല രാജസ്ഥാനങ്ങളിലും പരിചയിച്ചിട്ടുള്ള ഒരു ഭരണനായാഡ്യന്റെ വൈഭവത്തെ പ്രകടിപ്പിച്ചുതുടങ്ങി. ആദ്യമായി ഉണ്ണിത്താനു് ഒരു ആജ്ഞ കൊടുത്തു് അദ്ദേഹത്തെക്കൊണ്ടു് അവിഹിതമായുള്ള ഒരു ദാസ്യത്തെ അനുഷ്ഠിപ്പിച്ചു. "കേട്ടോ ഉണ്ണിത്താൻ! നാം പരസ്പരം ഹൃയേങ്ങൾ തുറന്നു് ശകലം കൈമാറുക. നമ്മുടെ രഹസ്യങ്ങൾ വല്ലോരും ഉറുകേട്ടാൽ അമാന്തം. കന്നു ചുറ്റി നോക്കിപ്പോരിക."

Digitized By Kerala Sahitya Akademi

ഈ രാജശാസനം കേട്ടു അജിതസിംഹൻ സിംഹാസനയോഗ്യനായ നയജ്ഞൻതന്നെ എന്നു് അനുമിച്ചു കൊണ്ടു്, ഉണ്ണിത്താൻ ഗൃഹത്തിന്റെ നാനാഭാഗങ്ങളിലും ചുറ്റിനടന്നു്, ചില ഊഹിതമായ നിഷ്കൃഷ്കകളാൽ ഭവനത്തിൽ ശേഷിച്ചിരുന്ന ആട്ടുകളെ കേഠംക്കാൻ പാടില്ലാത്ത ദൂരങ്ങളിൽ ആക്കി മടങ്ങി എത്തി, സമീപത്തു് ആരും ഇല്ലെന്നു് ഉണത്തിച്ചപ്പോൾ, തന്റെ അകമ്പടിക്കാരും കൊടന്തയാശാനും എന്തുചെയ്യുന്നു എന്നു് അജിതസിംഹൻ പ്രത്യേകിച്ചു ചോദിച്ചു. ആ ആട്ടുകഠം ആരേയും അവിടെയെങ്ങും കാണ്മാനില്ലെന്നു് ഉണ്ണിത്താൻ ധരിപ്പിച്ചപ്പോൾ എന്തോ സംഗതിയെ ആന്തരമായി അഭിനന്ദിക്കുന്ന ഒരു രസം അജിതസിംഹന്റെ മുഖത്തു സ്ഫുരിച്ചു. ഇതു സൂക്ഷിക്കുകയോ, ഗ്രഹിക്കുകയോ ചെയ്യാതെ നിന്ന ഉണ്ണിത്താനോടു്, അജിതസിംഹൻ മാമാതൃസ്ഥാനം സ്വീകരിച്ചുള്ള നിലയിൽ അരുളപ്പാട്ടുകഠം തുടങ്ങി: "ദേ, കുണ്ണാരെ! എന്തായാലും നമ്മുടെ ഭാഗ്യംകൊണ്ടു് ഇന്നിങ്ങോട്ടുപോന്നു. സാവിത്രീനെ പരിഗ്രഹിക്കാ മനസാ ചെയ്യുകയിഞ്ഞു. വേണ്ട ക്രിയകഠം താമസിക്കാണ്ടു് നടത്തുക. ഓളു കോലത്തു പോന്നാൽ വയിപോലെ, നോം രക്ഷിക്കും. അച്ഛനെ കാണണമെന്നാഗ്രഹിക്കാണ്ടു് നോം പരിലാളിക്കും." ഈ ആർദ്രത ഉണ്ണിത്താന്റെ ഹൃദയത്തെയും ദ്രവിപ്പിച്ചു. 'അതങ്ങനെ—ഇയീം, നോം രണ്ടുപേരും മനുഷ്യരു്. ക്രോധമത്സരങ്ങഠം എന്നവഠംക്കു്—" (വിരമിച്ചു്, അവശ്യവിഷയത്തിൽ പ്രവേശിക്കുന്ന ഭാവത്തിൽ) "ദോ! ഒന്നു ചോദിച്ചോട്ടെ. ആ കേശോനെ—സിങ്കട ശിവാൻജി—കാനെ, വിവാഹത്തിനു ക്ഷണിക്കണോ? എന്താ ഭാവം?"

Digitized By Kerala Sahitya Akademi

വിവാഹകാര്യം തീർച്ചപ്പെട്ടതിനാൽ, വിഭ്രാന്തനായ ഉണ്ണിത്താൻ മനസ്സുകൊണ്ടു ദിവസവും നിശ്ചയിച്ചിട്ട് ക്ഷണത്തിൽ മറുപടിപറഞ്ഞു:—"ക്ഷണിച്ചേ തീരൂ എന്ന വിധത്തിൽ ഞങ്ങൾ തമ്മിൽ ചാർച്ചയൊന്നുമില്ല. അടിയന്തിരം ചിലമ്പിനഴിയത്തുവച്ചു് നടത്താമെന്നു് ആലോചിക്കുന്നതുകൊണ്ടു് അത്ര ദൂരത്തും ഈ സമയത്തും അദ്ദേഹത്തെ കൊണ്ടുപോകുന്നതു് വേണ്ടെന്നുവയ്ക്കുവാനാണു്."

അജി:—(ഇട്ടുണ്ണിക്കുണ്ടപ്പരുടെ നിയോഗങ്ങളിൽ കുന്നു നിവൃത്തിക്കാനുള്ള തക്കം ഉണ്ടാവുകയാൽ) "ഹാ! ചെലമ്പിലിയമ്മ! അതിന്റെ ഭൗലത്തു നോം കേട്ടിട്ടുണ്ടു്. അവിടെ പാർക്കുന്ന കാർണ്ണോരു്—?"

ഉണ്ണി:—"അടിയൻതന്നെയാണു് ഇപ്പോഴത്തെ കാരണവരു്."

അജി:—"'അടിയ'നോ? ഐ അലോഗ്യം! മുമ്പിലത്തെ കാർണ്ണോർ ഇപ്പയു്—?"

നെഞ്ചിൽ കുത്തു ശൂലം കൊണ്ടതുപോലെ ഉണ്ണിത്താൻ മലരാൻ തുടങ്ങി. ആ ഇടയിൽ തനിക്കു കിട്ടിയ ലേഖനത്തെ സ്മരിക്കുകൂടി ചെയ്തയാൽ, അദ്ദേഹത്തിന്റെ മുഖം വിളറി. "അങ്ങനെ സ്വരം താഴട്ടെ. എന്നാൽ വളയ്ക്കുയേ പാടുള്ളൂ, കടിക്കാൻ പാടില്ല" എന്നിങ്ങനെ നിശ്ചയിച്ചുകൊണ്ടു്, അജിതസിംഹൻ മന്ദമായി ഒന്നു ചിരിച്ചുകളഞ്ഞു. അദ്ദേഹത്തിന്റെ കണ്ണുകൾ പരിസരസ്ഥിതികളെ ഗ്രഹിപ്പാൻ ഗാഢമായി ഒരുമാവുകയും ചെയ്തു. എങ്കിലും ഉണ്ണിത്താന്റെ ശ്രദ്ധ ആ അവസ്ഥകളിൽ പതിയാതിരിപ്പാൻ, അതിനെ തന്റെ നിയാമകശക്തിക്കു് അധീനമാക്കുന്നതിനുള്ള ആഭിചാരകർമ്മമായി സംഭാഷണത്തെ ഇങ്ങനെ തുടർന്നു: "എന്താ മിണ്ടിച്ചുവന്നതു്?

Digitized By Kerala Sahitya Akademi

ആ കേശവകുടിലന്റെ വിഷയം. കാൻ—എന്താ കാൻറ ഉ! ഞകംതന്നേ—"

"നീചം" എന്നുള്ള അർത്ഥത്തിൽ വിരലുകാം തെറിപ്പിച്ചുകൊണ്ട്, കുലശേഖരപ്പെരുമാൾ ശുദ്ധാത്മാവാണെന്നും, സമ്പാതി ആയി ഗൃഹവാസം അനുഷ്ഠിക്കുന്ന ആക്കാട്ടു യവാബോടും, "ഇങ്കിരിയസ്സുകാർ" എന്നൊരുവക സിംഹദ്വീപന്മാരോടും "കാൻ" സഖ്യം ചെയ്തിരിക്കുന്നതു തക്കം കിട്ടുമെങ്കിൽ ടിപ്പുവോട് ആക്കി, ആ വ്യാഘ്രത്തിനും രാജ്യത്തെ പണയപ്പെടുത്തി കൊടുക്കുമെന്നും പ്രസംഗിച്ചു. ദിവാൻജിയെക്കുറിച്ചുള്ള ഒരഭിപ്രായത്തോടു പൊതുവിൽ സഹൃദയതാപം അഭിനയിച്ചുകൊണ്ട്, രാജ്യകാര്യങ്ങളിൽ അദ്ദേഹം അമാനുഷവിദഗ്ധനും, തുപ്പാളങ്ങളെക്കുറിച്ചു നിസ്തുലഭക്തനും ആണെന്നു ഉണ്ണിത്താൻ വാദിച്ചു. അജിതസിംഹൻ പൊക്കിയ പുവട്ട് പുറകോട്ടു വാങ്ങിക്കൊണ്ട്, അടുത്ത അടിയുയർത്തി.

അനന്തരസംഭാഷണം, തിരുവിതാംകൂറിലേയും ടിപ്പുവിന്റേയും സൈന്യസന്നാഹങ്ങളുടെ പോരും പോരായ്മകളെക്കുറിച്ചുള്ള വിവേചനത്തിലേയ്ക്കു തിരിഞ്ഞു. ടിപ്പുവിന്റെ സൈന്യാധിപന്മാർ നയിക്കപ്പെടുന്ന അക്ഷൗഹിണികളിൽ ഭൂരിഭാഗവും മാംസഭക്ഷകളായുള്ള രാക്ഷസന്മാരാണെന്നും, കുലശേഖരപ്പെരുമാളേയോ, സകലരാജ്യങ്ങളേയോ, സകലസമുദായാചാരങ്ങളേയോ കുറിച്ചു് അഭിമാനമുള്ളവർ അനുഷ്ഠിക്കേണ്ട പദ്ധതികളൊന്നിനുമാണെന്നും അജിതസിംഹൻ; പരശുരാമൻ നടിച്ചു്, ഗ്രാമം അറുപത്തിനാലിനേറ്റും മുമ്പിലെന്നപോലെ അരുളിച്ചെയ്തു. മായാശസ്ത്രധാരികളായി ആക്രമിക്കാൻ അടുക്കുന്ന ഇന്ദ്രജിത്തുകളെ വെല്ലുന്നതുമെങ്കിൽ, ബ്രഹ്മശൈഷ്ണവാദി ശസ്ത്രങ്ങളും പ്രയോഗിപ്പാൻ ചിരുതുള്ള ഒരു പ്രത്യേക സൈന്യത്തെ, മഹാരാജാ

Digitized By Kerala Sahitya Akademi

വെക്കരിച്ചു നിവ്യാജഭക്തിയുള്ള മഹാനുഭാവന്മാർ മേഖരി ക്കേണ്ടതാണെന്നും അഭിപ്രായപ്പെട്ടിട്ട്, തന്റെ നാട്ടിൽ നിന്നും ശുദ്ധമാഗ്ഗങ്ങളിലൂടെ പതിനായിരത്തിൽപരം പ ഭാതിയെ താൻ വരുത്തുന്നുണ്ടെന്നുള്ള രഹസ്യത്തെയും പൊഴിച്ചു. ഉണ്ണിത്താൻ സപരാജ്യഭക്തിയാൽ തെളിഞ്ഞു, അഭിനന്ദനഭാവത്തിൽ ആ പ്രാസംഗികനെ നോക്കിനി ന്നപ്പോഴേ, ത്യാഗധീരനായ ആ നവചേരമാൻ ഇങ്ങനെ കല്പിച്ചു—"അതു പോരാ കാണ്ണാരേ! കാരേ ഉന്മേഷിപ്പി ക്കാൻ ഇവിടെയും ചിലരുണ്ടാകുക—അല്ലാണ്ടെന്ത് ഫലം, കലം, ബലം?"

ഉണ്ണി—"അടിയൻ തിരുമനസ്സിലേയ്ക്കു വേണ്ടി എന്തു ചെയ്വാനും കരുക്കുമുണ്ട്."

അരി—"നാവുകൊണ്ടു പറഞ്ഞാൽ മതിയോ? ആ ളും പൊരുളും, ഇറക്കിനു കിടയായിട്ടു പത്തുപരിഷയിനത്തിനുവിനു, കളരിക്കു കുറുപ്പും കയ്മളുമാവാൻ മതുമഹാനുണ്ടു. വിശ്വസിക്കുക."

ഉണ്ണി:—"കല്പനയുണ്ടെങ്കിൽ ഹാജരാക്കാം. മന്ത്രിയും സേനായകന്മാരും വേണ്ട വ്യവസ്ഥകൾ ചെയ്തു നോൾ ഇടയ്ക്കു ചാടി അടിയങ്ങടെ അനഭിജ്ഞതകൊണ്ടു വല്ല അപകടങ്ങളും ഉണ്ടാക്കിയതായി വന്നുകൂടാ എന്നു ങ്ങിച്ചിയാണു."

അരി:—"കല്പനയോ? ചുത്തു കല്പനയാണു വേണ്ടതു് നോം തരുന്നതു കല്പനയല്ല? കലശേഖരപ്പെരുമാൾ നു മേൽക്കു. കലശൊഴുതമല്ലേ? അവിശ്വാസമെങ്കിൽ, മതുമ റഹാപട്ടേ—എന്താ അതു്? ആ പെണ്ണത്തൊട്ട ഭഗ വാൻ മറ്റു വല്ലടത്തും അഞ്ചി തുടങ്ങിയോ? ഛേ! നരമേധ മാണു്. ഛാ! കഷ്ടം! ടിപ്പുന്റെ പട ഇങ്ങട്ടു കടന്നുകൂടീ ന്നോ? ഭയങ്കരം! ഭയങ്കരം!"

Digitized By Kerala Sahitya Akademi

നന്തിയത്തുമഠത്തിനു രണ്ടുമൂന്നു പറമ്പിട വടക്കുള്ള കാരാഗൃഹത്തിൽനിന്നു പ്രക്ഷോഭകാരമായ ഒരു മഹാരവം പൊങ്ങുന്നുണ്ടെന്നു് ഉണ്ണിത്താൻ ഗ്രഹിച്ചു്, സംഗതി ആരാഞ്ഞുവരാൻ ഭൃത്യന്മാരെ വിളിച്ചുതുടങ്ങി. അജിതസിംഹൻ പല്ലു തെളിച്ചു കാട്ടി, എന്തോ നിസ്സാരസംഭവമാണെന്നു നടിച്ചുകൊണ്ടു്, സാഹസപ്പെടാൻ പോകേണ്ടെന്നു് ആജ്ഞാപിച്ചു.

ബന്ധനശാലയിൽക്കുന്ന ടിക്കിൽനിന്നുള്ള ശബ്ദം മുഴുത്തു സമീപപ്രദേശവാസികളേയും ഉണർത്തി ഒരു മഹാകലാപം ആരംഭിപ്പിച്ചു. വിഭ്രമിച്ചുണർന്ന ആബാലവൃദ്ധം ജനങ്ങളുടെ ഏകകോപിച്ചുള്ള മഹാരവം കേട്ടു് "ഡാ! ഉണ്ണിച്ചാത്താ! ചാത്തുട്ടി!" എന്നുള്ള വിളികളോടെ, ശത്രുഭഞ്ജനത്തിനെന്ന നാട്യത്തിൽ, വടിവാളും ഊരിക്കൊണ്ടു തന്നെ അജിതസിംഹൻ പ്രവേശനതളത്തിലേയ്ക്കു ദ്രുതരഗതിയിൽ നടന്നു. ഉണ്ണിത്താൻ ആ കലാപാരംഭത്തിലും ഭീരുകനം ദർശിച്ച ആകുലനായി. അജിതസിംഹനോടൊന്നിച്ചു മുൻതളത്തിൽ എത്തിയപ്പോഠം, ഗൃഹങ്ങളിലെ ഭൃത്യന്മാരും അജിതസിംഹന്റെ അകമ്പടിക്കാരും ചുറ്റിക്കൂടി നിലകൊണ്ടിരുന്നു. ഈ കൂട്ടത്തിലെ "വിഡ്ഢി" വേഷക്കാരനായി, അപ്പോഠം സംഭവിച്ച കലാപത്താൽ ഭീതനാക്കപ്പെട്ട കൊടനായാശാൻ പിറകു് വികൃതനൃത്തങ്ങഠം തുള്ളിക്കൊണ്ടിരുന്നു. കലാപകാരണം അറിഞ്ഞുവരുവാൻ സപരിഭൃത്യരോടു വീണ്ടും ഉണ്ണിത്താൻ ആജ്ഞാപിച്ചു. അവർ പുറപ്പെടാൻ തുടങ്ങിയപ്പോഴെയ്ക്കു്, ആ പ്രദേശത്തെ ഇളക്കിത്തുടങ്ങിയിരുന്ന കോലാഹലങ്ങഠം പൊടുന്നനവെ ശമിച്ചു. കനും അറിയാത്ത വിദേശീയനും, ആ നിസ്സാരവിഷയത്തെക്കുറിച്ചു് അറിയാൻ ആഗ്രഹിക്കാത്ത

Digitized By Kerala Sahitya Akademi

ധീരനും, എന്നുള്ള ഭാവത്തോടെ, അജിതസിംഹൻ യാത്രാനുമതിക്കെന്ന അർത്ഥത്തിൽ ഉണ്ണിത്താന്റെ കഴുത്തിൽ ഹസ്തങ്ങൾ ഗ്രഹിച്ചു. അദ്ദേഹം സപുളകം ഉപചാരസൂചകമായി അത്യാദരത്തോടെ നീട്ടിയ കഴുത്തുകളിൽ കന്നിനെ പിടിച്ചുകൊണ്ട്, അജിതസിംഹൻ പാടുകണ്ടുളിന്മേൽ കയറി യാത്ര ആരംഭിച്ചു. മുമ്പിലത്തെ സംഖ്യയിൽ കുറെണ്ണം കൂടിയിരിക്കുന്ന അകമ്പടിക്കാർ അദ്ദേഹത്തെ തുടർന്നു. അനുയാത്ര എന്നുള്ള മര്യാദയായി കഴുത്തിനെ പിടിപ്പിക്കാൻ നോക്കാതെ നടന്നുതുടങ്ങിയ ഉണ്ണിത്താൻ, അദ്ദേഹത്തിന്റെ ഭൃത്യന്മാരാലും കൊടുത്തയാക്കാതാലും പരിചയക്കാരായി, അജിതസിംഹനെത്തുടർന്ന് അവിടുത്തെ നിലയത്തിനകംവരെ എഴുന്നള്ളിച്ചു മടങ്ങിപ്പോന്നു.

ഇങ്ങനെ ശ്രീവഞ്ചീശപ്രഭാവജ്ഞൻ, തിരുമനസ്സിലെ പ്രജകളിൽ അഗ്ര്യപദമാളുന്ന പണ്ഡിതശിരോമണി, കേശവനുണ്ണിത്താനായ രാജകേസരിത്തംസം, താൻ അറിയാതെ അതിഘോരമായ ഒരു രാജദ്രോഹകർമ്മത്തിൽ സാക്ഷിയും സഹായിയും, ആ മഹാപരാധത്തിൽ ഭാഗഭാക്കും ആയി.

അദ്ധ്യായം വ്യ.

"നഹുഷജന്യ വൃഷപർവ്വജപോലെ
ബഹുമതാഭവപതിക്കയി! നീയും"

* * * *

"എന്നെ നീ മറന്നുവെന്നു ഖിന്നനായിങ്ങനിരുന്നു,
ധന്യചരിത! വന്നതിന്നു നന്നുനന്നഹോ!"

വഞ്ചിരാജ്യയന്ത്രം, ആക്കാലങ്ങളിൽ, ഗ്രന്ഥശിഷ്യപര

Digitized By Kerala Sahitya Akademi

സ്വരതപത്താൽ ഏകകാന്തകന്മാരായിത്തീർന്നിട്ടുള്ള രണ്ടു ഭരണകലാവിദഗ്ധന്മാരുടെ നിയന്ത്രണകൗശലംകൊണ്ടു സ്ഖലനങ്ങളും, വ്യതിചലനങ്ങളും കൂടാതെ അന്തർവ്വാഹിനിയെന്നപോലെ പ്രശാന്തപ്രവർത്തനം ചെയ്തുകൊണ്ടിരുന്നു. ആ യന്ത്രനേതാക്കളായ ഗുരുശിഷ്യന്മാരിൽ, ഗുരുവായ പുണ്യശ്ലോകൻ നിയോഗശക്തിയും, ശിഷ്യൻ നിർവ്വഹണശക്തിയുമായി രക്ഷാകർമ്മം, തങ്ങൾക്കു വിശ്രുതികരവും, ജനങ്ങൾക്കു ക്ഷേമകരവും ആകംവണ്ണം നിറവേറിവന്നു. കരു സംഹാരശക്തിയുടെ ഉദയം സമീക്ഷിച്ചപ്പോൾ, ഗുണത്രയത്തിൽ സാത്വീകം എന്നതിനെ സ്ഥിതികാരകന്മായ ഗുരുനാഥൻ, ജീവപ്രതിഷ്ഠാക്രിയയാലെന്നപോലെ, ശിഷ്യശക്തിയിലോട്ടു വിനിയമനംചെയ്തു. ശിഷ്യശക്തി, വിധ്വത്പ്രഭാവം കൈക്കൊണ്ടു്, ഗുരുതേജസ്സിനെ ഗ്രഹിപ്പാൻ ഉദ്യമിക്കാതെ, ബലംബഹിലയെ പുലർത്തി, പരിപാലനകർമ്മംകേന്ദ്രീകരിച്ചുതന്നെ നിർവ്വഹിച്ചതുതന്നെ ടിപ്പുവിൻറെ മത്സരബുദ്ധിയെയുംപ്രക്ഷുബ്ധമാക്കി. ഭൃത്യശക്തിക്കു് ഉത്തരദേശങ്ങളിലെ രീതി അനുസരിച്ചു "ദിവാൻ" എന്നുള്ള സ്ഥാനംകൂടി നൽകിയപ്പോൾ "രാമരാജാവു" തന്നോടു സമാനപ്രഭാവം അവകാശപ്പെടുന്നു എന്നു ടിപ്പുവിൻറെ മത്സരേക്ഷ ദർശിച്ചു് അയാളുടെ മദ്ധ്യകാംക്ഷ പ്രവൃദ്ധൌഗ്ര്യമായി സമുജ്ജ്വലിച്ചു. തൻറെ ദ്രോഹത്തിനും കോപത്തിനും പാത്രമെന്നു വിധിക്കപ്പെട്ട വഞ്ചിരാജ്യത്തിലെ സേനാസജ്ജീകരണത്തിനുള്ള യത്നങ്ങളെ തിരിച്ചിലിൽ വിപ്പിക്കാൻ ചാരവലയമാകുന്ന ക്ഷുദ്രപ്രയോഗത്തെയും ആ വ്യാഘ്രകൌടില്യൻ മുറുക്കത്തിലാക്കി.

ഈ സ്ഥിതികളിൽ അജിതസിംഹനായ ക്ഷപണകൻ സപ്രയംവരാർത്ഥിയായി ഡൽഹിയിലുമാനത്തിലെത്തി

Digitized By Kerala Sahitya Akademi

സാധിച്ചതു് രാജബന്ധനത്തിൽ അമന്നിരുന്ന കണ്ടീരവ രായരുടെ മോചനമായിരുന്നു. പഥികന്മാരുടേയോ, രാജ ഭടന്മാരുടേയോ സംശയം ഉണ്ടാകാതിരിപ്പാൻ, നന്തിയ ത്തുമഠത്തെ ആഭിചാരകേന്ദ്രവും, പ്രത്യാഗമനത്തിൽ ഉ ണ്ണിത്താനെ പരികമ്മിയും, ആക്കിയതായിരുന്നു. എന്തോ കലാപമുണ്ടായി എന്നുള്ള വൃത്താന്തം നഗരത്തിലെങ്ങും ഉദയത്തിനു മുമ്പുതന്നെ പ്രസിദ്ധമായി എങ്കിലും ശത്രു പക്ഷം സാധിച്ച വിജയകർമ്മത്തിൽ ഉപയോഗിക്കപ്പെട്ട തന്ത്രങ്ങൾ യഥാക്രമം മന്ത്രി ധരിച്ചിരുന്നുവെന്നും, അദ്ദേ ഹത്തിന്റെ നയമസ്യൂണമായ അനുമതിയാൽ അതു സമാ പിക്കപ്പെട്ടതാണെന്നും, സംഭവിച്ച കലാപത്തിന്റെ സൂ ക്ഷ്മരൂപം എന്താണെന്നും, മഹാരാജാവും, മന്ത്രിയും, മന്ത്രി യുടെ അംഗരക്ഷകസംഘവും, ബന്ധനശാലയിലെ നന്ദി കേശവരനും മാത്രമേ ഗ്രഹിച്ചുള്ളൂ. അടുത്ത ദിവസം ഉദ യത്തിൽ ആലോചനാ സഹായത്തിനെന്ന നാട്യത്തിൽ ഉ പമന്ത്രിമാർ, സേനാനായകന്മാർ, രാജസേവകപ്രധാനി കൾ എന്നിവരെല്ലാം മന്ത്രിയുടെ ഉദ്യോഗസ്ഥിലയനത്തി ലെത്തി:

രാജമന്ദിരത്തിന്റെ കിഴക്കേ അതുത്തിയായുള്ള രാ ജവീഥിയുടെ കിഴക്കുവശത്തു തെക്കേ അറ്റത്തു, നന്തി യത്തുമഠത്തിനെക്കാൾ രാജസമായിട്ടുള്ള ഒരു മന്ദിരം, ഭാസമാനമായി നിലകൊണ്ടിരുന്നു. ഇടക്കാലത്തെ കിഴ ക്കേ നാലുകെട്ട് എന്ന കൊട്ടാരംവക ഉപമന്ദിരവും, ഇ ക്കാലത്തെ കിഴക്കേ കൊട്ടാരമെന്നു പറയുന്ന രാജമന്ദിര വും അനന്തരകാലങ്ങളിൽ ഈ മന്ത്രിഗൃഹസ്ഥാനത്തെ ആക്രമിച്ചുള്ള നിലയന്ത്രങ്ങളാണു്. കേശവപിള്ളയായ പ്രഥമ ദിവാൻജിക്കു് ശ്രീവരാഹം മണക്കാടു് എന്നീപ്രദേ ശങ്ങളുടെ വടക്കേ സന്ധിയിൽ ഗംഭീരമായ ഒരു സ്വത്ത

Digitized By Kerala Sahitya Akademi

വന്നം ഉണ്ടായിരുന്നു എങ്കിലും, പാപ്പ് കോട്ടയ്ക്കകത്തുള്ള രാജസങ്കേതത്തിനകത്തുതന്നെയായിരുന്നു. ഈ മന്ദിരത്തിന്റെ പടിഞ്ഞാറുവശത്തു് ഉന്നതമായി നിലകൊണ്ടിരുന്ന ആനക്കൊട്ടിലും ആരാമത്തിന്റെ പ്രാകാരത്തിൽ അവിടവിടെ കാണുന്ന വാതലുകളിലും, പ്രാകാരത്തിന്റെ കാരോ കോണിലും "മുക്കി മീശവച്ചുള്ള തുറുപ്പുശിപായികൾ" കൂടാതെ, ബാണക്കാർ, തോക്കുകാർ മുതലായ രക്ഷിജനങ്ങളും അന്തർഭാഗത്തു പ്രതിഷ്ഠിതന്മായുള്ള രാജശക്തി പ്രവർത്തകന്മാരെ പരിസേവനംചെയ്തു വന്നിക്കുന്നു. പ്രധാന പ്രവേശനത്തിനു കിഴക്കോട്ടു കടന്നു പ്രവേശിക്കുന്ന മന്ത്രശാല, പാശ്ചാത്യരീതിയിലുള്ള ആസനാദി സാമഗ്രികൾകൊണ്ടു് അലങ്കരിക്കപ്പെട്ടിരിക്കുന്നു. വടക്കുകിഴക്കു മൂലയിൽ, വിചിത്രവേലകൾ ചെയ്തുള്ള കരിന്താളിത്തട്ടുപടിയിന്മേൽ, പട്ടുകോസടിയും, ഉറക്കന്തായ് പട്ടാംബരത്തലയണയും, അതോടുചേർത്തു ഒണ്ടുചാവട്ടയും, ഉത്തരാഗത്തു മഷിക്കുപ്പി, പേനാ, നാരായം ഇത്യാദി സാമഗ്രികളോടുകൂടിയ മേശപ്പെട്ടിയും കാണ്മാനുണ്ടു്. ഈ മന്ത്രശാലയുടെ വടക്കേമുറി ദിവാൻജിയുടെ വിശ്രമശാലയും, അതിന്റെ വടക്കത്തു ശയനമുറിയും, അതിൽനിന്നു കിഴക്കോട്ടുള്ള കെട്ടു് അന്തഃഗൃഹം പാചകശാല മുതലായ എടുപ്പുകളും, സങ്കീർത്തനാളിന്റെ കിഴക്കും തെക്കുമുള്ള കെട്ടുകൾ തദ്വണസേവിക്കുന്ന സേനാപംക്തിക്കാർ, രായസക്കാർ എന്നിവരുടെ പ്രവർത്തനശാലകളും ആയിരുന്നു.

ഈക്കാലത്തെ, ഈ "ശക്തിവിലാസ"ത്തിലുള്ള പ്രധാന ഹാളിനകത്തു് രാജശാസനത്തിൽ ദിവാൻജിയും, താഴത്തു പായുകൾ വിരിച്ചു് ഉപമന്ത്രിമാരും, നാനാഭാഗങ്ങളിലും വിരിച്ചയയ്ക്കപ്പെട്ടവരൊഴികെയുള്ള സേനാനാ

Digitized By Kerala Sahitya Akademi

യകന്മാരും, ദിവാൻജിയെ കാണ്മാൻ എത്തിയിരിക്കുന്ന മഹാജനനേതാക്കന്മാരും ഇരുന്ന ജനസന്നാഹം, ധനസന്നാഹം, ആയുധസന്നാഹം എന്നിവയെക്കുറിച്ചു ഗൗരവമായുള്ള ശീഘ്രാലോചനകളും നടത്തുന്നു. തിവ്രഹിക്കേണ്ടതായ ആജ്ഞകളും പുറപ്പെടുമ്പോൾ കായ്ക്കാരന്മാർ അവരവരുടെ തുറയിലെ പ്രധാന രായസക്കാരെ വരുത്തി, ലേഖനങ്ങളും തയ്യാറാക്കിക്കുന്നു. ദിവാൻജിതന്നെ ലേഖനങ്ങളും എഴുതുകയും, പല രായസക്കാരേയും നിരത്തിനിറുത്തി ഒരുഷ്ടാവധാനിയുടെ വൈശ്യത്തോടെ, പറഞ്ഞുകൊടുത്തു് എഴുതിക്കുകയും ചെയ്യുന്നു. ഇടയ്ക്കിടെ ഗൃഹസ്ഥന്മാർ, വ്യാപാരികളും, ജന്മികളും എന്നിവരെ വിശ്രമശാലയിലേയ്ക്കു കൂട്ടിക്കൊണ്ടുപോയി ആപൽസ്ഥിതികളെ ധരിപ്പിച്ചു് ധനസംഭരണോപായങ്ങളെ അനുക്ഷണഫലമായി അനുഷ്ഠിക്കുന്നു. ഇടപ്രഭുക്കന്മാർ, മാടമ്പിമാർ, കളരിത്തലവക്കാർ, കരപ്രമാണികളും എന്നിവരെക്കൊണ്ടു് അവക്കു് ശക്യമായുള്ള വിധത്തിൽ "പൊരുളും പുരുഷാരവും" ബലിഴിപ്പാൻ പ്രതിജ്ഞചെയ്യിച്ചു. അവരെ അളിനന്ദനസംഭാവനകളോടെ യാത്രയാക്കുന്നു. മദിരാശിയിലേയും, ബാംബേയിലേയും ഭരണാധികാരികൾക്കും റിപ്പോർട്ടുകളും, കത്തുകളും, സഹസ്തലിഖിതമായിത്തന്നെ ചാരന്മാർ മുഖേന ദ്രുതതരമായി പുറപ്പെടുവിക്കുന്നു. യുദ്ധാരംഭവൃത്താന്തം കേട്ടു് ആകുലരായ ജീരുക്കൾ ഗോപുരദ്വാരത്തിൽ സംഘംകൂടി സങ്കടം ധരിപ്പിക്കുമ്പോൾ, രാജ്യത്തിന്റെ സകല രക്ഷാനിദാനമായുള്ള മഹാശക്തിയുടേയും, രാജ്യരക്ഷ എന്ന മഹാഭാരതത്തെ ഐശ്വര്യമായ വൈഭവത്തോടെ വഹിക്കുന്ന പുണ്യശ്ലോകന്റേയും മാഹാത്മ്യങ്ങളെപ്പറഞ്ഞു വർണ്ണിച്ചു് അവരെ സമാശ്വസിപ്പിച്ചു പിരിച്ചയക്കുന്നു.

Digitized By Kerala Sahitya Akademi

ആ ദിവസാരംഭത്തിൽ കൂടിയിരിക്കുന്ന ഉപമന്ത്രികാ ഉഠംപ്പെട്ടുള്ള സംഘം കഴിഞ്ഞരാത്രിയിലെ കലാപത്തിന്റെ യാഥാർത്ഥ്യം അറിവാൻ കാംക്ഷിക്കുന്നു എങ്കിലും, നടക്കേണ്ടുംകായ്യങ്ങളെക്കുറിച്ചല്ലാതെ, ഇതരവിഷയങ്ങളെപ്പറ്റിയുള്ള ആജ്ഞകളോ അഭിപ്രായങ്ങളോ ദിവാൻജിയിൽനിന്നും പുറപ്പെടുന്നില്ല. കേശവനുണ്ണിത്താന്റെ വകനന്തിയത്തുമഠത്തിൽ തീയാട്ടുണ്ണിയെപ്പോലെ പീഠപീമയി ഇരുന്നു, തന്റെ പരിചാരകന്മാരേയും, കൊടന്തയാശാന്റെ സഹായത്തേയും പ്രയോഗിച്ച് അജിത സിംഹൻ കുണ്ടീരവരായരുടെ ബന്ധനമോചനം സാധിപ്പ കൗശലത്തിന്റെ സകല ചടങ്ങുകളും ആ ഭവനത്തിലെ പ്രണയപ്രതിഷ്ഠയെ പ്രദിക്ഷണം വച്ചുകൊണ്ടിരുന്ന ത്രിവിക്രമൻ മുഖേന ദിവാൻജി ഗ്രഹിച്ചിരിക്കുന്നു. കലാപകോലാഹലത്തെ പ്രാരംഭത്തിൽത്തന്നെ പ്രതിരോധിച്ചത് ആ മന്ത്രി സത്തമൻതന്നെ ആയിരുന്നു എങ്കിലും, ആ സംഭവത്തെ സംബന്ധിച്ചും അദ്ദേഹം ഗാഢമൌനം അവലംബിക്കുന്നതേയുള്ളു. അദ്ദേഹത്തിന്റെ ഗൃധ്രനേത്രങ്ങൾ ലേഖനത്തേയും ഭ്രമിയേയും ഭൈവശ്രുലംപോലെ സൂരംഗീകരിക്കുവാൻ പ്രവർത്തനം ചെയ്യുന്നു എന്നുമാത്രം ഉപമന്ത്രികാ കാണുകയാൽ അവർ പരസ്പരം മുഖത്തു നോക്കിയിരുന്നിട്ട്, മദ്ധ്യാഹ്നത്തിന്റെ സമാഗമത്തിൽ ഭഗ്നച്ഛന്മാരായി സ്നാനഭക്ഷണാദികർമ്മം പിരിഞ്ഞു.

കേശവനുണ്ണിത്താനായ സരസചതീദാസൻ, പുഷ്ടശരീരനും, സുഭഗകേശനും, പ്രവൃദ്ധമായ കൗമാര്യത്തോടുകൂടിയവനും ആയിരിക്കുന്നെങ്കിൽ ശ്രീ പദ്മനാഭദാസന്റെ ഈ പ്രഥമദാസൻ തപോനിഷ്ഠയെപ്പോലെ കൃശകായനും, ആയി ഭവിച്ചിരിക്കുന്നു. പീനങ്ങളായിരുന്ന സ്കന്ധ

Digitized By Kerala Sahitya Akademi

ങ്ങൾ മെലിഞ്ഞു് പുരാഭാഗം ഉന്നതങ്ങളായി, യുവദശയിലെ വക്ഷോവിസ്തൃതിയെ തുലോം ക്ഷയിപ്പിച്ചിരിക്കുന്നു. യൗവനകാലോന്മേഷത്തിന്റെ സ്പന്ദരംഗങ്ങളായിരുന്ന ഗന്ധങ്ങളുടെ മാംസളത ശുഷ്കിച്ചുപോയിരിക്കുന്നു. ആ കാലത്തെ ജീവചൈതന്യത്തെ പ്രതിബിംബിച്ചുകൊണ്ടിരുന്ന ആ ഒപ്പണതെത്രം ഉഗ്രമായ ഒരു കൃതാവുകൊണ്ടു കവചിതമായിരിക്കുന്നു. പുഷ്ടമായിരുന്ന ഗീണ്ഡനാസികു, ഘനംകുറഞ്ഞു ശുകതുണ്ഡംപോലെ കൃത്തമായ അന്തരത്തോടുകൂടിയതായിരിക്കുന്നു. രക്തധാഡികാഭം ജൃംഭിച്ചുവിലങ്ങുന്ന ലലാടപ്രദേശം ജഗൽസംരംഭകതന്ത്രത്തിന്റെ വേദിയായി പ്രേക്ഷകലോകത്തിന്റെ അഭിനന്ദനബഹുമാനങ്ങളെ അപഹരിക്കുന്നു. മദ്ധ്യഭാഗം ശൂന്യതളിമം ആയിത്തുടങ്ങിയിരിക്കുന്ന ശിരസ്സു ധരിക്കുന്ന മഹമ്മദീയരീതിയിലുള്ള കപവലയം ക്ഷാത്രധർമ്മാനുകരണത്തെ ലക്ഷീകരിക്കുന്നു.

മഹാരാജപാദങ്ങളെ അഭംഗുരഭക്തിയോടെ സേവിച്ചും, സ്വരാജ്യത്തിന്റെ സമാധാനസമ്പത്തുകളുടെ അഭിവൃദ്ധിക്കായി കായബുദ്ധികളെ അശ്രാന്തക്ലേശം അനുഭവിപ്പിച്ചും, സ്വരാജ്യസിംഹാസനത്തിന്റെ ശാശ്വതസുസ്ഥിതിക്കായി ബുദ്ധിപൂർവ്വമായുള്ള സാചിവ്യചാതുര്യത്താൽ വിക്രമബന്ധുരകീർത്തിയെ സമ്പാദിച്ചും, ദൂരവീക്ഷണശക്തിയാൽ ദർശിച്ച ആപൽഭ്രമിഷ്ണുഭാവിയിലെ അലഘുഭാരങ്ങളെ വഹിപ്പാൻതന്നെ ശക്തമാക്കുംവണ്ണം ആത്മബുദ്ധികളെ സംസ്കരിച്ചും, ജഗത്പാലനമാകുന്ന മാന്ത്രികതന്ത്രത്തിൽ സ്വതന്ത്രപ്രയോക്താവായി പാശ്ചാത്യസമുദായങ്ങളേയും വിസ്മയിപ്പിക്കുന്ന ഉദ്യശൃംഗപദത്തെ ഇദ്ദേഹം ഇപ്പോൾ സമ്പാദിച്ചിരിക്കുന്നു. മഹാധർമ്മവിശാലതകൊ

Digitized By Kerala Sahitya Akademi

ണ്ടു് ആ പ്രബുദ്ധകേസരിയുടെ ഗ്രഹണപടിമയാൽ സഹ കർമ്മികളെ സപ്രജ്ഞാനുവർത്തനങ്ങളിൽ ഉജ്ജ്വിതപ്രവർത്ത കന്മാരാക്കിവന്നു. ആ പുരുഷകേസരിതപം അതിന്റെ നേക്കു വല്ല നിരോധനോദ്യമവും ഉണ്ടായെങ്കിൽ പരിപ നഥിയുടെ ജീവസാരത്തെ സ്തംഭിപ്പിക്കുമായിരുന്നു. പാട മുറപ്പിച്ചടത്തുനിന്നു് ഈ ഭരണതന്ത്രഭീമസേനനേ രോമ മാത്രത്തോളമെങ്കിലും പുവടിളക്കിക്കണമെങ്കിൽ, സാ ക്ഷാൽ ഭീമസേനന്റെ സാഹായ്യംതന്നെ വേണ്ടിവരുമായി രുന്നു. ബാല്യകാലകഷ്ടതകളും, സേവകജീവിതത്തിലെ നിതാന്തക്രമങ്ങളും, സപാശ്രയശക്തിയെ പ്രതിഫലിപ്പിക്ക ന്ന കരു വിദ്യുത്തേജസ്സിനെ ആ മുഖത്തു വ്യാപരിപ്പിച്ചിരു ന്നു. തൃക്ഷ്ണപ്രകാശങ്ങളായിരുന്ന ആ നേത്രങ്ങാം സൌ ഹൃദത്തോടുകൂടിയുള്ള സമാഗമങ്ങാംക്കു സപാഗതവാടിക ളായ പോസ്ഥന്മാരും, ദ്രോഹശ്രമാനുവർത്തകന്മാരെ ഭസ്മീ കരിക്കാനുള്ള അഗ്നികുണ്ഡങ്ങളും ആണെന്നു പരിസേവി ജനങ്ങാം ഗ്രഹിച്ചിരുന്നു. ശത്രുവിനെപ്പോലും പ്രത്യക്ഷ മായ വ്യാജവചനംകൊണ്ടു വഞ്ചിപ്പാൻ അദ്ദേഹം കരുങ്ങി യിരുന്നില്ലെങ്കിലും, രാജ്യതന്ത്രവൃത്തികളെ അവശ്യം പരി രക്ഷിക്കേണ്ടതായ രഹസ്യങ്ങളെ ഗ്രഹിപ്പാൻ ഉദ്യമിക്കുന്ന വരെ ആ ശുകതുണ്ഡനാസികയിൽനിന്നു പുറപ്പെടുന്ന ചീ റലുകളാൽ ഹതാശന്മാരാക്കിവന്നു. മന്ത്രിമണ്ഡലത്തിലെ ഈ അപൂവ്വഭാസപാൻ അപ്രസന്നാക്കു കൃതാന്തനായും കാ ര്യപ്രവർത്തകന്മാക്കു സുഹൃത്തായും കുടിലന്മാക്കു ശൂലാഗ്രപ്ര ദേശകനായും, രാജത്തമായുള്ള അധികാരമുദ്രയെ അക്ഷ യതേജസ്സോടെ ധരിച്ചു്, സപകൃത്യങ്ങളെ കൃത്യബോധകൃ ത്യതയോടെ നിവ്വഹിക്കുന്നു.

അസ്തമിച്ചു് ആ റേഴുനാഴിക ആയിട്ടും, ഈ രാജ്യഭാ സൻ തന്റെ എഴുത്തുപെട്ടിയുടെ മുമ്പിൽ ചിന്താധീന

Digitized By Kerala Sahitya Akademi

നായിത്തന്നെ സ്ഥിതിചെയ്യുന്നു. സ്വരാജ്യത്തിന്റെ സുസ്ഥിതിയും, തന്റെ സുഖ്യാതിയും, സ്വസ്വാമിയുടെ മനസ്സുഖാസ്ഥ്യവും രക്ഷിക്കേണ്ടതായ ഒരു ആശ്രമനത്തെ പ്രതീക്ഷിച്ചു ചാരപ്രയോഗത്തിലോട്ടു സ്ഥിരവീക്ഷണനാകുന്നു. മൈസൂരിൽനിന്നുണ്ടാകുന്ന യുദ്ധപ്രസ്ഥാനങ്ങളുടെ സന്നാഹങ്ങളറിവാൻ പല ചാരന്മാരേയും അങ്ങോട്ടു നിയോഗിച്ചിരുന്നു. ആ സംഘത്തിലെ പ്രമാണി കൊച്ചുകുട്ടിപ്പിള്ള എന്ന തന്റെ പ്രത്യേക വിശ്വസ്തനും മഹാമാന്ത്രികനും, ബഹുഭാഷാഭിജ്ഞനും, വിവിധവേഷങ്ങളുടെ ധാരണത്തിൽ വിദഗ്ധനും കണ്ണീരവയോട്ടു കിടയില്ലുമായിരുന്ന കായികാഭ്യാസിയും ആയിരുന്നു. നാമമാത്രത്തിനു് ഒരു 'കായ്ക്കാർ' ഉദ്യോഗത്തിൽ നിയമിച്ചു എങ്കിലും ആ വിദഗ്ധന്റെ കലാനിഷ്ണാതികളുടെ പ്രയോജ്യതയെ പരിക്ഷിച്ചതും ഉപയോഗിച്ചതും ചാരമണ്ഡലത്തിന്റെ ഭരണത്തിൽ ആയിരുന്നു. ദിവാൻജിയുടെ പ്രത്യേകസഖനും സഹകാരിയും ആയിരുന്ന ഈ വിക്രമൻ, സുൽത്താൻ കോന്നമ്പത്തൂരിലെത്തി സഹ്യപർവ്വതത്തിന്റെ കിഴക്കുവശത്തുള്ള അധിത്യകവഴിക്കു് ഇരട്ടമല, ആരുവാമൊഴി എന്നീ സ്ഥലങ്ങളെ തരണംചെയ്തു തിരുവിതാംകൂർ രാജ്യത്തെ ആക്രമിക്കുമെന്നു് എഴുതിയിരുന്ന ഒരു ലേഖനം ഒരു ഉപചാരൻമുഖന അയച്ചിരുന്നു. ഈവൻ മുളകുമൂടന്ന സ്ഥലത്തുവെച്ചു തസ്കരന്മാരാൽ നിഗ്രഹിക്കപ്പെടുകയും, ആവൻ വഹിച്ചിരുന്ന സ്വകാര്യക്കത്തു് അപഹരിക്കപ്പെടുകയും ചെയ്തിരിക്കുന്നു എന്നു് ഒരു റിപ്പോർട്ടു പൂവ്വദിവസം ഉദയഗിരിയിൽ തെക്കുമുഖം സർവ്വാധികാര്യക്കാരിൽനിന്നും എത്തിയിരുന്നു. കൊച്ചുകുട്ടിപ്പിള്ളയുടെ കയ്യക്ഷരത്തിലുള്ള ആ ലേഖനം അന്നു രാത്രി എങ്ങിനേയോ ദിവാൻജി

Digitized By Kerala Sahitya Akademi

യുടെ കയ്യിയിൽ ആരാലൊ നിക്ഷേപിക്കപ്പെട്ടതായി ആ ദ്ദേഹംതന്നെ കണ്ടുപിടിച്ചു. ഇങ്ങനെ കിട്ടിയ ലേഖനം കഞ്ചെക്കട്ടിപ്പിള്ളയുടെ കരു കൌശലമാണെന്നു് അദ്ദേ ഹം ഊഹിച്ചിരുന്നതിനാൽ, ഉടനെതന്നെ തെക്കൻപട്ടാ ളങ്ങളിലെ ഭൂരിഭാഗം വടക്കോട്ടു പുറപ്പെടുന്നതിനു് ആ ജ്ഞകൾ ശുഡമായി പുറപ്പെടുവിച്ചു. ലേഖനവാഹകനെ നിഗ്രഹിച്ച ശസ്ത്രങ്ങൾ ഏതെന്നും അദ്ദേഹത്തിന്റെ സൂ ക്ഷ്മനേത്രങ്ങൾ ദർശിച്ചു. എന്നാൽ ആ സംഭവങ്ങൾ ഏ ല്ലാം മഹാരാജാവിനെ മാത്രം ധരിപ്പിച്ചുകൊണ്ടു്, കഞ്ചെ ക്കട്ടിപ്പിള്ളയുടെ വരവിനെ മന്ത്രിയുടേയും സേനാനായക ന്റെയും നിലയിൽ അകക്കാമ്പെരിയുന്ന ചൂടോടെ അ ദ്ദേഹം കാത്തിരിക്കുകയായിരുന്നു. താൻ യുദ്ധരംഗത്തിപ്പോ യ്ക്കു് ഉടനെ പുറപ്പെടേണ്ടതായിരിക്കുന്നു; എന്നാൽ ശത്രു വിന്റെ ബലനിശ്ചയംവരാതെ പുണ്യപുരുഷനായ സ ദ്ഗുരുസ്വാമിയെ തിരുവനന്തപുരത്തു വിട്ടിട്ടു പോകുന്നതു കൃത്യ വിലോപമായിരിക്കുമെന്നു തോന്നി. അദ്ദേഹത്തിന്റെ മ നസ്സിൽ കരു മഹാഗിതന്നെ കുത്തിജ്വലിച്ചു. ഏതാനും ദിവസങ്ങൾക്കിടയിൽ താൻ അനുഭവിക്കുന്ന മനോവേദ ന സപ്തഖണ്ഡഗത്തെ അനന്തരകാലങ്ങളിൽ ധരിക്കുന്ന ഭാ ഗ്യവാന്മാരെ എങ്കിലും പീഡിപ്പിക്കാതിരിപ്പാൻ ശ്രീപത്മ നാഭൻ പ്രസാദിക്കട്ടെ എന്നു് അദ്ദേഹം പ്രാർത്ഥിച്ചു.

പടിഞ്ഞാറെ ഗോപുരമുഖപ്പിൽ ശുഭവസ്ത്രം ധരിച്ചു ള്ള കരു ചെറുസംഘത്തിന്റെ പ്രവേശനമുണ്ടാകുന്നു. അ ങ്ങല്പനേരത്തെ ഏകാന്തതയേയും ഞെരുക്കുന്ന സങ്കടക്കാർ ആരെന്നു് അറിവാൻ അദ്ദേഹം ഗാഢവീക്ഷണനായി. സംഘത്തിൽനിന്നു വേർപിരിഞ്ഞ കരു ചെറുവിഗ്രഹത്തി ന്റെ അകമ്പടിയോടുള്ള പ്രവേശനത്തെ ദ്വാരസ്ഥന്മാർ പ്രതി

Digitized By Kerala Sahitya Akademi

രോധിക്കുന്നില്ല. കസവുവസ്ത്രങ്ങൾ ധരിച്ചുള്ള കരു മയോ ഹരഗാത്രം തന്നെ നോക്കി തുള്ളിക്കളിയാടി അടുക്കുന്നു. ആ മന്ത്രശാലയിൽ പ്രവേശിപ്പാൻ സ്വാതന്ത്ര്യമുണ്ടെന്നുള്ള പൂർണ്ണബോധത്താൽ അനുമതിക്കു കാത്തുനില്ക്കാതെ പടിഞ്ഞാറുള്ള വാതലിനെ തരണംചെയ്തു് അകത്തോട്ടു പ്രവേശിക്കുന്നു. രത്നങ്ങൾ തിളങ്ങുന്ന കരു കാഞ്ചനഹാരത്താൽ അലംകൃതമായ കണ്ഠവും കനകനിർമ്മിതമെന്നതന്നെ തോന്നിപ്പോകുന്നു. ശൈശവസഹജമായുള്ള ചാഞ്ചാട്ടങ്ങൾക്കിടയിൽ സ്വസ്ഥാനത്തുനിന്നു് ഇഴിഞ്ഞും നീങ്ങിയും പോകുന്ന ഉത്തരീയം രത്നഖചിതങ്ങളായ കങ്കണങ്ങൾ വിലസുന്ന കരയഷ്ടികളേയും പുറത്തുകാട്ടുന്നു. ദാസികളുടെ അതിസാഹസങ്ങളാലും നിയമപ്പെടുത്താൻ സാധിച്ചിട്ടില്ലാത്തതായ കേശപടലത്തിനിടയിൽ പ്രശോഭിക്കുന്ന കനകബിംബം, നേത്രങ്ങൾ, നാസാഭരണങ്ങൾ, കർണ്ണാഭരണങ്ങൾ, അധരപുടങ്ങൾ എന്നിതുകളിലെ വിചിത്രവർണ്ണസ്ഥലിംഗങ്ങൾ വഷ്ടിച്ചു്, തന്നെ ഭക്തിപുരസ്സരം ആരാധിക്കുന്നതുപോലെയും തോന്നുന്നു. രാജസപ്രൗഢിയും എന്നാൽ ചേതോഹരവുമായുള്ള നടയും, സിംഹകിശോരിതത്തോടു് അരുണോദയത്തിന്റെ പ്രശാന്തഭാസ്സും, ഉള്ളംതരുവിന്റെ നവജീവത്വവും സ്ഫുരിക്കുന്ന ആ മുഖം ചപലകാമന്റെ പ്രവേശനത്തെ നിരോധിക്കുന്നതായ ഭീലീനമുദ്രയാൽതന്നെ അങ്കിതമായിരിക്കുന്നു എന്നും അദ്ദേഹം കാണുന്നു. ആഗതയായ കന്യാരത്നം ആരെന്നു സൂക്ഷ്മമായി ധരിച്ചപ്പോൾ, അദ്ദേഹത്തിന്റെ ചിന്താമണ്ഡലത്തിലേക്കു രാജ്യഭാരക്ലേശങ്ങൾ അഭ്രമണ്ഡലത്തിലേയ്ക്കു പലായനംചെയ്തു. പടത്തലവനായ ആദിഗ്രന്ഥവാൽ തന്നെ എഴുതിക്കപ്പെട്ടിട്ടുള്ള ആ സിംഹകിശോരികയെ

Digitized By Kerala Sahitya Akademi

കന്നം വട്ടത്തിലാക്കാനായി, അറിയാത്ത ഭാവംനടിച്ച് അ
ദ്ദേഹം തന്റെ ചാവട്ടയുടെ മുട്ടുചുതയിൽ ആമഗ്നയായി,
മന്ത്രിസ്ഥാനയോഗ്യമായുള്ള പ്രൌഢിയെ അവലംബിച്ച്
ഇരുന്നു. മുഖത്തെ അല്പമൊന്നു താഴ്ത്തിയും, പുരിക
ക്കൊടികൾക്കിടയിൽക്കൂടി അദ്ദേഹത്തെ നോക്കിയും, അ
ന്യാദൃശസൌന്ദര്യത്തോടുകൂടിയ രണ്ടുവരി വെൺപവിഴനി
രകളുടെ കോമളഭാസ്സിനെ പ്രകാശിപ്പിച്ചും മന്ദാസകലി
തമായ കൌമാരാദരവിസ്മയങ്ങളെ പ്രകടിപ്പിച്ചും തൊഴുത
പ്പോൾ അനിയന്ത്രിതമായുള്ള കേശസമുച്ചയം മുമ്പോട്ട്
ആഞ്ഞ് ആ സൌന്ദര്യസമ്പത്തിനു്, കരുതിംഗ്ലീല ആ
യി. മധ്യാദവിലംഘികളായ ആ ഉപദ്രവസംഘത്തെ ചില
സംഗീതഗീതങ്ങളാൽ പൂർവ്വസ്ഥിതിയിലാക്കുന്നതിനു ശ്രു
മിക്കുന്നതിനിടയിൽ, കൌമാരത്തിന്റെ പരമാദർശമായു
ള്ള ആ കന്യകവിഗ്രഹത്തിന്റെ ഹസ്തസൌഷ്ഠവം, ദിവാൻ
ജിയുടെ ശുഷ്കപാണികളുടെ സ്നേഹപ്രാപ്തിയിൽ ബന്ധ
നസ്ഥമായി. ആ കാരുണ്യവാന്റെ ക്ഷീണവ്യാകുലമായ
ഹൃദയം സാവിത്രിയുടെ ഹിമകരമുഖത്തിന്റെ പ്രശാന്തഭാ
സ്സുതട്ടി ഉന്മിഷിതവും ആയി. മേൽമുണ്ടിന്റെ അറ്റത്തെ
കൈക്കളഞ്ഞിലാക്കി, പുറങ്കൊട്ടചേർന്നു കുനിഞ്ഞുനിന്നും, ഭു
ജങ്ങളെ സങ്കോചിപ്പിച്ചും, ശിരസ്സിനെ മന്ദമായി ചലിപ്പി
ച്ചും, ചിരിച്ചുതുടങ്ങിയ കന്യകയെ സപുത്രി എന്നപോ
ലെ ഗ്രഹിച്ചു തന്റെ പാർശ്വത്തിൽ ഇരുത്തിയിട്ട്, സ്നേ
ഹാമൃതപൂർണ്ണമായുള്ള ഹൃദയകുശലത്തെ ആ ഹേമകുഭ
ത്തിൽ യഥേഷ്ടം അഭിഷേകംചെയ്തു. സാമാന്യകുതൂഹലങ്ങൾ
കുഴിഞ്ഞു്, കന്യകയുടെ മുഖത്തു ദൃഷ്ടിയുറപ്പിച്ചുകൊണ്ട് അ
ദ്ദേഹം ഇങ്ങനെ കളിപറഞ്ഞുതുടങ്ങി:—"ഹേ! കഴക്കൂട്ടത്തു
കുഞ്ഞമ്മ പോന്നതെന്താണെന്നു പറഞ്ഞില്ലല്ലൊ. അമ്മാ

Digitized By Kerala Sahitya Akademi

വനും എന്തെല്ലാം ജോലി കിടക്കുന്നു? പറഞ്ഞുംവച്ച വേഗം കാട്ടെടാകാട്ടം കാട്ടണം. രാത്രിതന്നെ അച്ഛൻ തിരിച്ചെത്തിയേയ്ക്കും."

സാവി:—"ഞാൻ വന്നതു ചുമ്മാ. അച്ഛൻ പോയതു് അമ്മാവൻ എങ്ങനെ അറിഞ്ഞു?"

ദിവാ:—"പെണ്ണുങ്ങൾക്കു് ഉദ്യോഗകായ്ങ്ങളൊന്നും അറിഞ്ഞുകൂടാ. അനുവാദം വാങ്ങാതെ സ്ഥലംവിട്ടു പൊയ്ക്കൂടാ. ചുമ്മാവന്നു എന്നു പറഞ്ഞാൽ ചുമ്മാ പോകേണ്ടിവരും. അച്ഛനെ തോല്പിക്കാനാണു് മകൾ കക്ഷിപിടിക്കുന്നതു്. അതു തടപ്പില്ല, അദ്ദേഹം ഈയിടെ ആരാന്റെ അമ്മാവനോ എന്തെല്ലാമോ കണക്കെ ആകാൻ പോണു. ആ സ്ഥിതിക്കു് അദ്ദേഹത്തെ പയറ്റിത്തോല്പിക്കാൻ കുട്ടിക്കുഞ്ഞമ്മ ചാടിപ്പുറപ്പെട്ടാൽ, അമ്മാവൻ കുഴങ്ങും. ഈ കുണ്ടാമണ്ടിക്കാരിക്കുവേണ്ടി ഇപ്പോൾതന്നെ അമ്മാവൻ വല്ലാതെ കഷ്ടായിക്കയാണു്."

സാവി:—"അതെങ്ങനെ അമ്മാവാ? കള്ളിപ്പിക്കാൻ കള്ളക്കഥകൾ പറയരുതു്."

ദിവാ:—(പൂവ്വരാത്രിയിലെ സംഭവങ്ങളിൽ ഉണ്ണിത്താൻ പങ്കുകൊണ്ടതു് അധികൃതന്മാരുടെ അന്വേഷണത്തിനു പാത്രമായിത്തീർന്നിരിക്കുന്ന വസ്തുത പുറത്തുവിടാതെ) "ഇതേ അമ്മാവനു് ആരോടും വഴക്കിനൊന്നില്ലാൻ ഇപ്പോൾ തരമില്ല. വിജേഷിച്ചും, ടിപ്പു ഇങ്ങോട്ടുവരുന്നോൾ കുട്ടിസ്സാവിത്രികൾ അടങ്ങി ഒതുങ്ങി പാക്കണം. ആ സുൽത്താൻ കാലത്തു പന്ത്രണ്ടും വയ്യിട്ടു പന്ത്രണ്ടും വീതം കൊച്ചമ്മാകളെ കല്യാപ്പുചെയ്യ ശാപ്പിട്ടും. അതുകൊണ്ടു്, ചേഗത്തിൽ കരു ക്ഷത്രിയനെ കിട്ടാവാക്കിക്കൊണ്ടാൽ മരുമകൾ മിടുക്കി. രാജ്യത്തിലെ മന്ത്രീന്റെ മു

Digitized By Kerala Sahitya Akademi

ത്രകിൽ ചില നമ്പപ്രയോഗങ്ങാം ഏറാൻ അദ്ദേഹം "അയ്യോ! വിളിച്ചു കൊല്ലരുത്ത് കൽപിച്ചു തല വിശിക്കളയും. പടയ്ക്കുപോവാൻ കല്പന തന്നിരിക്കയാണു് ഈ സ്ഥിതിയിൽഅമ്മാവനെ കൊള്ളാതാക്കിയാൽ,രാജദ്രോഹമാകും."

സാവി:—"അതേയതേ. അച്ഛൻ പറയുന്നതിനു് അമ്മാവൻ ക്ഷത്താടും. അമ്മാവൻ പറയുമ്പോൾ, അച്ഛൻ അമ്മാവിക്കുലഹം തടിച്ചു് ഇരുനൂറംകളയും."

ശിവാ:—"അച്ഛൻ മിണ്ടീല്ലെങ്കിലും, അമ്മാവൻ കലഹിക്കയില്ല. വിളിച്ചില്ലെങ്കിലും, കന്നാം പന്തിയിൽ ഉണ്ണാൻ ഹാജർ പൊയ്ക്കൊള്ളു. അനുവാദം തന്നു. ക്ഷണിക്കയും മറ്റും വേണ്ട."

സാവിത്രി കണ്ണുകളെ പകുതി അടച്ചും മുഖത്തെ മുഖപ്പിച്ചും കുറിഞ്ഞിരുന്നുകൊണ്ടു പറഞ്ഞു: "ഞാൻ വല്ലടത്തും പൊയ്ക്കളയും." അച്ഛനും അമ്മാവനും ആരും വേണ്ട."

ശിവാ:—എന്റെ സാവിത്രിക്കുട്ടിയെ അമ്മാവൻ കുറെശ്ശെ അറിയും. അമ്മാവനെ സാവിത്രിയും അറിയുമെന്നിരിക്കട്ടെ എങ്കിലും ഈ കൊച്ചു കള്ളക്കരളിൽ ഇപ്പോഴത്തേതെന്നതെന്തെന്നു് അമ്മാവനറിയാം. അടിയന്തിരദിവസം ഒരു പുടവക്കൊടക്കാരി—മെമ്പകശ്ശേരിയിച്ചില്ലാ—ഒരു കൊച്ചുപിള്ളാണ്ടന്റെ അച്ഛന്റെ വക മാങ്കോയിക്കൽ വലിയ പടവീട്ടിൽ എത്തിയിരിക്കും."

സാവിത്രിയുടെ ഹസ്തങ്ങാം ശിവാൻജിയുടെ വായപൊത്തി. ഭുജം അദ്ദേഹത്തെ ചില ഉപദ്രവങ്ങളും ഏൽപ്പിച്ചു.

ശിവാ:—[സാവിത്രിയുടെ കണ്ണുങ്ങളിൽ] "കല്പിച്ചു ഒരു കൊച്ചു പട്ടാണിക്കു കൊടുത്ത വീരശൃങ്ഖല ആരും

Digitized By Kerala Sahitya Akademi

മോഷ്ടിച്ചുകൊണ്ടുപോകരുത്. നല്ലതുപോലെ സൂക്ഷിച്ചു കൊള്ളണം കള്ളന്മാർ ഇറങ്ങിയിട്ടുണ്ട്.”

സാവിത്രി പിച്ച നാസാഗീതങ്ങളോടേ ദൂരത്തു വാങ്ങിനിന്നു. ശിവാൻജി ചിരിച്ചുകൊണ്ട് “അയ്യോ! അയ്യോ! സാവിത്രിക്കുഞ്ഞമ്മയ്ക്ക് ഏതു വിരശ്ശങ്ങല എന്നു ചോദിച്ചു, മറുള്ളവരെ ഉരുട്ടിക്കളയാൻ അറിഞ്ഞുകൂടാ. ആ പട്ടാണിക്കുട്ടൻ തല്ലുകൊള്ളാതെ അതു് എങ്ങനെ അവിടെ എത്തിച്ചെന്നു് അമ്മാവൻ അന്വേഷിക്കുന്നില്ല. അതു പോകട്ടെ. നമുക്കു് ആയുസ്സു സൂക്ഷിക്കുന്നവർ ഭത്താവാകണം. ആ കതിരബ്ഭക്ഷി പടയ്ക്കുമുമ്പിൽ ചാടി ഉണ്ടകഥ എടുക്കും.ബബ്ഭ്രൂശ്രേഷ്ഠിത്തിരുമേനി ആയാൽ പിന്നാണിയിൽ കണ്ടും കേട്ടും വിന്നു ഭരിച്ചു, ഇങ്ങു തിരിച്ചുത്തും. ഈതെല്ലാം ആലോചിച്ചാണു് അച്ഛൻ ഏർപ്പാടുചെയ്യുന്നതു്.

സാവി:—അയ്യ! “അങ്ങനത്തെ ഭീരു അമ്മാവനിരിക്കട്ടെ.”

ശിവാ:—“അല്ലാ വിഷമമായി! ഞാൻ ഇനി പെൺവേഷംകെട്ടി ആ ബബ്ഭ്രൂവിന്റെ വല്ലടത്തേയും അരമനയിൽ പാക്കണമെന്നോ?”

സാവി:—(വ്യസനസഹിതം) “അമ്മാവൻ രക്ഷിച്ചില്ലെങ്കിൽ—”

ശിവാ:—അച്ഛനും ഞാനും വലിയ ഇഷ്ടന്മാരാണു് മിണ്ടരുതേ. അദ്ദേഹം കന്നു തീപ്പെട്ടുത്തിയതിനെ ഞാൻ തടസ്സംചെയ്താൽ ലോകർ എന്നെ ആഭാസനെന്നു പഴിക്കും.”

സാവി:—[കണ്ണുനീർ പൊഴിച്ചുംകൊണ്ട്] “അമ്മയേയും അച്ഛൻ കൊല്ലാൻ തുടങ്ങുന്നല്ലോ.”

ഈ വാക്കുകൾ കേട്ടപ്പോൾ ശിവാൻജിയുടെ ശരീരം വിറച്ചു. കന്യകയോടുള്ള കളിവാക്കുകൾ അവസാനിപ്പി

Digitized By Kerala Sahitya Akademi

ക്കേണ്ട ഘട്ടം എത്തിയിരിക്കുന്നു എന്നു കണ്ടു് അദ്ദേഹം അവളുടെ ശിരസ്സിനെ മൃദുവായി തലോടി. അവളുടെ കൈകളെ പിടിച്ചുംകൊണ്ടു് വീണ്ടും പറഞ്ഞു: "അച്ഛനും അമ്മയ്ക്കും മകൾക്കും ഒരുപോലെ ഭ്രാന്തുപിടിക്കുമ്പോൾ, അമ്മാവൻ എന്തുചെയ്യും? എങ്കിലും ഈ അമ്മാവൻ ജീവിച്ചിരിക്കുമ്പോൾ പടത്തലവൻ പോറിയുടെ സാവിത്രിക്കുട്ടിക്കു് ഒന്നും പേടിക്കാനില്ല. ഇങ്ങനെ പാഞ്ഞുവെന്നു് അമ്മയോടു പറയേണ്ട. എന്നാൽ, ഇതിനു പകരം, പടയിൽ ജയിച്ചുവരുമ്പോൾ, നമ്മുടെ വീരശൃംഖലക്കാരനെ ഞാൻ അങ്ങോട്ടു കൊണ്ടുവരും. അന്നും പുറപ്പെട്ടുപോകാൻ തുടങ്ങിയാൽ, കൊച്ചുനന്തിരവളുടെ മൂക്കു മുഴുവനേ പോക്കാണു്."

സാവിത്രി "എനിക്കാരും വേണ്ട" എന്നു പതുക്കെ പറഞ്ഞു എങ്കിലും, അവളുടെ കൈകളും മുഖവും ആനന്ദപുളകത്താൽ ചലിക്കുന്നതു് അദ്ദേഹത്തിനു കാണ്മാൻ പോലും കഴിഞ്ഞു. "ശരി! ആരും വേണ്ടെങ്കിൽ നമുക്കു സന്ന്യസിച്ചുകളയാം. പക്ഷേ ത്രിവിക്രമൻ അതിൽ പോരുല്ല. അതുകൊണ്ടു്, വടക്കും തെക്കും തല്ലു ചില ഉവ്വശിക്കുഞ്ഞുങ്ങൾ ഉണ്ടു്. അവരിലൊന്നിനെ—"

സാവിത്രി ഉഗ്രമായി പരിഭവിച്ചു യാത്രയാവാൻ തുടങ്ങി. ശിവാൻ ആ കന്യകയെ പിടിച്ചുനിറുത്തിക്കൊണ്ടു് ഇങ്ങനെ പറഞ്ഞു: "പിന്നേ—ഇവിടെ വന്നതും പോയതും അച്ഛൻ അറിയുമ്പോൾ വാളെടുക്കും. അപ്പോൾ യുദ്ധത്തിനു പോകുന്നതുകൊണ്ടു് അമ്മാവൻ കനു കാണാൻ ആവശ്യപ്പെട്ടു എന്നു പറഞ്ഞു് നില്ക്കാൻ തോക്കിക്കൊള്ളണം. ശേഷമെല്ലാം അമ്മാവൻ ഏറ്റു എന്നുവച്ചാൽ, നമ്മുടെ പട്ടാണിക്കൊമ്പേട്ടനും അവന്റെ പണ്ടത്തെ കുതി

Digitized By Kerala Sahitya Akademi

രസ്സുവാരിക്കാരിയും വേണ്ട കരാറുകൾ ചെയ്തുകഴിഞ്ഞു എങ്കിൽ—"

കന്യക വീണ്ടും മുഖംതിരിച്ചു നിന്നു. വിനോദസംഭാഷണങ്ങൾ നിറുത്തിയും, കന്യകയുടെ കരങ്ങൾ വീണ്ടും പിടിച്ചുകൊണ്ടും, അദ്ദേഹം ആ കുലീനകുമാരിക്കു പല ഉപദേശങ്ങൾ ചെയ്തിട്ട്, തന്റെ മേനാവുതന്നെ വരുത്തി, ആ വാഹനത്തിൽ കയറി, അവളെ യാത്ര ആക്കി. ധീരോദാത്തമതികളിൽനിന്നുണ്ടാകുന്ന പ്രതിജ്ഞകൾ ചുരുക പദപ്രയോഗത്താൽ മാത്രം ദൃഢമായി എന്നിരുന്നാലും അതുകൾ ഹരിശ്ചന്ദ്രസത്യംപോലെ നിവർത്തിതമാകും എന്നു പ്രത്യക്ഷജീവിതപന്ഥാക്കളിൽ അനുശാസിതയായിരുന്ന ആ ബുദ്ധിമതി ധരിച്ചിരുന്നു. അതിനാൽ ആപത്തുകൾ എല്ലാം നിവർത്തിച്ചു എന്നുള്ള ധൈര്യത്തോടെതന്നെ അവൾ ഗൃഹത്തിലേയ്ക്കു മടങ്ങി.

ശിവാൻജിയുടെ ചിന്തകൾ ഇരുപത്തൊന്നു കൊല്ലത്തിനു മുമ്പുള്ള ചില ചിന്താവസ്ഥകളിലേയ്ക്കു മടങ്ങുവാൻ ആരംഭിച്ചു. ചുറ്റും കാത്തുനില്ക്കുന്ന ഭടന്മാരുടെ ആയുധങ്ങൾ അങ്ങും ഇങ്ങും സംഘടിച്ചു പുറപ്പെട്ട ശബ്ദങ്ങളും, റോന്തുചുറ്റി സഞ്ചരിക്കുന്നവരുടെ ആഹ്വാനങ്ങളും, ദൂരത്തുനിന്നു കേട്ടുതുടങ്ങിയ ഖുരനിപാതശബ്ദവും, അദ്ദേഹത്തെ വിഭ്രമസ്ഥിതിയിലാക്കാൻ തുടങ്ങിയ വിചാരത്തിൽനിന്നു വിരമിപ്പിച്ചു. അത്യാപത്തിന്മേലൊ അത്യാവശ്യം നിമിത്തമോ പ്രയോഗിക്കപ്പെടുന്ന ഒരു അസ്ത്രത്തിന്റെ കൂകൂശബ്ദം അടുത്തടുത്തു കേട്ട്, പ്രവേശനദ്വാരത്തു് എത്തിയപ്പോൾ നിലച്ചു. നിഷ്കൃപമായി കാടിച്ച അശ്വം മജ്ജയും വിയപ്പും പതിപ്പിച്ചുകൊണ്ടു് ആസ്ഥാനക്കൊട്ടിലിൽ നിന്നു ശ്വാസോച്ഛ്വാസവേഗത്താൽ ആഞ്ഞുതുടങ്ങി. ദ്വാ

Digitized By Kerala Sahitya Akademi

സഹഭടന്മാരിൽ ഒരുവൻ അരപാത്രുദ്ധനിൽ നിന്നു കടിഞ്ഞാൺ ഏറ്റുകൊള്ളുന്നു. മറ്റുള്ള ഭടജനം ഉപചാരപൂർവ്വം വിലകി നില്ക്കുന്നു. ഒരു യോഗിവേഷത്തിന്റെ പുറപ്പാട് കാണുകയാൽ, സല്ക്കാരശാലയുടെ വാതുക്കലോട്ടു നീങ്ങി, ദിവാൻ ആ കാഷായവസ്ത്രകവചിതനെ സഹർഷം പുണരുന്നു. സൌഹൃദത്തിന്റെ സമുൽകൃഷ്ടതയാലുള്ള ആലിംഗനംകൊണ്ടതന്നെ, ചാരപ്രധാനനായ കുഞ്ചുക്കുട്ടിപ്പിള്ള സൽകൃതനായി എങ്കിലും, മന്ത്രശാലക്കകത്തോട്ടു രണ്ടുപേരും കടന്നപ്പോൾ, സേനാനിയമത്താൽ ബദ്ധന്മാരെന്നപോലെ രണ്ടുപേരും പിരിഞ്ഞു, നായകന്റെ നിലയിൽ ദിവാൻജിയും, ഭടന്റെ നിലയിൽ യജമാനന്റെ മുഖത്തു നോക്കാതെ കായ്ക്കാരും നിലകൊണ്ടു.

ദിവാൻ:__ഏതുവഴി?

കുഞ്ചു:__വടക്കൻതന്നെ.

ദിവാൻ:__ആര് തിട്ടം?

കുഞ്ചു:__മടകരി നാല്പത്തേഴു്, കുട്ടകം അറുപത്തൊമ്പതു്, പീരങ്കി അമ്പത്താറു്, കുതിരപ്പട നാലായിരം, ശില്പികാർ മുപ്പതിനായിരം, തുരുപ്പുകാർ മുപ്പത്തയ്യായിരം, പല ആയുധക്കാർ അറുപതിനായിരം__ഇത്രയും.

ദിവാ:__കൂടെ__?

കുഞ്ചു:__സേനാനായകൻ കമ്മറുദ്ദീൻസാ; ഉപസേനാനായകൻ സയ്യദ്ഗാഫർ; മൂന്നാമൻ ഫക്കിരുദീൻ ഖജാനിപൂണ്ണയ്യാ രാജകുമാരൻ ഫ്ട്ടീഹൈഡർ.

കുഞ്ചുക്കുട്ടിപ്പിള്ളയുടെ വാക്കുകൾക്കു ദിവാൻജി ഉത്തരമൊന്നും പറഞ്ഞില്ല. വിദഗ്ധനായ ആ മഹോപകാരിയെ സ്നാനത്തിനോ ഭക്ഷണത്തിനോ ക്ഷണിക്കാതെയും താൻതന്നെ ഭക്ഷണത്തിനു് ആരംഭിക്കാതെയും ഉട

Digitized By Kerala Sahitya Akademi

നെതന്നെ കായ്യവുമറിവിച്ചു കല്പന അറിയുവാൻ രാജമന്ദിരത്തിലേക്കു തിരിച്ചു.

രണ്ടുനാഴിക കഴിഞ്ഞപ്പോൾ ഭൈസംഘത്രക്ഷമായ മുഖത്തോടെ ദിവാൻജി മടങ്ങിയെത്തി. രാജ്യത്തിന്റെ മദ്ധ്യഭാഗത്തും തെക്കും കിടക്കുന്ന സേന്യാപംക്തികൾ തെറ്റും കോട്ട രക്ഷിപ്പാനും പറവൂർ പട്ടാളത്തോടു സന്ധിപ്പാനും തൽക്ഷണം തിരിക്കുന്നതിനു നാസന്നാകൾ, ആ രാത്രിയിൽത്തന്നെ അടിയന്ത്രക്കായ്യമായി പുറപ്പെട്ടു. സംഭാരസംഭരണത്തിനും ആതുരകളുടെ വിതരണത്തിനും സവ്വാധിപത്യം വഹിക്കുവാൻ ഉത്തരവു കണ്ടു കൂടുന്ന ഉടൻ പുറപ്പെടുന്നതിനു ചിലമ്പിനഴിയത്തു കേശവനുണ്ണിത്താനു് ഒരു പിടിപാടും കല്പനാനുസാരം എന്നു പ്രത്യേകിച്ചു മൂണ്ടിക്കാട്ടി പുറപ്പെട്ടു.

അദ്ധ്യായം ൻ.

കാട്ടിൽക്കിടന്നോരു നിന്നെക്കൊണ്ടന്നിങ്ങു
നാട്ടിൽവച്ചിട്ടല്ലോ ഞാൻനേകം.

അടുത്തദിവസം തിരുവനന്തപുരം നഗരത്തിനു് ഉദയഗിരി ചുവന്നപ്പോൾ പൌരജനങ്ങളെ ഉണത്തിയ ശംഖനാദം ടിപ്പു സുൽത്താൻ വടക്കൻ വഴി അതിഭയങ്കരമായുള്ള സേന്യാസന്നാഹത്തോടുകൂടി തിരുവിതാംകൂർസംസ്ഥാനത്തെ ആക്രമിക്കുന്നു എന്നും, ആ ആക്രമണത്തെ തടയുവാൻ വേണ്ട വ്യവസ്ഥകൾ ചെയ്തിരിക്കുന്നതിനും പുറമെ അപ്പോഴപ്പോൾ ആവശ്യപ്പെടുന്ന സഹായങ്ങൾ കൂടി കൾ ഉടനുടൻ ചെയ്യേണ്ടതാണെന്നും പരദേശികളുടെ സഞ്ചാരങ്ങൾ സൂക്ഷിച്ചും ഷഡ്കാലത്തു കുറംകെട്ടുതികൾ

Digitized By Kerala Sahitya Akademi

ക്ക പിടികൂടപ്പെട്ടുന്നവരെ ചട്ടവരിയോലപ്രകാരമല്ലാതെ കായ്യം പ്ടാത്തക്കാർ കയ്യോടെ വിചാരണനടത്തി. കാണംപടിക്ക ശിക്ഷിപ്പും, കൊള്ളകഠം അമപ്പുവരുത്തേണ്ട താണെന്നും മറും വിചരിച്ചു. പതിനാറ് കാലയോളം നിറച്ചെഴുതി സകലമാന്പേരും അറിവാൻ തമുക്കടിച്ചു പ്ര സിദ്ധപ്പെടുത്തിയ ഒരു തിരുവെഴുത്തു വിളംബരമായിരുന്നു.

ഇങ്ങനെയുള്ള സാഹിത്യശകലങ്ങഠം നിക്ഷേപിക്ക പ്പെട്ടിരുന്ന രാജകീയഗ്രന്ഥപ്പുരകഠംതന്നെ അവയുടെ ആ ഹതിശാലകഠം ആയിത്തീന്നതുകൊണ്ട്, ഗദ്യസരസ്വതി യുടെ ജന്മം കൊല്ലം പതിനൊന്നാം ശതകത്തിലെന്ന് ആധുനികകാലത്തെ കേരളീയ പണ്ഡിതലോകം ജാതക ച്ചാത്ത് എഴുതി, അവരുടെ കാലത്തേയും പാശ്ചാത്യവി ദ്യാപ്രവാഹത്തേയും പ്രശംസിക്കുന്നു. അക്കഥ എങ്ങനെ യുമിരിക്കട്ടെ. ഇച്ഛാമാത്രത്താൽ ലഘുസാധ്യങ്ങഠം എന്നു പൌലസ്ത്യന്മാർതന്നെയും വിചാരിക്കുന്ന കാര്യങ്ങളും "ദൈവം അന്യത്ര ചിന്തയേൽ" എന്നു പരിണമിച്ചുപോ കുന്നു. സാവിത്രീസ്വയംവരം ഒരു പക്ഷത്തിനുള്ളിൽ ആ ഘോഷിച്ചു. ദിവാൻജിയേയും അദ്ദേഹത്തിന്റെ പക്ഷ ക്കാരേയും കൊടി താഴ്ത്തിക്കാൻ അനുമതിവാങ്ങി ചിലമ്പി യഴിയത്തേയ്ക്കു പുറപ്പെട്ട ഉണ്ണിത്താനെ, അടുത്ത അരു ണോദയത്തിൽ ശയ്യാമഞ്ചത്തിൽനിന്നു് ഉണത്തിയ വൈ താളീകൻ ദിവാൻജിയുടെ പിടിപാടായ സങ്കീർത്തനം പ ഠിച്ചുള്ള ഒരു ശംഖമുദ്രാധാരി ആയിരുന്നു. രാജാജ്ഞയുടെ പ്രതീക്ഷണത്തിൽ രണ്ടാം ചിന്തയ്ക്കുപോലും ഒരുങ്ങാതെ മധുരാപുരധ്വംസനത്തിനു ജരാസന്ധൻ എന്നപോലെ ഉണ്ണിത്താൻ തിരുവനന്തപുരത്തേയ്ക്കു മടങ്ങി. മദ്ധ്യാഹന ത്തോടടുത്ത സമയം, പുലിയിക്കുറിച്ചി എന്ന ഉഗ്രപ്രാകാ

Digitized By Kerala Sahitya Akademi

രത്തിൽനിന്നു വടക്കൻകോട്ടകളിലേയ്ക്കു മാറുന്നതിനായി തിരുവനന്തപുരത്തേയ്ക്കു നീട്ടപ്പെട്ടിരുന്ന ചില പീരങ്കികളെ പരിശോധിക്കുന്ന ശ്രമത്തിൽ ദിവാൻജി ഏർപ്പെട്ടിരിക്കുമ്പോഠം, കോപവീര്യത്തോണതയോടെ ഉണ്ണിത്താൻ എത്തി. സാമാന്യേന സാവധാനഗതിയായുള്ള ഉണ്ണിത്താന്റെ ദ്രുതതരഗതികണ്ടപ്പോഠത്തന്നെ ദിവാൻജി ഉടനെ നടക്കുന്ന സംഭാഷണത്തിനു ശ്രോകക്കളുണ്ടാകേണ്ട എന്നു തീർച്ചയാക്കി, സഭാമന്ദിരത്തിലേയ്ക്കു മടങ്ങി. ശിവപുരാണകഥയിലെ നായകനായുള്ള മിത്രസഹനെത്തുടന്ന ബ്രഹ്മരക്ഷസ്സിനെപ്പോലെ ഉണ്ണിത്താൻ ദിവാൻജിയുടെ പുറകെ സല്ക്കാരശാലയിലെത്തി. സാക്ഷാൽ വിശ്വാമിത്രവസിഷ്ഠന്മാരെന്നപോലെതന്നെ ഇവർ അഭിമുഖന്മാരായിനിന്നു. "ജന്മാരംമുതൽ ചതിയറിയാ"ത്ത കൂട്ടത്തിൽ അവതീർണ്ണനെന്നപോലുള്ള സ്വാത്മാഭിമാനത്തോടെ, കാലക്ഷേപവിദ്യയായി കൌശല്യകൌടില്യങ്ങളെ വരിച്ചു് കൗൽകൃഷ്ട്യം സമ്പാദിച്ചു മുന്നിലകൊണ്ടിരിക്കുന്ന ദിവാൻജിയുടെ മുമ്പിൽ, ഉണ്ണിത്താൻ നിന്നുകൊണ്ടു് തന്റെ ഹൃദയപാരുഷ്യത്തെ വിസ്രുവിപ്പിച്ചു. "ഇതെന്തു വിദ്യയാണു്? തോന്നിയതുപോലെ പ്രവത്തിപ്പാനാണോ, അങ്ങേ ഈ വലിയ സ്ഥാനത്തു തിരുമനസ്സുകൊണ്ടു പ്രതിഷ്ഠിച്ചിരിക്കുന്നതു്? കീഴിലുള്ളവരുടെ ക്ഷേമവും സൌകയ്യങ്ങളും തിരുമേനിക്കുവേണ്ടി അങ്ങല്ലേ പയ്യാലോചിച്ചു പ്രവത്തിക്കേണ്ടതു്? എല്ലാക്കായ്യങ്ങഠംക്കും ഞങ്ങഠം തുപ്പാടങ്ങളിൽ കരയണമെന്നു വന്നാൽ ഈ ചെന്നതു ചെലവുംവച്ചു് അങ്ങേ പാഴിച്ചിരിക്കുന്നതെന്തിനു്?"

ദിവാ:—അങ്ങു്, തുപ്പാടഭോക്തൻ, വിശ്വസ്തൻ, ഉദാരശീലൻ, സത്യവാൻ, ജനസമ്മതൻ, എന്നെല്ലാം കല്പി

Digitized By Kerala Sahitya Akademi

ച്ചു കണ്ടിരിക്കുന്നതു തെറ്റിയെങ്കിൽ ചെന്നു സങ്കടം അറിയിച്ചുകൊള്ളാം. എന്നെ വാഴിച്ചതു പിഴയെങ്കിൽ അതും നിങ്ങളെപ്പോലുള്ള പ്രമാണികൾവഴി തിരുമനസ്സറി യേണ്ടതുതന്നെ.

ഉണ്ണി:—"ഈ കഴുത്തിനു ചുറ്റും നാക്കുള്ളവരോടു ഞാൻ വാദിപ്പാൻ ആളല്ല."

ദിവാ:—"മിടുക്കൻ താക്കീകനെന്നു തിരുമനസ്സുകൊണ്ടതന്നെ അഭിമാനിക്കുന്നതു് അങ്ങേയാണല്ലോ."

ഉണ്ണി:—"അതു പഠിക്കുവാൻ ചെന്ന ചാടിയഗ്രഹപ്പിഴകൊണ്ടാണല്ലോ അങ്ങു് തലയിൽ കയറുന്നതു് നെടുനാളത്തെ ബന്ധുവും ഈശ്വരനെന്നതും മറന്നു് അങ്ങു ദ്രോഹിച്ചു. അതു ക്ഷമിച്ചിട്ടും ഇപ്പോഴും ആ സാവിത്രിയുടെ ഇഷ്ടമല്ലേ ഇവിടുന്നു നോക്കുന്നുള്ളു? ഈ തരം നോക്കി എന്നെ അങ്ങോട്ടു കാടിക്കുന്നതു് എന്തു കൃത്രിമം!"

ദിവാ:—"നെടുനാളത്തെ ബന്ധത്തേയും ഈശ്വരനേയും ഞാൻ ആദരിക്കുന്നോ എന്നു കുറച്ചുകാലം ചെല്ലുമ്പോൾ അറിയാം. തന്നെത്തന്നെയും വിശ്വാസമില്ലാത്ത ആളുകളോടു ഞാൻ എന്തുപറയും?"

"തന്നെ" എന്നു പ്രയോഗിക്കപ്പെട്ട പദം ഭാര്യയെ ഉദ്ദേശിച്ചാണെന്നു് ആ താക്കീകൻ വ്യാഖ്യാനിച്ചു്, അദ്ദേഹത്തിന്റെ കോപപരിഹാസം മൂർച്ഛയിലായി. ഹോ ഹ്യം! ആദി മുതൽക്കുള്ള വിശ്വാസസ്ഥിതി എന്നിക്കു് അറിയാം. ശുദ്ധഗതിക്കാരനെന്നുവച്ചു നെഞ്ചിൽത്തന്നെ കുണിചാരി തലയിൽ കയറുവാൻ നോക്കരുതു്. രാമരാവണന്മാർ പിണങ്ങി. ജയിച്ചതു രണ്ടക്ഷരക്കാരൻ."

ദിവാ:—"നമ്മെ രക്ഷിക്കുന്ന ഇന്നത്തെ രണ്ടക്ഷരക്കാരനും ജയിക്കട്ടെ. അതിനു ശക്തിയെക്കുറുത്തു സഹായിക്കുക."

Digitized By Kerala Sahitya Akademi

ഉണ്ണി:—"സ്ഥാനം മറന്ന പ്രതികടം പറയരുതു്."

ദിവാ:—(മുഖഭാവം ഒന്നു മാറി ഉണ്ണിത്താന്റോടു് നേരേ അഭിമുഖമായി തിരിഞ്ഞുനിന്നു്) "സ്ഥാനം മറന്നോ? കായ്ക്കാരേ! അതു മാന്ന സംസാരിച്ചാൽ ആക്കും ആപത്തുണ്ടു്."

ഉണ്ണി:—"അങ്ങേക്കണ്ടന്നു മുതൽക്കേ ആപത്തു് ഇവനെ ചുറ്റിക്കഴിഞ്ഞു. ഭഗവാനേ! കലികാലശക്തി ഇത്ര മുഴുത്തുപോകുന്നല്ലോ. ഈ കായ്യം പിടാത്ത എനിക്കു വേണ്ടെന്നുവച്ചാലോ?"

ദിവാ:—"ഇന്നത്തെ തിരുവെഴുത്തു വിളംബരം കണ്ടില്ലെന്നുണ്ടോ? ശത്രുവിനെ എതിർക്കുന്നതിനു കൂടികഠം സഹായിക്കണമെന്നുള്ള കല്പന അങ്ങേയും സംബന്ധിക്കും."

ഉണ്ണി:—"എനിക്കു് ഒന്നും കഴികയില്ല. വാന്തപ്രസ്ഥം എന്നൊരാശ്രമമുണ്ടു്."

ദിവാ:—"അതെന്നാൽ പണ്ടേപ്പോലെ മരുതപ്പാൻ മലയിലാക്കിക്കളയാം ആ സ്ഥലം ഇന്നും കഴിഞ്ഞുകിടക്കുന്നു. ഉണ്ണിത്താന്റെ നിലയുടെ സൂക്ഷ്മം ഉണ്ണിത്താൻ തന്നെ അറിയുന്നില്ല. രാജദ്രോഹത്തിനു ശിക്ഷ തലവീശലാണു്. ഇന്നു് ആ കുറ്റത്തിനു് ആരെങ്കിലും പാത്രമാണെങ്കിൽ അതു്—ശേഷം ഞാൻ പറയുന്നില്ല.

ഉണ്ണി:—"എന്റെ യജമാനനേ! ഒന്നും ഉത്തരവാകണ്ട ദാക്ഷിണ്യം വേണ്ട. മരുന്നു കോട്ടയെക്കാഠം രണ്ടാമതു പറഞ്ഞ ശിക്ഷതന്നെ ആകട്ടെ. അവിടുത്തെ അഭിലാഷങ്ങാഠം സൈരമായി സാധിക്കും. (രോഷസ്വരത്തിൽ) ഇവനു് ഇങ്ങനെ കണ്ടും കേട്ടും കഴിയുന്നതിനെക്കാഠം മായുന്നതുതന്നെയാണു് സദ്ഗതി. ബൌദ്ധന്മാരുടെ ആക്രു

Digitized By Kerala Sahitya Akademi

മണം മൂക്കുന്നതു് അങ്ങയുടെ കാലു് ഈ പുണ്യഭൂമിയിൽ വച്ചതിൽപിന്നെയാണു്.''

ദിവാ:—''രണ്ടുപേരുടെ കാലും ഒരേകാലത്തുതന്നെ ഇങ്ങോട്ടുവച്ചു, എന്നാണെന്നെറ ഓർമ്മ.''

ഉണ്ണി:—''എന്റെ കാലുകൊണ്ടു ഒരു സ്ഥലവും അശുദ്ധമാവാനില്ല.''

ദിവാ:—''ഭരിച്ചും അനുഭവിച്ചും കുബേരതുല്യമാളുന്ന മുതലുകൊണ്ടോ? മറുള്ളവരുടെ ഗൃഹസ്ഥവരി അങ്ങേ കൈയ്യിലാണെന്നു നടിക്കണ്ട. ഇവന്റെ സംഗതിയിൽ പൂവ്വം എന്തെന്നു കാട്ടുവാൻ രേഖയൊന്നും കാണുകയില്ലായിരിക്കാം. അങ്ങേ ഐശ്വര്യത്തിന്റെ അസ്ഥിവാരം— ആയ്, ഞാനും നിലമറന്നു സംസാരിച്ചുപോകുന്നു. സാവധാനത്തിൽ നീങ്ങി തന്റെ ആസനത്തെ അവലംബിച്ചുകൊണ്ടു ദിവാൻജി തന്റെ എഴുത്തുപെട്ടിയോടെന്നപോലെ ഒരു ചോദ്യംചെയ്തു. ''ഇന്നു വൈകുന്നേരത്തിനു മുമ്പുതന്നെ തിരിക്കുന്നോ?—ചെറുപ്പത്തിലേ സൌന്ദര്യപ്പിണക്കത്തിനുള്ള സന്ദർഭം ഇതല്ല. കല്പനയനുസരിച്ചു നടക്കുന്നോ? നടത്തിക്കേണ്ടതു നാം—''

ഉണ്ണി:—(ദീർഘശ്വാസത്തോടെ) ''ആ തിരുനാമം ഉപയോഗിക്കുമ്പോഠം ഞാൻ എന്തുപറയും? അങ്ങയുടെ ഇഷ്ടം നടക്കട്ടെ. എന്നാൽ അങ്ങല്ലാ ബ്രഹ്മാവു്, അങ്ങയുടെ പടവാളിനെ പേടിക്കേണ്ടതു ദ്രോഹികഠം മാത്രമാണു് തോല്പിച്ചുകളഞ്ഞു എന്നു സന്തോഷിച്ചു മടിക്കണ്ട. ഞാൻ ഭാണ്ഡംകെട്ടിക്കഴിഞ്ഞു. ഈ ഭീഷിണി കേട്ടിട്ടല്ല. തുപ്പാഠം; സ്വരാജ്യലക്ഷ്മി എന്നു കരുതുവാൻ ഞാനും പഠിച്ചിട്ടുണ്ടു്. ആ പഠിപ്പിനു ചേരുപ്പു കൂടുകയും ചെയ്യും. (തള്ളിപ്പെരുകുന്ന ദുഃഖം തടുക്കാൻ പല്ലുഞെരിച്ചുകൊണ്ടും ഗൽ

Digitized By Kerala Sahitya Akademi

ഗദ്ഗദത്തോടും) വല്ലവരും കരയുന്നെങ്കിൽ കരയിക്കുന്നതു ഞാനല്ല. കൊല്ലുക. എല്ലാം ആധിപിടിച്ചു ചത്തു നശിച്ചു പോകട്ടെ ആക്കേ പേതം?'' ഇങ്ങനെ അതിക്ഷീണനായി പ്രലപിച്ചുകൊണ്ടു്, ഭ്രാന്തിയിൽ ചേർന്നുള്ള കരംഗംപോലെ അല്പനേരം നിന്നിട്ടു് ഉണ്ണിത്താൻ നടകൊണ്ടു. ദിവാൻജിയുടെ ശരീരം ഉപധാനത്തിലേയ്ക്കു ചാഞ്ഞു്, അദ്ദേഹം ചില തീർഥപാസങ്ങാം മുകത്തമാക്കി.

മന്ത്രിപിംങ്ങാം കുസുമാസ്തരണമായുള്ള മോഹനതല്പങ്ങളാണെന്നു് സാമാന്യലോകം വിഭ്രമിക്കുന്നു. എന്നാൽ ആ സ്ഥാനപ്രതിഷ്ഠിതന്മാരുടെ അനുഭവം അവ കണ്ടകനിബിഡമായുള്ള ഖരപ്രദേശങ്ങളത്രേ എന്നാണു് പ്രകൃതിയുടെ അനിവാര്യങ്ങളായ ഗതിവിഗതികാംക്ഷം, ശീതോഷ്ണാവസ്ഥകളുടെ പ്ലവംഗതപങ്ങാംക്ഷം യിയുക്തവക്രൂരാരുള്ള ജനതാസന്തപം ആ സ്ഥാനവാഹകന്മാരെത്തന്നെ ഉത്തരവാദികളാക്കുന്നു. ശ്രീഹർഷന്റെ മനോധർമ്മത്തിനും അഗോചരമായുള്ള വൈധവികല്പങ്ങാം നേരിട്ടു് അവരെ പരമാധികാരിയും ബഹുജനതയും ചേർന്നുള്ള അഷ്ടമിരോഹിണിവിഹാരത്തിലെ ശിക്യമാക്കിത്തീർക്കുന്നു. ഈ പരമാർത്ഥങ്ങളുടെ ശല്യത അതിരൂക്ഷതയോടെ അനുഭാവ്യം ആകുന്നതു് രാഷ്ട്രമന്ത്രാങ്ങാം മൂർച്ചിച്ചു് സമരകലാപത്തിൽ കലാശിക്കുമ്പോഴാണു്.

ദിവാൻ കേശവപിള്ളയുടെ ഇഷ്ടമാഹാത്മ്യം തന്മയതപത്തോടെ ഗ്രഹിക്കണമെങ്കിൽ, ഈ തതപങ്ങളുടെ സൂക്ഷ്മസ്മരണയോടുകൂടി അതിനെ പരിവീക്ഷണം ചെയ്യേണ്ടതാണു്. ഉണ്ണിത്താന്റെ പരിഭവവചസ്സുകാംകൊണ്ടുണ്ടായ മനശ്ചാഞ്ചല്യങ്ങാം നീങ്ങി, ആ ദിനം ഗ്രഹതരച്ഛായകാം ദ്രുതതരം നീണ്ടുതുടങ്ങുന്ന വേളയിൽ എത്തിയ

Digitized By Kerala Sahitya Akademi

പ്പോഠം, മണിക്കഗൌണ്ഡന്റെ അനുചരന്മാർ ഒരു സങ്കടം ധരിപ്പിപ്പാൻ ചാരപ്രദേശത്തു കാത്തുനില്ക്കുന്നുവെന്നു് ദിവാൻജിയുടെ അനുജൻ കുമാരൻതമ്പി അദ്ദേഹത്തെ അറിയിച്ചു. ഗൌണ്ഡന്റെ സംഘവും ഉപജാപപ്രചാരകന്മാരാണെന്നു ദിവാൻജി ഗ്രഹിച്ചു വേണ്ട ബന്തോവസ്തു കഠം ചെയ്തു് അവരുടെ നടപടികളും സൂക്ഷിച്ചുവന്നിരുന്നു. ആ സംഘക്കാരെ തന്റെ ശാലയിലോട്ടു പ്രവേശിപ്പിക്കുവാൻ മനസ്സില്ലാത്തതിനാൽ, ചാരപ്രദേശത്തു ചെന്നു സങ്കടം കേഠക്കാൻ ദിവാൻജി ആരംഭിച്ചു. ത്രിവിക്രമകുമാരനും, കുമാരൻതമ്പിയും, കാഷായവസ്ത്രങ്ങഠം മാറിയിട്ടു് ഉദ്യോഗസ്ഥവേഷം ധരിച്ചിരുന്ന കുഞ്ചുക്കുട്ടിപ്പിള്ളയും, അദ്ദേഹത്തെ മുന്നിട്ടു ചാരപ്രദേശത്തെത്തി. വ്യാപാരികഠം "അങ്കവും കാണാം താളിയുമൊടിക്കാം" എന്നുള്ള കൌശലം അനുസരിച്ചു് അവരുടെ കച്ചവടസാമാനങ്ങളും കൊണ്ടു പുറപ്പെട്ടിരുന്നു. ദിവാൻജി എഴുന്നുനതിനിടയിൽ ചാരപ്രദേശത്തിന്റെ ഉഭയപാശ്ചങ്ങളിലും പീടികകഠം നിരത്തിക്കഴിഞ്ഞു. മുസൽമാൻ, മാവ്വാരി, മറവൻ, മഹാരാഷ്ടൻ എന്നിങ്ങനെ പല വേഷക്കാരും ആ സംഘത്തിൽ കാണ്മാനുണ്ടായിരുന്നു. കംബളങ്ങളും പട്ടാംബരങ്ങളും പൊതിഞ്ഞുള്ള കെട്ടുകളും, രത്നങ്ങളും സ്ഫടികസാമാനങ്ങളും നിറഞ്ഞുള്ള പെട്ടികളും വിക്രയത്തിനായി നിരന്നപ്പോഠം, കാലം കൊന്നുനടക്കുന്ന അലസന്മാരും ബാലന്മാരും അവക്കു രുചികരമായുള്ള നമ്മാവസരം കണ്ടു് വ്യാപാരികളെ വട്ടമിട്ടുകൂടി. കാവല്മുഴങ്ങഠം കഴിഞ്ഞു നിന്നിരുന്ന ഭടജനങ്ങളും വ്യാപാരസാമാനങ്ങളാൽ അകൃഷ്ടന്മാരായി വാണിജ്യസംഘത്തെ വളഞ്ഞു.

വ്യവസായകാര്യങ്ങളിൽ ജന്മവാസനയാൽത്തന്നെ പരമോത്സുകനായുള്ള ദിവാൻജി ചാരപ്രദേശത്തു് എത്തി

Digitized By Kerala Sahitya Akademi

സപ്പോഠം, അയ്യായിരത്തിൽപ്പരം വരാഹൻ വിലപിടിക്ക
ന്ന സാമാനങ്ങഠം തങ്ങളുടെ പക്കൽനിന്നും ചിലമ്പിനഴി
യത്തു് ഉണ്ണിത്താൻ വാങ്ങിയിട്ടുണ്ടെന്നും, ആ കടം തിക്കാ
തെ അദ്ദേഹം യുദ്ധരംഗത്തുപോകുവാൻ കരുതുന്നെന്നും
ആ വഞ്ചനക്രിയയ്ക്കു് എന്തെങ്കിലും നിയമാനുസാരമായ
പരിഹാരം ദിവാൻ സാഹേബ്വിൽനിന്നും ഉണ്ടാകണമെ
ന്നും വ്യാപാരികഠം നിലവിളീച്ചു. "ച്ഛായ്, ച്ഛായ്! കത്തി
നില്പുങ്കോ" എന്നു് കരു മുസലിവേഷക്കാരനായ വൃദ്ധൻ,
മയ്യാഴ ലംഘിച്ചു ദിവാൻജിയുടെ പരിസരത്തിൽ ആക്ര
മിച്ച സങ്കടക്കാരെ ശാസിച്ചു. "സ്ഥലികൈ, പൊരുമ
ണി, മരതകപ്പച്ചൈ, എന്ന സർദാർ! ഭീമക്കമൽ, ലാ
ന്തക്കമൽ, കണ്ണാലെ പാത്തുംകഠം" എന്നിങ്ങനെ സാമാ
നങ്ങഠം കാട്ടി വിലസഹായമെന്നും മാറും ഗ്രണാദോഷി
ച്ചു് അവ വാങ്ങുവാൻ ദിവാൻജിയോടു് അപേക്ഷിച്ചു. നി
രവധി രാജ്യാവസ്ഥകളുടേയും, സമുദായഗതികളുടേയും,
ദർശനംകൊണ്ടു് അന്നത്തെ പരീക്ഷണം അനുവത്തിക്കാൻ
തന്നെ അയാളെ പ്രേരിപ്പിക്കുമാറുള്ള പരിഷ്കരണം വൃദ്ധ
ന്റെ ബുദ്ധിക്കു് ഉണ്ടായിട്ടുണ്ടെന്നു വരുകിലും പരീക്ഷിത
ന്റെ ബുദ്ധിപ്രഭാവത്തെ സൂക്ഷ്മമായം ചെയ്യാൻ വേണ്ടു
വോളമുള്ള സംസ്കരണം അയാഠം സമ്പാദിച്ചിട്ടില്ലായിരു
ന്നു. വൃദ്ധന്റെ ഉഷ്ണസ്വരം കേട്ടപ്പോഠം, അത്യുഗ്രമായ
സ്മൃതിശക്തിയുള്ള കേശവപിള്ള പല സംവത്സരങ്ങഠം
ക്കുമുമ്പു് സശ്രുവണേന്ദ്രിയവിഷയമായിത്തീർന്നിട്ടുള്ള കരു
ശബ്ദത്തെ സ്മരിച്ചു. തന്നെ വലയംചെയ്യുന്ന വിഷമ
ങ്ങഠം കനുകൂടി കൂടിലമാകുന്നു എന്നു ചിന്തിച്ചു്, അതി
നോടു മല്ലിടാനും അദ്ദേഹം കരുമ്പെട്ടു. ഗ്രുപദാത്ഥങ്ങളു
ടെ ഭുക്തികൊണ്ടു് ഉണ്ടായിട്ടുള്ള ശരീരപുഷ്ടിയും പ്രവാസ

Digitized By Kerala Sahitya Akademi

ഫലമായുള്ള വണ്ണങ്ങളേയും, എന്തോ പ്രപാതംകൊണ്ടുണ്ടായിട്ടുള്ള നാസാവൈരൂപ്യവും, ശിരസ്സിന്റെ രോമശൂന്യതയും, മീശവളത്തി വട്ടത്താടിയാക്കിയിട്ടുള്ളതിന്റെ ഭടിലതയും ചേർന്നിട്ടും, അവ ആ സതപത്തിന്റെ സൂക്ഷ്മതയെ മറയ്ക്കുന്നില്ല, സൗജന്യവാന്റെ ചാരുപുഞ്ചിരിയോടെ ദിവാൻജി വൃദ്ധന്റെനേർക്കടാക്ഷിച്ചിട്ട്, "പരുങ്കഥം—മാമന്മാർ ശൊല്ലുകിറ രത്ത്നത്തരങ്കളെ മൊതെ മൊതെ എടുംകഥം" എന്നു് ആജ്ഞാപിച്ചു. വ്യാപാരികഥം തങ്ങളുടെ സങ്കടപരിഹാരത്തിനായി വീണ്ടും ഉച്ചശ്രുതിയിൽ അർത്ഥിച്ചു. വൃദ്ധൻ എടുത്തുനീട്ടിയ കരു വജ്രമോതിരം വാങ്ങി, ദിനത്തിനു തീർച്ചയാക്കിയ വില കൊടുപ്പാൻ ആജ്ഞാപിച്ചിട്ട്, കുഞ്ചെക്കുട്ടിപ്പിള്ളയെ ആംഗ്യത്താൽ സഹഗാമിയാക്കി, ദിവാൻജി തന്റെ സല്ലാരശാലയിലേക്കു തിരിച്ചു. സങ്കടപരിഹാരത്തിന്റെ അനവാപ്തിയിൽ വ്യാപാരികഥം രാജ്യാധികാരത്തെ പല ഭാഷകളിലും ഉച്ചൈസ്വരം ഭത്സിച്ചു. പാശി, ശംഖുമോതിരം, സ്ഫടികവളകഥം എന്നിവയാൽ സമ്മാനിതരായി കാഴ്ചകണ്ടു നിന്നിരുന്ന ബാലസംഘം ഭടസേനത്തിന്റെ ശ്രുതിക്കൊത്തു കൂക്കുവിളിതുടങ്ങി. കുഞ്ചെക്കുട്ടിപ്പിള്ള മടങ്ങിയെത്തി സംഘം ഉടനെ പിരിഞ്ഞുകൊള്ളണമെന്നു, അവിടെ സഞ്ചയിച്ചു കൂടിക്കലാശം തുടങ്ങിയിരിക്കുന്ന മേളക്കാരിൽ ഓരോ വഴ്ത്തോടും അവരവരുടെ ഭാഷയിൽ ആജ്ഞാപിച്ചിട്ട് അവരെ അന്നത്തെ തിരുവെഴുത്തുവിളംബരം എങ്ങനെ സംബന്ധിക്കുമെന്നുകൂടി അറിവുകൊടുത്തു. തങ്ങളുടെ ഭടസേനങ്ങളെ കുറച്ചുകൂടി രൂക്ഷമാക്കിയും മുമ്പിലത്തെക്കാൾ ഉച്ചത്തിൽ ഉച്ചരിച്ചും സംഘക്കാർ പിരിഞ്ഞു. വൃദ്ധൻ വടക്കേക്കോട്ട കഴിഞ്ഞപ്പോൾ, കരു യാചകവേഷക്കാരൻ അ

Digitized By Kerala Sahitya Akademi

യാളുടെ പുറകേ എത്തിയതു പക്ഷേ യദൃച്ഛാസംഭവം ആയിരിക്കാം.

ഉണ്ണിത്താന്റെ പാശ്ചാത്തികം അദ്ദേഹത്തിന്റെ യാത്രമുടക്കാൻ ഇനിയും പ്രയത്നങ്ങൾ ചെയ്യുമെന്നു ദിവാൻജി ചിന്തിച്ചുകൊണ്ടിരിക്കുന്നതിനിടയിൽ, ഭണ്ഡാരകാര്യങ്ങൾ ദിവാൻജിയാൽ നിയുക്തനായ മറ്റൊരുദ്യോഗസ്ഥനെ ഏല്പിച്ചിട്ടു്, താൻ ഉത്തരദേശങ്ങളിലേയ്ക്കുള്ള പ്രയാണം ആരംഭിച്ചിരിക്കുന്നു എന്നു് ഉണ്ണിത്താൻ എഴുതിയ ലേഖനം ദിവാൻജിയുടെ കയ്യിലെത്തി. എന്നാൽ ആ നിരുദ്യോഗശ്രമൻ ദിവാൻജി അനുഷ്ഠിച്ച കൌശലത്തിനു പ്രതിക്രിയയായി ഭാര്യാപുത്രിമാരെ ചേർപെടുത്തി മീനാക്ഷിഅമ്മയെ ചിലമ്പിനഴിയത്തേയ്ക്കും സാവിത്രിയെ കൊട്ടാരക്കരയുള്ള കിഴക്കേ നന്തിയത്തു ഭവനത്തിലേക്കും അയച്ചിരിക്കുന്നു എന്നു് ലേഖനവാഹകനിൽനിന്നു ദിവാൻജി ഗ്രഹിച്ചു. സാവിത്രിയുടെ രക്ഷയ്ക്കു കരണീയമായുള്ള കൃത്യത്തെ അദ്ദേഹം ഉടനടി അനുഷ്ഠിക്കുകയും ചെയ്തു.

വിളക്കുവച്ചുകഴിഞ്ഞപ്പോൾ ഇട്ടുണ്ണ്യാദി നാമക്കാരനായ കായ്ക്കാർ ദിവാൻജിയുടെ സല്ക്കാരശാലയിൽ അനുമതിവാങ്ങി പ്രവേശിച്ചു. രാജകുടുംബാംഗങ്ങളുടെയോ തുല്യസ്ഥാനീയന്മാരുടെയോ ദർശനത്താലല്ലാതെ ഉത്ഥിതനാകാത്ത ദിവാൻജി തന്റെ തട്ടുപടിയിൽനിന്നു് ഗൌരവസ്മേരത്തോടെ എഴുന്നേറ്റുനിന്നു. ആ മഹാനുഭാവനെ അന്നു് ആദ്യമായി അഭിമുഖനായിക്കണ്ട കായ്ക്കാർ ആ മന്ത്രിയുടെ സൂക്ഷ്മദർശനത്തെ അഭിമാനിച്ചു് പരോക്ഷജ്ഞാനത്താൽ സർവ്വഥാ പരാജയമേ ഗതി എന്നു മനസാ സമ്മതിച്ചു എങ്കിലും പരീക്ഷാശ്രമങ്ങൾ കൈവിടുന്നതു് അപൌരുഷമെന്നു ചിന്തിച്ചു് അദ്ദേഹം ദാസവിനയത്തെ അ

Digitized By Kerala Sahitya Akademi

ഭിന്നയിച്ചു", അജിതസിംഹരാജാവു പരിഗ്രഹിപ്പാൻ നിശ്ച യിച്ചിരിക്കുന്ന ബാലികയുടെ അച്ഛനെ ദുർമ്മത്സരത്താൽ തിരുവനന്തപുരത്തുനിന്നു അകറ്റിയിരിക്കുന്ന വസ്തുതയെ ആ രാജസിംഹൻ മഹാരാജാവിനെ ധരിപ്പിക്കുവാൻ നി ശ്ചയിച്ചിരിക്കുന്നു എന്നു പറഞ്ഞു.

ടിവാ—"ആരേ ധരിപ്പിക്കും?"

ഇട്ടി—"മഹാരാജാവിങ്കൽ"

ടിവാ—"മഹാരാജാവിങ്കലോ? തിരുവിതാംകൂർ രാജ്യ ത്തിനകത്തു നിൽക്കുന്ന എന്നു് കാമ്പിച്ചും നല്ലപോലെ ആലോചിച്ചും പറയുക."

ഇട്ടി:—അരുളിച്ചെയ്തതു് ഇവിടെ ധരിപ്പിച്ചു."

ടിവാ:—"ഇപ്പോൾ എന്റെ മുമ്പിൽ ധരിപ്പിക്കുന്നതു് അനി—താൻ തന്നെയല്ലേ?"

ഇട്ടി:—(കുനു കുലങ്ങി) "തിരുമുമ്പിൽ അറിയിക്കും എന്നാണു് അരുളപ്പാടു്."

ടിവാ:—"എന്നാൽ, ആ അജിതസിംഹൻ പറയുക യില്ലേ—'കേശവൻ' 'കേശവൻ' എന്നു്—അവൻ പാ ഞ്ഞതായിട്ടു് ഇന്നു പറയണം. വല്യകൊട്ടാരത്തിലോട്ടു കടന്നാൽ ആ കാൽ പിന്നെ ഉപയോഗപ്പെടുകയില്ലെന്നു്."

ഇട്ടി:—"എന്താ ഈ പറയുന്നതിന്റെ സാരം?"

ടിവാ:—"തിരുമനസ്സിലെ തലസ്ഥാനത്തുവച്ചു് കു കലാപവും ഉണ്ടാകാൻ ഞാൻ സമ്മതിക്കയില്ല. അപഖ്യാ തിയുണ്ടായിട്ടും അതു ഞാൻ നല്ലപോലെ സൂക്ഷിച്ചുപ്രവ ത്തിച്ചു വരുകയാണു്. ഈ നയം അറിഞ്ഞുകൂടാത്ത ആളു ല്ലല്ലോ കായ്ക്കാർ? അതുകൊണ്ടു് ഉടനേ നടന്നുകൊള്ളുക നാണു അവിടേയ്ക്കു ചേരുന്നതു്."

കായ്ക്കാർ പലതും ചിന്തിച്ചു് അല്പനേരം നിന്നു

Digitized By Kerala Sahitya Akademi

ടിവാൻജിയും ആദരഭാവത്തോടെ മിണ്ടാതെ നിലകൊണ്ടു. മുഖഭാവങ്ങളിൽനിന്നു പരസ്പരം അന്തർഗ്രഹിക്കുകയാൽ രണ്ടുപേരും പുഞ്ചിരിക്കൊണ്ടു.

ഇട്ടി:—"എന്നാൽ മണപ്പുറത്തുവച്ചു പക്ഷെ കാണാം."

ടിവാ:—"വേണ്ട ആചാരോപചാരങ്ങളോടെ."

കായ്ക്കാർ ഒരു ശിരഃകമ്പനം ചെയ്തും മേൽപ്പാവുമുണ്ടു കയ്യിലാക്കി വീശിയും മടക്കയാത്ര ആരംഭിച്ചു.

ഈ സന്ദർഭത്തിന്റെ ഫലമായി ആ രാത്രിയിൽത്തന്നെ ഇട്ടണ്ണി കായ്ക്കാരും ഒരു ഭാഗം പരിവാരങ്ങളും പിരിഞ്ഞു്, ഏതുവഴിയിൽക്കൂടി എന്നറിയാതെ, വേഷപ്പച്ചക്കാരായി, തുടർന്നു പുറപ്പെട്ട ഭടജനങ്ങളേയും തോല്പിച്ചു്, അപ്രത്യക്ഷന്മാരായി. ബബ്ബ് ലേശ്വരന്റെ തൃക്കഴലുകൾ രാജമന്ദിരത്തിലാകട്ടെ, രാജസഭയുള്ള വലിയ കോയിക്കൽ എന്ന മന്ദിരത്തിലാകട്ടെ, കണ്ടുകൂടെന്നുള്ള വിരോധാജ്ഞ ആ രാത്രിയിൽത്തന്നെ കിട്ടുകയാൽ, അദ്ദേഹവും തൽക്കാലത്തേയ്ക്കു നന്തിയത്തുമഠത്തിലെ കളപ്പുരയിൽ അരിവയ്പും കെട്ടിറക്കത്തു പാപ്പും ആക്കി.

അന്നത്തെ വിശേഷസന്ദർശനങ്ങളുടെ അനവധികത്വംകൊണ്ടു് ടിപ്പാൻജിയുടെ ജീവചരിത്രത്തിൽ അതു സ്മരണീയമായുള്ള ഒരു ദിവസമായിത്തീർന്നു. ബഹുജനജീവനാശങ്ങൾ സംഭവിച്ചേക്കാവുന്ന ഇത്തരം സന്ധികൾ ഗൌരവതരങ്ങളായ സംഭവപരമ്പരകളെക്കടന്നു മാത്രമേ പരിണാമസ്ഥിതിയിൽ എത്തുന്നുള്ളു. ഈവക സംഭവങ്ങൾ രാഷ്ട്രങ്ങളുടെ ഉത്ഭവം, സംസ്ഥാപനം, സ്ഥിതിരക്ഷണം, ധ്വംസനം എന്നുള്ള പട്ടങ്ങളോടു ബ്രഹ്മകല്പിതമായി സാഹചര്യത്തെ അവലംബിക്കുന്ന വിവർപ്പുങ്ങളാണു്. ഏതദ്വിധസംഭവങ്ങളിലെ ക്രിയാകാരകന്മാർ സ

Digitized By Kerala Sahitya Akademi

വ്യസാചികളും കായ്ക്ഷമതാധുരന്ധരന്മാരും, സഹസ്രാക്ഷന്മാരും, ശീതാതപാദിസഹിഷ്ണുക്കളും, ഇന്ദ്രിയസുഖങ്ങളുടെ ജിഷ്ണുക്കളും ആയിരിക്കേണ്ടതാണു്.

ദിവാൻ കേശവപിള്ള ഇട്ടണ്ണിക്കണ്ടപ്പന്റെ നിഗ്രഹത്തെത്തുടർന്നതന്നെ വടക്കോട്ടുള്ള തന്റെ യാത്രയ്ക്കുവേണ്ട കായ്പരിപാടി തയാറാക്കിത്തുടങ്ങി. ഈ ഘട്ടത്തിൽ കഞ്ചൊക്കുട്ടിപ്പിള്ള മടങ്ങി എത്തുകയാൽ, ആശ്വസ്സമയത്തിൽ ദിവാൻജി ഇങ്ങനെ ചോദ്യംചെയ്തു:—"ഇത്രനേരം വേണ്ടിവന്നോ?"

കഞ്ചൊ:—"അയ്യോ! പണ്ടത്തെ ആളൊന്നുമല്ല. മൂക്കുപൊളിഞ്ഞു പോയെങ്കിലും വാട പിടിപ്പാൻ ഒഹംഗിറച്ചു് അതുള്ളതുപോലെ ആ ഗംഭീരക്കള്ളൻ എന്നെ വട്ടം ചുറ്റിച്ചു. ചാരനെന്നു് ആദ്യമേ സംശയിച്ചതു ശരിതന്നെ. മാണിക്കഗൌണ്ഡൻ എന്നതും കള്ളപ്പേരാണു് ഈ ചാകാപ്രാണിയെ വളരെ സൂക്ഷിക്കണം. നവഗ്രഹങ്ങൾ പിഴച്ചുള്ള ഈ കാലത്തല്ലേ ഇയ്യാൾക്കും വന്നു ചാടാൻ തരംകണ്ടുള്ളു."

ദിവാ:—(നാസികമേൽ ചൂണ്ടുവിരൽവച്ചുകൊണ്ടു്) "നോക്കണേ. ആകപ്പാടെ എന്തു് അനർത്ഥം! തിരുമനസ്സറിയിക്കുവാനും പാടില്ല, അതറിയിക്കാതിരിപ്പാനും പാടില്ല. ആക്കും കാണാൻ വഹിയാത്ത കോവിലും കെട്ടിപ്പാത്തു്, ഇപ്പോൾ പായ്ക്കഴുന്നള്ളിച്ചു തുടങ്ങിയിരിക്കുന്നതു് നമുക്കു വിനയ്ക്കു് എന്നേ മാണിക്കഗൌണ്ഡാ! ചിലരുടെ കഥകളും ചില കായ്ങ്ങളും എവിടെച്ചെന്നുനിൽക്കും? ടിപ്പുസുൽത്താന്റെ മഹായോഗം നോക്കണേ."

കഞ്ചൊ:—"ഇവിടത്തെ മഹായോഗമോ! പുറികറങ്ങി വന്നു്, ചാകാൻ ഈ കണ്ണിൽത്തന്നെ ചാടിയതല്ലോ."

Digitized By Kerala Sahitya Akademi

ദിവാ:—"ഈ സ്ഥലം വിട്ടുപോകാൻ വിട്ടുകൂടാ. അങ്ങനെ പല മേളവും ചേരട്ടെ: എങ്കിലല്ലേ കരു ഉത്സവമാകൂ. കന്നരണ്ടു പടിത്തരക്കാരെ കഞ്ചെക്കട്ടിപ്പിള്ളതന്നെ ഏൽക്കണം, തിരുമേനിസൂക്ഷിപ്പും.

കഞ്ചെക്കട്ടിപ്പിള്ള ശിരസ്സു നമിച്ചു്, ആജ്ഞകളുടെ നിഷ്ഫണഭാരം സ്വീകരിച്ചു എന്നു ധരിപ്പിച്ചു.

നിദ്രയ്ക്കുമുമ്പുള്ള പ്രാർത്ഥനയ്ക്കായി ദിവാൻജി ശയ്യാമഞ്ചത്തിന്മേൽ യോഗാസനസ്ഥനാകുന്നു. പരിസരദേശത്തുള്ള പ്രാകാരരക്ഷികളുടെ സഞ്ചാരാരവങ്ങൾ മുഴുലമാകുന്നു. രായസക്കാരുടെ കുക്കുടങ്ങളും ഗുസ്സപറ്റക്കാരുടെ പേപറച്ചിലുകളും, ഇടയ്ക്കിടെ ആ അർദ്ധരാത്രിയുടെ പ്രശാന്തമാഹാത്മ്യത്തെ അനാദരിക്കുന്നു. മൂഷിക സംഘങ്ങൾ മനുഷ്യാധികാരത്തേയും മന്ത്രിപ്രഭാവത്തേയും അലക്ഷ്യമാക്കി ശൃംഗാരകലഹങ്ങളും മറ്റും തട്ടിൻപുറത്തു തകൃതിയായി മേളിക്കുന്നു. ദിവാൻജിയുടെ ധ്യാനം പദ്മാസനസ്ഥന്റെ സ്ഥിതിയിൽ മാനസപൂജാക്രിയയിലോട്ടും ഒരു മഹാകായന്റെ പാദങ്ങൾ കിഴക്കേക്കെട്ടിൽനിന്നു പടിഞ്ഞാറോട്ടുള്ള വാതലിൽക്കൂടി നിദ്രാലയത്തിലേയ്ക്കും, തരണം ചെയ്യുന്നു. അഷ്ടാവധാനചതുരനായ ദിവാൻജിയുടെ ശ്രോത്രങ്ങൾ ആ ഭീമാകാരന്റെ പാദങ്ങളുടെ ലഘുപതനശബ്ദത്തേയും കേൾക്കുന്നു. മീശയും നെടുംതാടിയും ധരിച്ചുള്ള ഒരു അന്തകാകാരത്തെ കണ്ടപ്പോൾ ദിവാൻജി ആദരഭാവത്തിൽ മഞ്ചത്തിൽനിന്നു് എഴുന്നേറ്റു് താഴത്തിറങ്ങി അതിന്റെ പടിചാരിനിന്നു് "ആരവിടെ? മച്ചമ്പിയ്ക്കിരിക്കാൻ ഒരു പാ കൊണ്ടുവരട്ടെ" എന്നൊരു് ആജ്ഞകൊടുത്തു.

ആഗതൻ:—"വേണ്ടാ—വേണ്ടാ—നിന്നാൽ മതി.

Digitized By Kerala Sahitya Akademi

ധിവാന്മാരെ നമ്പിൽ ഇരിപ്പാനുംമറുമുള്ള പെരുമ ഇക്കാട്ടുമാടത്തില്ല.”

ദിവാ:—എന്നാലും മച്ചമ്പി വന്നതു സന്തോഷമായി. ചിലതു പറഞ്ഞയപ്പാൻ തരം കിട്ടിയല്ലൊ.”

ആഗതൻ:—നോക്കു! മൂപ്പു് എന്നിക്കാണു്. അതു കൊണ്ടു് ചൊല്ലാത്തൊള്ളതു് മൊറപ്പടി ഞാൻ ചൊല്ലിത്തയക്കാം. എൻറപ്പി ആളും പൊരുളും ഇല്ലാണ്ടു് ഇത്തിരിയൊക്കെച്ചോണക്കയറു വാങ്ങുന്നു. നിൻറെ തനുരാനും മാനത്തുനോക്കി നക്ഷത്രക്കതിരെണ്ണുന്നു. നാമെന്തായാലും ഉറവരു്. ചൊല്ലുന്നതേ കറവായിപ്പിടിക്കു് കനോ, രണ്ടോ, മൂന്നോ—നീ വീട്ടിന്നെറക്കിയതും, പെടുവിച്ച പാടും മറന്നു്—കുഞ്ഞുമായിററി ഇറക്കാം. ച്ഛേ! പുല്ലു മൂന്നേപോയി. എടാ! എന്തായാലും ‘കേയു’ന്ന കൊച്ചിലെ മടിയിലിരുത്തിക്കളിപ്പിച്ച ഇന്നത്തെ ഈ പെരിഞ്ചക്കോടൻ ചൊല്ലുണ. ടിപ്പുൻറെ പീരങ്കി ഉണ്ട കടിച്ചുപിടിക്കുണ കരുത്തന്മാരേയും കനോ രണ്ടോ ആയിരം ഇന്നാ പിടി.”

ദിവാ:—“പണത്തുക പറയുന്നതു് ലക്ഷക്കണക്കിനായിരിക്കാം. ശ്രീപത്മനാഭൻറെ തൃപ്പടിയിൽ കാണിക്ക ഇട്ടേയ്ക്കുണം. എന്നാൽ കല്പിച്ചു് പലതും ക്ഷമിക്കും.”

പെരിഞ്ചക്കോട്ടു കുഞ്ഞുമായിററിപ്പിള്ള എന്നു് സഭാസംഭാഷണംകൊണ്ടു് തന്നെ വെളിവാക്കിയ ആഗതൻ ദിവാൻജിയുടെ അവസാനവാക്കുകഠം കേട്ടു് കരു ഹൂൽക്കാരം ചെയ്തു. അയാളുടെ കണ്ണടരും അത്യുഗ്രമായ കരു കോപ ഉരവത്തെത്തന്നെ ധരിപ്പിച്ചു. “ഹൂ? ക്ഷമിപ്പാനും, കൊമപ്പാനും എന്തരു്? യിൻറെ ഈ മന്ത്രിരിയടവൊന്നും തുഞ്ചുമായിററീടെ അടുത്തെടുക്കാതെ. എൻറെ കൊച്ചുമച്ചമ്പി പെരിയവൻതന്നെ. എടാ! താലിവെച്ച പെണ്ണു്

Digitized By Kerala Sahitya Akademi

ഒന്നു തന്നഞ്ഞാനറിഞ്ഞു് പുരുഷനെക്കാത്തു് മനയിരിക്കു ണു. നെന്നക്കു കൊടപിടിക്കണ വിക്കറമൻകുട്ടിയെത്തന്നു് വന്നുപോയ കൊറതീക്കു് അടടാ! കലംമറന്നു് പൊറന്തിരിയാതെ. നീ ശേഷക്കാരൻ, ഞാൻ കടലുക്കു പെറന്ന മകൻ. തന്തയാർ ചെയ്ത പിഴ പിള്ളതലയിൽച്ചൊമത്താതെ നെന്നക്കു് മേലിരിക്കണവൻ നെൽവംതന്നു. നമുക്കും ഒരു കാട്ടുവഴി കാമ്പിച്ചു പെരുത്തൊന്നും കേക്കിണ്ണില്ല. പൊൻകിളിപോലത്തെ പെണ്ണല്ലെങ്കി, ച്ചീ! പെരിഞ്ഞക്കോടയിതാ പുറവോട്ടു മാറി. നീ കണ്ണാലെ കണ്ടു് മനസ്സിനു് ഇണിവു കൊണ്ടില്ലെങ്കി, തല വീത്തിക്കള.”

ടിവാ:—“മച്ചമ്പീ! ചിലതെല്ലാം ഞാനറിഞ്ഞു. എങ്കിലും ചോറിട്ട തൃക്കൈ മറന്നു് ഞാൻ അടങ്ങിപ്പാക്കുന്നു. എന്തുചെയ്യാം? നമ്മുടെ വഴി രണ്ടും രണ്ടു്. അവിടെ നില്ക്കട്ടെ. കഴത്തിൽ കൊലമാല തന്നത്താനറിഞ്ഞു വീഴ്ത്തരുതു്.”

കഞ്ചു:—“നീ ചെലതറിഞ്ഞോ? എന്തരറിഞ്ഞു പിള്ളേള? എന്തറിഞ്ഞു? നീ അറിഞ്ഞെങ്കി, മൈസൂരീന്നു് വന്നവനെക്കൊന്നതാരു്? പറ. അവൻ കൊണ്ടന്ന എഴുത്തുയിന്റെറ, ഇതെ നീ ഇരിക്കണടത്തു് കൊണ്ടിട്ടതാരു്? ഇതാ നിന്റെറ കണ്ണും കരളും, കരുത്തും ഇന്നു് ഇതിനകത്തിരുന്നോണ്ടു് ഞെളിയിണ നിന്റെറ തല എന്നെ പോക്കോ?”

ടിവാൻ ലലാടാക്ഷികൊണ്ടെന്നപോലെ ഒന്നു നോക്കി. എങ്കിലും സഹവഗ്ഗീയനും സമീപസംബന്ധിയും ആയ കരാഠം തന്റെറ ദേഹത്തെ ശൂലോന്മുഖവും, ആത്മാവിനെ നരകോന്മുഖവും ആക്കുന്ന ആ ബുദ്ധിനൈകൃഷ്ട്യത്തെ ചിന്തിച്ചു് “കഷ്ടം” എന്നുള്ള അനുതാപം ഉള്ളിലും, ഒരു ജലച്ഛായ കണ്ണിലും മിന്നിഗ്ഗമിച്ചു. നിവൃത്തിയു

Digitized By Kerala Sahitya Akademi

ണ്ടെങ്കിൽ സദുപദേശംകൊണ്ട് ആ ധിരനെ ഒരു നവജീ
വിതത്തിലേയ്ക്കു നയിച്ചാൽകൊള്ളാമെന്നു തോന്നി ഇങ്ങ
നെ ഗുണദോഷിക്കയും ചെയ്തു:—"പൊന്നുതമ്പുരാന്റെ
കാൽക്കൽ വീണ്, ശ്രീപത്മനാഭന്റെ അടങ്ങേണ്ട മുതൽ
തൃപ്പാദത്തിൽ സമർപ്പിച്ചാൽ—"

കഞ്ചു:—"നോക്ക്, എന്റെം കണ്ണിൽ പൊടിയിടാൻ
നോക്കാതെ. നീയല്ലാണ്ട് തമ്പുരാൻ ഏതെടാ, തിരുവടി
യേതെടാ?"

ദിവാ:—നില്ക്കൂണ്ണേ. ഇതുപോലെ മറുചിലക്കും കു
ഭുമുണ്ട്. നിറയെ ഉണ്ടകൊണ്ട് അങ്ങു ചെന്നാൽ എ
ല്ലാം പേടിച്ചു വിയർത്തു നാറിത്തിരിച്ചു പോരുന്നതു് അവ
ക്കറിയാം. വെളിയിലിറങ്ങുമ്പോഠം ചിലർ ഞെളിയും—
മീശമുറുക്കും, കൊമ്പുയർത്തും—നോരറിയണമെങ്കിൽ കൂടെ
വരണം. പെരിഞ്ചക്കോട്ടെ എലംകത്തിൽ പ്രതിഷ്ഠ എ
ന്തു്? അവിടെ കുടിയിരുത്തിയിരിക്കുന്ന യക്ഷി ഏതു്? എ
ന്നു സൂക്ഷ്മമായി കല്പിച്ചില്ലെങ്കിൽ, ഞാൻ അവിടംവിട്ട്
മച്ചമ്പിയുടെ കൂടെ ഇറങ്ങിപ്പോരാം."

കഞ്ചു:—"അയ്യടാ! എന്നാൽപ്പിന്നെ ആ പറപാ
ണ്ടയുടെ തുൽപ്പു കിട്ടാഞ്ഞതെന്തു്?"

ദിവാ—"ശരി മച്ചമ്പീ! ശരി! പക്ഷേ അതൊന്നും
ഇങ്ങോട്ട കൊണ്ടുവരണ്ട. ഞാനും നാലുതരത്തിലും സ്ഥ
ലത്തും സഞ്ചരിച്ചിട്ടുള്ളവനാണ്. കോളും കുറിയും എനി
ക്കും കുറേശ്ശ അറിയാം. പറപാണ്ട ആരെന്നു കല്പിക്കണ
മോ? അവിടുത്തെ കാല്പൊടിയേറു കിടക്കുന്ന ഞാനേ പറ
ഞ്ഞയയ്ക്കാം. കണ്ണടച്ചു തുറക്കുന്നതിനുമുമ്പു് ഞാൻ അവ
നെ കഴുകിലാക്കുകയും ചെയ്യാം."

അരുവിയോടടുക്കുമ്പോഠം കെട്ടിപ്പുണ്ടകി പ്രശാന്ത

Digitized By Kerala Sahitya Akademi

മായി വട്ടമിടുന്ന ജലം കീഴ്പോട്ടുള്ള പ്രവാതം തുടങ്ങുമ്പോഠം ബൃഹത്തായുള്ള തുമ്പിക്കൈപോലെ സചുരുപിച്ചു് ശിരഭ്രമം ഉണ്ടാക്കുംവണ്ണം ദ്രുതപ്രവാഹം ചെയ്യുമ്പോലെ, പെരിഞ്ചക്കോടന്റെ കായോന്നതി ഒന്നു വർദ്ധിച്ചു. അയാളുടെ മുഷ്ടികൊണ്ടു് അരയിലുണ്ടായിരുന്ന ഒരു വിഷമുനക്കഠാരിയെ വലിച്ചൂരി മുന്നോട്ടുകുതിച്ചു. ആ ഫാഗാസ്ത്രത്തിനു് പ്രത്യസ്ത്രമായി, ദിവാൻജിയുടെകയ്യിൽ തലയിണയ്ക്കിടയിൽനിന്നൊടുക്കപ്പെട്ട ഒരു ആഗ്നേയാസ്ത്രത്തിന്റെ അയസ്സുണ്ടം രജതപ്രഭകളെ വിതറിത്തുടങ്ങി. അതു കണ്ടിട്ടും, പെരിഞ്ചക്കോടൻ ഉയത്തിയ കാൽ ഉറപ്പിച്ചുകൊണ്ടു് ഒരു പുഞ്ചിരിയോടെ നിന്നു ചാഞ്ചാടി. "ഇതിഅതും നടക്കട്ടപ്പീ! പിള്ളരു പട്ടിണികെടന്നു പോവൂല്ല. അതു പെരിഞ്ചക്കോടൻ കരുതിയിട്ടുണ്ടു്. നിന്റെ ചെൽവും എവിടെച്ചെന്നു നിക്കണോന്നു് പിന്നെയും കേക്കണോ?"

ആ കാലം, കലധനക്ഷയങ്ങഠം നേരിട്ടു്, കയ്യാങ്കളിയും കാണപ്പടയും കൊണ്ടോട്ടവും ഇതിഹാസങ്ങളായി, സേനാനേതൃത്വം വഹിച്ചുവന്ന സമുദായങ്ങളുടെ നായകത്വത്തിനു് അവസാനം വന്നു തീന്നിട്ടുള്ള ഉദ്ദശ്യം പൂവ്മായിരുന്നു. അതിനാൽ ദിവാൻജിയും പെരിഞ്ചക്കോടനും പരസ്പരനിലകളെ ആദരിച്ചു് അഭിമാനപരതന്ത്രരായി ക്ഷണനേരം നിന്നുപോയി. എന്നാൽ തന്റെ മർമ്മരഹസ്യം പുറത്തായിരിക്കുന്നു എന്നു ഗ്രഹിക്കുകയാൽ പെരിഞ്ചക്കോടൻ "എന്നാൽ രണ്ടുപേരുംകൂടി ആവട്ടെ" എന്നു പറഞ്ഞുകൊണ്ടു്, ദിവാൻജിയുടെ വക്ഷസ്സു് ലാക്കാക്കി വീണ്ടും കഠാരയെ വീശി. ത്രിവിക്രമകുമാരന്റെ ഭീമഹസ്തം പ്രയോഗിച്ച ഖഡ്ഗം ആ കഠാരയെ ദൂരെ തെറിപ്പിച്ചു. പെരിഞ്ചക്കോടൻ ചില ശബ്ദങ്ങഠം കേട്ടു് അനവര

Digitized By Kerala Sahitya Akademi

പ്പോടെ അങ്ങോട്ടും ഇങ്ങോട്ടും തിരിഞ്ഞുനോക്കിയപ്പോൾ, തെക്കും വടക്കും തുറക്കപ്പെട്ട രണ്ടു ജാലകങ്ങളിൽ കാരോ തോക്കിന്റെ മുഖം തന്റെ നേക്കു് നിധനോദ്ദേശ്യത്തോടെ പീട്ടിയിരിക്കുന്നതായി കണ്ടു. "നിന്റെ തല പോക്കു്" എന്ന പ്രതിജ്ഞചെയ്തുകൊണ്ടും, തന്റെ വിക്രീഡാത്തിനു്, വനപ്രദേശങ്ങളും നാട്ടുപുറങ്ങളും അല്ലാതെ രാജധിലയങ്ങളും പരിതസ്ഥലങ്ങളും കൊള്ളുകയില്ലെന്ന മനസാ തീച്ചയാക്കിയും പെരിഞ്ചക്കോടൻ തിരിഞ്ഞു് വന്ന വഴിയെ നടകൊണ്ടു. "വരുന്നെങ്കിൽ ഇങ്ങോട്ടു പിട്ടോളു" എന്നു പറഞ്ഞതു ഈ അസമയത്തു് വചിയ അബദ്ധം വരുത്തുമായിരുന്നു. എങ്കിലും കണ്ടു കായ്ങ്ങാം പറഞ്ഞതു നന്നായി. ആരും അറിഞ്ഞിട്ടില്ലാത്ത ഒരു സംഗതിക്കു് തീച്ചയായ തെളിവു കിട്ടിയതു മഹാഭാഗ്യവുമായി" എന്നു കുമാരൻതമ്പിയോടു പറഞ്ഞുകൊണ്ടു് ദിവാൻജി ഭംഗപ്പെട്ട ധ്യാനം വീണ്ടും ആരംഭിച്ചു.

അദ്ധ്യായം ൧൦.

'ഗർവുമുണ്ടായ വന്നു, ബന്ധുക്കളറിഞ്ഞതോ
ർക്കേ നടന്നാലുമെന്നവരുപേക്ഷിച്ചുർ.'

ബ്രഹ്മാണ്ഡം ബുദ്ധീന്ദ്രിയങ്ങൾക്കു് അല്ലെങ്കിൽ ആത്മേന്ദ്രിയങ്ങൾക്കു് ഗോചരമാകുമാറു ഘടിക്കപ്പെട്ടിരിക്കുന്നു. ആ ഇന്ദ്രിയങ്ങളുടെ അപൂർണ്ണതയാലോ, ക്ഷീണത്താലോ ദുർഗ്രാഹ്യങ്ങളായി കാണുന്ന സ്ഥിതികളും ലക്ഷണങ്ങളും "അപരിജ്ഞേയം" എന്ന അഭിമാനസംജ്ഞകൊണ്ടു് മഹത്തീയകാണ്ഡത്തിൽ ചേക്കപ്പെട്ടു്, സമുദായത്തിൽനിന്നുമുള്ള ആരാധനത്തിനോ അവരോപണത്തിനോ പാ

Digitized By Kerala Sahitya Akademi

ത്രുങ്ങൾ ആക്കപ്പെടുന്നു. മനുഷ്യഗ്രഹങ്ങളും സൂക്ഷ്മത്തിൽ ചെറുബ്രഹ്മാണ്ഡങ്ങൾതന്നെയാണു്. ഈ മണ്ഡലത്തിലും സർവ്വശക്തനായും, ശക്തിസ്വരൂപിണികളും, സപ്തനരക ദേവങ്ങളും നാം കാണുന്നു. ഈ ബ്രഹ്മാണ്ഡങ്ങളിലെ ചില രഹസ്യങ്ങൾ സമുദായാഭിമാനത്തിനു് അഹങ്ങളാകുന്നു. ചിലതു് അപരാധങ്ങളുടെ ബാഹ്യമുദ്രകൾ ആണെന്നു് ലോകം സൂക്ഷ്മദൃഷ്ട്യാ ഗ്രഹിച്ചു് അതുകളെ ദ്വേഷിക്കുന്നു. ഏതൊരു ഭവനത്തിന്റെ സംഗതിയിൽ ഈ ജുഗുപ്സ ക്രമാതീതം ആകുന്നുവോ, ആ ഭവനം മനുഷ്യസഹവാസത്തിൽ നിന്നു ഭ്രഷ്ടമാകുന്നു.

പെരിഞ്ചക്കോട്ടഭവനം ആകാശഞ്ജുഡിനു വീണതു പോലെ ഐശ്വര്യസമുല്ലാഷത്തോടേ പൊട്ടനാഥനെ ഉദിച്ചു. അതിന്റെ സ്ഥാപകൻ, പിതൃഗൃഹത്തിൽനിന്നു നിഷ്കാസിതനായപ്പോൾ, അയാൾ മത്സരമൂത്തിയെ ഹൃദയത്തിൽ പ്രതിഷ്ഠിച്ചും ദേശാടനപരിശ്രമത്തെ ജീവിതധർമ്മമായി സ്വീകരിച്ചും കേരളത്തിലെ മലകൾ, കുന്നുകൾ, ഗുഹകൾ, എന്നിവയുടെ കിടപ്പിനും ചരിത്രത്തിനും ഒരു സൂക്ഷ്മഗ്രന്ഥം ആയി ഭവിച്ചു. പല കോവിലകങ്ങളുടേയും കോവിലുകളുടേയും ഭണ്ഡാരങ്ങളുടെ ഐശ്വര്യസമൃദ്ധിക്കു് ഈ ആൾ പരമാത്മസാക്ഷിയും സാന്ത്വവാഹകനും ആയി. രണ്ടു ചെറുമൈതാനകളുടെ ഇടയിലുള്ള പൊയ്കയിൽ പെരിഞ്ചക്കോട്ടു ഭവനത്തിന്റെ നിർമ്മാണം കണ്ണുമായിറിപ്പിള്ള ആരംഭിച്ചപ്പോൾത്തന്നെ, അദ്ദേഹത്തിന്റെ നളകൂബരത്വത്തെ പരിസരവാസികൾ സൂക്ഷ്മമാനംചെയ്തു. നായന്മാരുടെ ഗൃഹങ്ങളോടു സഹവസിപ്പാൻ മോഹിക്കാതെ ഒരു കാട്ടുകുഴിയിൽ, ശാസ്ത്രാനുസാരമായിത്തന്നെയുള്ള സ്ഥാനത്തിലും, പ്രേതത്വത്തിനു ചേർന്നുള്ള കെട്ടിടങ്ങ

Digitized By Kerala Sahitya Akademi

ളോട്ടും, ഭവനം സ്ഥാപിച്ചതിന്നുപ്പാഠം, തിരുവിതാംകൂറിലെ ദക്ഷിണഖണ്ഡത്തെ പെരിഞ്ചക്കോടനാ നാമം സ്ഥാപിച്ചതുടങ്ങി. ചിലമ്പിനഴിയത്തു ഭവനത്തിന്റെ ലക്ഷണമോ ഐശ്വര്യവിലാസമോ, ശുചിത്വമോ ഒന്നും പെരിഞ്ചക്കോട്ടു ഭവനത്തെ സ്പർശിച്ചിട്ടില്ലെങ്കിലും, ഗൃഹകൂടങ്ങളുടെ സംഖ്യയും ഉന്നതിയും, വിസ്തൃതിയും ദൂരത്തുനിന്നു കണ്ടുവന്നാ ആളുകളെക്കൊണ്ടു് ആ ഭവനത്തെ ബഹുമാനിപ്പിച്ചുവന്നു. ഈ ഭവനം പെരിഞ്ചക്കോടന്റെ സഹോദരികളുടെ പാപ്പിടം ആയിരുന്നു. ക്ഷൗരത്തിനുപോലും കാശു് ഇറക്കാത്ത പെരിഞ്ചക്കോടന്റെ ഗൃഹ"പ്പതിവു്" ലംഘിപ്പാൻ പട്ടിണികിടന്നു് മരണപ്രാന്തത്തിൽ എത്തിയാലും ആ സ്ത്രീകാം ചിന്തിക്കുകപോലും ചെയ്കയില്ലായിരുന്നു. ഭർത്തുലബ്ധിയും ഗന്നിമിത്തം സന്താനാപ്തിയും ഇല്ലാതെയും, ബഹിർഗൃഹങ്ങളോടു വ്യാപാരാദികാം കന്നും കൂടാതേയും കഴിയുന്ന ഈ സ്ത്രീകളുടെ സ്ഥിതി ലോകചരിത്രത്തിൽ ഒരു നവസംഭവം ആയിരുന്നു.

തെക്കുമാറിക്കാണുന്ന "പ്രമദാവനം" പെരിഞ്ചക്കോടന്റെ മനോധർമ്മത്തിനുള്ള സ്മാരകസ്തംഭം ആയിരുന്നു. മുള്ളിലവുകളും, ചാരുവൃക്ഷങ്ങളും, കരിമ്പനകളും, മറു കാട്ടു മരങ്ങളും, കണ്ടകവല്ലികളും ഇടതിങ്ങിവളരുന്ന ഈ നാരകീയാരാമത്തിന്റെ ഉള്ളിലോട്ടു കടപ്പാൻ, സർപ്പഗതിപോലെ വളഞ്ഞും പുളഞ്ഞും വിസ്താരം കുറഞ്ഞും ഉള്ള ഊടുവഴികാം ഉണ്ടായിരുന്നു. ഗാഢപരിചയമില്ലാത്തവർ ഈ ഗൂഢവഴികളിൽ കടന്നാൽ പല നാഴിക ദൂരത്തെ പ്രദക്ഷിണം കഴിച്ചിട്ടു്, രാവണൻകോട്ടയുടെ തരണമെന്നപോലെ, വീണ്ടും പ്രവേശദ്വാരത്തിൽത്തന്നെ എത്തിപ്പോകു

Digitized By Kerala Sahitya Akademi

മായിരുന്നു. മാർഗ്ഗപരിചയമുള്ളവർ വള്ളികളും താഴ്ന്നുള്ള കൊമ്പുകളും ഞെരിച്ചും, മുഠപ്പെടികളെ നോക്കിക്കൊണ്ടു കഴിഞ്ഞും, പടിഞ്ഞാറോട്ടു ചെല്ലുമ്പോൾ, വടക്ക് ഒരു മതിൽക്കെട്ടും, തെക്ക് ഒരു കെട്ടിടവും കാണുന്നതാണു്. മതിൽക്കെട്ട് അത്യുന്നതവും മുകളിൽ കണ്ണാടിച്ചില്ലുകഠം ഉറക്കി തരണനിരോധനം ചെയ്തിട്ടുള്ളതും ആണു്. ഈ മതിൽക്കെട്ടിന്റെ കിഴക്കുവശത്തു കാണുന്നതും, മിക്കപ്പോഴും ബന്ധിച്ചിരിക്കുന്നതും ആയ വാതൽ. പെരിഞ്ചക്കോടന്റെ പരിഗ്രഹവും, അയാളുടേയോ ആ സ്ത്രീയുടേയോ അവർ രണ്ടുപേരുടേയുമോ പുത്രിയും, മൂകയും ബധിരയും ആയുള്ള ഒരു പരിചാരികയോടൊന്നിച്ചു പാക്കുന്ന അരമനയിലേയ്ക്കു പ്രവേശനം തരുന്നു. ഈ ഗ്രഹത്തിന്റെ തെക്കുഭാഗത്തുള്ള വൈതരണിയിൽ കാണുന്ന വിളക്കുമാടത്തോടുകൂടിയ കെട്ടിടം പെരിഞ്ചക്കോടൻ ആരാധിക്കുന്ന "അമ്മ"ന്റെ ഏലങ്കം ആണു്. ഭയങ്കര സചിത്രുപികളായ രണ്ടു പോരപാലന്മാർ ഗദയോങ്ങി അതിന്റെ മുൻഭാഗത്തു്, ഗർഭഗ്രഹത്തിലെ ത്രുക്ഷത്തയ്ക്കു് അനുക്രമണികാചത്രുങ്ങളെന്നപോലെ, നില്പുണ്ടു്. മണ്ഡപത്തിന്റെ അന്തഃപ്രദേശമായ പ്രതിഷ്ഠാഗേഹത്തിനുള്ളിൽ അവിടത്തെ തന്ത്രിയായുള്ള പെരിഞ്ചക്കോടൻ അല്ലാതെ, മറ്റു് ആരെങ്കിലുമോ സൂര്യന്റെ വല്ല രശ്മികണമോ, ദീപത്തിന്റെ കെട്ടത്തിയ തിരിപോലുമോ, പ്രവേശിച്ചിട്ടില്ല. അവിടത്തെ ഭർഗയുടെ ആരാധകന്മാർ കാണിക്കകഠം ധാരാളമായി സമർപ്പിക്കാറുണ്ടെങ്കിലും, വിശേഷദിവസങ്ങളിൽ ദേവിയുടെ അനുഗ്രഹങ്ങഠം അകത്തുനിന്നു പുറപ്പെടാറുണ്ടെങ്കിലും, "പൂശാരി"യായി പട്ടും, ഉടുമുണ്ടും, വാളും, ധരിച്ചു തുള്ളുന്ന പെരിഞ്ചക്കോടൻ പ്രസാദം കൊടുപ്പാറുണ്ടെങ്ക

Digitized By Kerala Sahitya Akademi

ലും, പടഹരവങ്ങൾ തകൎക്കാറുണ്ടെങ്കിലും, ആസുരശംഖങ്ങൾ മുഴങ്ങാറുണ്ടെങ്കിലും, അകത്തെ പ്രതിഷ്ഠാന്തരാളസ്ഥമായ വിഗ്രഹം അന്ധകാരപ്രിയയായി അദൃശ്യസ്വരൂപിണി ആയി വാഴുന്നതേയുള്ളു. ഈ ഭയങ്കരസങ്കേതത്തെ ആ കാവിന്നകത്തു നില്ക്കുന്ന ഉന്നതമായ തരുനിവഹങ്ങളിലെ ശാഖകൾക്കിടയിൽ ഗൃദ്ധവാസം ചെയ്തിരുന്നവരും, ഗൃദ്ധഗതികളും ആയുള്ള ചില വനചരസ്വരൂപന്മാർ രക്ഷിച്ചുവന്നു എന്നു സമീപദേശക്കാർ കേട്ടിരുന്നു.

ഈ സങ്കേതത്തോടുചേൎന്നു് രണ്ടുനാഴികയോളം വിസ്താരത്തിൽ തെക്കുകിഴക്കായി നീണ്ടുകിടന്നിരുന്ന കാട്ടിന്റെ അവസാനത്തിൽ രാജപാതയും, ആ വഴിയുടെ പടിഞ്ഞാറുചേൎന്നുള്ള കുന്നിന്റെ ചുവട്ടിൽ ഒരു കല്ലു വഴിയമ്പലവും, ചില പാറക്കൂട്ടങ്ങളും ഒരു അഗാധ നീരാഴിയും ഉണ്ടായിരുന്നു. ഇതു് പാപാണ്ഡ എന്ന തസ്കരമധ്യാധിയുടെ കാളകൂടക്ഷേത്രമായിരുന്നു. വഴിയമ്പലത്തിന്റേയും, നീരാഴിയുടേയും അവശേഷങ്ങൾ തെക്കൻറോട്ടിൽകൂടി ഗതാഗതം ചെയ്യുന്നവൎക്കു് ഈ പരിഷ്കാരകാലത്തും കാണാവുന്നതാണു്. കാലവഷ്ടങ്ങളുടേയും, ഇഞ്ചിനീർ ഡിപ്പാർട്ടുമെൻറുകാരുടേയും പ്രവൎത്തനങ്ങൾകൊണ്ടു് നീരാഴിയുടെ ജലനില കണ്ടുകൂടാതിരുന്ന അത്യഗാധത നികന്നുപോയിട്ടുണ്ടു്. മുളകുമൂടു് എന്ന സമീപപ്രദേശത്തെ ഇപ്പോൾ മിഷ്യനറിമാരുടെ പരിഷ്കാരസ്ഥങ്ങൾ ഒരു വ്യവസായകേന്ദ്രമാക്കിയിരിക്കുന്നു. എങ്കിലും ഒരു ശതവഷ്യാൎദ്ധത്തിനുമുമ്പുവരെ ആ സ്ഥലം തസ്കരപരമ്പരകളുടെ ജന്മസ്ഥാനമായി വിശ്രുതപ്പെട്ടിരുന്നു. വഴിയമ്പലത്തിനു് അടുത്തു പടിഞ്ഞാറുള്ള ഒരു 'കൊക്കരിണി' നരമാംസകാംക്ഷിണി ആയുള്ള ഒരു ഭയങ്കരദുർദ്ദേവതയുടെ 'യക്ഷിപാറ്റു്' ആണെന്നും, അവിടത്തെ പെരിയ നമ്പിസ്ഥാനം

Digitized By Kerala Sahitya Akademi

ആണ്ടിരുന്നത് പാപാണ്ഡ എന്ന തസ്കരനാണെന്നും, സമീപവാസികളും വഴിപോക്കരും വിശ്വസിച്ചുവന്നിരുന്നതിനാൽ, പെരിഞ്ചക്കോടന്റെ സങ്കേതം അഹിതകർത്തൃകളുടെ ആക്രമണത്തിൽനിന്ന് വഴിപോലെ രക്ഷിക്കപ്പെട്ടുവന്നു.

പെരിഞ്ചക്കോട്ട ഭവനപ്പെരുമാന്റെ സാന്നിദ്ധ്യം ഏതാനും ദിവസങ്ങൾക്കിപ്പുറം അനന്തശയനനഗരത്തെ ഭാസ്വത്താക്കുന്നതുകൊണ്ട്, പറയന്മാർ, മലവേടന്മാർ എന്നു തുടങ്ങിയുള്ള നീചവർഗ്ഗങ്ങളാൽ രക്ഷിക്കപ്പെടുന്ന ആ ദ്വേഹത്തിന്റെ ഗൃഹരഹസ്യങ്ങളെ കൌശലപ്രയോഗംകൊണ്ടു ഗ്രഹിപ്പാൻ നമുക്ക് കരു വഴികിട്ടുമെന്നും തിരുവനന്തപുരത്തുനിന്നു മടങ്ങി എത്തിയ ചില അനുചരന്മാർ സ്വനാഥന്റെ പ്രത്യാഗമനത്തിനു കുറച്ചുദിവസത്തെ താമസംകൂടി ഉണ്ടെന്നും, ആ പരാക്രമന്റെ സാമ്രാജ്യത്തെ ഭദ്രമായി സൂക്ഷിച്ചുകൊള്ളേണ്ടതാണെന്നു യിഷ്ടാഷ്ടാജ്ഞാകഠം ഉണ്ടായിട്ടുണ്ടെന്നും സങ്കേതരക്ഷികളെ അറിയിച്ചു. ഈ ആജ്ഞകളുടെ ലംഘനം ഗളഛേദം ഉണ്ടാക്കുമെന്നു് അറിഞ്ഞിരുന്നിട്ടും, മനുഷ്യർ സുഖമോഹികളാവുകകൊണ്ട് പെരിഞ്ചക്കോട്ട ഭവനത്തിന്റെ സൂക്ഷിപ്പ് ആശാനില്ലാത്ത 'പള്ളി'യിലെ അദ്ധ്യേതാക്കളുടെ പഠനക്രമത്തിലോട്ട് ഇഴിഞ്ഞു തീർന്നിരിക്കുന്നു. ശ്ലഥോജ്ജിതമായിത്തീർന്ന ഈ കാവലിനിടയ്ക്ക് പെരിഞ്ചക്കോടന്റെ അരമനയുടെ പുറവാതൽ സന്ധ്യാലക്ഷ്മിയുടെ പ്രവേശനത്തിനായി വിപാടനം ചെയ്യപ്പെട്ടിരിക്കുന്നു. അകത്തു കടന്നാൽ ആര്യം കാണുന്ന ചെറുമുറിയെ അപ്രകാശമാക്കുന്ന കുഞ്ജസദനം തലോടുന്ന വടക്കുതിന്റെ, തെക്കുവശം തുറന്നുള്ള തളത്തിൽ അതിപ്രകാശത്തോടെ തെളിയുന്ന കരു ദീപ

Digitized By Kerala Sahitya Akademi

വും, ആ ദീപത്താൽ സംപൂജ്യനായുള്ള കരു കമ്മീധാമ വും കാണുമാറാകുന്നു. കരു വനദേവിയോടു സാദൃശ്യം വഹിക്കുന്ന ദിവ്യസൗന്ദര്യംകൊണ്ടു് ആ കന്യക തേജസ്സുതാ ത്രിന്റെ സുഷുമ്നാനാളം എന്നപോലെ പരിലസിക്കുന്നു. ആ വിരാധമണ്ഡലത്തിൽ ജനിച്ചു വളർന്നിട്ടുള്ള ഈ കന്യക, മേനകാപുത്രിയായ ശകുന്തളയെപ്പോലും സർവ്വാംഗ സൗഷ്ഠവത്തിൽ വിജയിക്കുന്നു. ആ പുരാണനായികയുടെ ആശ്രമവാസദശയിലെന്നപോലെ, മന്മഥസാമ്രാജ്യത്തി ന്റെ മാലിന്യങ്ങളോ, സംസാരസ്പർശങ്ങളോ സ്പർശിച്ചിട്ടില്ലാത്ത ഇവൾ പാവനകോമളയായി പ്രശോഭിക്കുന്നു. ചമ്പകാളി കുസുമശരനിചയത്തിന്റെ തൂണീരമായുള്ള ആ മുഖം അനംഗധൂർത്തനെ പുനർജ്ജീവിപ്പിച്ചു് ചിരഞ്ജീവിയും ആ ആരാമകാരാഗൃഹത്തിൽ ബന്ധനസ്ഥനും ആക്കാൻ പോ രുന്ന ബ്രഹ്മചൈതന്യത്താൽ പ്രദ്യോതിക്കുന്നു. ദേവകളം ബങ്ങളുടെ അമൃതപോഷിതമായ നേത്രങ്ങൾക്കും ആനന്ദ ദായകമായ ആ സൗന്ദര്യദ്യുതി, കേശത്തിന്റെ സമൃദ്ധിയാ ലും പുരികക്കൊടികളുടെ ചടുവിലാസങ്ങളാലും, കണ്ണുക ളിൽനിന്നു പ്രസൃതമാകുന്ന നിഷ്ഠാപടുത്വത്താലും, താസാത്മ്യ പീകരണത്തിന്റെ രസികതയാലും, അധരങ്ങളുടെ ആ കൃഷ്ടകോമളിമയാലും ആകാരത്തിൽ തിളങ്ങുന്ന വേദ തീതത്താലും, പരിസരസ്ഥലത്തിനു തന്നെ കരു മോഹ നപ്രഭാവം ചേർക്കുന്നു. ദീപത്തിന്റെ സമീപത്തിൽനിന്നു കന്യക എന്തോ ചിത്തവികാരത്താൽ എഴുന്നേറുനിന്ന പ്പോൾ ആ സരസാംഗവല്ലിയുടെ ലാളിത്യം വനസൗഭാ ഗ്യത്തിന്റെ സരസപതാകയെന്നപോലെ ദർശനീയം ആ കുന്നു. കരു വിക്രമന്റെ വാത്സല്യത്തിനും, സന്ദൽസമൃ ദ്ധിക്കും സാക്ഷികളായുള്ള ആഭരണങ്ങൾ ആ ഹേമവതി യെ അലങ്കരിക്കുന്നു. പാദത്തിന്റെ അടികൾ കവികൾ

Digitized By Kerala Sahitya Akademi

ഉൽപ്രേക്ഷിക്കുന്നതായ ചെന്താമരവണ്ണത്തെ കവരും, വിരലുകൾ മൃണാളഖണ്ഡങ്ങൾപോലെ ലഘുലളിതങ്ങളാ യും; സൗന്ദര്യസമുൽകൃഷ്ടതയെ പരിപുഷ്ടം ആക്കുന്നു. "അമ്മേ!" എന്നുണ്ടായ മൃദുക്വജനം കോകിലകണ്ഠത്തിൽ നിന്നു് ഉൽഗളിതമാകുന്ന കളമൃദുഗീതംപോലെതന്നെ ആ സങ്കേതമാഹാത്മ്യത്തിന്റെ സ്തുതിഗീതമായി ധ്വനിക്കുന്നു.

ഈ വിളി കേട്ടുകൊണ്ടു് തളത്തിൽ പ്രവേശിച്ചതു്, മുമ്പിൽ ഞൊറിഞ്ഞും പുറകിൽ തിരുകിയും ധരിച്ചിട്ടുള്ള ഏകവസ്ത്രത്തോടുകൂടിയ ഒരു മേനകാസ്വരൂപംതന്നെ ആയിരുന്നു. ഇവരുടെ വാമഭാഗത്തോട്ടു് ചെറുപന്തായി കെട്ടിയിട്ടുള്ള ധമ്മില്ലവും, കണ്ണാന്തത്തെ ഊഞ്ഞാലാടിക്കുന്ന ഖേദഭാരങ്ങളും, ചന്ദനക്കുറികളും, മേനകാതാപത്തോടു് ഐഹികതാപത്തെ സംഘടിപ്പിക്കുന്നുണ്ടെങ്കിലും, ജന്മനാ സിദ്ധിച്ചിരുന്ന ദേഹതാപത്തെ സമൂലം വിച്ഛേദിക്കുന്നില്ല. പെരിഞ്ചക്കോടനെ വീഴ്ത്താനുള്ള ഏകമന്ത്രം എന്തെന്നും, മഹാരാജാവിന്റേയും അവിടുത്തെ കൂശാഗ്രബുദ്ധിയായ മന്ത്രിയുടേയും ശിക്ഷയിൽനിന്നു് അയാളെ രക്ഷിക്കുന്ന കവചം ഏതെന്നും, വായനക്കാർ ഇപ്പോഠംതന്നെ ഊഹിച്ചിട്ടില്ലെങ്കിൽ, കഥാന്തത്തിനുമുമ്പു സൂക്ഷ്മമായി ഗ്രഹിക്കുന്നതാണു്. അധമ്മചാരിയും അതിയന്ത്രിതനും ആയുള്ള കുഞ്ചുമായിറിപ്പിള്ള, ഓയ്മാപുത്രികളുടെ സംഗതിയിൽ അഭൂതുല്യം ലോലമനസ്കനായിരുന്നതു കേവലം മുഗധമ്മമാനിരുന്നു എങ്കിലും, ഈ അഭിനന്ദനീയ ഗുണാംശം ശിക്ഷാധികാരികളാൽ കൃപാപൂർവ്വം പരിഗണിക്കപ്പെട്ടു്, ആ ദുർവൃത്തൻ അധികാരഖഡ്ഗത്തിന്റെ നിപാതത്തിൽനിന്നു് ഇരുവരെ രക്ഷപ്പെട്ടു.

നാം കാണുന്ന ഈ ജന്മി, കന്യകാദ്വയത്തെ തരണം ചെയ്യുള്ള ഘട്ടത്തിൽ ഒരു ദുർവിധിയുടെ നിപാതം ഏറ്റു്,

Digitized By Kerala Sahitya Akademi

ഇരപ്പാൻപോലും പ്രഭാവമില്ലാതെ വിശന്നും, തളർന്നും, അവലംബശൂന്യയായി കണ്ട വഴിയേ നടന്നു്, കണ്ട ഒഴിഞ്ഞ പ്രദേശത്തിലെ തരുച്ഛായയിൽ മോഹാലസ്യയായി വീണു്, ചരമസ്ഥിതിയെ കണ്ടുതുടങ്ങിയപ്പോൾ, ആ തേജോരൂപിണിയുടെ സൗന്ദര്യവിശേഷം കാടടിച്ചു ധനസങ്കേതങ്ങളിലേയ്ക്കുള്ള മാർഗ്ഗങ്ങൾ ആരാഞ്ഞുകൊണ്ടിരുന്ന പെരിഞ്ചെക്കോടന്റെ പ്രേമരാസിക്യത്തെ ആകർഷിച്ചു. തന്മൂടെ ചൈതന്യാനുഷ്ഠകൻ ജീവപ്രദാനത്തിനു സന്നദ്ധനായി എങ്ങോനിന്നു സമ്പാദിച്ച കാടത്തമലങ്കാരംകൊണ്ടു്, ബോധവിഹീനയായിരുന്ന ആ സ്ത്രീയെ ഭൂസ്ഥിതികാരംക്കു രണ്ടാമതും സുപ്രജ്ഞയാക്കി. ആ ഭക്തികൊണ്ടുണ്ടായ അവസ്ഥാന്തരങ്ങളെക്കുറിച്ചു് അടുത്ത ക്ഷണം ഉദിച്ച ചിന്തയാൽ, ആ സ്ത്രീ വീണ്ടും വിഗതബോധയായി. ഈ സ്ഥിതിയിൽനിന്നും ഉണർന്നപ്പോൾ, പുനർജ്ജീവാപ്തിയിൽ പരമമായ ആധിയോടെങ്കിലും, രക്ഷാദാനഹസ്തത്തെ അവലംബിച്ച പെരിഞ്ചക്കോട്ടയ്ക്കു പോന്നു്, ആ ഗൃഹനായകന്റെ പതിസ്ഥാനത്തെ, യക്ഷിഗൃഹത്തിന്റെ പരിസേവിനി ആയി, കൃത്യാനുസാരം അനുവർത്തിച്ചു. ഈ ഗാന്ധർവ്വപരിണയത്തിന്റെ അനന്തരം ആയുള്ള കൻപതാം ചാന്ദ്രമാസത്തിൽ ജാതയായ കന്യക ഭക്ഷനെ സതീചണ്ഡിയും, ജനകനെ സീതാലണ്ഡിയും, ദ്രുപദനെ കൃഷ്ണാലണ്ഡിയും എന്നപോലെ പെരിഞ്ചക്കോടനെ സന്തോഷിപ്പിച്ചു. "നങ്ങയ" എന്ന പേരായ പ്രണയിനിയെ "ലശ്മി" ആക്കിയ ആ ജാതകർമ്മാധികാരി, പുത്രിക്കു "ദേവകി" എന്ന നാമകരണം ചെയ്യണമെന്നു മാതാവു പ്രാർത്ഥിച്ചപ്പോൾ, അതു ശ്രീരാമനെയും ലക്ഷ്മണനെയും പെറ്റ തന്പുരാട്ടിടെ പേരാകയാൽ, സഹർഷം സമ്മതിച്ചു്, "തേവൂ, തേവൂ, തേവൂ"

Digitized By Kerala Sahitya Akademi

എന്ന ശിശുവിന്റെ കണ്ണത്തിൽ യഥാക്രമം മന്ത്രിച്ചു, ദേവകിയെ മാതൃഫസ്ഥത്തിൽ ചേക്കുകയും ചെയ്തു.

മാതാവിന്റെ ശുശ്രൂഷണത്തിലും അനുശാസനയിലും വളന്ന കന്യക, സചാജ്ജിതമായുള്ള ധനത്തിനതുല്യം, കരു പുതിയ സമ്പത്തായിത്തന്നെ പെരിഞ്ചെക്കോടനാൽ പരിലാളിക്കപ്പെട്ടവരുന്നു. യോഗ്യനും, പ്രതാപവാനും, കുലീനനും ആയ കരു ജാമാതാവു് കിട്ടണമെന്നു മോഹിക്കുന്ന അച്ഛൻ തന്റെ ഭ്രഷ്ടമായിരിക്കുന്ന ജാതിസ്ഥാനത്തിന്റെ പുനരാപ്തിക്കായും, അധികാരസചാധീനത്തിന്റെ ലബ്ധിക്കായും, പുത്രിക്കു സമുചിതഗുണങ്ങളോടുകൂടിയ കരു യുവാവെ കിട്ടുവാനായും, തന്റെ സചാധീനത്തേയും ധനത്തേയും ചില യന്ത്രികാംക്കു പണയപ്പെടുത്തുകപോലും ചെയ്തിരിക്കുന്നു. യുദ്ധസന്നാഹങ്ങാം കരുക്കുന്ന ആ കാലത്തു് അധികൃതമണ്ഡലത്തെ കഷ്ടപ്പെടുത്തുന്ന ദ്രവ്യാന്യൂനതയെ പരിഹരിപ്പാൻ കൈക്കാണം കൊടുത്തു മന്ത്രിയെ പ്രീണിപ്പിക്കാനും പെരിഞ്ചെക്കോടൻ യത്നിച്ചു. തന്റെ ബന്ധോവസ്തു കാവലുകളും, നിഷ്ക്കഷ്കളും ലംഘിച്ചു കല്ലറയ്ക്കൽ പിള്ള എന്ന കരു അനാഗരികസമ്പന്നൻ സചപുത്രിയെ അപഹരിച്ചേയ്ക്കും എന്നു ചില ലക്ഷ്യങ്ങാം കിട്ടുകയാൽ, ത്രിവിക്രമനെക്കൊണ്ടുള്ള വിവാഹത്തെ നിരവേറാൻ അയാാം എന്തു ബലികമ്മം അനുഷ്ഠിക്കുന്നതിനും സന്നദ്ധനായി പുറപ്പെട്ടിരിക്കുന്നു.

"ബുദ്ധിതാനൊന്നുതന്നെ സവ്വും ജയിക്കുന്നു" എന്നുള്ള മഹദുക്തി ഏറവും പരമാത്ഥമായിട്ടുള്ളതാണു്. ദുവ്വാസനകളും ദുഷ്പ്രതാപങ്ങളും തല്ക്കാലവിജയങ്ങാം നേരിടുന്നതിനു പ്രയോജ്യങ്ങളാകാം. ഇങ്ങനെയുള്ള കുതികാം സൂക്ഷ്മബുദ്ധിയോടു് ഇടയുമ്പോാം ലുപ്തവീര്യങ്ങളാകുന്നു.

Digitized By Kerala Sahitya Akademi

വിശ്വഗതിയിൽ ബുദ്ധിയുടെ കുംഭാഗ്രത സാമാന്യേന വിജയിക്കുന്നു എന്നുള്ളതു സാമ്രാജ്യങ്ങളുടെ ഉത്ഭവക്ഷയങ്ങളും തെളിയിക്കുന്നു. ബുദ്ധിയുടെ പ്രവൃദ്ധമായ സംസ്കൃതിയോടുകൂടി നവനവങ്ങളായുള്ള നിധനകൌശലങ്ങളും കണ്ടുപിടിക്കപ്പെടുന്നു. പരിഷ്കൃതായുധക്കാർ പ്രാചീനായുധക്കാരെ അസ്തശക്തരാക്കുന്നു. ആര്യന്മാർ രാക്ഷസന്മാരെന്നു ഗണിക്കപ്പെട്ടവരും, ശിലാതുണ്ഡങ്ങളെന്ന ആയുധങ്ങളും പ്രയോഗിച്ചിരുന്നവരും, ആര്യ ദാക്ഷിണാത്യന്മാരെ അമർത്തി. ആ ധനുർവേദികളെ പുതിയ തോക്കുകാർ പരാജിതരാക്കി. ഇങ്ങനെ കഴിയുന്ന ലോകസ്ഥിതിയിൽ ബുദ്ധിമാനായ കേശവപിള്ളയും ചെരിഞ്ഞക്കോടനും തമ്മിലുള്ള മത്സരത്തിൽ വിജയാപ്തി ആർക്കുണ്ടാകുമെന്നു നിഷ്പ്രയാസം ഊഹ്യമാണു്. ഭരണനിർവ്വഹണം കായ്ക്ഷമതയോടെ നിർവ്വഹിക്കപ്പെടുന്നതു് ക്രിയകളുടെ സന്ദർഭാനുസാരവും ദ്രുതതരവും, ആയുള്ള അനുഷ്ഠാനംകൊണ്ടാണു്. ഈ അദ്ധ്യായത്തിലെ അനന്തരകഥ ഈ തത്വങ്ങളെ ആശ്രയിച്ചു സംഭവിക്കുന്നു.

ലക്ഷ്മി എന്നുള്ള നാമധേയക്കാരിയായ മാതാവു് പുത്രിയുടെ സമീപത്തെത്തി സസ്നേഹം ആ കന്യകയെ ആക്ഷേപിച്ചുതുടങ്ങി. "എന്താ, തനിച്ചിരിക്കാൻ പാടില്ലേ? കാട്ടിൽ വളരുന്ന ജന്തുക്കൾക്കു് പേടിയെന്തുമകളേ? ഞാൻ ആ അച്ചിയെ ശുശ്രൂഷിക്കയല്ലേ? അവൾ ചാവാൻ തുടങ്ങുന്നു. ജ്വരം കലശലു്. ഇന്നലെമുതൽ കാവൽക്കാരുടെ ശബ്ദവും കേൾക്കുന്നില്ല. ഒരുവട്ടത്തെ ക്ഷണം വരുത്തീല്ലെങ്കിൽ ഇപ്പോൾ ശ്വാസമെടുത്തു്, ഇവിടമെല്ലാം അയിത്തമാകും."

ദേവ:—"ഞാൻ പോയി വടക്കേവീട്ടിൽനിന്നു വല്ലവരേയും വിളിച്ചു കൊണ്ടുവരാം."

Digitized By Kerala Sahitya Akademi

ലക്ഷ്മി:—(പുത്രി യാത്രയായിപ്പോയി എന്നുള്ള സംഭ്രമത്തോടെ തടഞ്ഞു) "വേണ്ട, വേണ്ട, പരമശിവൻ രക്ഷിക്കും."

ദേവ:—"എന്താ അമ്മേ! ഈ പരമശിവനെന്ന വിട്ടിട്ട് പരമേശ്വരൻ എന്നു പറയരുതേ? മറന്നു ഗ്രന്ഥത്തിൽ കാണാത്ത പദമാണല്ലോ."

ലക്ഷ്മി:—(ദീർഘശ്വാസത്തോടെ) "വിളിക്കുട്ടാതെ ഇവിടെ ഇരിക്കൂ ഞാൻ കുറെ കഷായം കുറുക്കിക്കൊട്ടുത്തിട്ടു വരാം."

ദേവ:—"അമ്മ കുറച്ചുകാലം ഇവിടെ തനിച്ചു താമസിച്ചല്ലോ. രണ്ടുപേരുണ്ടായിട്ടും എനിക്കു പേടിതീരുന്നില്ല. അച്ഛൻ വരുമ്പോൾ ഞാൻ പോകും. ഈ കാവിനകത്തു കിടക്കാൻ നാം സപ്പുങ്ങളോ?"

ലക്ഷ്മി:—"നിന്നെ വാത്സല്യിക്കുന്നുന്നുവച്ചു് അനാവശ്യമൊന്നും പറഞ്ഞു് അദ്ദേഹത്തെ ഉപദ്രവിയ്ക്കരുതു്. നമ്മെ രക്ഷിക്കുന്നതുതന്നെ വലിയ ഉപകാരം."

ദേവ:—"ഈമ്മേടെ ധൈര്യം എനിക്കില്ല. ആ പാപാണ്ഡ ഇതിനകത്തോട്ടു കയച്ചിയ്ക്കു വന്നാലോ? ഈ പണ്ഡങ്ങഠം കണ്ടാൽ അവൻ—"

ലക്ഷ്മി:—(ആശ്ചര്യസ്വരത്തിൽ) "കുഞ്ഞേ! അവന്റെ കഥ കുഞ്ഞെവിടുന്നു കേട്ടു? ഇങ്ങോട്ടു സ്മരിക്കുമെന്നു പേടിക്കേണ്ട. അച്ഛൻ നല്ല കാവലിട്ടിട്ടുണ്ടു്. അവനു് അദ്ദേഹത്തെ പേടിയുമാണു്."

ദേവ:—"എന്നാൽപിന്നെ കാവലുണ്ടെങ്കിൽ കരാളെ വിളിയ്ക്കുന്നതേ?"

ലക്ഷ്മി എന്ന സ്ത്രീ മുറത്തിറങ്ങി "എടാ കുമ്പോ! നീലോ! ചേന്നോ!" എന്നെല്ലാം വിളിച്ചുതുടങ്ങി. ആ മുട്ട

Digitized By Kerala Sahitya Akademi

ഗായത്രിയുടെ മഞ്ജുളകണ്ഠമുരളിക്കു് ദൂരത്തെത്തുംവണ്ണം വിളിക്കൂട്ടാൻ ശക്തി ഇല്ലാത്തതിനെക്കുറിച്ചു് അവർ രണ്ടുപേരും ചിരിച്ചു.

ദേവ:—(അമ്മയുടെ ഗാനസമ്പ്രദായം പകർത്തി) "ഇന്ദുകലോജ്വലമണിയാം ഇന്ദ്രസുതൻ മാധവിയാം സുന്ദരിയിൽക്കൊതിപെരുകി'—എന്നു ചൊല്ലി അമ്മ ചോടുവച്ചാൽ ആരെങ്കിലും എത്തും."

ലക്ഷ്മി:—"ഛോ! നീ വല്യ മിടുക്കത്തിതന്നെ. കണ്ണം ഇന്ദ്രലോകത്തെത്തും. അതിനുള്ള വളയിടുക്കുതന്നെ ഇരിക്കട്ടെ."

ദേവ:—"അമ്മ അപ്പോൾ പല വളയും വാങ്ങിച്ചിരിക്കാം. അതല്ലേ മുഴംകൈ നല്ലതുപോലെ തഴമ്പിരിക്കുന്നതു്."

ലക്ഷ്മിഅമ്മ സ്തബ്ധയായി നിന്നു. ദേവകി മാതൃഹൃദയത്തെ വേദനപ്പെടുത്തിയ വല്ല അപരാധവും ചെയ്തുപോയോ എന്നു ശങ്കിച്ചു.

ദേവ:—"എന്താ അമ്മേ! ഇങ്ങനെ അപ്പപ്പോൾ ഞാൻ വല്ലതും പറയുമ്പോൾ അമ്മ വല്ലാതെ നില്ക്കുന്നതു്? നമ്മുടെ കഥ എന്തു്? വലിയ കഷ്ടി ആയിരുന്നോ? സമ്മതാന്ധത്തിൽ ലക്ഷ്മിഅമ്മ തല കുനു താഴ്ത്തുകമാത്രം ചെയ്തു."

ദേവ:—"അപ്പോൾ അച്ഛൻ എന്തു പരമദയാലു! കരുവിധത്തിലും അനാദരിച്ചുകൂടല്ലോ."

ലക്ഷ്മി:—"അതല്ലേ ഞാൻ പറയുന്നതു്? പക്ഷേ നീ അച്ഛനെ വഞ്ചിക്കുന്നല്ലോ? ആ കല്ലറയ്ക്കൽപിള്ളയോടു നിനക്കു് എങ്ങനെ പരിചയമുണ്ടായി?"

ദേവ:—(അപരാധിനിയുടെ ക്ഷീണത്തോടെ) "എ

Digitized By Kerala Sahitya Akademi

ന്താ അമ്മേ! ഇങ്ങനെ അസഹ്യപ്പെട്ടുത്തുന്നതു്? അമ്മയ്ക്കു് അച്ഛൻ ആകാമെങ്കിൽ എനിക്കു് അദ്ദേഹം പാടില്ലേ?"

ലക്ഷ്മി:—"ഞങ്ങളേ ചതിച്ചു് നീ എങ്ങനെ അദ്ദേഹത്തോടു പരിചയപ്പെട്ടു?"

ദേവാ:—"ഞാൻ ഇതിനുമുമ്പു പറഞ്ഞതില്ലേ? അദ്ദേഹം വേട്ടയാടി, കാടരിച്ചു് ഇങ്ങോട്ടുകടന്നു. അപ്പോഠം വാതൽ തുറന്നുകിടന്നിരുന്നു. അമ്മ പറയുകയില്ലേ ഇതെല്ലാം കമ്മബന്ധമാണെന്നു്?"

ലക്ഷ്മി:—"എന്നാലും അച്ഛന്റെ സമ്മതമില്ലാതെ ഇവിടെ ആരെയും വരാൻ സമ്മതിക്കരുതു്. വലിയ കലശലുണ്ടാകും."

ദേവ:—"എന്തു കലശലുണ്ടാകുന്നു? രുഗ്മണിയുടെ കഥ അമ്മ വായിച്ചിട്ടില്ലേ" ഈ ചോദ്യംകേട്ട ലക്ഷ്മിഅമ്മയുടെ മുഖഭാവം അതിഭയങ്കരമായി പകർന്നതു കണ്ടു് ദേവകി വീണ്ടും ക്ഷീണയായി. എന്നാൽ വടക്കേയിന്നു് എന്തോ ശബ്ദം കേഠംക്കയാൽ അമ്മയുടെ ശ്രദ്ധയെ അവഠം ഈ വാക്കുകളാൽ അങ്ങോട്ടു തിരിപ്പിച്ചു. "വടക്കെന്തോ തകർപ്പു കേഠംക്കുന്നു. അച്ഛൻ വന്നു് ആരെയോ ശിക്ഷിക്കയാണു്."

ലക്ഷ്മി:—"പാടത്തിൽ കിടക്കുന്ന പറയർ പാട്ടുകയായിരിക്കാം."

ദേവ:—"ചില നിലവിളികഠം കേഠംക്കുന്നില്ലേ?"

ലക്ഷ്മി:—"അച്ഛൻ പറക്കുട്ടത്തെ ശിക്ഷിക്ക ആയിരിക്കാം."

ദേവ:—അതല്ല, പലടത്തുമായി പലരും നിലവിളിക്കുന്നു. വെടികളും കേഠംക്കുന്നു.

മത്തായിന്നു് എന്തോ ആപത്തു നേരിടുന്നു എന്നുവി

Digitized By Kerala Sahitya Akademi

ചാരിച്ച് ലക്ഷ്മിഅമ്മ കിഴക്കോട്ട പാഞ്ഞു വാതൽതുറന്നു. ഭീതയായ ഭേകി സപ്തമാതാവിനേ തടഞ്ഞു്, ഏകാകിനിയാക്കിവിട്ടിട്ടു പോകാതെ, അവരെ മുറുകെപ്പിടിച്ചുകൊണ്ടു വിറയ്ക്കുന്നു. ഉമ്മത്തിലുള്ള ദീനപ്രലാപങ്ങൾ തെരുതെരെ കേട്ടുതുടങ്ങുന്നു. അവിടവിടെ ചൂട്ടുവെളിച്ചങ്ങൾ പടന്നിരിഞ്ഞു് അങ്ങോട്ടും ഇങ്ങോട്ടും പായുന്നതു് കിഴക്കേ കന്നിൻചരുവുകളിൽ കാണുന്നു. മുൻവൽത്തെ കാട്ടു ഞെരിച്ചും തകർത്തും ചിലർ ഓടുന്ന ഘോഷവും കേൾപ്പാറുണ്ടു്. ഇതു്, വനതരണത്തിൽ അതിപരിചിതന്മാരായ പറയർ, തങ്ങളുടെ നാഥന്റെ അസന്നിഹിതിയിൽ ഉണ്ടായ ആക്രമണത്തിൽ പ്രാണഭീതിയോടെ ഓടുന്ന ഘോഷമായിരുന്നു. അവരെത്തുടർന്നു് അവരുടെ ദ്രുതഗതിയാൽ ഞെട്ടിക്കപ്പെട്ട മാഗ്ഗത്തിലൂടെ ദീപങ്ങളോടുകൂടിയ കരുസംഘവും തെക്കോട്ടു പായുന്നു. കരു ഭയാനകന്മായ ജന്യത്തിലെ ആയുധപ്രയോഗധ്വനികളും, മുറിവുകൊണ്ട് ഏറ്റുള്ള നിലവിളികളും കുറച്ചുനേരം ഭയങ്കരമായി തെക്കുള്ള വൈതരണിയിൽ മുഴങ്ങുന്നു. വീണ്ടും ഉണ്ടായ തോക്കുകളുടെ പ്രയോഗത്തിൽ കരു പലായനകലാപവും കേൾക്കുമാറാകുന്നു. കുറച്ചുകഴിഞ്ഞപ്പോൾ എലങ്കം തകർക്കപ്പെടുന്ന ഘോഷങ്ങൾ സ്ത്രീകൾ നിലയ്ക്കുന്ന സ്ഥലത്തു പ്രതിധ്വനിക്കുന്നു. കാവൽ കിടന്നിരുന്ന പറയരും മറവും അങ്ങും ഇങ്ങും ഓടിത്തുടങ്ങിയിരുന്നു് ആ വൈദ്രോഹകമായുള്ള ക്രിയകണ്ടു് ലോകാവസാനം സമീപിച്ചിരിക്കുന്നതുപോലെ ഉമ്മത്തിൽ മുറവിളികൂട്ടുന്നു. ആ മഹാരവത്തെ തുടർന്നു പിന്നെയും ചില വെടികൾ എലങ്കസ്ഥലത്തുനിന്നു കേട്ടപ്പോൾ, രക്ഷിജനങ്ങളുടെ പരിദേവനഘോഷങ്ങൾ നിലയ്ക്കുന്നു. എലങ്കത്തിൽനിന്നു ചില പൊട്ടിച്ചിരികളും പുറപ്പെടുന്നു.

Digitized By Kerala Sahitya Akademi

അനന്തരം അതിപ്രശാന്തമായുള്ള നിശ്ശബ്ദത പര
ന്നു. ഇങ്ങനെ ഉണ്ടായ സംഭവങ്ങൾ എന്തെന്നു് ആശ്ച
യ്യപ്പെട്ടു് സ്ത്രീകൾ തങ്ങളുടെ തളത്തിൽ കയറി ശ്വാസ
ബന്ധത്തോടെ നിലകൊണ്ടു. താൻ തിരുവനന്തപുരത്തു
താമസിക്കുന്ന വസ്തുതയെ പെരിഞ്ചക്കോടൻ ജളതയാൽ
ദിവാൻജിയെ അറിയിച്ച രാത്രിയിൽത്തന്നെ ആ തന്ത്രശാ
ലിനൻ, ആ തക്കം നോക്കി, പെരിഞ്ചക്കോട്ടു ഭവനത്തി
ന്റെ സ്ഥിതികൾ ഒന്നു പരീക്ഷിപ്പാൻ ഒരു ഭടസംഘ
ത്തോടുകൂടി കുഞ്ചെക്കുട്ടിപ്പിള്ളയെ നിയോഗിച്ചു. അ
ഞ്ചൽകുതിരയുടെ സഹായത്താൽ അടുത്തദിവസം മദ്ധ്യാ
ഹ്നമായപ്പോൾ പദ്മനാഭപുരത്തു് എത്തിയ ആ കായ്യ
ക്കാർ അവിടെ പാളയമടിച്ചിരുന്ന സേനാഗണത്തോടു്
കൂടിച്ചു് പെരിഞ്ചക്കോട്ട ഭവനത്തേയും ചുറ്റുപാടുകളേയും
രാത്രി ആയപ്പോൾ ആക്രമിച്ചു. ഈ സംഘത്തിലെ ഭട ജ
നങ്ങൾ പെരിഞ്ചക്കോടന്റെ അരമനയിലും പ്രവേശിച്ചു്
അവിടത്തെ സ്ഥിതികളും സംഭാരങ്ങളും അറിയുവാൻ പ
രിശോധന തുടങ്ങി. അതിസുന്ദരികളായ രണ്ടു സ്ത്രീകളെ
കണ്ടപ്പോൾ രാജനിയമാധീനരായ അവർ സാഹസങ്ങൾ
നിറുത്തി. സ്ത്രീകൾ അടുത്തുള്ള അറയിലോട്ടു കടന്നു്, അ
തിന്റെ വാതൽ ബന്ധിച്ചു് ഭഗവൽപ്രാർത്ഥനയോടേ നി
ന്നു. ഭടന്മാരിലൊരാൾ കുഞ്ചെക്കുട്ടിപ്പിള്ളയോടു് ആ
ഭവനത്തിൽ കണ്ട വസ്തുത പറഞ്ഞപ്പോൾ അദ്ദേഹം എ
ലങ്കത്തിലെ ഭടപടികൾ വിശ്വസ്തന്മാരെ ഏൽപ്പിച്ചിട്ടു്
ആ സുരയക്ഷികളുടെ വാസഗേഹത്തിലോട്ടു കടന്നു. സ്ത്രീ
കൾ മുറിക്കകത്തു നില്ക്കുന്നു എന്നു് അറിഞ്ഞപ്പോൾ പു റ
ത്തോട്ടു പുറപ്പെടുന്നതിനു് അദ്ദേഹം അവരോടു് ഉഗ്രമാ
യ ആജ്ഞ അരുളി. ഭർത്താവിനെ ആരാഞ്ഞു വന്നിരിക്ക

Digitized By Kerala Sahitya Akademi

യാണെന്നു സംശയിച്ചു് "അദ്ദേഹം ഇവിടെ ഇല്ല" എന്നു ലക്ഷ്മിഅമ്മ അകത്തുനിന്നു് ഉത്തരം പറഞ്ഞു. ഈ സ്വരം കേട്ടു് കുഞ്ചുക്കുട്ടിപ്പിള്ള ചഞ്ചലമനസ്കനായി എങ്കിലും ഭീഷണിപ്രയോഗമായി "അങ്ങോട്ടു കടക്കിനെടാ! ആ വാതൽ പൊളിച്ചു് കുന്നു പരിശോധിപ്പിൻ" എന്നു് ഒരു ആജ്ഞകൊടുത്തു.

ലക്ഷ്മി:—"അകത്തു് സ്ത്രീകളേ ഉള്ളേ. ശ്രീഭഗവതി ഭട്ടാര്യമ്മയാണെ സത്യം." ഈ ദീനപ്രലാപവും, അതിൽ പ്രയോഗിക്കപ്പെട്ട ഭഗവതീനാമവും കേട്ടപ്പോൾ ശിവാജിയുടെ സംശയം സ്ഥിരപ്പെട്ടു എന്നു കായ്ക്കാർ തീർച്ചയാക്കുകയും, അദ്ദേഹത്തിന്റെ ബുദ്ധിതീക്ഷ്ണതയെപ്പറ്റി ആശ്ചര്യപ്പെടുകയും ചെയ്തു. അദ്ദേഹം വീണ്ടും ആദ്യത്തെ ഭീഷണിവാക്കുകൾ പ്രയോഗിച്ചപ്പോൾ ലക്ഷ്മിഅമ്മ വാതൽതുറന്നു പുറത്തേയ്ക്കുവന്നു. മാതാവിനെ ഏകാകിനിആയി ആപത്തിൽ ചാടുവാൻ വിടുകയില്ലെന്നുള്ള ധർമ്മവ്രതത്തിന്റെ വീര്യത്തോടെ, ഹരിണീസദൃഭാവിനിയായ ദേവകിയും തളത്തിലോട്ടു് ഇറങ്ങി. ആ രണ്ടു സൗന്ദര്യധാമങ്ങളേയും കണ്ടപ്പോൾ, അത്യൽകൃഷ്ടമായ അതൈ്വതപ്രമാണത്തിന്റെ അനുഷ്ഠാനകനായ കുഞ്ചുക്കുട്ടിപ്പിള്ളയും ജനുസിദ്ധവും, പരിചയസ്പർശവും ആയുള്ള ആചാര്യൗദ്ധത്താൽ പെരിഞ്ചക്കോടന്റെ ഘാതകാപകർഷത്തെ ആത്മസവ്യാംഗവുംകൊണ്ടു്, നിന്ദിക്കുകയും, വിദ്വേഷിക്കുകയും, ശപിക്കുകയും, അയാളെ അടുത്ത ദൃശ്യത്തിൽ ദ്രുമുഖത്തിൽനിന്നു്, ഉദ്ധൃതമാക്കുമെന്നു പ്രതിജ്ഞചെയ്കയും ചെയ്ത സ്ത്രീകളുടെ നേർക്കുനിന്നു് വീക്ഷാഗതിയെ ഉപസംഹരിച്ചുകൊണ്ടു് അവരേ സംബന്ധിച്ചു് അനന്തരകരണീയമെന്തെന്നു ചിന്തിച്ചു നിലകൊണ്ടു. രാ

Digitized By Kerala Sahitya Akademi

ജാധികാരപ്രതിനിധിയായി എത്തിയിട്ടുള്ള ആളിന്റെ അഭിജ്ഞപ്രഭയും, കാരുണ്യപോഷ്ടകളും കണ്ടു് സ്ത്രീകഠം സമാശ്വസിച്ചു. എങ്കിലും, ആപന്നിവൃത്തിയിലുള്ള സന്തോഷസന്താപത്തെ പ്രത്യക്ഷീകരിച്ചു് പരസ്പരം ശിരോവലംബംചെയ്തു് കണ്ണുനീർ വാത്തുനിന്നും ദീപപ്രകാശത്തിൽ പതിച്ച ഛായാവിശേഷത്തെ നേത്രാഞ്ചലത്താൽ ഗ്രഹിച്ച കഞ്ചെക്കുട്ടിപ്പിള്ള ആ രംഗം വിടുവാൻ ആലോചിച്ചുകൊണ്ടു ഭടജനങ്ങഠം അവിടെനിന്നു മാറിക്കൊള്ളുന്നതിനു് ആജ്ഞകൊടുത്തു. കിഴക്കേ വാതലിൽക്കൂടി ഒരു ശരീരം ആകാശംഭേദിച്ചു മുറാത്തു് എത്തി. ആ അങ്കണത്തിനു കടപിടിച്ചിരുന്ന മരക്കൊമ്പുകളെ തലോടുന്ന തിരോപ്രദേശത്തുനിന്നു് ഒരു വാദ്യപ്രഘോഷവും രംഗത്തെ തകർത്തു. "അയ്യ! ഹ്മ! ഇതെന്തൊരു കൊഴാമറച്ചിലു്? പൊന്നുതമ്പുരാന്റെ കായ്യം കേപ്പോരെന്നവെച്ചു പെങ്കോലത്തിൻറടുത്തോ കൊട്ടമകളു്? പറക്കുട്ടത്തിന്റെ എല്ലൊടിഞ്ഞെങ്കി അവരെ അമ്മമാരെ വിഠി. പെരിഞ്ചക്കോട്ടകണ്ടുകെട്ടിയെങ്കി കടയവൻ കെടന്നു് കപ്പാരിചൊല്ലട്ടെ. എലങ്കം കൊള്ളയിട്ടെങ്കി പൊന്നുചേവടിക്കു ചെന്നുചേരട്ടെ" (കുഞ്ചെക്കുട്ടിപ്പിള്ളയോടു തിരിഞ്ഞു്) "അല്ലോ? ഈ പേശാപ്രാണികളോ ഇങ്ങേക്കു് തരം" ഇങ്ങനെ ആ പ്രദേശം മുഴുവൻ കിടുക്കി നമ്മുടെ മല്ലയുദ്ധവീരൻ അഴകുഴുർ കായ്യം ചോദിച്ചുതുടങ്ങിയപ്പോഠം, അയാളുടെ ഉന്നതിയെ കണ്ണുകൊണ്ടു് അളന്ന കുഞ്ചെക്കുട്ടിപ്പിള്ള ആ ഉദ്യമത്തെ മനസ്സിലാക്കി ചിരിച്ചുപോയി.

കുഞ്ചെ:—"കേട്ടോ പിള്ളേ! കണ്ടുകെട്ടാനും മറ്റും കല്പനയാണു്. തടുക്കാൻ വന്നാലുള്ള അനുഭവം അറിയാമോ?"

Digitized By Kerala Sahitya Akademi

അഴക:—(ഹാസ്യമായി) എന്റെ പിള്ളാച്ചൻ ഇപ്പോ എന്തു് വേ (പാ) താളത്തീന്നു് വരുന്നു? അയ്യയ്യ! തമ്പ്രാന്റെ ദശാവും മറ്റും പിന്നാക്കം തെരീഞ്ഞുകൂടെന്നോ? ആടുവാന്തക്കൊണ്ടു വരട്ടെ. അഴകൂൻറടുത്തുമാത്രം ശട്ടങ്ങളും തടപിടാലുകളും കൊണ്ടോന്നാ, നേരെ അങ്ങു മെന്നറിവിച്ചൂടുവാരു്.”

അഴകൻപിള്ളയുടെ പരമാത്ഥങ്ങളും അയാളുടെ യജമാനനായ കല്യറയ്ക്കൽ പിള്ളയുടെ പ്രണയകഥയും അറിഞ്ഞിരുന്ന കഞ്ചെക്കുട്ടിപ്പിള്ള, സ്ത്രീകളുടെ തല്ക്കാലമനസ്ഥിതിയിൽ വിശ്വാസോക്തിക്കു സന്നദ്ധനല്ലായിരുന്നു എങ്കിലും സ്വരാജ്യാഭിമാനത്തെ രക്ഷിച്ച ആ അംശുവക്രനെ പരിഹാസംകൊണ്ടുതന്നെ കുന്നു പരീക്ഷിപ്പാൻതുടങ്ങി. ഇങ്ങനെ ഉദ്ദേശിച്ചുകൊണ്ടു് അഴകൻപിള്ളയുടെ ഓഷയിൽത്തന്നെ സംശോഷണം ആരംഭിച്ചു. “എടേ! ചട്ടമ്പി! കുറുകൈ പാക്കാമൊ? നീ രായരശ്രുവെ വെന്നൂന്നു വച്ചു്, ഇന്നാരു് എവന്റെ കയ്യൊന്നു മടക്കുപാപ്പോം.”

അഴ:—“തമ്പുരാന്റെ ചേവുകക്കാരൻ കുന്നു; രായനൊന്നു്. അതുമല്ലാണ്ടു് കല്യറയ്ക്കു അങ്ങുന്നിപ്പോ ഉമ്മാൻ വിളിച്ചാ കൈ ചേഴിക്കുണ്ട്യാ? അഴകൂൻറടുത്തു് പിത്തലാട്ടം കൊണ്ടരണ്ട. തൊട്ടു വല്ലോം ഏമം കിട്ടിയാ തല വീശുവാരു്. ഇങ്ങേരൊണ്ടല്ലൊ, കരിപ്പട്ടിപ്പത്തായംപോലല്ല്യോ ഇരിക്കിണാരു” ഈ ഉപമകേട്ടു് കഞ്ചെക്കുട്ടിപ്പിള്ള തല ഞറഞ്ഞു ചിരിച്ചുപോയി.

കഞ്ചെ:—“എടേ! കല്യറയ്ക്കൽ പിള്ളാന്നു ഞൊല്ലുവാരില്ല്യോ? അദ്ദ്യത്തിന്റെ മന്തിരിയല്ല്യോ നീ എന്നിട്ടോ മിച്ചയില്ലാന്നു വെച്ചു് കഴിയണതു്.

Digitized By Kerala Sahitya Akademi

കുഞ്ചെക്കുട്ടിപ്പിള്ളയുടെ ഭാഷ തന്നെ പരിഹസിച്ചാണെന്നു വിചാരിച്ചു എങ്കിലും "മന്ത്രി"പദം അഴകുവിനു സന്തോഷം നൽകി.

അഴ:—"അല്ലോ? അദ്ദ്യവും ഇങ്ങ് വെളിയിലന്നിരിക്കിണാങ്ക്. ഇപ്പം വിരുന്തുമ്മാൻവിളിപ്പാങ്ക" എന്നു പറഞ്ഞും, ദേവകിഅമ്മയെ കടാക്ഷിച്ചും, മുഖത്ത് ഒരു ശൃംഗാരമഞ്ജരിഗ്രന്ഥത്തിന്റെ സാരസർവ്വസ്വത്തെ പ്രകാശിപ്പിച്ചു. കുഞ്ചെക്കുട്ടിപ്പിള്ള ഈ ഘട്ടത്തിൽ രംഗത്തിൽ പ്രവേശിക്കയാൽ സ്ത്രീകഥം ആശ്വസിതചിത്തകളായി രോഗിണിയെ ശുശ്രൂഷിപ്പാൻ തിരിച്ചു. ആ സന്ധിയുടെ പ്രവേശനസമയത്ത് ദേവകിക്കുട്ടിയുടെ മുഖത്തെ സൂക്ഷിച്ചുനോക്കിയ കുഞ്ചെക്കുട്ടിപ്പിള്ള കണ്ട ചടുലവിലാസം ആ രോഗിയിലും ഒരു ദാമ്പത്യസംഘടനയിലെ സൂത്രധാരനാകുന്ന രസം ആസ്വദിപ്പാൻ ഉള്ള മോഹത്തെ ഉല്പാദിപ്പിച്ചു.

* * * * *

പെരിഞ്ചക്കോട്ട കുഞ്ഞുമായിറിപ്പിള്ളയുടെ നല്ല നടത്തയ്ക്കു ജാമ്യമായി അയാളുടെ ഭവനവും വസ്തുവകകളും ഭൂമികളും സക്കാരിലേയ്ക്കു കണ്ടുകെട്ടി, കല്ല്യാണ്ക്കൽ പിള്ളയെ മൂന്നാംസ്ഥാനം ഏൽപ്പിച്ചു. നാണയങ്ങൾ, സ്വർണ്ണം മുതലായ സാധനങ്ങൾ പതിനാറുവക അധികാരികളുടെ സൂക്ഷിപ്പിനായും തല്ക്കാലത്തേയ്ക്കു അടക്കി. ഈ സംഗതികൾക്കു വേണ്ട പ്രമാണങ്ങളും രേഖകളും തയ്യാറാക്കിക്കൊണ്ട് കല്ല്യാണ്ക്കൽപിള്ളയുടെ അതിഥിസല്ക്കാരവും ഏറ്റു കായ്ക്കാർ ആ രാത്രിതന്നെ തിരുവനന്തപുരത്തേയ്ക്കു മടങ്ങി. ബദ്ധപ്രണയനായ കല്ല്യാണ്ക്കൽ പിള്ളയ്ക്ക് തന്റെ ഉഷയെ ബാണാസുരബാധകൂടാതെ പ്രേമസമാരാധനങ്ങൾ ചെയ്യു

Digitized By Kerala Sahitya Akademi

പ്രീണിപ്പിക്കുവാൻ ഇങ്ങനെ അധികൃതമണ്ഡലത്തിൽനിന്നതന്നെ അവസരം ലഭ്യമായി. കുഞ്ചുമായിറപ്പിള്ളയുടെ ഭഗവതീഗൃഹം പരമാത്ഥത്തിൽ അയ്യാളുടെ സമ്പന്നിചയത്തിന്റെ നിക്ഷേപാഗാരമായിരുന്നു. ബ്രഹ്മജനങ്ങളുടെ രക്തച്ഛിദ്രത്താൽ സംഭരിക്കപ്പെട്ട അയ്യാളുടെ നിധിസമുച്ചയം, ടിപ്പുവിന്റെ ആക്രമണത്തെ നിരോധിച്ചു ബ്രഹ്മജനരക്ഷചെയ്വാനുള്ള ശ്രമങ്ങളിലേയ്ക്ക് ഉപയുക്തമാകുന്നതു ഭഗവൽഭരണത്തിന്റെ കായ്ക്ഷമതകൊണ്ടുതന്നെ എന്നു നമുക്കു സമർത്ഥിക്കാം.

അദ്ധ്യായം ൧൧.

"കണ്ണാ മതി മതിപോരും പറഞ്ഞതു
നിന്നുടെ വീര്യങ്ങൾ നാവിന്മേലയുള്ള
ജംഭാരിനന്ദനൻ വൻപുകൾ കേൾക്കനീ
കിംഫലമാത്മപ്രശംസകൊണ്ടോക്കേടോ."

ശ്രീമഹാബലിവനം അനന്തൻകാട്ടിന്റെ വടക്കുപടിഞ്ഞാറുള്ള ഒരു ഉപവനം ആയിരുന്നു. അനന്തവനം തിരുവനന്തപുരം ആയി സ്ഥലവിസ്തൃതിയിലും നാമൈശ്വര്യത്തിലും വർദ്ധിച്ചപ്പോൾ, ഉപവനം "ശീവേലി" എന്ന രൂപത്തിൽ അക്ഷരസംഖ്യയിലും മഹത്വത്തിലും സങ്കോചിച്ചു ഇംഗ്ലീഷുകാരോടുണ്ടായ സഖ്യാനന്തരം തിരുവിതാംകൂറിലെ സേനാനായകസ്ഥാനങ്ങളിലേയ്ക്കു ഒത്തഖഡ്ഗന്മാരായ സായ്പന്മാർ ഈ കാട്ടിന്റെ വടക്കുകിഴക്കെ തെളീച്ചു ബംഗ്ലാവുകൾ സ്ഥാപിച്ചു. പാശ്ചാത്യരുടെ അധിവാസം ആയിത്തീർന്ന ഈ സ്ഥലത്തിന് "തിരുമധുരപ്പട്ട" എന്നുള്ള താലൂദ്ഭവകമായുള്ള അഭിധാനവും കിട്ടി. ലോകസ്ഥിതികളുടെ നിർമ്മോന്നതാന്യായത്തിന്റെ പരിര

Digitized By Kerala Sahitya Akademi

ക്ഷണത്തിനു് എന്നപോലെ, ആ നവമധുരാപുരിയുടെ ദക്ഷിണപശ്ചിമഭാഗങ്ങൾ ഗൃഹശൂന്യരായി സഞ്ചരിക്കുന്ന "കുഡ്ഡുർ" "ചലിപ്പുർ" മുതലായവരുടെ വാസസങ്കേതം ആയി. ആ കാട്ടിന്റെ "തത്സമ" ത്രുപത്തിലുള്ള നാമത്തെ സാത്ഥമാക്കാൻ എന്നപോലെ ധാമ്മികലോകത്തിന്റെ കൃപാസന്താനങ്ങളായി കുന്നുരണ്ട മണ്ഡപങ്ങളും ഈ സ്ഥിരവാസശൂന്യരെ ശീതകാഠിന്യങ്ങളിൽനിന്നു രക്ഷിപ്പാൻ ആ് വനമദ്ധ്യത്തിൽ ജാതംചെയ്തു. വേലിപ്പുത്തി, ഞെരിഞ്ഞിൽ, ഞാറൽ എന്ന ചെടികൊണ്ടു നിറഞ്ഞിരുന്ന ഈ വനം സത്യവ്രതനായ മഹാബലിചക്രവത്തിയുടെ നാമത്തോടുകൂടിയും മലിനപ്പെടുത്തുംവണ്ണം ഉള്ള ജീവചാരിത്രങ്ങളുടെ ധ്വംസനത്തിനു ബലിപീഠമായി ഉപയോഗപ്പെട്ടു. ഇവിടത്തെ നിർജ്ജന്തു ശവശരീരങ്ങളുടെ നിക്ഷിപ്തിയാൽ പരിഷ്കരിക്കപ്പെട്ടു. വനത്തെ അവനനിയമങ്ങളുടെ അതിക്ഷിപ്തി അനുദിനം ബൃഹത്തു് ക്കരിച്ചു. ഇപ്പോഠം നാളികേരത്തോട്ടങ്ങഠം ആയിരിക്കുന്ന ഈ വനം അക്കാലത്തു് കേരളത്തിലെ നാഗരാഷ്ട്രങ്ങഠക്കു് എല്ലാം "ഡൽഹി" സ്ഥാനം വഹിച്ചിരുന്നു. എന്നാൽ ലോകാവസ്ഥകളിലെ ദോഷഗുണസമ്മിശ്രതയ്ക്കുള്ള ലക്ഷ്യം എന്നപോലെ ആ വനം നകുലങ്ങളാലും പരിസേവ്യം ആയിരുന്നു. ഈ വൈരിപക്ഷങ്ങഠക്കിടയിൽ മാദ്ധ്യസ്ഥം വഹിപ്പാനായി സാവ്ത്രികന്നാരായ സ്യഗാലവർഗ്ഗവും അവിടത്തെ ചെറുപാതാളസഹസ്രങ്ങളിൽ കുമാരമഹാബലികളായി വാഴ്ചകൊണ്ടിരുന്നു.

മാണിക്കഗൗണ്ഡൻ ആയ ധനദത്തൻ തിരുവിതാംകൂറിൽ ആരംഭിച്ച വ്യാപാരത്തിനു സ്ഥാപിച്ച "കനകപട്ടണം" അദ്ദേഹത്തിന്റെ ത്രുപസ്വഭാവവിശേഷങ്ങഠക്കു്

Digitized By Kerala Sahitya Akademi

അനുരൂപമായ ഈ മഹാബലിവന്നത്തിന്റെ മദ്ധ്യത്തിൽ തന്നെ ആയിരുന്നു. കടിപാപ്പുള്ള സ്ഥലങ്ങളിൽനിന്നു കഴിയുന്നതു ദൂരത്തുമാറി, ഒരു ചെറുമൈതാനം തെളിച്ചു, നമ്മുടെ സാത്ഥവാഹൻ ചില കൂടാരങ്ങളും, പല തെട്ടം പുരകളും വാണിഭശാലയായി ഉറപ്പിച്ചു. ആ കാളകണ്ണന്റെ "ഇളാവൃതം" ആയി, തട്ടികാം തട്ടകാം എന്നിവയാൽ രക്ഷിക്കപ്പെട്ടുള്ള ഒരു പ്രത്യേകശാലയും, ഇതരശാലകളാൽ ആരാധിതമാകേണ്ട പ്രസാദമായി സ്ഥാപിക്കപ്പെട്ടു. ക്രയവിക്രയാത്ഥികാംക്ക് പ്രവേശ്യം ആയിരുന്ന ചില തെട്ടംപുരകാം കഴികെയുള്ള ഭാഗങ്ങാം എല്ലാം ഉഗ്രന്മാരായ കന്തമന്തികളാലും തോക്കുകാരാലും സൂക്ഷിക്കപ്പെട്ടിരുന്നു. ഗൗണ്ഡപ്രതിഷ്ഠ, ആ മൂത്തിയോടുള്ള സായൂജ്യത്തെ പ്രാത്ഥിക്കുന്ന യോഗസ്ഥരന്മാരെമാത്രം ദർശവിഭൂതിയാൽ അനുഗ്രഹീതന്മാർ ആക്കി. കാണാനും കൊള്ളുവാനും എത്തുന്ന പാമരപരിഷകാം ഒരു മഹിഷകണ്ണത്തിന്റെ മമ്മരധ്വനിയും, ചിലപ്പോാം മേഘധ്വനിയും കേട്ട് അവിടത്തെ ഗർഭഗൃഹവാസിയായ മേഘവാഹനന്റെ അമോഘപ്രവാഹത്തെ ഗ്രഹിച്ചുവന്നു. ദേവതാരൂപവേഷങ്ങളിൽ ചിലതു ധരിച്ചു് വേഷോചിതങ്ങളായ ആയുധങ്ങളും ഏന്തി ഒരു ഭൂതത്താൻ ദേശസഞ്ചാരംചെയ്യാൻ തെവ്ഴികാം കഴിഞ്ഞു് ചിലടങ്ങളിൽ എത്തി ആകാശരേഖകളോ, കാലമാത്രകളോ എണ്ണിയില്ലെന്നതും അപൂവ്വം ചിലർ കണ്ടിട്ടുണ്ടു്. ദിവാൻജിയോടു പറവാൻ പുറപ്പെട്ടതു് ഈ വ്യാപാരസംഘത്തിന്റെ ഒരു അംശവും, പാത്രുവാൻ എങ്കിൽ മുമുക്ഷുപദം ചേപ്പാൻ അദ്ദേഹത്തിന്റെ മുമ്പിൽ ആവിർഭൂതമായ മുതലിയാർ സാക്ഷാൽ മാണിക്യഗൗണ്ഡൻ ആയിരുന്നു.

Digitized By Kerala Sahitya Akademi

ഗൗണ്ഡൻ ഒരു ശ്രീകൃഷ്ണന്റെ വിരോധത്തെ പേടിച്ചു തിരുവനന്തപുരം അവനംചെയ്യുന്ന ശ്രീരാമപാദങ്ങളെ അഭയംപ്രാപിച്ചിരിക്കുന്ന ഒരു അക്രൂരൻ ആണെന്നുള്ള കിംവദന്തിയെ അദ്ദേഹത്തിന്റെ അനുചരന്മാർ സാമർത്ഥ്യത്തോടെ വ്യാപരിപ്പിച്ചു. വാരംപ്രതി ഗൗണ്ഡനു വരുന്ന വിലയേറിയ സാമാനങ്ങളെ പാണ്ഡിയിലെ മറവന്മാരും തിരുവിതാംകൂറിലെ പറപാണ്ടയും തസ്കരിക്കാത്തതു്, ജനങ്ങളുടെ ഇടയിൽ പരന്ന മിഥ്യാബോധത്തെ പ്രബലപ്പെടുത്തി ഗൗണ്ഡശാല വൈകുണ്ഠതുല്യം പ്രകാശിപ്പിച്ച രത്നകോടികളും, അഥസ്ഥാലം മുഴുവൻ അവിടെ ശിഞ്ജിതീകരണിതം മുഴക്കിക്കൊണ്ടിരുന്ന നാണയങ്ങളും മാണിക്യഗൗണ്ഡൻ സ്യമന്തകമണിവച്ചു പൂജിക്കുന്ന ഒരു യാദവൻതന്നെ ആണെന്നു ചില അന്ധപ്രമാണികളെ വിശ്വസിപ്പിച്ചു.

മാണിക്യസൗരന്റെ തിരുവിതാംകൂർ രാശിയിലോട്ടുള്ള സംക്രമം കഴിഞ്ഞു കൊല്ലം രണ്ടോളം ആകുന്നു. ഇതിനിടയിൽ പല കോണങ്ങളിലും രാമവർമ്മമഹാരാജാവിനു് ആപത്ത്യോഗങ്ങൾ ചേർന്നു കഴിഞ്ഞിരിക്കുന്നു. അധികാരബലം പ്രയോഗിച്ചുള്ള സാക്ഷാൽ തസ്കരകർമ്മത്താൽ ആർജ്ജിക്കപ്പെട്ടുന്ന ധനം ഉമ്മിണികേസരികളായ രാഷ്ട്രാധിപന്മാരുടെ ഇംഗിതസിദ്ധിക്കായി പ്രയുക്തമാകുമ്പോൾ, സംഖ്യയും മാർഗ്ഗങ്ങളും പാത്രാപാത്രതകളും പരിഗണിക്കപ്പെടുന്നില്ല. മാണിക്യഗൗണ്ഡന്റെ ദാനവിനോദികളായ ഹസ്തങ്ങൾ അത്യുദാരമായി വിതരണംചെയ്ത ദ്രവ്യം തിരുവിതാംകൂർകാരായ ദ്രോഹസംഘത്തോടുക്കന്മാരുടെ അറകളിൽ അപരിമിതം ആയി കുമിഞ്ഞു. ഈ പ്രയോഗംകൊണ്ടു് മാണിക്യഗൗണ്ഡൻ തിരുവിതാംകൂർ രാജസ്ഥാനങ്ങ

Digitized By Kerala Sahitya Akademi

ന്ന് ഒരു പുരഷ്കരശക്തി ആയിത്തീർന്നു. ടിപ്പുവിന്റെ ഈ കലിപ്രവർത്തനത്തിന്റെ ഫലം ആയി പല കേന്ദ്രങ്ങളിലും അന്തച്ഛിദ്രകാരന്മാർ ഉത്ഭവിച്ചു, ഹരിപഞ്ചാനന യോഗീശ്വരന്റെ കാലത്തെ പ്രസിദ്ധീകരണംകൂടാതെ സഞ്ചരിക്കുകയും ചെയ്തു.

ഗൗണ്ഡരായ വ്യവസായവിദഗ്ധന്റെ ആജ്ഞാനുസാരം പ്രവർത്തിപ്പാൻതന്നെ അജിതസിംഹനും നിയോഗിക്കപ്പെട്ടു. ഈ രാജകുമാരസ്ഥാനക്കാരനെയും ഗൗണ്ഡൻ മറ്റു ചാരപ്രധാനന്മാർക്കു തുല്യം ആജ്ഞകൾ കൊടുത്തു ശാസിച്ചും നയിച്ചും പ്രവർത്തിപ്പിച്ചുവന്നു. ഗൗണ്ഡൻ തിരുവിതാംകൂറിലെ ദ്രോഹമണ്ഡലത്തെ ഭരിച്ചു നയം ഒരു വിശിഷ്ടരീതിയിൽ ഉള്ളതായിരുന്നു. പെരിഞ്ചക്കോടൻ, അജിതസിംഹൻ, കണ്ണീരവരായർ എന്നിവരെല്ലാം അദ്ദേഹത്തിന്റെ ആജ്ഞാകരന്മാരായി പ്രവർത്തിച്ചു എങ്കിലും, ഈ വകക്കാർ തമ്മിൽ അഭിമുഖപരിചയത്തിനും അദ്ദേഹം സംഗതിയുണ്ടാക്കിയില്ല. ഇടക്കാലത്തെത്തി, അടുത്തകാലത്തു മറഞ്ഞിരിക്കുന്ന ഇട്ടണ്ണിക്കണ്ടപ്പനും ഗൗണ്ഡനും മാത്രമേ പരസ്പരം ആന്തരങ്ങമായി സൂക്ഷ്മമായി ധരിച്ച ബന്ധുക്കളായിരുന്നുള്ളൂ. ഗൗണ്ഡന്റെ കൗടില്യം ഗ്രഹിച്ച പെരിഞ്ചക്കോടൻ പറപാണ്ഡയുടെ പഞ്ചമബലത്തെ അദ്ദേഹത്തിന്റെ സ്വാധീനത്തിൽ പ്രവർത്തിപ്പിക്കാമെന്നു വാഗ്ദത്തം ചെയ്തുവെങ്കിലും, നായകനായ തസ്കരമാന്ത്രികന്റെ വേഷസൗഭാഗ്യംപോലും കണ്ണു കാണ്മാൻ നമ്മുടെ ശൈശ്വരസാത്മ്യവാഹനും സന്ദർഭം ഉണ്ടാക്കിക്കൊടുത്തില്ല. പാണ്ഡ എന്നൊരു സംഘത്തലവൻ കൊടുത്തയാളാണെന്നു ദാസ്യപ്പെടുത്തി പെരിഞ്ചക്കോടൻ എന്നൊരു പ്രഭുവിന്റെ ഇഷ്ടങ്ങൾക്കായി പ്രവർത്തിപ്പിച്ചുവന്നു. എന്നാൽ കൊച്ചു

Digitized By Kerala Sahitya Akademi

ശാനും പെരിഞ്ചക്കോടൻ എന്ന വിക്രമകേസരിയുടെ ത്രുപംകണ്ടു് സപ്തസമുദായത്തിന്റെ ജന്മസന്ധത്തിൽ സമ്മോഹിപ്പാൻ സംഗതിവന്നിട്ടില്ല. കണ്ണീരവനും, കായ്ക്കാരുടേയും, ഗൗണ്ഡന്റെയും ആജ്ഞകഠംക്കു അധീനമായി പ്രവത്തിച്ചവനു. എങ്കിലും ഗൗണ്ഡന്റെ അധികാരവ്യാപ്തിയെ സൂക്ഷ്മമായി ഗ്രഹിച്ചിരുന്നില്ല.

പല ഗ്രഹസ്ഥന്മാരേയും ദേശസാമ്രാട്ടുകളേയും ഗൗണ്ഡൻ സമ്മാനദാനംകൊണ്ടുതന്നെ പാട്ടിലാക്കിയിട്ടും തൃപ്തിപ്പെടാതെ രാജ്യഭണ്ഡാരം ഒരിക്കുന്ന കുബേരനേയും വ്യാമോഹിപ്പിപ്പാൻ യത്നിച്ചു. തന്റെ പാപകമ്മങ്ങളിൽ ഭാഗഭാക്കാക്കിയില്ലെങ്കിലും, രാജകക്ഷിയിൽനിന്നു് അദ്ദേഹത്തെ അകറുന്നതിനായി ഒരു ലേഖനശസ്ത്രവും പ്രയോഗിച്ചുനോക്കി. ആ ശസ്ത്രം ഫലിച്ചില്ലെന്നു കണ്ടിട്ടും രണ്ടാംശസ്ത്രം പ്രയോഗിക്കാതേയും, ശത്രുപക്ഷക്കാരനോടുള്ള ആദരത്തിനു് ന്യൂനത വരുത്താതെയും ഗൗണ്ഡൻ അടങ്ങിയിരുന്നു. ഗൗണ്ഡന്റെ പരിശ്രമം ഫലപ്പെടാത്തയത്നത്തിൽ താൻ വിജയിയാകണമെന്നുള്ള മോഹത്തോടെ കായ്ക്കാർ അജിതസിംഹനെ നിയോഗിച്ചു. മൈസൂർസൈന്യം തിരുവിതാംകൂറിലോട്ടു് അടുക്കുന്നു എന്നുതീവ്രയായ അറിവു കിട്ടിയപ്പോൾ, മഹാരാജാവിനേയും മന്ത്രിയേയും നിഗ്രഹിക്കുന്നതിനു് താൻ ടിപ്പുവോടു ചെയ്തിട്ടുള്ള പ്രതിജ്ഞ അനുസരിച്ചു് ഗൗണ്ഡൻ പല ഉപായങ്ങളും അനുഷ്ഠിക്കുകയും, അനുഷ്ഠിപ്പിക്കുകയും ചെയ്തു. വിശ്വരക്ഷചെയ്തരുളുന്ന ഹസ്തങ്ങൾ മഹാരാജാവിനേയും, അവിടുത്തെ മന്ത്രിയേയും രക്ഷിച്ചു. സേനാഭാഗങ്ങൾ മിക്കവാറും ഉത്തരമേഖലയിലേയ്ക്കു നീക്കിക്കഴിഞ്ഞിരിക്കുന്നു. മന്ത്രി യുദ്ധരംഗത്തിൽ എഴുന്നള്ളുന്നതിനു് ഇടവരുത്തിയാൽ ടിപ്പു

Digitized By Kerala Sahitya Akademi

വിന്റെ കഠാരധാരയെത്തന്നെ താൻ ലേഹനം ചെയ്യേണ്ടിവരും. അതിനാൽ താൻ ആലോചിക്കുന്ന നിഗ്രഹകർമ്മത്തിന് ഒരു അന്തകനെ ഉടൻതന്നെ നിയമിക്കേണ്ടതായിരിക്കുന്നു. രാജ്യത്തിൽ ഭിന്നങ്ങളായി സ്ഥിതിചെയ്യുന്ന ദ്രോഹസംഘത്തലവന്മാർ പരസ്പരം പരിചയിക്കേണ്ട കാലവും സമീപമായിരിക്കുന്നു. അജിതസിംഹൻ, കണ്ണീരവരായർ എന്നിവരെ ടിപ്പുവിന്റെ സേനയോടു സംഘടിച്ചുകൊള്ളുവാൻ വിടുന്നതിനുള്ള കാലവും അതിക്രമിച്ചുപോയിരിക്കുന്നു. ഈ ആലോചനകളോടുകൂടി ഗൗണ്ഡൻ തന്റെ ഉച്ചസ്ഥിതിപ്രാപ്തിക്കു മേരുന്നതായ പാപകർമ്മത്തിനു സമുദ്യുക്തനായി.

പെരിഞ്ചക്കോട്ട ലങ്കയുടെ മദ്ധ്യംകഴിഞ്ഞു് നിശാന്തം കാലാമത്തേതു് ആയിരിക്കുന്നു. ദിവാൻജിയുടെ വ്യവസ്ഥകഠം ഊർജ്ജിതങ്ങളായിരുന്നതുകൊണ്ടു്, ആ മർദ്ദനസംഭവത്തെക്കുറിച്ചുള്ള പ്രസ്താവം ആ സങ്കേതം കവിഞ്ഞു പ്രചരിച്ചില്ല. അതുകൊണ്ടു് ഗൗണ്ഡൻ ആധ്യക്ഷ്യം വഹിക്കുന്ന കൗരവസഭയിൽ നാം കാണുന്ന പെരിഞ്ചക്കോടന്റെ മുഷ്ടരതപം കട്ടംതന്നെ ധൂസരം ആയിട്ടില്ല. ഗൗണ്ഡൻ ആയ ജഗൽസ്തംഭകൻ തന്റെ പ്രത്യേകശാലയ്ക്കകത്തു് ഒരു മേടിയിന്മേൽ ദിവാൻ ഉപയോഗിക്കുന്നതിനേക്കാഠം ഉയന്നതരത്തിൽ രാജസങ്കളായ ഉപധാന്മാടി ഉപകരണങ്ങളാൽ പരിവൃതനായും, പിംഗളാക്ഷങ്കളെ സൂചീമുഖങ്ങഠംപോലെ സൂക്ഷ്മങ്ങളാക്കി പ്രസ്തരിപ്പിച്ചും, കരപാദങ്ങളുടെ പ്രപാതങ്ങളാൽ ആസനത്തെത്തന്നെ ധൂളീകരിച്ചും സഭാനിയന്ത്രണം വഹിക്കുന്നു. സന്നിഹിതന്മാർ ആയ പെരിഞ്ചക്കോടൻ, കണ്ണീരവരായർ ഇവർ ശാലയ്ക്കകത്തും, വിധിനിവ്ഹണത്തിനു ബദ്ധപരികന്മാ

Digitized By Kerala Sahitya Akademi

രായി പല ദേശപ്രധാനന്മാർ ദൂരത്തുനിന്നു കരുതിയിരുന്നു. ഗൗണ്ഡന്റെ രാഷ്ട്രാധിപത്യം ആ വനസാമ്രാജ്യത്തിലെ സുഗമമായി പ്രജാസമുച്ചയത്തെ വിലാന്തരാളങ്ങളിൽ ഭയാക്രാന്തവാസം ചെയ്യിക്കുന്നു. ആ മേഘധ്വനികൾ ആകാശമാർഗ്ഗവിലും സംഘട്ടനം ചെയ്യുമ്പോൾ, ഹിരണ്യയുഗ്മത്തിൽ കനിഷ്ഠയിലുദിച്ചുരേന്ദ്രന്റെ രക്ഷാക്രിയകൾ കണ്ടിട്ടുള്ള താരാവലികൾ രണ്ടാമതും കരാളസിംഹാവതാരം ഉണ്ടാകുമെന്നു ചിന്തിച്ചു ഭയകമ്പിതർ ആകുന്നു. തന്റെ നിയന്ത്രണാനുസാരം കൃത്യമായി ഹാജരാകാത്ത കരംഗത്തെ ഗൗണ്ഡശൗണ്ഡൻ അസഹ്യവേഷംകൊണ്ടു സംഭാവനചെയ്യുകയായിരുന്നു.

സഭാപ്രവർത്തനങ്ങൾ ശത്രുനേതാക്കൾക്കു ഗോചരമാകാതെ ഇരിപ്പാൻ വ്യാപാരകേന്ദ്രത്തെ ശൂലധാരികൾ വലയംചെയ്തു രക്ഷിക്കുന്നു. അജിതസിംഹന്റെ വാൾക്കാരും, പെരിഞ്ചക്കോടന്റെ അനുചരന്മാരും ഈ കാവല്ക്കാരോടു ചേർന്നു പ്രശാന്തസേവനം അനുവർത്തിക്കുന്നു. രണ്ടു ദ്വാരസ്ഥപ്രതിമകൾ മാത്രം ആജ്ഞാപ്രതീക്ഷകന്മാർ ആയി മന്ത്രശാലയുടെ പുരോഭാഗത്തു സൈനികന്മാരായ മനുഷ്യകരായി നിലകൊള്ളുന്നു. മുസൽമാൻ ചെരിപ്പുകളും, കറുത്ത കാലുറകളും, ചുവന്ന ചകലാസുകൊണ്ടുള്ള തൊങ്കപ്പായങ്ങളും, പട്ടുകച്ചകൊണ്ടുള്ള തൊങ്കെട്ടുകളും, ചുവന്ന തൊറിക്കുറികളും, നീലാംബരംകൊണ്ടുള്ള ഉഷ്ണീഷങ്ങളും ധരിക്കുന്ന ഈ ഭടന്മാരിൽ ഒരാൾ മഹിഷാരാക്ഷസന്റെയും, ഇതരൻ മഹിഷമർദ്ദനിയുടേയും, സാന്നിദ്ധ്യത്തെ ദ്യോതിപ്പിക്കുന്നു. ഈ സങ്കലനത്തിന്റെ രഹസ്യം, അല്പം മുൻകാലംവരെ പ്രചാരത്തിൽ ഇരുന്ന തിരുവിതാംകൂറിലെ തുമ്പുക്രുത്തരികൾക്കും ഗൗണ്ഡൻമുഖേന

Digitized By Kerala Sahitya Akademi

പ്രസ്രവിതമാകുന്ന ടിപ്പുവിന്റെ മോഹർ, വരാഹൻ, തങ്കക്കാശ് എന്നീ സ്വർണ്ണനാണയങ്ങൾക്കുതുല്യം വശ്യശക്തി ഉണ്ടായിരുന്നതുതന്നെയാണ്. ടിപ്പുസുൽത്താൻ രാമരാജാബഹദൂർ തിരുമനസ്സിലെ മന്ത്രിയായ കേശവപിള്ളയിൽ സമാനപ്രഭാവനായ കരു ശത്രുവിനെ നിരീക്ഷിച്ചത് കേവലം വിഭ്രമംകൊണ്ടല്ലായിരുന്നു എന്നു് സന്ദർഭോചിതമായ ഈ സുദർശനപ്രയോഗവും തെളിയിച്ചേക്കാം. അനന്തരകാലത്തെ "വെള്ളാനപ്രഭു"ക്കൾ ആയ റസിഡണ്ടു്.ദിവാൻ, വലിയ ദിവാൻജി ആയ കേശവപിള്ള ധനാഢ്യനിയമനത്തിൽ വിശുദ്ധസചിവൻ അല്ലായിരുന്നു എന്നു് അഭിപ്രായപ്പെട്ടതു് എന്തു് അല്പബുദ്ധിത്വംകൊണ്ടാണെന്നു്. ഇക്കാലത്തെ ഘോരസമരപ്രവർത്തകന്മാർ അനുഷ്ഠിക്കേണ്ടിവന്നിരിക്കുന്ന ധനവഷ്ടാതുയ്യങ്ങൾ തെളിയിക്കുന്നതാണു്.

അജിതസിംഹന്റെ ശ്രമത്താൽ ബന്ധനത്തിൽനിന്നു മോചിക്കപ്പെട്ട കണ്ണീരവരായർ മല്ലരംഗത്തിൽവച്ചു് നാം കണ്ടതിലും പുഷ്ടതരഗാത്രനായി, തീക്ഷ്ണതരനേത്രനായി സ്ഥലജലരാക്ഷസങ്ങളെ സംഹരിപ്പാൻ സന്നദ്ധനായി, ധൃതഖഡ്ഗനായിത്തന്നെ സ്ഥിതിചെയ്യുന്നു. സംഗ്രാമഭൂമിസ്സുകളിൽ ദ്രോണതുല്യം അവകാശപ്പെടുന്ന ഈ ആ ഗ്നേയനേത്രൻ ഗൗണ്ഡന്റെ ഗ്രാമ്യഭാഷാധോരണികേട്ടു് ആ പങ്കപ്രവാഹത്തിന്റെ "ഹരിദ്വാരം" എവിടെ എന്നു് ആശ്ചര്യപ്പെട്ടു മേല്പോട്ടു നോക്കിപ്പോകുന്നു. ഗൗണ്ഡന്റെ പുഷ്പാഞ്ജലി യഥാക്രമം നിർവ്വിഘ്നമായി നടക്കുന്നതിനിടയിൽ, അതിനാൽ സമാരാദ്ധ്യൻ ആകുന്ന വിഗ്രഹം രാജസവസ്ത്രങ്ങൾ ധരിച്ചുള്ള രസികരത്നം ആയി ക്ഷേത്രത്തിനകത്തോട്ടു പ്രവിഷ്ടൻ ആയി. ആ ത്രുപസൗഭാ

Digitized By Kerala Sahitya Akademi

ഗൃത്തിന്റെ ദശനത്തിൽ അപ്പിതം ആയ പാരിജാത ങ്ങാം പ്രത്യക്ഷനായ ദേവന്റെ അരയിൽത്തിരുകിയിരുന്ന കഠാരയെ ഫസ്താസഹിതം സപദ്മോനുഖം ആയിത്തന്നെ ആരോഹിപ്പിച്ചു. ഈ പാരുഷ്യപ്രകടനംകണ്ട് ഗൗണ്ഡനായ തന്ത്രവൃദ്ധൻ ഉപധാനങ്ങളിന്മേൽ മച്ചൻ ചീറ്റി കാലറഞ്ഞും, വട്ടമീശകൊണ്ട് ആകാശത്തെ ദൃതതരവിജനം ചെയ്തും "ഫ" കാരധ്വനിയെ പല ശ്രുതികളിലുള്ള ആരോഹനിപാതങ്ങളോടെ മുഴക്കി. കാലവിളംബാപരാധത്തിനു് ഈ പഹാസാപമാനത്താൽ ശിക്ഷിതൻ ആയ അജിതസിംഹൻ കഠാരയ്ക്കു് അതിന്റെ പൂർവ്വസ്ഥാനം നല്കിയിട്ടു്; ആ യോഗനടപടികൾക്കു കേവലം ഒരു സാക്ഷി എന്നുള്ള നാട്യത്തിൽ ഒരു പീഠത്തെ അവലംബിച്ചുകൊണ്ടു് ദാസാന്തം ചൊറിഞ്ഞുതുടങ്ങി. ഗൗണ്ഡൻ ഹിന്ദുസ്ഥാനി മുതലായ ഭാഷകളെക്കൊണ്ടു് ഒരു നപുംസകഭാഷ സൃഷ്ടിച്ചു് ഈ അത്ഥത്തിൽ തന്റെ അഭിപ്രായം തുറന്നു പറഞ്ഞു.

"അയിരേ! ഫ്; ഫ്; ഫ്ാ; ടിപ്പുസുൽത്താൻ മഹാരാജ്, ആകാശവ്യാപിയായി ഒരുത്തനുണ്ടെങ്കിൽ അദ്ദേഹത്താൽ അനുഗ്രഹീതനായ സർവ്വശക്തൻ, അവിടത്തെ പ്രസാദലബ്ധികൊണ്ടു് നാം അധികൃതൻ; ആ സുൽത്താൻ ബഹദൂരുടെ ദിഗ്ജയശ്രമത്തിൽ നാം വീരഭദ്രൻ. ആ ഭാസപൽപാദങ്ങളെ മധുരാസനത്തിൽ ആരോഹിപ്പിക്കുവാൻ നാം യജ്ഞപാശം ബന്ധിച്ചു പുറപ്പെട്ടിരിക്കുന്നു. മന്ത്രത്താലും, തന്ത്രത്താലും കായ്സാദ്ധ്യത്തിനു നാം സാഹസപ്പെട്ടുമ്പോൾ, ഏതു കലഭ്രഷ്ടൻ—" ഗൗണ്ഡൻ ശപാസംമുട്ടിയ നാട്യത്തിൽ കോപഭാഷണം നിറുത്തി. അദ്ദേഹത്തിന്റെ ഭാഗ്യത്താൽ സദസ്യർ സാന്ത്വനവാക്കുകൾ

Digitized By Kerala Sahitya Akademi

പ്രയോഗിച്ചു് ആ കോപസമുദ്രക്ഷോഭത്തെ പ്രശാന്തസ്ഥിതിയിൽ ആക്കി. ഗൗണ്ഡൻ കോപാജ്ജിതത്തെ കൈവിട്ടു എങ്കിലും, തന്റെ നായകത്വത്തെ സ്ഥാപിപ്പാൻ അജിതസിംഹത്തെയോക്കി മുമ്പിൽ പ്രയോഗിച്ച ഭാഷയിൽ തന്നെ ഇങ്ങനെ കരു ചോദ്യം തുടങ്ങി. "ഹേ! ടിപ്പു മഹാരാജു് തന്റെ ഹൃദയം ആകുന്ന അമൂതഘടത്തെ ഭദ്രരക്ഷയ്ക്കായി നിക്ഷേപിച്ചിരിക്കുന്ന സുവർണ്ണാഗാരമേ! ഖാൻ ബഹദ്ദൂർ കമ്മറുഡീൻസാഹയിക്കുന്ന സേനയുടെ ബലം എന്തെന്നു് ഈ സഭാസ്യരെ ധരിപ്പിച്ചു് അവരെ അനന്തരകൃത്യങ്ങൾക്കു് വീരന്മാരാക്കുക."

ബബ്ലേശ്വരകുലോത്തുംഗൻ ഈ ചോദ്യത്തിനു് ഉത്തരം പറവാൻ വേണ്ട വിവരങ്ങൾ ഗ്രഹിച്ചിരുന്നിട്ടീല്ലാത്തതുകൊണ്ടോ, പറയുന്നതു് അപനയം ആകും എന്നു വിചാരിച്ചോ കണ്ണും അടഞ്ഞു് പാർശ്വികർകൊണ്ടു് പീഠക്കാലുകളിന്മേൽ ചില താളങ്ങൾ മേളിച്ചു.

ഗൗണ്ഡ:—"രാജാധിരാജു്, മഹാരാജു്, ഷംഷേർ, ഉഗ്രമുഖർക്കു് തിരുമനസ്സിലെ രഹസ്യങ്ങൾ അങ്ങനെ ഇരിക്കട്ടെ. രാമരാജാബഹദ്ദൂരുടെ സേനാസന്നാഹം തന്റെ വ്യാപാരത്തിനിടയിൽ ഗ്രഹിച്ചിട്ടുണ്ടല്ലോ. അതു നമ്മെ ധരിപ്പിക്കുക."

ബബ്ലേശ്വരൻ ലജ്ജിച്ചു് നന്തിയത്തുമഠത്തിൽനിന്നു് ആ രാത്രിയിൽ പുറപ്പെട്ടതു് ഇടതുകാൽ മുമ്പിൽ വച്ചാണെന്നു വ്യസനിച്ചു തലചൊറിഞ്ഞു. ഗൗണ്ഡൻ വഞ്ചിരാജസേനയുടെ അനുചരസംഖ്യ ഉഗ്രപ്പടെയുള്ള വിവരങ്ങൾ സൂക്ഷ്മം ആയി സഭാസമക്ഷം ധരിപ്പിച്ചു, അതു ടിപ്പുവിന്റെ സൈന്യത്തെ അപേക്ഷിച്ചു് ഏറ്റവും നിസ്സാരം ആണെന്നു സ്ഥാപിക്കുവാൻ അദ്ദേഹത്തിന്റെ

Digitized By Kerala Sahitya Akademi

കാളിഉടയാൻ ചന്ത്രക്കാരന്റെ ഈ ഉത്തരലങ്കാതിന്റെ പൂർവ്വഭാഗത്തോടുകൂടിത്തന്നെ ഇന്നും സ്ഥിതിചെയ്യുന്നു. പ്രവേശനദ്വാരത്തിലേ ആനക്കൊട്ടിലും, ഉന്നതമായ മതിൽക്കെട്ടും, പാശ്ചാത്യരീതിയിലുള്ള സൌധവും, ഹരിപഞ്ചാനനയോഗീശ്വരൻ പൂജാദികർമ്മത്തിന് ഉപയോഗിച്ച മഠവും, കരിങ്കൽക്കെട്ടു നീരാഴിയും, മുപ്പത്താറു കെട്ടായ പ്രധാനഭവനവും, മാതുലജീവൻ സകൃത്യങ്ങളെ നിരന്തരം സൂക്ഷിക്കുന്നതുപോലുള്ള ഭയശ്രദ്ധാന്തിയോടെ ഉണ്ണിത്താന്മാർ പരിരക്ഷിക്കപ്പെട്ടുവരുന്നു. പണ്ടത്തെ നി

Digitized By Kerala Sahitya Akademi

ക്ഷോപങ്ങാം ഉണ്ണിത്താൻ ആയ ധനയോഗവാന്റെ ഭ രണത്തിനിടയിൽ ആ ഭവനക്കുല്ലറകാംക്കുള്ളിൽതന്നെ ഇ ന്നും ശോഭിക്കുന്നു. ചിലനിമിഷത്തേ ഭ്രലക്ഷ്മി ചന്ത ക്കാരന്റെ സമാരാധനകാലത്തെന്നതുപോലെതന്നേ ഫ ലം നല്കി അനന്തരഭജനക്കാരന്മാരെയും അനുഗ്രഹിക്കുന്നു. സപയം സ്വീകൃതയായ ഭാര്യയുടെ സംധതിയിൽ തിതിക്ഷ വിയ്ക്കത്തെ ഉണ്ണിത്താൻ പ്രകടിപ്പിച്ചു എങ്കിലും, സമ്പൽ ലക്ഷ്മിയെ നിരുദാസീനമായും, ഗാഢമായ സ്നേഹത്തോടും പരിലാളിച്ചുവന്നു. എങ്കിലും, ഗൃഹനായകന്റെ സാന്നി ദ്ധ്യമോ വേണ്ടുവോളം പരിചാരികന്മാരുടെ സഞ്ചാരമോ കൂടാതെ കഴിയുന്ന ആ ഭവനത്തിൽ ജ്യേഷ്ഠാപാങ്ങളുടെ സ്പർശം സംഭവിച്ചതുപോലുള്ള ഒരു വൈലക്ഷണ്യം കാ ണുന്നു.

പുത്രിയെ തന്നിൽനിന്നും വേർപെടുത്തിയ നിഷ്ഠുര ണതപത്തെക്കുറിച്ചു സദാ കാത്തു് ക്ഷണംപ്രതി പെരുകിവ രുന്ന ആധിയോടെ മീനാക്ഷിഅമ്മ ശയ്യോപകരണങ്ങാം കനും കൂടാതെ ചിലനിമിനത്തു ഭവനത്തിന്റെ മുൻ തള പ്പടിയിൽ കിടന്നു കണ്ണുനീർ തുടയ്ക്കുന്നു. കൃപാർദ്രമനസ്ക തയും, ഭൂതദയാസമ്പത്തുംകൊണ്ടു് സാക്ഷാൽ ശ്രീ നാരാ യണനോടുതന്നെ സമാനഭാവൻ എന്നുള്ള ആദരത്തെ ത ന്നിൽനിന്നു വശീകരിച്ച ഭർത്താവു് ഒസ്സംശയങ്ങാംക്കു് അ ധീനനായതിന്റെ ദോഷവും തന്നോടുള്ള സഹവാസത്തെ അവസാനിപ്പിച്ചു് ലോകപരിവാസത്തിനുതന്നെ പാത്രീ ഭവിപ്പിക്കാൻ കരുണപെട്ടില്ല. സ്ത്രീകാംക്കു് അത്യാവശ്യാ പുരുഷരക്ഷ ഉണ്ടായിരിക്കേണ്ടതായ ഈ യുദ്ധകാലത്തു്, തന്നെയും തന്റെ സന്താനവല്ലിയെയും വേർപെടുത്തി ദു രസ്ഥകളാക്കാൻ ആ ധാർമ്മികനേ പ്രേരിപ്പിച്ച തന്റെ ഭ

Digitized By Kerala Sahitya Akademi

വിധിവിപാകം ജീവന്മാളത്തെത്തന്നെ വിടാച്ചുടിച്ചുതുടങ്ങിയിരിക്കുന്നു. സാവിത്രി അച്ഛന്റെ കൃപാഫീനതയേയും ശാഠ്യത്തേയും ഭേദിച്ചുവരുകയും ആജ്ഞയെ അനാദരിപ്പാൻ സന്നദ്ധയായിരിക്കുകയും ചെയ്യുന്നു എങ്കിലും ഈ സാധുവിനെ ഭർത്താവു് എന്തോ ദുഷ്ടാലോചനപരീത്യത്താൽ പരിത്യജിക്കുന്നു എന്നു സമാധാനപ്പെട്ടു്, തന്റെ ജീവാത്മാവിനെ ഭർത്തൃപാർശ്വികളെ അനുഗമിപ്പിച്ചു് ജഡമാത്രയായി ഭർത്തൃഗൃഹത്തിലെ ബന്ധനത്തിനു വഴങ്ങിപാക്കുന്നു. പരിചിതങ്ങളായ അനുഭവങ്ങൾക്കു് ആസക്തയാകാതെ സ്വബുദ്ധിയായും, ഭാവനാവൈഭവങ്ങൾ മന്ദീഭവിച്ചും കേവലം ഉച്ഛ്വാസാനുഷ്ഠകിയായിത്തീർന്നിരിക്കുന്ന ആ മഹതി, ദക്ഷിണഭാഗത്തുള്ള തന്റെ കുടുംബഗൃഹമായ മന്ത്രക്കുടത്തുവച്ചു് തൃസന്ധ്യാകാരത്തിനു മുമ്പു് അനുഷ്ഠിച്ച അജ്ഞാതവാസത്തേയും, അക്കാലത്തു തന്റെ കാമുകൻ പ്രകടിപ്പിച്ച രസികചാപല്യങ്ങളേയും സ്മരിച്ചും, കിഴക്കേ ദ്വാരപ്രദേശത്തിലോട്ടു സദാ സ്ഥിരവീക്ഷണയായി ഭർത്താവിന്റേയും പുത്രിയുടേയും പ്രത്യാഗമനത്തെ പ്രാർത്ഥിച്ചും സമയംപോക്കുന്നു.

ആ മഹാഭവനത്തിന്റെ പടിയിന്മേൽ കരു ശിശു എന്നപോലെ മുരുണ്ടുകിടക്കുന്ന മലിനവസ്ത്രക്കാരി ഈ മുഹൂർത്തത്തിലും സകുടുംബദുഷ്കൃതികളുടെ പാപഫലത്തെ താൻ അനുഭവിക്കുന്നു എന്നു ചിന്തിച്ചുപോകുന്നു. ദുഷ്കൃതികളോ? രാജശക്തിയാകുന്ന ശിലാഖണ്ഡത്തെ ഛിദ്രിച്ചു പുറത്തുചാടിയ രത്നപ്രകാശത്തെ തെളിച്ചുതായ വജ്രാണുവായാണെന്നു് രാജശക്തിയോടു് ഇടഞ്ഞ ആ സമഗ്രവീരന്മാരെ പരിഗണിക്കുമ്പോൾ? എന്തോ? പരമാത്മാ ഭഗവാൻ അറിയട്ടെ. മാതാമഹിയായ ഭാഗ്യവതിയുടെ ജഡ

Digitized By Kerala Sahitya Akademi

സ്ഥാപനംചെയ്തുള്ള മന്ത്രക്കുടമായ പുണ്യഭവനത്തെ കണ്ണുടയ്ക്കുവാൻ നടകൊണ്ടതാരോ? ഭർത്താവിന്റെ അനുമതിക്കുടാതെ ഗൃഹത്തിന്റെ അന്തഃപ്രദേശം വിട്ടുള്ള നിർഗ്ഗമനം അവിഹിതം. തന്നെ വിനോദിപ്പിച്ചു് ശുശ്രൂഷിച്ചു്, പരിലാളിച്ചു്, ജീവനതുല്യം സ്നേഹിച്ചുവളർത്തിയ ആ ഭക്തജനസമായ വൃദ്ധനും, ചരമാവസ്ഥയിൽ മാതാമഹിയുടെ പാദപരിസരത്തിൽത്തന്നെ പരിത്സവാനവാസം ചെയ്യുന്നു. ഹാ! ആ കാലത്തെ ഭരന്തം വിചാരിക്കുമ്പോൾ—

ഈ ചിന്തയിൽ എത്തിയപ്പോൾ ജഗദണ്ഡമഹാപാസകനെന്നപോലുള്ള കരു മനുഷ്യസഞ്ചാരുപൻ ഭോരപ്രദേശത്തു് അവതീർണ്ണനാകുന്നു. കസവിന്റെ തീപ്പിടികൊണ്ടു് ഏറ്റവും പ്രകാശിക്കുന്ന കുറുംകുപ്പായവും, കരു ഉരുളിയോളംവട്ടത്തിലുള്ള പട്ടാംബരത്തലക്കെട്ടും, പത്തിരുപതുമുഴം നീളമുള്ള സോമൻകൊണ്ടു ഞൊറിഞ്ഞു ധരിച്ചിട്ടുള്ള കുത്തിയുടുപ്പും, മരമറുപ്പുശബ്ദംപോലെ കണ്ണാരുന്തുടമായുള്ള കരു ഘടിണധാനി പുറപ്പെടുവിക്കുന്ന ചെരിപ്പുകളും, ജഡകെട്ടിയിട്ടുള്ള വട്ടത്താടിമാത്രം മുന്നിട്ടുകാണുന്ന മുഖവും, രണ്ടായി മടക്കി തോളിലിട്ടിട്ടുള്ള കാശ്മീര സാൽവയും ചേർന്നുള്ള വേഷം ഭോരപ്രദേശത്തു് എത്തിയപ്പോൾ, കവർച്ച ചെയ്യാൻ ഉദ്യുക്തനായവൻ ഗൃഹരക്ഷികളെക്കണ്ടു സ്തബ്ധനായിത്തീരുന്നതുപോലെ നിന്നുപോകുന്നു. പാണ്ഡ്യദേശങ്ങളിൽ പാർത്തു മുമ്പിൽ കാണുന്നതുപോലുള്ള വേഷങ്ങളോടു് ധാരാളം പരിചയപ്പെട്ടിരുന്ന മീനാക്ഷിഅമ്മ അതരത്തോടെ എഴുന്നേറ്റുനില്ക്കുന്നു. ആഗതന്റെ മുഖപിണ്ഡം ചിന്താവേഗത്താൽ ചലിച്ചിളകുന്നു. കുപ്പായത്തിന്റെ കയ്യുറകളിൽനിന്നു ലംബങ്ങളായുള്ള മുഷ്ടിക്കഴവികളും ചട്ടുകപത്രങ്ങൾപോലെ വിറകൊള്ളുന്നു. ആ സ്ഥൂലാ

Digitized By Kerala Sahitya Akademi

കാരൻ പ്രാസോച്ഛ്വാസശൂന്യനായി ഭവനസൌധാദിക ളെ വിക്രയാർത്ഥം പരിശോധിക്കുന്നതുപോലെ സൂക്ഷ്മവീ ക്ഷണം ചെയ്യുന്നു.

ഈ ക്രിയയ്ക്കിടയിൽ അപൂർവ്വമായ വിസ്തൃതിയും ഘനവും ചേർന്നുള്ള ആ ശരീരം അന്തഃസംരംഭത്താൽ ചാ ഞ്ചാടിപ്പോകുന്നു. സ്മൃതിപുടസ്ഥങ്ങളായുള്ള അക്ഷികഥ എത്ര ദൂരത്തും; എത്ര കാലത്തിനുമുമ്പും, എന്തെന്തു ക ണികാമാത്രങ്ങളായ അവസ്ഥകളേയും, ചില സ്ഥിതിവി ശേഷങ്ങളിൽ ദർശിച്ചുപോകുമെന്നു്, അനുഭവത്താലോ, ആത്മശാസ്ത്രാഭ്യസനത്താലോ ഗ്രഹിക്കേണ്ടതാണു് മീനാ ക്ഷിഅമ്മയ്ക്കു് അഭിമുഖമായി നീങ്ങുന്ന ആദിമമുഖത്തിലെ വല്ലിക്കുടിലിൽ നിഗൂഢങ്ങളായി സ്ഥിതിചെയ്യുന്ന ദീർഘ ധരങ്ങൾ മന്ദസ്മേരകർമ്മമായി മന്ദമാലനം ചെയ്യുന്നു. മു റത്തോട്ടു നീങ്ങിത്തുടങ്ങിയശേഷം പുറംതിരിഞ്ഞു, പ്രാ രബ്ധദേശത്തിലെ പണികളെ സസ്നേഹം വീണ്ടും കടാക്ഷി ക്കുന്നു. ഗൃഹാങ്കണത്തെ തരണംചെയ്യുന്നതിനിടയിൽ സ്ന ഹപ്രകൃഷ്ടത്താൽ എന്നപോലെ, പാദകമലങ്ങൾകൊണ്ടു് അവിടത്തെ മണൽത്തരികളെ വീണ്ടും വീണ്ടും തലോട്ട കമാത്രം ചെയ്യുന്നു. ആരോഗ്യയ്ങ്ങളോടെ മീനാക്ഷിഅമ്മ വരാന്തയിലെ വടക്കേഭാഗത്തോട്ടു നീങ്ങി നിരചാരി നില കൊള്ളുന്നു. ആഗതനായ ഭ്രൂതത്താൻ ആ ഗൃഹനായികയു ടെ രൂപത്തെ ആപാദമസ്തകം പരിശോധിച്ചപ്പോൾ, ക ണ്ണുപ്രദേശം കഥനിബിഡിതയാൽ അടയുകയും, അധഃ കോശം ശ്വാസത്തിന്റെ നിർഗ്ഗമനത്തിനായി ബലംപ്ര യോഗിക്കുകയും ചെയ്തു, ആ അതികായകനും അമത്താൻ പാടില്ലാത്തതായ ചില നിരർത്ഥാക്രോശങ്ങൾ ഗളിതങ്ങ ളായിപ്പോയി. വികൃതാകാരനായ ഒരു വിദേശീയൻ വിശേ

Digitized By Kerala Sahitya Akademi

ഷതരത്തിലുള്ള വേഷം അവലംബിച്ച്, ഏകാകിനിയായി താമസിക്കുന്നാ തന്നെ കാണ്മാൻ പുറപ്പെട്ട്, ക്ഷീണാവസ്ഥാചകമായുള്ള പ്രാകൃതഭാവം പ്രകടിപ്പിച്ചപ്പോൾ, താൻ അനുഭവിക്കുന്ന കഷ്ടതകൊണ്ടും, ദുർവിധിയാകുന്ന ക്രൂരശക്തി തുടർച്ചയായി കരുതാവ വിപത്തിനെക്കൂടി തന്റെ ശിരസ്സിൽ നിപാതംചെയ്യിക്കുന്നുവോ എന്നു മീനാക്ഷിഅമ്മ സംഭ്രമിച്ചുപോയി.

ആ സന്ദർഭത്തിൽ മാതാവിനെ സമാശ്വസിപ്പിക്കുന്നതിനു സാവിത്രിക്കുട്ടി ഉണ്ടായിരുന്നുവെങ്കിൽ നന്നിയത്തുമഠത്തെ സന്ദർശിപ്പാൻ ഉണ്ണിത്താന്റെ അസാന്നിദ്ധ്യവേളകളിൽ, എത്തിക്കൊണ്ടിരുന്ന പണ്ടാരം മറ്റൊരു വേഷംകെട്ടി എത്തിയിരിക്കുകയാണു് എന്നു് ആ കന്യക ധരിപ്പിക്കുമായിരുന്നു.

സന്നിധാനകേന്ദ്രമായുള്ള ചിലമ്പിനേത്തു ഗൃഹം സന്ദർശിപ്പാൻ മാണിക്കഗൗണ്ഡൻ ആയ ധനാഢ്യൻ പുറപ്പെട്ടതു് കരുതാവ അത്ഭുതസംഭവമായി പരിഗണിക്കേണ്ടതില്ലല്ലോ. ഇദ്ദേഹം തിരുവിതാംകൂറിലെ പല സ്ഥലങ്ങളും ഭവനങ്ങളും സന്ദർശിച്ചിരുന്നു എങ്കിലും, ഈ ചിലമ്പിനേത്തു ഭവനത്തെ അദ്ദേഹത്തിന്റെ പാപപോംസുക്കാംകൊണ്ടു പരിശുദ്ധം ആക്കാൻ ഇതിനുമുമ്പു പുറപ്പെട്ടിട്ടില്ലായിരുന്നു. രാജകക്ഷിയോടുള്ള സുസ്ഥിരബന്ധുതാത്തെ ചിന്തിക്കുകകൊണ്ടായിരിക്കാം, ഉണ്ണിത്താന്റെ അഭിമുഖപരിചയം സമ്പാദിപ്പാനും ഇദ്ദേഹം ശ്രമിച്ചില്ല. ആന്തരമായുള്ള എന്തോ മഹാശക്തിയുടെ പ്രേരണയാലോ അനിതരസാമാന്യമായുള്ള കൗടില്യത്തിന്റെ തിരതള്ളലാലോ പുറപ്പെട്ടിരിക്കുന്ന ഗൗണ്ഡൻ ഭവനത്തോടടുക്കേ അംഗുലം പ്രതിക്ഷീണപാദൻ ആകുന്നു. മീനാക്ഷിഅമ്മയെ കണ്ടതിനു

Digitized By Kerala Sahitya Akademi

മേലുള്ള യാത്ര കേവലം ഒരു നിശ്ചേഷ്ടവിഗ്രഹത്തിന്റെതായിരുന്നു. ക്രമാന്തരയോടു് അടുത്തപ്പോൾ ആ ഈശ്വരവിദ്വേഷിയായ "ദേവീ!" എന്നും് ആക്രോശിച്ചുകൊണ്ടു് അവിടെ പുഷ്പംകുത്തിവീണുപോയി. ആദിത്യഭഗവാന്റെ തേജോമയമുഖം ആ ദൃശ്യത്തിൽ ഭ്രാന്തമായി പീതാംബരഖണ്ഡങ്ങൾപോലെ അവിടവിടെ ചുവപ്പിച്ചുകൊണ്ടിരുന്ന മേഘശകലങ്ങൾ സംഭ്രമിപ്പിച്ചു ജയദ്രഥവധത്തിൽ സുദർശനചക്രം അനുഷ്ഠിച്ച കർമ്മത്തെ സാധിച്ചു. ആകാശം മന്ദപ്രഭമായി. വൃക്ഷലതാദികൾ തങ്ങളുടെ ഉന്മേഷസൂനങ്ങൾ അവസാനിപ്പിച്ചു് ഭൂതസംഘം ഈ അപൂർവ്വാതിഥിയെ സല്ക്കരിപ്പാൻ എന്നപോലെ മുറത്തിന്റെ വടക്കേഗോപുരത്തുള്ള വാതിലിൽ എത്തി ഗൃഹനായികയുടെ ആജ്ഞകാംക്ഷിച്ചുനിന്നു. തെക്കുള്ള കുന്നിൻപാളയം അടിച്ചുതിക്കുന്ന "നവകോടി നാരായണൻചെട്ടിയാർ" ചിത്രപ്പണിയുള്ളകാരുടെ കണ്ണുകളിൽ മണ്ണിട്ടു് വല്ല കണ്ണാടിച്ചില്ലും വിറ്റു് കുറേരണ്ടു "ജാപ്പിക" ഇന്നു പുറത്താക്കും എന്നു ചിന്തിച്ചു് ഗ്രാമവാസികൾ ഗോപുരദ്വാരത്തുള്ള ആൽത്തറക്കൊട്ടിലിൽ സഞ്ചയിച്ചു.

ഗൗണ്ഡന്റെ കണ്ണുകൾ അന്തരീക്ഷീണത്തിന്റെ ലക്ഷ്യമായി അടഞ്ഞുപോയിരുന്നു. എന്നാൽ, തന്റെ ശരീരം സ്പർശിക്കുന്നതായ വസ്തുവിനേയും പരിസരത്തേയും കുറേകൂടി കാണ്മാനായി ഇമകളെ വിടുത്തി ഒന്നു ചുറ്റിനോക്കിയപ്പോൾ, പ്രകൃതിയുടെ സാമാന്യഗതിക്കു വിപരീതമായുള്ള ആ സൃഷ്ടിയെ കാണ്മാൻ സഞ്ചയിച്ചിരുന്ന സംഘങ്ങൾ ബുൽബുദതുല്യം പൊലിഞ്ഞു. വൃദ്ധന്റെ ബുദ്ധിയിൽ ചിന്തകൾ തള്ളിക്കയറി ആ അജിതപരാക്രമനെയും ക്ഷീണനാക്കി. പൂർവ്വസ്മരണകളുടെ ദ്രുതതരപ്രവാഹം

Digitized By Kerala Sahitya Akademi

ആ ഗിരികൂടകായനിലെ സന്ധാനാവസ്ഥയേയും ഭഞ്ജിച്ചു "ഝല്ം, ഝല്ം" എന്നു് ആഞ്ഞും പിരിഞ്ഞും അവശതയെ അടക്കാൻ ശക്തനല്ലാതെ പുളഞ്ഞുംകൊണ്ടിരുന്ന വൃദ്ധന്റെ ഉത്തമാംഗത്തിൽനിന്നു് ഒരു അപേക്ഷ പുറപ്പെട്ടപ്പോൾ, മീനാക്ഷിഅമ്മതന്നെ പോയി, കനകപ്രകാശം ജയിക്കുന്ന ഒരു കിണ്ടിയിൽ വെറും പാത്രം എന്നു തോന്നിക്കുന്ന തിമ്മലജലംകൊണ്ടുവന്നു്, അസഹ്യാധീനഭാവം കൊണ്ടും കാണിക്കാതെ, വൃദ്ധനുകൊടുത്തു. വൃദ്ധൻ വിറകൊള്ളുന്ന കൈകളാൽ അതു വാങ്ങി അടുത്തുവെയ്ക്കുമാത്രം ചെയ്തു. ആ ഭവനം ആ "മങ്കയാളുടെ"തു തന്നായോ എന്നു ചോദിച്ചപ്പോൾ, അല്ലാതന്റെ ഭർത്താവിന്റേതാണെന്നും, അദ്ദേഹത്തിന്റെ കാരണവരായ ഭാഗ്യവാൻ ഒരു വിക്രമസിംഹൻ, കായ്യനിർവ്വഹണങ്ങളിൽ അതിവിദഗ്ധൻ, സപരിവാരം ആ ദേശം ഭരിച്ചിരുന്ന പ്രമാണിയാൽ പണിചെയ്യപ്പെട്ടതാണെന്നും, മീനാക്ഷിഅമ്മ ധരിപ്പിച്ചു. വൃദ്ധന്റെ ഭഞ്ജനം ഒരു ഉന്മാദപ്രഹർഷത്താൽ ത്രസിച്ചു. ഗൃഹനായികയുടെ നാവിൽനിന്നു ദ്രാവിഡവാണിയുടെ സമുൽഗളനം ഉണ്ടായതു് തന്റെ അവധൂതവേഷാവലംബനത്തിനു മുമ്പിലെ ചക്രവർത്ത്യധിപാവസ്ഥയിലോട്ടു അയാളുടെ സ്മൃതികളെ പ്രത്യാനയിച്ചു. എന്നാൽ ഗൃഹനിർമ്മാതാവിനെക്കുറിച്ചുള്ള പ്രശംസകൾ ആ വികാരഗതിയെ അവസാദിപ്പിച്ചു. മീനാക്ഷിഅമ്മയുടെ ആദരവാചങ്ങൾക്കു പാത്രമായ ആധീമാനെ, "അപ്പടിയാ! അപ്പടിയാ!" എന്നുള്ള സമ്മതസൂചനങ്ങൾകൊണ്ടു് വൃദ്ധനും അഭിനന്ദിച്ചു. പല ദേശങ്ങളിലെ വിശേഷാവസ്ഥകളും പറഞ്ഞു് ഗൃഹൻ ആ മഹതിയെ വിനോദിപ്പിച്ചു. മീനാക്ഷിഅമ്മ ആകട്ടെ, അ

Digitized By Kerala Sahitya Akademi

പരിജ്ഞയമായുള്ള ഒരു കൂപാശക്തിയുടെ സാന്നിദ്ധ്യത്തെ ആത്മേന്ദ്രിയത്തിന്റെ സ്പശ്നശക്തിമാഗ്രേണ ഗ്രഹിച്ചു, തന്റെ ചിത്തകമലത്തിനുണ്ടാകുന്ന ജീവസ്ഫുരണത്തെ ചിന്തിച്ചു, ആശ്ചര്യപ്പെട്ടു. ബാല്യാവസ്ഥയേ പുനരുദ്ഭവം ബിച്ചതുപോലെ വർത്തമാനാവസ്ഥകളെ മറന്നു, ആ മഹതിയും ശൈശവകാലാനുഭവങ്ങളെ വർണ്ണിച്ചു താൻ ശത്രുപക്ഷത്തിന്റെ ശക്തിയെ പ്രവൃദ്ധമാക്കാൻ പ്രയോഗിച്ചുപോയ ഒരു ലേഖനത്തെക്കുറിച്ചും, അജിതസിംഹനെ ആ മഹതിയുടെ പുത്രിയെ വിവാഹം ചെയ്തുകൊള്ളുന്നതിന് അനുവദിച്ചു യാത്രയാക്കിയതിനെപ്പറ്റിയും വൃദ്ധൻ പശ്ചാത്തപിച്ചു. തന്റെ ഉഷ്ണകൃതിവലയത്തിൽ ആ ഗൃഹത്തെയും അവിടത്തെ നേതിമാരേയും ബദ്ധരാക്കിക്കളഞ്ഞതും, തന്റെ മഹാഘടങ്ങൾ ആ സേച്ഛാബലിയാൽ എങ്കിലും പരിഹരിക്കപ്പെടട്ടേ എന്നും ചിന്തിച്ചു. സൂക്ഷ്മത്തിൽ യശഃപ്രാർത്ഥിയായുള്ള വൃദ്ധൻ ഓഹം തീർക്കാതെ എഴുന്നേറ്റു. വസ്ത്രങ്ങൾക്കിടയിൽ തിരുകിയിരുന്നതും തന്റെ സാമർത്ഥ്യത്താൽ ദിവാൻജിക്കുമാത്രം വിറ്റ മോതിരത്തോടു കിടനില്ക്കുന്നതുമായ ഒരു വജ്രമോതിരത്തെ എടുത്തു മീനാക്ഷിഅമ്മയുടെ മുമ്പിൽവച്ചു. ആഗതൻ കഴക്കൂട്ടത്തു് എത്തിയിരിക്കുന്ന വ്യാപാരസംഘത്തിന്റെ തലവനാണെന്നു് ഇതിനിടയിൽത്തന്നെ മീനാക്ഷിഅമ്മ ഊഹിച്ചിരുന്നു. അംഗുലീയത്തിലേ വജ്രങ്ങൾ സ്ഥിപ്പിച്ച വിഭിന്നകൃതികൾകണ്ടു് അതിന്റെ വിലയെ സൂക്ഷ്മമായി നിർണ്ണയപ്പെടുത്തിയ മീനാക്ഷിഅമ്മ അത്ര വിലയേറിയ ഒരു സാധനം ഭർത്താവിന്റെ അനുമതികൂടാതെ വാങ്ങിച്ചുകൂടെന്നു വാദിച്ചു. ആ അനുമതിചോദിക്കുശേഷം വിലതന്നാൽ മതിയെന്നും, ഭർത്താവു നിശ്ചയിക്കുന്ന വില

Digitized By Kerala Sahitya Akademi

സ്വീകരിച്ചുകൊള്ളാമെന്നും പറഞ്ഞു് മോതിരത്തെ പടിയിൽ വച്ചിട്ടു് വൃദ്ധൻ നടകൊണ്ടുകളഞ്ഞു. കഷ്ടമേ! ഈ തും മൂർച്ഛിച്ചിരിക്കുന്ന ഗൃഹച്ഛിദ്രത്തെ ദാമ്പത്യഖണ്ഡനമായിത്തീർക്കുന്നതിനുള്ള കരു വജ്രായുധമായി പരിണമിക്കുമെന്ന ദുസ്സൂചന ആ മഹതി ഗ്രഹിക്കുന്നില്ല.

കരു നവമിചന്ദ്രന്റെ ശൃംഗങ്ങൾ കഴക്കൂട്ടം ഗ്രാമത്തിന്റെ പശ്ചിമപരിധിയായുള്ള നാളികേരതരുശിഖരങ്ങളുടെ ഇടയിൽ മറയുന്നു. കിഴക്കുതെക്കുള്ള ചെറുകുന്നിലെ കാട്ടിനിടയിൽ കാണുന്ന പല കൂടാരങ്ങളും, അതുകൾക്കുതെക്കുള്ള അരിയായ ദീപപ്രസരവും ഗന്ധവ്യാപാരത്തിന്റെ പ്രവർത്തനോന്മേഷത്തെ ദ്യോതിപ്പിക്കുന്നു. ശൂലധാരന്മാർ അകത്തുള്ള സമ്പത്തുകളെ സംരക്ഷിച്ചു് രോത്തുറന്നി ഉന്മേഷഗാനങ്ങളും പാടി സഞ്ചരിക്കുന്നു. തിരുവനന്തപുരത്തെ പാപ്പിനിടയിൽ ഈ പരിജനസംഘത്തെ തിഗ്മബന്ധനാരാക്കിയിരുന്ന ഉഗ്രനിബന്ധനകഥ പ്രസ്തുതങ്ങൾ ആയിരിക്കുന്നു. ഹിന്ദുസ്ഥാനിഗാനങ്ങൾ സമീപദേശങ്ങളിലെ ഭവനങ്ങളിൽ പ്രതിധ്വനിച്ചു് ഗൗണ്ഡപ്രതാപത്തെ ഉച്ചൈസ്സ്വരം കീർത്തിക്കുന്നു. വിക്രമരാജികളുടെ സങ്കേതമായിരുന്ന ആ സ്ഥലത്തെ പരിപാലനംചെയ്തു്, കരു സർവ്വംഭക്ഷകന്റെ തൃഷ്ണാഗ്നിയിൽ ആഹുതയായ മാമുണ്ഡിയും ഗൗണ്ഡന്റെ സമാഗമത്തിൽ പുനരവതീർണ്ണയായി, കരു ഇന്ദ്രഖഡ്ഗനിപാതം കണ്ടു് വിശ്വയന്ത്രഭ്രമണത്തിന്റെ ഋജുഗതിയേ കുറിച്ചു് അഭ്യസ്ഥരാക്കുവാൻ തന്റെ ദിവിസഹസ്രാഹസ്സങ്ങളും കൊട്ടിലോകത്തെ ഉണർത്തുന്നു. ഈ അദൃശ്യപ്രവർത്തനത്തേയും സമീപസ്ഥമായുള്ള സംഹാരശക്തിയുടെ ത്രിനേത്രത്വത്തേയും ഗണിക്കാതെ ഗൗണ്ഡൻ പാളയത്തിൽനിന്നു ലഘുവായുള്ള ഒരു മുണ്ടും കുപ്പായവും മാത്രം ധരിച്ചു്, ചെറിയ ഒരു തോക്കും തിരു

Digitized By Kerala Sahitya Akademi

കി, ദൈർഘ്യം കുറഞ്ഞതായ ഒരു വടിവാളും ഊന്നി, നഗ്നശിരസ്സായി, യുവദശയിലോട്ടു പ്രവിഷ്ടയാകുന്ന തിരുമകളിനെയെ അഗമ്യപരിരംഭണംചെയ്വാൻ എന്നപോലെ, ആ വിഷ്കുടത്തിന്റെ സൂക്ഷ്മപ്രമാണം അനുസരിച്ചു് താന്മാത്രനായി, പാളയത്തിനേ വലയംചെയ്യുന്ന കാട്ടിനെ തരണംചെയ്തു് ഗ്രാമപ്രാന്തത്തിൽ എത്തുന്നു. മദ്യസേവയാലോ ഹൃദ്യമായുള്ള വായുശ്വസനത്താലോ ഗൗണ്ഡൻ ഉന്മത്തനായ ഗജേന്ദ്രനോടു "നമത" വഹിക്കുന്നു. അഷ്ടഹസ്തപ്രമാണികനും വിധിച്ച നരമേധങ്ങളുടെ നിവ്വഹണം ഗങ്ങളെ തരണംചെയ്യുന്നവേളയിലും വൃദ്ധൻ ജീതനാകുന്നില്ല. ഉഗ്രധനിയിൽ വടിവാൾ ഊന്നി നടകൊള്ളുന്നതു് ആ കായകുട്ടിമത്തിൽ സംഭൂതം ആയുള്ള നിഷ്ഠുരഗയുടെ താണ്ഡവധനികനും എന്നപോലെ. നിശാപ്രശാന്തതയെ ധ്വംസിക്കുന്നു. ഈ അപ്രതിരോധ്യമായ നിശാടനത്തിനിടയിൽ കേവലം ഭാവനമാത്രത്താൽ താൻ ആളുന്ന സാമ്രാട്ടു പദത്തെ ചിന്തിച്ചു് ആ ക്ഷുദ്രമൂർത്തി സകല മനുഷ്യചരങ്ങളേയും, അവസ്ഥാവിശേഷതലങ്ങളേയും, സൃഷ്ടിസ്ഥിതി സംഹാരകൃത്യങ്ങളേയും ഭജിക്കുന്നു. സപ്തസമുദ്രങ്ങളാലും അനാമ്യമായ ഒരു തൃഷ്ണാഗ്നിയതയേയും അയാൾ ബഹിഷ്കരിച്ചുപോകുന്നു. "അയ്യടാ! ആ കൊലമാടന്മാർ കരളുറഞ്ഞുകൂട്ടിയ ആ മോട്ടംഎന്റെ ചാമുണ്ഡി—എടുത്തോ, പിടിച്ചോ, നീ കുത്തും പാട്ടും എവന്റെ കണക്കു്. ച്ചൂ! കണ്ണടച്ചേക്കു്. ആ നേട്ടം ഇവനു കയ്യടങ്ങട്ടെ. ഹും! പെരിഞ്ചക്കോടന്റെ പറയരെ പോവാൻപറ. ഇതുംകൊണ്ടു് അങ്ങുചെന്നു് ഉറുപ്പ ഉറുപ്പയായി തട്ടുമ്പോഠം, ടിപ്പുക്കൊമ്പന്റെ കഴുതയാട്ടം—ഛടട സഭാഷ്! ഈ തിരുവിതാംചൂലു പൈതൃകരക്തത്തിൽ ആ ബൗത്ഥമൊരുക്കൻ ജാമ, തീമ, എല്ലാം ചോട്ടു—ഛഠാ! പാപ്പാസും മൊടുകി, തല

Digitized By Kerala Sahitya Akademi

ക്കൊട്ടയിൽ കൽക്കിയും ചാത്തി നവാബ് വേഷം ആടണതെല്ലാം, അപ്പോ—" ഒരു പഞ്ചാസ്യരവംതന്നെ ആ വൃദ്ധകണ്ഠത്തിൽനിന്നു പുറപ്പെട്ടതു് ശിവക്ഷേത്രസ്ഥനായ ശിലാനന്ദിയേയും കിടുക്കി.

ചിലമ്പിനേത്തു ഭവനത്തിന്റെ പടിക്കൽ എത്തിയപ്പോൾ, വൃദ്ധൻ വടിയേ പ്രാകാരത്തിൽ ചാരിയിട്ടു് ശിരസ്സിനെ ഗോപുരവാതിലിൽ നമിച്ചു് പ്രാണായാമക്രിയ എന്നപോലെ ശ്വാസനിയമനംചെയ്തു നിലകൊണ്ടു; ആ നിലയിൽ നില്പുതന്നെ "ഹാ ഹാ! പെണ്ണു പാവം! കൊച്ചുകേശവനും വെറും പാവത്താൻ. അപ്പൂ! നിന്നേ ദ്രോഹിച്ചു്, ഈ പെണ്ണിനെ തേവിടിയാടിച്ച ആ കാളതിന്നി ധൂക്കിപ്പോട്ടെ. തൊഞ്ഞൂനിയാൽ ഇഴവച്ചി വലിച്ചു് ഈ ഥടിയനെ ഈ നടംതാരദ്ര്യം വെളയണടത്തുകൊണ്ടു ചാണ്ടീരിക്കണതു് ആ മുടിവിദ്വാശക്കാരന്റെ ഹന്തത്തിനു് ഇങ്ങോട്ടു തിരുമ്പിയപ്പോത്തന്നെ ഇവന്റെ കാതസ്സു കെട്ടുപോയ്. അതു വരട്ടു് വരട്ടു്. മുച്ചൂടും ഛരിക്കു വരും. അല്ലെങ്കിൽ ഹെവനിട്ട പേർ മാറിയിട്ടിട്ടു കടലെടുക്കാം" ഇങ്ങനെയുള്ള ധൈര്യവാക്കുകൊണ്ടു് കരു പ്രതിജ്ഞയെ അതു കേൾക്കാത്ത ദമ്പതികളോടു ചെയ്തുകൊണ്ടും വാതലിന്റെ തെടുപിടികളിൽ ചുംബനംചെയ്തിട്ടും ഗൗണ്ഡൻ തെക്കോട്ടു നടതുടങ്ങി. ചിലമ്പിയാഴിയത്തു പാമ്പിന്റെ അടുത്തു തെക്കുവശമായി അഴിഞ്ഞുകിടക്കുന്ന കരുപാമ്പു കണ്ടപ്പോൾ "ഇത്തംകേറി കന്നം കണ്ടേച്ചു്, ചാമുണ്ഡിയമ്മേടെ തറയിലു്—നമുക്കെന്തു മേതമെന്നേ—കന്നം കമ്പിട്ടുകളയാം" എന്നു പാഞ്ഞുകൊണ്ടു് ആ പാമ്പിലോട്ടു കടന്നു.

കുട്ടിക്കോന്തിശ്ശനായ മഹാമാന്ത്രികന്റെ പൂജാഗൃഹ

Digitized By Kerala Sahitya Akademi

മായിരുന്ന മന്ദിരം, മീനാക്ഷി കേനവൻകഞ്ഞു് എന്ന കാമിനികാമുകന്മാരുടെ ലക്ഷ്മീനാരായണസംയോഗത്തിനു പൂർവ്വമായുള്ള പ്രണയരംഗം, അവസാനദശയിൽ ഭൃത്യവർഗ്ഗോത്തംസമായ ഭക്തശിരോമണി കുപ്പുസ്വാമി പരിഷ്കൃതമായിരുന്ന വാർദ്ധക്യക്ഷേത്രം, ഉഗ്രശാന്തന്മാരുടെ നിര്യാണത്തിൽ സഹഗാമിനിയായി സ്വർഗ്ഗാരോഹണംചെയ്ത ധീരജനനിയുടെ ചരമരംഗം. ഇങ്ങനെയുള്ള ഭവനം നിലത്തുവീണു്, മരക്കഷണങ്ങൾ കണ്ടവക്കു വിറകായി, അസ്ഥിവാരത്തറയും പൊടിഞ്ഞു് ഏതാനും കരിങ്കൽപ്പടികളും കരു മണൽത്തിട്ടയും മാത്രം ശേഷിക്കുന്നു.

അനന്തരംഗം കാണ്മാനുള്ള വൈമനസ്യംകൊണ്ടെന്നപോലെ ചന്ദ്രഖണ്ഡം അബ്ധിൽ മറഞ്ഞു. യാമാകാളി അനന്തമായ ജടാഭാരം വിരിച്ചിട്ടു് സൈരന്ധ്രത്തംതുടങ്ങി. ആ കാലസോദരിയുടെ കാന്തനെന്നപോലെ മന്ത്രക്കുടഭവനത്തിന്റെ അവശേഷക്കുന്നിന്മേൽ ദണ്ഡധാരിയായി നില്ക്കുന്ന ഗൗണ്ഡൻ തന്റെ പ്രണയഗതിക്കു് അനുരൂപമായ സമൃദ്ധകേളിയുടെ നിശ്വാസഗന്ധം ഏറ്റു തന്നെ പ്രവൃത്തോന്മത്തനായി. സഹസ്രകൃഷ്ണചൈത്രത്താൽതന്നെ, കാലപടം മേക്കാനായി ആനീതനാക്കപ്പെട്ട കരു കാളമേഘാകാരന്റെ സചിത്രസ്മരണപോലും ആ നിശാചാരിയെ സംഭ്രമിപ്പിക്കുന്നില്ല. നിരാത്മകമായുള്ള പ്രപഞ്ചഘടനയെ പ്രമാണിക്കുന്ന ആ ആശുഹൃദയൻ ആ പ്രദേശത്തെ എന്നല്ല അതിനെ സംവരണംചെയ്യുന്ന സംസ്ഥാനത്തെയും ആ വൃദ്ധദശയിലെങ്കിലും തന്റെ ചന്ദ്രഹാസധാരയാൽ അഞ്ജിതനേത്രമാക്കി ഭരിക്കുന്ന "മൗഞ്ചി" (മഹിമ)യെ ഇച്ഛാഫലമായി സന്ദർശിച്ചു്, കോന്തിശ്വരന്റെ പൂജാവിഗ്രഹം പ്രതിഷ്ഠിക്കപ്പെട്ടിരുന്ന നാളസ്ഥാനത്തുതന്നെ കരു ചണ്ഡാലനൃത്തം തുടങ്ങി. ആ നിശാചരരക്ഷ

Digitized By Kerala Sahitya Akademi

സ്സിന്റെ പാദത്തെ താങ്ങാൻ ശക്തയാകാത്ത ഭൂദേവി ദു സ്സഹവ്യഥയാൽ വിലകി; ഗൗണ്ഡന്റെ പാദങ്ങളിൽ കണ്ണു കീഴ്പോട്ടുതാണു. തന്റെ ജീവിതകാലത്തെ പരമദുഃഖത്തിനും, മഹാധർമ്മമായുള്ള അധഃപതനത്തിനും സംഗതി ആക്കിയ കരു സന്ധൽസഞ്ചയത്തെ ഭയാനകമായി ശപിച്ചുകൊണ്ടു; വൃദ്ധൻ ആണ്ടുപോയ പാദത്തെ ഭൂവിഭാഗത്തിൽ വിന്നു തിരുത്തനായി സമർപ്പിത്തത അവലംബിച്ചു് ഒരു നിമിഷം ചിന്തിച്ചപ്പോൾ വൃദ്ധൻ ആകാശംമുട്ടെ ചാടി; അട്ടഹാസാവചികാം ചാമുണ്ഡിദേവിയെത്തന്നെ ക്ഷീണിപ്പിക്കുമാറു് മുക്തമാക്കി. ഏകഹസ്തത്താൽ ഊരുപിണ്ഡത്തിന്മേൽ താളങ്ങാം അറിഞ്ഞിട്ടു് അപരഹസ്തത്താൽ സവർണ്ണത്തെ പാദം താഴ്ന്ന വിഭാഗത്തിലോട്ടു് ഇറക്കി ഭൂജത്തോളം ഹസ്തവും താഴ്ത്തി ഹാ! ഈ അഗാധവിലം സപ്തസ്ഥാനിലേയ്ക്കോ, നരകത്തിലേയ്ക്കോ, സപ്തസ്വരകങ്ങൾ രണ്ടുംചേർന്നുള്ള കരു മണ്ഡലത്തിലേയ്ക്കോ നയിക്കുന്ന നവപാതാളം എന്നു സങ്കല്പിച്ചുകൊണ്ടു ഹൃദയദേവിയുടെ നഗരാവീക്ഷകളാൽ ഉന്മിഷിതനാക്കപ്പെട്ട ഗൗണ്ഡൻ അല്പം വിലുതായ കരു കൽക്കഷ്ണത്തെ, അയാളുടെ മാജ്ജാരനേത്രങ്ങളുടെ സഹായത്താൽ കണ്ടുപിടിച്ചു; വിഭാഗത്തിലോട്ടിട്ടു—ആതാംക്ഷംജ്വരത്തിനു് അധീനനായി ഒരുശ്രവണനായി നിന്നു. വിനാഴിക—കൽക്കഷ്ണം കരു മുനമ്പിന്മേൽ അടയുന്നു—വിനാഴിക മറെറാരു മുനമ്പിന്മേൽ സംഘട്ടനം ചെയ്യുന്ന കരു മന്ദധ്വനി വിനാഴിക അതാ—ഹാ! അത്യഗാധപ്രദേശത്തുനിന്നു് കരു—ഗൗണ്ഡൻ ചാമുണ്ഡി തുള്ളിത്തുടങ്ങിയിരിക്കുന്നു. കരു—ഗൗണ്ഡൻ വിഭാഗത്തിലോട്ടു ചായുന്നു—ലോഹധ്വനി!!!! വൃദ്ധൻ മരണോദ്ധ്വ

Digitized By Kerala Sahitya Akademi

തെന്നപോലുള്ള ഒരു നാസാക്രോശത്തോടെ വിലത്തിന്മേൽ അഷ്ടാംഗപ്രമാണമായാൻ ആക്കുന്നു.

* * * * *

സപ്തർഷിലബ്ധി, ത്രിലോകലബ്ധി, ഉത്സാഹിയായ പുരുഷനേ ജയലക്ഷ്മി ഉപേക്ഷിക്കയില്ല. വൃദ്ധൻ വാപൊളിച്ചു, മീശയടക്കി മുമ്പോട്ടും പുറകോട്ടും ആഞ്ഞു്, ഭ്രാന്തനെപ്പോലെ പൊട്ടിച്ചിരിച്ചു്, ഇടയ്ക്കിടെ കൈകൊട്ടുന്നു. ഈ വിഭ്രാന്തിനൃത്തം മേളിച്ചുനില്ക്കുന്നതിനിടയിൽ വൃദ്ധന്റെ ദക്ഷിണഭാഗത്തു്, താൻ ഉടയത്തിൽ അണിഞ്ഞിരുന്നതുപോലുള്ള ഒരു വേഷം നിലകൊള്ളുന്നു. ചിന്തയ്ക്കുള്ള നിമിഷംമാത്രം എങ്കിലും കഴിയുന്നതിനിടയിൽ വൃദ്ധന്റെ വടിവാൾ ഉറയിൽനിന്നു പുറത്തായി ചീറിത്തുടങ്ങുന്നു. ആ ചീറ്റം ദീർഘിച്ചു് ആകാശത്തിൽ പല വൃത്തങ്ങളും ലഘുത്തംചെയ്തിട്ടു് ഖഡ്ഗം ദൂരത്തുവീഴുന്നു. അരയിലേ കൈത്തോക്കു് അരനിമിഷംകൊണ്ടു പുറത്താകുന്നു. കൈലാസശിഖരംപോലെ ഗൗണ്ഡൻതന്നെ ഉയർത്തപ്പെട്ടു. ദൂരത്തുള്ള കാട്ടുചെടികൾക്കിടയിൽ നിപതിതനുമാകുന്നു. മോവുകൾ കൂടാതെ രക്ഷപ്പെട്ടു വീണ്ടുമെത്തുന്നതിനു് ഉരുണ്ടു പിരണ്ടു് എഴുന്നേറ്റു് വിലത്തിന്റെ സമീപത്തു മടങ്ങിയെത്തിയപ്പോൾ രംഗം ജനശൂന്യമായിരിക്കുന്നു. തന്റെ വിഭ്രമത്തേയും, സാഹസങ്ങളേയും കുറിച്ചു തന്നത്താൻ ഭത്സിച്ചുകൊണ്ടും, നിശയേയും തിമിരകാളിയേയും മന്ത്രശ്ലോകംകൊണ്ടു ചാമുണ്ഡിയേയും അനുഗ്രഹിച്ചും, ജന്മോദ്ദേശ്യസാകല്യവും സാദ്ധ്യമായതുപോലെയുള്ള ഉന്മാദജ്വരത്താൽ വിറകൊണ്ടും വൃദ്ധൻ തന്റെ പാളയത്തിലേയ്ക്കു മടങ്ങി, കന്ധകാഭ്രേമ്മാണം എന്ന ബ്രഹ്മാവും തുനിയാത്ത

Digitized By Kerala Sahitya Akademi

കമ്മത്തെ മാനസാ ആരംഭിച്ചും തുടർന്നും സൂക്ഷ്മഗവാക്ഷ മുന്നിട്ട് മയ്യയിൽനിന്നു എഴുന്നേല്ക്കുന്നു.

ഉടിച്ചപ്പോൾ പൂർവ്വാഭരണത്തിലെ വേഷത്തിൽത്തന്നെ ഗൗണ്ഡൻ മീനാക്ഷിഅമ്മയേ കണ്ട് തെക്കുവശത്തു് അഴിഞ്ഞുകിടക്കുന്ന പറമ്പിൽ തന്റെ പാളയം ഉറപ്പിക്കുന്നതിനു് അനുമതികിട്ടണമെന്നു് അപേക്ഷിച്ചു. കുന്നുകൂടി നോക്കിയിട്ടുവന്നു് ആവശ്യപ്പെട്ടാൽ വിരോധം ഇല്ലെന്നു് ആ മഹതി പറഞ്ഞപ്പോൾ ഗൗണ്ഡൻ അങ്ങോട്ടു നടന്നു. ഹ! ഹ! ഹ! ആശ്ചര്യമേ! ബ്രഹ്മാണ്ഡമഹാവസാരമേ! ശാപപ്രതാപശോനുഖമായി പ്രയാണംചെയ്തു കടുങ്ങിയ കോന്തിയശ്ശന്റെ ഉപാസനയാൽ സൃഷ്ടങ്ങളായ തക്ഷകകോടികളും തന്നാൽ ചിരകാലപ്രാർത്ഥിതമായുള്ള നിധിയേ വലയംചെയ്തു രക്ഷിക്കുന്നു.

* * * * *

കല്പാന്തകലാപംപോലുള്ള ഗൗണ്ഡന്റെ വിഭ്രമാവേശം അവസാനിച്ചപ്പോൾ അയാൾ ദർശിച്ചതു ഇപ്രകാരമുള്ള അവസ്ഥാവ്യത്യാസങ്ങൾ ആയിരുന്നു. പാർവത്യകാർ, മുന്നിലക്കാർ, ചേരമാനക്കാർ എന്നിവർ സമീപത്തുള്ള ആളുകളെ എല്ലാം വരുത്തി രാജാജ്ഞയാൽ ബഹുജനോപയോഗത്തിനായി കരു നീരാഴി തോണ്ടിത്തുടങ്ങിയിരിക്കുന്നു. ആ ധർമ്മോദ്യമത്തിൽ രാജപ്രതിനിധ്യം വഹിച്ചു നിന്നിരുന്ന കഞ്ചെക്കുട്ടിപ്പിള്ള കായ്ക്കാർ ഹിന്ദുസ്ഥാനിയിൽ സ്വാഗതം പറവാനും കഴക്കൂട്ടം പ്രദേശത്തിന്റെ സ്ഥലപുരാണങ്ങൾ കേൾപ്പിപ്പാനും, ഗൗണ്ഡവൃദ്ധന്റെ സമീപത്തോട്ടു നീങ്ങി. ആകാശവിധാനം വിച്ഛിന്നമായി നിലമലകളെത്തന്നെ വഷ്ടിച്ചു; ആ പിംഗളാക്ഷങ്ങളുടെ ദർശനത്തെ കരു തിമിരയവനികയാൽ പ്രതിബന്ധിച്ചു.

Digitized By Kerala Sahitya Akademi

ശ്രീരാമന്റെ ദിവ്യബാണങ്ങളാൽ വിച്ഛേദ്യാംഗമായ കും ഭകർണ്ണമഹാവിഗ്രഹംപോലെ ഗൗണ്ഡൻ നിലത്തുവീണു് വ ക്ത്രവാസാദ്വാരങ്ങളിൽക്കൂടി രക്തം പ്രസ്രവിപ്പിച്ചു.

അദ്ധ്യായം ൧൪.

"അത്രിയെന്നുള്ളതാപസശ്രേഷ്ഠന്റെ ആശ്രമംനോക്കിപ്പോ-
[യാലുമേവങ്കം
എല്ലാറ്റിനുമൊരു കഴിവുണ്ടുകം—കല്യാണാംഗീകനിവു-
[ള്ള തപസി!"

"എനിക്കിന്നതുകേട്ടിട്ടു ജ്വലിക്കുന്നുണ്ടുകോപം, പിണക്കി യകറവാൻ ഞാനെവനേയും, ധീരവമവളേയും, രാജ്യകമ ലേയും"

൧൪ ശതകാദ്ധ്യത്തിനുമുമ്പു കഴക്കൂട്ടം പ്രദേശത്തിനു ചരിത്രവിശ്രുതി ഉണ്ടാക്കിത്തീർത്തതായ പ്രഭകഡുംബത്തി ന്റെ ഗൃഹത്തെ കുളം തോണ്ടുവാൻ മഴുതാഴ്ത്തിയ "പണ്ടാ രവക" എന്ന മൂത്തി, ആ കഡുംബത്തിന്റെ വക ഒരു പാമ്പിൽതന്നെ പുരുഷാർത്ഥചതുഷ്ടയത്തിൽ രണ്ടാമത്ത തിന്റെ ലബ്ധിക്കായി, ഒന്നാമത്തതിന്റെ നിർവ്വഹണത്തി നെന്ന നാട്യത്തിൽ ഒരു സരസ്സിന്റെ നിർമ്മാണം ആരം ഭിക്കുകയും, അതിന്റെ നടപ്പിനായി തിരുവനന്തപുരത്തു നിന്നു ചില അശ്വാരൂഢന്മാർ എത്തുകയും ചെയ്തപ്പോൾ അധികം പരമാർത്ഥം അറിഞ്ഞവർ വലിയതമ്പുരാൻ തി രുമനസ്സുകൊണ്ടുതന്നെ എഴുന്നള്ളിയിട്ടുണ്ടെന്നു പ്രസിദ്ധ മാക്കി. എന്നാൽ തീരാഴിയുടെ "ഉൽഘാടനോത്സവം" വരെ ആ സ്ഥലം അന്യപ്രവേശ്യമാണെന്നു ഒരു വിളം ബരം പുറപ്പെടുകയാൽ ബഹുജനങ്ങളുടെ ഉത്സാഹോഷ്മാ വു് സന്നിപാതത്തിലോട്ടുതാണു. കാഴ്ചകാണ്മാൻ കൊതി

Digitized By Kerala Sahitya Akademi

ച്ച ഭഗോപ്ഛ. ക്കളായവരുടെ ധർമ്മമായി പടയ്ക്കു് ആഠം പിടിത്തം ഉണ്ടെന്നുകൂടി പ്രസിദ്ധമായപ്പോഠം അമ്മായി ശ്ലോകക്കാർ ജാതകാദേശികഠം എന്നു തുടങ്ങിയ സാമൂ ഠായിക പിപീലികകഠം ആശൌചാ നടിച്ചു് സഭവന ങ്ങളിൽ അടങ്ങിപ്പാത്തു.

മീനാക്ഷിഅമ്മ സന്ധ്യകഴിഞ്ഞു ചിലമ്പിനേത്തുഭവ നത്തിന്റെ പൂവ്വഭാഗത്തുള്ള വടക്കേത്തളത്തിൽ ക്ഷീണ ത്തോടെ നടന്നു് "മാതാന്നപൂർണ്ണേശ്വരി!" എന്നു് അവ സാനിക്കുന്ന ശ്ലോകങ്ങഠം മധുരാലാപംചെയ്തു് സ്വകർണ്ണ ത്തേയും, സാത്മാവേയും, വിശ്വാംബികയേയും ഏകക മ്മത്താൽ പ്രീണിപ്പിക്കുന്നതിനിടയിൽ "പടികിട്ടിപ്പോ യി" എന്നുള്ള ഒരു വിളിയോടെ രണ്ടു ബ്രാഹ്മണങ്ങഠം അവരെ ആവരണംചെയ്തു. ഇങ്ങനെയുള്ള സ്വാതന്ത്ര്യ ക്രിയ അനുഷ്ഠിക്കുന്ന "ബാലയുവാവു്" മറ്റാരും അല്ലെന്നു ഗ്രഹിച്ചിരുന്ന ആ മഹതി ഇപ്രകാരം പരിഭവിച്ചു: "ഇതെ ന്തു മയ്യാടയാണു വിക്രമാ! പേടിപ്പിച്ചും ഞരമ്പിളക്കാൻ നോക്കുന്നോ? ഞങ്ങളുടെ അടുത്തു വരരുതെന്നല്ലയോ പ ട്ടം? നിന്നെക്കെങ്കിലും ഞങ്ങളെ ഗ്രഹപ്പിഴ പെരുകാതെ സൂ ക്ഷിച്ചുകൊള്ളുരുതോ?"

ശ്രീവി:—"അതെങ്ങിനെ അമ്മച്ചീ! അവിടെവച്ചു് 'ഇവിടെ കേറിക്കൂടാ' എന്നു പറഞ്ഞാൽ ഭൂലോകമെല്ലാം ആകുമോ? അതുമല്ല, ഞാൻ മോഷ്ടിക്കുമെന്നു പേടിച്ചു കാ മധേനു ഇവിടെ ഇല്ലല്ലോ."

മീനാക്ഷിഅമ്മ ജീവനോടും കുടുംബത്തോടും ഉള്ള ബന്ധത്തെ അവസാനിപ്പിച്ച സമചിത്തയും, നിസ്സംഗ യും ആയിത്തീർന്നിരിക്കുന്നതുപോലുള്ള ഭാവത്തിൽ മറുപ ടിപറഞ്ഞു:—"ഇന്നു നിന്റെ മോഷ്ടിപ്പു അവസാനിക്കു

Digitized By Kerala Sahitya Akademi

മല്ലാ. പുടവകൊട നാലഞ്ചു നാഴികയ്ക്കകം നടക്കും. അങ്ങിനെ എന്നെറ ദേവി! എല്ലാവരും സന്തോഷിപ്പിൻ. നിങ്ങൾറ നേക്കു് അവളുടെ അച്ഛൻ വിധിച്ചിരിക്കുന്ന നാടുകടത്തലും അപ്പോഠം തീരുമല്ലാ.”

വിക്രമൻ പറക്കാനെന്ന ഭാവത്തിൽ ഒന്നു കുതിച്ചു തിരിഞ്ഞു്, കൈവിടുത്തി ഉള്ളംകൈകൊഠം ചലിപ്പിച്ചു.

മീനാ:—“നീ എന്തിളക്കക്കാരൻ! എന്തിനു വന്നു എന്നു പറയാതെ കാടിപ്പോകാൻ തുടങ്ങുന്നതു ശരിയ്ക്കു അല്ലയോ?”

ത്രിവി:—(തിരിഞ്ഞുനിന്നു്) “ഇപ്പോഠം ഇച്ചിറക്കു് രണ്ടും വിശിയാൽ പുടവകൊടയ്ക്കു് അവിടെ വന്നിരിക്കുന്നതു പഞ്ചകല്യാണിക്കുതിരയിലാണു്. ‘നബാബു് കോട്ടയ്ക്കു ശണ്ടയ്ക്കു പോറാൻ—രാജാജേശിംഗ്’ എന്നു, വച്ചോന്നു ഭരതാൻ കൊട്ടത്താൽ രണ്ടാം നാഴികയ്ക്കു കിഴക്കേ നന്തിയത്തു്. ഞാൻ ഇല്ലാഞ്ഞാൽ സാവിത്രി പുടവവാങ്ങുല്ല.”

ത്രിവിക്രമന്റെ മുതുകിൽ ക്ഷീണിച്ചുള്ള ഫസ്റ്റംകൊണ്ടു് ഒരു പ്രഹരം കിട്ടി.

മീനാ:—“നോക്കു്—വേണ്ടാസമത്തിനൊന്നും നീ പോകരുതു്. അദ്ദേഹത്തിനു് എന്തോ ഒരു ഭ്രമം. അവളുടെ കമ്മമാണു്. ഇവിടെ അവസാനം എന്നും വയ്ക്കു്. എന്തെങ്കിലും, തമ്പുരാൻ കൊണ്ടുപോകട്ടെ.”

ത്രിവി:—“അമ്മച്ചി കേട്ടിട്ടില്ലേ? ‘ഈച്ച കടിച്ചല്ലോ കലയാനത്തലവൻ ചത്തു—പാറ കടിച്ചല്ലോ കടൽവറ്റി കരയായ്ത്തീർന്നു.’ അങ്ങിനെയൊരു പാട്ടു്.”

മീനാ:—“നോക്കു്—നീതന്നെയാണു് ആ പെണ്ണിനെ വഷളാക്കിയതു്.”

ത്രിവി:—“അതേ അതു ഇനിയും വഷളാക്കും. ഇ

Digitized By Kerala Sahitya Akademi

താനേ അമ്മച്ചീ, പക്ഷേ അമ്മാവനെപ്പോലെ മൂക്കും തുള്ളിച്ചാണ്ട്."

മീനാ—(ശാസനമായിട്ട്) "അങ്ങനെ പറയാതെ. അവളെ ആ തമ്പുരാൻ കൊണ്ടുപോകും. അപ്പോൾ നിന്നോടുള്ള വിരോധവും നീങ്ങിയേക്കാം. എന്തായാലും നാം തമ്മിലുള്ള ബന്ധം നിന്റെ വല്ല വാക്കുംകൊണ്ട്—"

ത്രിവി:—"അമ്മച്ചീ! 'കന്നാം കടപ്പുറവാരെ കന്നര മയിൽ കൊണ്ടോടുന്നു- ആക്കു കാണ്മാൻതോട്ടുന്നെന്റെ, തേവാരപ്പൊൻ പെൺമയിലേ?' ഇതിനുത്തരം പറയണം."

മീനാ:—(അക്ഷമയായി) "എന്തൊന്നു ത്രിവിക്രമാണ്ടത്? ഇന്നു അവൾക്കു പുടവകൊട എന്നു കേട്ടപ്പോൾ നിനക്കു ഭ്രാന്തു പിടിച്ചു എന്നുതന്നെ തോന്നുന്നു."

ത്രിവി:—"കൊല്ലത്തു തടംകൊണ്ടു കൊട്ടങ്ങല്ലൂർ പേരോടി—അവിടെ മുളച്ചോരു ചെഞ്ചിര—ചെഞ്ചീര പാടിച്ചപ്പോൾ—കണ്ടതെന്താ നമ്മച്ചീ? തമ്പുരാനും കിമ്പുരാനും അല്ലാ എല്ലാം അമ്മാവൻ പറയും. ദിവാൻജി അമ്മാവൻ—അതൊക്കെ രഹസ്യങ്ങളാണ്; കളിയല്ലാ. അമ്മച്ചിനിന്നു വിഷ്ണുണ്ടാ. (അതിഗൂഢസ്വരത്തിൽ) പുടവകൊട പുകയും. അയാൾ പുളിശ്ശേരി കൂടിച്ചാണ്ട് ഈ രാത്രിതന്നെ പന്ത കടക്കും."

മീനാക്ഷിഅമ്മയായ ആ പതിവ്രത, ത്രിവിക്രമന്റെ വാക്കുകൾ വിശ്വസിക്കുകയാൽ, വിഷ്ണുനോംഗിതനാകുമ്പോൾ കോപിക്കുന്ന ഭർത്താവിന്റെ ഇച്ഛയേ ധ്യാനിച്ച് ഉദ്ധൃതജീവിയായിരിന്നു.

ത്രിവി:—"കന്നും പേടിക്കേണ്ടമ്മച്ചീ! ഇവിടത്തെ അല്ലമ്മാവനെയും എല്ലാം ശരി ആക്കിക്കൊള്ളാമെന്നു് കല്പിച്ചതന്നെ ഏറിട്ടുണ്ട്. ഇവിടെ കരു രതാക്കംബിളി വിരിച്ചു്, കരു ചാവട്ടയും കൊണ്ടിടുവിക്കണം."

Digitized By Kerala Sahitya Akademi

മീനാ:—"എന്റെ വിക്രമൻകുട്ടി കളിക്കാൻ വിക്കാതെ നീ പുരുഷനല്ലയോ? പെണ്ണുങ്ങളെ ഇട്ടു പാവ ആടിപ്പാൻ തോക്കാതെ. സാവിത്രിയുടെ പുടവകൊടയ്ക്കു് അവിടെ കേമമായി വട്ടം കൂട്ടുന്നു. തമ്പുരാനു് ഇങ്ങേ അറം മഞ്ചലുപ്പുടെയും വഴിയിൽ കാത്തുനില്ക്കുന്നു എന്നു കേട്ടു. അതുകൊണ്ടു് എന്റെ അപ്പൻ പ്രളക്കമൊന്നും ഇനി കാട്ടരുതു്."

ത്രിവി:—"അതുപോകട്ടെ അമ്മച്ചീ! ദിവാൻജി അമ്മാവൻ ഇതാ ഇപ്പോഠം ഇങ്ങു് എത്തും. വെള്ള വല്ലതും മാറിനിന്നു് അദ്ദേഹത്തെ സല്ക്കരിക്കണം."

മീനാ:—"എന്റെ കരുക്കം കാണേണ്ടവർ വരുമ്പോഠം ഞാൻ കരുങ്ങിനിന്നുകൊള്ളാം. നിനക്കു് ഒരു കളി കാണണമെങ്കിൽ കരു പെട്ടി എടുത്തു കാണിക്കാം. അതിൽ ചില പായച്ചേലകഠം ഉണ്ടു് ഇനിയും അതുടുക്കാൻ കാലമാകുന്നതുവരെ—അല്ലെങ്കിൽ, അതു മാറിച്ച എന്റെ ഉടയൻ ആവശ്യപ്പെടുമ്പോഴല്ലാതെ, ഞാൻ എന്തിനൊരുങ്ങുന്നു? ദിവാൻജി അങ്ങുന്നു വരട്ടെ. ഞാൻ അദ്ദേഹം താമസിക്കുന്നിടത്തു് സങ്കടക്കാരിയായും പോയിട്ടുണ്ടു്. ഇപ്പോഠം ഇങ്ങോട്ടു വരുന്നതു് എന്റെ ഭാഗ്യംകൊണ്ടല്ലോ. വല്ലതും പറഞ്ഞു നീ എന്നെ കരയിക്കാതെ—"

ഭത്താവോടു സംഘടന ഉണ്ടായ കന്യകാശൈശവത്തെക്കുറിച്ചുള്ള സ്മരണകഠം ഉണർന്നു് മീനാക്ഷിഅമ്മ കണ്ണുനീർ കഴുക്കിത്തുടങ്ങി. ഈ ക്ഷീണപ്രകടനം കാണ്മാൻ നില്ക്കാതെ, ത്രിവിക്രമൻതന്നെ ഭൃത്യരെ വിളിച്ചു: ദിവാൻജിയെ സല്ക്കരിപ്പാൻ വേണ്ടതൊരുക്കിയിട്ടു് അദ്ദേഹത്തെ എതിരേല്പാൻ ആനക്കൊട്ടിലിൽ കാത്തുനിന്നു. നാഴിക രണ്ടുമൂന്നു കഴിഞ്ഞു. മീനാക്ഷിഅമ്മ മഹാരാജാവു തിരുമനസ്സിലെ

Digitized By Kerala Sahitya Akademi

ദാസപ്രധാന്നെ സല്ക്കരിക്കുന്നതിന്നു് തന്നെറ സ്ഥാനത്തി
ന്നു് ഉചിതമായുള്ള വേഷംതന്നെ ധരിച്ചു നിച്ചകൊള്ളുന്നു.
സപത്നിത്താവിന്നെറ പരമാത്ഥസ്നേഹിതനും, ഉപകാരിയും,
തല്ക്കാലം മേധാവിയും ആയുള്ള മഹാപുരുഷന്നെ പ്രാകൃത
മായൊരു വേഷത്താൽ സല്ക്കരിക്കുന്നതു് ഒത്തുദ്ദ്രാഹമാകുമെ
ന്നു പ്രമാണിച്ചു് ആമഥനി ശുഭ്രവസ്ത്രങ്ങളും, സാമാന്യമാ
യ ചില ആഭരണങ്ങളും ധരിച്ചുകൊണ്ടായിരുന്നു. താൻ മു
മ്പിൽ കണ്ടിട്ടുള്ള സൗന്ദര്യപ്രഭയും, ധാടിയും, അത്യധികമാ
യി ക്ഷയിച്ചുകാണുന്നഗൃഹനായികയോടുസഹതപിക്കയും,
മനസ്താപകാരണങ്ങളെ ആരായുകയോ ചെയ്വാൻ അവ
രാൽ സൽകൃതയാകുന്ന പുരുഷോത്തംസം ചിന്തിക്കകപോ
ലും ചെയ്തില്ല. മീനാക്ഷിഅമ്മ പ്രൗഢയായ പ്രിയപ്പ
ത്നിയായും, കേശവപിള്ള ദാന്തശീലാഗ്രസരനായ കരു
ജ്യേഷ്ഠസഹോദരനായും, ആ സന്ദർശനത്തിൽ അഭിമുഖരാ
യിരുന്ന സംഭാഷണംചെയ്തതിനു് ഉണ്ണിത്താൻ സാക്ഷി
ആയിരുന്നുവെങ്കിൽ ആ ദമ്പതികളുടെ സ്ഥിതികാ ഹി
ന്ന ഭാഗ്യരാജിയിലോട്ടു സംക്രമിക്കുമായിരുന്നു! ദൈവഗ
തികഠം. ലോകാഭിലാഷത്തെ അനുസരിച്ചു് സർവ്വാ ത്മ്പ
ഹിതമാകുന്നില്ല. സാവിത്രിയുടെ വിവാഹകാര്യത്തെക്കു
റിച്ചുപോലും ദിവാൻജിയിൽനിന്നു് ഒരു അനുഭവങ്ങളും
ഉണ്ടാകുന്നില്ല. സപത്നിയുടെ ചരിത്രാവലോകനാ ത്മി
ലയിച്ചു, കേശവപിള്ള ഗ്രന്ഥങ്ങളുടെ നിരാർദ്രത
യോടെ, ആസനസ്ഥനാവാൻ മീനാക്ഷിഅമ്മയാൽ അ
പേക്ഷിക്കപ്പെട്ടിട്ടും, ആ ക്ഷണത്തെ കേട്ട ഭാവംപോലും
യടിക്കാതെ ഇരിക്കുന്നതു കണ്ടിട്ടു്,

"തിരുമനസ്സുകൊണ്ടു കല്പിച്ചു" ഒരു കാര്യം ധരിപ്പി
ക്കുന്നവനെപ്പോലെ മീനാക്ഷിഅമ്മ പറഞ്ഞു.

മീനാക്ഷിഅമ്മ മിണ്ടാതെ ഒഞ്ഞകണ്ണ്യായി നിന്നിട്ടു് "ഊണുകഴിഞ്ഞിട്ടേ പോകാവൂ" എന്നുകൂടി ക്ഷണിക്കമാത്രം ചെയ്തു.

ശിവാ:—"ആവാം; മന്ത്രക്കൂടത്തു് ഒരു നീരാഴി തോണ്ടുന്നു. കല്പനപ്രകാരം ആണു്."

മീനാ:—"കല്പന നടക്കട്ടെ."

ശിവാ:—ഭൂമി നിങ്ങളുടെ വകയാണു്. ചന്ത്രക്കാരൻ അപഹരിച്ചെടുത്തു്, ഉണ്ണിത്താനു് അടങ്ങിയിട്ടുണ്ടെങ്കിലും പണ്ടാരവക കണക്കുകളിൽ നിങ്ങളുടെ പേരിൽത്തന്നെ കിടക്കുന്നു. എന്തുകൊണ്ടോ കണ്ടുകെട്ടിൽ ഉൾപ്പെട്ടില്ല.

മീനാ:—"എന്നാൽ ഇനി പണ്ടാരവകയ്ക്കു് ആവശ്യം ഉണ്ടെങ്കിൽ കണ്ടുകെട്ടിക്കൊള്ളാമല്ലോ."

ശിവാ:—"അങ്ങനെയല്ല. കല്പന പ്രമാണം ഇല്ലെങ്കിലും, വാക്കാൽ എങ്കിലും ഉടമസ്ഥയോടു ദാനം വാങ്ങിയിട്ടു് അവിടെ കണ്ടുകിട്ടിയിരിക്കുന്ന നിധി സർക്കാരിലേയ്ക്കു് ഇപ്പോഴത്തെ ആവശ്യത്തിനു് അടക്കണമെന്നാണു കല്പിച്ചിരിക്കുന്നതു്."

മീനാ:—സാവിത്രിയുടെ അച്ഛന്റെ സമ്മതം വാങ്ങി ഞാൻ തരേണ്ടതാണു്.

ശിവാ:—"അതിനു താമസിച്ചാൽ ഇപ്പോഴത്തെ ആവശ്യത്തിനു് ഉപയോഗപ്പെടുകയില്ല."

മീനാ:—രാമഅമ്മത്തെ വീടും വസ്തുക്കളുംകൂടി വേണമെങ്കിൽ എടുത്തുകൊള്ളാം കല്പിച്ചു യുദ്ധത്തിൽ ജയിച്ചു് ദീർഘായുസ്സോടെ ഞങ്ങളെ രക്ഷിക്കട്ടെ. തിരുമനസ്സിലെ ആവശ്യത്തിനു് സാവിത്രിയുടെ അച്ഛൻ തക്കം പാറകയില്ല. അവിടെ എന്തുണ്ടോ അതു കൊണ്ടുപോകുന്നതിനു

Digitized By Kerala Sahitya Akademi

ദാസപ്രധാന്നെ സല്ക്കരിക്കുന്നതിന്നു് തന്നെറ സ്ഥാന്നത്തിനു് ഉചിതമായുള്ള വേഷംതന്നെ ധരിച്ചു നിലകൊള്ളുന്നു. സ്വദത്താവിന്നെറ പരമാത്മസ്നേഹിതനും, ഉപകാരിയും, തല്ക്കാലം മേധാവിയും ആയുള്ള മഹാപുരുഷന്നെ പ്രാകൃതമായ ഒരു വേഷത്താൽ സല്ക്കരിക്കുന്നതു് ഒത്തുദ്ദ്രാഹമാകുമെന്നു പ്രമാണിച്ചു് ആമഥതി ശുഭ്രവസ്ത്രങ്ങളും, സാമാന്യമായ ചില ആഭരണങ്ങളും ധരിച്ചുകൊണ്ടായിരുന്നു. താൻ മുമ്പിൽ കണ്ടിട്ടുള്ള സൗന്ദര്യപ്രഭയും, ധാടിയും, അത്യധികമായി ക്ഷയിച്ചുകാണുന്നഗൃഹനായികയോടുസഹതപിക്കയോ, മനസ്താപകാരണങ്ങളെ ആരായുകയോ ചെയ്വാൻ അവരാൽ സൽകൃതയാകുന്ന പുരുഷോത്തംസം ചിന്തിക്കുകപോലും ചെയ്യുന്നില്ല. മീനാക്ഷിഅമ്മ പ്രൌഢയായ പ്രഭുപത്നിയായും, കേശവപിള്ള ദാന്തശീലാഗ്രസരനായ ഒരു ജ്യേഷ്ഠസഹോദരനായും, ആ സന്ദർശനത്തിൽ അങ്ങിമുഖരായിവിന്നു സംഭാഷണംചെയ്തതിനു് ഉണ്ണിത്താൻ സാക്ഷി ആയിരുന്നുവെങ്കിൽ ആ ദമ്പതികളുടെ സ്ഥിതികാം എന്തു ഭാഗ്യരാശിയിലോട്ടു സംക്രമിക്കുമായിരുന്നു! ദൈവഗതികാം ലോകാഭിലാഷത്തെ അനുസരിച്ചു് സർവ്വാനിപ്പഹിതമാകുന്നില്ല. സാവിത്രിയുടെ വിവാഹകാര്യത്തെക്കുറിച്ചുപോലും ദിവാൻജിയിൽനിന്നു് ഒരു അന്വേഷണവും ഉണ്ടാകുന്നില്ല. സ്വസ്വാമിയുടെ വാത്സല്യപാത്രത്തിന്നെറ നിലയിൽ, കേശവപിള്ള ഗണിതഗ്രന്ഥങ്ങളുടെ നിരാർദ്രതയോടെ, ആസനസ്ഥനാവാൻ മീനാക്ഷിഅമ്മയാൽ അപേക്ഷിക്കപ്പെട്ടിട്ടും, ആ ക്ഷണങ്ങളെ കേട്ടു എന്നുപോലും നടിക്കാതെ, ഇങ്ങനെ ധരിപ്പിച്ചു.

"തിരുമനസ്സുകൊണ്ടു കല്പിച്ചു് ഒരു കാര്യം ഇവിടെ വന്നു പറവാൻ."

Digitized By Kerala Sahitya Akademi

മീനാക്ഷിഅമ്മ മിണ്ടാതെ ഒഞ്ഞകണ്ണ്യായി നിന്നിട്ടു് "ഊണകഴിഞ്ഞിട്ടേ പോകാവൂ" എന്നകൂടി ക്ഷണിക്കമാത്രം ചെയ്തു.

ശിവാ:—"ആവാം; മന്ത്രക്കുടത്തു് ഒരു നീരാഴി തോണ്ടുന്നു. കല്പനപ്രകാരം ആണു്."

മീനാ:—"കല്പന നടക്കട്ടെ."

ശിവാ:—ഭൂമി നിങ്ങളുടെ വകയാണു്. ചന്ത്രക്കാരൻ അപഹരിച്ചെടുത്തു്, ഉണ്ണിത്താനു് അടങ്ങിയിട്ടുണ്ടെങ്കിലും പണ്ടാരവക കണക്കുകളിൽ നിങ്ങളുടെ പേരിൽത്തന്നെ കിടക്കുന്നു. എന്തുകൊണ്ടോ കണ്ടുകെട്ടിൽ ഉൾപ്പെട്ടില്ല.

മീനാ:—"എന്നാൽ ഇനി പണ്ടാരവകയ്ക്കു് ആവശ്യം ഉണ്ടെങ്കിൽ കണ്ടുകെട്ടിക്കൊള്ളാമല്ലോ."

ശിവാ:—"അങ്ങനെയല്ല. കല്പന പ്രമാണം ഇല്ലെങ്കിലും, വാക്കാൽ എങ്കിലും ഉടമസ്ഥയോടു ദാനം വാങ്ങിയിട്ടു് അവിടെ കണ്ടുകിട്ടിയിരിക്കുന്ന നിധി സർക്കാരിലേയ്ക്കു് ഇപ്പോഴത്തെ ആവശ്യത്തിനു് അടക്കണമെന്നാണു കല്പിച്ചിരിക്കുന്നതു്."

മീനാ:—സാവിത്രിയുടെ അച്ഛന്റെ സമ്മതം വാങ്ങി ഞാൻ തരേണ്ടതാണു്.

ശിവാ:—"അതിനു താമസിച്ചാൽ ഇപ്പോഴത്തെ ആവശ്യത്തിനു് ഉപയോഗപ്പെടുകില്ല."

മീനാ:—രാമവമ്മന്റെ വീടും വസ്തുക്കളുംകൂടി വേണമെങ്കിൽ എടുത്തുകൊള്ളാം കല്പിച്ചു യുദ്ധത്തിൽ ജയിച്ചു് തീർപ്പായുസ്സോടെ ഞങ്ങളെ രക്ഷിക്കട്ടെ. തിരുമനസ്സിലെ ആവശ്യത്തിനു് സാവിത്രിയുടെ അച്ഛൻ തക്കം പാറകയില്ല. അവിടെ എന്തുണ്ടോ അതു കൊണ്ടുപോകുന്നതിനു

Digitized By Kerala Sahitya Akademi

സംശയംവേണ്ട. എന്നുമാത്രം അല്ല, അതു ശ്രീപത്മനാഭനു അടങ്ങി ഞങ്ങളുടെ ഉരിതത്തിനു ശാന്തിയും വരട്ടെ.”

ദിവാ:—നിങ്ങളുടെ പരദേവത ആരാണു്?

മീനാ:—“ചാമുണ്ഡിദേവി കാവു് അല്പം തെക്കുപടിഞ്ഞാറുമാറിയാണു്. എല്ലാം നശിച്ചുപോയി.”

ദിവാ:—ചില ഹോമങ്ങളും ക്രിയകളും തെക്കേപ്പാനമ്പിൽ ഇന്നു നടക്കുന്നുണ്ടു്. അതിന്റെ കോലാഹലങ്ങൾ കേട്ടു ഭയപ്പെടരുതു് തന്ത്രിയായി നില്ക്കുന്നതു് കുഞ്ഞൊക്കുട്ടിപ്പിള്ള കായ്ക്കാരാണു്.”

ദിവാൻജിയുടെ ഉള്ളിൽ ഗൗണ്ഡന്റെ പരമാത്മതത്തെക്കുറിച്ചു് കുന്നു സൂചിപ്പിക്കുവാൻ മോഹം ഉണ്ടായി. എങ്കിലും അദ്ദേഹത്തിന്റെ അടുത്ത പ്രസ്താവന ഇങ്ങനെയായിരുന്നു.

“ഞാനല്ല ഉണ്ണിത്താനദ്ദേഹത്തെ ബുദ്ധിമുട്ടിപ്പാൻ വടക്കോട്ടു് അയച്ചതു്.”

മീനാ:—“ബുദ്ധിമുട്ടല്ല. എല്ലാവരും കുന്നുപോലെ പ്രയത്നപ്പെടേണ്ട കായ്മാണു്. ആ അധികപ്രസംഗി അവിടെ വന്നു് എന്തോ സങ്കടം പറഞ്ഞു. അതുകൊണ്ടു് ആ ഏർപ്പാടുണ്ടായി എന്നു് എനിക്കറിയാം.

ദിവാ:—അതേ, അതേ. കുട്ടികളാണല്ലോ. ഇഷ്ടമുള്ളതു വക്കുവേണ്ടി ചാടിപ്പുറപ്പെട്ടുപോകും.

തന്റെ പ്രേമോദയദശയിൽ താൻ അനുഷ്ഠിച്ച കർമ്മക്രിയയെ സൂചിപ്പിച്ചു് ഇങ്ങനെയുള്ള ഒരു പ്രസ്താവന ഉണ്ടായപ്പോൾ മീനാക്ഷിഅമ്മ ഊണിനു വട്ടംകൂട്ടാൻ തിടുക്കപ്പെടുന്ന ഭാവം പ്രകടിപ്പിച്ചു. അതിനിടയിൽ, “അദ്ദേഹം ഇതെല്ലാം അറിയുമ്പോൾ, എത്ര വ്യസനിക്കും എന്നുള്ളതുകൂടി ഇവിടുന്നു വിചാരിക്കേണ്ടതായിരുന്നു, മറവുള്ള

Digitized By Kerala Sahitya Akademi

വരുടെ കായ്ത്തിൽ അങ്ങനെ ഒരാഠം തോല്ക്കുവാനും വ്യസനിപ്പാനും ഇല്ലായിരുന്നു'' എന്നുള്ള സ്വാഭിപ്രായത്തെക്കൂടി പറഞ്ഞുതീർത്തു.

ദിവാ:—"കുറച്ചു വ്യസനിച്ചിട്ടുണ്ടാകുന്ന സന്തോഷത്തിനു് രുചിയും രസവും കൂടും."

അന്നത്തെ ഈ സന്ദർശനാവസാനത്തിൽ യാത്രയ്ക്കായി തിരുവനന്തപുരത്തേക്കു മടങ്ങുന്നതിനു ദിവാൻജി ഭാരപ്രദേശത്തോട്ടു നീങ്ങിയപ്പോഠം മീനാക്ഷിഅമ്മ മുൻനിശ്ചയപ്രകാരം അനുയാത്രചെയ്തു് അവിടെ നിലകൊണ്ടു. തന്റെ പുത്രിയെ നിശ്ചയിച്ചിരിക്കുന്ന അനന്തന്റെ വിവാഹം നടക്കുക ഇല്ലെന്നു ഗ്രഹിച്ച ആ മഹതിയുടെ മുമ്പിൽ പുത്രിയാൽ ഭർത്താവായും തന്നാൽ മരുമകനായും വരിക്കപ്പെട്ടിരിക്കുന്ന യുവാവു് യാത്രാനുമതിക്കായി തൊഴുതു. അതുകണ്ടപ്പോഠം മൃത്യുപാശം ചക്രവാതഭ്രമണത്തോടെ വിശ്രുതയുദ്ധരംഗത്തിലേയ്ക്കാണു് ആ മോഹനാംഗനായ യുവകുമാരൻ പോകുന്നതു് എന്നും ആ യാത്രയിൽ തന്റെ പുത്രിക്കുതന്നെ ശാശ്വതവൈധവ്യം സംഭവിച്ചേക്കാമെന്നും തോന്നിയെങ്കിലും ആ മഹതി "ജയിച്ചുവാ ത്രിവിക്രമാ! നിന്റെ അച്ഛനും പടത്തലവനമ്മാവനും എങ്ങനെ തുപ്പാദം സേവിച്ചു എന്നതു് നിനക്കു വഴികാട്ടട്ടെ. കുലത്തിനു ദുഷ്കീർത്തി വരുത്തരുതു്. ദേവി ചാമുണ്ഡി രക്ഷിക്കട്ടെ." എന്ന സ്വാർത്ഥചിന്തയുടെ ഛായാലവംപോലും കൂടാതെ അനുഗ്രഹം നൽകി. യുവാവു ധീരകേസരിആയി തൊഴുതു് കാമിനീവാരണത്തിനുമുമ്പു്, വിജയലക്ഷ്മിയുടെ സംവരണം എന്നുറച്ചുകൊണ്ടു് മന്ത്രിയുടെ അംഗരക്ഷകസ്ഥാനം വഹിപ്പാൻ പുറപ്പെട്ടു.

ഒരു ഇടപ്രഭുവിന്റെ ജന്മസ്വാധീനവും കൗമ്പേരമാ

Digitized By Kerala Sahitya Akademi

യ സമ്പത്തുംകൂടി പാട്ടിൽ ആക്കിക്കൊണ്ട് യുദ്ധരംഗത്തിൽ ഒരു പ്രധാന പാത്രം ആയി നടനംചെയ്യുവാൻ ഉദ്ദേശിച്ച അജിതസിംഹൻ അകമ്പടിക്കാരോടൊന്നിച്ച് കിളീമാനൂർ എന്ന ടിക്കിൽ എത്തി ഒരു ക്ഷേത്രത്തിൽ ഊണും അടുത്തുള്ള ഗൃഹത്തിൽ പാപ്പും ആക്കി താമസിച്ചു. ഗൗണ്ഡന്റെ മേധാവിഹസ്തത്തിൻകീഴിലല്ലാതുള്ള സ്വാതന്ത്ര്യവാസം ഒരു സുഖകരചികിത്സയായി അജിതസിംഹൻ പരിഗണിച്ചു.

ഈ പതിനൊന്നാം ശതവർഷത്തിന്റെ യുവദശയുടെ ആരംഭഘട്ടത്തിൽ ചേന്നാൻവേലി എന്നൊരു ഗൃഹനാമക്കാരൻ ഒരു താലൂക്കിന്റെ ആധിപത്യമായുള്ള കായ്ക്കാർ സ്ഥാനം ആണ്ടീ മുപ്പത്താറിൽ നാടുനീങ്ങിയ തിരുമേനിയെ സേവിച്ചുപോന്നിരുന്ന വസ്തുത തിരുവിതാംകൂറിന്റെ മദ്ധ്യഭാഗങ്ങളിൽ ഇന്നും പ്രസിദ്ധമാണു് "വേലുംകൊണ്ടു വേൽക്കാർ അകത്തും വെയിലുംകൊണ്ടു ചേന്നൻവേലി പുറത്തും, എന്നും മറ്റുമുള്ള വികടഭാഷണങ്ങൾകൊണ്ടു പ്രസിദ്ധനായിത്തീർന്ന ഇദ്ദേഹത്തെപ്പോലുള്ള തിരുവാഴിത്താന്മാർ കഴിഞ്ഞ ശതവർഷത്തിലും കായ്ക്കാർ ഉദ്യോഗം ഭരിച്ചിരുന്നു. സാവിത്രിയെ സൂക്ഷിച്ചുകൊൾവാനും കിഴക്കേ അന്തിയത്തുണ്ടാകുന്ന വിവാഹത്തെ മുടക്കുവാനും ദിവാൻജിയാൽ നിയുക്തനായ കൊട്ടാരക്കരക്കായ്ക്കാർ ചേന്നൻവേലിയെ അനുഗ്രഹിച്ചിരുന്ന സരസ്വതിയുടെ ഉപാസകൻതന്നെ ആയിരുന്നു സാവിത്രിയുടെ സ്നാനാരംഭവേളയിൽ ആ കന്യകയെ സന്ദർശിച്ചു് "ചിത്തതാപമരുതേ" എന്ന വിഖ്യാതഗാനം പ്രയോഗിച്ചു മടങ്ങിയ രാജവേത്രധാരി ഈ കായ്ക്കാരുടെ ദൂതൻ ആയിരുന്നു. തമ്പുരാൻ അഭ്യസിച്ചിട്ടുള്ള ഗാന്ധർവ്വവിദ്യയിൽ അദ്ദേഹത്തോ

Digitized By Kerala Sahitya Akademi

ട്ടു് കന്നു മത്സരിപ്പാൻതന്നെ കായ്ക്കാരും നിശ്ചയിച്ചു. അതായതു് രാജസിംഹനെ കന്നു ചെണ്ടകൊട്ടിച്ചു വിടാൻ സരസനായ താലൂക്കു സാമ്രാട്ടു് തന്റെ വാസനാപ്രേരണയാൽ ചെലവും ബുദ്ധിമുട്ടും ചിന്തിക്കാതെ കന്നു മുതിർന്നു. വിവാഹകമ്മത്തിന്റെ നിവർത്തനത്തിൽ സാമാന്യേന ആഗ്രഹോത്സുകം ക്ലേശിപ്പിക്കുന്നതു സ്ത്രീഗൃഹക്കാരെ ആണല്ലൊ. ഈ ശോകതത്പരം ഗ്രഹിച്ചിരുന്ന അജിതസിംഹൻ തന്റെ പാപ്പിടത്തിനു മുമ്പിൽ കരു മഞ്ചലും, മഞ്ചൽ സംഘക്കാരേയും കണ്ടപ്പോൾ "ഉണ്ണിസ്താന്റെ ആൾക്കാരല്ലേ?" എന്നു് അരുളിച്ചെയ്യാൻ കനിഞ്ഞു "അടിയൻ" എന്നുണ്ടായ മറുപടികേട്ടു്, സൂര്യവംശത്തിനു ചേർന്നുള്ള ഭാസ്കരോത്സാഹത്തോടെ കന്നു പരിസരവീക്ഷണം ചെയ്തപ്പോൾ കപ്പായക്കാരായ പുരുഷകാരും രണ്ടുമൂന്നു മുന്നിലപ്പുഴുക്കാരുംകൂടി ഉണ്ടെന്നു കണ്ടു് "ഉണ്ണിസ്താൻ വഹതിരു നല്ലോണം തയ്യിച്ചുള്ള വഴ്ത്തിലു്" എന്നു് അഭിപ്രായപ്പെട്ടുകൊണ്ടു് വേഗത്തിൽ പള്ളിനീരാട്ടും അമൃതേത്തും കഴിച്ചു ഘോഷയാത്ര ആരംഭിച്ചു. ഇട്ടുണ്ണി കായ്ക്കാരെ അനുകരിച്ചു കണ്ണുകളിൽ നീലാഞ്ജനവും, പല്ലുവാംഗികളുടെ കോമളാധരങ്ങളേയും ലജ്ജിപ്പിക്കുമാറു രോണപ്രഭമായ രേഖകളാൽ വിരാജമാനമായുള്ള പരിവട്ടങ്ങളും ചാർത്തി, കേശമീശകളെ കോതി കതുക്കി ചെംകുംകുമക്കുറികൊണ്ടു ലലാടസ്കന്ധവക്ഷസ്സുകളെ ആഗ്നേയമാക്കി, നാലു അകമ്പടിക്കാർ വാളുകൊണ്ടു ഏന്തി മുന്നകമ്പടി ആയി നടന്നും, കരു മുന്നിലക്കാരൻ വഴികാട്ടിയും, ശേഷം പരിജനങ്ങൾ പിന്നകമ്പടി സേവിച്ചും, അജിതസിംഹരാജാവു പൂങ്കനൽപോലും മിനുക്കി, ശസ്ത്രക്രിയയ്ക്കുടങ്ങിയവനെന്നപോലെ മഞ്ചലിൽ മലർന്നു കിടന്നപ്പോൾ, മഞ്ചൽക്കാർ, അന്നേരം ആരേ

Digitized By Kerala Sahitya Akademi

ഹേ എന്നുള്ള വിളികളോടെ നടയൻ കുതിരകളുടെ രീതിയിൽ ചുവടുവച്ചു പാഞ്ഞുതുടങ്ങി. പരിസരദേശങ്ങളിലുള്ള അനാഗരികന്മാർ ഈ ഇംപ്രഥമമായി കിട്ടുന്ന ഘോഷയാത്രാസന്ദർശനത്തിനു പാഞ്ഞെത്തി. കന്നകാലികൾ തല ഉയർത്തി, വാലുകൾ പൊക്കി, പുറംകാലുകൾ മേൽപ്പോട്ടെറിഞ്ഞു മഞ്ചൽപ്പാട്ടിന്റെ താളം കപ്പിച്ചു വിരണ്ടു മണ്ടി. ഇളംതളിരുകളുടെ ഭുക്തികൊണ്ടു് ഉന്മത്തരായിത്തീർന്നിട്ടുള്ള ചില ഋഷഭക്കുട്ടന്മാർ മുന്നോട്ടു നീങ്ങാതെ കണ്ണുകൾ തുറിച്ചു് കൊമ്പുതാഴ്ത്തി അജിതസിംഹനെ അഭിവാദ്യംചെയ്തു. തങ്ങളുടെ വിശ്രമത്തിന്റെ ഭഞ്ജകനായുള്ള ആ ധൂർത്തന്റെ നേർക്കു മറു ചിലർ മസ്തകസ്ഥങ്ങളായ ആയുധയുഗ്മങ്ങൾ ചൂണ്ടി ചില അടവുകൾ പ്രയോഗിപ്പാൻ പാഞ്ഞടുത്തു. അജിതസിംഹൻ പാശ്ചവത്തിയായി കൊടുന്ന മുതല്പോരാടു വിവാഹഗൃഹത്തിലേയ്ക്കു് എത്ര ദൂരം ഉണ്ടെന്നു് അറിവാൻ "അങ്ങട്ടുക്കു് ഇനി നായിക" എന്ന പ്രശ്നാംശത്തെ മൊഴിഞ്ഞപ്പോൾ നായിക പദത്തെ അവഗ്രഹണംചെയ്ത ഭടപ്രധാനി സാവിത്രിക്കുട്ടിയെക്കുറിച്ചുള്ള എന്തോ അന്വേഷണമാണെന്നു ധരിച്ചു് "എഴുന്നള്ളത്തോടുകൂടിത്തന്നെ പോന്നേയ്ക്കും" എന്നു് ഉണർത്തിച്ചു. ബബ്ലേശ്വരൻ കഴങ്ങി; കഥയെന്താണെന്നു മഞ്ചൽത്തടിയോടുതന്നെ ചോദിച്ചു. തന്റെ പ്രശ്നത്തിന്റെ സങ്കോചിപ്പുകൊണ്ടു ഭാവം സൂക്ഷ്മമായി ഗ്രഹിക്കാത്തതാണെന്നു വിചാരിച്ചു് ആ അജ്ഞന്റെ ബുദ്ധിയെ പ്രകാശിപ്പിപ്പാൻ അജിതസിംഹൻ തന്റെ അന്വേഷണത്തെ വ്യക്തമാക്കി.

"ഡോ കാളു് അങ്ങട്ടുകൂടിത്തന്നെ. നായിക എത്ര ഉണ്ടെന്നാണു്. നോം അ അ—ഃ

Digitized By Kerala Sahitya Akademi

മുതൽപേർ ഒന്നു ചുറ്റിനോക്കിപ്പോയി. ഇന്നിലധികം നായികമാരെ ആഗ്രഹിക്കുന്ന ഈ പെൺകൊതിയൻ ആ യാത്രാരംഗം ധനാശിജിൽ എത്തുമ്പോൾ വേണ്ടതുപോലെ ശിക്ഷിക്കപ്പെടുമെന്നു സമാധാനിച്ചു നടന്നു.

അജി:—"ഡോ! പുടമുറി ക്ഷേമംതന്നല്ലേ."

മുത:—"അടിയൻ കണ്ടില്ലല്ലോ തിരുമേനീ! തിരുമനസ്സിലേയും വീട്ടുകാരുടേയും അവസ്ഥയ്ക്കു ചേരുംവണ്ണം കല്പിച്ചു് അതെല്ലാം വാങ്ങിച്ചിരിക്കും.

ഈ തെക്കരെക്കൊണ്ടു പൊറുതിയില്ലെന്നു് ആ രാജസിംഹൻ വിചാരിച്ചു എങ്കിലും, തന്റെ സോദാസന്നാഹോദ്യമത്തെ ഉണ്ണിത്താൻ അറിയാതെ തുടങ്ങുകയാണെന്നു ആലോചിച്ചു് മുതൽപ്പേരെ കുറേക്കൂടി അടുത്താക്കിയിട്ടു് രഹസ്യമായി ഇങ്ങനെ ചോദിച്ചു. അവിടഗ്രഹിച്ചില്ലേ? പടക്കു്—നല്ല ഉത്സാഹക്കാരെ കിട്ടുല്ലേ?

പടക്കുപൊട്ടിക്കുന്ന വിഷയത്തിൽ പ്രസക്തനായ ഈ ജളനെ തങ്ങളുടെ കായ്ക്കാർ യജമാനൻ വട്ടത്തിലാക്കുന്നതു ന്യായംതന്നെ എന്നു ചിന്തിച്ചുകൊണ്ടു് "അടിയൻ! എത്രവേണമെങ്കിലും ഉണ്ടാക്കാം" എന്നു മുതൽപ്പേർ മറുപടി പറഞ്ഞു.

അജി:—"ഒരു നാലഞ്ചു പംക്തിതപന്തി ചേത്താൽ മതിയാകും. പ്രയോഗവിധങ്ങൾ നോംതന്നെ അഭ്യസിപ്പിക്കാം.

മുത:—"അടിയൻ അടിയൻ."

അജി:—"ഡോ! ചെലവു വലുപ്പത്തിലാവരുതു് കലശേഖരപ്പെരുമാളെ സന്തോഷിപ്പിക്കാം എന്നു വച്ചാണു്."

കലശേഖരപ്പെരുമാൾ തിരുമനസ്സിലേയ്ക്കു് ഇങ്ങനെയുള്ള ഒരു കളിയിൽ ആസക്തിയുള്ള സംഗതി മുതൽപ്പേർ

Digitized By Kerala Sahitya Akademi

അറിഞ്ഞിരുന്നില്ല. അതിനാൽ അവിടത്തെ ശൈശവാവത്ഥയുടെ കുറിച്ചു പ്രതിപാദിക്കുന്നതു പ്രജാധർമ്മമല്ലെന്നു ചിന്തിച്ചു അയാൾ മഞ്ചൽക്കാരെ ഉന്മേഷപ്പെടുത്താൻ മുന്നോട്ടുനടന്നു. ഇങ്ങനെ കരു സാരഥിയുടെ ചമ്മട്ടിപ്രയോഗം തുടങ്ങിയപ്പോൾ, മഞ്ചൽക്കാർ അശ്രദ്ധയോഗത്തിൽത്തന്നെ പാഞ്ഞുതുടങ്ങി. ദുർവ്വിഷഹായി, തന്നെ ദണ്ഡിപ്പിക്കുന്ന ആ രാജസഹ്രണപ്രധാനനെ ശിക്ഷിപ്പാൻ വായുഭഗവാൻ വാഹനസ്ഥനായ തിരുമേനിയുടെ പരിവട്ടത്തിൽ പിടിയിട്ടു. ആ വസ്ത്രാക്ഷേപകർമ്മത്തെ തിരോധിക്കുന്ന സാഹസത്താൽ അജിതസിംഹന്റെ കൈകൊണ്ട് പിടിപ്പതു പണികിട്ടിയെങ്കിലും, നല്ല കാടുകണ്ടും കാറ്റൊറവും സന്തുഷ്ടനായപ്പോൾ കരു പട്ടുക്കുട ഇല്ലാത്തതിന്റെ ന്യൂനതയെ അദ്ദേഹം സ്മരിച്ചു വ്യസനിച്ചു. പാന്ഥരുടെ കൈകൂപ്പുകൾക്കു തലയാട്ടി ബബ്ലേശ്വരൻ തളർന്നുതുടങ്ങി. ഭാഗ്യവശാൽ സന്ധ്യ ആയി, ജനസഞ്ചാരം കുറഞ്ഞു, മാർഗ്ഗപാർശ്വങ്ങളിലുള്ള പെരുവനങ്ങളിൽ ചന്ദ്രിക പ്രകാശിച്ചുതുടങ്ങിയപ്പോൾ, രാജാവ് തന്റെ കരു പരിചാരകനെ അടുത്തുവിളിച്ചു, "ഡാ! ആ "മാധവസമയമിദം"കൊണ്ടു പിടിച്ച ശങ്കരാഭരണത്തിൽ ഒന്നു മേളിക്ക" എന്നു ആജ്ഞാപിച്ചു.

പാട്ടുകയും കാട്ടുകയുംകൂടി വിഷമം ആണെന്നു ആ ഗായകൻ ഉണർത്തിച്ചപ്പോൾ, "എന്നാൽ മഞ്ചൽ ഒന്നു തായട്ടെ" എന്ന കല്പന പുറപ്പെട്ടു. കഴിവുണ്ടെങ്കിൽ ആ യാത്രയെ ചന്ദ്രാസ്തമയംവരെ എത്തിച്ചിട്ടു അവസാനകൈ പ്രയോഗിക്കണം എന്നു നിയുക്തന്മാരായിരുന്ന മഞ്ചൽക്കാർ ഈ കല്പന ഉണ്ടായ ഉടനെതന്നെ മഞ്ചൽ താഴ്ത്തി കാട്ടിനകത്തോട്ടുനടന്നു. ഗായകനും "മാധവസമയ

Digitized By Kerala Sahitya Akademi

മിടം" തോന്നാത്തതിനാലും, വിചാരിച്ചപ്പോൾ "ശങ്കരാഭരണം" വരാത്തതിനാലും, "നവരസം" മൂളി ശ്ലോകം ചൊല്ലിനിട്ട "നല്ലാർകുലമണിയും മൌലിമാലേ:" എന്നു പാടിത്തുടങ്ങി. പാട്ടു് അവസാനിച്ചിട്ടും കാട്ടിക്കുടന്ന മുന്നിലക്കാരനേയും മറും കാണുന്നില്ല. വിവാഹമുഹൂർത്തം വഴുതുന്നു. ഉദ്വേഗാധിക്യതയിൽ വായുഭഗവാനും തിങ്ങുന്നു. വല്ല അഭയകേന്ദ്രത്തിലും പാറണമെന്നുള്ള മോഹം അജിതസിംഹനും തോന്നുന്നു. ഗായകൻ പാടിപ്പാടി ക്ഷീണിച്ചു് അജിതസിംഹന്റെ താളങ്ങളെ തെറ്റിച്ചു കൂക്കുവിളികളിലും എത്തുന്നു.

തങ്ങളുടെ അധികാരാതിർത്തിയിൽപ്പെട്ട ഒരു ഭവനത്തിൽനിന്നു മുഴുമായി വിശപ്പും, ഒരു "സിംഹള"ഗൃഹത്തിൽനിന്നു ദാഹവും, തീർത്തു് മഞ്ചൽക്കാർ അജിതസിംഹന്റെ അന്തരയാത്രയ്ക്കായി മടങ്ങിഏത്തി മഞ്ചൽ ഏന്തി. ബബ്ലേശ്വരൻ അക്ഷമനായി ശിരച്ഛേദശിക്ഷകളും മറും വിധിപ്പിക്കുന്നതെന്തിനു് കയത്തുകൊണ്ടു മഞ്ചലിൽ വീണ്ടും കയറി. മുതൽപ്പേരും മറും ദാഹംതീർത്ത സംപ്രദായം ഗന്ധവാഹമാർഗ്ഗേണ ബബ്ലേശ്വരന്റെ നാസാരന്ധ്രത്തെ പീഡിപ്പിച്ചു് അവിടത്തെ തിരുവുള്ളത്തിലും ചില ആകാംക്ഷകൾ ഉല്പാദിപ്പിച്ചു. മഞ്ചൽക്കാരുടെ ഗാനം മുറുകി. അജിതസിംഹന്റെ നിശ്വാസവായു അതികോലാഹലമായിത്തുടങ്ങി. തെളിഞ്ഞ ആകാശവും, ശുക്ലപക്ഷാർദ്ധം കഴിഞ്ഞുള്ള ചന്ദ്രികയും, ചീവീടുകളുടെ ഗീതങ്ങളും, മഞ്ചൽപ്പാട്ടിനാൽ ഉണർത്തപ്പെട്ട ജംബുകങ്ങളുടെ മത്സരധ്വനികളും. ആ പരിണയയാത്രയെ ദീപയഷ്ടിവാദ്യഘോഷങ്ങളോടുകൂടിയ ഒരു പുറപ്പാടിനതുല്യം ആക്കിത്തീർത്തു. മഞ്ചൽക്കാർ തദ്വേഗത്തോടേ പാഞ്ഞു്, കാടുകഠ, കൽ

Digitized By Kerala Sahitya Akademi

ത്തറകൾ, കന്നുകൾ, പാടങ്ങൾ, ചിറകൾ, വരമ്പുകൾ എന്നിവ തരണംചെയ്ത് ഉന്നതമായ ഒരു കുന്നു കയറിത്തുടങ്ങി. കാട്ടു പീന്തി മുട്ടോടിയുംവണ്ണം കുതിച്ചും, കിതച്ചും, പായുന്നതിനിടയിൽ, വല്ലികൾ, ചെടികൾ, എന്നിവയുടെ കൊമ്പുകൾ സ്വാഗതസൂചകമായി മഞ്ചൽവാസിയായ ഭൂപരിരക്ഷകനെ പരിരംഭണംചെയ്തു. ചിലർ സാവിത്രിയോടുള്ള മത്സരഭാവത്താലോ, കേവലം കുതിപ്രദർശനമായോ, ചില നഖക്ഷതങ്ങളും ആ രാജസിംഹന്റെ തിരുമേനിയിൽ ചേർത്തു. ഗൃഹാന്തരാളങ്ങൾപോലുള്ള പ്രദേശങ്ങൾ കടന്നു പിന്നെയും കുന്നു കയറിത്തുടങ്ങി. ബബ്ലേശ്വരത്തുപ്പാങ്ങൾ കീരീടാലംകൃതമാകേണ്ട അവിടുത്തെ ശിരസ്സിന്റെ നിരപ്പിനെക്കാൾ ഉന്നതിയിൽ ആവുകയാൽ, അദ്ദേഹം ആന്ദോളവാഹകന്മാർക്ക്, ദൃഷ്ടസ്വരത്തിലും, ഗ്രാമ്യഭാഷയിലും വാഹക കർമ്മത്തെക്കുറിച്ചു ചില ഉപദേശങ്ങൾ നൽകി. മഞ്ചൽക്കാർ വഞ്ചിപ്പാട്ടുപാടി കുന്നിന്റെ തലയിരപ്പിലെത്തി. അർദ്ധരാത്രി അടുക്കാറായപ്പോൾ അജിതസിംഹന്റെ തിരുവയറും, അകമ്പടിക്കാരുടെ പഴവയറുകളും വിവാഹസദ്യപ്പുന്തൽ അണയുവാൻ കാംക്ഷിച്ചു. അജിതസിംഹൻ തിരുമുരേം തടവിത്തുടങ്ങിയപ്പോൾ കുന്നിന്റെ ശിരഃപ്രദേശത്തുള്ള നിരപ്പ് അവസാനിച്ചു. അരുവിപ്രവാഹംപോലെ മഞ്ചൽ കീഴ്പോട്ടു പാഞ്ഞു. "അയ്യാ! മേഷാ!" എന്ന് ബബ്ലേശ്വരന്റെ അകമ്പടിക്കാർ സഹഗമനം ചെയ്വാനുള്ള പ്രയാസത്തെ നിലവിളിക്കുട്ടി. മഞ്ചൽപ്പാളയും കോസടിയും ബബ്ലേശ്വരനെക്കൊണ്ടു കന്ദുക്രീഡതുടങ്ങി. കീഴ്പോട്ട് ഇഴിഞ്ഞുതുടങ്ങിയ ബബ്ലേശ്വരൻ മഞ്ചൽത്തണ്ടിന്മേൽ കൈകൾ കോർത്ത് ആസനസ്ഥനായി. മഞ്ചൽക്കാരുടെ

Digitized By Kerala Sahitya Akademi

മൂക്കുകുത്തുംപടിയ്ക്കുള്ള കീഴ്പോട്ടേ പാച്ചിലിനിടയിൽ ബബ്ലേശ്വരൻ ഞാണിന്മേൽ ടങ്കിപ്പുകാരന്റെ കുതിരപ്പുറച്ചാട്ടം തെരുതെരെ തുടങ്ങി. ഈ ഘട്ടത്തിൽ താൻ വഞ്ചിക്കപ്പെട്ടു എന്നുള്ള ബോധം അദ്ദേഹത്തിന്റെ ഉള്ളിൽ പ്രകാശിച്ചു. ഹിന്ദുസ്ഥാനിയിൽ അവിടുത്തെ തിരുമുഖത്തിൽനിന്നു ചില ഉഗ്രാജ്ഞകൾ മേഘഗർജ്ജനധ്വനിയിൽ മുഴങ്ങുകയായി. പരിചാരകഭടന്മാരുടെ ഖഡ്ഗങ്ങൾ ചന്ദ്രികയിൽ അപരാധികളുടെ ജീവാവസാനകർമ്മത്തിനു് ഉദ്യുക്തങ്ങളായി തിളങ്ങി.

"മഞ്ചൽനിറുത്തട്ടെ" എന്നു് കരാജ്ഞ പുറപ്പെട്ടതും; മഞ്ചൽ ഭൂമിയിലോട്ടു താണതും, മഞ്ചൽക്കാരും വേത്രധാരികളും ടങ്കാപ്രമാണിയും വാനനിഗ്രഹത്തിടയിൽ അപ്രത്യക്ഷർ ആയതും അരക്ഷണംകൊണ്ടു കഴിഞ്ഞു. ചന്ദ്രന്റെ പരിഹാസത്തോട്ടവും, നക്ഷത്രപോതങ്ങളുടെ സന്തോഷഗർഭങ്ങളായ കടുചവീക്ഷണങ്ങളും, വാതതരുക്കളിൽ തട്ടി വായുഭഗവാൻ ഹസിക്കുന്നതും, അജിതസിംഹനെ അനുശ്ലേയകർമ്മത്തിലോട്ടു സബുദ്ധിയെ വിനിയോഗിക്കുന്നതിൽ അപൌരുഷനാക്കി. വഴിയരുകിൽ തൊട്ടുപാടേ കിടന്നു് ക്ഷീണശ്വാസങ്ങൾ പോക്കിക്കൊണ്ടിരുന്ന കരടിഗംബരമൂർത്തി പൊടുന്നനവേ ചാടി എഴുന്നേറ്റു, ഊരിപ്പിടിച്ചിരിക്കുന്ന ഖഡ്ഗങ്ങളേയും തിരായുധനായ കരടി രാജസപ്രഭാവനേയും കണ്ടു് കനു് അധികമായി സംഭ്രമിച്ചു. എങ്കിലും പരമാർത്ഥം മനസ്സിൽ തിളങ്ങിയപ്പോൾ അജിതസിംഹന്റെ കാല്ക്കൽ വീണു് അതിനെ മുറുകെ അണച്ചുകൊണ്ടു് നിലവിളിതുടങ്ങി. "അയ്യോ! എന്റെ പൊന്നുതിരുമേനീ! ഇവനേ കൊന്നുകളഞ്ഞേക്കല്ലേ! തല്ലി എല്ലുനുറുക്കി കൊല്ലാതാക്കിക്കളഞ്ഞേക്കല്ലേ; ഉടുതുണികളും പിടി

Digitized By Kerala Sahitya Akademi

ച്ചു പറിച്ചോണ്ടേ! സാമദ്രോഹികഠം കൊന്നു കൊന്നു കൊന്നുകളഞ്ഞേ. അതെല്ലാം സഹിക്കാം; എന്റെ പൊന്നുതിരുമേനിയെ അവർ എന്തെല്ലാം പറഞ്ഞു? കാട്ടുപരിഷകഠം! മോഷ്ടിക്കാൻ നടക്കുന്ന കൊറവനൊന്നുകൂടി പറഞ്ഞുകളഞ്ഞേ. എന്റെ പൊന്നുരക്ഷാപാദമേ! കഴുത്തറുത്തുകൊള്ളണേ! ഇനി ഇരുന്നിട്ട്__" അജിതസിംഹൻ കൊടന്തയുടെ രോദനങ്ങളെ സാന്ത്വനവാക്കുകഠംകൊണ്ടു ശമിപ്പിക്കുവാൻ കരുണപെട്ടില്ല. സമീപപ്രദേശങ്ങളിൽ എവിടെ എങ്കിലും തന്നിക്കു താമസിപ്പാൻ യോഗ്യമായ സ്ഥലം ഉണ്ടോ എന്നുമാത്രം ചോദിച്ചു.

കൊട:__"ഇത്തിരി വടക്കുപടിഞ്ഞാറു് കരിമ്പോനുഴയൊണ്ടു് അവിടെ കോഴിക്കോട്ടെ സാമോതിരിപ്പാട്ടിനു് എഴുന്നള്ളിത്താമസിക്കുന്നേ__"

അജിതസിംഹൻ സചഫസ്ഥങ്ങളാൽ കണ്ണങ്ങഠം പൊത്തി. ആപൽസന്ദർഭങ്ങളിൽ ഈ വിടകേസരിയും മൃഗകേസരിതചം പ്രകടിപ്പിപ്പാൻ ഉള്ള ജീവചീയ്യം സംഭരിച്ചിട്ടുള്ളവനായിരുന്നു. സാമൂതിരിപ്പാട്ടിലാടുചേന്നു സഹകേന്ദ്രം ചെയ്യുന്നതു് സചമാരപ്രയോഗത്തെ വക്രഗതിയിലോട്ടോ, സ്തംഭനാവസ്ഥയിലാട്ടോ ആക്കുമെന്നു പേടിച്ചു അദ്ദേഹം ഭീതികരമായുള്ള രാക്ഷസസചഭാവം പ്രകടിപ്പിച്ചു്, കൊടന്ത ആശാന്തോട്ടു രംഗം കഴിപ്പാൻ കല്പനകൊടുത്തു. ഈ അപകടത്തിൽ തന്നെ കടുക്കിയ കടിലന്റെ ഖ്യാതിയും, സ്ഥാനവും, ജീവനും, ധചംസിപ്പാനും, പെണ്ണിനേയും അവളുടെ ധൂർത്തനായ കമിതാവിനേയും കുമികഠം എന്നപോലെ പാദാഘാതംകൊണ്ടു മജ്ജാമാത്രരാക്കുന്നതിനും താൻതന്നെ സംഹാരമൂർത്തി എന്നു പ്രതിജ്ഞചെയ്തുകൊണ്ടു്, ആ "വിച്ഛിന്നസചയംബരം" പ്രബന്ധ

Digitized By Kerala Sahitya Akademi

ത്തിലെ നായകൻ ക്ഷുദ്രാഹങ്ങളെ ഗണ്യമാക്കാതെ കണ്ട വഴിയേ പരിചാരകരോടൊന്നിച്ചു നടതുടങ്ങി.

അദ്ധ്യായം ൧൬.

"ഇങ്ങനെചൊല്ലിക്കരഞ്ഞുകാലുംപിടി-
ച്ചുങ്ങനെ തരനമസ്കരിക്കുംവിധൌ
വ്യാകുലഹീനം പുണൎന്നു പുണൎന്നു-
രാശവമോന പറഞ്ഞിതു ബാലിയും
സ്ത്രീസഭാവംകൊണ്ടു പേടിയാസ്ഥേതുമേ."

ഐശ്വൎയ്യപ്രചുരിമകൊണ്ടു സമുജ്ജ്വലമായിരുന്ന കേരളശ്രീലക്ഷ്മിയുടെ ദിവ്യമായുള്ള അംഗസൗഷ്ഠവത്തെ പാശ്ചാത്യവൈൺകളിപ്പൂമ്പൂകൊണ്ടു പരിഷ്കരിച്ചപ്പോൾ, ആ പ്രതിഷ്ഠയുടെ സാക്ഷാലുള്ള ഛേമദ്യുതി പാണ്ഡുരപ്രഭയോയി ആസന്ധ്യകാലം എന്നു സങ്കല്പിക്കപ്പെട്ടുന്ന ആ പ്രാചീനദശകളിൽ ജനിച്ച സമുദായാംഗങ്ങൾ ഗാത്രവൈപുല്യത്തിൽ ജയദ്രഥന്മാരും, ആത്മാഭിമാനമഹത്വത്തിന്റെ സംരക്ഷണത്തിൽ അജ്ജുനന്മാരും, രക്തച്ഛിദ്രകൎമ്മത്തിൽ ജാമദഗ്ന്യന്മാരും, പരിശ്രമസാഹസങ്ങളിൽ ഭഗീരഥന്മാരും ആയിരുന്നു. ഭൂതകാലത്തിരയുടെ അവസാനശിഖരത്തെ തരണംചെയ്തു ജീവിക്കുന്ന നിഷ്പക്ഷവാദികൾ അതീതകാലത്തിന്റെ ഈ ഹൃദയംഗമതയെ സമ്മതിക്കുമായിരിക്കാം. പെരിഞ്ചക്കോടൻ ഖലനും, തസ്കരനും, പക്ഷേ നരാധമധിയും, ആയിരുന്നു എങ്കിലും, അയാൾ ആ നികൃഷ്ടമായുള്ള അഗാധതയിൽ നിപാതംചെയ്തുപോയതു് സന്ദർഭവൈചിത്ര്യങ്ങളുടെ നിബ്ബന്ധഭാരത്താൽ ആയിരിക്കാം. മനുഷ്യരെ മനുഷ്യരെ ഉത്തമമായ ഉന്നതമാഗ്ഗങ്ങളിലോട്ടും അർഹ

Digitized By Kerala Sahitya Akademi

പൂർണ്ണമായുള്ള ഗത്തപ്രദേശങ്ങളിലോട്ടും ചരിപ്പിക്കുകയോ, വ്യതിചലിപ്പിക്കുകയോ ചെയ്യുന്നു. ദാരിദ്ര്യജമായ തൃഷ്ണയും മത്സരത്തിനതുല്യംതന്നെ. ജീവിതപദ്ധതിയുടെ സ്വീകാരവിഷയത്തിൽ മനുഷ്യപാർശ്വങ്ങളെ നിയന്ത്രണംചെയ്യുന്നു. സ്വീകൃതമായ പന്ഥാക്കളുടെ അനുകരണംകൊണ്ടു് വിപരീത ഗതികന്മാരായ രണ്ടു വഴ്ക്കാർ വിവിധങ്ങളായ യശസ്സുകളേ സംഭരിച്ചു. പെരിഞ്ചക്കോടൻ ദുഷ്പഥപ്രവേശംകൊണ്ടു ദുശ്ശസ്സിനേ, കേശവപിള്ള സുയശസ്സിനേ എന്നപോലെതന്നെ, സമ്പാദിച്ചിട്ടുള്ള ഒരു ദുഷ്പാദൻ ആയിരുന്നു. തന്റെ ചാരപ്രധാനനായ കുഞ്ചുക്കുട്ടിപ്പിള്ളയുടെ ദുഷ്ടിമാഗ്ദ്ധണ പാണ്ടയുടെ തിരുവനന്തപുരത്തുള്ള സങ്കേതം കണ്ടുപിടിച്ചു് അവിടത്തെ ഭടസംഘത്തെ യിഗ്രഹിച്ചും കാടിച്ചും അമർത്തിയതു്, മന്ത്രിയുടെ ഒരു സാമർത്ഥ്യംതന്നെ ആയിരുന്നു. എന്നാൽ ആ ക്രിയയ്ക്കു് അനുമതി നൽകിയബുദ്ധി പെരിഞ്ചക്കോടന്റെ ചിത്തസ്വാതന്ത്ര്യപണത്തെ സൂക്ഷ്മഗ്രഹണം ചെയ്തതായി അനന്തരസംഭവങ്ങൾ തെളിയിക്കുമോ എന്നു സംശയിക്കേണ്ടതായിരിക്കുന്നു. രക്ഷാശിക്ഷാദികൾ സാധിക്കുവാൻ നരജന്മം എടുക്കുന്ന ഈശ്വരന്മാരും ജലപ്രക്ഷേപണംകൊണ്ടുമാത്രം അവരവരുടെ അവതാരോദ്ദേശ്യങ്ങളെ നിറവേറുന്നില്ല. അവരുടെ പരിശ്രമപവങ്ങൾതന്നെ, അപൂർണ്ണദശാം എന്നുള്ള ക്ഷീണം ഭ്രജീവിതസഹജമെന്നു തെളിയിക്കുന്നതുകൊണ്ടു്, കേശവപിള്ളയിൽ വല്ല ബുദ്ധിന്യൂനതയും കാണുന്നുണ്ടെങ്കിൽ അതു ക്ഷന്തവ്യമാണു്.

പറപാണ്ടയുടെ പാളയത്തിഷ്ടം കണ്ടു ക്ഷീണിച്ച പെരിഞ്ചക്കോടൻ ഒട്ടുകഴിഞ്ഞപ്പോൾ ഉൽക്ഷുലമായ കോപാഹങ്കാരത്തോടെ "അവന്റെ കണ്ണിൽനിന്നു തീച്ചോര"

Digitized By Kerala Sahitya Akademi

എന്നു് കരു ഘോരപ്രതിജ്ഞയെ മന്ത്രിച്ചു. പാകാതെ ശേഷിച്ച ഭടജനത്തെ വരുത്തി ഏതുവിധവും പെരിഞ്ചക്കോട്ടകാവിൽ എത്തിക്കൊള്ളുന്നതിനു് ആജ്ഞയും കൊടുത്തു. ഗൃഹത്തിലേയ്ക്കു മടങ്ങാൻ താനും പുറപ്പെട്ടു് കരമനയാറിയുടെ മറുകരയിൽ എത്തിയപ്പോൾ, രാജ്യാധികാരികളുടെ പ്രതിനിധികൾ തെക്കിണാടിക്കിലേയ്ക്കുള്ള അയാളുടെ യാത്രയെ പ്രതിരോധിച്ചു. ആ ഭീമകായം പുറകിലുള്ള നദീജലത്തിൽ ആഴിരസ്നാനം ചെയ്തു. അവിടെ മുങ്ങിയ ആ ഭീമശരീരത്തെ വീണ്ടും കാണാഴികയാൽ രാജ്യകാര്യനിർവ്വാഹകന്മാരിൽ താണപടിക്കാരായ പ്രതിരോധികൾ, താടിക്കു കൈകൊടുത്തു് ആശ്ചര്യപ്പെട്ടും, നിലാവുവെളിച്ചം നോക്കി ആയന്ദിച്ചും, നിലകൊണ്ടു. രാജശാസന അല്ലെങ്കിൽ മന്ത്രിശാസനയുടെ പ്രയോഗശക്തി പെരിഞ്ചക്കോടന്റെ സംഗതിയിൽ തൽക്കാലം അവിടെ അവസാനിച്ചു.

കുന്നരണ്ടു സംവത്സരങ്ങൾക്കുമുമ്പു്, പെരിഞ്ചക്കോടന്റെ ഘണ്ടാകർണ്ണബഹുലം അദ്ദേഹത്തിന്റെ സങ്കേതത്തെ വലയംചെയ്തിരിക്കെത്തന്നെ, പ്രാണഭയം ഇല്ലാത്ത അഴകൻപിള്ളയ്ക്കു് ആ ധീനകവാതത്തിനകത്തുള്ള പ്രതിഷ്ഠയെ കുന്നു കാണണമെന്നു മോഹം ഉണ്ടായി. അയാൾ അവിടത്തെ കണ്ടകപ്രാകാരങ്ങളേയും മതിൽക്കോട്ടയേയും തരണംചെയ്തു, രണ്ടു വനയക്ഷികളേ കണ്ടു. ആ കൗമൽകൌതൂഹലത്തെ ആസ്വദിപ്പാൻ യജമാനനേയും ആ കഞ്ജസദനത്തിൽ അഴകൻപിള്ള പ്രവേശിപ്പിച്ചു. ഇങ്ങനെ ദേവകിയും കല്യാണപ്പിള്ളയും അഴകുള്ളാരുടെ ചിത്രലേഖാകർമ്മങ്ങളാൽ ഉഷാനിരുദ്ധന്മാരായി സംഘടിക്കപ്പെട്ടു. എന്നിട്ടും, അച്ഛനായ ബാണപ്രഭുവെക്കുറിച്ചുള്ള സ്നേഹത്താൽ, ഈ ഉഷാ പുരാണത്തിലെ ഉഷയെപ്പോലെ 'ക

Digitized By Kerala Sahitya Akademi

ന്ത്യാഗ്രഹത്തിൽ പുരുഷവസന്തങ്ങൾ' കാണാനും മറ്റും സംഗതി ആക്കിയില്ല. തടസ്സങ്ങൾ, വർദ്ധിക്കുമ്പോൾ അതുകളെ ഞെങ്ങിപ്പൊടിക്കുവാൻ പുരുഷവീര്യമുള്ളവർ ദേഹത്യാഗത്തിനും സന്നദ്ധരാകും. കല്ലറയ്ക്കൽപിള്ള, തന്റെ ഗൃഹത്തിൽനിന്നു് അല്പം ദൂരത്തായി "ദേവികോട്ട്" എന്ന ദേശം സ്ഥാപിച്ചിട്ടുള്ള ദിവാൻജിയായ സുബ്രഹ്മണ്യന്റെ അടുത്തെത്തി സപരിഭ്രമം ധരിപ്പിച്ചു. "യുദ്ധം കഴിയട്ടെ" എന്നുമാത്രം ആ മഹാനുഭാവന്റെ നിന്നു ഉണ്ടായ അനുഗ്രഹത്തെ പുരസ്കരിച്ചു്, അദ്ദേഹം അടങ്ങിപ്പോന്നു. എന്നാൽ താമസംകൂടാതെതന്നെ പെരിഞ്ചക്കോട്ടേ വന്നദേവികാര്യം കല്ലറയ്ക്കൽപിള്ളയുടെ അധീനത്തിൽ, മന്ത്രിയുടെ ആജ്ഞാനുസാരം, സംസ്ഥിതകാര്യം ആക്കപ്പെട്ടപ്പോൾ ആ കാമദേവാനുഗ്രഹീതൻ പെരിഞ്ചക്കോടനായ കാലദേവന്റെ ദണ്ഡനിപാതത്തെ ചേടിച്ചു. യുദ്ധംനിമിത്തം രാജ്യത്തിലെ പ്രധാന സേനാപംക്തികളുടെ സഹായം കിട്ടുവാൻ തരമില്ലാത്ത ആ സന്ദർഭത്തിൽ മൂലബലസഹിതം പെരിഞ്ചക്കോടൻ മടങ്ങി എത്തിയാൽ, തന്റെ മൂന്നാം സ്ഥാനാധികാരം ഉപേക്ഷിച്ചിട്ടു രക്ഷയ്ക്കായി വല്ല പാതാളവും തേടേണ്ടിവരും എന്നു ഭയപ്പെട്ടു് തന്റെ പ്രിയദർശനത്തിനു് ഉഴറാൻപോലും കരുങ്ങാതെ കാര്യാന്വേഷണശ്രോഗങ്ങൾ മാത്രം നിർവ്വഹിച്ചുനടന്നു. ആ തക്കത്തിൽ "ഉഷാനിരുദ്ധം" നിറവേറാതെ, മദ്ധ്യേശത്രുദ്വേഷികളായി വർത്തിക്കുന്നവരേ നാസിച്ചു്, അഴകൻപിള്ള ലക്ഷ്മിഅമ്മയോടും തന്റെ യജമാനയോടും തോറ്റിട്ടു്, ഒരു നിശാരംഭത്തിലെ സൈരാവസരംനോക്കി ദേവകിയോടു് ഇടഞ്ഞു. "ഞങ്ങൾ കല്ലറയ്ക്കപ്പോന്നു പാത്തുടാണ്ടു് ഈ ആളുകളെ ഇട്ടു ചെമ്മച്ചുനി പിടിപ്പിക്കണതെന്തിനപ്പീ?" എന്നു് അ

Digitized By Kerala Sahitya Akademi

യാള്ിൽനിന്നുണ്ടായ ചോദ്യത്തിനു ദേവകി ഇങ്ങനെ മറുപടി പറഞ്ഞു. "ഇന്നു് അങ്ങോട്ടു ചാടിപ്പോന്നാൽ നാളെ മറെറാരടത്തേക്കും ചാടിപ്പോവും എന്നു് അദ്ദേഹം വിചാരിക്കും."

അഴക:—"എന്നാപ്പിന്നെ അതേതു പെണ്ണുങ്ങക്കു വയ്യാത്തതു്; എന്നുവച്ചു പെണ്ണുകൊള്ളയും പൊറുപ്പിക്കുയും ചെയ്യുണാരില്ല്യോ."

ലക്ഷ്മി:—"ഞെരുക്കണ്ട അഴകൻപിള്ളേ! എലങ്കം പോയതിനെക്കുറിച്ചു വലിയ ശണ്ഠകൂട്ടിക്കൊണ്ടു തിരിച്ചെത്തും. അപ്പോഴത്തേ ദേഷ്യം കന്നു ശമിച്ചിട്ടു് എല്ലാം ആലോചിക്കാം."

അഴ:—അതുവരെ അപ്പൊ, ഈ വെരുവിലിട്ട കൂടെപ്പോലെ—ഹ് ഹ്—കൂട്ടിലിട്ട വെരുവെപ്പോലെ കിടപ്പാനോ?"

ലക്ഷ്മി:—"മിലതൊക്കെപ്പറഞ്ഞു തീത്തിട്ടേ വല്ലതും ഏപ്പാടിനു് കരുക്കാവൂ."

അഴ:—"അഴകൂനും അറിയാം. പറഞ്ഞുതിപ്പാനും മറും കന്നും ഇല്ല. കൊലവാസംചെയ്തു് കഴിവേറാൻ വീതിച്ചുട്ടാലും, അഴക പെയ് കരു കൈപാക്കുമ്പോ എഴുത്തും കിഴുത്തുമൊക്കെ അങ്ങു മറഞ്ഞുപോവാരു'. അടിക്കടി ആളുവരുന്നാ. മൂന്നു പതിനഞ്ചെത്ര അമ്മച്ചീ അത്രയും നന്നെലം അഴകൂനു കുരമൊഴി ചാത്തി അല്ല്യോ കല്പിച്ചുതന്നാരു്? ഇന്നുചെന്നു് ഒന്നറിയിച്ചുട്ടാ തടുക്കാൻ ഏതു മന്നൻ, ഏതു മന്ത്രിരി? തേവു അപ്പിക്കുവേണ്ടി അഴകനിതാചെന്നു് ഒരു വരം കേട്ടോണ്ടു വന്നാടണേ."

ലക്ഷ്മിഅമ്മയുടെ മുഖം ചിന്താവേഗത്താൽ ചലിച്ചു എങ്കിലും അഴകശാക്കു് മഹാരാജാവിനോടുള്ള സേവാബ

Digitized By Kerala Sahitya Akademi

സ്ഥം എന്തെന്നു വിസ്തരിച്ചറിവാൻ അവർ ആഗ്രഹിച്ചു. സമയം കാത്തുനിന്നപ്പോൾ തിരുമുമ്പിൽ ചെല്ലുന്നതിനു കല്പന ആയി എന്നും കണ്ടിവരായരെ തന്നോടു സമരത്തിനു വിടണം എന്നു് അപേക്ഷിച്ചപ്പോൾ മഹാരാജാവു് ആലിലപോലെ വിറച്ചു എന്നും, താൻ ആ രാജമന്ദിരം തിടുക്കി ഘോഷിച്ച പോവ്വിളികേട്ടു് കണ്ടിരവൻ പുറത്തുചാടിയെന്നും ഉഭയംമുതൽ അസ്തമയംവരെ പോരാടി അയാളുടെ അസ്ഥികം ആറായിരവും തകർത്തു് അയാളുടെ ഉത്തരീയത്തിൽ കെട്ടി അയച്ചു എന്നും തന്റെ പാടവങ്ങളം കണ്ടുനിന്നിരുന്ന മഹാരാജാവു് ഉടനേതന്നെ "കൊണ്ടരട്ടെ ഉടവാളം" എന്നു കല്പിച്ചു എന്നും, അവിടുത്തെ തിരുവുള്ളംകൊണ്ടു ത്തമായ ആ ഖഡ്ഗത്തെ തന്റെ യജമാനൻ പിടിച്ചുമേടിച്ചു് കല്ലറയ്ക്കൽ ഭവാനത്തിലെ കല്ലറയിൽ സൂക്ഷിച്ചിരിക്കുന്നു എന്നും മൂന്നു തടിക്കണ്ടം "എന്തരോധാരമേ തന്തതിപ്രബോശ്യമേ" അനുഭവിച്ചുകൊണ്ടവാൻ കല്പിച്ച നീട്ടെഴുതിവിട്ടു് താൻ ഇപ്പോൾ യജമാനന്റെ "ഇത്തിരിയൊക്കെ അടുത്തപന്തിയിൽ" നില്ക്കാനുള്ള ഗൃഹസ്ഥൻ ആയിരിക്കുന്നെന്നും മൂഴക്കു പൊളിയും ഒരു മണി പരമാത്മവും ചേത്തു് അഴകുശ്ശാർ വണ്ണിച്ചു.

നാട്ടിൻപുറത്തെ പാർപ്പുകാർ അതതുദേശത്തെ പ്രമാണികളെ ചക്രവത്തികളായി ഗണിക്കുന്നു. കേവലം അജ്ഞതകൊണ്ടു രാജാധികാരത്തെപ്പോലും അവർ രണ്ടാംതരത്തിലാക്കി ചിലപ്പോൾ അനാദരിച്ചും കളയുന്നു. ഈ ഘട്ടത്തിൽ ലക്ഷ്മിഅമ്മയുടെ ആശയങ്ങളെ നിയമനം ചെയ്ത പ്രമാണം സമുദായവിപുലതയെക്കുറിച്ചു് അജ്ഞയായുള്ള ഒരു സ്ത്രീയുടേതെന്നു മാത്രമല്ല, ജനനത്താൽ കരു

Digitized By Kerala Sahitya Akademi

വിശിഷ്ടമായ പ്രാധാന്യത്തെ അവകാശപ്പെടുന്നവളുടേതും ആയിരുന്നു. അതിനാൽ അവരുടെ ചിന്താമാന്ത്രത്തിൽ സപത്നിയുടെ വിവാഹത്തിനു രാജസഹായത്തെ പ്രാർത്ഥിക്കുന്നതു കേവലം ഒരു നിഷ്ഠാടകർമ്മം ആണെന്നു് അവക്കു തോന്നി. ഭർത്താവായ വിശ്വംഭരനു് എതിരായുള്ള ഒരു ശക്തിയെ സങ്കല്പിക്കുകയും അവരുടെ ബുദ്ധിക്കു അശക്യമായിരുന്നു. അഴകുള്ളാരുടെ വർണ്ണനയിലെ രസാത്മകം എന്തെന്നുപോലും ഗ്രഹിപ്പാൻ നിസ്സ്തുഷ്ഠമായ അവരുടെ കൂപമണ്ഡൂകതയാൽ അവക്കു കഴിവുണ്ടായില്ല. തന്നിമിത്തം അഴകുള്ളാരുടെ മാദ്ധ്യസ്ഥം അനർത്ഥകരമായല്ലാതെ, ശ്രേഭോർക്കമായി പര്യവസാനിക്കുക ഇല്ലെന്നു് അവക്കു തോന്നി അതിനെ അവർ നിരാകരിച്ചു.

അഴ:—"ഒന്നും വരമാട്ടാരമ്മച്ചീ!"

ഒരു കോണിലെങ്ങാണ്ടോ, (ത്രിവിക്രമന്റെ സ്വാതന്ത്ര്യപ്രയോഗത്തിനു വിരുദ്ധമായി) ഭാവി മാതുലിയുടെ മുമ്പിൽ പ്രവേശിക്കാതെ മറഞ്ഞുനിന്നിരുന്ന കല്യാണിപിള്ള സ്വഭർത്തൃന്റെ ഭരമേൽപ്പിനേ ശാസിച്ചു "നിനക്കു പൈത്യംപിടിച്ചുപോയി. പെരിഞ്ഞക്കോടണ്ണൻ എപ്പോഠം കേറിവരുമെന്നറിഞ്ഞുകൂടാ. നീ തെന്തയാംവഴിക്കു ഓടപ്പാൻ പോയാൽ വല്ല ചൂനകളും വന്നു തലയിൽ കേറും."

അഴ:—(ദേഷ്യത്തോടെ) "ഒന്നീ അഴകു ചൊല്ലുമ്പോലെ അങ്ങുന്നു കേക്കണം. അല്ലെങ്കി അങ്ങുന്നു നടക്കണതു് അഴകു ചൊല്ലുമ്പടി. അല്ലാണ്ടു് ഈ നാലും മൂന്നുമെനച്ചോണ്ടിരുന്നാ, നന്നു വഹ്ക്കമാട്ടാത്തു്. അങ്ങുചെന്നു് ആ ഏലങ്കത്തിടിലിലു് ശൈവനെന്നിരിക്കണം. അഴകുചെന്നു് എന്തരിനെല്ലാം നീട്ടും തിട്ടിയും പിടിച്ചോണ്ടു വരുണെന്നു പാർത്താളണം."

Digitized By Kerala Sahitya Akademi

ലക്ഷ്മി:—"എന്നെറ അഴകുശ്ശാരേ! താനിത്ര അടങ്ങി ഇരിക്കെ. എവിടെ അച്ഛന്നെറ മനസ്സ് എങ്ങന്തെ എന്നറിഞ്ഞു—"

അഴ:—മക്കെന്നു ചൊല്ലുമ്പം കൊക്കെന്നു കേട്ടോണ്ടാ—ഹല്ല്യോ? ആ മന്ദം വരുത്താന്തല്ല്യോ അഴകു പോണത് അമ്മച്ചീ ഈ കല്ലന്താന്നു ചൊല്ലുണില്ല്യോ—പൊന്നുതമ്പുരാന്നെറ കല്ലന്ത, അതു കല്ലെപ്പിളപ്പാകൂ."

ഈ വാക്കുകൊണ്ടു കേട്ടു ലക്ഷ്മിഅമ്മ അല്പനേരം ചിന്തയോടിരുന്നു. രാജകല്പനയോ? സമുദായകല്പന, അല്ല സംഘകല്പന, ഈ മൂന്നാമത്തതു് എന്തെന്നു തന്നിക്കു ത്രുപം ഉണ്ടു് അതു് കല്പനകളെയല്ലാ, എല്പനകളെയുമല്ല, ആത്മാവുകളെ തകർക്കുന്നു. ജന്മജന്മാന്തരമോക്ഷത്തെ നഷ്ടം ആക്കുന്നു. കല്പന എന്നുള്ള ശിലാരേഖകൊണ്ടിയെ വഹിക്കുന്ന മഹൽകേന്ദ്രം അതിഹിസ്സാരങ്ങളായ സംഘകേന്ദ്രങ്ങൾ മുക്തങ്ങളാക്കുന്ന അശുശ്രൂഷകകളാൽ സംഭവിപ്പീക്കപ്പെടുന്ന ദുരിതസമുച്ചയങ്ങളെ പ്രതിബന്ധിപ്പാൻ ശക്തിവഹിക്കുന്നുവോ? ഇല്ലെങ്കിൽ അതിന്നെറ മാഹാത്മ്യം എന്തു്? ഈ ചിന്തകളുടെ അവസാനത്തിൽ ഇങ്ങനെ ഒരു ക്ലേശാച്ചാരണവും അവരുടെ ഹൃദയനാളത്തിൽനിന്നു മുക്തമായി. "അതേ അഴകുശ്ശാരെ. ചിലരുടെ നെഞ്ചിനകത്തുള്ള കല്ലിനെ അതു തകർക്കുമോ എന്നു സംശയമുണ്ടു്."

തന്നിക്കു ദൈവകൃപയാൽ ശരിയായ രക്ഷ കിട്ടിയിരിക്കെ, ഈ ക്ലേശം അവിഹിതം അല്ലേ എന്നു ലക്ഷ്മിഅമ്മ സചയം ശാസിക്കുന്നതിനിടയിൽ അവരുടെ ശരിപ്രായത്തെ പ്രത്യാശിച്ചു് പുത്രിയും അഴകുശ്ശാരും നിശ്ചലനായതിനെ പരിഗണിക്കാത്ത ഒരു ദീർഘഛസ്സം അവരെ ആവരണംചെയ്തു.

Digitized By Kerala Sahitya Akademi

അഴകുഴ്ശാർ മുറംതോട്ടചാടി ചാഞ്ഞുനിന്നിരുന്ന വൃക്ഷശാഖവഴി ചന്ദ്രബിംബംചേന്ന് അഭയംപ്രാപിക്കാൻ എന്നപോലെ അംബരം എത്തി. അഭിലഷിച്ചുകൊണ്ടിരുന്ന ദശാന്തത്തിന്റെ ലബ്ധിയിൽ ഉദിതമായ ആനന്ദത്താൽ അരുണിതമായ മുഖത്തോടെ ദേവി അച്ഛന്റെ ദക്ഷിണഹസ്തത്തെപ്പിടിച്ചു തന്റെ ദേഹത്തെ വലയം ചെയ്തിച്ചു. ഖലനും, അസുരനും, നാരകീയനും ആയ ആ ഹിമവൽകായന്റെ ഉന്നതശിരകളിലുള്ള ജലസുരഭികഠം രണ്ടിലുംനിന്ന് ദിവിധമായുള്ള അമൃതധാരകഠം പ്രവഹിച്ചു് ആ അവലംബിനീയുഗ്മത്തെ അഭിഷേകംചെയ്തു. കിഴക്കേ നന്തിയുടെ വിവാഹകർമ്മത്തിനായി കരുക്കപ്പെട്ട ദീപശിഖകൾ എന്നപോലെതന്നെ, ആ ചെറുമന്ദിരമായുള്ള ആശ്രമവേദിയിൽ വിളങ്ങിയിരുന്ന ദീപവും മുഹൂർത്തത്തിന്റെ ഐക്യതയാൽ ഇടംചുറ്റി വീശിയതു് രംഗസ്ഥിതജനങ്ങഠം കാണുകയോ ആ ലക്ഷണത്താൽ ജല്പിതമായ ശുഭാശുഭത്തെ ഗ്രഹിക്കുകയോ ചെയ്തില്ല.

പെരിഞ്ചക്കോടൻ അയാളുടെ ഭീമഹസ്തങ്ങഠം വലയംചെയ്തു വിലസുന്ന സ്ത്രീകഠം — ഇരുടെ ഹൃദയത്രയത്തിന്റെ സംയോജ്യാവസ്ഥ ഗ്രന്ഥകാരന്മാരുടേയോ ഗ്രന്ഥാപദോക്താക്കളുടേയോ വീക്ഷണത്തിനു വിഷയീഭവിച്ചുകൂടാത്തതായ പാവനമാഹാത്മ്യത്തോടുകൂടിയതായിരുന്നു. ആയ്ധമ്മത്തിന്റെ പ്രചാരാരബ്ധിയിൽ ബഹുകോടി സതികഠം കത്തുജ്വരീരങ്ങളോടൊന്നിച്ചു ചിതാരോഹണം ചെയ്തിട്ടുണ്ടു്. പ്രണയകഥകഠം ലോകവിശ്രുതിയെ സമ്പാദിക്കുമാറുള്ള സാഹിത്യരൂപങ്ങളിൽ പ്രഖ്യാപിതങ്ങളും ആയിട്ടുണ്ടു് എന്നാൽ ഭർത്താവിന്റെ ശിവപൂജാസമാപനത്തിനുള്ള ദസ്സം ഉണ്ടാക്കാൻ സഹധർമ്മത്തെ ദഹിപ്പിച്ച

Digitized By Kerala Sahitya Akademi

ഒരു പുളിന്ദിയുടെ ത്യാഗകർമ്മം അനുകരിച്ച ഒരു ഹരിത്ത്
ന്നോടോ, രുഗ്മാംഗദനോടോ പുരാണകഥകൻ മാത്രം
ണ ലോകം പരിചയപ്പെട്ടുന്നില്ല. "പുളിന്ദ"ന്മാരുടെ ഭാ
ഭാവം പ്രത്യക്ഷമാക്കുന്ന ധർമ്മങ്ങളുടെ അനുയായികൻ പെ
രിഞ്ചക്കോടന്റെ പ്രണയപ്രകടനം കേവലം മൃഗീയമെന്നു
വിവക്ഷിച്ചേക്കാം.

പെരിഞ്ചക്കോടനിലെ അഘാംശങ്ങളുടെ പരിമിതി
എന്തുതന്നെ ആയിരുന്നാലും, അയാളുടെ വാത്സല്യപ്രണ
യങ്ങളുടെ പ്രപൂരിമ ബാഹ്യവിശ്വങ്ങളെ സപ്തമണ്ഡല
ങ്ങളാം ആക്കാൻ പോരുന്നതായിരുന്നു. ഹിരണ്മയവും, ഹി
രണ്മയവും ആയി, കേവലം ആത്മീയനാഡികൻ മാത്രമാ
യി സപ്രാണരാഗസ്നേഹങ്ങളെ പ്രസ്രവിപ്പിച്ചു, ആ ജാനകീ
പുത്രിമാരേ ജനന്തധീരകൻ ആക്കിത്തിന്ന പെരിഞ്ചക്കോ
ടൻ അനിശ്ചിതമായുള്ള ഭാവ്യവസ്ഥകളെ അന്തർമുക്തസ്ഫു
കങ്ങളിൽ ഒശിക്കുന്നു. ആ ജീവാനന്ദസന്ദായിനികൻക്കുപോ
ണ്ടിയും തന്റെ പുരുഷനിശ്ചയത്തെ ഉപേക്ഷിക്കുക എന്നു
ള്ള ചാപല്യം അയാളുടെ ആത്മഘടനയ്ക്കു വിരുദ്ധമായിരു
ന്നു. താൻ സംവരിപ്പാൻ ബദ്ധസൂത്രനാകുന്ന വിപഞ്ചു
കൻ പക്ഷേ തന്റെ ജീവഹതിയിൽ പരിണമിച്ചേക്കാമെ
ന്നു ഭയപ്പെട്ടു, അങ്ങനെ സംഭവിക്കുന്നെങ്കിൽ താൻ കേ
ശവപിള്ളയോടു വീരവാദം ചെയ്തതുപോലെ ആ തിരാലം
ബകൻക്കു സുഖജീവിതം നിർവ്വഹിപ്പാൻ വേണ്ട വ്യവസ്ഥ
കൻ ചെയ്യുന്നതിനുമാത്രം അയാൻ പോന്നിട്ടുള്ളതായിരു
ന്നു. പുത്രിയേ ചേർപെടുത്തിയിട്ടു ഭാര്യയോടു ഏകാന്ത
സംഭാഷണം ചെയ്യുന്നതിനു് ആഗ്രഹിക്കുകയാൽ, അ
യാൻ "തേവൂ! അച്ഛൻ പെരുവഴിയടന്നു് തളർന്നുവന്നിരി
ക്കുന്നു. എന്റെ പൊന്നുകുട്ടിതന്നെ പോയി ഒരു കിണ്ണി

Digitized By Kerala Sahitya Akademi

വെള്ളം അന്തത്തി ചുടുചുടേന്നു കൊണ്ടന്നാട്ടു" എന്നു് അ ജ്ഞാപിച്ചു. വൈമനസ്യത്തോടെങ്കിലും, ആജ്ഞാനിർവ്വഹ ണത്തിനു കന്യക പുറപ്പെട്ടപ്പോൾ പെരിഞ്ചക്കോടൻ ഭാ ര്യയുടെ മുഖത്തെ ഫസ്റ്റങ്ങളിൽ ചേർത്തു്, അഭിമുഖനായി നിന്നു് ഇങ്ങനെ ചോദിച്ചു: "എലങ്കവും വീടും പൊളേ്ളാ യപ്പോൾ, എശ്ശിയുടെ മനമിടിഞ്ഞതപോയോ? ശ്ശീചടയ ാതെ (മടിയിൽനിന്നു് ഒരു താക്കോൽ എടുത്തു നീട്ടി) ഇ ന്നാപിടിച്ചോ ഇതു്. ആ കല്ലറയ്ക്കലെ അവനെങ്ങു്?"

ലക്ഷ്മി:—"ഇവിടെ എങ്ങാണ്ടോ ഉണ്ടു്. പേടിച്ചു പതുങ്ങിയിരിപ്പുണ്ടു്."

പെരി:—"പേടിപ്പാനും കിടുകിടുപ്പാനും എന്തോ ന്നു്? അവൻ പെഴച്ചോ? പൊംകോലുണ്ടെന്നുവച്ചു് കൊ ള്ള ഇട്ടോണ്ടു പെയ്യെങ്കിൽ, പെരിഞ്ചക്കോടൻ അവനെ കരുവലക്കല്ലും എളക്കീല്ലെങ്കിൽ ആൺപിറന്നവനോ? ക ല്ലറകയാൻ നേരംതെറിയുമൊള്ള പിള്ള. എന്നാലും ഞാൻ തിരുമ്പിവന്നേ പെണ്ണെക്കൊടുക്കണകാര്യം തീർച്ച യാക്കാവു. വന്നില്ലെങ്കിൽ കൊടുത്തേം."

ലക്ഷ്മി:—(വിശ്വാവസാന്തംകണ്ടു തളർന്നുതുടങ്ങിയ നാവാൽ) "ഇങ്ങനെ കന്നം പറയരുതു്. തിരിച്ചുവരാതെ എവിടെപ്പോകന്നു? ഇവിടുന്നു് എങ്ങും പോകണ്ടാ. അ ങ്ങേക്കുറിലുള്ളവരേയും ഞങ്ങളേയും അനാഥകളാക്ക രുതു്."

പെരി:—(ഭാര്യയുടെ വാക്കുകൾക്കു് ഉത്തരം പറ യാതെ തിരിഞ്ഞുനിന്നു്) "ഏലംകത്തറയുടെ നടയ്ക്കു തോണ്ടി രണ്ടാൾ പൊക്കമുള്ളപ്പോൾ—ഈ താക്കോലു് അയ്യി നപ്പിള്ളേടെ കയ്യിക്കൊടു്. യിങ്ങളുടെ പൊറുതിക്കു് മോന്മ

Digitized By Kerala Sahitya Akademi

യിൽ കഴിവാൻ അവിടെക്കരുതീട്ടൊണ്ടു്.” കൂടുതൽ ഉപദേശങ്ങളോ ആജ്ഞകളോ കൊടുപ്പാൻ നില്ക്കാതെ പെരിഞ്ഞക്കോടൻ ഭാര്യയെ അവസാനപരിരംഭണം എന്ന വിചാരത്തോടെ മുറുകെത്തഴുകി. ഭർത്താവിനു് ചേർന്ന പ്രാഗ്ഭവീര്യം സംഭരിച്ചിരുന്ന ആ സതി മറെറാന്നും പറവാൻ കരുങ്ങിയില്ലെങ്കിലും അവരുടെ കണ്ണത്തിൽനിന്നു് എന്തോ വാസനാപ്രേരണയാൽ കരു ചോര്യം മാത്രം പുറപ്പെട്ടു.

“പിന്നെ—?”

പെരി:—“ചുമ്മാ പൊല്ലു് എൻറടുത്തല്ലാണ്ടു് എൻറമ്മ പിന്നെ ആരേ അടുത്തു പൊല്ലുണു?”

ലക്ഷ്മിഅമ്മ മുഖം താഴ്ത്തി ഭയാതുര എന്ന ഭാവത്തിൽ ഭർത്തൃവക്ഷസ്സോടു ചേർന്നു നിലകൊണ്ടു.

പെരി:—ച്ചേ! ചുമ്മാ പൊല്ലൂട്ടു് അടക്കിവച്ചു മനം വേവിക്കാതെ. തേവൂനെ കനകംപോലെ സൂക്ഷിച്ചു് ഞാൻ തിരുമ്പിവരുമ്പോഴം, ഇന്നു എൻറെ തോളിൽ ചേർന്ന കൊഴന്തക്കന്യാവായിത്തന്നെ ഏൽപ്പിച്ചൂട്ടു്.”

ലക്ഷ്മി:—(ഭർത്താവിനോടു ചോദിച്ചറിയണമെന്നു മോഹിച്ച സംഗതിയുടെ വാസ്തവം എങ്ങനെ എങ്കിലും ആകട്ടെ എന്നു ചിന്തിച്ചുകൊണ്ടു്, പൊടുന്നനവേ വന്നു് ഝടിതിയിൽ യാത്രയാകുന്ന ഭർത്താവിനെ തടയുവാനായി) “ഇപ്പഴിനി എങ്ങോട്ടുപോണു? ഈ താക്കോൽ ഇരിക്കുന്ന സ്ഥിതിക്കു വെറുതേ കഷ്ടപ്പെടാൻ പുറപ്പെടുന്നതെന്തിനു്? ഉള്ളതുവച്ചു കഴിച്ചുകൊണ്ടു സുഖമായി ഇരിക്കരുതോ? വയസ്സു അങ്ങോട്ടു ചെല്ലുകയല്ലേ ചെയ്യുന്നു? ഇന്നിയിപ്പോഴം എങ്ങോട്ടെങ്കിലും പോകണെങ്കിൽ ദേഹകി വല്ലാതെ വ്യസനിക്കും.”

പെരി:—“നോക്കെൻറെ പെല്ലു! ആണുങ്ങളംക്കു

Digitized By Kerala Sahitya Akademi

ചെയ്തുമാറകട്ടെ. അതു വിട്ടാൽ അവന്റെ കായ്യം ചീട്ടുവം. അവൻ പല കോട്ടകളും പിടിപ്പാനും പൊടിപ്പാനും തിയ്യും. അവന്റെ ഉള്ളം വെളിയിൽ വിട്ടാൽ പെണ്ണുങ്ങൾ താങ്ങുകയില്ല. അവന്റെ അകത്തൊള്ള തീ എന്തെന്നു പെങ്കോലത്തെ തെരുവിച്ചാൽ 'പിന്നെ കുടി പൊറുതികെട്ടു. ഞാൻ ഇന്നുപോയാൽ കടയ്ക്കു വന്നാട്ടും. പെലതു കണ്ടേക്കു്, പിന്നെ കായ്ങ്ങൾ തിന്റെ ചൊല്പടിക്കേ വിട്ടുവാം. നീ കേപ്പാൻ തുടങ്ങിയതു പായാണ്ടു് മനം പുണ്ണാക്കാതെ."

ഇദ്ദേഹം ഇടക്കാലത്തു് ആ സങ്കതം വിട്ടുപിരിഞ്ഞിരുന്നതു ദേവകിക്കു് ഒരു ഭർത്താവുണ്ടാക്കാൻ ആണെന്നു് ലക്ഷ്മിഅമ്മ ഗ്രഹിച്ചിരുന്നു. ആ യത്നം ഫലിക്കാത്തതുകൊണ്ടു് എന്തോ വിഷമസങ്കലിതമായുള്ള സാഹസത്തിനു വീണ്ടും ഉദ്യോഗിക്കുന്നു എന്നു ഭയപ്പെട്ടു് പുത്രിക്കു് കുബേരനോയൊ കാമദേവനോയൊ ഭർത്താവായി കിട്ടിയില്ലെങ്കിലും സ്വർഗ്ഗത്തിന്റെ ജീവിതഗതിയെ ഗ്രഹവൃത്തിയിലോട്ടും കഷ്ടകവൃത്തിയിലോട്ടും ബന്ധിപ്പിച്ചു്, ആപദ്ദിഹീനമായുള്ള സ്വൈരവാസത്തിൽ അദ്ദേഹത്തെ അനുരക്തനാക്കാനായി അവർ ശൃംഗാരചേഷ്ടകളോടെ അദ്ദേഹത്തെ പുണർന്നുകൊണ്ടു ക്ലേശഭാവത്തിലും മധുരസ്വരത്തിലും ഇങ്ങനെ ധരിപ്പിച്ചു. "ഇവിടെ തനിച്ചു താമസിച്ചു ഞങ്ങൾ വളരെ കഷ്ടപ്പെടുന്നു. അവിടുന്നു കണ്ടിടത്തുപോയി താമസിക്കുന്നതിനെക്കുറിച്ചു് ദേവകി ഇന്നു കഴുത്തിൽതൂങ്ങി കരയുവാൻ നിശ്ചയിച്ചിട്ടുണ്ടു്. അങ്ങനെ ചെയ്യരുതെന്നു് ഞാൻ ഗ്രഹിപ്പിച്ചു എങ്കിലും അവൾ ചാടിക്കുടിയതു കണ്ടില്ലേ?"

പെരിഞ്ഞുക്കോടൻ സ്വാമിയുടെ വാക്കിലെ ഭാ

Digitized By Kerala Sahitya Akademi

ഷാപഗിഷ്കൃതിയാലും വാങ്മാധുര്യത്താലും ധന്യനാക്കപ്പെട്ടു. "തമ്പിച്ചോ എശ്ശി! കല്യറക്കയാൻ കാവലൊണ്ടല്ലോ. എന്നാൽ ഞാൻ പൊല്ലണതുവരെ അവനെ അധികം അടുപ്പിക്കാതെ ഇന്നു യീ പുതുക്കൊഴഞ്ഞിമാല ആട്ടുന്നേനു് യിനക്കു് ഇതാ (ചുംബനം). ഇപ്പ്വം കന്നുകൂടി പെയ്യേച്ചുവന്നിട്ടു് പിന്നെ എല്ലാം യിന്റെ ചൊൽപ്പടി. പീകേപ്പാൻ വന്നതെന്തോന്നു്?"

ഭർത്താവായ അരിവീരന്റെ വാക്കുകൾ അപ്പോൾ ആരംഭിക്കുന്ന വിരഹം തന്റെ വൈധവ്യത്തിൽ അവസാനിച്ചേയ്ക്കും എന്നു ധ്വനിക്കുംവണ്ണമുള്ള കണ്ണീർക്ഷാരത്തോടുകൂടി ആയിരുന്നതിനാൽ, സകലവും ഭഗവാൻ ശ്രീവൈകുണ്ഠവാസിയുടെ പ്രസാദഗതി അനുസരിച്ചു നടക്കട്ടേ എന്നു സമാധാനപ്പെട്ടുകൊണ്ടു് തന്നെ പീഡിപ്പിച്ചുവന്ന സംശയത്തിനു യിവൃത്തിവരുത്തിക്കളവാൻ ആ സാധു തീച്ചയാക്കി. അക്ഷരങ്ങളെ ഉച്ചരിപ്പാൻ തുടങ്ങിയപ്പോൾ രസേന്ദ്രിയം സ്തംഭിച്ചു. തന്റെ പരിതസ്ഥിതിയിൽ മോക്ഷകവാടം തിരെ പ്രതിബന്ധിച്ചു പോകാവുന്ന ഒരു മഹാപാതകം തന്നിലും ചുമലുന്നോ എന്നു് അറിയണതു് അനന്തരബ്രഹ്മജന്മങ്ങളെ സംബന്ധിക്കുന്നതാവുകയാൽ ധൈര്യം അവലംബിച്ചുകൊണ്ടു് അവർ ചോദിച്ചു. "ഇവിടുന്നു്—നാരായണ! ക്ഷമിക്കണേ! മറൊന്നും വിചാരിക്കരുതു്—അവിടുത്തെ ഇഷ്ടം എങ്ങനെയോ, അതു ചോദിപ്പാൻ ഇവർക്കവകാശം. ഇല്ല. എങ്കിലും—"

പെരിഞ്ചക്കോടൻ വീണ്ടും ഭാര്യയെ മുറുകെ പുൽകിക്കൊണ്ടു് "അയ്യോ! ഈ തന്ത്രം് അലോഭ്യം. നേരംപോണു. കാര്യം ചൊല്ലൂ" "

ലക്ഷ്മി:—"സാരമില്ല. അവിടുന്നു്—ഇവിടെ എങ്ങാ

Digitized By Kerala Sahitya Akademi

ന്തോ പിലരൊക്കെ, എന്തോ ചെയ്യുമെന്നു കേട്ടിട്ടുണ്ടു് കാ: ന്തരകം!" ഭത്തുശരീരത്തോടു ചേർന്നിന്ന സ്ത്രീ കിതച്ചു ചാഞ്ചാടിത്തുടങ്ങി.

പെരി:—(അക്ഷമയായി) "എന്താന്നു്? എന്തുചെയ്യണ എന്നു പറ. പോരായ്മയ്ക്കു വല്ലവരും കുശിയെങ്കിൽ—" ഉജ്ജ്വലിച്ചുതുടങ്ങിയ ഭത്തുകോപം ശമിപ്പിക്കുവായി തന്റെ ചോദ്യത്തെ വ്യക്തമാക്കാൻ "ഗോമാംസം" എന്നൊരു പദത്തെ ലക്ഷ്മിഅമ്മ ഉച്ചരിച്ചു.

പെരി:—"എന്തതു്;" സ്ത്രീ തൊറിത്തടത്തിൽ കൈ ചേർത്തുനിന്നു് വിവർണ്ണയായി വിറകൊണ്ടു. ചോദ്യത്തിന്റെ സാരവും, അതിന്റെ അതിഭീരംവരെ എത്തുന വ്യാപ്തിയും, പെരിഞ്ചക്കോടനു മനസ്സിലായി. "ഇല്ലില്ല" എന്നു് ഉച്ചത്തിൽ പറഞ്ഞുകൊണ്ടു് അയാൾ പാചകശാലയിൽ എത്തി, പുത്രിയെ രണ്ടു കൈകൾകൊണ്ടും ഉയത്തി കണ്ണുകളോടു വീണ്ടും വീണ്ടും അണച്ചു് നിലത്തുനിറുത്തിയിട്ടു്, "പോകരുതേ അച്ഛാ:" എന്നുള്ള വിളികളെ ഗണ്യമാക്കാതെ വീണ്ടും ആസുരാത്മകനായി വൃക്ഷക്കുട്ടങ്ങളുടെ ഇടയിൽ മറഞ്ഞു.

കഴക്കൂട്ടത്തുനിന്നും മടങ്ങിഎത്തി മദ്ധ്യാഹ്നാനന്തരം മഹാരാജാവിനെ സന്ദർശിച്ചു്, മീനാക്ഷിഅമ്മയുടെ സമ്മതത്തേയും മറു വസ്തുതകളേയും ഉണർത്തിച്ചിട്ടു ദിവാൻജി തന്റെ മന്ദിരത്തിലേയ്ക്കു യാത്രയായി. രാജഭണ്ഡാരത്തിലേയ്ക്കു് അടുങ്ങിയ ആ ഭൂരിസമ്പത്തിനെ തൃണവൽഗണിച്ചു്, ഉപേക്ഷിച്ച മഹതിയുടെ ഔദാര്യത്തേയും രാജഭക്തിയേയും പററി ചിന്തിച്ചു്, ഉണ്ണിത്താന്റെ ദുശ്ശങ്കകളെ തീക്കി ആ ദമ്പതിമാരെ പുനസ്സംഘടിപ്പിക്കുന്ന ഭാരം താൻതന്നെ വഹിക്കുന്നുണ്ടെന്നു പ്രതിജ്ഞചെയ്തുകൊണ്ടു് മഹാ

Digitized By Kerala Sahitya Akademi

രാജാവു് സഭാമണ്ഡപത്തിൽ ഇരിക്കെ, പള്ളിയറക്കാരൻ പ്രവേശിച്ചു് "രായരേ തോല്പിച്ചവൻ വന്നു മുഖംകാണിപ്പാൻ നില്ക്കുന്നു" എന്നു അറിയിച്ചു. മഹാരാജാവിന്റെ മുഖം സന്തോഷത്താൽ വികസിച്ചു. "ഉടൻ വരാൻ പറ. അല്ലെങ്കിൽ അവൻ പക്ഷേ കലഹിച്ചു പറഞ്ഞുകളയും" എന്നു കല്പിച്ചു. പള്ളിയറക്കാരൻ പിൻവാങ്ങി, ഒട്ടുനേരം കഴിഞ്ഞിട്ടും അഴകശ്ശൻപിള്ളയുടെ പുറപ്പാടുണ്ടാകുന്നില്ല. വസ്തുത എന്തെന്നറിവാൻ മഹാരാജാവു് മാളികയിലെ ജാലകത്തിൽക്കൂടെ തെക്കോട്ടു നോക്കിയപ്പോൾ, മുറ്റവെളിയിലുള്ള അശ്വത്ഥവൃക്ഷത്തെ അഴകൻപിള്ള ശക്തനായി പ്രദക്ഷിണം വയ്ക്കുന്നതും പള്ളിയറക്കാരൻ ഞെരുക്കി മാളികയിലോട്ടു ക്ഷണിക്കുന്നതും കണ്ടു. ഈ പ്രദക്ഷിണക്രിയ പാതിപ്രാവശ്യംകൊണ്ടു മാത്രമായിരുന്നതിനാലും, മേൽപ്രാവശ്യം രാജമന്ദിരത്തിലെ ജാലകങ്ങളുടെ നേർക്കു പ്രവർത്തിതങ്ങളായിരുന്നതുകൊണ്ടും തന്റെ ശക്തികൊണ്ടു പുഞ്ചിരികൊള്ളുന്ന മഹാരാജാവിന്റെ മുഖം അഴകശ്ശൻപിള്ളക്കു കണ്ടുവാൻ കഴിഞ്ഞു. പള്ളിയറക്കാരന്റെ ക്ഷണങ്ങളെ അതുവരെ നിരാകരിച്ചു നിന്നിരുന്ന അഴകൻപിള്ള മഹാരാജാവിന്റെ മുഖം കണ്ടതു മുതല്ക്കുതന്നെ തന്റെ ദേശാചാരപ്രകാരം മുഖം കാണിച്ചുതുടങ്ങി. രാജദൃഷ്ടിയിൽനിന്നു നീങ്ങിയിട്ടും മഹാരാജാവു ഇരിക്കുന്ന പള്ളിയറയിൽ എത്തുന്നതുവരെ ആ ക്രിയയ്ക്കു് മുടക്കംവരാതെ തുടർന്നു്, മന്ദിരകൂടങ്ങളേയും തൂണുകളേയും വാതലുകളേയും വന്ദിച്ചു് രാജപ്രസാദത്തെ വഴിയാംവണ്ണം സമ്പാദിച്ചു എന്നു സന്തുഷ്ടനായി, അയാൾ പള്ളിയാശയുടെ വാതുക്കൽ കുതുങ്ങി മുഖംകാട്ടിത്തന്നെ നിലകൊണ്ടു. ചിരിച്ചുകൊണ്ടു് അരുളപ്പാടുകൾക്കു് ഉണ്ടായ ഇടറലുകളോടെ മഹാരാജാവു്, "അല്ലാ അമ്മാവനും് വലിയ

Digitized By Kerala Sahitya Akademi

സന്തോഷമായി അനന്തിരവനെക്കണ്ടിട്ട്. ഇങ്ങോട്ടു മീ ങ്ങിനില്ലു്. പേടിക്കേണ്ടാ" എന്നു ക്ഷണിച്ചു. അഴകു ശ്ശാർ തല പുറകോട്ടുവലിച്ചു് ആത്മസന്ദശ്നമിവസത്തിൽ തന്നെക്കൊണ്ടു് അബദ്ധങ്ങൾ പ്രവർത്തിപ്പിച്ച ആ നെ ഞ്ചിന്മേൽ അഞ്ചെട്ടു താഡനം തന്നെത്താൻ പ്രയോഗി ച്ചുകൊണ്ടു് പിന്നെയും മുന്പോട്ടു നീങ്ങി. "വേണ്ട, വേ ണ്ട, കാലിലൊക്കെ പൊടിയും പാണോം."

മഹാരാജാ:—"കരമൊഴിവായിത്തന്ന നിലങ്ങളുടെ പ്രമാണം അഴകുവിനു കിട്ടിയില്ലേ?"

അഴ:—"അതൊന്നും അഴകുന്റെ കയ്യിലല്ല. തള്ള—"(അടുത്തുനിൽക്കുന്ന പള്ളിയറക്കാരനോടു്) "ച രിതന്നയോ അണ്ണാ!" —പള്ളിയറക്കാരൻ "പഴവത്തി" എന്നു സൂചിപ്പിക്കയാൽ—"പഴചി എന്തയോ കക്കെ വാ ങ്ങിച്ചു് ഭക്ഷിച്ചുവെച്ചാരു്. തിരുവടിയുടെ തിരുമുമ്പി, ഒരു ഥംകടം കല്പിക്കാൻ വന്നേ (പള്ളിയറക്കാരൻ "പിടകൊ ണ്ടു്" എന്നു സൂചിപ്പിക്കയാൽ) "അതുതന്നെ..... കൊണ്ടേ."

മഹാ:—"നോക്കു്. നിന്റെ ഇഷ്ടംപോലെ സംസാ രിക്കാം. ആരാ അതു്; നീങ്ങിനില്ക്കട്ടെ. പള്ളിയറക്കാ രൻ ദൂരത്തു വാങ്ങി; എന്താ പറവാനുള്ളതു്?"

അഴ:—"അഴകു അന്നു് ചൊല്ലിയാരില്ലേ കല്ലറ യ്ക്കൽപ്പിള്ളാന്നു്."

മഹാ:—"ദിവാൻജിയെക്കാണ്മാൻ ചെന്നിരുന്ന ആൾ?"

അഴ:—"അപ്പോ തിരുവടിയുടെ പഴമനസ്സി!—അല്ല, തിരുമനസ്സിൽ—അദ്ധ്യത്തിനു് പൊന്നുതമ്പുരാൻ ലക്ഷി ച്ചു് ഒരു പെണ്ണെക്കൊടുത്തുട്ടാ—" മഹാരാജാവു് കുഴങ്ങി. ഏതൊരു കന്യകയെ അഴകു കല്ലറയ്ക്കൽപിള്ളയ്ക്കായി അ

Digitized By Kerala Sahitya Akademi

പേക്ഷിക്കുന്നു എന്നറിയാതെ വല്ലതും വാഗ്ദത്തം ചെയ്തിട്ട് പിന്നീടു വിഷമമുണ്ടെന്നു കണ്ടു് സത്യലംഘനം വരുത്തിക്കൂടാ എന്നും, ആ രാജ്യത്തെ ഇച്ഛാഭംഗപ്പെടുത്തരുതെന്നും ചിന്തിച്ചു് ഇങ്ങനെ കല്പിച്ചു: "നീ വല്ല പെണ്ണിനേയും കണ്ടിട്ടുണ്ടോ?"

അഴ:—(സ്വഗതം) "അഴക ചൊല്ലിയപ്പം എക്കിയമ്മച്ചി കൊല്ലാൻ വന്നാരില്ലേ?" (ഉറക്കെ) "ഇപ്പമോ?"

മഹാ:—(ചോദ്യം മനസ്സിലാകാതെ) "ആകട്ടെ. ഇപ്പോഠം? എന്താ, പഠഞ്ഞേക്കു്."

അഴ:—"അറിവിച്ചാരില്ലേ അടിയൻ? ആ പെരിഞ്ഞാക്കാട്ടെ അങ്ങോരൊണ്ടല്ലോ. അങ്ങേരെ—"

മഹാരാജാവിനു വസ്തുത മനസ്സിലായി. രാജദ്രോഹകക്ഷിയിലെ ഒരു പ്രധാനാംഗമായി ദിവാൻജിയുടെ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ഒരു അക്രമിയുടെ പുത്രിയോടു് രാജദ്വേഷമായുള്ള ഒരു ഗൃഹസ്ഥനെ ചേർപ്പാൻ ഈ പരമദുഷ്ടൻ ആഗ്രഹിക്കുന്ന സ്ഥിതിയിൽ എന്താണു ചെയ്യണ്ടതെന്നു ചിന്തിച്ചു് തിരുമനസ്സുകൊണ്ടു കുഴങ്ങിയിരുന്നിട്ട് ഇങ്ങനെ കല്പിച്ചു: "അതൊക്കെ നിന്റെ ഇഷ്ടംപോലെ സാധിച്ചുതരാൻ ദിവാൻജിയുണ്ടല്ലോ. അദ്ദേഹം പടിഞ്ഞാപ്പോയിവരട്ടെ. അപ്പോഠം എല്ലാം ശരിയാകും."

അഴ:—"മതി മതി പൊന്നുടയതേ. കൊച്ചിനെ കുന്നു തിരുവടിക്കു പാക്കണ്ടയോ? അപ്പപ്പിന്നെ പെരിഞ്ഞാക്കോട്ടെ അങ്ങേരു് മാടൻതടിയുമെടുത്തോണ്ടു വിന്നാലോ?"

മഹാ:—"പറഞ്ഞില്ലേ? നീ ദിവാൻജിയെ സന്തോഷിപ്പിക്കു് അപ്പോഠം പെരിഞ്ഞാക്കോടൻ എല്ലാത്തിനും ഉൾപ്പെട്ടുവരും." തന്റെ യാത്രോദ്ദേശ്യം നിവൃത്തിതമാകയാൽ അഴകുശ്ശാർ പള്ളിയറയിലെ മനോഹരമായ അല

Digitized By Kerala Sahitya Akademi

ങ്കാരധാരണിയെ നോക്കി കരു ആനന്ദവൈവശ്യവും, അല്പം കരു ആകാംക്ഷാഭാവവും പ്രകടിപ്പിച്ചു് വിടവാങ്ങാൻ തൊഴുതു.

മഹാരാജാവു് "നില്ലു്, നില്ലു്" എന്നു കല്പിച്ചുകൊണ്ടു് പള്ളിയറയ്ക്കുള്ളിൽ ഇരുന്നിരുന്ന വെള്ളികെട്ടിയ കരുവേൽ എടുത്തു് അഴകൻപിള്ളയ്ക്കു സമ്മാനിച്ചിട്ടു്, "നീ അന്നു കണ്ടില്ല സവ്യാധികായ്ക്കാരെ? അയാളെ ഇന്നും കണ്ടിട്ടുവേണം പോവാൻ" എന്നു് ആജ്ഞാപിച്ചു.

ശ്രീരാമാംഗുലീയത്തെ ഹനുമാൻ വാങ്ങിയതുപോലെ നിലംപററിത്താണുതൊഴുതു് ആ ആയുധം വാങ്ങിയ അഴകുള്ളാർ തിരുമുമ്പിൽവെച്ചുതന്നെ, അതിന്റെ അഗ്രഭാഗത്തെ കന്നു ത്രസിപ്പിച്ചുകൊണ്ടു് "അപ്പോ അടിയനു് ചെടകിട്ടിയിരിക്കണതു് ഡിവാൻശി അങ്ങത്തെക്കൂടി പടയ്ക്കു പോവാനല്ലോ?" എന്നുകൂടി ചോദിച്ചു. രാജസിംഹന്മാരുടെ ഹൃയേങ്ങളും ശുദ്ധമനസ്കന്മാരുടെ ഭക്തിപ്രകടനത്തിൽ വ്യാകുലങ്ങളായിത്തീരും. തന്റെ പരമാത്മാവായ അന്തർഗ്ഗതത്തെ ഗ്രഹിച്ചു, ജന്മവാസനയാൽത്തന്നെ രാജഭക്തനായുള്ള ആ അജ്ഞന്റെ ഗ്രഹണശക്തിയെ മഹാരാജാവു് അഭിനന്ദിച്ചു. "ദിവാൻജിയെ കാത്തുനിന്നു സേവിച്ചു ജയിച്ചുവാ" എന്നു കല്പിച്ചപ്പോൾ, അഴകൻപിള്ള തന്റെ യജമാനനേയും, യാത്രാസംബന്ധമായുള്ള മറ്റു ആളുകളേയും എല്ലാം മറന്നു്, കന്നുകൂടി ശൂലാന്തങ്ങളെ പലസ്ഥലങ്ങളിലും സംഘട്ടനം ചെയ്തിച്ചു് തൊഴുതു വിടവാങ്ങി. വിശുദ്ധധ്യാനത്തിൽ സവ്യാവികസിച്ചു് ഭക്തിമധുരവിതാനം വഷിച്ചുകൊണ്ടിരുന്ന ആ രാജർഷിയുടെ ഹൃയത്തിൽനിന്നു് ഉൽഗളിതങ്ങളായ ആശിസ്സുകൾ ആ ശൂലധാരിക്കു സഹസ്രകവചങ്ങളായി. അഴകൻപിള്ള രാ

Digitized By Kerala Sahitya Akademi

ക്ഷമന്ദിരത്തിൽനിന്നു പുറത്താകുന്നതിനു മുമ്പുതന്നെ, സവ്വാധികാര്യക്കാരാൽ രണ്ടാമതും സൽകൃതനും, യുദ്ധരംഗത്തിലേയ്ക്കുള്ള യാത്രയ്ക്കുവേണ്ട ഇതരസാമഗ്രികളാലും ദിവാൻജിയുടെ അംഗരക്ഷകസ്ഥാനം ഭേദം ചെയ്തുള്ള ഒരു ശാസനത്താലും സമ്മാനിതനും ആയി.

അദ്ധ്യായം ൧൯.

"പണ്ടിനാലുള്ളൊരു വേണ്ടിയും ചാപ്പയും
രണ്ടുപേരുംകൂടെച്ചെങ്കിലുമോരാതെ
തുണ്ടിച്ചിവണ്ണം പറഞ്ഞു പിണങ്ങിനാർ."

രാജശക്തികഥം വിജയോൽക്കണ്ഠയോടെ തന്ത്രപ്രയോഗം തുടങ്ങുമ്പോഥം, ചതുർമ്മുഖോക്തികഥം പരിശുദ്ധസൂക്തികഥം, ബുദ്ധോപദേശങ്ങഥം എന്നിതുകളെല്ലാം അതതുശക്തികഥം കഴികെയുള്ള ചോകം അനുഷ്ഠിക്കേണ്ട ധർമ്മപാത്രങ്ങഥം ആയിത്തീരുന്നു എന്നു് ചരിത്രം സാക്ഷിപ്പെടുത്തുന്നു. സംഗ്രാമാങ്കണത്തിൽ അഭിമുഖന്മാരാകുന്ന ശക്തികഥം പാണ്ഡവകൗരവന്മീതികഥംഅനുഷ്ഠിക്കുമ്പോഥം, കൗരവശക്തി വിഷം, അഗ്നി, ഘൃതം, സൂകരം എന്നിത്യാദി ബഹുവിധപ്രയോഗങ്ങളെക്കൊണ്ടു് ശത്രുനിഗ്രഹം സാധിപ്പാൻ യത്നിക്കുന്നു. ഇങ്ങനെയുള്ള പ്രയോഗത്തിനിടയിൽ ആഗന്തുകശത്രുക്കളും ധർമ്മാനുഷ്ഠകശക്തിയെ ദ്രോഹിച്ചു സ്വാർത്ഥസിദ്ധി ഉണ്ടാക്കാനായി വിവിധകൌടില്യകാക്ശ്യങ്ങളേയും അനുവർത്തിക്കുന്നു.

പെരിഞ്ചക്കോടൻ സ്വഗൃഹത്തിൽനിന്നു ഭാര്യാപുത്രികളോടു യാത്രപറഞ്ഞു് ആരംഭിച്ച പ്രസ്ഥാനം, കൈലാസശിഖരത്തിൽ പ്രവേശിച്ചു ശിവപ്രീതി വരുത്തി വല്ല

Digitized By Kerala Sahitya Akademi

ഭൂതഗണത്തേയോ കാളിക്കൂളികളേയോ സ്വാധീനത്തിലാക്കി, വഞ്ചിരാജവംശത്തേയും ആ വംശത്തിനു തല്ക്കാലം രക്ഷാസാത്യകിയായി സാരഥ്യം വഹിക്കുന്ന മന്ത്രിയേയും സംഹരിപ്പാൻ ആയിരുന്നു. ടിവാൻജി വിചാരിച്ചിരുന്നതുപോലെ ഈയാളുടെ സ്വാധീനത്തിലുള്ള പഞ്ചമസൈന്യം തിരുവനന്തപുരത്തു സഞ്ചയിച്ചിരുന്നതും പെരിഞ്ചക്കോടു ഭവനത്തെ രക്ഷിച്ചിരുന്നതും ആയ രണ്ടു പംക്തികളിൽ അടങ്ങിയ സംഖ്യയോടുകൂടി അവസാനിച്ചിരുന്നില്ല. അയാളുടെ കോപാക്ഷിപ്രസാദവും തുറന്നു ചില മേഘധാരികളും കിളുന്നപ്പാറ പറവാണ്ടയുടെ സങ്കേതത്തിൽനിന്നു തുല്യഭീമാകാരന്മാരായ അഞ്ഞൂറിൽപ്പരം നിഷാദന്മാർ ആ പൈശാചഗണത്തിനു പരിചിതങ്ങളായുള്ള ഗിരിതടങ്ങൾ, ദുർഘടങ്ങൾ, വനചരഗ്രാമങ്ങൾ എന്നിവകളിലൂടെ ഉത്തരദിക്കിനെ ലക്ഷ്യമാക്കി പുറപ്പെട്ടു. ഈ കാട്ടാളപ്പടയുടെ പുറപ്പാടിൽ ശംഖുമുദ്രകൊണ്ടു രാജസഞ്ജകളാക്കപ്പെട്ട കൊടികൾ മുന്നണികളിൽ രാജചിഹ്നത്തിനു ചേരുന്ന ആദരത്തോടും പൂജ്യതയോടും വഹിക്കപ്പെട്ടിരുന്നതിനാൽ, ആ പടയുടെ യാത്രാമാർഗ്ഗത്തോടു സമീപിച്ചു് അധിവാസം ചെയ്തിരുന്ന വനവാസികൾ രാജഭക്തിയെ പുരസ്കരിച്ചു് ആ സൈന്യത്തോടു ചേർന്നു താവളംതോറും സംഖ്യയെ സാരമായി വർദ്ധിപ്പിച്ചു.

അടുത്ത സന്ധ്യയോടുകൂടി പുവന്ന ജടാഭാരംകൊണ്ടു തന്റെ കേശത്തെ മറച്ചും, ചില കൃത്രിമപാമരങ്ങൾകൊണ്ടു് മീശയുടെ വിസ്തൃതിയെ വർദ്ധിപ്പിച്ചും, കയ്യിൽ ഒരു ശൂലം ഇറക്കി വക്ത്രത്തിൽനിന്നു് ഒരു വെള്ളിശൃംഖലയെ പുറത്തോട്ടു ലംബം ആക്കിയും, പാദത്തോളം എത്തുന്ന കാഷായാംബരരൂപ്പായം ധരിച്ചും, രുദ്രാക്ഷമാല

Digitized By Kerala Sahitya Akademi

കഠംകൊണ്ടു കണ്ണാടിയും ഒരു മാൻതോൽകൊണ്ടു പിൻ ഭാഗത്തേയും ഒരു കാഷായാംബരസഞ്ചി തൂക്കി സ്കന്ധ ത്തേയും ചന്ദ്രക്കലയുടെ ആകൃതിയിലുള്ള മൃഢ്ഡാവോടുകൂടി യ ഒണ്ഡത്താൽ ഛികഫാസ്ഥത്തേയും, കമണ്ഡലുകൊണ്ട് അ പരഫാസ്ഥത്തേയും പാടുകങ്ങളാൽ പാദങ്ങളേയും യോഗി യോഗ്യങ്ങളായ അംഗങ്ങളാക്കിത്തീർത്തും, രണചതുരന്മാ രായ നാലഞ്ചു വിശ്വസ്തന്മാരാൽ ദൂരത്തു വാങ്ങിയുള്ള പ രിസേവനത്തോടും അടുത്ത രാത്രി പെരിഞ്ചക്കോടൻ തി രുവനന്തപുരത്തേയ്ക്കു യാത്ര ആരംഭിച്ചു. പഞ്ചദശിവ സം ഉടയത്തിൽ ഗിവാൻജി ഒരു ചെറിയ സേനയും ആ യി വടക്കൻവഴി യാത്ര തീർച്ച ആക്കിയിരിക്കുന്നു എന്നു ത ന്നോടയും അനുചരന്മാരുടേയും സഞ്ചാരത്തിനിടയിൽ കേ ട്ടു് അതിന്റെ പരമാർത്ഥങ്ങം അറിവാൻ അന്വേഷണം ചെയ്തപ്പോഴു, രണ്ടു വൃത്താന്തങ്ങം ജനവാദത്തിനു പ്രധാ നവിഷയങ്ങളായി പല കേന്ദ്രങ്ങളിലും പ്രഖ്യാപിതങ്ങളാ കുന്നതു പെരിഞ്ചക്കോടൻ ധരിച്ചു. കഴക്കൂട്ടം പ്രഭുകുടും ബത്തിന്റെ വക വിശ്രുതനിധി രാജഭണ്ഡാരത്തോടു ചേ ർന്നു എന്ന വൃത്താന്തം, ഗൗണ്ഡന്റെ പരമാർത്ഥത്തെക്കു റിച്ചു ഗ്രസ്തസംശയനായിരുന്ന പെരിഞ്ചക്കോടനു് ആ വ്യാ പാരിയെ കണ്ടുകൂടി കാണണമെന്നുള്ള ആഗ്രഹത്തെ ബ ലവത്തരമാക്കി. രണ്ടാമത്തെ വൃത്താന്തം ആ ആഗ്രഹ ത്തിന്റെ കൗഷ്ണ്യത്തെ അത്യുഗ്രവുമാക്കി. സേച്ഛാനു സാരമുള്ള തന്ത്രപ്രയോഗത്താൽ ടിപ്പുവിന്റെ പ്രധാ നന്മാരായ മൂന്നുപേരാലും അംഗീകൃതമാക്കപ്പെട്ട നിശ്ചയ ത്തെ സ്ഥിരാകരിച്ചു, അജിതസിംഹൻ സാവിത്രിയുടെ വി വാഹത്തിനു് എത്താതെ കഴിഞ്ഞുകൂടുന്നതു് ഗൗണ്ഡവൃ ദ്ധന്റെ അനുമതിയോടുകൂടി ആണെന്നു് അയാൾ വിശ്വ

Digitized By Kerala Sahitya Akademi

സ്വീകരിച്ചു. ഈ വിശ്വാസം ഗൗണ്ഡനെക്കുറിച്ചുള്ള സംശയത്തെ അവിതർക്കിതസ്ഥിതിയിലുള്ള ദൃഢബോധമാക്കിത്തീർത്തു. സപക്ഷം പ്രതിപക്ഷം പിന്നുള്ള വിചാരങ്ങൾക്കു ബോധശൂന്യനായി പെരിഞ്ചക്കോടൻ ഗൗണ്ഡന്റെ പിടികൂടി, വിഷ്ണുമായി തീർന്നിട്ടുള്ള വിവാഹത്തെ വൃദ്ധന്റെ പരമാത്മസ്ഥാനാധികാരം പ്രയോഗിച്ചു നിഷേധിക്കാനും, അതു അനുസരിക്കാഞ്ഞാൽ ആ പരമാത്മാതന്നെ പ്രസിദ്ധമാക്കി അധികൃതന്മാരെക്കൊണ്ടു് അയാളെ ശിക്ഷിപ്പിക്കാനും പ്രതിജ്ഞചെയ്തുകൊണ്ടു്; ആ രാത്രിതന്നെ അക്ഷീണകായനായ മഹാവീരൻ മുറിവേറ്റ ശാർദ്ദൂലത്തിന്റെ ക്രൌര്യപീഠനത്തോടെ ഗൗണ്ഡൻ അവലംബിച്ച മാർഗ്ഗത്തെ തുടർന്നു വീണ്ടും യാത്ര ആരംഭിച്ചു.

പുരാണകർത്താക്കന്മാരുടെ കല്പനാശക്തിയാൽ നിർമ്മിയ്ക്കപ്പെട്ട രക്തബീജവർഗ്ഗവും, വിച്ഛേദ്യമാകുന്ന കണ്ണിത്തന്മേൽ അനുക്ഷണം അവശിഷ്ടകം ഉല്പന്നമാകുന്നതിനു് അനുഗൃഹീതന്മാരായുള്ള ശാസ്ത്രന്മാരും, സാമാന്യമായുള്ള ആധുനികലോകരംഗങ്ങളിലും നടനം ചെയ്തു് പ്രശസ്തിനേടുന്ന പാത്രങ്ങളാണു്. "അറുത്തിട്ടാൽ തുടിയ്ക്കും" എന്നുള്ള അഭിനന്ദനത്തിൽ അന്തർഭൂതമായ വീര്യത്തോൽപ്പുഷ്ടജീവിതത്തെ കേവലം വ്യവസായവൃത്തി ആക്കാതെ, ഗുണംവാ ദോഷംവാ സ്വാത്മപൗരുഷത്തെ സ്വാശ്രിത്യാ പരിരക്ഷിച്ചുപോരുന്ന ധീമാന്മാരിൽ ഇന്നു കാണുമാറുണ്ടു്. ഇങ്ങനെയുള്ള വിക്രമരാശികളെ കാണുന്നതിനു് കരുമഹേന്ദ്രഗിരിയിൽ ആരോഹണവും നൂറുയോജന ദൂരമുള്ള സമുദ്രത്തെ തരണവുംചെയ്തു് എഴുനൂറുയോജന വിസ്താരമുള്ള കരുദ്വീപത്തിൽ എത്തി കരുമരുൽസുതശക്തിയോടെ ആശ്രയണമെന്നില്ല. നമ്മുടെ ഗൗണ്ഡനായ സാത്ഥ

Digitized By Kerala Sahitya Akademi

വാഹർതന്നെ പ്രപഞ്ചധ്വംസനവും സശരീരധ്വംസനവും ഏകമാത്രയിൽ സന്ദർശിച്ചു എങ്കിലും അരക്ഷണം കഴിഞ്ഞപ്പോൾ, കുഞ്ചുക്കുട്ടിപ്പിള്ളയുടെ വാഗ്ഭടോപമാരങ്ങളെ അപഹസിച്ചും തന്റെ മുഖാലങ്കാരത്തിൽ കണ്ഠരക്തചിഹ്നുക്കളെ സഹസ്രത്താൽ മാജ്ജനംചെയ്തും, കരവിദ്ധ്വംസായിക്ക ചേരുന്ന കർമ്മമായി ദിഗ്ദർശനത്തിനും, ജനസ്ഥിതികളുടെ ഗ്രഹണത്തിനും പുറപ്പെട്ട വ്യാപാരത്തലവന്റെ ഹിസ്പൃഹവീര്യത്തോടെ തന്റെ പാളയത്തിലേയ്ക്ക മടങ്ങിക്കളഞ്ഞു. സഹസ്രപ്രാപ്തമായ കൌബേരസ്ഥാനം നഷ്ടമായിത്തീർന്നിട്ടും ഇങ്ങനെയുള്ള വീര്യത്തെ അവലംബിച്ചവൻ, ദിവാൻജിയും കുഞ്ചുക്കുട്ടിപ്പിള്ളയും തമ്മിൽ ഉണ്ടായ സംഭാഷണത്തിൽ പ്രസ്താവിക്കപ്പെട്ടതുപോലുള്ള, കരു ചാകാപ്രാണിതന്നെ ആയിരുന്നു. അപ്രതീക്ഷിതമായ വിധിവൈഭവവും നിധിനഷ്ടവും ബുദ്ധികളെ വിഭ്രമിപ്പിച്ച് മതികളും, ഉന്മാദസങ്കേതത്തിലുള്ള ബന്ധനങ്ങളും സംഭവിപ്പിക്കുന്നു. നിധിയുടെ ലബ്ധിയും നഷ്ടവും രണ്ടുംചേർന്ന് ഏതാനും നാഴികയ്ക്കുള്ളിൽത്തന്നെ സംഭവിച്ചിട്ടും മിഞ്ഞത്തിന്റെ സ്ഥായിയായുള്ള സ്ഥിതിയ്ക്ക് ച്യുതിയാതൊരു ഉണ്ടാകാതിരുന്ന വൃദ്ധൻ വിക്രമനായിട്ടല്ലാ അമാനുഷനായിട്ടുതന്നേ പരിഗണിക്കപ്പെടേണ്ടവനാണ്. മന്ത്രക്കുടപ്പറമ്പിലാട്ടഞ്ഞാലിന്ന് തന്റെ വ്യാപാരശാലയിൽ മടങ്ങി എത്തിയപ്പോൾ, ഗുണ്ഡന്റെ മുഖം സംഭ്രമത്തിന്റേയോ, ക്ഷീണത്തിന്റേയോ വിപ്ലവങ്ങളായതൊന്നും പരിസേവകജനങ്ങളുടെ ദൃഷ്ടികൾക്ക വിഷയീഭവിക്കുമാറു ലഘുനാമാത്രമായിട്ടെങ്കിലും വഹിച്ചിരുന്നില്ല. എന്നാൽ താൻ വിചാരിച്ചതിനപ്പുറം ഉള്ള ധനസംഭാവനകൊണ്ടുകൂടി ടിപ്പുവിനെ സമാരാധിക്കാൻ കഴിവില്ലാ

Digitized By Kerala Sahitya Akademi

തായി എന്നു കണ്ടപ്പോൾ, മന്ത്രിയുടെ നിധനം എങ്കിലും താൻതന്നെ നിവ്വഹിക്കണം എന്നുള്ള ആശാരക്ഷസ്സ് ഗൗണ്ഡഭൂതത്തിന്റെ ഉള്ളിൽ വീണ്ടും പ്രതിഷ്ഠിതമായി. യാതൊരു വിപ്രലബ്ധിയും ആ സ്ഥലത്തെ വ്യാപാരത്തിനിടയിൽ സംഭവിച്ചിട്ടില്ലാത്തതുപോലെ താമസിച്ചുംകൊണ്ട്, പഞ്ചദശിദിവസം ഉദയത്തിൽ ദിവാൻജി യുദ്ധരംഗത്തിലേയ്ക്കുള്ള യാത്ര നിശ്ചയിച്ചിരിക്കുന്നു എന്ന വൃത്താന്തത്തെ ചാരന്മാർ മുഖാന്തരം ഗ്രഹിച്ചിട്ട് ആ വൃദ്ധൻ തന്റെ ഇംഗിതാപ്തിക്ക് അനുകൂലമായുള്ള രംഗമായി നിർദ്ദേശിച്ചിട്ടുള്ള സ്ഥലത്തേയ്ക്കു പാളയം നീക്കി.

ഇപ്പോൾ എഞ്ചിനീയർ ഡിപ്പാർട്ടുമെണ്ടുകാരുടെ സാങ്കേതിക വൈദഗ്ധ്യത്തിന്റെ ലക്ഷ്യമായി ഘോഷിക്കപ്പെടുന്ന കൊല്ലം — തിരുവനന്തപുരം രാജപാത, ദിവാൻ കേശവപിള്ളയാൽ യുദ്ധകാലത്തെ സേനാപരിവാരാദികളുടെ യാത്രയ്ക്കായി നിർമ്മിക്കപ്പെട്ട നടയ്ക്കാവിനെ സൌകര്യം കുറച്ചും, വക്രതകൊണ്ട് വിലക്ഷണീകരിച്ചും, ദൈർഘ്യം വർദ്ധിപ്പിച്ചും, രാജ്യഭണ്ഡാരത്തെ ഭണ്ഡിപ്പിച്ചും തീർത്തിട്ടുള്ള ഒരു പന്ഥാവാണ്. ഈ റോഡിൽ പള്ളിപ്പുറം എന്ന സ്ഥലംമുതൽ വഞ്ചിരാജ്ഞിമാരുടെ തലസ്ഥാനമായ ആറ്റുങ്ങൽവരെ ഇടയ്ക്ക് ഒരു നദിയാലും ഒരു പാടത്താലും മാത്രം വിച്ഛേദിക്കപ്പെട്ടുള്ള ഒരു വനനിരയായിരുന്നു. ഇതിൽ ഒരു ഭാഗത്തു മാറ്റത്തെ മുറിച്ചു ശശധരജലവാഹിയായുള്ള ഒരു കല്യാരേഖ കാണ്മാനുണ്ടായിരുന്നു. ഉത്തരദേശോന്മുഖമായി യാത്രചെയ്യുന്ന പാന്ഥന്റെ ഒക്ഷിണഭാഗത്ത് ആയുള്ള ഈ കല്യാമുഖം പേക്കരിമ്പുകളാൽ നിബിഡമായി ആവരണം ചെയ്യപ്പെട്ടിരുന്നു. ഈ കരി

Digitized By Kerala Sahitya Akademi

സിൻകൂട്ടത്തിന്റെ ഇരുഭാഗങ്ങളിലും കങ്കണാകൃതിയിൽ സംഘടിക്കുന്നതരു ഭ്രപ്രാകാരം, വിവിധവൃക്ഷവള്ളികളാൽ കവചിതമായി, അന്തർഭാഗത്തുള്ള, ഒരു സരസ്സിനെയും, മനോജ്ഞായ ശാഡ്വലപ്രദേശത്തേയും പാന്ഥനേത്രങ്ങളിൽ നിന്നു ഗോപനംചെയ്തിരുന്നു. മൃഗജാതികളിലെ ക്രൂരവർഗ്ഗങ്ങൾക്കു ഗംഗാതടവും കടലീവനവും ആയുള്ള ഈ ചിത്രാധരനഗരത്തിലെ നിർബാധവും വിജനവും ആയ ശീതളതലിമങ്ങളിലയ്ക്കാണ് ഗൗണ്ഡൻ തന്റെ പാളയത്തെ മാറിയതു്. ശ്രീരാമചന്ദ്രനോടു വാനരലക്ഷത്തിനു പൈതാഹാളികം തീർപ്പാൻ വൈഗത്യാ സമ്പ്രാപ്തമായ സായംപ്രഭാരാമത്തിനു തുല്യമായ ഈ പ്രദേശത്തിന്റെ മനോജ്ഞതയും, ദിവ്യതയും ഗൗണ്ഡനേത്രത്തിനു ഗോചരമായില്ല. അതിനാൽ അതു തന്റെ ഉഷ്ണകൃത്യത്തിനായി വ്യഭിചരിപ്പിക്കാൻതന്നെ വസ്തുമാത്രമായുള്ള ആ ബൃഹത്സത്വം വിലമാത്രമായുള്ള തന്റെ ഹൃദയംകൊണ്ടു വിധിച്ചു.

ഈ ഗുഹാവാസത്തിന്റെ സൈരതയെ രക്ഷിപ്പാൻ ഗൗണ്ഡൻ ആ കല്യാമുഖസ്ഥമായുള്ള ഗോപുരത്തിനിടയിൽ ദ്വാസ്ഥന്മാരെ നിറുത്തിയിരുന്നു. ആ സങ്കേതത്തിൽ സന്ധ്യാധ്യാനകർമ്മമായി മന്ത്രിനിധനകർമ്മത്തെ ആപദ്രഹിതമായി സാധിക്കേണ്ട കൌശലങ്ങളെക്കുറിച്ചു പരിചിന്തനംചെയ്തു് ആദ്ത്യയാമത്തിന്റെ അവസാനത്തിൽ എത്താറായപ്പോൾ, നിബിഡങ്ങളായ വൃക്ഷശാഖകളുടെ ഇടയിൽക്കൂടി രശ്മികൾ കടന്ന ചന്ദ്രപ്രകാശത്തെ പ്രതിഫലിപ്പിച്ച കനകവൃത്തങ്ങൾ ഒരു ഭീമാകാരത്തിന്റെ ഛായാനിപാതത്താൽ അസ്തമിപ്പിക്കപ്പെട്ടു. അല്പനേരം കഴിഞ്ഞപ്പോൾ ഒരു ഭയങ്കരനെരാഗി ഗൗണ്ഡന്റെ മുമ്പിൽ ഒരു അനുചരനാൽ ആനീത

Digitized By Kerala Sahitya Akademi

ന്തായി. ദീർഘമായുള്ള ശിരഃകേശത്തെ കവചം ചെയ്തിരുന്ന ചെഞ്ചിടയും, നീണ്ട മീശയെ വിശാലമാക്കിയിരുന്ന അനുബന്ധമീശയും മാറും മാറിയപ്പോൾ ഗൗണ്ഡൻ പൊട്ടിച്ചിരിച്ചു് "ഖാരുംഗയ്യാ! പെരിഞ്ചക്കോടാർ. താങ്കൾ പടയും വന്നുട്ടിതാ?" എന്നു കുശലപ്രശ്നം ചെയ്തു. ആഗതനായ രൈരോഗി ഗൗണ്ഡനെ ആരാഞ്ഞു പുറപ്പെട്ടിരുന്ന പെരിഞ്ചക്കോടൻതന്നെ എന്നു വായനക്കാർ ഊഹിച്ചിരിക്കുമല്ലോ. ഗൗണ്ഡന്റെ സാഹസപ്രശ്നം സംഗതികളുടെ വിഷമഗതിക്കു സന്ദർഭാനുരോധ്യം അല്ലെന്നു പെരിഞ്ചക്കോടനു് തോന്നുകയാൽ അയാളുടെ മുപടി നീരസസ്വരത്തിലായിരുന്നു. "പടയേത്തു് പാട്ടയേത്തമൊതലാളി? പാണ്ടെടെ പാളയപ്പുറു് അന്നരാത്രി മൊതലാളി കണ്ടുംകൊണ്ടല്ലോ പോന്നിരുന്നതു്? അന്നു കണ്ടക്കൂട്ടം മുച്ചൂടും ആ കാലൻ ധിവാന്ധിജി ഒരു അമുക്കാൽ തിന്നൊടുക്കി. എങ്കിലും പെരിഞ്ചക്കോടന്റെ കയ്യിൽ മറുകരൊണ്ടു് കിട്ടുങ്കണ്ടാ. എന്നുവെച്ചാൽ ആ പെണ്ണെ, ഉണ്ണിത്താന്റെ മോളേ, ആ തമ്പുരാൻ കേമരൻ നേരേ ചെന്നകൊള്ളാണ്ടു് പൊടകൊട മൊടക്കിയേച്ചു് ഏതു പാതാളത്തിൽപോയി എന്നു മൊതലാളിതന്നെ ഉത്തരം പൊല്ലണം. തൊടക്കത്തിലെ മൊതലാളി തടയിട്ടവണ്ണം അന്തവും വന്നുകൂടി. വാലുകെളത്തിയപ്പോ പാണോമിടാനെന്നു കണ്ടക്കൂടാത്തവൻ എന്തു ധിലം പേണീ?"

ഗൗണ്ഡ—"എന്നായ്യാ! എന്ന ഞൊല്ലുറാംഗ? അജിതസിംഹൻ അന്ത ഉണ്ണിത്താനുടെ പൊണ്ണെ കല്യാണം ശെയ്യാവടിക്കപോയിട്ടീർകളാ? യാർശൊന്നാർ?"

പെരി:—കാട്ടിലും മേട്ടിലും കെടന്നു പണം, പണം എന്നു പിടിങ്ങുന്ന കമ്പോടക്കാരനു കായ്ങ്ങളം തിരിയുന്ന

Digitized By Kerala Sahitya Akademi

വഴി എങ്ങിനറിയാം? നാടുമുഴുവൻ മൊരശുകൊട്ടി അറിയിക്കണ വത്തമാനം ഇക്കഴിഞ്ഞാണിയിൽ വന്നു കെടക്കണ തമുക്കയാൻെറ കാതിൽ എങ്ങനെത്തും?''

വിവാഹം വിഘ്നപ്പെട്ട വൃത്താന്തം തൻെറ ഉള്ളിൽ അങ്കുരിപ്പിക്കുന്ന വികാരം സന്തോഷമോ, അസന്തോഷമോ എന്നു് ഉടനടി തീർച്ചയാക്കുന്നതിനു ഗൗണ്ഡനു സാധിച്ചില്ല. എങ്കിലും ഗാഢമായി ചിന്തിച്ചപ്പോൾ, നിധിനഷ്ടത്തിൽ ചിലമ്പിനേത്തു വീട്ടുകാർ സംബന്ധിച്ചിട്ടില്ലെന്നു ബോദ്ധ്യപ്പെട്ടുകയാൽ ഗൗണ്ഡൻ തൻെറ സന്തോഷത്തെ തുറന്നു തന്നേ പ്രകടിപ്പിച്ചു. "അച്ചാ ബർബർച്ചാ! അവൻ—അന്ത ഉണ്ണിത്താനാരെന്നയോ, പാപ്പാനാട്ടം, എച്ചം [യജ്ഞം] കിച്ചം പണ്ണിനടഹറ പൈത്തൻ. പോട്ടും അയ്യാ പോട്ടും. അവൻ പൊണ്ണ എപ്പടിയേ പോട്ടും. നമുക്കെന്ന?"

തൻെറ രാജ്ഞിപുത്രിമാരോടു് ആന്തരമായി ചെയ്തുകൊണ്ടു പോന്ന പ്രതിജ്ഞയെ നിരന്തരം സ്മരിച്ചുകൊണ്ടിരുന്ന പെരിഞ്ചക്കോടൻ ഗൗണ്ഡൻെറ സന്തോഷത്തെ ഹസ്തതാഡനത്താൽ അനുമതിക്കുന്നതിനു സന്നദ്ധനല്ലായിരുന്നു. എന്നു മാത്രമല്ലാ ഗൗണ്ഡൻെറ "അവൻ" പ്രയോഗവും ചിലമ്പിനേത്തുകാരോടുള്ള ഔക്ഷിണ്യവും അയാളുടെ വിശ്വാസത്തെ ഒന്നുകൂടി വേരുറപ്പിച്ചു. അതുകൊണ്ടു്, ആ കുടിലാശയൻ ചിലമ്പിനഴിയം സംബന്ധിച്ചു് അനാസ്ഥാവാൻെറയും ടിപ്പുവിൻെറ കായ്ത്തിൽ ഉത്തമബന്ധുവിൻെറയും നിലയിൽ, കായ്സാദ്ധ്യത്തെമാത്രം പ്രതീക്ഷിക്കുന്നവൻ എന്നപോലെ ഗൗണ്ഡനോടു് ആ സ്ഥലത്തെത്തി പാളയമടിച്ചു തൽമസിക്കുന്നതിൻെറ ഉദ്ദേശ്യം എന്തെന്നു ഖണ്ഡിച്ചു ബോദ്ധ്യംചെയ്തു. അടുത്ത വെള്ളിയാഴ

Digitized By Kerala Sahitya Akademi

വാവുനാൾ സന്ധ്യയോടു് എങ്കിലും തങ്ങളുടെ പുരോഭാഗത്തുള്ള രാജപഥത്തെ തരണംചെയ്യുന്ന ദിവാൻജിയുടെ കണ്ണുവിച്ചേദനം എന്ന യജ്ഞകർമ്മത്തിന്റെ സമുദ്ഘാപനം സാധിച്ചുകൊണ്ടു് ടിപ്പുവിന്റെ സേനയോടു സന്ധിപ്പാനും, അങ്ങനെ യശഃപ്രാർത്ഥിമിത്രൻ ആയ കണ്ണീരുവിന്റെ മോഹം നിഗ്രഹമാക്കുവാനും താമസിക്കുന്ന എന്നു ഗൗണ്ഡൻ പെരിഞ്ചെക്കോടന്റെ കണ്ണത്തിൽ ധരിപ്പിച്ചു. തന്റെ കൈവശമുള്ള ആയുധങ്ങൾ, പരിന്തിരീസ്സുകമ്പനിയാരുടെ വ്യാപാരശാലയിൽനിന്നു വാങ്ങിയിട്ടുള്ള തോക്കുകൾ ആണെന്നും, അവയുടെ പ്രയോഗത്തിൽ ലാക്കു തെറ്റുകയില്ലെന്നും, തന്റെ പാളയരക്ഷികൾ വെടിവയ്പിൽ സവ്യസാചികൾ ആണെന്നും, ആ തോക്കുകൾ ഉപയോഗിപ്പാൻ താൻ താമസിക്കുന്ന പ്രാകാരത്തെക്കാൾ ഉത്തമമായ ഒരു കൊത്തളം ഭൂമിയിൽ മറ്റൊരുഭാഗത്തു കിട്ടുകയില്ലെന്നും ഗൗണ്ഡൻ പ്രസംഗിച്ചു.

പെരി:—"ഹ! ഹാ! ഹ! എന്തൊരു് പൈത്യം മൊതലാളി ഇതു്? അങ്ങേരു് ഗ്രഹിച്ചു്, ഒരു തടിക്കമ്പുമൂന്നി, വൊമ്പോണ്ടു് ഇങ്ങോരക്കണ്ടവായിച്ചാടി! തരുമെന്നോ നെനക്കണതു്? അയ്യെ എന്റെ മൊതലാളിമൂപ്പാ! മമന്മാരു് എന്നാലു് ഇത്തിരി പെരിഞ്ചക്കോട്ടേച്ചെറുക്കൻ ചൊല്ലുണതു് ചെവിക്കൊണ്ട കളയണം. അയാന്റക്കൂടി, പട്ടാളമെല്ലാം പെയ്യെന്നവയ്ക്കണം, കരിങ്കാറെങ്കിലും തോക്കും കാണും. പോരാഞ്ഞാൽ ആ ചെറുക്കൻ, അവന്റെ പേരെന്തരു്—വിക്രമൻ—അവൻ, പിന്നെയും ചാടിപിടിപ്പാൻ, ആ രായരെ എല്ലാടിച്ചു് വിട്ടില്ലേ? ആ കാലൻ—ഇയിത്തുങ്ങളെല്ലാം അവന്റെ തൊണയ്ക്കുകൂടിയുണ്ടു്. ഇങ്ങനെ മരക്കോട്ടയിൽ പതുങ്ങിക്കെടന്നു് കളിക്കു

Digitized By Kerala Sahitya Akademi

പെയ്തു=മെന്നുചെച്ചാൽ അവന്റെ കയ്യിൽ കാഞ്ചി രിവു് കരായിരമുണ്ടു്. ചൊല്ലുന്തു കേക്കണം മൊതലാ ളീ! പിടിച്ചുപിടിയെ കറയ്ക്കു കൈയിൽ തന്നുടാം. അ ള്ളാ കത്തിതന്താൻ. മൌൽവി ണാക്കൈച്ചാന്താൻ. താൻ കത്തിവച്ചേൻ.'' എന്ന മട്ടിൽ തീട്ടണം. വരണം.''

''എങ്ങോട്ടു്?'' എന്നു ഗൗണ്ഡനിൽനിന്നുണ്ടായ ചോ ദ്യത്തിനുകിട്ടിയ മറുവടിയെക്കുറിച്ചു് അല്പനേരം ഗൗണ്ഡൻ ചിന്തയോടിയിരുന്നു. അതേ പെരിഞ്ചക്കോടൻ ഉപദേ ശിക്കുന്ന പദ്ധതി എത്രയും ലഘു എന്നും, അതു് അനുഷ്ഠി ച്ചാൽ ടിപ്പുവിന്റെ സന്തോഷാപ്തിക്കു പുറമേ ചിലപ്പോ ൾതന്നെ ഗ്രഹച്ചിദ്രത്തിനു് കരുപശാന്തി ഉണ്ടാകുകകൂടി ചെ യ്യുകയില്ലേ എന്നും തോന്നുകയാൽ ഗൗണ്ഡൻ ആ രാത്രിത ന്നെ തന്റെ പരിവാരസംഘത്തിൽ ഒരു ഭാഗത്തോടു് ക ന്നിച്ചു് ആഴ്ചയാഴിക നടന്നുകളയുവാൻ തീച്ചയാക്കി. പെരിഞ്ചക്കോടൻ തന്റെ വേഷസാമാനങ്ങളെല്ലാം കരു ങ്കിക്കുസ്സഞ്ചിയിൽ ആക്കിയിട്ടു് ന്നായന്മാക്കു ചേരുന്ന വസ്ത്രങ്ങളും ധരിച്ചു ഗൗണ്ഡനേ പിൻതുടർന്നു.

ആ കാലങ്ങളിൽ ഇപ്പോഴത്തെപ്പോലെ ഉള്ള താമ സം രാജ്യകാര്യാവശ്യങ്ങൾക്കുവേണ്ട മരാമത്തുപണികളുടെ നിർവ്വഹണത്തിനു് ആവശ്യപ്പെട്ടവന്നില്ല. അതുകൊണ്ടു കഴക്കുട്ടത്തെ വാപീനിർമ്മാണം ആരംഭം മുതൽ നാലാംസ ന്ധ്യയോടുകൂടി അവസാനിച്ചു് അതു ജനോപയോഗയോ ഗ്യമായിത്തീന്നിരുന്നു. ഏതാനും കല്പടികൾ കെട്ടുന്നതി നു വേണ്ട വ്യവസ്ഥകൾ ചെയ്തുകഴിഞ്ഞു എങ്കിലും, അതി ന്റെ പരിപൂരണം ഈ കഥാനിർമ്മാണകാലത്തു് എന്തോ അത്ഭുതസംയോഗമായി അധികൃതദൃഷ്ടിക്കു വിഷയീഭവി ച്ചിരിക്കുന്നതുപോലും.

Digitized By Kerala Sahitya Akademi

മീനാക്ഷി അമ്മയുടെ നിദ്രയ്ക്ക് തെക്കേ പറമ്പിലെ മൺപെട്ടിക്കാരുടെ തകൃതികൊണ്ടുള്ള ബാധ അവസാനിപ്പിരിക്കുന്ന ഏങ്കിലും സന്താനഗോപാലകഥയിലെ വിപ്രപത്നിയുടേയും, ഭർത്താവിന്റെ ഉന്മാദത്താൽ ഉപേക്ഷിതയായ മേയന്തിയുടേയും വ്യഥകളുടെ സംയോഗത്താൽ പീഡിപ്പിക്കപ്പെട്ട ആ മഹതി, വിഷാദഭാരത്താടേ വിഹ്വലയായി നിദ്രാപ്രശാന്തതയ്ക്ക് വിദൂരയായിത്തീർന്നു. ഭൃത്യന്മാർ അവരവരുടെ സ്ഥാനങ്ങളിൽ കതുങ്ങി ശയ്യയെ സ്പർശിക്കുംമുമ്പുതന്നെ നിദ്രയാൽ പരിഗ്രഹീതരായി. ഏതാണ്ടൊരുവിധമായുള്ള ചിത്തലഘിമയ്ക്ക് ഉപകരിച്ച ഗൗണ്ഡപാളയത്തിലെ ജനകലാപവും അന്ന് ആ പാളയത്തിന്റെ സ്ഥലം മാറ്റത്താൽ ചിലമ്പിനഴിയത്തെ ഏകാകിനിയുടെ ചിത്താസ്വാസ്ഥ്യത്തെ സഹ്യമാക്കുന്നില്ല. സേനാപംക്തികളുടെ യാത്രാഘോഷങ്ങളാം ഇടയ്ക്കിടെ ഉണ്ടായി. ഭർത്തൃകായത്തിനു ലബ്ധപ്രമാകുന്ന രക്ഷയുടെ അഭിവൃദ്ധിയെ സ്മരിച്ചുകൊണ്ടിരുന്ന സുഖചകിതയും ഇപ്പോൾ അവസാനിച്ചിരിക്കുന്നു. മന്ത്രിയുടെ യാത്ര രണ്ടുനാൾക്കുള്ളിൽ ഉണ്ടാകുമ്പോൾ ത്രിവിക്രമന്റെ ദർശനം അരക്ഷണനേരത്തേക്കെങ്കിലും കിട്ടും എന്നു മോഹിച്ച് അല്പം കരു സന്തോഷത്തേയും ആ സ്ത്രീ അവലംബിച്ചിരിക്കുന്നു. ആ യാത്രയും ഭർത്താവിന്റെ ദൂരവാസത്തെ അവസാനിപ്പിക്കുന്ന കർമ്മമായി ഗണിക്കാമല്ലോ എന്നു വിചാരിച്ചും ആ പതിവ്രത സന്തുഷ്ടയാകുന്നു. സഹശയനം, സരസസംഭാഷണം, പാദശുശ്രൂഷണം മുതലിവകയായി സുമംഗലികൾക്ക് അനുഭവത്തമാകാവുന്ന ജീവിതഭാഗ്യങ്ങളെ തനിക്കു നഷ്ടമായിത്തന്നെ കഴിഞ്ഞെയ്ക്കാം എങ്കിലും, ഭർത്തൃഗേഹിയുടെ സാമീപ്യംകൊണ്ട് പരിസരം പരമപവിത്രക്ഷേത്രത്തിനു തുല്യം

Digitized By Kerala Sahitya Akademi

തനിക്ക് ആത്മവിഭ്രതികഥം പ്രാനം ചെയ്യുമല്ലോ എന്നുള്ള മോഹത്തിൽ മന്ത്രിയുടെ യാത്രയും ക്ഷണം സംഭവിച്ച് ആ പ്രസ്ഥാനം അവിളംബിതമായും, ശ്രുതകരമായും പര്യവസാനിക്കട്ടെ എന്നും അവർ പ്രാത്ഥിച്ച് തന്റെ ശയ്യയിന്മേൽ സ്ഥിതിചെയ്യുന്നു.

ചില മുഷ്ടരഹസ്യങ്ങളുടെ താഡനങ്ങഥം പുറവാതലിൽ കേട്ടുതുടങ്ങുന്നു. "കതവു തുറക്കണേ" എന്നു പ്രത്യക്ഷരം ഘോരധ്വനിയിൽ ഉച്ചരിക്കപ്പെട്ട അപേക്ഷകളും താൻ ഇരിക്കുന്ന തളത്തിൽ എത്തുന്നു. ഭത്താവിന്റോ പുത്രിക്കോ വല്ലതും ഒരാപത്തു സംഭവിച്ചുപോയോ എന്നുള്ള ആധിയോടെ ആ മഹതിതന്നെ എഴുന്നേറ്റു തളത്തിലെ വാതൽ തുറന്നു.

ഗോപുരദ്വാരത്തിൽ എത്തി പ്രൌഢയായ ഗൃഹനായിക "ആരു്?" എന്നു ചോദ്യംചെയ്ത് താഡനശബ്ദങ്ങളേയും അപേക്ഷാഘോഷങ്ങളേയും അവസാനിപ്പിക്കുന്നു. "ഞാൻതാനമ്മ. ഗൗണ്ടർ. കവലപ്പെടാതിങ്കഥം" എന്ന വാക്കുകളിൽ കരു സാക്ഷാത്താപം സ്ഫുരിച്ചുപോയതിനാൽ മീനാക്ഷിഅമ്മ വിറകൊണ്ടുനിന്നു. തൻറ ഉദീരണത്തിനു പ്രത്യുക്തി കനും ഉണ്ടാകാത്തതിനാൽ താൻ സ്വീകരിച്ചിട്ടുള്ള സ്വരവിശേഷം പൂർവ്വോച്ചാരണത്തിൽ വിസ്മൃതമായി എന്നു സ്മരിച്ച വൃദ്ധൻ ക്ഷീണചിത്തനായി. അതിനാൽ അനന്തരക്രിയയിൽ കപടഭ്രാന്തിയെ അല്പംകൂടി വികൃതമാക്കി "എന്ന താഴീ! അവസരമായവാഞ്ഞെ ശൊല്ലിവീട്ട പോറട്ടും" എന്നു പ്രാത്ഥിച്ചു. ഭത്താവിനും പുത്രിക്കും മാറു ബന്ധുക്കൾക്കും ആപത്തൊന്നും ഇല്ലെന്നു ഗ്രഹിച്ച മീനാക്ഷിഅമ്മ വൃദ്ധനിൽനിന്നും എന്തു് ആപത്തുണ്ടാകാം എന്നു നല്ലതുപോലെ ആലോചിച്ചു. ആദ്യ

Digitized By Kerala Sahitya Akademi

സംഘടനയിൽ തന്റെ മനസ്സിൽ അങ്കുരിച്ചതായ ആ ദുരാലോചനകളെ സ്മരിച്ച ആ സാധുചിത്തശങ്കയായി കപാടബന്ധങ്ങളെ നീക്കിയിട്ടു വഴിമാറിനിന്നു. ഗൃഹാങ്കണത്തിലേയ്ക്കു പ്രവേശിച്ചതു് ഗൗണ്ഡനും ആകാശച്ചുംബിയായ ഒരു ഭീമകായനും ആയിരുന്നു. നിലാവെളിച്ചത്തിനിടയിൽ കാണാമായിരുന്ന വൃദ്ധന്റെ ദുരാഗവിക്ഷോഭങ്ങളാൽ മുൻപിൽ നടക്കുന്നതിനു തിയ്യക്തയായപ്പോൾ, മീനാക്ഷിഅമ്മ മുൻതളത്തിലേയ്ക്കു കടന്നു്, ആഗതദ്വന്ദ്വത്തെ ക്ഷണിച്ചു്, തെളിഞ്ഞതെളിഞ്ഞ പ്രകാശിക്കുന്ന പടിയിന്മേൽ ആസനസ്ഥർ ആക്കി. ഗൗണ്ഡൻ പെരിഞ്ചക്കോടനായ സഹഗാമിയോടു് അല്പം തെക്കുവശത്തോട്ടു നീങ്ങി നില്ക്കണം എന്നു് അപേക്ഷിക്കയാൽ; അയാൾ അതിനനുസരിച്ചിട്ടു് വൃദ്ധനും ഗൃഹനായികയും തമ്മിൽ സംസാരിച്ചു് ആ യാത്രാകാര്യം നിവർത്തിതമാക്കുന്നതിനു് അവസരം കൊടുത്തു. മീനാക്ഷിഅമ്മ ഉത്സാഹം മടങ്ങി എത്തിയിട്ടില്ലെന്നു ധരിപ്പിച്ചു് അപ്പോഴെങ്കിലും മോതിരം എടുത്തുകൊള്ളണം എന്നു് ഗൗണ്ഡനോടു് അപേക്ഷിച്ചു. "ഗൗണ്ഡനാർ അത്ര പോക്കിരിയോ?" എന്നു ഘോഷിച്ചു് അയാൾ ആ മഹതിയുടെ അഭിപ്രായത്തെ ഭർത്സിച്ചുകളഞ്ഞു. അനന്തരം താൻ മഹാശക്തിമാന്മാരായ രാജാക്കന്മാരുടെ ബന്ധു ആണെന്നും എത്രയോ കുടുംബങ്ങൾക്കു മോഷ്ടിച്ചിട്ടുള്ള ആപത്തുകളേയും ദുഃഖങ്ങളേയും നീക്കി മനസ്സുഖത്തോഷം സമ്പാദിച്ചിട്ടുള്ള ഒരു ലോകപാലൻ ആണെന്നും, ആ ഭവനത്തിൽ എന്തോ പിശുനാകർമ്മം വ്യാപരിച്ചു് മേനോതിമാരെ ഛിദ്രിപ്പിച്ചിരിക്കുന്നതായി സംശയിക്കുന്നു എന്നും, അതിനു് ഛിദ്രകാരനായ ശിവാൻജിയെ അര വിനാഴിക

Digitized By Kerala Sahitya Akademi

നേരം ആ ഭവനത്തിൽവച്ചു തനിക്കു കാണ്മാ അവസരം ഉണ്ടാക്കിക്കൊടുത്താൽ ആ മഹതിയെ വ്യസനിപ്പിക്കുന്ന ദുർഘടാവസ്ഥയ്ക്കു് ഉടനെ പരിഹാരം ഉണ്ടാക്കീടിക്കൊടുപ്പാൻ താൻ ശക്തനാണെന്നും ധരിപ്പിച്ചു. അനന്തരം താൻ എന്താണു ചെയ്യേണ്ടതെന്നു മീനാക്ഷി ചോദിച്ചപ്പോൾ കരു "കടിതം" അയച്ചു് അദ്ദേഹത്തിന്റെ വടക്കോട്ടുള്ള യാത്രയിൽ അനാഴിക നേരത്തെയ്ക്കു തന്റെ ആതിഥ്യം സ്വീകരിപ്പാൻ മീനാക്ഷിഅമ്മ ക്ഷണിക്കണം എന്നു ഗൗണ്ഡൻ ഗ്രഹിപ്പിച്ചു. ഭർത്താവിന്റെ നിയോഗം കൂടാതുള്ള ഒരു നിമന്ത്രണലേഖനം അയക്കുന്നതു് സാധർമ്മത്തിനു വിരുദ്ധം എന്നും, അങ്ങനെ ഒരു അപേക്ഷ അദ്ദേഹത്തെ ധരിപ്പിച്ചാൽ രാജ്യത്തിന്റെ ജീവനെത്തന്നെ സംബന്ധിക്കുന്ന ഒരു യാത്രയുടെ ആരംഭത്തിലുണ്ടാകുന്ന ആതാമസം ഒരു ദുശ്ശകുനമായി പരിഗണിക്കപ്പെട്ടുകയില്ലയോ എന്നും, ചിന്തിച്ചു് അവർ മൌനം അവലംബിച്ചു. എന്തായാലും തന്റെ ഗൃഹകാര്യത്തിൽ, ആ രാത്രിസമയത്തു് യാതൊരു ബന്ധുമില്ലാത്ത ഒരു വിദേശീയൻ പുറപ്പെട്ടു് ഇങ്ങനെ ഉള്ള ഒരു അപേക്ഷചെയ്യുന്നതു സംശയകരമായി അവക്കു തോന്നുകയാൽ ഗൗണ്ഡൻ ഉത്തരം കിട്ടുവാൻ പുറപ്പെട്ടുചിച്ച നാസാസ്വരങ്ങൾക്കു വീണ്ടും നിശ്ശബ്ദയായിത്തന്നെ നിലകൊണ്ടു. ഭർത്താവിന്റെ ജീവനിമിത്തം വിധിക്കപ്പെട്ടിട്ടുള്ള വൈധവ്യത്താൽ ദേഹവും മനസ്സും ക്ഷീണിച്ചിട്ടുണ്ടെങ്കിലും ആ സ്ത്രീ പരന്മാരുടെ ഗുണദോഷങ്ങൾക്കു നമ്യയാകുന്നവൾ അല്ലെന്നു ഗൗണ്ഡൻ ഗ്രഹിച്ചിരുന്നു. ആ ചിത്തസ്ഥൈര്യത്തെ സ്വകുടുംബത്തിനുതന്നെ സംപ്രാപ്തമായുള്ള ഒരു മഹിമ എന്നപോലെ അയാൾ ആന്തരാൽ അഭിനന്ദിക്കുകയും ചെയ്തു. ഗൗണ്ഡൻ

Digitized By Kerala Sahitya Akademi

പല മധുരവാദങ്ങളും നയവാദങ്ങളും പ്രയോഗിച്ചിട്ടും ജയസൂര്യന്റെ ഉദയാൽപൂർവ്വമായുള്ള അരുണജ്യോതിസ്സുപോലും കണ്ടുതുടങ്ങിയില്ല. ടിപ്പുവിൽനിന്നുള്ള സ്വാതന്ത്ര്യപുരുഷാർത്ഥസാകല്യത്തേയും ബലികഴിച്ചു സമ്പാദിച്ചിട്ടുള്ള സന്തുഷ്ടി ഇവ രണ്ടും തമ്മിലുണ്ടായ കരു സംഗരത്തിൽ അനിശ്ചിതമായുള്ള ഭാവിവിജയം പരാജയംപ്രാപിച്ചു ഗൗണ്ഡൻ വിച്ഛേദ്യജിഹ്വനായി സ്ഥിതിചെയ്തുപോയി.

ഈ ഘട്ടത്തിൽ പെരിഞ്ചക്കോടൻ മുന്നോട്ടുകീഞ്ഞി "നോക്കീനാ പെമ്പറന്നോരേ? ഇത്തറ ഹഹങ്കാരങ്ങളു് ഈ ആണ്ണങ്ങടെ അടുത്തെടുക്കണ നിങ്ങക്കു് കരു നായരെ വഴിക്കു വഴിയേ കൊണ്ടുപൂവാൻ കഴിയാത്തെന്തു്? ആ ധിവാന്തിച്ചിയെ ശക്കരക്കൊടമായി പൂയിച്ചിട്ടുപ്പോ മറോ തുട്ടുനമ്പ്യാൻ അതാ കിടാന്നു് ഇങ്ങിട്ടേച്ചു തൊങ്കിയിരിക്കണതു്? മൊതലാളി ചൊല്ലണതു കേട്ടില്ലെങ്കിൽ ഞങ്ങടെ കയ്യിച്ചെല വിദ്യകളുണ്ടു്."

മീനാക്ഷിഅമ്മ അപഹാസസരസ്വതിയുടെ അമ്പത്തൊന്നു് അക്ഷരമുനയോടേ തിരിഞ്ഞു് ആ ഉമ്മദവാദിയോടു് അഭിമുഖയായി നിന്നപ്പോൾ ആ മുഖത്തു പ്രകാശിച്ച കലഗുരുധ്രുതയെ സൂക്ഷ്മമാനം ചെയ്യാനുള്ള ബുദ്ധി പെരിഞ്ചക്കോടനുണ്ടായിരുന്നു എങ്കിൽ അയാൾ നിന്നിരുന്ന നിലത്തു താണുപോകുമായിരുന്നു.

മീനാക്ഷിയമ്മ പ്രൌഢമൌനം അവലംബിച്ചുചില്ലുപോൾ പെരിഞ്ചക്കോടൻ തന്റെ കോപഭസ്മത്തെ തുടന്നു് "നോക്കു്. നിന്റെ ഈ ഉവ്വശിയാട്ടങ്ങാം പെരിഞ്ചക്കോടൻറടുത്തു കൊണ്ടരുതു്. ഇതുപോലെ പൂവമ്പഴത്തൊലി കള്ളിവരെ പെരിഞ്ചക്കോടനും കണ്ടിട്ടുണ്ടു്. യിന്റെ മെരട്ടുകൂ ആ മൊന്തപ്പുഴത്താൻ നിന്റെ നായ

Digitized By Kerala Sahitya Akademi

രൊണ്ടല്ലോ, അവനെറ്റുത്തു് കക്കം. എഴുത്തുട്ടു് കാലാണു റക്കു്. ആ കലം കെട്ടത്ത ദ്രോഹിയെ ഇങ്ങുവരുത്തി പിഴ ഷുല്പക്കു്. നെനക്കും മോളു പെണ്ണിനും അപ്പോമുതൽ കായ്ങ്ങളിതോ എന്നു് അന്ന പെരിഞ്ചക്കോടനോടു കേട്ടോ.''

പെരിഞ്ചക്കോടനെറ നേക്കുള്ള നോക്കുപോലും അവ സാനിപ്പിച്ചിട്ടു് മീനാക്ഷിയമ്മ ഗൗണ്ഡനായ ''മാമനാ'' രോടു് തന്നെ അപമാനിക്കുന്നതായ ആ അസഭ്യഭാഷണ ത്തെ അദ്ദേഹവും കേട്ടുകൊണ്ടിരിക്കുന്നതിനെക്കുറിച്ചു വ്യ സനിച്ചു് തമിഴിൽ പറഞ്ഞു. ഗൗണ്ഡൻ കോപിഷ്ഠനായി ഉത്ഥാനംചെയ്തു് പെരിഞ്ചക്കോടനെറ അപമര്യാദയെ ശാസിച്ചു. ചില പരമാത്ഥങ്ങൾ വെളിപ്പെടുത്താൻ താൻ തയാറാണെന്നും, അവ പ്രസിദ്ധമാകുമ്പോൾ ചിലർ കഴു കിന്മേൽ ആരോഹണം ചെയ്യും എന്നും വാദിച്ചു് പെരി ഞ്ചക്കോടൻ ശത്രുനില അവലംബിച്ചു. ഗൗണ്ഡവേഷ ത്തിനെറ കണ്ണത്തിൽനിന്നു ചില ഉഗ്രധാന്യികളും, മദ്ധ്യ ത്തിലെ വസ്ത്രബന്ധത്തിൽനിന്നു ദിവാൻജി എന്തിയതു പോലുള്ള ഒരു അയുധമണ്ഡവും പുറത്തായി. ആയുധത്തെ യും, കണ്ണധാനികളെ കേട്ടു് ഗൃഹാങ്കണത്തിന്മേൽ പ്രവേ ശിച്ച ഗൗണ്ഡനെറ അനുചരന്മാരേയും കണ്ടപ്പോൾ പെ രിഞ്ചക്കോടൻ മറു ചില ആലോചനകളോടെ മുറത്തു ചാടി, ''എന്നാൽ ഇനി കണ്ടിട്ടു്'' എന്നുമാത്രം പറഞ്ഞു കൊണ്ടു് അതിവേഗത്തിൽ പാഞ്ഞു. ഗൗണ്ഡനെറ നവ സങ്കേതത്തിനടുത്തു ഗ്രാമമായി പാർപ്പിച്ചിരുന്ന തനെറ അ നുചരസംഘത്തോടു ചെന്നുചേർന്നു. ഗൗണ്ഡൻ ആ രാ ത്രിയിൽ നിദ്രാഭംഗം ഉണ്ടാക്കിയതിനു മീനാക്ഷിഅമ്മ യോടു ക്ഷമാപ്രാത്ഥനകളെ ചെയ്യും അന്ന പ്രകടിപ്പിക്ക പ്പെട്ട സ്ഥിരധീരതയ്ക്കു് ഭത്സനവാടുചേർന്നുള്ള ചിരകാലദാ

Digitized By Kerala Sahitya Akademi

സത്യം ഫലമാകട്ടെ എന്നു് ആഞ്ജീസ്സു നല്ലിയും, എന്തോ ചിന്താവേശത്താൽ ആ മഹതിയുടെ ഫസ്റ്റങ്ങാം ഗ്രഹിച്ചു് കണ്ണുനീർ വഷ്ടിച്ചും ചരമശ്വാസം എന്നപോലെ ടീർഫലമായി ഒന്നു യിശ്വസിച്ചു് പരിസരത്തെ നേത്രങ്ങളാൽ ഭക്തി കഴിക്കുംവണ്ണം ഒരു അപ്രമേയോല്ലണ്ണയോടെ ചുറ്റിനോക്കിയും ഏതാനും വിനാഴികയോരം യിശ്വേഷ്ടം നിനിറ്റു് "ഹമ്മാ!" എന്നുള്ള ആനന്ദാശ്രുത്തോടെ സ്തുതിഗാത്രയായി പെരിഞ്ചക്കോടന്റെ ദ്രുതഗതിയിൽത്തന്നെ അവിടെനിന്നു പാഞ്ഞു.

അദ്ധ്യായം ഫ.

"അത്ഭുതമാത്രയെ നിളെത്തിരഞ്ഞിങ്ങു
മപ്പുതുനാളിനകത്തു വന്നീടണം."

കരു രാത്രിയിലെ സുഖനിദ്ര കിട്ടിയപ്പോഠം ആഞ്ഞാൻ ദ്ധൂളികൊണ്ടു ശോണമായിത്തീന്നിട്ടുള്ള വസ്ത്രങ്ങാം ധരിച്ചു് അസ്തമയദിവാകരന്റെ പ്രഭ്യുതിയോടെ സരസ്സടത്തോടു ചേന്ന പൂവ്വാദ്രിയിൽ ഉദയംചെയ്തു. സാവിത്രിയും, കുറുങ്ങോടനും, തന്റെ ഉപദേഷ്ടാക്കളായ ബന്ധുക്കളും ഉഠപ്പെട്ടുള്ള ലോകം, തന്റെ നിയന്ത്രണവും സഹകരണവും കൂടാതെ "ദിനമഹിരജനി" ക്രമത്തിൽ പരിവത്തനം ചെയ്യട്ടെ എന്നുള്ള വൈരാഗ്യശാന്തത്തോടെ, ആ ശാൻ ദ്രോഹബുദ്ധികളല്ലാത്തവരായ തരുക്കളോടുമാത്രം സൗഹാർദ്ദവായായി അവർ വഹിക്കുന്ന ഫലദലസംഖ്യകളേ കണക്കാക്കി പുററിനടന്നു. തീവ്രമായ ഈ "വന്യേഗ്രഹതാ" പ്രകടനത്തിലെ ലജ്ജാലാസ്യങ്ങാം കാണികളായ ചില ഗൃഹസ്ഥന്മാരെ അനുകമ്പാർദ്രമനസ്കന്മാരാക്കി. പി

Digitized By Kerala Sahitya Akademi

വാഹമുടക്കത്തിൽ ഉണ്ടായ ജാള്യത്തിനിടയിൽ കരപ്രമാണികളും മറവും കാട്ടിപ്പോയ സാഹസത്തിനു് അവർ ആശാനോടു ക്ഷമായാചനം ചെയ്തു. "എല്ലാത്തിനും ഈശ്വരൻ കൊടുക്കും" എന്നുള്ള ജാപവാക്കോടെ ആശാൻ കിഴക്കേനന്തിയത്തു ഭവനത്തിന്റെ മുൻഭാഗത്തുള്ള തറയിലോട്ടു നീങ്ങി. സാക്ഷാൽ നന്തിയത്തു് എടത്തിലെ കാരണവരായ ധാർമ്മികപ്രൌഢമാത്മതന്നെ "പോന്നുചന്നു്," നിവർത്താഖിലകാമനായി നടമാടിക്കൊണ്ടിരുന്ന ആശാനെ സല്ക്കരിച്ചു് പൂർവ്വസ്ഥിതിയിലുള്ള പ്രാധാന്യം അനുഭവിച്ചുകൊള്ളുവാൻ ധൈര്യപ്പെടുത്തി. കൊടന്തയാരാൻ മുഖം കഴുകുന്നതിനു മുമ്പുതന്നെ പാചകശാലയുടെ മുൻതളത്തിൽ പദ്മാസനം അവലംബിച്ചു സ്ഥിതിചെയ്തു പൂർവ്വരാത്രിയിലെ കാനനേർഷ്ടുങ്ങളെ ഊക്കുകഴിച്ചു.

ഈ ആഹ്നികകർമ്മം നിറവേറിക്കഴിഞ്ഞപ്പോൾ, ആശാന്റെ ഉള്ളിലുള്ള ചാപല്യച്ചാത്തൻ "മുഞ്ച മുഞ്ചമാം" എന്നു നിലവിളികൂട്ടി. ആശാൻ തന്റെ വക്രസാക്ഷകളെ നീക്കി. അയാളുടെ രസനാവേലിയിൽ പ്രതിഷ്ഠിതനായിരുന്ന ചാപല്യമൂർത്തിക്കു് ഇങ്ങനെ ക്രിയാസ്വാതന്ത്ര്യംകിട്ടിയപ്പോൾ, ഇഷ്ടനർമ്മങ്ങൾക്കായി ആ ദുർദ്ദേവൻ ഉദ്യോഗിച്ചു് ആദ്യമായി സാവിത്രിക്കുട്ടിയുടെ മണിയറമുറ്റത്തുള്ളിലുടങ്ങി. ആ ദേവന്റെ സ്യന്ദനമായ ആശാനെ കണ്ടപ്പോൾ, അടുത്തുനിന്നിരുന്ന ദാസി ആ വാഹനത്തിന്റെ ഘടന പൂർവ്വസ്ഥിതിയിൽ അഭിന്നമായി ശേഷിക്കുന്നുണ്ടോ എന്നു് അറിവാൻ കുതൂഹലവതിയായി.

കുഞ്ഞി:—"ആയാനെ, ആയാന്റെ മുത്തപ്പൊന്നു കാന്നറ. മുറ്റു മൻറും അങ്ങൊന്നേറാ?"

കൊട:—"ഈ കാട്ടുപോത്രിയാണു് ഇവനെ സർവ്വത്ര ദ്രോഹിക്കുന്നതു്."

Digitized By Kerala Sahitya Akademi

കഞ്ഞി:—"അതെന്തായാനെ അങ്ങനെ പരയുന്നതു്? ആയാൻതന്നെ എയ്ത്തിനെ—"

കൊട:—(ഝടിതിയിൽ തടഞ്ഞു്) "ഛേ! അതിങ്ങു തന്നോക്കു്."

കഞ്ഞി:—"അയ്യോ! പക്ഷംകൊൻറു വായിച്ചു വായിച്ചു പശ്ചിച്ചല്ലിയോ പെയ്യ."

സാവി:—"ഉരുളേണ്ട ആശാനെ, ആകപ്പാടെ അതു വലിയ വേണ്ടാസനമായിപ്പോയി."

കൊട:—(കഞ്ഞിപ്പെണ്ണിനെ നോക്കി) "നീ അറുവല എന്തു പറഞ്ഞു? (സാവിത്രിയോടു്) ഗ്രന്ഥാഥന്റെ പാഠം ഓരത്തായപ്പോൾ സംഭവിക്കുന്നതെല്ലാം വിഷ്ണും. കരു സംസ്കൃതശ്ലോകം മലയാളത്തിച്ചാക്കി ശരി നോക്കി നില്ക്കുമ്പോൾ ഈ എച്ചിക്കാളി തട്ടിപ്പറിച്ചു കൊണ്ടുപോയി. (വീണ്ടും കഞ്ഞിപ്പെണ്ണിനെ നോക്കി) നീ യില്ലുന്നെടം പിളറ്റുപോകും, ദ്രോഹി!"

കഞ്ഞി:—"കായ്യം പ്രാത്ത കിറീറു കൊരയ്ക്കാം ഞായാനെ. അതിനുമുമ്പു് പെരുക്കം പരഞ്ഞാൽ വായീ മന്നരിച്ചു (മണ്ണടിച്ചു) പോവുമേ."

കൊട:—"ഹാ! പുറംപോലെ അകവും കറുത്ത മൂർഖപ്പാമ്പു്."

കഞ്ഞി:—"അതേയതേ. അതല്യോ മേലോറു് എയിമ്പാതെ കരുരുചിരിച്ചുപോയത്."

ശണ്ഠ അടുത്ത പടിയിലോട്ടു മുറുകുമ്പോൾ ഇതിലും ഉത്സാഹങ്ങളായ സംഭാവനകൾ കിട്ടുമെന്നു പേടിച്ചു് ആശാൻ അവിടെനിന്നു ക്രോധവശനായി തിരിച്ചു സഭാവനത്തിലെത്തി. കരു സുഭദ്രാഹരണകർമ്മം നിവർത്തിക്കുന്നതിനു താൻ പോരുന്നവനല്ലേ എന്നു സഭാബുദ്ധിശയും,

Digitized By Kerala Sahitya Akademi

കൗശലവിദ്യതിന്നിലുള്ള അഭ്യാസത്തേയും പരിഗണനാ ചെയ്തപ്പോൾ ദുർമ്മോഹികളെ വഴി പിണക്കുന്ന ദുർമ്മൂർത്തി ആശാനിൽ കുടികൊണ്ടു് അജ്ഞാനവീര്യത്തെക്കാൾ വിജയത്തോടുള്ള ഒരു രഗ്മിണീചോരന്റെ ശക്തിതന്നെ അയാൾക്കു് ഉണ്ടെന്നു തോന്നിപ്പിച്ചു. അജിതസിംഹനെ, അല്ലെങ്കിൽ ആശ്രിതമണ്ഡലത്തിൽ ഉൾപ്പെട്ട ഒരു സാധുവിനെ സപുത്രിദാനംകൊണ്ടു ധന്യൻ ആക്കണമെന്നു പ്രതിജ്ഞചെയ്തിട്ടുള്ള ഗുരുനാഥന്റെ മുമ്പിൽ സഫലതീകനായി "ക്ഷന്തവ്യോമേപരാധഃ" പ്രാർത്ഥനചെയ്യുമ്പോൾ, ആ കൃപാനിധിയായ പ്രഭുവിന്റെ കോപകൃപാണങ്ങൾ ഉപസംഹൃതമാകുമെന്നും അയാൾ തീർച്ചയാക്കി. അപഹരണത്തിനുള്ള ശസ്ത്രരഥവാജികൾ സജ്ജീകരിപ്പാൻ വഴി തോക്കുന്നതിനിടയിൽ ഒരു യുവരസികൻ ആശാനെ തടഞ്ഞു നിറുത്തി, ആ അന്ധകശ്രേഷ്ഠനെ ഇങ്ങനെ ഗദ്ഗദാകുലനാക്കി. "ആശാൻ വിട്ടില്ലാ അന്നു് ആ തെമ്മാടികളെ തോല്പിച്ചതു് എത്ര രസമായി എന്നോ?

ആശാ:—"ആ മത്തങ്ങാവയറൻ കുറുങ്ങോടനാണു് കടിക്കുട്ടിയതു്—ന്യായം കാടീട്ടു് ഇവന്റെ ഒരു രോമം പിടുങ്ങിയോ? പോവാൻ പറയൂ ചങ്ങാതി, പുല്ലുകളെ പോവാൻ പറയൂ. ശ്യാമണ്ണൻ ഇതുകൊണ്ടൊന്നും ആടിപ്പോവുല്ല. കാണാൻപോകുന്ന പൂരം പറഞ്ഞുകേൾപ്പിക്കണോ?"

യുവാ:—"വിടരുതാശാനേ, വിടരുതു— ആശാനെന്താ കണ്ണില്ലേ, മൂക്കില്ലേ, കരളില്ലേ? ഹും —കണ്ടോടത്തെ തനുരാക്കന്മാരെക്കൊണ്ടുചാടിച്ചതു് എന്തു ഭ്രാന്തു്? ആ നന്ത്യത്തെ കൊച്ചുണ്ണിത്താൻ കണ്ണുവയ്ക്കുന്നുണ്ടു്. ആശാൻ അണാണെങ്കിൽ വിടരുതു്." (ആശാന്റെ വലതുകൈ ചെങ്ങാതിയുടെ കക്ഷത്തിലായി) ആശാൻ കുറഞ്ഞ പുഞ്ചിയ

Digitized By Kerala Sahitya Akademi

ല്ലേ—തിരുവനന്തപുരത്തെ കച്ചവടം മിലതു് ഞങ്ങളും കേട്ടിട്ടുണ്ടു്. മിണ്ടാതിരിക്കു—ആ ധാത്രിക്കുട്ടി കന്നാം കടിക്കു കുവക്കുമെങ്കിലും തെല്ലുചെല്ലുമ്പോൾ മധുരിക്കും. മമ്മങ്ങൾ അറിഞ്ഞാണോ ആങ്ങാൻെറ അടുപ്പു്."

ആശാ:—"മിണ്ടാതിരിക്ക ഹേ! ഗുരുനാഥൻെറ മകളു്—എന്നല്ല മന്ത്രംകൊണ്ടുണ്ടോ മാങ്ങവീഴാവു്."

യുവാ:—അതല്ലേ കഥ. കുചൻ ചെങ്ങാതിയുടെ കഴുത്തിൽ ദേവയാന്നിക്കുട്ടി കെട്ടി ആഞ്ഞു ചിലതാടില്ലേ."

ആശാ:—"അങ്ങനെ പറയൂ. അക്കചൻ ചുണക്കുചനായിരുന്നു. നാമും അലോമ്യങ്ങൾക്കു തെയ്യാറല്ലാ. ഗുരുവ്വാ പുത്രീവ്വാ."

യുവാ—"എന്നാൽ താൻ പടുവങ്കൻ. ആ കൊച്ചുണ്ണിത്താൻ ജയിക്കുമ്പോൾ താൻ 'ഇളിഭ്യരാജീ ബതപൊങ്ങണഛ്വ' എന്നു നടക്കും."

ആശാ—(രഹസ്യമായി) "പോവൂ ഹേ! കൊച്ചുണ്ണിത്താനു കിട്ടുന്നതു തേങ്ങാ. പണ്ടുമുണ്ടേ ഞണ്ടിനുവാലു്. പോവൂടോ, പോവൂ."

യുവാ:—"എന്തിക്കു കേൾക്കണ്ടായേ ഈ വീരവാരങ്ങൾ. ഭോഷ്കൻ കുചനേ കൊല്ലാൻ തോന്നുന്നുണ്ടു്. താനും വല്ലടത്തുംപോയി തുങ്ങിച്ചത്തു് കാക്ക കൊത്തിത്തിന്നു പിതൃക്കളെങ്കിലും പ്രസാദിക്കട്ടെ. പോവൂ. പോവൂ (കൈയിട്ടിട്ടു്) തൊടാൻ കൊള്ളുല്ല തന്നെ. ആങ്ങായ്മയും നടിച്ചു നടന്നാൽ പോരെടോ. കുതിരയ്ക്കു കൊമ്പില്ലാന്നും മറും നരച്ച നായയ്ക്കുടിയും അറിഞ്ഞുകൂടെ? തനിക്കു മേലെങ്കിൽ അതു പറയൂ. കാര്യമുണ്ടെങ്കിൽ ഞങ്ങൾ വരിയിട്ടുകളയാം. കാത്തോളൂ ഇന്നാളത്തെ വേട്ടയാട്ടം."

ആശാൻ ചങ്ങാതിയുടെ കണ്ണത്തിൽ ഒരു രഹസ്യം

Digitized By Kerala Sahitya Akademi

മന്ത്രിച്ചു. അതു വായുഭഗവാന്റെതു് ഉപപ്പെടേയുള്ള "ഷാഡ്കണ്ണം പുക്ക" മന്ത്രമായിരുന്നതിനാൽ എങ്ങോട്ടെല്ലാം, എങ്ങനെയെല്ലാം, എത്ര വേഗത്തിൽ പരന്നുഎന്നു സഹൃയന്മാക്കും, ആശാനെ അപ്പോഠംമുതൽ വലയംചെയ്ത ശനിപ്പിഴയുടെ കാക്കശ്യം അജ്യൗതിഷികൾക്കുതന്നെയും നിഷ്പ്രയാസം ഊഹ്യവുമാണു്.

മന്ദമാരുതനാൽ മാനസം വിചലമാക്കപ്പെട്ട ആശാന്റെ സഞ്ചാരങ്ങൾക്കിടയിൽ "പുഷ്പകം തയ്യാറായോ?" "കാഷായവസ്ത്രം വേണ്ടേ?" "ജടയ്ക്കു വഴിയെടുത്തോ?" "ദണ്ഡും കമണ്ഡലുവും എവിടെ?" "ജടായുമംഗലം അടുത്താണു്. അതുകൊണ്ടു് ചന്ദ്രഹാസംകൂടി കരുതണം" എന്നിങ്ങനെ ചില രാമായണകഥാസൂചനകൾ കേട്ടു അസഹ്യപ്പെട്ട ആശാൻ തന്റെ ഉപദ്രവികളുടെ നിർമ്മാതാവായ ബ്രഹ്മദേവനു് അടുത്ത പ്രളയാനന്തരവും പൂജ ഇല്ലാതെ പോകട്ടെ എന്നു ശപിച്ചു.

അടുത്തദിവസം ദിവാൻജിയുടെ യാത്രാമുഹൂർത്തം എപ്പോൾ എന്നുള്ള വസ്തുതന്തിയത്തു ഭവനത്തിലും എത്തി. അപ്പോൾമുതൽ സാവിത്രിയുടെ ഉൽകൃഷ്ടാശയങ്ങളാൽ രഞ്ജിതമായിരുന്ന ഹൃദയതളിരം ദ്രവിച്ചു് സരിത് സ്വഭാവത്തിലോട്ടു രൂപാന്തരപ്പെട്ടു. ആ അനന്യദൃശ്യമായ പാവനസങ്കേതത്തിൽ കരുണലവണജലനിധിയിലെ പ്രക്ഷുബ്ധപ്രവർത്തനത്തിനിടയിലുള്ള തരംഗക്ഷോഭവും ആരംഭിച്ചു. തന്റെ മൌനവും ആത്മനിഷ്ഠികവും ആയ ഭാവുകങ്ങൾക്കു ശപഥം നൽകി വച്ചിരിക്കുന്ന പ്രാണനാഥനോടു സഹഗമനം ചെയ്യുവാൻ സ്വാത്മനാ ദൃഢമായിട്ടുള്ള പ്രതിജ്ഞയെ കാക്കുകയാൽ, അവൾ ഗാർഹികബന്ധങ്ങൾ മാനുന്നു. ആ സന്ദർഭത്തിലെ അവളുടെ മുഖഭാവം ഗ്രഹപ്പ

Digitized By Kerala Sahitya Akademi

വേശ്യാസമത്തു കണ്ടതിലും ദാരുണതരമെന്നു് അന്തഃപുര വാസികൾക്കും തോന്നി. തന്നാൽ പരിഗ്രഹീതയായുള്ള കാമുകനു ശത്രുവിൽനിന്നു വല്ല ആപത്തും സംഭവിക്കുമെന്നു് അവർ പേടിക്കുന്നില്ല. പാഞ്ഞുവരുന്ന പീരങ്കി ഉണ്ടയെ തിരിഞ്ഞുനിന്നു ഡംഭ്യപടപ്പുന്തുപോലെ കയ്യിലാക്കാനുള്ള പാടവവും ആ അശ്വഹൃദയമന്ത്രജ്ഞൻ വശത്താക്കിയിട്ടുണ്ടു്. തന്റെ ചിത്തത്തെ കണിതപ്പെടുത്തുന്നതു ഭയവ്യസനാദികളിൽ ഉൾപ്പെട്ടതോ ബുദ്ധീന്ദ്രിയങ്ങളെ സ്പർശിക്കുന്ന വസ്തുത്തിലുള്ളതോ ആയ കരു സാമാന്യവികാരം അല്ല എന്നു് അവർക്കു ബോദ്ധ്യം ആകുന്നു. പ്രതിജ്ഞാലംഘനം എന്ന പരമമായുള്ള മഹാപാപം ദേവിയിന്മേൽ ചുമലുന്നതിനു്—നിർവൃതിമാർഗ്ഗം അറുക്ഷണം കാണാഴികയാൽ ചിന്തകർ പെരുകി, സംഭ്രാന്തബുദ്ധിയായി, അവർ തന്റെ മണിയറയ്ക്കുള്ളിൽ തറയിൽ ശയനവുമായി. സന്ധ്യാസ്നാനവും ഉപേക്ഷിച്ചു. മേഘങ്ങൾ പെരുകി, ആകാശത്തെ ഇരുളിച്ചു സന്ധ്യാസമയത്തെ അന്ധകാരപൂർണ്ണമാക്കിയതു് ആ കന്യകയുടെ അന്തഃപ്രദേശത്തു പ്രചരിച്ചുകൊണ്ടിരുന്ന വ്യസനതിമിരത്തെ പ്രവൃദ്ധമാക്കി. ആഗ്നേയമായ കരു ചമ്മട്ടി വീശപ്പെട്ടതുപോലെ ഉള്ള കരുമിന്നൽപിണരിന്റെ പുച്ചം .അവളുടെ ശയനസ്ഥലത്തെ പ്രകാശിപ്പിച്ചതും അവളുടെ കണ്ണുകളെ അഞ്ചിച്ചില്ല. മേഘസമുച്ചയം ചില ജലകണങ്ങളെ ഭൂമുഖത്തിൽ പതിപ്പിച്ച അവസ്ഥയ്ക്കും അവർ ജാഗ്രുകയായില്ല.

ആ ശയനമുറിയിൽനിന്നു ബഹിഷ്കൃതയായി എങ്കിലും, ആശ്രിതജനത്തിന്റെ ധർമ്മത്തെ പരിരക്ഷിച്ചു്, കിട്ടിയേക്കാവുന്ന ശിക്ഷ സഹിച്ചുകൊൾവാൻ സന്നദ്ധയായ കഞ്ഞിപ്പെണ്ണു സപത്നസ്വാമിനിയെ ശാസിച്ചുതുടങ്ങി.

Digitized By Kerala Sahitya Akademi

"ഇതു കൊള്ളല്ല ഇഞ്ഞമ്മ! ഏയരാണ്ടൻ ചൂയിന ഇക്കാലത്താന്തോ മൊവം കരുപ്പിച്ചോൻറു കെരക്കിണതു്? ഇച്ച ങ്ങുന്നിന്ന പരയ്ക്ക പോന്നാന്നചെച്ചു്—"

സഭാസിയുടെ സൂക്ഷ്മഗ്രഹണശക്തി സാവിത്രിയെ അല്പം കനത്തു തോല്പിച്ചു. തിക്കിപ്പാൻ കരുത്തപെടാതെ കേവലം പരിഭവമായി, "ച്ചേ! പോടീ! വല്ലതും വിചാരിച്ചോണ്ടു നീ ഇനി കൊട്ടിഘോഷിക്കാതെ" എന്നു് കരു ആട്ടും ശാസനയും മുകുതമാക്കുകമാത്രം ചെയ്തു.

കുഞ്ഞി:—"ഇച്ചങ്ങുന്നിനെ കാണാന്തേങ്കി, ഇവിടത്തെച്ചോരന്മാരെയെങ്കിലും വിലിച്ചോൻറു പെരുവയിവരെ പൊഴയ്ച്ച വരാല്ലൊ."

സാവിത്രി പ്രതിജ്ഞചെയ്തിട്ടുള്ളതു് വഴിയിൽവച്ചു് സന്ദർശനം നൽകാം എന്നല്ല, താന്തോ തന്റെ ആത്മാവോ അദ്ദേഹത്തെത്തൊടന്നു് യുദ്ധരംഗത്തു് എത്തിക്കൊള്ളാം എന്നായിരുന്നു. അതുകൊണ്ടു് ആ അറയിൽനിന്നു മറെറാന്നും പറവാൻ ഇടയുണ്ടാക്കാതെ, കുഞ്ഞി ഓടിക്കപ്പെട്ടു. വിരഹപീഡിതയായി, രോഗിണിയായി, നിരാലംബയായി കിടക്കുന്ന മാതാവിന്റെ ശുശ്രൂഷണത്തിനും എത്താൻ മോഹിക്കാതെ, നിഗ്രഹചതുരന്മാരുടെ പ്രവർത്തനരംഗത്തിലുള്ള ആപത്തുകളെ സഹായംവരിക്കുന്ന തന്റെ ഹൃദയം പ്രകൃതിയുടെ ന്യായമായ ഗതി തുടരുന്നില്ല എന്നു സാവിത്രി ശങ്കിച്ചു. എന്നാൽ അപ്പോഴത്തെ പിതൃസ്ഥിതിയേയും, പടത്തലവൻ പോരറിയിൽനിന്നുംകേട്ടിട്ടുള്ള കഥകളേയും സംയോജിപ്പിച്ചു വിചിന്തനം ചെയ്തപ്പോൾ— ഹാ ജഗജ്ജയി എന്ന അഭിധാനത്തെ വഹിക്കുന്നതു് തൈവാംശമായുള്ള പ്രണയമൂർത്തിതന്നെ ആണെന്നു് അവൾ ഗ്രഹിച്ചു.

Digitized By Kerala Sahitya Akademi

അന്നത്തെ നാമജപങ്ങാം കേവലം അക്ഷരോച്ചാരണവും, ഭക്ഷണം ഹസ്തത്തിന്റെ ഒരു നിസ്സാരവ്യായാമവും ആയിക്കഴിഞ്ഞു. ചിന്താവേശത്താൽ പ്രതീപശീലയായിത്തീർന്നിട്ടുള്ള നായികയെ സഹവാസയോഗ്യയല്ലെന്നു ത്യജിച്ചിരിക്കുന്ന നിദ്രാദേവി, വ്യാജപരിഭവത്തോടെ ദൂരത്തു വാങ്ങി. ശയനം തുടങ്ങിയ കുഞ്ഞിപ്പെണ്ണിനെ തലോടി ദേഹക്ലമഹരണം എന്ന കർമ്മത്തെ നിറവേറ്റി. പടിഞ്ഞാറുള്ള വാതലിനെ ബന്ധിക്കുന്നതിനു ദാസിയെ വിളിച്ചു് ആജ്ഞാപിക്കപോലും ചെയ്യാതെ, മഹാവ്രതാനുഷ്ഠകി എന്നപോലെ സാവിത്രി വെറും നിലത്തുതന്നെ ശയിച്ചു. മന്ദഭ്രമണത്തിലോട്ടു ലയിക്കുന്ന ഒരു ചക്രംപോലെ ബുദ്ധി സാവധാനഗതിയിലായി, അവസാനത്തിൽ സ്തബ്ധവൃത്തിയും ആയി. അനന്തരം വികൃതാകൃതീരങ്ങളും കബന്ധനിപാതങ്ങളും, അശ്വവാരണങ്ങളുടെ ഭയങ്കരക്രന്ദനങ്ങളും, നവശസ്ത്രങ്ങളുടെ ഭ്രകന്ധകമായ ജ്വാലാകലാപങ്ങളും നിറഞ്ഞ ഭയങ്കരസ്വപ്നത്തിൽ അമഗ്നം.

* * * * *

ഉദയത്തോടടുത്തുള്ള രണ്ടുനാഴികയേരത്തെ ഇരുട്ടുകാലം കിഴക്കേ നന്തിയത്തുചീട്ടിൽ ബ്രഹ്മാണ്ഡത്തിന്റെ അവസാനസമയത്തെ കലാപത്തിൽ കഴിയുന്നു. മഹാപൈശാചികയെപ്പോലെ അത്യുച്ചശ്രുതിയിൽ നിലവിളികൂട്ടിക്കൊണ്ടു കുഞ്ഞിപ്പെണ്ണു പടിഞ്ഞാറേ മുറ്റത്തോട്ടു ചാടിയപ്പോഠം, സ്വാമിനിയുടെ അന്നത്തെ ശിക്ഷാനിയമത്തിലധികം ആ ഭൃത്യയെ വേദനപ്പെടുത്തി എന്നുമാത്രം ആ ഭവനത്തിനുള്ളിലുള്ളവർ സംശയിച്ചു. അതിയായ മനോവേദനയോടെ നിലവിളിച്ചും വഷ്ധാര എന്നപോലെതന്നെ കണ്ണുനീർ പൊഴിച്ചും അറകളും, തളങ്ങളും, പുറവുമുള്ള പറമ്പുകളും, മഠവും, കിണറും എല്ലാം പരിശോധിച്ചുകൊണ്ടു

Digitized By Kerala Sahitya Akademi

സരസ്സിലേയ്ക്കു പാഞ്ഞുതുടങ്ങിയ അവളെ പലരും തടഞ്ഞു ആത്മഹത്യചെയ്യാനുള്ള ശ്രമം ആണെന്നു സംശയിച്ചു പിടിക്കുടി തടുത്തു. "ഇഞ്ഞീൻറിഞ്ഞമ്മേക്കൊണ്ടരീൻ— അല്ലെങ്കി, ഞ്ഞി ഇപ്പോ കൊലത്തിച്ചാടീച്ചാമുമേ. കൻറ വരെപ്പെന്നിയെപ്പിരിച്ചകയക്കിക്കൊല്ലാതിൻ കാലമ്മാരേ. എൻറെ പൊന്നിഞ്ഞമ്മേ എന്നു വ്യസനകോപങ്ങളോടെ രോദനംചെയ്തു വീണ്ടും ഗൃഹത്തിലേയ്ക്കു മടങ്ങിയപ്പോൾ അവിടത്തെ സ്ത്രീകൾ അവളുടെ സംഭ്രമത്തിനും വ്യസനത്തിനും ഉള്ള കാരണം ചോദ്യംചെയ്തു. അടക്കിക്കൂടാത്ത വ്യസനത്തിൻറെ തിരക്കിനാൽ കണ്ണും ഇടറിക്കൊണ്ട്, "ഇങ്ങ് കാറിക്കൊൻറിറു കൊന്നേച്ച് എന്തരുന്നാ? വേ—ഏ—ഏ—ഏ—എന്നു കരഞ്ഞി നിലവിളിച്ചു. കേശവനുണ്ണിത്താൻറെ ഒരു സഹോദരി മുന്നോട്ടുവന്നു, "സാവിത്രി എവിടെ?" എന്നു ചോദ്യം ചെയ്തപ്പോൾ, "ഹതല്ലോ വല്യമ്മച്ചീ! കാമാന്തില്ല, കാമാന്തില്ല, നിങ്ങളു കൊൻറരീൻ. അല്ലെങ്കി, ഈ വാവരയിൽ കയരിട്ടു തൂങ്ങിച്ചാവും" എന്നു് ഉച്ചത്തിൽ വിലപിച്ചു. "എന്തു്?" എന്നു ചുറുമുള്ള എല്ലാ കണ്ണങ്ങളിൽനിന്നും ഏകോപിച്ചു് ഒരു ആശ്ചര്യധ്വനി ഉണ്ടായി. ഒരു മഹാനിശ്ശബ്ദതയും ഭവനത്തിൽ വ്യാപിച്ചു.

സ്ത്രീകൾ ഭവനപരിശോധന ആരംഭിച്ചു. അവരുടെ ഭർത്താക്കന്മാരും പുത്രവർഗ്ഗവും പറമ്പുകളിൽ മണ്ടിത്തിരിഞ്ഞു. ഭൃത്യന്മാർ നാലുപാടും സുഗ്രീവചാരന്മാർ എന്നപോലെ പാഞ്ഞുതുടങ്ങി. നന്തിയത്തെ "യജമാനന്മാർ" അരക്ഷണംകൊണ്ടു കച്ചമുണ്ടുകൾ ചുഴറി ചൊടിതോടിൻറെ പടിഞ്ഞാറേ വശത്തുള്ള തറയിൽ എത്തി. ശവസംസ്കാരം ഒരിപ്പായെന്നപോലുള്ള മുഖഗൗരവത്തോടെ കുണ്ണ

Digitized By Kerala Sahitya Akademi

ക്കുപ്പു തെടുവടിയുമൂന്നി മുണ്ടും തെറുത്തുകേറി കരക്കാ
രോടൊന്നിച്ചു് അവിടെ എത്തി, നടന്നിരിക്കുന്ന അപമാ
നത്തിനും, ആപത്തിനു് ഉത്തരവാദി ആരു് എന്നു ചോദ്യം
ചെയ്തു് ഭവനത്തോടു കലഹിച്ചെന്നപോലെ കിഴക്കോട്ടു
തിരിഞ്ഞു തോട്ടിലോട്ടൊക്കി സിദ്ധയായി. അല്പം കഴി
ഞ്ഞു് അദ്ദേഹത്തിന്റെ കണക്കായും പല സമർത്ഥന്മാരേ
യും പല വഴിക്കും കാടിച്ചു വസ്തുത ഉടനെ മണ്ടപത്തുംവാ
തുക്കൽ ധരിപ്പിപ്പാൻ ദേശകാവൽപ്പണിക്കാരനായ കരു
വിരുത്തിക്കാരനെ നിയോഗിക്കുകയും ചെയ്തു. കേശവനു
ണ്ണിത്താന്റെ ഇന്ദ്രഖഡ്ഗപ്രപാതത്തെ ചന്തിച്ചു് എല്ലാ
വരും സ്തബ്ധരായി നിലകൊണ്ടപ്പോൾ, പിന്നെയും ആ
പ്രദേശമെല്ലാം കുഞ്ഞിപ്പെണ്ണിന്റെ "കപ്പാരുകഥ" സുവ്യ
ക്തമായി കേൾക്കുമാറു മിഴുങ്ങുമായി.

ഇതിനിടയിൽ സംഭവഗതി എങ്ങനെ ആയിരിക്കു
മെന്നു ഗ്രഹിച്ച കൊടന്തയാശാന്റെ താക്കോൽക്കാർ അ
യാളുടെ ചെറപ്പുരമട്ടത്തിയായി പുറപ്പെട്ട വേട്ടയാടു
ളപ്പോലെ കിതച്ചും, കയത്തു പാഞ്ഞുതുടങ്ങിയ ഇവരുടെ
ഘോഷങ്ങൾ കേട്ടപ്പോൾതന്നെ കൊടന്തയാശാൻ ചാടി
ആ വേലിയും, ഈ കുഴിയും, അടുത്ത കടമ്പയും, പിന്നെ
ക്കണ്ട പല മുട്ടുവേച്ചികളും താണ്ടി പണ്ടത്തെ അഭയസ്ഥ
ലമായ കാട്ടിനുള്ളിൽ മറഞ്ഞു.

ഈ സംഘത്തിന്റെ ആക്രമം കൊടന്തയുടെ കോടാ
ലിപ്പുരവാസികളേയും, അവിടത്തെ കാമധേനുക്കളായ പ
ശു കുടുസംഘങ്ങളേയും ഭയപ്പെടുത്തി. രണ്ടുമൂന്നു ദിവ
സമായി ദിഗ്വിജയപ്രതി മുണ്ടുമാറി കാമദേവൻ ചമഞ്ഞുനട
ന്നിരുന്ന ആശാനെ അവിടെ കാണ്മാനില്ല. ആശാന്റെ
ഭവനത്തിലെ സ്ത്രീകൾ മാറത്തടിച്ചും, അവരുടെ അന്നദാ

Digitized By Kerala Sahitya Akademi

താക്കൾ ബഹിഷ്കൃവചങ്ങളെ ജൃംഭിപ്പിച്ചും മുറവിളി കൂട്ടി ത്തുടങ്ങി. കായ്മമറിയാതെ ബാലബാലികമാർ ആ രോഷാകാഹളാവലിക്കു ശ്രുതിയായി സഹായിച്ചു. അടുത്തടുത്തുള്ള കാരോ ഭവനത്തിലും ഈ രോഷാഭ്രമം സാംക്രമിക രോഗമെന്നപോലെ പടർന്നു. ന്യായന്യായങ്ങളുടെ ഭവനങ്ങളിൽ നിന്നും ഏകകണ്ഠമായുണ്ടായ പ്രലപനങ്ങൾ കേട്ടപ്പോൾ, പുലയർ, കറവർ എന്നിവർ രാജ്യത്തിനുടയവരേ അല്ലെങ്കിൽ കരയുടയവരോ പരലോകം ചേർന്നിരിക്കുന്നു എന്നു സംശയിച്ചു് ആസുരമായ മുറവിളികൾകൂട്ടി ദിക്കാസകലം നടുങ്ങിച്ചു.

നേരം നല്ല വെളിച്ചമായപ്പോൾ പല വഴിക്കും കാടിയവരെല്ലാം തോറ്റു മടങ്ങുകയാൽ കിഴക്കേ നന്തിയത്തു വച്ചു കരക്കാരുടെ ഒരു മഹായോഗമുണ്ടായി. നന്തിയത്തെ ജമാന്മാർ ഉടമ്പടയിലും, കുറുപ്പു്, ആശാൻ പണിക്കർ, തിരുമുഖംപിടിച്ച പിള്ളമാർ എന്നിവർ എറയത്തും, സ്ഥാനമില്ലാത്തവർ മുട്ടുകെട്ടി തിണ്ണയിലും, ചെറുതരക്കാർ മുറത്തുംകൂടിയപ്പോൾ കായ്മഗ്രഹണവും ലോകപരിചയവുംകൊണ്ടു സഭാനിയന്ത്രണത്തിനു യോഗ്യന്മായുള്ള കുറുങ്ങോട്ടുകുപ്പു വിചാരണ ആരംഭിച്ചു. സംഭവം ഗൗരവതരമായിട്ടുള്ളതായിരുന്നു. സദസ്യരുടെ മുഖക്ഷോഭങ്ങളും കടുത്തായ നിശ്ശബ്ദതയും ഈ ഗൗരവബോധത്തെ പ്രത്യക്ഷപ്പെടുത്തി. ഭവനത്തിലെ ഭൃത്യരും വടക്കേ കെട്ടിലെത്തിയ സ്ത്രീജനങ്ങളും എല്ലാം വിചാരണയ്ക്കു വിഷയമായ സംഭവം എങ്ങനെ നടന്നുവെന്നു് അവക്കു യാതൊരു അറിവും ഇല്ലെന്നു മൊഴികൊടുത്തു. അടുത്ത ക്രിയ പ്രധാന സാക്ഷിണിയായ കുഞ്ഞിപ്പെണ്ണിന്റെ മൊഴി വാങ്ങുവായിരുന്നു. മഹാപ്രസിദ്ധനായിരുന്ന പടത്തലവൻ അയന്തപത്മനാഭന്റെ ഭഗിനി

Digitized By Kerala Sahitya Akademi

ന്തിരവൻ കഴക്കൂട്ട പ്രഭുഗൃഹത്തിലെ കരേ കാറ പിടന്ന കുട്ടിക്കുഞ്ഞമ്മ, ആ കരയാൽ അഭിവന്ദ്യനായുള്ള കേശവനുണ്ണിത്താനു് ദൈവം ശേഷിപ്പിച്ചിട്ടുള്ള അരുമക്കുഞ്ഞു്, ഇങ്ങനെയുള്ള പൊന്നുംകുടത്തിനെ "ചെവിക്കു ചെവിയറിയാതെ രാത്രിയിൽ ഭഗ്ഗിച്ചു കൊണ്ടുപോയതു് ഹാരടീ" എന്നു് ഒരു വലിയ വെടി കുറുങ്ങോട്ടു കുറുപ്പിന്റെ കണ്ണത്തിൽവിന്നു പുറപ്പെട്ടു. "ഇതെന്തൊരു കൂത്തു്?" എന്നു മോദിച്ചുകൊണ്ടു് കുഞ്ഞിപ്പെണ്ണു വീണ്ടും സഭയുടെ മുൻപിൽ ദീനപ്രലാപം തുടങ്ങി.

കുറുങ്ങോടൻ:—(കുഞ്ഞിപ്പെണ്ണിന്റെ കരച്ചിൽ കണ്ടു് അവൾ അപരാധിനിയെന്നു തീർച്ചയാക്കീട്ടു്) "എടാകിടാണ്ണാ; ഈ ചൂലേപ്പിടിച്ചു് ആ തൂണേക്കെട്ടടാ—വെട്ടെടാ ആരെടാ അതു് ഉമ്മട്ടിയോ? കരു കടക്കൊള്ളി എടുത്തോണ്ടുവാ. വയ്ക്കു് അവടെ പൊറത്തു്. വെന്തുനീറട്ടെ. ആഹാ!"

കുഞ്ഞി:—(ഉണ്ണിത്താന്മാരോടു്) "അയ്യോ ഇതെന്തൊരു പാരെന്നു് നിങ്ങളു കേപ്പിൻ. എന്നെ അരുത്തു കിരപ്പാൻ ഇന്നാളെ തമ്മസിച്ചില്ല. മയക്ഷേരേ ചുടണതും കരിക്കണതും ചത്തിറാല്ലോ. വേണം അന്തു് ധിവാനി അങ്ങുന്നു് പോണ പെരുവയിയിലോ ചെമ്പഴ്ചേരിയിലോ മാങ്കോയിയ്ക്കലോ കാണും ഞ്ഞമ്മ."

ഈ സൂചനകഥ കേട്ടപ്പോഥം സഭാവാസികളും കെട്ടിനകത്തുള്ള സ്ത്രീകളും കഥ മുഴുവൻ ഗ്രഹിപ്പാൻ പ്രവൃദ്ധമായ ഉൽക്കണ്ഠയോടെ ഒത്തകണ്ണരാഞ്ഞി കാത്തുനിന്നു.

കുറുങ്ങോടൻ:—(തുടയിൽ താളം അറഞ്ഞിട്ടു്) "എടി പെണ്ണേ ശൂലേ! ഛീ നിന്റെ മരമുഞ്ഞികണ്ടപ്പോഥം കുറുപ്പിനു് മനസ്സിലായി, നീ അറിയാണ്ടിതു വടന്നിട്ടില്ലെ

Digitized By Kerala Sahitya Akademi

ന്നു് ഉം—പറഞ്ഞോക്കു് നീ ശേഷം പരമാത്മാവും പഴുപ്പിക്കേടാ ആരെങ്കിലും നാരായം! ഇവളുടെ തൊണ്ടയ്ക്കു് ഇപ്പോളിറക്കിയില്ലെങ്കിൽ കുറുങ്ങോടൻ ഇനി കുറുങ്ങോടനല്ല. നീ എങ്ങനെ അറിഞ്ഞുപോയെന്നു്? എങ്ങനെ പോയി? ആരു കൊണ്ടുപോയി?"

കുഞ്ഞി:—"ചുമ്മാ വെളിപ്പെരാതിരിക്കണം ത്തോവാ!"

കുറുപ്പിൽനിന്നുണ്ടായ ഒരു "ഹ"യുടെ ഘോഷം ഭവനക്കുടത്തെ ഇളക്കാഞ്ഞതു് കേശവനുണ്ണിത്താന്റെ ധനയോഗവിശേഷംകൊണ്ടായിരുന്നു.

"നിന്റെ അമ്മാവനെന്നും അച്ഛന്റെ നായരെന്നും പറഞ്ഞാൽ കുറുപ്പിൻറടുത്തു ചെല്ലില്ല പറ. എവിടെപ്പോയി, എങ്ങനെ പോയി എന്നു്?"

കുഞ്ഞി:—"അല്ലേ പറഞ്ഞപ്പ കേറരാരുന്നോ?"

കുറുങ്ങോടൻ കുഞ്ഞിപ്പെണ്ണിന്റെ നേക്കു കുതിച്ചു ചാടി. അവൾ മുറത്തുനിന്നവരുടെ തലയിലും ചാടി. ആ സരസസംഘം അവളെ അല്പനേരം പന്താടിയിട്ടു് അവൾക്കുവേണ്ടി വാദംതുടങ്ങി. "അവൾ പറഞ്ഞല്ലോ ചെമ്പകശ്ശേരിയിലോ മാങ്കോയിക്കലോ ഉണ്ടായിരിക്കുമെന്നു്." ഇളപ്പം കണ്ടിരുന്ന സാക്ഷിയ്ക്കു യുവസംഘക്കാർ വക്കീലന്മാരായപ്പോൾ, ജഡ്ജിയുടെ പ്രാഗത്ഭ്യം പ്രകാശിപ്പിക്കാനുള്ള അവസരം നഷ്ടവും തന്നിമിത്തം അദ്ദേഹത്തിന്റെ ഉത്സാഹം ഭഗ്നവും ആയി. "എന്നാൽ ഈ കൂട്ടവും കൂടിയാലോചനയും എന്തിനു് നിങ്ങൾ, മൂട്ടകിടക്കുമ്മത്ത വിരുതന്മാർ, കൊണ്ടുനോക്കിൻ. എന്തായാലും ആ കുട്ടിയുടെ നടത്തം മഹാമോശം" എന്നു പറഞ്ഞുകൊണ്ടു് കച്ചമുണ്ടിനെ നിരയിൽ ചേർത്തുവച്ചിട്ടു് കൃഷ്ണക്കുറുപ്പു് ഇരിപ്പായി. ഈ അവസരംകണ്ടു കുഞ്ഞിപ്പെണ്ണു് കെട്ടിച്ചേക്കു

Digitized By Kerala Sahitya Akademi

കടപ്പാൻ തക്കംനോക്കി തിരിച്ചു. അപ്പോഠം, കൊടന്ത യാശാന്റെ ആപ്തബന്ധു ഒരാഠം സാവധാന്തത്തിൽ മു ന്നോട്ടുന്തീങ്ങി തന്റെ അഭിപ്രായം യോഗസമക്ഷം സമ പ്പിച്ചു. "കുപ്പേമാനേ ഞങ്ങഠം വിട്ടുരരോ, ശത്രുരോ ആ കൂട്ടെ. ആ തിഖണ്ഡിയെ വെറുതെ ഉപദ്രവിക്കണ്ടാ. ഈ വീടന്തെ കുഞ്ഞിനേ കൊണ്ടുപോയതു കൊടന്തയാശാ നാണു്."

കുറുങ്ങോടൻ:—"കൊടന്തയാശോ? ഏതു കൂടന്ത, മട ന്ത? എടാ സഭ മറന്ന തുതലകഠം പറഞ്ഞാൽ—പിള്ളേ രു കേറി തലമറന്നു് എണ്ണതേച്ചു തുടങ്ങിയിരിക്കുന്നു. ഹും. നിന്റെ അപ്പാപ്പൻ ആശാൻ കൊണ്ടുപോണതു ചെമ്പ കത്തൂരിയിലേക്കാണോ? മറെറന്തോ കോയിക്കലേക്കാണോ? ചെവിത്തകെട്ട സംസാരിച്ചാൽ—എവന്റെ വീട്ടിന്ന ല്ലോ കരു അവളു് എങ്ങാണ്ടോ പൊറുക്കാൻപോയി—?"

യുവാ:—"അങ്ങിനെ അല്ല ഏമാനേ! പോരുവട്ടവും പൂവ്വംപറമ്പിലും പിന്നെയാവട്ടെ. കൊടന്തയാശാൻ വേ ണം ഇതിൽ തേരുതെളിക്കാൻ."

കരു രസികൻ:—"ആശാൻ രണ്ടുമൂന്നു ദിവസമായി രാവണസന്ന്യാസിയുടെ വേഷം കെട്ടുകയായിരുന്നു."

വേറൊരുത്തൻ:—"കുപ്പേമാനേ! കൊല്ലാൻ തുട ങ്ങാതെ കേക്കണേ. അയാഠം ഈ കുഞ്ഞിനെ നന്തിയത്തു കൊടുപ്പുമാന്നു് വിട്ടുകൊടുക്കാതെ തട്ടിപ്പുകൊണ്ടുപോകുമെ ന്നു വാതു പറഞ്ഞിട്ടുണ്ടു്. ഭഗവതിയാണ സത്യം?"

"അതെയേടാ?" എന്നു് അലറിക്കൊണ്ടു കുറുങ്ങോ ടൻ ആളാനെ വിളിപ്പുവരുത്താൻ ആജ്ഞാകൊടുത്തു. ആ സരസൻ പ്രാണനെപ്പേടിച്ചു് കളിപ്പുകളഞ്ഞിരിക്കുന്നു എ ന്നു് ഇതിനിടയിൽ അവിടെ എത്തിയിരുന്ന അയാളുടെ

Digitized By Kerala Sahitya Akademi

സോദരികഥതന്നെ കരഞ്ഞും, കേശക്കൂടങ്ങളെ വലിച്ചുപറിച്ചും, നെഞ്ഞത്തറഞ്ഞും ആ മഹാസഭയെ ധരിപ്പിച്ചു.

കുറുങ്ങോടൻ:—"ശൊ! മാടൻമാരേ! ഇതു മുമ്പുപറഞ്ഞു തുലച്ചുകൂടായിരുന്നോ? താലും മൂന്നും എഴെന്നു് ഉടനേ പിടിക്കാമായിരുന്നല്ലോ. ആ അസുരവിത്തു് താനുംകെട്ടു തക്കോടരെ മുടിക്കുകയും ചെയ്തില്ലേ? അവൻ അന്നു മുണ്ടുകൊടമുടക്കി. ഇപ്പോഥം പെണ്ണുംപോയി അവനുംപോയി എന്നു വന്നാൽ അത്ഥമെന്തെന്നു ചോദിപ്പാനുണ്ടോ? ഈശ്വരാ." ഒടുവിലത്തെ ജാള്യസമ്മതത്തിൽ സഭാവാണികളെല്ലാം മേമ്പൊ.

ഉണ്ണിത്താന്മാർ:—"അമ്മാവന്മാർ പൊയ്പോയപ്പോഥം—"

കിഴക്കേ ഇന്തിയത്തുകാർ:—"ഞങ്ങടെ തലയും പോരും പോക്കാണല്ലോ!"

കരക്കാർ:—"ടിക്കിനും മഹാകുറച്ചിലായി!"

കൃഷ്ണക്കുറുപ്പു് എല്ലാവരേയും സമാധാനപ്പെടുത്തിക്കൊണ്ടു് പടപ്പാളയത്തിലേക്കും, ചിലമ്പിനേത്തേക്കും, ചെമ്പകശ്ശേരിയിലേക്കും, വലിയ പടവീടെന്ന മാങ്കോയിക്കൽ വീട്ടിലേക്കും മുഷിഞ്ഞിരുന്നു. റിപ്പോർട്ടുകഥ തയ്യാറാക്കി. ഉച്ചയായപ്പോഥം പരിവാരസമേതം സ്ഥലം കായ്ക്കാർ എത്തി കാണാതെപോയ പുള്ളിയുടെ പോക്കു സംബന്ധിച്ചുള്ള കായ്ങ്ങളെക്കുറിച്ചുംവേണ്ടഅന്വേഷണങ്ങഥം യഥാനിയമവും, ടിവാൻജി അഭിലഷിക്കുമെന്നുള്ള ക്രമത്തിൽ അത്യുജ്ജിതമായും, ആരംഭിച്ചു.

Digitized By Kerala Sahitya Akademi

അദ്ധ്യായം ൧൨.

"അംഗുലിച്ഛേദ്യക്രമണം അടിയനെ വിരവോടെ
അരികളെക്കൊലച്ചെയ്വാൻ അതിനതി കുതൂഹലരാം"

"ലക്ഷ്മണാ! നീ സേനയോടും പോക.....
രാക്ഷസനെക്കൊന്ന വേഗാൽ ഇങ്ങു വരിക"

പാണ്ഡ്യദേശങ്ങളിലെ പാളയത്തലവന്മാർ, മുകിലപ്രമാണികർ എന്നിവരുടെ ആക്രമണങ്ങൾ ധനഹേച്ഛുക്കളായ തസ്കരന്മാരുടെ ഉപരോധങ്ങളും ഭവനഭേദനസാഹസങ്ങളും, രാജ്യവിസ്തൃതിയെ വർദ്ധിപ്പിച്ച സമരങ്ങൾ കേവലം കളരിപ്രയോഗങ്ങൾ, പടനിലക്കളികൾ എന്നു തുടങ്ങിയുള്ള ചൊല്ലിയാട്ടങ്ങളുടെ രംഗപ്രകടനങ്ങളും മാത്രം ആയിരുന്നു. ഹൈദരുടെ ആക്രമണാരംഭം സപ്പിയുടെ ഗ്രഹണസംഭവംപോലെ അല്പകാലത്തേയ്ക്ക് കരുവിഷ്ടൃതിയെ രാജ്യത്തിൽ വ്യാപരിപ്പിച്ചു എങ്കിലും ചില മടലടികളും ആചാര്യന്മാരാൽ ഉപദേശിക്കപ്പെട്ട ദോഷപരിഹാര കർമ്മങ്ങളും കൊണ്ട് ആപന്മോചനം പയ്യാപ്തമായി. ഈ കഥാകാലത്തു കേരളമണ്ഡലാധിപന്മാർ സന്ദർശിച്ചതും ആരംഭവിച്ചതും പ്രധാനക്ഷേത്രം ചാലാമുഖിക്കുന്നിൽ വിവിധതന്ത്രായ കരു മഹാവിന്ധ്യൻ പരശുരാമക്ഷേത്രദർശനാർത്ഥം അനുവർത്തിച്ച കരു ഭയാനകപ്രസ്ഥാനം ആയിരുന്നു. ഉത്തര കേരളത്തിലെ പ്രതിവിന്ധ്യഗിരികൾ തകർന്നു ധൂളിയും, ഛേദിച്ച മസ്തകവും ആയി. വഞ്ചിരാജ്യത്തിലെ അമൃതമഹേന്ദ്രാദി ഗിരിനിരകളുടെ മൂർദ്ധാവുകളെ സമീക്ഷണം ചെയ്തപ്പോൾ, വിന്ധ്യനിരയുടെ മരോൽക്കടത പൂർവ്വകഥാസ്മൃതികളാൽ ജഡീഭവിച്ചു.

Digitized By Kerala Sahitya Akademi

എതിർക്കേണ്ടതായിവരുന്ന ശത്രു വിന്ധ്യന്റോടൊപ്പം തന്നെ ഭഞ്ജകശക്തി വഹിക്കുന്നതാണെങ്കിലും, വഞ്ചിരാജ്യസൈന്യം ആ ബ്രഹ്മാണ്ഡാകൃതിയിലുള്ള ശിലാപ്രപാതത്തെ പ്രതിരോധിപ്പാൻതന്നെ ഉദ്യോഗിച്ചു. കണ്ണാട്ടിക്കു് പട്ടാളം പംക്തി ആറുക്കു് പടവു പത്തും, പടവൊന്നിൽ പേർ നൂററിപ്പതിനാലും, വീതം ആകെ പദാതിപേർ ആറായിരത്തി എണ്ണൂററി നാല്പതും, ഉത്തരമേഖലയുടെ പശ്ചിമഖണ്ഡത്തേയും അവിടത്തെ നദ്യുപ്രാന്തങ്ങളിൽ ഉറപ്പിച്ചിട്ടുള്ള കോട്ടകളേയും രക്ഷിപ്പാൻ നിരന്നു. ഇതുകൂടാതെ, പുള്ളി കനുക്കു പേർ ഇരുനൂറു്. ആകെ, പീരങ്കി കതിരപ്പട ഉൾപ്പടെ പുള്ളി എഴുപതിരണ്ടിൽ, പേർ പതിനാലായിരത്തി നാനൂറിൽ രാജമന്ദിരാദി പല കേന്ദ്രങ്ങളിലെ രക്ഷയ്ക്കായി തീക്കപേർ നാലായിരത്തി നാനൂറും പോക ശേഷംപേർ പതിനായിരവും; മുന്നില യിരുത്തി ഉൾപ്പെട്ട ചേരുമാനം വക പേർ പന്തീരായിരവും, ഉത്തരദേശങ്ങളിലെ കാരോ രാജാക്കന്മാർ, പ്രഭുക്കന്മാർ എന്നിവരുടെ അകമ്പടിയായി എത്തിയിട്ടുള്ള യോദ്ധാക്കളും, പടത്തലവന്മാരുടെയും യജമാനന്മാരുടേയും വകതികളിലായി തെട്ടംകോട്ടയും അതുകളോടു മോന്നുള്ള കിടങ്ങുകളും രക്ഷിപ്പാൻ കാരോരോ കൊത്തളസ്ഥാനങ്ങളിൽ പാളയങ്ങൾ ഉറപ്പിച്ചു. കാരോ മണ്ഡപത്തും വാതുക്കലും, പടവെട്ടി ചേതപ്പെടുന്നവക്കു പകരം അണിതികപ്പാൻ വേണ്ടുന്ന ആളുകളെ കളരികൾ എപ്പെട്ടുത്തി പയറുചിട്ടുകൾ അഭ്യസിപ്പിച്ചുതുടങ്ങി. സ്ഥലസന്ദർഭങ്ങളെ ആശ്രയിച്ചല്ലാതെ പരമ്പരാഗതവും പരമപാവനവുമായുള്ള രാജപ്രഭാബന്ധത്തിന്റെ മഹത്വത്താൽ, കന്യാകുമാരി മുതൽ പാറവൂർ, ആലുവാ, കാലടി, തൊടുപുഴ, എന്നീ സ്ഥലങ്ങൾവരെ

Digitized By Kerala Sahitya Akademi

യുള്ള ദിക്കുകളിൽനിന്നും പ്രതിനിമിഷം യുദ്ധപ്പാളയങ്ങളിലേയ്ക്കു പ്രവഹിച്ചുകൊണ്ടിരുന്ന സംഭാരസമൃദ്ധി, ആ സേനാപഥങ്കത്തികഠംക്കിടയിലും ഗ്രാഢസഞ്ചാരം വിശുദ്ധമായി സാധിച്ചിരുന്ന ചാരന്മാർ മുഖേന ധരിച്ച ടിപ്പുവിൽ ഉജ്ജ്വലിച്ചുകൊണ്ടിരുന്ന വിജയാശാകരങ്ങളെ ബിംബസഹിതം വിചിന്നങ്ങളാക്കി.

തിരുവനന്തപുരം ഗ്രന്ഥങ്ങളിൽ മാതൃനേത്രങ്ങഠം, സഹോദരീനേത്രങ്ങഠം, പ്രണയിനീനേത്രങ്ങഠം എന്നീ ജലദമണികഠം അശ്രുജലംകൊണ്ടുള്ള സരസ്സുകളെ സൃഷ്ടിക്കുന്നു. കുടുംബരക്ഷാത്ഥം പ്രയത്നിക്കേണ്ടവരായ പുരുഷന്മാരുടെ അഭാവത്തിൽ അവലംബശൂന്യരായ ഒരിദ്രകുടുംബങ്ങഠം രാജാധികാരത്തിന്റെ രക്ഷാനയത്തെത്തുടരുന്ന ധനിക ഭവനങ്ങളിൽ അഭയസ്ഥരാകുന്നു. എങ്കിലും കാളിമയോ ശോണിമയോ, എന്നു നിർണ്ണയിപ്പാൻ കഴിവില്ലാത്തതായ ഒരു വൈവർണ്ണ്യം നഗരത്തെ ആവരണംചെയ്യുന്നു. പഥികന്മാർ വർത്തമാനജീവിതത്തോടു കലഹം ദീക്ഷിച്ചെന്നപോലെ, സമീപഭാവിയെ മാത്രം വിഷയമാക്കി സംഭാഷണംചെയ്യുന്നു. ഗൃഹവർത്തനം സാമാന്യേന രാജ്യസൈന്യത്തിന്റെ വിജയത്തിനായുള്ള ഭഗവൽസേവനം എന്നുള്ള ക്രിയമാത്രമായി ശോഷിച്ചിരിക്കുന്നു. ശിശുക്കഠം, ബാലന്മാർ എന്നിവർ അച്ഛന്മാമ്മമാർ മുതലായ സമീപവർത്തികഠം അവലംബിക്കുന്ന മുഖഭ്രമങ്ങളെ പ്രതിബിംബിക്കുന്ന ഭപ്പണങ്ങളായി വർത്തിക്കുന്നു. വിദ്യാലയങ്ങളിലെ എഴുത്തച്ഛന്മാർ ഷോഡശഖണ്ഡങ്ങളെ ചതുഷ്ഷോണത്രുപത്തിലും കമലബന്ധമായും ലേഖനംചെയ്ത് കവടിസ്സുഞ്ഞയുമായി കഠിഞ്ഞിരുന്ന സംഖ്യകളെ അംശകിച്ചു പരീക്ഷ

Digitized By Kerala Sahitya Akademi

ച്ചിട്ടും, യുദ്ധഫലം സൂക്ഷ്മമായി കിട്ടാതെ ക്ലേശിക്കുന്നു. ഈ രണ്ടാഥന്മാരുടെ ഈ ശ്രമങ്ങൾക്കിടയിൽ അലസതയ്ക്കും, ചാപല്യപ്രകടനങ്ങൾക്കും അവസരം കിട്ടുന്ന വിദ്യാത്ഥികൾ, ചൂടും പെരുകിക്കാൻ സംഗതിവരാത്തതിനാൽ ക്ലേശിച്ച് ആ നിരാശയ്ക്കു കാരണഭൂതനായ ച്യാഫ്രീസന്താനത്തെ ശപിക്കുന്നു. സ്ത്രീകളുടെ കണ്ണെഴുത്തുകൾ വസ്ത്രാന്തത്താലും, കുറിപിടിപ്പുകൾ ഉള്ളംകൈകൊണ്ടും അയിത്തീന്നതിനാൽ രസികകടാബങ്ങളും ജീവിതത്തിൽ അനാസ്ഥന്മാരായി വയസ്സും വ്യാപാരവിശേഷങ്ങളും അബലത്വംകൊണ്ട് യുദ്ധാങ്കണത്തിൽ എത്തേണ്ടവർ അല്ലാത്ത സകല ജനങ്ങളും രാജസേനയെ വാജീകരിപ്പാനുള്ള ക്ഷണങ്ങളെ പ്രാത്ഥിച്ചു പാക്കുന്നു. രാജ്യത്തിന്റെ നാനാഭാഗങ്ങളിലും ഉറപ്പിക്കപ്പെട്ടിട്ടുള്ള "അന്നാക്കോട്ട"കളിലെ മാനകലാപങ്ങൾ മാത്രം അദ്ഭുതമഹോത്സവങ്ങളായി ഘോഷിക്കപ്പെടുന്നു. അടുത്തദിവസം ഉദയത്തിൽ ദിവാൻജി യുദ്ധരംഗത്തിലേയ്ക്കു പുറപ്പെടുമ്പോൾ, അദ്ദേഹത്തെ എട്ടുപത്തു നാഴികവരെ അനുയാത്രചെയ്ത് തങ്ങളുടെ—ഹയോശിസ്സുകൾ നൽകി, പ്രജാത്മാനന്ദത്തെ ആ ദേഹത്തിൽ ആധാനംചെയ്ത പ്രവുദ്ധവീയ്യൻ ആക്കുന്നതിന് കാരോ കരക്കാരും സംഘങ്ങൾകൂടി നിശ്ചയിച്ചു.

ദിവാൻജിയുടെ യുദ്ധയാത്രയ്ക്ക് കതിരപ്പുള്ളി, തോക്കുപുള്ളി, കാലാപ്പുള്ളി എന്നിവയിൽനിന്നും തിരഞ്ഞെടുക്കപ്പെട്ട വിശുദ്ധപംക്തികൾ കൊടിപടകാഹളങ്ങളോടെ മന്ത്രിമന്ദിരത്തിന്റെ പുറത്തളത്തു പാളയം ഉറപ്പിച്ചുകൂടിഞ്ഞു. ദിവാൻജിയുടെയും ഈ രംഗരക്ഷകസംഘത്തിന്റെയും ഉപയോഗത്തിനുള്ള യുദ്ധരക്ഷാണാടി സാമഗ്രികളും, സംഭാരങ്ങളും ആനകളെ കൊട്ടാരത്തിൽ ഇറക്കുന്നതി

Digitized By Kerala Sahitya Akademi

നായി, വലിയതുറ എത്തി നാംകൂരം താഴിത്തിയില്ലെന്നാ പോക്കുമൂസ്സാ മരയ്ക്കാരുടെ പത്തേമാരികളിലേയ്ക്ക് അയച്ചും കഴിഞ്ഞു. മന്ത്രിപ്രധാനന്റെ യുദ്ധയാത്രാമുഹൂർത്തത്തിൽ സ്നേഹപുരസ്സരവും രാജ്യാഭിമാനപുരസ്സരവും ആശ്ലിസ്സകാം നല്കുവാനായി എത്തിയിരിക്കുന്ന പോക്കുമൂസ്സാ മരയ്ക്കാർ, പല ദിക്കിലേയും പ്രമുഖന്മാർ, എന്നിവർ രാജസംപിള്ളമാക്കുള്ള ശാലകളിൽ പാർക്കുന്നു. പ്രസ്ഥാനത്തിനുള്ള കരുക്കളുടെ മേൽനോട്ടക്കാരനായ കുഞ്ഞക്കുട്ടിപ്പിള്ളയുടെ സാമർത്ഥ്യത്താൽ സകല സംഭാരങ്ങളും ദിവാൻജിക്ക് സന്തോഷകരമായി കരുക്കിക്കഴിഞ്ഞിരിക്കുന്നു. പുതിയ അംഗരക്ഷകനായ അഴകൻപിള്ളയെ ശൂലം, വാൾ, എന്നീ ആയുധങ്ങൾ കരുവിധം പ്രയോഗിപ്പാൻപോലും അദ്ദേഹം അഭ്യസിപ്പിച്ചിരിക്കുന്നു. തോക്കിന്റെ കൈകാര്യംകൂടി പഠിപ്പിപ്പാൻ പരീക്ഷിച്ചതിൽ നിറച്ചു കഴിയുമ്പോൾ അന്തസ്ഥിതി അറിവാൻ അഴകൻപിള്ളയ്ക്കുണ്ടാകുന്ന ചാതുരകൗതുകത്തെ എന്തു ശാസനകൊണ്ടും നിക്കാൻ കഴിയാഞ്ഞതിനാൽ മാവാരതം പാട്ടിൽ പ്രഖ്യാപിക്കപ്പെട്ടിട്ടില്ലാത്ത ആ ആയുധവും താനും തമ്മിലുള്ള ബന്ധം ദൂരത്തിരിക്കട്ടേയെന്ന് അയ്യാൾ അപേക്ഷിച്ചതുകൊണ്ട്, അതിനേ കളരിത്തലവനായ കുഞ്ഞക്കുട്ടിപ്പിള്ള അനുവദിച്ചു.

ഉപമന്ത്രിമാർ, താഴ്ന്നതരം ഉദ്യോഗസ്ഥന്മാർ പൌരപ്രധാനന്മാർ തുടങ്ങിയുള്ള സേവാത്ഥികൾ ദിവാൻജിക്ക് കുറച്ചു ദിവസത്തെ ഔസ്സരം അനുവദിച്ചു അമൃതത്തുകഴിഞ്ഞു് ഉണ്ടായ മുഖംകാണൽപ്പിന്നുശേഷം, അനേകഷണങ്ങൾ, അഭിപ്രായങ്ങൾ, കൗശലോപദേശങ്ങൾ, ആജ്ഞകൾ എന്നിവകൊണ്ടു മഹാരാജാവും സചിവോത്തമനും അസംഖ്യപ്പെട്ടുപോയെന്നു് അടങ്ങിക്കളഞ്ഞു.

Digitized By Kerala Sahitya Akademi

ജിതക്ലമനും, പ്രാപ്തനും, ഭാരസഹിഷ്ണുവും ആയുള്ള പരിശ്രമിക്കു സൈരമെന്നതു കണിക്കുപോലും കിട്ടുന്നതല്ല. രാത്രിലെ ഊണും കഴിഞ്ഞു സല്ക്കാരശാലയിൽ ദിവാൻജി അല്പം ഒന്നു വിശ്രമിക്കുമ്പോൾ, ഒറ കാഷായവസ്ത്രം ഉടുത്തു്, കേശവും മീശയും വിടുത്തിയിട്ടു്, കരു കാട്ടുകമ്പും ഊന്നി, കുഞ്ചെക്കുട്ടിപ്പിള്ള കായ്യക്കാർ അക്ഷരം കണ്ടിട്ടില്ലാത്ത യാചകസന്ന്യാസിയെപ്പോലെ അദ്ദേഹത്തിന്റെ മുമ്പിൽ പ്രവേശിച്ചു. ആ വേഷത്തിൽ തന്റെ അന്നത്തെ നിഗ്രഹം ലംഘിപ്പാൻതന്നെ വന്നതുകൊണ്ടു് എന്തോ സാരമായുള്ള കമ്മം ആരംഭിപ്പാനോ, സംഭവം ധരിപ്പിപ്പാനോ, ഉദ്ദേശിക്കുന്നു എന്നു ദിവാൻജിക്കു മനസ്സിലായി. വീരന്മാർ ചാകുന്നതു ചിരിച്ചുകൊണ്ടു വേണമെന്നുള്ള സാമാന്യോക്തിയെ സ്മരിച്ചു് ദിവാൻജിയും ആ രാത്രിയിൽ വിനോദഭാഷണത്തിനു് കരുങ്ങി. "എന്താ കായ്ക്കാരെ! വല്ല സത്യഗ്രഹം ക്ഷണിക്കാൻ ഭാവമുണ്ടോ? ചട്ടകം വച്ചിട്ടു് ക്ഷണവടിയും എടുത്തു പുറപ്പെട്ടതാണെന്നു തോന്നുന്നല്ലോ."

കുഞ്ചെ:—"ഉത്തരവു്. നാലുപേക്കുമാത്രമേ കരുക്കിയിട്ടുള്ളു. കുമാരൻതമ്പി, നമ്മുടെ ദീമൻകുട്ടി, അഴകൻപിള്ള. എന്റെ പുത്തൻ ശിഷ്യന്റെ അരങ്ങേറ്റം ഇന്നാണു്."

ദിവാ:—"ഹേ! മൂന്നല്ലേ ആയുള്ളു പേരു്?!!

കുഞ്ചെ:—നാലാമത്തവൻ ഞാൻതന്നെ."

ദിവാ:—"പോവൂ കായ്ക്കാരെ! അവർ ഇപ്പോഥന്നെ ഊണു കഴിഞ്ഞു."

കുഞ്ചെ:—"അതു കരുതിത്തന്നെ സത്യ വട്ടംകൂട്ടി

Digitized By Kerala Sahitya Akademi

യിരിക്കുന്നു. പ്രഥമൻ മാത്രമേ തയ്യാറാക്കിയിട്ടുള്ളു അതും വക കനുമാത്രം.”

ദിവാ:—(അല്പം ചിന്തയോടെ ഇരുന്നിട്ട്) “ശകുന്തം നോക്കി അവസാനം എന്താണെന്നു് ഒന്നു പറവാൻ പാടില്ല? ഭൂമി സപ്തപാതാളത്തിലെ എല്ലാ രഹസ്യങ്ങളും അറിഞ്ഞിട്ടുള്ള ആളാണല്ലോ.”

കുഞ്ചു:—“ശകുന്തം ആഗന്തുകമായി കിട്ടണം. അല്ലാണ്ടു് നാം പോയി കടഞ്ഞുതുടങ്ങുമ്പോൾ എടു്റാദേവി മുന്നിട്ടു ചാടിക്കടന്നേക്കാം.”

ദിവാൻജി സംരോഷണം നിറുത്തി. കായ്ക്കാർ താൻ ഉദ്ദേശിച്ച അതിഥികളേയും പിടിച്ചുടി, ആയുധങ്ങളും ധരിപ്പിച്ചു്, നടകൊണ്ടു.

ആധുനികനയജ്ഞന്മാർ ധർമ്മവിരുദ്ധമായ വിജയമാർഗ്ഗങ്ങളേയും, ദുഷ്ഫലങ്ങളും സുഗമവും ആണെങ്കിൽ അംഗീകരിക്കുന്നു. ടിപ്പുസുൽത്താൻ കാളിപ്രഭാവട്ടത്തിൽനിന്നു കിട്ടിയ അറിവിനെ ഭാഭാഖാൻ, ബാപ്പുറാവു മുതലായ ചാരന്മാർ മുഖേന പരിശോധനചെയ്തു. രാമരാജബഹദൂരുടെ സംസ്ഥാനത്തിന്റെ ഉത്തരഭാഗങ്ങളും, ദക്ഷിണഇൻഡ്യയിലെ മാറു പ്രദേശങ്ങളുംപോലെ, തന്റെ കുതിരപ്പടയ്ക്കും, പീരങ്കിപ്പടയുകൊക്കും സുസ്ഥരമല്ലെന്നു് അദ്ദേഹം അറിഞ്ഞു. അതുകൊണ്ടു് പാണ്ഡിരാജ്യം വഴിയ്ക്കു തിരുവിതാംകൂറിന്റെ തെക്കെ അതൃത്തിമുതൽ ആക്രമിക്കുന്നതിനു് തന്റെ സൈന്യങ്ങളെ ഇടയ്ക്കുള്ള രാജ്യങ്ങളിൽക്കൂടി യാത്രചെയ്യിക്കുവാൻ അനുവദിക്കണമെന്നു് ഓരോ നാടുവാഴികളോടും മാറും അപേക്ഷിച്ചതിൽ ഇംഗ്ലീഷുകാരുടെ രക്ഷയെ അവലംബിച്ചിരുന്ന ആ പ്രമാണികൾ നിഷ്ഫലാത്മ

Digitized By Kerala Sahitya Akademi

ത്തിൽ തല ആട്ടിക്കുളഞ്ഞു. ഈ സ്ഥിതിയിൽ തന്റെ ത്രുവലകളിൽ കടുങ്ങിഞീന്നിട്ടുള്ള പെരുമ്പടപ്പിനെ സനാപനഥാവാക്കി, തിരുവിതാംക്കൂറിന്റെ ഉത്തരപ്രാന്തരങ്ങളെ നിരോധിപ്പാൻ ടിപ്പുസുൽത്താൻ ദേരികാഫള്ളങ്ങളം മുഴക്കി. എന്നാൽ പുഴകളും കായലുകളും തണ്ണം ചെയ്യുന്നതിൽ നേരിട്ടേയ്ക്കാവുന്ന വിഷമങ്ങളേയും ജീവനഷ്ടങ്ങളേയും പേടിച്ച്, ഉപദേഷ്ടാക്കളാൽ മന്ത്രിതമാകുന്ന നിവർത്തനകൗശലങ്ങളും, സചാരപ്രയോഗത്താൽ പഴ്ച്ചാപ്തമാകുന്ന വിജയങ്ങളും എന്തെന്തെന്നു ഗ്രഹിച്ചു പ്രവർത്തിപ്പാനായി, മുന്നോട്ടുള്ള നീക്കത്തെ സാവധാനഗതിയിലാക്കി. ഈ മാന്ദ്യാവലംബനത്തിന്റെ രഹസ്യോദ്ദേശ്യം വഞ്ചിക്ഷത്രാലടനയുടെ ആണിക്കല്ലായുള്ള മഹാരാജാവ്, അല്ലെങ്കിൽ മന്ത്രി, ധ്വംസിക്കപ്പെട്ടാൽ ആ മന്ദിരത്തിന്റെ നിഷ്പ്രാപത നഷ്ടപ്രായമായിത്തീരും എന്നുള്ള വിശ്വാസം ആയിരുന്നു. ആ രണ്ടുപേരിൽ മഹാരാജാവ് എന്നുള്ള പ്രതിഷ്ഠ ധ്വംസിക്കപ്പെട്ടാൽ ജനതയുടെ നിരോധനവും, മന്ത്രിനിധനം സാധിച്ചാൽ സേനാനിരയുടെ സന്ധാനതാശക്തിയും അവസാനിക്കുന്നതാണെന്നും, രണ്ടുംകൂടി സാധിച്ചാൽ ആന്ദോളാത്രുധമായി തലസ്ഥാനത്തെ രാജമന്ദിരത്തിലേയ്ക്കു സൈചരമായുള്ള ഒരു പള്ളിയാത്ര ചെയ്കകൊണ്ടാൽ മാത്രം മതിയെന്നും ആ രാജദ്രോഹി ആശിച്ചിരുന്നു. ഗൗണ്ഡൻ, അജിതസിംഹൻ, കണ്ടീരവരായർ എന്നിവരുടെ പ്രണിധീതപം മുഖ്യമായി ഈ കമ്മങ്ങളുടെ നിവ്ഹണത്തിനായിരുന്നു എന്നുള്ള വസ്തുതനാം ഗ്രഹിച്ചിട്ടുള്ളതാണല്ലോ.

തെക്കേത്തെരുവോട്ടു പോൻ ഇക്കാലത്തു നിൽക്കുന്ന ദേവീക്ഷേത്രത്തിന്റെ വടക്കരുകോട്ട് അടുത്തു കിഴക്കവശ

Digitized By Kerala Sahitya Akademi

ങ്ങായി രാജമന്ദിരംവകയായുള്ള ചില മുറികളം ഇന്നും കണ്ടോണ്ടു് ഇവയിലൊന്നു കൊച്ചുക്കുട്ടിപ്പിള്ളയുടെ ഇഷ്ടംപോലുള്ള സമയങ്ങളിലെ പാപ്പിനായി അനുവദിക്കപ്പെട്ടിരുന്നു. തന്റെ അതിഥികളം മൂന്നുപേരേയും ഈ മുറിക്കകത്തു പ്രവേശിപ്പിച്ചിട്ടു്, ആ സല്ക്കാരകൻ അവരോടു കായതോഷകമായുള്ള പ്രഥമന്റെ മധുരഭക്തിക്കുപകരം ആത്മമോക്ഷമായുള്ള ഭഗവന്നാമങ്ങളെ യഥേഷ്ടം ജപിച്ചുകൊള്ളുവാൻ ആജ്ഞാപിച്ചു. ഭീമസേനന്റെ പ്രസിദ്ധമായുള്ള വൃകോദരത്വത്തെ പ്രകടിപ്പിച്ചു്, ത്രിവിക്രമൻ വല്ല പലഹാരമെങ്കിലും കിട്ടണം എന്നു പാഞ്ഞുതുടങ്ങി. കായ്ക്കാർമുറിയുടെ തെക്കോട്ടുള്ള വാതൽ അല്പം തുറന്നു്, "ഇതേ ആ തെക്കു കാണുന്ന മാത്തിലെ ബ്രാഹ്മണി ഇല്ല പൂരി, ജിലേബി എന്നീ വകകളം ഉണ്ടാക്കുന്നവരാണു്. അങ്ങോട്ടു നോക്കു ശബ്ദം ഉണ്ടാക്കരുതു്. പോളിക്കുള്ള മാവു് വലിച്ചുനീട്ടുന്നതല്ലേ ആ കയറുപോലെ കാണുന്നതു്? ഇവനു കാഴ്ച കുറഞ്ഞുപോയി. സൂക്ഷിച്ചുനോക്കു. വാതൽ അധികം തുറക്കരുതു്" എന്നു പറഞ്ഞു. ത്രിവിക്രമനു കൊച്ചുക്കുട്ടിപ്പിള്ളയുടെ അന്തർഗ്ഗതം മനസ്സിലാവുകയാൽ, രഥവീഥിയുടെ തെക്കുഭാഗത്തുള്ള ബ്രാഹ്മണാഗാരത്തിലോട്ടു കണ്ണുകളം സങ്കോചിപ്പിച്ചു നോക്കിത്തുടങ്ങി. ആ മഠത്തിൽ ഒരു കങ്കിൽ മാത്രമായി എരിയുന്ന ദീപത്തിന്റെ അടുത്തിരുന്നു്, പാഠം മുറുക്കുന്ന പണിയിൽ ഭക്തമുഖനായുള്ള ഒരു വിഗ്രഹം കണ്ടു. മുൻകുടുമയെ നീക്കി പുറംകുടുമ ആക്കിയിട്ടുണ്ടെങ്കിലും മീശകളെ പോക്കി മുഖക്രൗര്യത്തെ ക്ഷയിപ്പിച്ചിട്ടുണ്ടെങ്കിലും ആ കണ്ണുകളുടെ തൃക്ഷ്ണതയും ശരീരത്തിന്റെ വരാഹതയും അ

Digitized By Kerala Sahitya Akademi

സ്ഥകാരത്തോടു് ഏറ്റവും അടുത്തുള്ള ആ അല്പപ്രദയ്ക്കിടയിലും ത്രിവിക്രമന്റെ സവിശേഷം ആകഷ്ടിച്ചു. "അമ്മാവാ! ആരെന്നറിഞ്ഞോ ഇതു്? കണ്ണീരവൻ."

കഞ്ചെ:—"എന്താ? ഗാണ്ഡീവധരനോ? അതൊന്നും എനിക്കു രുപമില്ല. അവിടൊരു പീടികയിൽനിന്നു ചണനൂലുകാർ വാങ്ങുന്ന കരു പൂണൂനൂൽക്കാരനെ ഞാൻ കണ്ടു. ചാരുതപം എന്ന വർഗ്ഗസംബന്ധംകൊണ്ടു ഞാൻ അയാളെ തുടന്നു് ഈ കൊപ്പുത്തിൽ ആക്കിയിരിക്കയാണു്."

ത്രിവി:—"പിന്നെയും വന്നിരിക്കുന്നതു ചാകാൻതന്നെ. ആഠം അതുതന്നെയോ എന്നു് അഴകൻപിള്ളയും നോക്കട്ടെ." ആ വിക്രമനും ജാലകം തുറന്നുള്ള ചെറുചിടവിൽക്കൂടി കുറച്ചുനേരം നോക്കിയിട്ടു ചില ആശ്ചര്യശ്ശൽ ഘോഷങ്ങൾക്കു വട്ടംകൂട്ടി. ആ ഫൽഗ്രഹന്റെ ദ്രോണാചാര്യർ കടന്നു വക്രതുത്തെ അമത്തിപ്പിടിച്ചിട്ടു്, "ശബ്ദം തീരെ അരുതു്. നാം സൂക്ഷിക്കുന്നു എന്നുള്ളതു പുത്തുവനുകൂടാ. ദിവാൻജി യജമാനനു ശകുനം എന്തെന്നറിവാൻ വലിയ ആഗ്രഹമുണ്ടു്. ശ്രീപത്മനാഭന്റെ കൃപകൊണ്ടു് അതിതാ കിട്ടുന്നു. മിണ്ടാതിരിക്കു" എന്നു തടുത്തു കഞ്ചെക്കുട്ടിപ്പിള്ളയുടെ ദിവ്യമായ പ്രതീതി വിശേഷത്താൽ കണ്ണീരവന്റെ പടങ്ങുകഥം എല്ലാം കാലേകൂട്ടിത്തന്നെ അദ്ദേഹം നിണ്ണയിച്ചിരുന്നു.

ക്ഷണത്തിൽ അദ്ദേഹം ആ മുറിയിലുണ്ടായിരുന്ന കരുഖഡ്ഗവും ധരിച്ചു വടക്കുഭാഗത്തുള്ള തോപ്പിൽ ചാടി. മറവുള്ളവഴി തിരയാഗം കുറച്ചും വേണ്ടിയിരുന്നില്ല. അവരും ആ സംഘാടസന്ധാനം തുടന്നു. "പ്രഥമമില്ല കുഞ്ഞു

Digitized By Kerala Sahitya Akademi

ങ്ങളേ! പച്ചമാംസദസ്സുദ്ദ്യേശ്യേന തഗഃ കിട്ടുന്നുള്ളു. അതും നിങ്ങൾക്കു ഗോപി ശ്രീമൽകാളിക്കു നിറഞ്ഞിട്ടു പ്രസാദം ശേഷിക്കുന്നെങ്കിൽ നിങ്ങൾക്കു്" എന്നും മറ്റും ചിലതു പറയുന്നതിനിടയിൽ കുഞ്ചുക്കുട്ടിപ്പിള്ള മഹാരാജാവിന്റെ പള്ളിയറയുടെ പൂവ്വഭാഗത്തുള്ള ആൽത്തറയിൽ എത്തി. കുമാരൻതമ്പിയെ പള്ളിയറവാതുക്കലും, അഴകൻപിള്ളയെ കോണിച്ചുവട്ടിലും വിക്രമനെ മുമ്പിൽ അഴകൻപിള്ള തരണംചെയ്ത വാതുക്കലും പ്രതിഷ്ഠിച്ചു. സൂക്ഷ്മദൃഷ്ടിയായുള്ള കുഞ്ചുക്കുട്ടിപ്പിള്ള രാജമന്ദിരത്തിലെ കാവല്ക്കാരോടു് ഉദാസീനരായിരിക്കുവാൻ ആംഗ്യങ്ങളാൽ ആജ്ഞാപിച്ചിട്ടുണ്ടു്, അതിലഘുകർമ്മമായി അശ്വത്ഥത്തിന്റെ ഒരു അഗ്രശാഖയിൽ എത്തി ഒരു ചാകോരക്കുരുന്നത്തെ പുറപ്പെടുവിച്ചുകൊണ്ടു്, സൈരസ്ഥിതി അവലംബിച്ചു. സമയം അർദ്ധരാത്രിയോടു് അടുത്തു. ചന്ദ്രൻ ടിപ്പുവിന്റെ ഹിതം അനുസരിച്ചെന്നപോലെ അദ്ദേഹത്തിന്റെ ആരാധ്യാക്കു നല്ലപോലെ വഴി കാണുവാൻ ദീപസഹായം ചെയ്തു. തന്റെ ദ്രോഹകർമ്മത്തിന്റെ ഒരുക്കങ്ങൾക്കു തരം സമ്പാദിച്ച കണ്ണീരവൻ പാശവും കൈത്തോക്കും എന്തി പുറപ്പെട്ടു. ആ ഹസ്തിവിദഗ്ധനു രാജമന്ദിരാരാമത്തെ വലയം ചെയ്യുന്ന പ്രാകാരത്തിന്റെ തരണം അതിക്ഷിപ്രവും അപ്രയാസവും സാദ്ധ്യമായി. രാജമന്ദിരരക്ഷികൾ കുഞ്ചുക്കുട്ടിപ്പിള്ളയുടെ ആജ്ഞ അനുസരിച്ചു് കണ്ണുകൾ ചിമ്മിച്ചുകളഞ്ഞതിനാൽ കണ്ണീരവൻ അകത്തെ പ്രാകാരത്തെയും പ്രതിബന്ധം കൂടാതെ കടന്നു കൂതിക്കൊണ്ടു കടന്നു്, രണ്ടാമത്തെ കൂതിപ്പിൽ അശ്വത്ഥമൂലത്തിൽ എത്തി. അങ്ങോട്ടും ഇങ്ങോട്ടും നോക്കി, ത

Digitized By Kerala Sahitya Akademi

നേരയോ ടിപ്പുവിനേരയോ ഭാഗ്യത്താൽ രാജപരിചാരകന്മാർ യിദ്ധാധീനരായിരുന്നീന്നിരിക്കുന്നെന്നു സന്തോഷിച്ചു. അരക്കച്ചയിൽ മുറുക്കിയും ആയുധങ്ങൾ കയ്യിൽ ഉറപ്പായിത്തിരുകിയും പാശത്തെ സ്കന്ധത്തിൽ ആക്കിക്കൊണ്ടു കണ്ണീരവൻ കരടിയെപ്പോലെ മേല്പോട്ടുകയറി. ഈ വൃക്ഷത്തിന്റെ കരുപിനശാഖ രാജസൗധത്തിന്റെ രണ്ടാംനിലയിലെ കരുപാകത്തിൽനിന്ന കരുബെഡ്ഡ് അകലത്തോളവും എത്തിനിന്നിരുന്നു. മന്ദിരകുടത്തിന്റെ മുകൾഭാഗത്തെ ഇരുമ്പൊങ്ങിച്ചാരും, നിലകൊണ്ടിരുന്നു. കണ്ണീരവൻ ആ കൊമ്പിൽക്കൂടി നടക്കോട്ടുനീങ്ങി, പാശത്തെ അതിന്മേൽ, ദൃഢമായി ബന്ധിച്ചു കാരാകൊണ്ടകളിൽ അശ്രദ്ധ നടിച്ചു പതുങ്ങിയിരുന്നിരുന്ന പരിജനങ്ങളെ ആശ്വാസപരതന്ത്രന്മാരാക്കി അവരുടെ ശ്വാസോച്ഛ്വാസങ്ങളേയും ബന്ധിച്ചു. ഈ പ്രവൃത്തി രണ്ടുമൂന്നു കോൽ കീഴ്പോട്ടതാണു്, കണ്ണീരവൻ കമ്പക്കുത്തടിയുടെ ഊഞ്ഞാലാട്ടം തുടങ്ങി. തെക്കോട്ടും വടക്കോട്ടുമുള്ള ഗതതരമായി ആഞ്ഞുതുടങ്ങിയപ്പോൾ തുറന്നുകിടന്നിരുന്ന ജന്നൽപ്പടിയിൽ ആ ഗ്രസ്തിക്കാരന്റെ ദേഹം തടയുമാറായി. ഏകഹസ്തത്തെ ജാലകത്തിന്റെ നേർക്കു നീട്ടിക്കൊണ്ടു്, ആ മഹാഭ്യാസി ആയം പെരുക്കിയും ദൃഢപ്പെടുത്തിയും ആഞ്ഞുതുടങ്ങി. ജാലകത്തിന്റെ നടുപ്പടിയിന്മേൽ പിടികിട്ടി എന്നുള്ള സന്തുഷ്ടിയോടെ ആ ഊഞ്ഞാലാട്ടത്തെ നിയന്ത്രണം ചെയ്തും തന്റെ ശരീരത്തെ പാശത്തിൽ നിന്നു മുക്തമാക്കി ജന്നൽപ്പടിയിന്മേൽ സ്ഥാപിപ്പാൻ മുറ്റും ശ്വാസനിയമനം ചെയ്തുകൊണ്ടു് ആഞ്ഞപ്പോൾ, ശരീരം കന്നു വട്ടംകറങ്ങി. ഉത്തരക്ഷണം ആ ശരീരത്തെ

Digitized By Kerala Sahitya Akademi

വഹിച്ചുകൊണ്ട് പാശം ഉജ്ജീവിതിയിൽ വാഴുമായിരിക്കുന്നു.

തന്റെ പ്രയത്നം ഈ പ്രക്രമഘട്ടത്തിൽ പ്രതിബന്ധിക്കപ്പെട്ടപ്പോൾ, പാശുപതാസ്ത്രം തിരിച്ചുകിട്ടുവാനുള്ള സാഹസത്തിൽ ധർമപാശത്തിനെ രക്ഷിക്കുന്നു എന്നു കണ്ണീരവൻ തീർച്ചയാക്കി. പാശുപതാസ്ത്രത്തെ താഴത്തിറക്കിയുള്ളുണ്ടായിരുന്ന ഹിന്ദുസ്ഥാനിയിൽ ഉള്ള ആജ്ഞ അനുസരിക്കുന്നതുപോലെ വൃഷ്ണിഭടന്മാർ പിന്മാറിപ്പോയി. ഭീരവൻ ഒരു ഭയങ്കരസാഹസത്തിനൊരുങ്ങിയിരിക്കുന്നതായി ആജ്ഞാപ്രഭാവത്തെ ആ വിദേശഭാഷയിൽ ശ്രവിച്ചു രാജ്ഞി. ത്രിവിക്രമകുമാരൻ ഭയപ്പെടാതെ നാനാനിന്നു മുന്നോട്ടു നീങ്ങിയപ്പോൾ കണ്ണീരവൻ ഒരു ഭംഗിയുള്ള പൂവ്വുദ്ധരിച്ചു പ്രത്യേകരീതിയിൽ വലിച്ചെറിഞ്ഞു. തത്ക്ഷണം രാജകീയനൈപുണ്യത്തോടുകൂടി കുതിരപ്പുറത്തുനിന്നു ചാടിയിറങ്ങി തന്റെ ശരീരം [illegible] ഇരുമ്പുകൊണ്ടുള്ള സഞ്ചിയുടെ വിന്നപോലെ അവനെ! രാജകീയനിലയിൽ നിന്നുകൊണ്ടുള്ള ഖഡ്ഗധാരിയായ കുരുതിയപാത്രവും രംഗപ്രവേശം ചെയ്യുന്നു! കണ്ണീരവന്റെ ഖഡ്ഗം രയിൽ നിന്നു രക്ഷിച്ചു. അർജ്ജുനൻ, വിക്രമൻ, കമലാർതവി [illegible] ഇവരെ പുറം വാങ്ങിയതായുള്ളു. ഇവരുടെ ഭീരുതയെ അപഹസിച്ചുകൊണ്ടു കണ്ണീരവൻ കുന്തം പൊട്ടിച്ചിരിച്ചു. സമീപത്തുണ്ടായിരുന്ന മറ്റുള്ളവരെ കേസരസാഹസത്തിന്റെ ജാലകത്തിൽ പൂർത്തിയായ രീതി ഒരു ഭാഗത്തേക്കു നീങ്ങി, അനന്തരക്രിയകളുടെ സാക്ഷിയായി മാത്രം നിലകൊണ്ടു. രാജകുടുംബാർ ആരുംതന്നെ അവ

Digitized By Kerala Sahitya Akademi

ഖരുടെ സ്ഥാനങ്ങൾ വിട്ട് ആ മുറവെളിയിലോട്ടു പ്രവേശിപ്പാൻ നമ്മുടെ മാന്ത്രികരുദ്രനേ പേടിച്ചു ധൈര്യപ്പെട്ടില്ല. കണ്ണീരവൻ ആര്യമായി കുമാരൻതമ്പിയെ ലക്ഷ്യമാക്കി ഖഡ്ഗംവീശി മുന്നോട്ട് അടുത്തു. പാരത്തിന്റെ സഹായത്താൽ നിലത്തെത്തിയിരുന്ന ഒരു കാഷായചന്ദ്രകേത്തിയുപ്പുകാരൻ തന്റെ കേരമീശകളെ സിംഹസടകൾ എന്നപോലെ ജൃംഭിപ്പിച്ചും, ഖഡ്ഗധാരിയെ ചന്ദ്രപ്രകാശത്തിൽ ത്രസിപ്പിച്ചു തിളങ്ങിച്ചും, കണ്ണീരവന്റെ മുമ്പിൽ കടന്നു. ഖഡ്ഗങ്ങൾ രണ്ടും തമ്മിൽ ഇടഞ്ഞു: തീപ്പൊരികൾ ആകാശവീഥിയേ പ്രകാശിപ്പിച്ചു. യോദ്ധാക്കൾ രണ്ടും അംബരദേശത്തോട്ടുതന്നെ ഉയർന്നു. ജടായുപക്ഷിത്തിന്റെ പക്ഷപുടപ്രപാതം എന്നപോലെ മുഴങ്ങിത്തുടങ്ങിയ ഖഡ്ഗസംഘട്ടനങ്ങൾ കാണികളായ യുദ്ധപാത്രരന്മാരേയും സ്തബ്ധവൃത്തികൾ ആക്കി. വസ്ത്രശകലങ്ങൾ, മാംസഖണ്ഡങ്ങൾ, എന്നിവ ദേഹത്തിൽനിന്നു വിച്ഛേദിക്കപ്പെട്ട് നിലത്തുപതിച്ചു. കാണ്ടിയും, താങ്ങിയും, ചാഞ്ഞും, ചെരിഞ്ഞും, നിവർന്നും ജിവാഷ്ടിക്ക തക്കംനോക്കുന്ന് ആ മായാവികളിൽ കരുവന്റെ ദേഹത്തിൽനിന്നു രക്തപ്രവാഹം ആരംഭിച്ചു. പോരാളികളുടെ പാദങ്ങൾ ചുകന്നു. രാമശരത്തിന്റെ പ്രയോഗവേഗത്തിൽ തെരുതെരെ ഉണ്ടാകുന്ന ലോഹസംഘട്ടനങ്ങൾ അഗ്നികണങ്ങളെ വഷിക്കതന്നേ ചെയ്തു. കോപതാപങ്ങൾ കനം ആ പ്രതിയോഗികളിൽനിന്നു പുറപ്പെട്ടില്ല. പൂർണ്ണമുഖനായി പ്രശോഭിച്ച ചന്ദ്രന്റെ കിരണങ്ങൾ ഖഡ്ഗധാരികളിൽ പ്രതിബിംബിച്ചു ബാഹുവലയാകൃതികളിൽ ആ സംഗരതലത്തിൽ പ്രകാശിച്ചു, ആ കലിശരഘകൾ ത-

Digitized By Kerala Sahitya Akademi

ഴ്ന്നും ഉയർന്നും വൃത്തങ്ങൾ ഋജുരേഖകൾ നിരവധി കോണങ്ങൾ, എന്നിവയെ പല നിരകളിലും തിളങ്ങിച്ചു കഴിയവേ, കരു ശരീരം ധൈര്യംകൊണ്ട ലോഹസ്തൂണം പോലെ പ്രതിയോഗിയുടെ ഖഡ്ഗത്തേയും, സമാകർഷിച്ചുകൊണ്ട ഭൂമുഖം അളന്നു. രക്തസ്നാതമായുള്ള ആ ശരീരത്തെ പ്രഥമനാട്ടിനായി ക്ഷണിച്ച മാന്ത്രികനും അദ്ദേഹത്തിന്റെ അതിഥികളും ആയി വർദ്ധിച്ചുകൊണ്ട് അക്ഷണത്തിൽ ആ രംഗത്തിൽനിന്നു നിഷ്ക്രാന്തന്മാരായി. രാജഭടന്മാരിൽ ചിലർ മുന്നോട്ടുനീങ്ങി, തുല്യശീഘ്രതയോടെ വിശുദ്ധമായ മാർജ്ജന കർമ്മംകൊണ്ട് രക്തപ്രസ്രവത്തിന്റെ ലക്ഷ്യങ്ങൾ എല്ലാം നീക്കി. ബ്രഹ്മഹത്യ എന്ന അപരാധഭാരത്തെ മനസ്സിൽ വഹിച്ചുകൊണ്ട മഹാരാജാവും സഭാമണ്ഡപത്തിൽ പതിച്ചു.

മന്ത്രാലോചനകൊണ്ടും ബൌദ്ധരാജ്യങ്ങളിലെ സഞ്ചാരങ്ങൾ നിമിത്തവും സൂക്ഷ്മാനസനായിത്തീർന്നിട്ടുള്ള കുഞ്ചെക്കുട്ടിപ്പിള്ള കായ്ക്കാരെ വീട്ടിൽ ഇരുത്തിക്കളവാനും ആ തിരുവുള്ളം ചിന്തിച്ചു. നാഴിക മൂന്നാലുകഴിഞ്ഞു. കണ്ണീരവരായരേ കൊന്നതിനുള്ള പരിഹാരകർമ്മങ്ങൾ മന്ത്രിയുടെ യാത്രാരംഭത്തിനു മുമ്പുതന്നെ നിർവ്വഹിക്കണമെന്നു കരുതി, മഹാരാജാവ് സകലവസിഷ്ഠരെ വരുത്തുന്നതിനു കല്പനകൾ കൊടുക്കുവാൻ തീർച്ചയാക്കി. രാജമന്ദിരത്തിലെ ഒരു പരിചാരകൻ പ്രവേശിച്ചു കുഞ്ചെക്കുട്ടിപ്പിള്ള കായ്ക്കാരുടെ കയ്യിൽ കിട്ടിയ ഒരു കടലാസ്, എഡ് അറിയിച്ചുകൊണ്ട് ഒരു ലേഖനത്തെ തിരുമുമ്പിൽ സമർപ്പിച്ചു. ഹിന്ദുസ്ഥാനിയിൽ, "സകല പ്രാബല്യങ്ങളോടേയും പ്രതിഷ്ഠാസ്ഥാനമായുള്ള സുൽത്താൻബഹദൂർ മഹാ

Digitized By Kerala Sahitya Akademi

രാജാകേസരി"യുടെ സന്നിധാനത്തിൽനിന്നു പുറപ്പെട്ട തായ ആ കല്പന വായിച്ചതിന്റിട്ട്, മഹാരാജാവു് ശ്രീ പത്മനാഭന്റെ കൃപാധോരണിയെ സ്മരിച്ചും കുഞ്ചൈക്കുട്ടിപ്പിള്ള കാര്യക്കാരുടെ നേക്കു തന്റെ കോപഭ്യാവിഷ്കരണം സന്ധാനംചെയ്ത ബാണങ്ങളെ ഉപസംഹരിച്ചും, വീണ്ടും പാള്ള നിദ്രയ്ക്കു് ആരംഭിച്ചു.

യുദ്ധാങ്കണത്തിൽനിന്നു നീക്കപ്പെട്ട "ശത്രു"സാധനം ആദ്യനലബ്ധിവാഞ്ഛരിച്ച ദിവാൻജിയുടെ മുമ്പിൽ അരഞാഴികക്കകം സമർപ്പിക്കപ്പെട്ടു. വക്ഷസ്സിന്റെ സുരംഗീകരിച്ചു് മുതുകിനേയും ച്ഛേദിച്ചു സ്ഥിതിചെയ്യുന്ന ഖഡ്ഗത്തോടുകൂടിയ കണ്ണീരവന്റെ ശരീരത്തെ കണ്ടപ്പോൾ ദിവാൻജി ചഞ്ചലമനസ്കനായി. ആ മല്ലന്റെ വസ്ത്രത്തിനിടയിൽനിന്നു കണ്ടുപിടിച്ചതായ ഒരു ലേഖനത്തെ മന്ത്രിയുടെ ഹസ്തത്തിൽ കുഞ്ചൈക്കുട്ടിപ്പിള്ളതന്നെ ഇട്ടുകൊടുത്തു. ദിവാൻജി തന്റെ സല്ലാരശാലയിലേക്കു നീങ്ങി അതിനെ വായിച്ചിട്ടു് എന്തു് ആശ്ചര്യങ്ങളാണു് കുഞ്ചൈക്കുട്ടിപ്പിള്ളേ? എന്നു ചോദിച്ചു.

കുഞ്ചൈ:—ആശ്ചര്യമോ യജമാനനേ? വഞ്ചിരാജധർമ്മവും യവനധർമ്മവും തമ്മിലുള്ള ഭേദം ആണു് ഈ കാണുന്നതു്. രാജ്യങ്ങൾ അടക്കാനും ഭരിക്കാനും മോഹിക്കുന്നവർ "രാമ കൃഷ്ണ ഗോവിന്ദ" ജപിച്ചോണ്ടു നടന്നാൽ കാര്യം ഊഹ്യം എന്നു ഡിപ്പൂവിൽനിന്നും പഠിക്കുക. 'പെറുതേയല്ല' മൈസൂർ വ്യാഘ്രം എന്ന പേർ അദ്ദേഹത്തിനു കിട്ടിയിരിക്കുന്നതു്. ഈ കണ്ണീരവൻ ശ്രീരംഗംപട്ടണത്തിലെ പ്രസിദ്ധനായ ഒരു മൽപ്പിടിക്കാരൻ ആണു്. ഞാൻ കണ്ടിരുന്നുവെങ്കിൽ ഇവനെ സല്ലരിപ്പാനും മറും സമ്മ

Digitized By Kerala Sahitya Akademi

തിക്ക ഇല്ലായിരുന്നു. ജാതി എന്തോ വടുകനോ—വള്ളുവനോ—ആണു് അതുകൊണ്ടു് മറു പേടിയാൽ മനസ്സു കലങ്ങണ്ടാ! ശകുനം അത്യുത്തമം, അതിശ്രുഭം. അങ്ങോട്ടു മണ്ടിയ ഇവനെ ഈ തീട്ടരമാണു് നമ്മുടെ ഇന്നത്തെ സദ്യ ഊട്ടിനുള്ള പ്രഥമനായി ഇങ്ങോട്ടു തള്ളിവിട്ടതു്.”

ശിവാ—“എല്ലാം ഭംഗിയായി കായ്ക്കാരെ! ഈ എഴുത്തിനെ അങ്ങോട്ടയച്ചേയ്ക്കാം. പിള്ളയുണ്ണാൽ സമയംകണ്ടു് കായ്ക്കാർതന്നെ വസ്തുതകൊ തിരുമനസ്സിലറിയിക്കുക. ഈ ശവം എടുത്തു മറവു ചെയ്യുകളയട്ടെ. നിങ്ങൊ ആ പത്മതീർത്ഥത്തിൽ ഒന്നു ചാടിയേച്ചു് വേഗം വന്നേക്കിൻ നേരം വെളുത്തുയാകാറാകുന്നു.”

കുഞ്ഞുക്കുട്ടിപ്പിള്ള മൃതശരീരത്തിൽനിന്നും ഖഡ്ഗത്തെ വലിച്ചൂരി, അതിലെ രക്തത്തെ സപാംഗ്രലികളാൽ വടിച്ചു്, ഏതോ മഹാകാളിയെ സങ്കല്പിച്ചുകൊണ്ടു് കരു മന്ത്രവും ചൊല്ലി ശിവാൻജിയുടെ മുമ്പിൽത്തന്നേ പ്രോക്ഷിച്ചു. ഭരണധുരന്ധരന്മാർ രക്തദർശനസഹിഷ്ണുതയേ പരിശീലിക്കേണ്ടതിനേയും മറും പറഞ്ഞു അനന്തപദ്മനാഭൻ പടത്തലവൻ പ്രസംഗിച്ചിട്ടുള്ളതിനെ ശിവാൻജി സ്മരിച്ചു.

* * * * *

പുലച്ചുക്കു് ഏഴെട്ടു നാഴികയേ ഉള്ളു എന്നു കണ്ടു്, ശിവാൻജി അതിഥിശാലയിലെ ഒണ്ടുചാവട്ടയിന്മേൽത്തന്നെ ചാരി അല്പനിദ്ര ആരംഭിച്ചു. സപ്നങ്ങൊ എന്നുള്ള ബാധ പ്രവേശിച്ചുകൂടാത്തതായ കരു ക്ഷുദ്രയന്ത്രം അദ്ദേഹം ജന്മനാത്തന്നെ ബുദ്ധിയിൽ ധരിച്ചിരുന്നു എങ്കിലും, ദേഹമാത്രത്തിനുള്ള വിശ്രമോപായമായി ആ നിദ്ര അനു

Digitized By Kerala Sahitya Akademi

ഷ്ടിക്കപ്പെട്ട. താഴിക രണ്ടുമൂന്നു ചെന്നപ്പോഴേ അതും വി
ട്ടുപോയ്പ്പെട്ടു.

"പാലയ മധുമഥന പാവനപുണ്യശീലാ!" എന്നു സ
ങ്കീർത്തന മട്ടിൽ പ്രയോഗിക്കപ്പെട്ട ഗാനം സമാഗതനെ
സ്നേഹാദരപൂർവ്വം തന്നെ സല്ക്കരിപ്പാൻ ദിവാൻജിയെ എ
ഴുന്നേല്പിച്ച കറ ബ്രാഹ്മണനായി പ്രവേശിച്ചുകൂടെന്നുള്ള
ബോധത്തോടെ പുത്രസഹിതനായി പുറപ്പെട്ടിരിക്കുന്ന
മാമന്റെ ഈ ഗാനം കേട്ട് മറൊരു ശ്രുതശങ്കയും തനി
ക്കു കിട്ടി എന്നുള്ള സന്തുഷ്ടിയോടെ ദിവാൻജി നിലകൊ
ണ്ടു, മാമൻ പരിസേവിജനങ്ങളം കാൺകെത്തന്നെ, മ
ന്ത്രിയുടെ ശിരസ്സിന്മേൽ ഹസ്തങ്ങളം അപ്പിച്ചുകൊണ്ട്,
"അപ്പനേ! ഈ അവസ്ഥകളം പത്മനാഭൻ കടാക്ഷിച്ചു
ന്നിരിക്കുന്നു. മാമന്റെ പ്രാർത്ഥനകളംകൊണ്ടാണു് അപ്പ
ന്റെ പ്രാഗത്ഭ്യം, അതു വേറൊന്നു്. തിരുമനസ്സിലെ കൃ
പാകടാക്ഷം, അതു മുഖ്യമായൊന്നു്. പോയി പാണ്ഡ്യവരാ
ട്ടം ജയിച്ചുവരിക; അതു കാണാനും, അന്നു് ഒരു കഥകളി
യിൽ തിരുമനസ്സുകൊണ്ടു തല്ലാൻ വന്നാലും ചേങ്ങില
എടുപ്പാനും മാമൻ ശേഷിക്കും." (സ്വരംതാഴ്ത്തി) "എ
ന്നാൽ താളത്തെ യാത്രയ്ക്കുള്ള വഴി ഒന്നു മാറിയാൽ എ
ന്തെന്നാണ്ടു്?"

ദിവാ:—"വഴിമാറുകയോ? അതെല്ലാം കല്പിച്ചു് അ
നുവദിച്ചുപോയതല്ലേ?"

ദിവാൻജിയെ ക്ഷീണിപ്പിച്ചുകൊണ്ടു് മാമൻ നിദ്രശാലയി
ലേക്കു നീങ്ങി. ഇവിടെ എത്തിയപ്പോൾ, മാമൻ വഹി
ച്ചിരുന്ന ധൈര്യത്തിന്റെ രഹസ്യസ്വഭാവം കുറെക്കൂടി വർദ്ധി
ച്ചു. സ്നേഹസ്വാതന്ത്ര്യത്തോടെ തന്റെ വത്സലനായ

Digitized By Kerala Sahitya Akademi

പുരുഷകേസരിയെ ഹസ്തത്താൽ ആവരണംചെയ്തുകൊണ്ട് കണ്ണത്തിൽ ഒരു വസ്തുത ധരിപ്പിച്ചു. ശിവാൻജി അല്പനേരം പുളകിതശരീരനായി മിണ്ടാതെ നിന്നിട്ട്, "എന്താണു മാമാ ഇതിന്റെ സാരം?" എന്നു ചോദിച്ചു.

മാമൻ—"എന്തോ?" എന്നു് യുവകാലത്തെന്നതുപോലെ അഭിനയിച്ചു. തന്റെ ഉപകർത്രിണിയുടെ ധാമത്തെ കനകച്ചൂടി കേറിപ്പുണരണമെന്നുള്ള മോഹത്തോടെ കൃതജ്ഞതയേയോ സ്നേഹബഹുമാനങ്ങളേയോ ജലദ്രവങ്ങളാൽ കണ്ണുകളിൽ പ്രകാശിപ്പിച്ചുകൊണ്ട് "ആരു പറഞ്ഞയച്ചു" എന്നു ശിവാൻ വീണ്ടും ചോദിച്ചു.

മാമ:—"അന്ത രാജരാജേശ്വരിതാൻ അപ്പാ! മാമൻ അവരുടെ കുട്ടിച്ചട്ടർ ഈ കിഴട്ടു വാണാൽ വഴിയാക ധരിപ്പിച്ചതിന്റെ ബുദ്ധിയ്ക്കും വിലവയ്ക്കുക. എന്തു മഹത്വം! ഭർത്താവായ തുംഗപ്രഭ ഹരിയോഹരിസ്സാംബർ, ഇതു വല്ലയിളവും അറിയുന്നോ?"

ശിവാ:—"എന്താ ഇങ്ങനെ പറഞ്ഞയപ്പാൻ? എന്തെങ്കിലും ആകട്ടെ. മാമൻതന്നെ പോയി വസ്തുത തിരുമനസ്സറിയിച്ചു കല്പനവാങ്ങണം. അലക്ഷ്യമാക്കിക്കൂടാ."

മാമ:—"ആ ശ്രീമതിയുടെ കല്പനയല്ലേ? മറുത്തുകൂടാ. സംകീർത്തനക്കാർ അവരുടെ ഛായാചിത്രം നിറുത്തുമ്പോഠം കൊട്ടാരത്തിലെ കല്പന മാമൻ കൊണ്ടുനോക്കാം. മറിച്ചു കല്പിച്ചാൽ നിങ്ങൾ രണ്ടുപേരെക്കൊണ്ടും, ആ ഭണ്ഡാരം—ഇങ്ങോട്ടു സ്വന്തനേട്ടംപോലെ കൊണ്ടുപോന്നില്ലേ....അതിനെ അങ്ങോട്ടു വയ്പിക്കുകയില്ലേ മാമൻ? പിടുവാതോ?"

Digitized By Kerala Sahitya Akademi

മാമൻ അവിടെനിന്നു പുത്രനോടൊന്നിച്ചു യാത്രയായി രണ്ടുനാഴിക കഴിഞ്ഞപ്പോൾ അനുകൂലകല്പന വഹിച്ചും ഗാനങ്ങളാൽ ആകാശത്തെ പൊടിപെടുത്തിയുംകൊണ്ടു് മടങ്ങി എത്തി. താനും സമുദ്രമാർഗ്ഗമായിത്തന്നെ യുദ്ധരംഗത്തിൽ എത്തുവാൻ നിശ്ചയിച്ചിരിക്കുന്നു എന്നു പത്തേമാരികളുടെ ഉടമസ്ഥനായ തന്റെ ബന്ധുവെ വരുത്തി പറഞ്ഞിട്ടു് ദിവാൻജി യാത്രാരംഭത്തിനുമുമ്പു് അനുഷ്ഠിക്കേണ്ടതായ ഉഷക്കർമ്മങ്ങൾക്കായി തിരിച്ചു.

ശത്രുപക്ഷത്തിലെ ഒരു സാരണ തുല്യപ്രധാനന്റെ ജീവഹതി ആയുള്ള നരബലി കഴിഞ്ഞു് ദിവാൻജിയുടെ യുദ്ധയാത്ര ആരംഭിക്കുന്നു എന്ന വസ്തുത മഹാരാജാവിനേറയും ദിവാൻജിയുടേയും പാശ്ചസേവികകൾ മാത്രം ഗ്രഹിച്ചു എങ്കിലും മന്ത്രിയുടെ യാത്രാദിവസം ഉദയത്തിൽ രാജ്യത്തിന്റെ നാനാഭാഗങ്ങളിലെ പൗരപ്രധാനന്മാരായ അയ്യായിരത്തിൽപരം ജനങ്ങൾ അദ്ദേഹത്തോടൊന്നിച്ചു് അപ്പോൾ ആരംഭിക്കുന്ന കുരുക്ഷേത്രരംഗത്തിൽ, പ്രവേശം ചെയ്യാൻ ദ്വാരകാവാസിയാൽ നിയുക്തമായുള്ള യാദവസേന എന്നപോലെതന്നെ സങ്കല്പിച്ചു അവർക്കു സ്വാഗതംപറഞ്ഞു കൂടിയ തലസ്ഥാനത്തെ പൗരന്മാരിയും അവരും കന്നിച്ച നഗരപ്രദക്ഷിണം തുടങ്ങിയപ്പോൾ ശ്രീരാമവർമ്മ മഹാരാജാവിന്റെ അമരാരാധിതപുരി കന്നുപാടേ ഇളകി. ദിവാൻജി പ്രാതസ്നാനാദികളും സമാപിച്ചു് കസ്തൂലേപനത്താൽ ഭാസ്വരമായ ലലാടവക്ഷഃസ്ഥലങ്ങളോടെ, രാജസത്തമായുള്ള മുദ്രാഖഡ്ഗധാരിയായി ശ്രീപത്മനാഭക്ഷേത്രപ്രാകാരത്തെ തരണംചെയ്തപ്പോൾ ലക്ഷദ്വീപസംഘമെന്നപോലെ മുമ്പാറഞ്ഞ ജനബാഹുല്യം ശീവേലിമണ്ഡപങ്ങളിലും മുറ്റവെളികളിലും നിറഞ്ഞു ക്ഷേത്രവള

Digitized By Kerala Sahitya Akademi

പ്പിനകത്തായപ്പോൾ ഖഡ്ഗത്തെ അനുചരങ്കൽ ഏ
പ്പിച്ചിട്ട് ദിവാൻജി കിഴക്കെ ശീവേലിമണ്ഡപത്തിന്റെ
മദ്ധ്യത്തിൽ ഗരുഡവിഗ്രഹാങ്കിതമായ സപ്തധ്വജത്തി
ന് അഭിമുഖനായി മുകളീകൃതപാണിയായി നിലകൊണ്ട്,
സപ്തഭൂമിയെത്തെ പ്രതിഷ്ഠാദേവിയിലോട്ട സമാരാധിച്ചസമ
യം വിജയാനുഗ്രഹത്തിനുള്ള പ്രാർത്ഥന ബഹുസഹസ്രം ക
ണ്ണങ്ങളിൽനിന്നു വിഷ്ണുപദത്തിലേക്ക് ഉയർന്നു മന്ത്രിയാൽ
നിതമാകുന്ന രാജസൈന്യത്തിന്റെ വിജയാപ്തിക്കായുണ്ടാ
യ വിശേഷാൽ പൂജകളിലെ ശംഖനാദങ്ങളാം പാഞ്ചജന്യ
ത്രയത്തിന്റെ ഉദ്ഘോഷാരധ്വനിയിൽ മുഴങ്ങി രാജമന്ദിര
വാസിയായ മഹാരാജേന്ദ്രനേയും രോമാഞ്ചകവചിതനാ
ക്കി. കറക്കല്ലുമണ്ഡപത്തിൽ പ്രവേശിച്ച് അവിടത്തെ
സജീവപ്രതിഷ്ഠയുടെ സാന്നിദ്ധ്യത്തിൽ ധ്യാനസ്ഥനായി
നിലകൊണ്ട്, ആ രാജയോഗാഭ്യസ്ഥൻ ബഹിരിന്ദ്രിയങ്ങ
ളെ ഛനിച്ച്, സുഷുമ്നാന്തസ്ഥമായ പുരുഷാത്മാവെ പ്രവ
ർത്തനം ചെയ്തിച്ചപ്പോൾ ആ ബ്രഹ്മവിദ്യാപ്രയോഗം സാ
ക്ഷാൽ പരംപുരുഷശക്തിയെ സപ്താത്മവേദിയിലേയ്ക്കു സപ്ത
സപ്താമികാധ്യാത്മം ആവാഹിച്ചു. കത്തിജ്വലിക്കുന്ന കർപ്പൂ
രദീപശിഖയിന്മേൽ കൈയണച്ച് അതിന്റെ ആതപശ
ക്തിക്ക് സുപ്രജ്ഞമല്ലാതെ നിലകൊള്ളുന്ന ത്രപ്പാരോപ്പിതമായ
ള്ള ആ ദേഹിയുടെ ആവാസക്ഷേത്രം, അതു വഹിക്കുന്ന
ജീവദേഹികളെ ആ പുണ്യസങ്കേതത്തിനു വിഘാതം ഉ
ണ്ടാകാതിരിപ്പാൻ ബലിചെയ്തുകൊള്ളുന്നു എന്ന് കനക
ധൂപക്കാറിയേയും, അതിൽ കത്തിജ്വലിക്കുന്ന ശിഖയേയും
കനകാഗ്നികളായും, പുരോഭാഗത്തുള്ള രത്നോജ്വലപ്രതി
ഷ്ഠയെ സർവ്വസാക്ഷിയായും, സങ്കല്പിച്ചു പ്രതിജ്ഞചെയ്തു.

Digitized By Kerala Sahitya Akademi

മഹാരാജാവിന്റെ ആജ്ഞാകരപ്രധാനന് ഉചിതമായുള്ള വിധത്തിൽ നൽകപ്പെട്ട പ്രസാദവും വാങ്ങിക്കൊണ്ട്, ആ ദിവ്യസങ്കേതത്തിലെ മറ്റു സന്നിധാനങ്ങളിലും തൊഴുത് പ്രദക്ഷിണങ്ങളുംവച്ച്, ബഹുജനപരിവൃതനായി അദ്ദേഹം രാജമന്ദിരത്തിൽ എത്തി.

ഉദയത്തിനു മുമ്പുതന്നെ കോവിലിലെഴുന്നള്ളത്തുകഴിച്ച് പള്ളിയറയിൽ എഴുന്നള്ളി, വിജയപ്രാർത്ഥനകൾക്കു മാത്രം ദത്തമായ ഹൃദയത്തോടെ നിന്നിരുന്ന ത്രിസ്ഥിതമഹിമാവാനായ സ്വാമിയുടേയും, അവിടുത്തെ രക്ഷാകേന്ദ്രത്തിലെ ഗാർഡ് ഗണത്തിയെത്തന്നെ ആചാരിച്ചു കൊണ്ടുപോന്ന ഭൃത്യോത്തമന്റെയും അന്നത്തെ സന്ദർശനം സുപരീക്ഷിതമായുള്ള ഒരു നാരായണ നരബന്ധത്തിന്റെ അചഞ്ചല പ്രശാന്തമായുള്ള സമുദ്യോതനം ആയിരുന്നു. മഹാരാജാവിന്റെ തൃക്കൈകളാൽ സ്വമന്ത്രിപ്രധാനായ ഭക്തോദ്ധ്യനു നൽകപ്പെട്ട അങ്കികളും, ഉഷ്ണീഷം, എന്നിത്യാദികളും അവയെ അലങ്കരിച്ചിരുന്ന കനകമണികൾക്കിടയിൽ ചില അശ്രുമണികളും ഭാസ്വത്തരമായി തിളങ്ങിച്ച്, ആ ദാനങ്ങളാൽ സമ്മാനിതനായ മഹാധീമാനെ അസ്തപൗരുഷനാക്കി.

മഹാരാജാവിനാകട്ടെ അവിടുത്തെ ഭൃത്യപ്രധാനനാകട്ടെ വല്ലതും കല്പിക്കുന്നതിനോ, ഉണർത്തിക്കുന്നതിനോ നാവുകൾ സ്വാധീനങ്ങളാകുന്നില്ല. "കേശവ!"— "അടിയൻ!" എന്നീ രണ്ടു പദങ്ങളാൽകൊണ്ട്, ആജ്ഞാദാനവും അംഗീകരണബോധവും സമാപിക്കപ്പെടുന്നു. കരുണാവൃദ്ധനായ രാജർഷിയുടെ തരളാംഗ്രങ്ങൾ നിരഞ്ജകനായ ഭൃത്യനെ സർവ്വാംഗം തളർത്തി, അവിടുത്തെ തൃപ്പാങ്ങളിൽ പ്രണാമവാനാക്കി വീഴ്ത്തുന്നു. രാജഹസ്തങ്ങൾ

Digitized By Kerala Sahitya Akademi

ത്രസിച്ചു, പൈതൃമായ വാത്സല്യപൗഷ്കല്യത്തോടെ ഭൃത്യനെ എഴുന്നേല്പിക്കുന്നു. പ്രജാഹൃദയവേദിയിൽ പിരഞ്ഞിവവാസത്തെ സമാജ്ഞിച്ച ആ പുണ്യാബ്ധിശശാങ്കൻ, ശ്രീപത്മനാഭന്റെ തിരുനാമമാകുന്ന ദിവ്യമന്ത്രത്തിന്റെ ഉച്ചാരണത്തോടെ, തന്നാൽ പ്രതിഷ്ഠിതനായുള്ള ആ സചിവകേസരിയുടെ ശിരസ്സിൽ തൃക്കൈകഠം രണ്ടും അനുഭാവസമുൽക്കർഷത്തോടെ അണച്ചു, തന്റെ കാജസ്സിനെ വിജയസിദ്ധ്യാർത്ഥം അങ്ങോട്ടു പകർന്നു, ആശിസ്സുകഠം നല്കി വിട അരുളുന്നു.

നാലഞ്ചു നാഴിക കഴിഞ്ഞപ്പോഠം മന്ത്രിഭവനത്തിൽ നിന്നു തിരുവിതാംകൂർരാജ്യത്തിനു് അതിനുമുമ്പു ലഭ്യമായിട്ടില്ലാത്തതും പിനും കാണാൻ കഴിയാത്തതും ആയ ഒരു ഘോഷയാത്രയുടെ ആരംഭം ഉണ്ടായി. മഹാരാജാവിനാൽ ദത്തമായുള്ള അങ്കികളും, രത്നാഞ്ചിതമായുള്ള മകുടവും, മണിഹാരങ്ങളും, കഠാരയും, പരിചയും, ഖഡ്ഗവും ധരിച്ചു, ശ്രീപത്മനാഭക്ഷേത്രവും രാജമന്ദിരവും തൊഴുതു, വാഹനത്തെ അഭിവാദ്യവുംചെയ്തു, വലതുകയ്യിൽ ഖഡ്ഗവും ഇടതുകയ്യിൽ കടിഞ്ഞാണും അമത്തി രാജസഭമായുള്ള ഉച്ചൈശ്രവസ്സിന്മേൽ ആ സുമന്ത്രസേനാനി ആരോഹണംചെയ്തപ്പോഠം, ജന്മഭൂമി എന്നുള്ള അഭിമാനത്തിന്റെ പ്രതിഷ്ഠാഹേതുക്കളായ പൗരവിവഹംതങ്ങളുടെ രാജ്യത്തെ ബാധിച്ചിരിക്കുന്ന മഹാപിപത്തിൽനിന്നു് അതിനേയും തങ്ങളേയും രക്ഷിക്കുവാനായി മഹാരാജാജ്ഞയാൽ പുറപ്പെടുന്ന ആ സേനാനായകനും, അദ്ദേഹത്താൽ നയിക്കപ്പെടുന്ന സേനയ്ക്കും പരിപൂർണ്ണവിജയത്തെ ഘാട്ടിമായി ആശംസിച്ചു. ഇന്ദ്രരഥവീഥിയോളം ഉയർന്ന ഈ ഘോഷം ക്ഷേത്രഗോപുരത്തിലും രാജസൗധങ്ങളി

Digitized By Kerala Sahitya Akademi

ലും, നഗരചത്വരങ്ങളിലും സംഘട്ടനംചെയ്ത്, ദൂരസ്ഥിതജനതയിലും കരു അദൃശ്യസ്പന്ദനത്തെ സംജാതമാക്കി. നഗരലക്ഷ്മിയും സവിശേഷം പ്രസാദിച്ചു നൃത്തംചെയ്ത് രാജരാജ്യങ്ങളുടെ വിജയത്തിനും ശ്രേയസ്സിനും അനുഗ്രഹസൂചകങ്ങളെ ഘോഷിച്ചു, ആകാശവീഥിയിൽ കരു ദിവ്യദ്യുതിയെ പ്രചരിപ്പിക്കുന്ന എന്നുള്ള ബോധപ്രമോദം, ആശീർവ്വാദികളേയും യാത്രക്കാരേയും കരുപോലെ നിശ്ചിതവിജയന്മാരാക്കി. രാജയോഗ്യമായുള്ള വാദ്യഘോഷങ്ങളും, ബഹുസഹസ്രകണ്ഠങ്ങൾ ചേർന്നുള്ള ജയോച്ചാരവങ്ങളും, കുഞ്ചെക്കുട്ടിപ്പിള്ളക്കായ്ക്കാരുടെ ഒന്തദ്യുതിയും, മാമൻറെ ശിരസ്സുസന്ദങ്ങളും, ആഡംബരവേഷങ്ങളിൽ നിരന്ന അകമ്പടിക്കാരായ ഭടജനങ്ങളുടെ സൈനികപ്രഭാവങ്ങളും സമരാങ്കണമുഖന്മാരായി പ്രസ്ഥാനം ആരംഭിക്കുന്ന ഘോരസംഘത്തെ സമഗ്രവീര്യന്മാരാക്കി. രാജ്യത്തിൻറെയും സഹസ്വാമിയുടേയും സകല ആശയും മോഹവും തന്നിൽ നിക്ഷിപ്തമായിരിക്കുന്ന ബാല്യതയെ താൻ ഗ്രഹിക്കുന്ന എന്നുള്ള ഗൗരവത്തെ മുഖത്തു പ്രകാശിപ്പിച്ചും, ആശംസകളേയും ആശിസ്സുകളേയും അനവരതകണ്ഠത്തോടും താഴ്ന്നുള്ള ശിരഃകമ്പനങ്ങളാൽ അംഗീകരിച്ചുകൊണ്ടും, ടിപ്പുസുൽത്താനായ ഡിംഭസമഗ്രൻറെ പദാതിനിരയായ വ്യാഘ്രസഹസ്രങ്ങളെ അമർത്താൻ, യശശ്ചന്ദ്രികകളാൽ പരിവേഷ്ടിതനായ ആ നായകകുലശിരോരത്നം രാജിസൂത്രത്തെ ഇളക്കി.

Printed at the B. V. Book Depot & Printing Works, Trichur.

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

ചില പ്രസിദ്ധീകരണങ്ങൾ.

		രൂ.	ണ.
മദ്ധ്യമവ്യാകരണം.		1	0
കേരളപാണിനീയം		5	0
മാളവികാഗ്നിമിത്രം (നാടകം)		1	0
ചാണക്യൻ	ടി	1	4
മലയാളലാസം		0	4½
നള ചരിതം ആട്ടക്കഥ (കാന്താരതാരകം) I & II		1	8
സാഹിത്യസാഹ്യം	പൂർവ്വഭാഗം	1	0
ടി	രണ്ടാംഭാഗം	1	8
ഭാഷാകുമാരസംഭവം		1	0
കല്യാണമൽ	(നോവൽ)	1	14
പറങ്കിപ്പടയാളി	,,	1	8
പുണർകോട്ടചരിതം	,,	1	8
സ്നേഹലത	,,	1	14
ജ്യോതിർമ്മതി	,,	2	10
കുഞ്ഞുതമ്പിമാർ	,,	2	4
ശ്രീമഹാദേവീഭാഗവതം (കിളിപ്പാട്ട്)		3	0
പാരപ്പുറം 1-ം, 2-ം, 3-ം ഭാഗങ്ങൾ		4	8
ഭാഷാമാഘം (തർജ്ജമ)		3	0
ഭാഷാനൈഷധം ചമ്പു (വ്യാഖ്യാനം)		2	8

ബി. വി. ബുക്ക് ഡിപ്പോ & പ്രിന്റിംഗ് വർക്കസ്,
തിരുവനന്തപുരം തൃശ്ശിവപേരൂർ.

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi